# കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരവും ഭാഷാപരവുമായ പഠനം

**കാലിക്കറ്റ് സർവ്വകലാശാലയിൽ**

**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു സമർപ്പിക്കുന്ന ഗവേഷണപ്രബന്ധം**


**അരുൺ മോഹൻ. പി.**

**മലയാള കേരളപഠനവിഭാഗം**

**കാലിക്കറ്റ് സർവ്വകലാശാല**



**ഒക്ടോബർ 2017**

# HISTORICAL AND LINGUISTIC STUDY OF EPIGRAPHICAL WORKS IN COCHIN STATE

THESIS SUBMITTED TO THE

UNIVERSITY OF CALICUT FOR THE DEGREE OF

**DOCTOR OF PHILOSOPHY IN MALAYALAM**

**ARUN MOHAN. P.**

**DEPARTMENT OF MALAYALAM AND KERALA STUDIES**

**UNIVERSITY OF CALICUT**

**OCTOBER 2017**

**പ്രൊഫ. ഡോ. ടി. പവിത്രൻ**

റിട്ട. പ്രൊഫസർ

മലയാള കേരള പഠനവിഭാഗം

കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

"**കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരവും ഭാഷാപരവുമായ പഠനം**" എന്ന വിഷയത്തെ അധികരിച്ച് **അരുൺ മോഹൻ. പി.** സമർപ്പിച്ച പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്കരിച്ച കോപ്പിയാണ് ഇതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. ടി. പവിത്രൻ.**

16.06.2018

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **"കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരവും ഭാഷാപരവുമായ പഠനം"** എന്ന ഈ ഗവേഷണ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെല്ലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യബോധ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **അരുൺമോഹൻ. പി.**

16.06.2018

**പ്രൊഫ. ഡോ. ടി. പവിത്രൻ**

റിട്ട. പ്രൊഫസർ

മലയാള കേരള പഠനവിഭാഗം

കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാളം ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **"കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരവും ഭാഷാപരവുമായ പഠനം"** എന്ന പ്രബന്ധം **അരുൺ മോഹൻ. പി.** എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച പഠനത്തിന്റെ രേഖയാണെന്ന് ഇതിനാൽ രേഖപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. ടി. പവിത്രൻ.**

16.06.2018

ഡോ. എൽ. തോമസ്കുട്ടി

വകുപ്പധ്യക്ഷൻ

മലയാള കേരള പഠനവിഭാഗം

കാലിക്കറ്റ് സർവ്വകലാശാല

**കൃതജ്ഞത**

ഈ പ്രബന്ധം പൂർത്തീകരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ പവിത്രൻ മാഷോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു. ഈ വിഷയത്തിലേക്ക് മാർഗ്ഗനിർദ്ദേശകനൊപ്പം എന്നെ നയിച്ച പ്രൊഫസർ ഡി. ബെഞ്ചമിൻ, വകുപ്പദ്ധ്യക്ഷൻ ഡോ. ഉമർ തറമേൽ, ഗവേഷണവുമായി ബന്ധപ്പെട്ട വിഷമഘട്ടങ്ങളെ അതിജീവിക്കാൻ പ്രേരണ നൽകിയ, ഡോ. അനിൽ വള്ളത്തോൾ, ഡോ. കെ.എം. അനിൽ, ഡോ. എൽ.തോമസ്കുട്ടി, ഡോ. എം. ബി. മനോജ്, ഡോ. ആർ.വി.എം. ദിവാകരൻ, ഡോ. പി.സോമനാഥൻ എന്നീ ഗുരുക്കൻമാരെയും നന്ദിയോടെ സ്മരിക്കുന്നു. ഡോ. കെ.എസ്. മാധവൻ, ഡോ. മുഹമ്മദ് അലി(മമ്മാലി മാഷ്), ഡോ. എം.അബ്ദുൾനിസാർ, ഡോ. അനസ്.സി.എ, എന്നിവരോടുള്ള സ്നേഹവും മലയാളവിഭാഗം, സാഹിത്യ അക്കാദമി എന്നീ ലൈബ്രറികളിലെ ജീവനക്കാർ, മലയാള വിഭാഗം സെക്ഷൻ ഓഫീസർ ജയഘോഷ് മാഷ്, മറ്റ് ഓഫീസ് സ്റ്റാഫ് എന്നിവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു. ലിഖിതമേഖലകളിൽ സഹായിച്ച പേരറിയാത്തവരും അറിയുന്നവരുമായ മുഴുവൻ സുമനസ്സുകളേയും നന്ദിപൂർവ്വം സ്മരിക്കുന്നു. രമേഷ് കെ. ആർ, ശ്രീഹരി ശ്രീനിവാസ്, ലിജോ വെള്ളറ, കെ. ജി. കൃഷ്ണകുമാർ, സി. പി. രതീഷ്കുമാർ, എം. ജീവേഷ്, ദിവ്യ ഓ. ഡി, ദിൽഷ പി. കെ, തസ്ലീമ ടി, ഡോ. അഞ്ജന വി. ആർ, ഡോ. ശ്രീപ്രിയ കെ, ഡോ. ഷീജു എൻ. വി, സംസ്കൃതവിഭാഗം ഗവേഷക ശ്രീദേവി, എന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ, മേഘ്ന മറ്റ് എല്ലാ സഹപാഠികളോടും സുഹൃത്തുക്കളോടുമുള്ള നിസ്സീമമായ കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **അരുൺമോഹൻ. പി.**

19.10.2017

എന്നെ ഞാനാക്കിയ എന്റെ അമ്മ

രത്നത്തിന്

# ഉള്ളടക്കം

**ആമുഖം 1 – 5**

0.1 പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും

0.2 പഠനരീതി

0.3 പൂർവ്വ പഠനങ്ങൾ

0.4 പ്രബന്ധ സ്വരൂപം

**അദ്ധ്യായം – 1 കൊച്ചി 6 – 8**

**അദ്ധ്യായം – 2 കൊച്ചിരാജ്യത്തെ ലിഖിതങ്ങൾ 9 – 237**

2.1. ഇരിങ്ങാലക്കുട കൂടൽമാണിക്യം ലിഖിതങ്ങൾ

2.1.1 ഇരിങ്ങാലക്കുടകൂടൽമാണിക്യം സ്ഥാണുഇരവി വട്ടെഴുത്തു ശിലാലിഖിതം

2.1.2 ഇരിങ്ങാലക്കുടകൂടൽമാണിക്യം പാർക്കരൻനമ്പിരാനർ വട്ടെഴുത്തു ശിലാലിഖിതം

2.2 അയിരാണിക്കളം ലിഖിതങ്ങൾ

2.2.1 അയിരാണിക്കളം കോതഇരവി വട്ടെഴുത്തു ശിലാരേഖ

2.2.2 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 2

2.2.3 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 3

2.2.4 അയിരാണിക്കളം മലയാളം ദാരു ലിഖിതം

2.3. നെടുമ്പുറം തളി ലിഖിതങ്ങൾ

2.3.1 നെടുമ്പുറം തളി കോത ഇരവി വട്ടെഴുത്തു ശിലാരേഖ

2.3.2 നെടുമ്പുറം തളി കോവിന്തശ്വരൻ കോത വട്ടെഴുത്തു ശിലാരേഖ

2.3.3 നെടുമ്പുറം തളി പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ

2.3.4 നെടുമ്പുറം തളി യാ കോ ഇരായര തിരുവടി വട്ടെഴുത്തു ശിലാരേഖ

2.3.5 നെടുമ്പുറം തളി മണങ്ങാട്ടു കുമരനിരവി വട്ടെഴുത്തു ശിലാരേഖ

2.3.6 നെടുമ്പുറം തളി വട്ടെഴുത്തു മണക്കാട്ടു നാരായണൻ ഗോവിന്ദൻ ശിലാരേഖ

2.4. അവിട്ടത്തൂർ ലിഖിതങ്ങൾ

2.4.1 അവിട്ടത്തൂർ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

2.4.2 അവിട്ടത്തൂർ വട്ടെഴുത്തു ശിലാരേഖ - 2

2.5 തൃപ്പൂണിത്തുറ ലിഖിതങ്ങൾ

2.5.1 തൃപ്പൂണിത്തുറ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

2.5.2 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 1

2.5.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 2

2.5.4 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 3

2.5.5 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 4

2.5.6 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 5

2.5.7 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 6

2.6 തൃക്കാക്കര വട്ടെഴുത്തു ലിഖിതങ്ങൾ

2.6.1 തൃക്കാക്കര കേരള കേസരി പെരുമാൾ വട്ടെഴുത്തു ശിലാരേഖ

2.6.2 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ - 1

2.6.3 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ - 2

2.6.4 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ - 3

2.7.5 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 1

2.6.6 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 2

2.6.7 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 3

2.6.8 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 4

2.6.9 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 5

2.6.10 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 6

2.6.11 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 7

2.6.12 തൃക്കാക്കര കണ്ണമ്പുറയൻ വട്ടെഴുത്തു ശിലാരേഖ

2.6.13 തൃക്കാക്കര ചാത്തഞ്ചിവൻ വട്ടെഴുത്തു ശിലാരേഖ

2.6.14 തൃക്കാക്കര പോഴൻ ഇരവി വട്ടെഴുത്തു ശിലാരേഖ

2.6.15 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 1

2.6.16 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 2

2.6.17 തൃക്കാക്കര മാളുപക്കോനാർ വട്ടെഴുത്തു ശിലാരേഖ

2.6.18 തൃക്കാക്കര കാരിലത്തു കണ്ണങ്കുമരൻ വട്ടെഴുത്തു ശിലാരേഖ

2.7 മൂഴിക്കളം ലക്ഷ്മണ പെരുമാൾ ക്ഷേത്ര ലിഖിതങ്ങൾ

2.7.1 മൂഴിക്കളം ഇന്ദുക്കോത വട്ടെഴുത്തു ശിലാരേഖ

2.7.2 മൂഴിക്കളം പാർക്കരൻ ഇരവി വർമ്മർ വട്ടെഴുത്തു ശിലാരേഖ

2.7.3 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 1

2.7.3 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 2

2.7.3 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 4

2.7.2 മൂഴിക്കളം മലയാളം ശിലാരേഖ - 5

2.8 പാർക്കരൻ ഇരവി വട്ടെഴുത്തു ജൂതച്ചെപ്പേട്

2.9 താഴേക്കാട്ടുപള്ളി വട്ടെഴുത്തുലിഖിതങ്ങൾ

2.9.1 താഴേക്കാട്ടുപള്ളി ഇരായരചിങ്ക പെരുമാനടി വട്ടെഴുത്തു ലിഖിതം

2.10 പറമ്പൻതളി വട്ടെഴുത്തു ലിഖിതങ്ങൾ

2.10.1 പറമ്പൻതളി ആതിച്ചൻ ഇരുഴി ഇരാമർ വട്ടെഴുത്തു ലിഖിതം

2.10.2 പറമ്പൻതളി പറപ്പൂർ പൂമിതരരായിര തിരുവടി വട്ടെഴുത്തു ലിഖിതം

2.11 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതങ്ങൾ

2.11.1 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 1

2.11.2 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 2

2.12 ചൊവ്വല്ലൂർ വട്ടെഴുത്തു ലിഖിതങ്ങൾ

2.12.1 ചൊവ്വല്ലൂർ ഇളങ്ങൊളൂരാകി കോത വട്ടെഴുത്തു ശിലാരേഖ

2.12.2 ചൊവ്വല്ലൂർ കട്ടിൽ ഇരായരങ്കേരളൻ വട്ടെഴുത്തു ശിലാരേഖ

2.13 തൃപ്രയാർ ശ്രീരാമക്ഷേത്ര മുരുകനാട്ടു ചങ്കരങ്കുന്റപ്പോഴൻ വട്ടെഴുത്തു ലിഖിതം

2.14 തിരുവഞ്ചിക്കളം ലിഖിതങ്ങൾ

2.14.1 തിരുവഞ്ചക്കളം ഇരായിരങ്ങപ്പെരുന്തച്ചൻ വട്ടെഴുത്തു ശിലാലിഖിതം

2.14.2 തിരുവഞ്ചക്കളം മലയാളം ശിലാലിഖിതം - 1

2.14.3 തിരുവഞ്ചക്കളം മലയാളം ശിലാലിഖിതം - 2

2.14.4 തിരുവഞ്ചക്കളം മലയാളം ശിലാലിഖിതം - 3

2.15 ഊരകം ലിഖിതങ്ങൾ

2.14.1 ഊരകം വട്ടെഴുത്തു ശിലാലിഖിതം

2.15.2 ഊരകം മലയാളം ശിലാലിഖിതം

2.16 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര ലിഖിതങ്ങൾ

2.16.1 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 1

2.16.2 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 2

2.16.3 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 3

2.16.4 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 4

2.16.5 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര ശ്രീമൂലസ്ഥാന മലയാള ശിലാലിഖിതം - 1

2.16.6 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര കൊക്കരണി മലയാള ശിലാലിഖിതം

2.17 ചേന്ദമംഗലം കൃഷ്ണക്ഷേത്രം വട്ടെഴുത്തു ശിലാലിഖിതം

2.18 പറപ്പൂർ പെരുഞ്ചാല വട്ടെഴുത്തു ലിഖിതങ്ങൾ

2.18.1 പറപ്പൂർ പെരുഞ്ചാല കോത കണ്ണൻ വട്ടെഴുത്തു ലിഖിതം

2.18.12 പറപ്പൂർ പെരുഞ്ചാല വട്ടെഴുത്തു ലിഖിതം - 2

2.19 പെരുമനം ക്ഷേത്ര ലിഖിതങ്ങൾ

2.19.1 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 1

2.19.2 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 2

2.19.3 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 3

2.19.4 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 4

2.19.5 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 5

2.19.6 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 6

2.19.7 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 7

2.19.8 പെരുമനം ക്ഷേത്ര മലയാള ശിലാലിഖിതം

2.20 താഴേക്കാട് ശിവക്ഷേത്ര വട്ടെഴുത്തു ലിഖിതം

2.21 വീരരാഘവപ്പട്ടയം വട്ടെഴുത്തു ചെമ്പോല

2.22 ഉദയം പേരൂർ കോലെഴുത്തു ലിഖിതങ്ങൾ

2.22.1 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 1

2.22.2 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 2

2.22.3 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 3

2.22.4 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 4

2.22.5 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 5

2.22.6 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 6

2.23 പറവൂർ ജാക്കോബൈറ്റ് പള്ളി കോലെഴുത്തു ലിഖിതങ്ങൾ

2.23.1 പറവൂർ ജാക്കോബൈറ്റ് പള്ളി കുരിശുനാട്ടി കോലെഴുത്തു ലിഖിതം - 1

2.23.2 പറവൂർ ജാക്കോബൈറ്റ് പള്ളി മാമോദിസക്കൽ കോലെഴുത്തു ലിഖിതം - 2

2.24 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോലകൾ

2.24.1 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 1

2.24.2 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 2

2.24.3 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 3

2.24.4 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 4

2.25 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതങ്ങൾ

2.25.1 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം – 1

2.25.1 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം – 1

2.26 കൊച്ചി പുതുവെപ്പ് 322-ലെ കോലെഴുത്തു ചെമ്പോല

2.27 തൃശ്ശൂർ ബ്രഹ്മസ്വം മഠം കോലെഴുത്തു ചെമ്പോല

2.28 ആർത്താറ്റ് പള്ളി കോലെഴുത്തു ചെമ്പോല

2.28 ചേന്ദമംഗലം പാലിയം ശിവക്ഷേത്ര മലയാള ലിഖിതം

**അദ്ധ്യായം – 3 കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരമായ പഠനം 238 – 325**

3.1 കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ഉള്ളടക്കം

3.1.1 വട്ടെഴുത്തു ലിഖിതങ്ങൾ

3.1.1.1 മഹോദയപുര പെരുമാക്കന്മാരുടെ ലിഖിതങ്ങൾ

3.1.1.1.1 ഇരിങ്ങാലക്കുട കൂടൽമാണിക്യം സ്ഥാണു ഇരവി വട്ടെഴുത്തു ശിലാലിഖിതം

3.1.1.1.2 അയിരാണിക്കളം കോത ഇരവി വട്ടെഴുത്തു ശിലാരേഖ

3.1.1.1.3 നെടുമ്പുറം തളി കോത ഇരവി വട്ടെഴുത്തു ശിലാരേഖ

3.1.1.1.4 അവിട്ടത്തൂർ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

3.1.1.1.5 തൃപ്പൂണിത്തുറ സന്താനഗോപാലേശ്വരം വട്ടെഴുത്തു കോത ഇരവി ലിഖിതം

3.1.1.1.6 തൃക്കാക്കര കേരള കേസരി പെരുമാൾ വട്ടെഴുത്തു ശിലാരേഖ

3.1.1.1.7 മൂഴിക്കളം ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ

3.1.1.1.8 തൃക്കാക്കര ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ – 1

3.1.1.1.9 തൃക്കാക്കര ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ – 2

3.1.1.1.10 നെടുമ്പുറം തളി ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ

3.1.1.1.11 തൃക്കാക്കര ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ - 3

3.1.1.1.12 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 1

3.1.1.1.13 നെടുമ്പുറം തളി പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ

3.1.1.1.14 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 2

3.1.1.1.15 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 3

3.1.1.1.16 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 4

3.1.1.1.17 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 5

3.1.1.1.18 പാർക്കരൻ ഇരവി വട്ടെഴുത്തു ജൂതച്ചെപ്പേട്

3.1.1.1.19 മൂഴിക്കളം പാർക്കരൻ ഇരവി വർമ്മർ വട്ടെഴുത്തു ശിലാരേഖ

3.1.1.1.20 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 6

3.1.1.1.21 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 7

3.1.1.1.22 നെടുമ്പുറം തളി യാ കോ ഇരായര തിരുവടി വട്ടെഴുത്തു ശിലാരേഖ

3.1.1.1.23 താഴേക്കാട്ടുപള്ളി ഇരായരചിങ്ക പെരുമാനടി വട്ടെഴുത്തു ലിഖിതം

3.1.1.1.24 പറമ്പൻതളി ആതിച്ചൻ ഇരുഴി ഇരാമർ വട്ടെഴുത്തു ലിഖിതം

3.1.1.2. നാടുവാഴികളുടെ ലിഖിതങ്ങൾ

3.1.1.2.1 തൃക്കാക്കര കണ്ണമ്പുറയൻ വട്ടെഴുത്തു ശിലാരേഖ

3.1.1.2.2 തൃക്കാക്കര ചാത്തഞ്ചിവൻ വട്ടെഴുത്തു ശിലാരേഖ

3.1.1.2.3 തൃക്കാക്കര പോഴൻ ഇരവി വട്ടെഴുത്തു ശിലാരേഖ

3.1.1.2.4 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 1

3.1.1.2.5 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 2

3.1.1.2.6 നെടുമ്പുറം തളി മണങ്ങാട്ടു കുമരനിരവി വട്ടെഴുത്തു ശിലാരേഖ

3.1.1.2.7 ഇരിങ്ങാലക്കുട കൂടൽമാണിക്യം പാർക്കരൻ നമ്പിരാനർ വട്ടെഴുത്തു ശിലാലിഖിതം

3.1.1.2.8 പറമ്പൻതളി പറപ്പൂർ പൂമിതരരായിര തിരുവടി വട്ടെഴുത്തു ലിഖിതം

3.1.1.2.9 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 1

3.1.1.2.10 വീരരാഘവപ്പട്ടയം വട്ടെഴുത്തു ചെമ്പോല

3.1.1.3 സ്ഥാപനങ്ങൾ നടത്തിയ ഏർപ്പാടുകൾ

3.1.1.3.1 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 2

3.1.1.3.2 തിരുവഞ്ചിക്കുളം ഇരായിരങ്ങപ്പെരുന്തച്ചൻ വട്ടെഴുത്തു ശിലാലിഖിതം

3.1.1.3.3 ഊരകം വട്ടെഴുത്തു ശിലാലിഖിതം

3.1.1.3.4 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 1

3.1.1.3.5 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 2

3.1.1.3.6 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 2

3.1.1.3.7 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 3

3.1.1.4 വ്യക്തികളുടെ ഏർപ്പാടുകൾ

3.1.1.4.1 തൃപ്രയാർ ശ്രീരാമക്ഷേത്ര മുരുകനാട്ടു ചങ്കരങ്കുന്റപ്പോഴൻ വട്ടെഴുത്തു ലിഖിതം

3.1.1.4.2 തൃക്കാക്കര മാളുപക്കോനാർ വട്ടെഴുത്തു ശിലാരേഖ

3.1.1.4.3 തൃക്കാക്കര കാരിലത്തു കണ്ണങ്കുമരൻ വട്ടെഴുത്തു ശിലാരേഖ

3.1.1.4.4 ചേന്ദമംഗലം കൃഷ്ണക്ഷേത്രം വട്ടെഴുത്തു ശിലാലിഖിതം

3.1.1.4.5 ചൊവ്വല്ലൂർ ഇളങ്ങൊളൂരാകി കോത വട്ടെഴുത്തു ശിലാരേഖ

3.1.1.4.6 പറപ്പൂർ പെരുഞ്ചാല കോത കണ്ണൻ വട്ടെഴുത്തു ലിഖിതം

3.1.1.4.7 ചൊവ്വല്ലൂർ കട്ടിൽ ഇരായരങ്കേരളൻ വട്ടെഴുത്തു ശിലാരേഖ

3.1.1.4.8 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 3

3.1.1.4.9 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 4

3.1.1.5 അപൂർണ്ണ ലിഖിതങ്ങൾ

3.1.1.5.1 നെടുമ്പുറം തളി വട്ടെഴുത്തു മണക്കാട്ടു നാരായണൻ ഗോവി ന്ദൻ ശിലാരേഖ

3.1.1.5.2 അവിട്ടത്തൂർ വട്ടെഴുത്തു ശിലാരേഖ - 2

3.1.1.5.3 പറപ്പൂർ പെരുഞ്ചാല വട്ടെഴുത്തു ലിഖിതം - 2

3.1.1.5.4 താഴേക്കാട് ശിവക്ഷേത്ര വട്ടെഴുത്തു ലിഖിതം

3.1.1.5.5 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 1

3.1.1.5.6 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 2

3.1.1.5.7 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 3

3.1.1.5.9 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 4

3.1.1.5.10 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 5

3.1.1.5.11 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 6

3.1.2 കോലെഴുത്തു ലിഖിതങ്ങൾ

3.1.2.1 മരണ ശിലാരേഖകൾ

3.1.2.1.1 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 1

3.1.2.1.2 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 1

3.1.2.1.3 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 2

3.1.2.1.4 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 3

3.1.2.1.5 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 4

3.1.2.1.6 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 5

3.1.2.1.7 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 6

3.1.2.1.8 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 2

3.1.2.2 നിർമ്മാണ - ദാന രേഖകൾ

3.1.2.2.1 പറവൂർ ജാക്കോബൈറ്റ് പള്ളി കുരിശുനാട്ടി കോലെഴുത്തു ലിഖിതം

3.1.2.2.2 പറവൂർ ജാക്കോബൈറ്റ് പള്ളി മാമോദിസക്കൽ കോലെഴുത്തു ലിഖിതം

3.1.2.3 ഭൂവിനിമയ രേഖകൾ

3.1.2.3.1 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 1

3.1.2.3.2 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 2

3.1.2.3.3 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 3

3.1.2.3.4 തൃശ്ശൂർ ബ്രഹ്മസ്വം മഠം കോലെഴുത്തു ചെമ്പോല

3.1.2.3.5 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 4

3.1.2.4 അധികാര - നയ വത്കരണ രേഖകൾ

3.1.2.4.1 കൊച്ചി പുതുവെപ്പ് 322-ലെ കോലെഴുത്തു ചെമ്പോല

3.1.2.4.2 ആർത്താറ്റ് പള്ളി കോലെഴുത്തു ചെമ്പോല

3.1.3 മലയാളം ലിഖിതങ്ങൾ

3.1.3.1 നിർമ്മാണ - പുനരുദ്ധാരണ ലിഖിതങ്ങൾ

3.1.3.1.1 സംസ്കൃതം ലിഖിതങ്ങൾ

3.1.3.1.1.1 മൂഴിക്കളം മലയാളം ശിലാരേഖ - 5

3.1.3.1.1.2 പെരുമനം ക്ഷേത്ര മലയാള ശിലാലിഖിതം

3.1.3.1.1.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 1

3.1.3.1.1.4 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 3

3.1.3.1.1.5 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 6

3.1.3.1.1.6 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം - 1

3.1.3.1.1.7 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം - 2

3.1.3.1.1.8 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം - 3

3.1.3.1.1.9 ചേന്ദമംഗലം പാലിയം ശിവക്ഷേത്ര മലയാള ലിഖിതം

3.1.3.1.1.10 തൃശ്ശൂർ വടക്കുംനാഥക്ഷേത്ര ശ്രീമൂലസ്ഥാന മലയാള ശിലാലിഖിതം - 1

3.1.3.1.2 മലയാളം ലിഖിതങ്ങൾ

3.1.3.1.2.1 ഊരകം മലയാളം ശിലാലിഖിതം

3.1.3.1.2.2 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര കൊക്കരണി മലയാള ശിലാലിഖിതം

3.1.3.1.2.3 മൂഴിക്കുളം മലയാളം ശിലാരേഖ - 1

3.1.3.1.2.4 മൂഴിക്കുളം മലയാളം ശിലാരേഖ - 2

3.1.3.1.2.5 മൂഴിക്കുളം മലയാളം ശിലാരേഖ - 3

3.1.3.1.2.6 മൂഴിക്കുളം മലയാളം ശിലാരേഖ - 4

3.1.3.1.2.7 അയിരാണിക്കുളം മലയാളം ദാരു ലിഖിതം

3.1.3.2. ദേവതാസ്തുതികൾ

3.1.3.2.1 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 2

3.1.3.2.2 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 4

3.1.3.2.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 5

3.2 ലിഖിതങ്ങളുടെ ചരിത്രപരമായ പഠനം

3.2.1 ലിഖിതങ്ങളും കാലവും

3.2.2 അധികാരികൾ

3.2.3 അധികാര സഭകൾ

3.2.4 ലിഖിതങ്ങളും ഉദ്ദേശ്യവും

3.2.4.1 ശപഥം

3.2.4.2 അട്ടിപ്പേറ്

3.2.4.3 കച്ചം

3.2.4.4 കാര്യം

3.2.4.5 കർമ്മം

3.2.4.6 പ്രസാദം

3.2.4.7 സങ്കേതം

3.2.4.8 പ്രത്യേകിച്ച് പേര് നൽകാത്ത ഏർപ്പാടുകൾ

3.2.4.9 നിർമ്മിതി രേഖകൾ

3.2.5 ലിഖിതങ്ങളും പിഴകളും

3.2.6 ഭൂവിനിമയങ്ങൾ

3.2.7 സാക്ഷികൾ

3.2.9 നയരൂപീകരണ രേഖകൾ

നിഗമനങ്ങൾ

**അദ്ധ്യായം – 4 കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ഭാഷാപരമായ പഠനം 326 – 631**

4.1 ശാസനഭാഷ – പൂർവ്വപഠവങ്ങളിലെ നിരീക്ഷണങ്ങൾ

4.1.1 ഏ.ആർ.രാജരാജവർമ്മ

4.1.2 ഡോ. കെ. ഗോദവർമ്മ

4.3 ഡോ. ഏ. സി. ശേഖർ

4.4 പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള

4.5 പ്രൊഫസർ സി. എൽ. ആന്റണി

4.6 ഡോ. കെ. എം. പ്രഭാകരവാരിയർ

4.7 ഡോ. കെ. രത്നമ്മ

4.8 ഡോ. ഷൊർണൂർ കാർത്തികേയൻ

4.2 കൊച്ചിരാജ്യത്തെ ശാസനങ്ങളിലെ ഭാഷ.

4.2.1 വട്ടെഴുത്തു ലിഖിതങ്ങൾ

4.2.1.1 ഇരിങ്ങാലക്കുടകൂടൽമാണിക്യക്ഷേത്ര സ്ഥാണുരവി-വട്ടെഴുത്തു ശിലാലിഖിതം

4.2.1.2 ഇരിങ്ങാലക്കുടകൂടൽമാണിക്യം പാർക്കരനമ്പിരാനർ വട്ടെഴുത്തു ശിലാലിഖിതം

4.2.1.3 അയിരാണിക്കളം കോത ഇരവി വട്ടെഴുത്തു ശിലാരേഖ

4.2.1.4 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 2

4.2.1.5 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 3

4.2.1.6 നെടുമ്പുറം തളി കോത ഇരവി വട്ടെഴുത്തു ശിലാരേഖ

4.2.1.7 നെടുമ്പുറം തളി കോവിന്തശ്വരൻ കോത വട്ടെഴുത്തു ശിലാരേഖ

4.2.1.8 നെടുമ്പുറം തളി പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ

4.2.1.9 നെടുമ്പുറം തളി യാകോ ഇരായര തിരുവടി വട്ടെഴുത്തു ശിലാരേഖ

4.2.1.10 നെടുമ്പുറം തളി മണങ്ങാട്ടു കുമരനിരവി വട്ടെഴുത്തു ശിലാരേഖ

4.2.1.11 നെടുമ്പുറം തളി വട്ടെഴുത്തു മണക്കാട്ടു നാരായണൻ ഗോവിന്ദൻ ശിലാരേഖ

4.2.1.12 അവിട്ടത്തൂർ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

4.2.1.13 അവിട്ടത്തൂർ വട്ടെഴുത്തു ശിലാരേഖ - 2

4.2.1.14 തൃപ്പൂണിത്തുറ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

4.2.1.15 തൃക്കാക്കര കേരള കേസരി പെരുമാൾ വട്ടെഴുത്തു ശിലാരേഖ

4.2.1.16 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ - 1

4.2.1.17 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ - 2

4.2.1.18 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ - 3

4.2.1.19 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 1

4.2.1.20 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 2

4.2.1.21 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 3

4.2.1.22 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 4

4.2.1.23 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 5

4.2.1.24 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 6

4.2.1.25 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 7

4.2.1.26 തൃക്കാക്കര കണ്ണമ്പുറയൻ വട്ടെഴുത്തു ശിലാരേഖ

4.2.1.27 തൃക്കാക്കര ചാത്തഞ്ചിവൻ വട്ടെഴുത്തു ശിലാരേഖ

4.2.1.28 തൃക്കാക്കര പോഴൻ ഇരവി വട്ടെഴുത്തു ശിലാരേഖ

4.2.1.29 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 1

4.2.1.30 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 2

4.2.1.31 തൃക്കാക്കര മാളുപക്കോനാർ വട്ടെഴുത്തു ശിലാരേഖ

4.2.1.32 തൃക്കാക്കര കാരിലത്തു കണ്ണങ്കുമരൻ വട്ടെഴുത്തു ശിലാരേഖ

4.2.1.33 മൂഴിക്കളം ഇന്ദുക്കോത വട്ടെഴുത്തു ശിലാരേഖ

4.2.1.34 മൂഴിക്കളം പാർക്കരൻ ഇരവി വർമ്മർ വട്ടെഴുത്തു ശിലാരേഖ

4.2.1.35 പാർക്കരൻ ഇരവി വട്ടെഴുത്തു ജൂതച്ചെപ്പേട്

4.2.1.36 താഴേക്കാട്ടുപള്ളി ഇരായരചിങ്ക പെരുമാനടി വട്ടെഴുത്തു ലിഖിതം

4.2.1.37 പറമ്പൻതളി ആതിച്ചൻ ഇരുഴി ഇരാമർ വട്ടെഴുത്തു ലിഖിതം

4.2.1.38 പറമ്പൻതളി പറപ്പൂർ പൂമിതരരായിര തിരുവടി വട്ടെഴുത്തു ലിഖിതം

4.2.1.39 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം – 1

4.2.1.40 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം – 2

4.2.1.41 ചൊവ്വല്ലൂർ ഇളങ്ങൊളൂരാകി കോത വട്ടെഴുത്തു ശിലാരേഖ

4.2.1.42 ചൊവ്വല്ലൂർ കട്ടിൽ ഇരായരങ്കേരളൻ വട്ടെഴുത്തു ശിലാരേഖ

4.2.1.43 തൃപ്രയാർ ശ്രീരാമക്ഷേത്ര മുരുകനാട്ടു ചങ്കരങ്കുന്റപ്പോഴൻ വട്ടെഴുത്തു ലിഖിതം

4.2.1.44 തിരുവഞ്ചിക്കുളം ഇരായിരങ്ങപ്പെരുന്തച്ചൻ വട്ടെഴുത്തു ശിലാലിഖിതം

4.2.1.45 ഊരകം വട്ടെഴുത്തു ശിലാലിഖിതം

4.2.1.46 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 1

4.2.1.47 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 2

4.2.1.48 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 3

4.2.1.49 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 4

4.2.1.50 ചേന്ദമംഗലം കൃഷ്ണക്ഷേത്രം വട്ടെഴുത്തു ശിലാലിഖിതം

4.2.1.51 പറപ്പൂർ പെരുഞ്ചാല കോത കണ്ണൻ വട്ടെഴുത്തു ലിഖിതം

4.2.1.52 പറപ്പൂർ പെരുഞ്ചാല വട്ടെഴുത്തു ലിഖിതം – 2

4.2.1.53 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 1

4.2.1.54 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 2

4.2.1.55 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 3

4.2.1.56 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 4

4.2.1.57 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 5

4.2.1.58 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 6

4.2.1.59 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 7

4.2.1.60 താഴേക്കാട് ശിവക്ഷേത്ര വട്ടെഴുത്തു ലിഖിതം

4.2.1.61 വീരരാഘവപ്പട്ടയം വട്ടെഴുത്തു ചെമ്പോല

4.2.2 കോലെഴുത്തുലിഖിതങ്ങൾ

4.2.2.1 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 1

4.2.2.2 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 2

4.2.2.3 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 3

4.2.2.4 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 4

4.2.2.5 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 5

4.2.2.6 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 6

4.2.2.7 പറവൂർ ജാക്കോബൈറ്റ് പള്ളി കുരിശുനാട്ടി കോലെഴുത്തു ലിഖിതം - 1

4.2.2.8 പറവൂർ ജാക്കോബൈറ്റ് പള്ളി മാമോദിസക്കൽ കോലെഴുത്തു ലിഖിതം - 2

4.2.2.9 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 1

4.2.2.10 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 2

4.2.2.11 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 3

4.2.2.12 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 4

4.2.2.13 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 1

4.2.2.14 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 2

4.2.2.15 കൊച്ചി പുതുവെപ്പ് 322-ലെ കോലെഴുത്തു ചെമ്പോല

4.2.2.16 തൃശ്ശൂർ ബ്രഹ്മസ്വം മഠം കോലെഴുത്തു ചെമ്പോല

4.2.2.17 ആർത്താറ്റ് പള്ളി കോലെഴുത്തു ചെമ്പോല

4.2.3 മലയാള ലിഖിതങ്ങൾ

4.2.3.1 അയിരാണിക്കളം മലയാളം ദാരു ലിഖിതം

4.2.3.2 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 1

4.2.3.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 2

4.2.3.4 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 3

4.2.3.5 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 4

4.2.3.6 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 5

4.2.3.7 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 6

4.2.3.8 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 1

4.2.3.9 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 2

4.2.3.10 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 3

4.2.3.11 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ - 4

4.2.3.12 മൂഴിക്കളം മലയാളം ശിലാരേഖ - 5

4.2.3.13 തിരുവഞ്ചിക്കളം മലയാളം ശിലാലിഖിതം - 1

4.2.3.14 തിരുവഞ്ചിക്കളം മലയാളം ശിലാലിഖിതം - 2

4.2.3.15 തിരുവഞ്ചിക്കളം മലയാളം ശിലാലിഖിതം - 3

4.2.3.16 ഊരകം മലയാളം ശിലാലിഖിതം

4.2.3.17 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര ശ്രീമൂലസ്ഥാന മലയാള ശിലാലിഖിതം - 1

4.2.3.18 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര കൊക്കരണി മലയാള ശിലാലിഖിതം

4.2.3.19 പെരുമനം ക്ഷേത്ര മലയാള ശിലാലിഖിതം

4.2.3.20 ചേന്ദമംഗലം പാലിയം ശിവക്ഷേത്ര മലയാള ലിഖിതം

**ഉപസംഹാരം** **632 - 638**

**സഹായകഗ്രന്ഥസൂചി** **639 - 645**

# ആമുഖം

ചരിത്രം, ഭാഷ, ലിപി എന്നീ മേഖലകളെ പഠിക്കുന്നതിനുള്ള സുപ്രധാന ഉപാധിയണ് ലിഖിതപഠനം. ഭിന്നവൈജ്ഞാനികശാഖകൾ ചേരുമ്പോഴാണ് ലിഖിതപഠനം പൂർത്തിയാകുന്നത്. ഭൂതകാലത്തെ സംബന്ധിക്കുന്ന അറിവിനെ നിർമ്മിച്ചെടുക്കാൻ ഏറ്റവും വിശ്വസനീയമായ ഉപാദാനങ്ങളെന്ന് ലിഖിതങ്ങളെ വിളിക്കാം. സവിശേഷമായ ഒരു ചരിത്രസന്ദർഭത്തിലാണ് ഓരോ ലിഖിതവും നിർമ്മിക്കപ്പെടുന്നത്. തദ്ദേശീയവും വൈദേശികവുമായ ഇടപെടലുകളും പടലപ്പിണക്കങ്ങളും മരണവും നിർമ്മിതിയും ദാനവുമെല്ലാം ലിഖിതങ്ങൾക്ക് വിഷയമായിത്തീരുന്നു. ഈ പഠനമേഖല എപ്പിഗ്രഫി എന്നാണ് അറിയപ്പെടുന്നത്. ദൃഢപ്രതലങ്ങളിൽ തയ്യാറാക്കപ്പെട്ട ലിഖിതങ്ങൾ മാത്രമാണ് എപ്പിഗ്രഫി രേഖകൾ, കടലാസിലും, തുകലിലും, പനയോലയിലും തയ്യാറാക്കുന്ന ലിഖിതങ്ങൾ പാലിയോഗ്രഫി എന്ന വൈജ്ഞാനിക ശാഖയാണ്.

കേരളത്തിൽ എപ്പിഗ്രഫിക്കൽ പഠനം യൂറോപ്യൻമാരുടെ കടന്നു വരവിനു ശേഷമാണ് പ്രചാരം നേടുന്നത്. ചരിത്രമെന്നാൽ ഐതിഹ്യാധിഷ്ഠിത കെട്ടുകഥകളാണെന്ന ബോധ്യം മലയാളിയിൽ ഉറച്ചു നിൽക്കുന്നുണ്ട്. കേരളം പരശുരാമൻ നിർമ്മിച്ചു എന്ന ഐതിഹ്യവും പതിനഞ്ചാം നൂറ്റാണ്ടിനു ശേഷം തയ്യാറാക്കപ്പെട്ട കേരളോൽപ്പത്തികളുമാണ് ചരിത്രത്തെ നയിച്ചിരുന്നത്. യൂറോപ്യന്മാരുടെ വസ്തുനിഷ്ഠസമീപനം ഇക്കാര്യങ്ങളിൽ മാറ്റം വരുത്തി. ഹെർമ്മൻഗുണ്ടർട്ടും, വില്യംലോഗനുമാണ് ഇവരിൽ പ്രധാനികൾ. ചരിത്ര

നിർമ്മിതിക്ക് വിശ്വാസ്യത ലഭിക്കാൻ ലിഖിതത്തെളിവുകൾ അനിവാര്യമാണെന്ന് ഗുണ്ടർട്ട് മനസ്സിലാക്കി. അതിനെക്കുറിച്ചദ്ദേഹം പശ്ചിമോദയത്തിൽ ലേഖനം എഴുതുകയും ചെയ്തു. വില്യംലോഗൻ കേരളോൽപ്പത്തിയെ അബദ്ധപഞ്ചാംഗമെന്ന് അധിക്ഷേപിച്ചു. രണ്ട് വോള്യങ്ങളിലായി കൊച്ചി രാജ്യചരിത്രം പ്രസിദ്ധീകരിച്ച കെ. പി. പത്മനാഭമേനോനും കേരളോൽപ്പത്തിയെ അവഗണിക്കുകയും ലിഖിതത്തെളിവുകളെയും യൂറോപ്യന്മാരുടെ രേഖപ്പെടുത്തലുകളെയും ചരിത്ര നിർമ്മിതിയ്ക്ക് ഉപയോഗിക്കുകയും ചെയ്തു. ഇത്തരത്തിൽ പ്രസക്തമായ ലിഖിതങ്ങളിലെ ബഹുകാലികമായ സാധ്യതകളെ ഉൾക്കൊള്ളാനുള്ള ശ്രമമാണീ പ്രബന്ധം.

## 0.1 പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും

കൊച്ചിരാജ്യത്തു നിന്നും ലഭ്യമായ മുഴുവൻ തദ്ദേശീയ ലിഖിതങ്ങളെയും പഠനവിധേയമാക്കുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. വൈദേശിക ജനത പൊതുവർഷം ഒന്നാംനൂറ്റാണ്ടു മുതൽക്കു തന്നെ കേരളത്തിലുണ്ട്. അവരിൽ പ്രമുഖരായ ജൂതർ, സുറിയാനികൾ എന്നീ വിഭാഗക്കാർ ലിഖിതങ്ങളിൽ തദ്ദേശീയ ഭരണാധികാരികളിൽ നിന്നും അധികാരാവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുത്തിട്ടുണ്ടെന്നും മനസ്സിലാക്കാം. ഇവരുടെ ലിപികളായ ഹീബ്രു, കർസോൻ തുടങ്ങിയ ലിപികളിലുള്ള ലിഖിതങ്ങളും, പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് ലിഖിതങ്ങളും ഈ പ്രബന്ധത്തിനകത്ത് ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശീയ ലിഖിത ലക്ഷ്യങ്ങളെ ആസ്പദമാക്കി പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയെ നേരിട്ട് അവതരിപ്പിക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. അതു തന്നെയാണീ പഠത്തിന്റെ പ്രസക്തിയും.

## 0.2 പഠനരീതി

എപ്പിഗ്രഫിയുടെ രീതിശാസ്ത്രമാണ് പഠനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. എവിടെയാണോ ലിഖിതമുള്ളത് ആ സ്ഥലം കണ്ടെത്തുക അല്ലെങ്കിൽ അവിടെ എത്തിച്ചേരുക എന്നതാണ് ആദ്യഘട്ടം. ഇവിടെനിന്നും ലിഖിതത്തിന്റെ പകർപ്പ്

തയ്യാറാക്കണം. ഇതിന് മൂന്ന് വഴികളുണ്ട് ഒന്ന് വ്യക്തമായ അവയുടെ ചിത്രം കേമറ ഉപയോഗിച്ച് പകർത്തുക എന്നതാണ്. വ്യക്തതയ്ക്കായി വൃത്തിയാക്കിയെടുത്ത ലിഖിതപ്രതലത്തിൽ അരിപ്പൊടി വിതറിയതിനുശേഷം ചിത്രം പകർത്തണം. രണ്ടാമത്തെ രീതി ലിഖിതത്തിൽ നിന്നും നേരിട്ട് അതേ ലിപിയിൽ പകർപ്പ് വരച്ചെടുക്കുന്നതാണ്. മൂന്നാമത്തെ രീതിയാണ് എപ്പിഗ്രഫിയിലെ സുപ്രധാന ഘട്ടമായ എസ്റ്റാംപേജെടുക്കൽ. ഇതിന് മാപ്പ്ലിത്തോ എന്ന പേപ്പർ, നായയുടെ തോലുകൊണ്ടുണ്ടാക്കുന്നതും മുൻകാലത്ത് പ്രിന്റ് ചെയ്യാൻ മഷി പരത്താൻ ഉപയോഗിക്കുന്ന ഡാബർ എന്ന ഉപകരണവും, പന്നിയുടെ രോമം കൊണ്ടുണ്ടാക്കുന്ന ബെൻഡ് ബ്രഷും, മഷിയും ആവശ്യമാണ്. മഷി പ്രത്യേകം തയ്യാറാക്കണം. വിളക്കുകരി, മുരിങ്ങാമരത്തിന്റെ പശ, ഇന്ത്യൻ ഇങ്ക് എന്നിവ ചേർത്തുണ്ടാക്കുന്ന മിശ്രിതമാണ് ഉപയോഗിക്കുന്നത്. നനച്ചെടുക്കുന്ന മാപ്പ് ലിത്തോ പേപ്പർ നനഞ്ഞലിഖിതപ്രതലത്തിൽ ചേർത്ത് വെച്ച് ബെൻഡ് ബ്രഷുകൊണ്ടടിച്ച് കടലാസിനും പ്രതലത്തിനും ഇടയിലുള്ള വായുവിനെ പുറത്തു കളയണം. തയ്യാറാക്കിയ മഷി നനച്ച് ഡാബറിൽ പുരട്ടി കടലാസിൽ പതിപ്പിക്കണം. ഇതിനു ശേഷം ലിഖിതപ്രതലത്തിൽ നിന്നും ഇളക്കിയെടുത്ത എസ്റ്റാംപേജ് ഉണക്കിയെടുത്ത് സൂക്ഷിച്ച് പകർപ്പെടുക്കാവുന്നതാണ്.

ഇത്തരം പ്രക്രിയയിലൂടെ ലഭിക്കുന്ന പാഠത്തെ കൺപകർപ്പ് അഥവാ ഐ കോപ്പി എന്നു വിളിക്കാം. ഇതിനുശേഷം ലിപ്യന്തരണ പാഠം തയ്യാറാക്കണം. ഇത് മലയാളത്തിലാണ് തയ്യാറാക്കുന്നത്. ഏതു ഭാഷയിലണോ ലിഖിതം ആ ഭാഷയിലാണ് ലിപ്യന്തരണം നടത്തേണ്ടത്. ആധുനികപാഠം തയ്യാറാക്കൽ, പുനർവ്യാഖ്യാനിക്കൽ, ചരിത്രപരമായും ഭാഷാപരമായും ലഭിച്ച അറിവുകളെ രേഖപ്പെടുത്തൽ എന്നിവയോടെ ഈ രീതിശാസ്ത്രം അനുസരിച്ചുള്ള പഠനം പൂർത്തിയാകുന്നു. ഈ രീതിയാണ് ഈ പ്രബന്ധത്തിൽ പിന്തുടർന്നിട്ടുള്ളത്.

## 0.3 പൂർവ്വപഠനങ്ങൾ

പ്രൊഫസർ ഇളംകുളംകുഞ്ഞൻപിള്ള, പ്രൊഫസർ എം. ജി. എസ് നാരായണൻ എന്നിവർ കേരളത്തിൽ നിന്നും ലഭിച്ചിട്ടുള്ള വട്ടെഴുത്ത് ലിഖിതങ്ങളെ ഉപയോഗിച്ച് പൊതുവർഷം ഒമ്പതുമുതൽ പന്ത്രണ്ടു വരെയുള്ള നൂറ്റാണ്ടുകളിലെ പെരുമാക്കന്മാരുടെ ചരിത്രം തയ്യാറാക്കിയിട്ടുണ്ട്. പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ പഠനങ്ങൾ അദ്ദേഹത്തിന്റെ വിവിധങ്ങളായ കൃതികളിൽ ചിതറിക്കിടക്കുന്ന രീതിയിലാണ്. അവയെ സംശോധനം ചെയ്ത് 'ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്തകൃതികൾ' എന്ന പേരിൽ ഡോ. എൻ. സാം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൊഫസർ എം. ജി. എസ്. നാരായണൻ പഠനം നിർവ്വഹിച്ചത് ഡോക്ടറേറ്റിനായി സമർപ്പിച്ച പ്രബന്ധത്തിലാണ്. ഈ പഠനം 'പെരുമാൾസ് ഓഫ് കേരള' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഷാപരമായ പഠനം നടത്തിയത് ഡോ. ഏ. സി. ശേഖർ, പ്രൊഫസർ, ഇളംകുളം കുഞ്ഞൻപിള്ള, ഡോ. കെ. രത്നമ്മ എന്നിവരാണ്. ഡോ. ഏ. സി. ശേഖറിന്റെയും, ഡോ. കെ. രത്നമ്മയുടേയും പഠനങ്ങൾ ഡോക്ടറേറ്റിനായി സമർപ്പിച്ച പ്രബന്ധങ്ങളാണ്. യഥാക്രമം 'എവല്യൂഷൻ ഓഫ് മലയാളം', 'ഏർളി ഇൻസ്ക്രിപ്ഷണൽ മലയാളം' എന്നിവയാണവ. 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന പുസ്തകത്തിൽ പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള പ്രാചീനഗദ്യവികാസത്തെ പഠന വിധേയമാക്കിയിട്ടുണ്ട്. ഈ ഘട്ടത്തിൽ പ്രാധാന്യേന ശാസനഭാഷയേയും അദ്ദേഹം പഠനവിധേയമാക്കി. കേലെഴുത്ത്, മലയാളം ലിഖിതങ്ങൾ ഇത്തരത്തിൽ പഠിക്കപ്പെട്ടിട്ടില്ല. കേരളീയ ലിഖിതങ്ങൾക്ക് ലിപ്യന്തരണപാഠം നൽകി ഡോ. പുതുശ്ശേരി രാമചന്ദ്രൻ 'കേരളചരിത്രത്തിന്റെ അടിസ്ഥാനരേഖകൾ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 0.4 പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ ഈ പ്രബന്ധത്തിൽ നാല് അദ്ധ്യായങ്ങളുണ്ട്. ഒന്നാം അദ്ധ്യായം – 'കൊച്ചി'. കൊച്ചി എന്ന രാജ്യത്തെ

പ്രാഥമികമായി പരിചയപ്പെടുത്തുക മാത്രമാണ് ഈ അദ്ധ്യായത്തിൽ ചെയ്തിട്ടുള്ളത്. രണ്ടാം അദ്ധ്യായം - 'കൊച്ചിരാജ്യത്തെ ലിഖിതങ്ങൾ'. 29 ഇടങ്ങളിൽ നിന്നും ശേഖരിച്ച വട്ടെഴുത്തിലുള്ള 61 ഉം, കോലെഴുത്തിലുള്ള 17 ഉം, മലയാളത്തിലുള്ള 20 ഉം ആകെ 98 ലിഖിതങ്ങളെ ലഭിച്ച സ്ഥലത്തെയും അവയിലെ പഴക്കമേറിയ ലിഖിത്തിന്റെയും അടിസ്ഥാനത്തിൽ കൺപകർപ്പ്, ലിപ്യന്തരണം, ആധുനികപാഠം എന്നിവ നൽകി പഠനവിധേയമാക്കിയിരിക്കുന്നു. ചില ലിഖിതങ്ങൾക്ക് കൺപകർപ്പ് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. അവ കണ്ടെടുക്കാൻ കഴിയാത്തവയോ നശിച്ചുപോയവയോ ആണ്. ഇത്തരം സന്ദർഭത്തിൽ പൂർവ്വ പഠിതാക്കൾ തയ്യാറാക്കിയ ലിപ്യന്തരണപാഠം ഉപയോഗിച്ചിരിക്കുന്നു. മൂന്നാം അദ്ധ്യായം - 'കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരമായ പഠനം'. വ്യാഖ്യാനം നൽകി ലിഖിതങ്ങളുടെ ഉള്ളടക്കത്തെ വിശകലനം ചെയ്തിരിക്കുന്നു. നാലാം അദ്ധ്യായം - 'കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ഭാഷാപരമായ പഠനം'. ശാസനഭാഷയെയും പൂർവ്വപഠനങ്ങളെയും വിശകലനം ചെയ്തതിനുശേഷം ഓരോ ശാസനങ്ങളിലെ ഭാഷാപ്രയോഗങ്ങളേയും അർത്ഥം നൽകി വ്യാഖ്യാനിക്കുകയും വ്യാകരണപരമായ സവിശേഷതകൾ അടയാളപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഉപസംഹാരം - ഈ പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള നിഗമനങ്ങളെ ക്രോഡീകരിച്ചതാണ് ഉപസംഹാരം.

# അദ്ധ്യായം - 1

# കൊച്ചി

1949 ജൂലായ് 1 ന് തിരു-കൊച്ചി സംയോജനം നടക്കുന്നതുവരെ കേരളത്തിൽ നിലവിലുണ്ടായിരുന്ന ഒരു നാട്ടുരാജ്യമായിരുന്നു കൊച്ചി. പെരുമ്പടപ്പ്സ്വരൂപം എന്നായിരുന്നു കൊച്ചിരാജ്യഭരണവർഗ്ഗത്തിന്റെ പൂർവ്വനാമം. കൊച്ചി എന്ന് വിളിക്കുന്നുണ്ടെങ്കിലും ഇവർ കൊച്ചിയിൽ ഉണ്ടായിരുന്നവരല്ല. പൊന്നാനി താലൂക്കിലെ പെരുമ്പടപ്പിലെ വന്നേരിയായിരുന്നു ഇവരുടെ ആസ്ഥാനം. രാജാവായി കിരീടധാരണം നടത്തിയിരുന്നത് ചിത്രകൂടത്തിൽ വച്ചായിരുന്നു. തിരുവഞ്ചിക്കുളം, വെള്ളാരപ്പള്ളി, പഴയന്നൂർ എന്നീ പ്രദേശങ്ങളെല്ലാം കൊച്ചിയിൽ ഉൾപ്പെട്ടിരുന്നു. പൊതുവർഷം പന്ത്രണ്ടാംനൂറ്റാണ്ടിലെങ്കിലും പെരുമ്പടപ്പ് സ്വരൂപം രൂപമെടുത്തെന്ന് കരുതാം. പെരുമാക്കന്മാരുടെ ഭരണം അവസാനിച്ചതിനു ശേഷം നാടുവാഴികൾ കരുത്തരായതും മികച്ച സൈന്യത്തിന്റെ അഭാവവും പെരുമ്പടപ്പ് സ്വരൂപത്തെ പലായനത്തിലേക്ക് നയിച്ചു. സാമൂതിരിയുടെ പ്രബലത്വം പെരുമ്പടപ്പിനോടുള്ള വൈരമായിത്തീർന്നപ്പോൾ പെരുമ്പടപ്പിന്റെ ആസ്ഥാനമായ ചിത്രകൂടത്തിൽ നിന്നും അവർ തുരത്തപ്പെട്ടു. പിന്നീട് പെരുമ്പടപ്പിന് ഈ പ്രദേശം വീണ്ടെടുക്കാനായില്ല. തിരുവഞ്ചിക്കുളത്തുനിന്നും കൊച്ചിയിലേക്കുള്ള പലായനമാണ് പെരുമ്പടപ്പിന്റെ ആസ്ഥാനം കൊച്ചിയിൽ ആക്കിയതും കൊച്ചി രാജ്യം എന്ന പേർ നേടിക്കൊടുത്തതും.

കൊച്ചിയുടെ അതിർത്തികളെക്കുറിച്ച് 'ശക്തൻതമ്പുരാൻ' എന്ന പുസതകത്തിൽ പുത്തേഴത്ത് രാമമേനോൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''പെരുമ്പടപ്പിൽ സ്വരൂപത്തിന്റെ ശക്തി അതിന്റെ മൂർദ്ധന്യത്തിൽ എത്തിയിരുന്ന കാലത്തു കൊച്ചി രാജ്യത്തിന് ഏകദേശം നാലായിരം ചതുരശ്രനാഴിക വിസ്താരമുണ്ടായിരുന്നു. തിരുവിതാംകൂറും സാമൂതിരിയും അപ്പപ്പോൾ മാന്തിത്തിന്നതു മടക്കിക്കിട്ടാതെ പോയതു കൊണ്ടാണ് വലുപ്പത്തിൽ ഇന്നത്തെ സ്ഥിതിയിലായത്. തെക്കു, കരപ്പുറം, കരുനാട്, കുന്നത്തുനാട്, ഉദയംപേരൂർ, ചെമ്പിൽ, ചേർത്തല, വൈക്കം, ഏറ്റുമാനൂർ എന്നീ പ്രദേശങ്ങളെല്ലാം തിരുവിതാംകൂറിലേക്ക് ഒഴിഞ്ഞുകിട്ടുന്നതുവരെ പെരുമ്പടപ്പിൽ ചേർന്നതായിരുന്നു. അതുപോലെതന്നെ വടക്ക്, പൊന്നാനിത്താലൂക്ക്, വന്നേരി, കവളപ്പാറ, വള്ളുവനാട് എന്നീ പ്രദേശങ്ങളും കൊച്ചി വകയായിരുന്നു. അതിനും പുറമെ, പൊറക്കാട്, വടക്കുംകൂർ, തെക്കുംകൂർ, മങ്ങാട്, പറൂര്, എന്നീ രാജ്യങ്ങൾ കൊച്ചിയുടെ നാലു പ്രധാന കീഴേടങ്ങളായിരുന്നു.''[1]

പൊതുവർഷം (Common Era) 1341 ൽ പെരിയാറിലുണ്ടായ അസാധാരണ വെള്ളപ്പൊക്കം മുസരിസ്സിന്റെ തകർച്ചയ്ക്കും കൊച്ചി എന്ന പ്രദേശത്തിന്റെ ഉയർച്ചയ്ക്കും കാരണമായി. കൊച്ചിയുടെ പേരിനെ സംബന്ധിക്കുന്ന രണ്ടഭിപ്രായങ്ങൾ പുത്തേഴത്ത് രാമൻമേനോൻ അവതരിപ്പിക്കുന്നുണ്ട്[2]. കേരളമാഹാത്മ്യത്തിൽ പരാമർശിക്കുന്ന ബാലപുരി കൊച്ചിയെ സംബന്ധിക്കുന്നതാണെന്നായിരുന്നു ഒന്നാം അഭിപ്രായം. കൊച്ച് അഴി, കൊച്ചഴിയും കൊച്ചിയും ആയതാണെന്നതാണ് രണ്ടാം അഭിപ്രായം. ഇതിലെ ഒന്നാം അഭിപ്രായത്തിന്റെ വസ്തുതതകൾ അറിയാൻ വഴികളില്ല. രണ്ടാം അഭിപ്രായം ഭൂമിശാസ്ത്രപരമായും ചരിത്രപരമായും അനുയോജ്യമാണ്. പോർച്ചുഗീസ് നാവികനായ പെഡ്രോ അൽവാരീസ് കബ്രാളിന്റെ കടന്നുവരവും സാമൂതിരി വിരോധവും കൊച്ചി - പോർച്ചുഗീസ് സഖ്യത്തിലേക്കും ഒരു രാജ്യമെന്ന നിലയിൽ

---

[1] പുത്തേഴത്ത് രാമമേനോൻ, ശക്തൻ തമ്പുരാൻ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, മൂന്നാംപതിപ്പ്, 1989, പു - 11

[2] ഇതേ പുസ്തകം പു - 17,18.

കൊച്ചിയുടെ ഉയർച്ചയ്ക്കും കാരണമായി. കോഴിക്കോട് തുറമുഖത്തേക്ക് അടുക്കാൻ കഴിയാത്ത അവസ്ഥ പോർച്ചുഗീസിനുണ്ടായപ്പോൾ കച്ചവടം കൊച്ചി തുറമുഖത്തേക്കു കേന്ദ്രീകരിക്കപ്പെട്ടു. നിരന്തര സംഘർഷങ്ങളുടേതായ വൈദേശികാധിപത്യകാലത്ത് പോർച്ചുഗൽ, ഹോളണ്ട്, ബ്രിട്ടൻ എന്നീ കച്ചവട കോയ്മകളോട് കൊച്ചിക്ക് സന്ധി ചെയ്യേണ്ടി വന്നു. 1663 ൽ ഡച്ചുമായികൂട്ടുചേർന്ന് പോർച്ചുഗീസിനെ കൊച്ചിയിൽനിന്നും നിരായുധരാക്കി തുരത്താൻ മൂത്തതാവഴിയിലേയും ചാഴൂർ താവഴിയിലേയും അധികാരികൾക്ക് സാധിച്ചു. ഇതിനെ സംബന്ധിക്കുന്ന ലിഖിതമാണ് പുതുവെപ്പ് 322 ലെ പാലിയം ചെപ്പേട്. ഇളയ താവഴിയും സാമൂതിരിയും തമ്മിൽ നല്ല ബന്ധമുണ്ടായിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് തയ്യാറാക്കിയ പെരുമനം ക്ഷേത്രത്തിലെ മലയാളം ലിഖിതം ഇതിന് തെളിവാണ്. തിരുവഞ്ചിക്കുളത്തും, തൃപ്പൂണിത്തുറയിലും, ഊരകത്തും, തൃശ്ശൂർ വടക്കുംനാഥനിലും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയ കൊച്ചി രാജാക്കന്മാരുടെ ലിഖിതങ്ങളും കൂടി മാത്രമാണ് കൊച്ചി രാജാക്കന്മാരുടേതായി നിലവിലുള്ളത്.

കൊച്ചി എന്ന രാജ്യത്തിന്റെ ചരിത്രം നിർമ്മിച്ചെടുക്കാനുള്ള ഉപാദാനങ്ങൾ പൊതുവർഷം പതിനഞ്ചാം നൂറ്റാണ്ടു മുതൽക്കാണ് ലഭ്യമായിത്തുടങ്ങിയത്. എന്നാൽ ഈ രാജ്യത്തുൾപ്പെടുന്നതും അതിന്റെ അരികുകളിൽ ഉള്ളതുമായ പ്രദേശങ്ങളിൽ നിന്നും പൊതുവർഷം ഒമ്പതാം നൂറ്റാണ്ടു മുതൽക്കുള്ള ലിഖിതത്തെളിവുകൾ ലഭ്യമാണ്. ഇവയെല്ലാം ഉള്ളടങ്ങുന്ന കൊച്ചിയെയാണീ പ്രബന്ധം ഉൾക്കൊള്ളുന്നത്.

# അദ്ധ്യായം - 2

# കൊച്ചി രാജ്യത്തെ ലിഖിതങ്ങൾ

ശില, ലോഹം, ആരാധനാലയങ്ങളിലെ മരം കൊണ്ടുള്ള എടുപ്പുകൾ എന്നീ ദൃഢ പ്രതലങ്ങളിൽ തയ്യാറാക്കിയിട്ടുള്ള രേഖകളെയാണ് ഈ പ്രബന്ധത്തിനകത്ത് ലിഖിതം, ലിഖിതങ്ങൾ എന്ന് പരാമർശിച്ചിട്ടുള്ളത്. ചെമ്പോല ലിഖിതങ്ങൾ ചെപ്പേട്, താമ്രശാസനം എന്നിങ്ങനെയും ഇവ അറിയപ്പെടുന്നുണ്ട്. പൊതുവർഷം ഒമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിന്റെ ആദ്യം മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒന്നാം പാദം വരെയുള്ള ലിഖിതങ്ങളെയാണ് കൊച്ചി രാജ്യത്തെ ലിഖിതങ്ങൾ എന്ന് വിളിക്കുന്നത്. ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ലഭ്യമായ ചരിത്രാവശിഷ്ടങ്ങളുടെയും ലിഖിതങ്ങളുടെയും എണ്ണം കുറഞ്ഞ സംസ്ഥാനമാണ് കേരളം. അതിനകത്തെ ഒരു നാട്ടു രാജ്യത്തിൽ നിന്നും ലഭിച്ച ലിഖിതങ്ങളാണ് ഇവിടെ പഠനത്തിന് വിധേയമാക്കിയിട്ടുള്ളത്.

കൊച്ചിരാജ്യത്തെ മുഴുവൻ ലിഖിതങ്ങളും ഈ പഠനത്തിന്റെ ഭാഗമല്ല. വട്ടെഴുത്ത്, ഗ്രന്ഥം, കോലെഴുത്ത്, മലയാളം എന്നീ ലിപികളിൽ തയ്യാറാക്കിയിട്ടുള്ള ലിഖിതങ്ങളാണ് ഈ അധ്യായത്തിൽ പഠന വിധേയമാകുന്നത്. ജൂതന്മാരുടെ

ഹീബ്രു ലിഖിതങ്ങൾ, പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് എന്നീ വൈദേശികരുടെ വാഴ്ചക്കാലത്തെ പോർച്ചുഗീസ്, ലത്തീൻ, ഇംഗ്ലീഷ് ലിഖിതങ്ങൾ, സുറിയാനി ക്രിസ്ത്യാനികൾ എഴുതാനുപയോഗിച്ചിരുന്ന കർസോൻ ലിപി എന്നിവയിലുള്ള ലിഖിതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. തദ്ദേശീയ ലിപികളിലെ ലിഖിതങ്ങളാണ് പഠനത്തിന്റെ ആധാരം.

കേരളത്തിൽ പ്രചാരത്തിലിരുന്ന പ്രാചീനലിപി ബ്രാഹ്മിയാണ്. ഇന്ത്യൻ ലിപികളുടെയെല്ലാം മാതൃലിപിയാണ് ബ്രാഹ്മി. പൊതുവർഷം അഞ്ചാം നൂറ്റാണ്ടു മുതലെങ്കിലും ബ്രാഹ്മിലിപിയിൽ ആരംഭിച്ച ദ്രാവിഡീകരണം വട്ടെഴുത്തിന്റെ പിറവിക്ക് കാരണമായി. ള, ഴ, റ, എന്നീ ദ്രാവിഡ മധ്യമങ്ങളുടെയും വർത്സ്യ നകാരത്തിന്റെയും ധ്വനി മൂല്യത്തിനനുസരിച്ച് ബ്രാഹ്മിയിൽ തമിഴക ജനത ലിപി പരിഷ്കരണം നടത്തി. ഇത് അശോക ബ്രാഹ്മി അഥവാ വടക്കൻ ബ്രാഹ്മി, തെക്കൻ ബ്രാഹ്മി എന്നീ തരം തിരിവുകൾക്കാധാരമായി. ഇവയെ സംബന്ധിക്കുന്ന തർക്കം ലിപി പണ്ഡിതർക്കിടയിൽ ഇന്നും തുടരുന്നു.

പൊതുവർഷം 844 വരെ മഹോദയപുരത്തെ പെരുമാളായിരുന്ന രാജശേഖരന്റെ പന്ത്രണ്ടം ഭരണവർഷത്തിൽ തയ്യാറാക്കിയിട്ടുള്ള വാഴപ്പള്ളി ചെപ്പേടാണ് ഏറ്റവും പഴക്കമേറിയ കേരളീയ വട്ടെഴുത്തുലിഖിതം. വട്ടെഴുത്തു ലിഖിതം എന്നു വിളിക്കുമെങ്കിലും ഇവ മിശ്രലിപിയിലുള്ള ലിഖിതങ്ങളാണ്. ദ്രാവിഡേതരമായ വാക്കുകളെയും അക്ഷരങ്ങളെയും തത്സമമായി രേഖപ്പെടുത്താനാണ് ഗ്രന്ഥലിപി ഉപയോഗിക്കുന്നത്. വട്ടെഴുത്തു ലിഖിതങ്ങളുടെ ഈ സവിശേഷതയെ ഡോ. ഏ. സി. ശേഖർ നിരീക്ഷിച്ചിട്ടുണ്ട്[3].

വട്ടെഴുത്തു ലിപി പനയോലയിൽ എഴുതി പ്രചാരം വ്യാപകമായ കാലത്ത് പ്രതലത്തിനനുസരിച്ച പരിവർത്തനങ്ങൾ സംഭവിച്ച് കോലെഴുത്തായി. പതിനാറാം

---

[3] A. C. Sekhar, Evelution of Malayalam, Bulletin of the Deccan College Research Institute, Poona, 1951.
"The Vatteluttu, like the Tamil script, has no symbols for the voiced variety of the consonants. The scribe, therefore, makes use of Grantha symbols when he aims wxact representation of the non – Dravidian phonemes, as in svasti, sri, Sapir-Iso, pancamahasabdam, etc." P. 14.

നൂറ്റാണ്ടിന്റെ രണ്ടാം പാദം മുതലുള്ള കാലത്തെ ലിഖിതങ്ങൾ കൊച്ചി രാജ്യത്ത് കോലെഴുത്തിൽ ലഭ്യമാണ്. പതിനാറാംനൂറ്റാണ്ടു മുതൽക്കുള്ള മലയാളം ലിഖിതങ്ങളും കൊച്ചിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇവയിലെ ഊരകം വട്ടെഴുത്തു ലിഖിതം, പറപ്പൂർ പെരുംചാല വട്ടെഴുത്തുലിഖിതങ്ങൾ, ചൊവ്വല്ലൂർ രണ്ടാം വട്ടെഴുത്തുലിഖിതം, താഴേക്കാട് ക്ഷേത്രത്തിലെ വട്ടെഴുത്തുലിഖിതം, പെരുമനം ക്ഷേത്രത്തിലെ വട്ടെഴുത്തുലിഖിതങ്ങൾ, തൃശ്ശൂർ ബ്രഹ്മസ്വംമഠം കോലെഴുത്തു ചെമ്പോല എന്നിവ ആദ്യമായി പഠനത്തിനു വിധേയമാകുന്നവയാണ്. ബാക്കിയുള്ളവ പ്രസിദ്ധീകരിക്കപ്പെട്ടവയും പഠനങ്ങൾ നടത്തപ്പെട്ടവയുമാണ്. ലിഖിതങ്ങൾ നേരിട്ട് പരിശോധിച്ച് അവയിലെ പിശകുകൾ തിരുത്തിയാണ് ലിപ്യന്തരണപാഠങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അക്ഷരതലത്തിലുള്ള തിരുത്തലുകളാണ് നടത്തിയിട്ടുള്ളത്.

ശേഖരിച്ച ലിഖിതങ്ങളെ ഗ്രൂപ്പായാണ് ഈ അധ്യായത്തിൽ ചേർത്തിട്ടുള്ളത്. ഒരേസ്ഥലത്തു നിന്നും കിട്ടിയ ലിഖിതങ്ങൾ ചിതറിപ്പോകാതെ ഒരുമിച്ചവതരിപ്പിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ലിഖിതം സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് കൂട്ടമായ അവതരണത്തിന്റെ അടിസ്ഥാനം. ആരാധനാലയങ്ങളിലാണ് ലിഖിതങ്ങൾ അധികവും ഉള്ളത്. അവയുടെ നിർമ്മിതി ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഒരേ സ്ഥലത്തുനിന്നുതന്നെ രണ്ടു തരം ലിപികളിലും വിവിധകാലങ്ങളിലും ഉള്ള ലിഖിതങ്ങൾ ലഭ്യമായിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വട്ടെഴുത്ത്, കോലെഴുത്ത്, മലയാളം എന്ന മുൻഗണനാ രീതിയിലും ഒരേ ലിപിയിലുള്ള ലിഖിതങ്ങളിൽ ഏറ്റവും പഴക്കമേറിയത് ആദ്യം എന്ന ശ്രേണിയിലുമാണ് വിന്യസിച്ചിട്ടുള്ളത്. ഗ്രന്ഥലിപിയിലുള്ള അക്ഷരങ്ങളെ വേറിട്ടുകാണിക്കാൻ അവയെ കട്ടി കൂട്ടിയും (Bold), വർത്സ്യ നകാരത്തെ ദന്ത്യ നകാരത്തിൽ നിന്നും ഭിന്നമായി കാണിക്കാൻ ചെരിച്ചും (Italics) രേഖപ്പെടുത്തിയിരിക്കുന്നു. വർത്സ്യ ദന്ത്യാനുനാസികങ്ങൾക്ക് വട്ടെഴുത്തിലും കോലെഴുത്തിലും ഭിന്ന അക്ഷര ചിഹ്നങ്ങളുണ്ട്. അവ കൃത്യമായി വേർതിരിച്ച്

നിർത്തിയില്ലെങ്കിൽ ലിപ്യന്തരണ പാഠത്തിലും വ്യാഖ്യാനത്തിലും പിഴവ് സംഭവിക്കും എന്നതിനാലാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്.

## 2.1. ഇരിങ്ങാലക്കുട കൂടൽമാണിക്യം ലിഖിതങ്ങൾ

തൃശ്ശൂർ ജില്ലയിലെ പ്രസിദ്ധമായ ആരാധനാലയമാണ് ഇരിങ്ങാലക്കുട കൂടൽ മാണിക്യക്ഷേത്രം. കേരളോൽപ്പത്തിയിൽ പരാമർശിക്കുന്ന 32 കേരളീയ ഗ്രാമങ്ങളിൽ ഒന്നാണ് ഇരിങ്ങാലക്കുട. ഇവിടെ വട്ടെഴുത്തുലിപിയിലുള്ള രണ്ടു ലിഖിതങ്ങളുണ്ട്. ഇവ മഹോദയപുര പെരുമാക്കന്മാരുടെ ഭരണകാലത്തേതാണ്. പൊതുവർഷം 855-ൽ മഹോദയപുര പെരുമാളായിരുന്ന സ്ഥാണു രവിയുടെ പതി നൊന്നാം ഭരണവർഷത്തിലേതാണ് ഒന്നാം ലിഖിതം. പൊതുവർഷം പത്താം നൂറ്റാ ണ്ടിൽ തയ്യാറാക്കപ്പെട്ടതാണ് രണ്ടാം ലിഖിതം. ഇത് പാർക്കര നമ്പിരാനരുടെ കാല ത്തേതാണ്.

### 2.1.1 ഇരിങ്ങാലക്കുട കൂടൽമാണിക്യം സ്ഥാണു രവി വട്ടെഴുത്തു ശിലാലിഖിതം

കൂടൽമാണിക്യക്ഷേത്രത്തിലെ നാലമ്പലത്തിന്റെ പടിഞ്ഞാറു ഭാഗത്തെ ചുവ രിൽ പതിപ്പിച്ച രീതിയിലാണീ ലിഖിതം ഇപ്പോഴുള്ളത്. ചുവരിൽ പതിപ്പിക്കുന്നതിനു മുമ്പ് വെറും നിലത്ത് അശ്രദ്ധമായി കിടന്നതിനാൽ ചില അക്ഷരങ്ങൾ നഷ്ടമായി. ലിഖിതത്തിലെ ആദ്യത്തെ മൂന്ന് വരികളുടെ ആധുനികപാഠം പൂർണ്ണമായും മറ്റു ചില വരികളിലെ അക്ഷരങ്ങളും ചേർത്ത് ബുള്ളറ്റിൻ ഓഫ് രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 8 - ാം വോള്യം പാർട്ട് 2 ൽ കൊച്ചിൻ എപ്പിഗ്രഫിക്കൽ സപ്ലിമെന്റിൽ ആർ. കെ. പിഷാരടിയാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്[4]. മുൻപഠനത്തിലെ പിശകുകൾ പൂർണ്ണമായും തിരുത്തിയില്ലെങ്കിലും ലഭ്യമായ വസ്തുതകളെ ആധാരമാക്കിയുള്ള ആമുഖപഠനത്തോടുകൂടി ഇതേ

[4] K. R. Pisharoti (Ed.), Irinnalakkuta Temple Inscription belonging to the 16th year of Ko Stanu Iravi, Bulletin of the Rama Varma Research Institute, Trichur, Vol – 8, Part – 2, 1940, P. 127.

പ്രസിദ്ധീകരണത്തിന്റെ 9 - ാം വോള്യം പാർട്ട് 1 ൽ[5] വി. കെ. ഡി. നമ്പ്യാർ, വി. കെ. ആർ മേനോൻ എന്നിവർ ചേർന്ന് ലിഖിതത്തിന്റെ ആധുനിക പാഠം മലയാള ലിപിയിൽ പ്രസിദ്ധീകരിച്ചു.

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. **സ്വസ്തി ശ്രീ** കൊതതാണു ഇരവികകുചചെലലാനിനറയാണടു പ

2. തിനൊനറാവതു ഇവവാണടു ഇരുങകാടികകൂട

3. ല പരടൈയാരുമ ഇളൈയാരുമ തിരുകകൈകകീഴ കൂടി അ

[5]V. K. D. Nambiar, V.K.R. Menon, Two Vatteluttu Inscriptions from the Irinnalakkuta temple, Bulletin of the Rama Varma Research Institute, Trichur, Vol – 9, Part – 1, Reprint – 1973, P. 43.

4. വിരൊതതതാല ചൈത ചപതതൈയാവതു ഇരിടാററിനുകകു

5. മെകകു കുടടങകൊള ചിറൈകകു വടകകു പരടാററിനനു കി

6. ഴകകു . . . . . യാററിനുകകു തെറകു ഇരുങകാടികകൂടല

7. കാറൈ . . . . . നുരുടികകാവടെയുള്ളി ഇടയുള്ളിടതതു ഇ

8. ഒററി വെകകവുമ കൊളളവുമ ഇവകളുകകു അടൈയഴവുമ വാ

9. . . . . ങകെളകവുമ ഇവകളായുമ ഇവകളകകു അടൈയഴവുമ ഇവ

10. കൾ . . . . . തമുമ പെറാറ ഇവവൂരാളി ചചപ

11. തതൈ പിഴകകു . . . . . . . തായാരൈകകൊനറ പാതകളാവതു

12. അപപാതകരൊടു . . . . വവൊരികകുമ . . ഇവവിനൈയരൈയാവതു

**ആധുനികപാഠം**

സ്വസ്തി ശ്രീ കോത്താണു ഇരവിക്കുച്ചെല്ലാനിന്റയാണ്ടു പതിനൊന്റാവതു. ഇവ്വാണ്ടു ഇരുങ്കാടിക്കൂടൽ പരടൈയാരും ഇളൈയാരും തിരുക്കൈക്കീഴ് കൂടി അവി രോതത്താൽ ചൈത ചപത്തൈയാവതു. ഇരിടാറ്റിനുക്കു മേക്കു, കുട്ടങ്കൊള ചിറൈക്കു വടക്കു, പരടാറ്റിനു കിഴക്കു, . . . .യാറ്റിനുക്കു തെർക്കു, ഇരുങ്കാടിക്കൂടൽ കാറൈ . . . . നുരുടിക്കാവടെയുള്ളി ഇടയുള്ളിടത്തു ഇ ഒറ്റി വെക്കവും കൊള്ളവും ഇവകളുക്കു അടൈയഴവും വാ . . . . ങ്കെളകവും ഇവകളായും ഇവകൾക്കു അടൈ യഴവും ..(അർ)ത്തമും പെറാർ. ഇവ്വൂരാളിച്ചപത്തൈ പിഴക്കു..(മവർ) തായാരൈ ക്കൊന്റ പാതകളാവതു. അപ്പാതകരോടു . . . . വ്വൊരിക്കും . . . . ഇവ്വിനൈയരൈയാ വതു.

### 2.1.2 ഇരിങ്ങാലക്കുട കൂടൽമാണിക്യം പാർക്കരൻ നമ്പിരാനർ വട്ടെഴുത്തു ശിലാലിഖിതം

കൂടൽമാണിക്യം ക്ഷേത്രത്തിലെ പടിഞ്ഞാറു ഭാഗത്തെ ചുവരിൽ പതിപ്പിച്ച രീതിയിലാണീ ലിഖിതം ഇപ്പോഴുള്ളത്. ഒന്നാം ലിഖിതത്തിന്റെ തെക്കുഭാഗത്താണ് രണ്ടാം ലിഖിതം പതിപ്പിട്ടുള്ളത്. ഈ ലിഖിതം ആമുഖ പഠനത്തോടുകൂടി ആദ്യമായി പഠന വിധേയമാക്കിയത് വി. കെ. ഡി. നമ്പ്യാർ, വി. കെ. ആർ മേനോൻ എന്നിവർ ചേർന്നാണ്[6]. ലിഖിതത്തിന്റെ ആധുനിക പാഠം മലയാള ലിപിയിൽ നൽകിയിരിക്കുന്നു.

**കൺപകർപ്പ്**

[6]V. K. D. Nambiar, V.K.R. Menon, Two Vatteluttu Inscriptions from the Irinnalakkuta temple, Bulletin of the Rama Varma Research Institute, Trichur, Vol – 9, Part – 1, Reprint – 1973, P. 43.



## ലിപ്യന്തരണപാഠം

### വരി

1. **സ്വസ്തി ശ്രീ** തിരുവിരുങകാടികകൂടല തിരുവടിയുടെ പറൈയൂറ
2. കകാടാകിനറതു പാറകകര നമപിരാനാറ തിരുവടികകു ചൊകിരതതു പൊ
3. തുവാളടടികകൊടുതത പൂമി പടിഞ്ഞായിററിപപൊടട എനറു
4. പെറ വിടടു പൊടടൈകകചചമിതിനനു കചചമെനറു പണണി

5. കൊടുതതാറ തിരുവിരുങകാടികകൂടല മുകകാലവടടതതിരുന

6. നു പാറകകരപുരമായി പപടിഞ്ഞായററു പൊടടയ ചെലലുഞ്ചെലവു

7. നാനാഴി അരി തിരുവമിറതു ഒരു നനതാവിളകകുമ ഉചചൈതതിരു

8. വമിറതു കലകകടകതതില വിയാഴ നിലകക ചെയത അടടില

9. പപെറു കരണമാവതു പാകകരപുരമ പടിഞ്ഞായിററു പൊട

10. ടൈ ആററൊടു തൊടടൊടു കരൈയുമ വയലലുമ മടനനൈയുമ അ

11. കപപട അടടിപപെററു കാരാണമയ കൊടുതതരുളിനാറ പാറകകര

12. നമപിരാനാറ തിരുവടി അടടിചചുകകൊണടാറ അയിരകകരൈ ക

13. കൊതൈ കുമരനനു ഊരതു കുമരന കൊതൈയാ . . . ളിയതതു നാകങ്ക ണണ

14. ഊരതതു കണടന കുമരന ഇനനാലവറ മണികകിരാമതതാരുമ ത

15. ങ്ങള കാരാണമൈയാല അറുവിളകകു നാനറു ചെലുതതകകടവിയറ

16. ഇനനാലവരുള്ളിടടു എനമറകകു ഉലകുമ തുലാകകൂലി

17. യുമിലലൈ കൊവിലമനിചചറകകു മണികകിരാമതതാറ നാലവ

18. റകകു തൊനറിയ പിഴയുനതണടമുങ്കൊള്ളകകടവിയറ

19. ഇചചെരികകല വള്ളുവനാടടു അറുനൂററുവറകകുങ്കാവല

**ആധുനികപാഠം**

സ്വസ്തിശ്രീ തിരുവിരുങ്കാടിക്കൂടൽ തിരുവടിയുടെ പറൈയൂർക്കാടാകിന്റതു പാർക്കര നമ്പിരാനർ തിരുവടിക്കു ചോകിരത്തു പൊതുവാളട്ടിക്കൊടുത്ത പൂമി പടിഞ്ഞായിറ്റപ്പോട്ടൈ എന്റു പേർ വിട്ടു പോട്ടൈക്കച്ചമിതിന്നു കച്ചമെന്റുപണ്ണിക്കൊടുത്താർ തിരുവിരുങ്കാടിക്കൂടൽ മുക്കാൽവട്ടത്തിരുന്നു

പാർക്കരപുരമായിപ്പടിഞ്ഞായറ്റുപ്പോട്ടൈച്ചെല്ലുഞ്ചെലവു നാനാഴി അരി തിരുവമിർതു ഒരു നന്താവിളക്കും ഉച്ചൈത്തിരുവമിർതു ഒരു നന്താവിളക്കും ഉച്ചൈത്തിരുവമിർതു കൽക്കടകത്തിൽ വിയാഴ നില്ക്ക ചെയ്ത അട്ടിൽപ്പേറു കരണമാവതു. പാക്കരപുരം പടിഞ്ഞായിറ്റുപോട്ടൈ ആറ്റോടു തോട്ടോടു കരൈയും വയല്ലും മടന്നൈയും അകപ്പട അട്ടിപ്പേറ്റു കാരാണ്മയ് കൊടുത്തരുളിനാർ പാർക്കര നമ്പിരാനാർ തിരുവടി അട്ടിച്ചു കൊണ്ടാർ അയിരക്കരൈക്കോതൈ കുമരന്നു ഊരതു കോതൈ കുമരൻ കോതൈയാ . . . . ളിയത്തു നാകങ്കണ്ണ ഊരത്തു കണ്ടൻ കുമരൻ ഇന്നാൽവർ മണിക്കിരാമത്താരും തങ്ങൾ കാരാണ്മൈയാൽ അറു വിളക്കു നാന്റു ചെലുത്തക്കടവിയർ ഇന്നാൽവരുമുള്ളിട്ടു എന്മർക്കു ഉൽകും തുലാക്കൂലിയുമില്ലൈ. കോവിൽ മനിച്ചർക്കു മണിക്കിരാമത്താർ നാൽവർക്കു തോന്റിയ പിഴൈയുന്തണ്ടമുങ്കൊള്ളക്കടവിയർ ഇച്ചേരിക്കൽ വള്ളുവനാട്ടു അറുനൂറ്റുവർക്കുങ്കാവൽ.

## 2.2 അയിരാണിക്കളം ലിഖിതങ്ങൾ

തൃശ്ശൂർ ജില്ലയുടെ തെക്കേ അതിർത്തിയിലായി സ്ഥിതി ചെയ്യുന്ന പ്രദേശമാണ് അയിരാണിക്കളം. ഐരാണിക്കുളം, അയിരാണിക്കുളം എന്നും വിളിക്കപ്പെടുന്നു. കേരളോൽപ്പത്തിയിൽ പരാമർശിക്കപ്പെട്ട 32 ഗ്രാമങ്ങളിൽ ഒന്നാണിത്. അയിരാണിക്കളം മഹാദേവ ക്ഷേത്രത്തിൽ നാലു വട്ടെഴുത്തു ശിലാലിഖിതങ്ങളും ഒരു മലയാളം ദാരുലിഖിതവും ഉണ്ട്. കോത ഇരവി കുലശേഖരന്റെ കാലത്തേതാണ് ഉള്ളവയിൽ പ്രാചീനം. മറ്റു രണ്ടു വട്ടെഴുത്തു ലിഖിതങ്ങൾ ക്ഷേത്രസമിതി ഏർപ്പെടുത്തിയ വ്യവസ്ഥകളുടെ രേഖപ്പെടുത്തലുകളാണ്. ഒരു വട്ടെഴുത്തു ലിഖിതം വായിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ശിവലിംഗ പ്രതിഷ്ഠയുള്ള വട്ടശ്രീകോവിലിനു മുമ്പിലെ നമസ്ക്കാര മണ്ഡപത്തിൽ പതിപ്പിച്ച നിലയിലാണ്. ക്ഷേത്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ടതാണ് മലയാള ലിഖിതം.

### 2.2.1 അയിരാണിക്കളം കോത ഇരവി വട്ടെഴുത്തു ശിലാരേഖ

കോതരവിയുടേതായി ലഭിച്ചിട്ടുള്ളവയിൽ കൊച്ചി രാജ്യത്തെ ഏറ്റവും പഴക്കമേറിയ ലിഖിതമാണിത്. പ്രൊഫസർ എം. ആർ. രാഘവവാരിയരുടെ സഹായത്തോടെ ഈ ലിഖിതം വായിച്ച് പ്രസിദ്ധീകരിച്ചത് ഡോ. നടുവട്ടം ഗോപാലകൃഷ്ണനാണ്[7]. അദ്ദേഹം ലിഖിതത്തിന്റെ ആധുനികപാഠം നൽകിയിട്ടുണ്ട്. ലിഖിതം സമഗ്രപഠനത്തിന് വിധേയമായിട്ടില്ല. ഈ ലിഖിതം അശ്രദ്ധയാൽ കാണാതായി എന്നും അദ്ദേഹം പഠനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലിഖിതം ക്ഷേത്രത്തിലെ വട്ടശ്രീകോവിനുമുമ്പിലെ നമസ്ക്കാര മണ്ഡപത്തിന്റെ കിഴക്കേ അറ്റത്ത് മധ്യഭാഗത്തായി തറയിൽ പതിപ്പിച്ച നിലയിലാണ് ഇപ്പോൾ ഉള്ളത്.

**കൺപകർപ്പ്**

[7]ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, കേരളചരിത്രധാരകൾ, ഗോദരവിയുടെ ഐരാണിക്കുളം ശാസനം, മാളുബൻ പ്രസിദ്ധീകരണം, തിരുവനന്തപുരം, ര ാം പതിപ്പ്, 2010, പു. 63.







**ലിപ്യന്തരണ പാഠം**

**വരി**

1. **സ്വസ്തിശ്രീ** കൊ കൊതൈ ഇരവികകുചചെലലാനിററയാണടു പതിനമൂററു അവവാണടു **ശ്രീ പരമെശ്വര സ്വസ്തീശ്വര** നാടൂരാരുനതളി

2. അതികാരരളപപാനുഞചെനാപതിയുമ കൂടകകൈയുമ ഇരപപവരൈയുമ ഇരുപതതൊരുവര കഴിയുമ ആ തെവെന ആമ കൊവിലുമ ഉലകു

3. ഓണനെയയുമുരമമപൊനനുമ അതികാരപപെടട പുലയരളുമ മററുമ ഇവവിരണടൂരകകു അടുതത കാടുങകരൈയുമ കുഴിയുമമതിലുങ

4. കീഴവായനുമ മെലവായനുമ മററുമ ഇവു ഇരണടൂരകകുമ അടുതതതെവകൈപപടടതുമ മമുള്ളു മുയറു മൂകകനപാമപു

5. മ കലലു കരിടുമ കാഞ്ഞിരകകുററിയുമ ഇതതനൈയുമ ഉള്ളൊടുങക പപടടാരരുമ അതികാരികളുമിവൈയ അമചചുള്ളുറുതത

6. അതികാരര ഇവവിരണടൂരിളുമ ഒള്ള പതിയൈയുമ കുടിയൈയുമ ഉളവൈചചു മാവറകകുടുതതു മുതലറ അടടുവിചചു കൊണടാര അ

7. മചചുള്ളുറുതത അതികാരരുമ ഇപപരിയെ കൊവിലകൊള്ള ഇടൈയീടുങകൂട ഇളയ ഇരവി ഇരവിയിതടടിചചു അടടി

8. കകുടുതതാര ഇരവിപിരാടടിയുമ താന കൊണട പരിയെ പടാരരൈയുനതളി അതികാരരൈയുമ അമചചുള്ളുറുതത അതികാരരൈയുമ

9. ഇവവിരണടൂരുമതികാരരൈയുമ കുടികളൈയുമ ഉളവചചു അയിരാണികകളതതുരാരകകുമ പരടൈയാരകകുമ

10. കീഴീടടടിയാള ഇതിനുകകു **രക്ഷാഭൊഗ**മായി ഇവള കുടുകകകകടവിയിതാവതു അയിരാണികക

11. ളതതു പെരുനതിരുകകൊവില പടാരരകകു നിവെദ്യതതി*ന്*ുകകു നിയതമ മുനനാഴി നാഴിയാല നാഴി ച

12. ചെയതരിചികകു ഇടങകഴിയാല പനതിരു കലനനെലലുമ ഒരു നനതാവിളകകി*ന്*ുകകിടങകഴിയാ

13. റ പനതിരു കലനനെലലുമ തിരുവമിരതി*ന്*ുകകു നിയതമ ആഴകകു നെയയാക ഒരാണടയകു വെണടുമ പൊ*ന്* പതി*ന്*ഞ്ചു കാ

14. ണതതി*ന്*ുകകുനനെലലു മുനനൂററു നാഴിയുമ ചാനതി അടികളകകു കണടു കുടുകക വെണടുമ പൊ*ന്* പതതു കാണതതി*ന്*ുകകു നെലലിരുനനൂറ

15. റു നാഴിയുനനിചചല നടൈകകു നിയതമ ചെലുതതകകടവ നെലലി*ന്*ുകകാവിതു ആടടിടങകഴിയാല നൂററു നാഴിയുമെററി

16. യിടങകഴിയാല മുപപതി*ന്* കലനനെലലുമ ചാനതി അടികള കയയില അവവൂര കളതതില അളനതു കുടുകകകകടവര ഇരവി പി

17. രാടടി ഇനനെല ചാനതി അടികള*ന്*റികകൊളളപപെറാര ചാനതി അടികള തങകുറൈവി*ന്*ാല ചെ*ന്*റു വെണടി

18. കകൊളളാതതു നി*ന്*റിടുകില ആണടൈനതു എറുകില നൂറു നാഴിയാല മു*ന്*റികകൊടുകകടവിയര ഇരവിരാടടി ഊരാരുമിതുവു

19. മിവൈകള കൈ കണടാര ഊരാളര അടടുവിതു പുമി തെടവുങകുടിയില എറവുങകുടിയിരുകകവുമ പുറൈകള കുടികളൈയ ആളുകൊള

20. ളവുമ ആടൈ ഉഴവു ഉടടുമിതത*ന്*യുമ പെറാ*ന്* ഊരാളര ഇവവൂരകകൊരു വിത*ന്*മ വനതിടുകില അതി*ന്*ുകകുതതാങകള ചെയയുവവിയവകളാ*ന്*

21. ളതിന്നു വെണ്ടുമെന്ററു ചെലലപപെറാര ഇവി വെണവവരന്തു പൂമി കുടിയില മൂതതവളെയ വാഴകകടടിയൊരൈ ഇപപൂമിയില ചെല

22. കയുമ ഒററി വയകയുമിന്നറുപപെറാര ഊരാളര ഇചചൊന്ന ഇടയീടു ഇതതന്നയുമലലാതിതു ഇവവുരാള മററൈമപന്നാമെപപടടിതു

23. ഒരു ഇടയീടു ചെയയവുമിവവൂരകകൊരു തിമമൈ ചെയയവുമ തിമമൈപപറയവുമ പെറാര ഊരാളര ഇതു ചെയയുമൂരാളന്ന മൂഴികകള ച

24. പതതൈയുമ പിഴൈചചൂരകകുമിടൈയീടു കെടുവിതു ഇവവൂരകകുടികളററു കരൈപൂമിയിവവൂരകണയാതവരൈളാലന്നറി പുറമൊരുവര

25. കുവിലകവുമ ഒററി വയകവുമ പെറാര അതു ചെയയെ കൊവില പൂമി കൊവിലെറുമതു ഇപപരിയെ ഇരവി പിരാടടിയൈയുമ ഇരവി

26. പിരാടടി സനതതിയൈയുമ എന്നറുമ ഊരാരറിയുമ പികഴിവവള്ളമുമ കൂട

**ആധുനികപാഠം**

സ്വസ്തിശ്രീ കോക്കോത ഇരവിക്കുച്ചെല്ലാനിന്റയാണ്ടു പതിമ്മൂന്റു അവ്വാണ്ടു ശ്രീ പരമേശ്വര സ്വസ്തീശ്വര നാടൂരാരുന്തളി അതികാരരവ്വാളുഞ്ചേനാപതിയും കൂടക്കൈയും ഇരുപത്തൊരുവർ കഴിയും ആ തേവൻ ആം കോവിലും ഉല്കു ഓണനെയ്യുരമമും പൊന്നും അതികാരപ്പെട്ട പുലയരളും മറ്റും ഇവ്വിരണ്ടൂർക്കു അടുത്ത കാടുങ്കരൈയും കുഴിയും മതിലുങ്കീഴ്വായന്നും മേൽവായനും മറ്റും ഇവു ഇരണ്ടൂർക്കും അടുത്തതൈവകൈപ്പട്ടതും മുള്ളുമുയറും മൂക്കൻപാമ്പും കല്ലും കരിടും കാഞ്ഞിരക്കുറ്റിയും ഇത്തന്നൈയും ഉള്ളൊടുങ്കപ്പട്ടാരരും അതികാരികളുമിവൈയ് അമച്ചുള്ളുറുത്ത അതികാരർ ഇവ്വിരണ്ടൂരിളും ഒള്ള പതിയൈയും കുടിയൈയും ഉൾവൈച്ചു മാവറക്കുടുത്തു മുതലറ അട്ടുവിച്ചു കൊണ്ടാർ അമച്ചുള്ളുറുത്ത അതികാരരും ഇപ്പരിയേ കോവിൽകൊള്ള ഇടൈയീടുങ്കൂട ഇളയ ഇരവി ഇരവിയിതട്ടിച്ചു അട്ടിക്കുടുത്താർ ഇരവി പിരാട്ടിയും

താൻ കൊണ്ട പരിയേ പടാരരൈയുന്തളി അതികാരരൈയും അമച്ചുള്ളുറുത്ത അതികാരരൈയും ഇവ്വിരണ്ടൂരുമതികാരരൈയും കുടികളൈയും ഉൾവച്ചു അയിരാണിക്കളത്തുരാർക്കും പരടൈയാർക്കും കീഴീടട്ടിയാൾ. ഇതിനുക്കു രക്ഷാഭോഗമായി ഇവൾ കുടുക്കക്കടവിയതാവിതു. അയിരാണിക്കളത്തു പെരുന്തിരുക്കോവിൽ പടാരർക്കു നിവേദ്യത്തിനുക്കു നിയതം മുന്നാഴി നാഴിയാൽ നാഴിച്ചെയ്തരിചിക്കു ഇടങ്കഴിയാൽ പന്തിരുകലന്നെല്ലും ഒരു നന്താവിളക്കിനുക്കിടങ്കഴിയാർ തിരുവമിർതിനുക്കു നിയതം ആഴക്കു നെയ്യാക ഒരാണ്ടയ്കു വേണ്ടും പൊൻ പതിനഞ്ചു കാണത്തിനുക്കുന്നെല്ലു മുന്നൂറ്റു നാഴിയും ചാന്തി അടികൾക്കു കണ്ടു കുടുക്കവേണ്ടും പൊൻ പത്തു കാണത്തിനുക്കു നെല്ലിരുന്നൂറ്റു നാഴിയുന്നിച്ചൽ നടൈക്കു നിയതം ചെലുത്തക്കടവ നെല്ലിനുക്കാവിതു. ആട്ടിടങ്കഴിയാൽ നൂറ്റു നാഴിയുമേറ്റിയിടങ്കഴിയാൽ മുപ്പതിൻ കലന്നെല്ലും ചാന്തി അടികൾ കയ്യിൽ അവ്വൂര് കളത്തിൽ അളന്തു കുടുക്കക്കടവർ ഇരവി പിരാട്ടി. ഇന്നെൽ ചാന്തി അടികളന്റിക്കൊള്ളപ്പെറാർ. ചാന്തി അടികൾ തങ്കുറൈവ്വിനാൽ ചെന്റു വേണ്ടിക്കൊള്ളാത്തു നിന്റിടുകിൽ ആണ്ടൈന്തു ഏറുകിൽ നൂറു നാഴിയാൽ മുന്റിക്കൊടുക്കടവിയർ. ഇരവി(പി)രാട്ടി ഊരാരുമിതുവുമിവൈകൾ കൈകണ്ടാർ ഊരാളർ അട്ടുവിതു പൂമിതേടവുങ്കുടിയിൽ ഏറവുങ്കുടിയിരുക്കവും പുറൈകൾ കുടികളൈയ് ആളുകൊള്ളവും ആടൈ ഉഴവു ഉട്ടുമിത്തനയും പെറാൻ. ഊരാളർ ഇവ്വൂർക്കൊരു വിതനം വന്തിടുകിൽ അതിനുക്കുത്താങ്കൾ ചെയ്യുവ്വിയവകളാനളതിനു വേണ്ടുമെന്റു ചെല്ലപ്പെറാർ. ഇവി വേണ്ടവ്വരൻതു പൂമി കുടിയിൽ മൂത്തവളേയ് വാഴക്കട്ടിയോരൈ. ഇപ്പൂയിൽ ചെൽകയും ഒറ്റിവയ്കയുമിന്റുപ്പെറാർ ഊരാളർ. ഇച്ചൊന്ന ഇടയീടു ഇത്തനയുമല്ലാതിതു. ഇവ്വൂരാൾ മറ്റെമ്പനാ വെപ്പട്ടിതു ഒരു ഇടയീടു ചെയ്യവുമിവ്വൂർക്കൊരു തിമ്മൈ ചെയ്യവും തിമ്മൈപ്പറയവും പെറാർ ഊരാളർ. ഇതു ചെയ്യുമൂരാളൻ മൂഴിക്കളച്ചപത്തൈയും പിഴൈച്ചൂർക്കുമിടൈയീടു കെടുവിതു. ഇവ്വൂർക്കുടികളറ്റു കരൈ പൂമിയിവ്വൂർകണയാതവരൈളൊലന്റി പുറമൊരുവർകു വിൽകവും ഒറ്റി വയ്കവും പെറാർ. അതു ചെയ്യേ കോവിൽ പൂമി കോവിലേറുമതു. ഇപ്പരിയൈ

ഇരവി പിരാട്ടിയെയും ഇരവി പിരാട്ടി സന്തതിയെയും എന്റും ഊരാരറിയും പികഴിവള്ളമും കൂട.

### 2.2.2 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 2

ഇതൊരു കച്ചമാണ്. ക്ഷേത്രാധികാരികളാണ് ഏർപ്പാടാക്കിയിട്ടുള്ളത്. ക്ഷേത്രത്തിലെ ഉപദേവതാ ക്ഷേത്രമായ അയ്യപ്പ പ്രതിഷ്ഠയ്ക്ക് മുമ്പിലുള്ള വരാന്തയിൽ കിടത്തിയിട്ടിരിക്കുന്ന നിലയിലാണ് ലിഖിതമിപ്പോളുള്ളത്. ഈ ലിഖിതം ആമുഖ പഠനത്തോടുകൂടി ആദ്യമായി പഠന വിധേയമാക്കിയത് വി. കെ. ഡി. നമ്പ്യാർ, വി. കെ. ആർ മേനോൻ എന്നിവർ ചേർന്നാണ്[8]. ലിഖിതത്തിന്റെ ആധുനിക പാഠം മലയാള ലിപിയിൽ നൽകിയിരിക്കുന്നു.

**കൺപകർപ്പ്**



[8]V. K. D. Nambiar, V.K.R. Menon, Two Vatteluttu Inscriptions in Iranikkalam temple, Bulletin of the Rama Varma Research Institute, Trichur, Vol – 9, Part – 2, Reprint – 1972, P. 134.

**ലിപ്യന്തരണ പാഠം**

**വരി**

1. **സ്വസ്തി ശ്രീ** മററതതിനുകകുമ ചെറിയ മലൈകകുമിറൈയാ കചചമ

2. അയിരാണികകളതതു പരടൈയാരുമ ഊരാരുമവിരൊത

3. തതാറ കൂടി തിരുവാരാതിനൈകകിടട ചെരികകലാവതു

4. തെനനരൈയൂര പള്ളിപപുറമുമ അമണിലമുമ ഇറൈയനി

5. ലമുമ ഊരിടൈ മണണുമ ചമമനപപള്ളിയുമ മുടടമുമ

6. പെരുമപാററകരൈപപൊകമുമ കൂടായിനമമെരു നിലമുമ ചി

7. മപാലയൂരുമമെണകാലൂരുമ ഇചചെരിരകാലചെനറു അതരമ ചെ

8. യയുമവകള തനനൈ ഉപനിചചൊതിചച ഉപാതതിയായനൈയുമ തനത

9. യൈയുമ കൊനറു തായൈകകളതതിരമ വൈചചൊരാ

10. വിതു താനമുമ പരടൈയുമ പെറാര ഊരകകുമ അ

11. റമ **സ്വാമി**കകൈമപതു പൊനനുമ പടുവിതു ഇ

12. വകളകകു അനുപനതഞചെയയുമവകളുമ പാപി

13. വരയ ഇപപരിചു **വ്യവസ്ഥൈ** ചെയയിചചെന നെ

14. നമലി മങകലതതു ചുവാകര നാരായണമല **സ്വസ്തി**

**ആധുനികപാഠം**

സ്വസ്തിശ്രീ മറ്റത്തിനുക്കും ചെറിയമലക്കുമിറൈയാ കച്ചം. അയിരാണിക്കളത്തു പരടൈയാരും ഊരാരുമവിരോതത്താർ കൂടി തിരുവാരാതിനൈക്കിട്ട ചേരിക്കലാവതു. തെന്നരൈയൂർ പള്ളിപ്പുറമും അമണിലമും ഇറൈനിലമും ഊരിടൈ മണ്ണും ചമ്മനപള്ളിയും മുട്ടമും പെരുമ്പാറ്റ കരൈപ്പോകമും കൂടായിനമ്മേരു നിലമും ചിമ്പാലയൂരുമ്മെൺകാലൂരും ഇച്ചേരിർകാൽ ചെന്റു അതരം ചെയ്യുമവകൾ തന്നെ ഉപനിച്ചോതിച്ച ഉപാത്തിയായനൈയും തന്തൈയെയും കൊന്റു തായൈക്കളത്തിരം വൈച്ചോരാവിതു. താനമും പരടൈയും പെറാർ, ഊർക്കും അറം, സ്വാമിക്കൈമ്പതു പൊന്നും പടുവിതു. ഇവകൾക്കു അനുപന്തഞ്ചെയ്യുമവകളും പാപിവരയ്. ഇപ്പരിചു വ്യവസ്ഥൈ ചെയ്യിച്ചേൻ നെന്മലി മങ്കലത്തു ചുവാകര നാരായണമല സ്വസ്തി.

**2.2.3 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 3**

3. തമപിമാരുമ അമമാറകകമെ ഇചചൊ*നന* പറമപ അനനു പെറുമ അറതതവുമ കൊടുതത പിറമുതലൊതകമായി എഴുതിചചു

4. കൊണട*ന* പലൈയൂറ പള്ളി വെകാരിയുമ പൊറവതതികകാരുമ ഇമമറകകമെ അറിയുമ പല തകകി തലപപെള്ളി

5. പരുവെറ കാവെകകുറുപപുമ ചവുലകകടടില പടടരുമ മമമപില മൂതതവവെരുമ കൂതതാമപെ

6. ള്ളി കമമളുമ അറികെ കൊങങാടടില കെരളെ*ന* കണടര കയയെഴുതത

**ആധുനികപാഠം**

കൊല്ലം 918 – ാമത് മീന ഞായറ്റിൽ എഴുതിയ അട്ടിപ്പേറ്റോലക്കരുണമാവത്. പാലയൂർ തേചത്ത് അച്ചാഴിത്ത് കൂമ്മ*നി*യപ്പറമ്പി*ന്ന്* തെക്കേപ്പുറം ഇമ്പോണൻ കല്ലിട്ട അതിർക്ക് തെക്കോട്ടും പള്ളി പറമ്പിന്റെ വടക്കേ അതിർക്ക് വടക്കോട്ടും പടിഞ്ഞാറ് എടവഴിക്ക് കിഴക്കോട്ടും കി(ഴ)ക്കേ അ(തി)ർക്ക് പടിഞ്ഞാട്ട് ഇന്നാലതിർക്ക് അകത്തകപ്പെട്ടത് എപ്പിയേർപ്പെട്ടതും അന്നു നാലറ കണ്ടുയെടം അർത്തവും വാങ്ങി അട്ടിപ്പേറ് പിറമുതലൊതകമായി എഴുതി കൊടുത്താൻ അച്ചാഴിത്ത് കാമൻ പങ്ങ*നു*ം തമ്പിമാരും. അമ്മാർക്ക(ം) ഇച്ചൊ*ന്ന* പ(ാ)ലയൂർ തേചത്ത് അച്ചാഴിയത്ത് കുമ്മ*നി* പറമ(പ്പി)*ന്ന്* തെക്കേപ്പുറം കല്ലിട്ടതി(ർ)ക്ക് തെക്കോട്ടും പള്ളി പറമ്പി*ന്ന്* വടക്കേ അതിർക്ക് വടക്കോട്ടും പടിഞ്ഞാറ് എടവഴിക്ക്

കിഴക്കോട്ടും കിഴക്കേ അ(തി)ർക്ക് പടിഞ്ഞാട്ടും ഇന്നാലതിർക്കകത്തകപ്പെട്ടത് എപ്പിർ പെട്ടതും അന്നു നാലറ കണ്ടുയെടം അർത്തവും കൊടുത്ത് അട്ടിപ്പേർ പിറമുതലൊതകമായി എഴുതിച്ചു കൊണ്ടാൻ പ(ാ)ലൈയൂർ പള്ളി വെകാരിയും പൊറത്തിക്കാരെരും. ഇമ്മാർക്കം ഇച്ചൊന്ന പറമ്പ് അന്നു നാലറ കണ്ടയെടം അർത്തവും വാങ്ങി പിറമുതലൊതകമായി എഴുതി കൊടുത്താൻ കാമൻ പങ്ങനും തമ്പിമാരും. അമ്മാർക്കമേ ഇച്ചൊന്ന പറമ്പ് അന്നു പെറും അർത്തവും കൊടുത്ത് പിറമുതലൊതകമായി എഴുതിച്ചു കൊണ്ട(ാ)ൻ പ(ാ)ലൈയൂർ പള്ളി വെകാരിയും പൊറവറത്തിക്കാരും. ഇമ്മാർക്കമേ അറിയും പല ത(ാ)ക്കി തലപ്പെള്ളി പരുവെർ കാവെക്കുറുപ്പും ചവലുക്ക(ാ)ട്ടിൽ പട്ടരും മംമ്പിൽ മൂത്തവ്വെരും കൂത്താംപെള്ളി കമ്മളും അറികെ കോങ്ങാട്ടിൽ കേരളൻ കണ്ടർ കയ്യെഴുത്ത്.

## 2.25 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതങ്ങൾ

എറണാകുളം ജില്ലയിലെ പറവൂർ കോട്ടക്കാവ് പള്ളിയിൽ രണ്ടു കോലെഴുത്തു ലിഖിതങ്ങളാണുള്ളത്. ഇവ രണ്ടും എപ്പിത്താഫുകളാണ്. ഒരെണ്ണം മാത്രമാണിവിടെ സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കിടയിൽ ഒരു ലിഖിതം നഷ്ടമായി

### 2.25.1 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം – 1

പറവൂർ കോട്ടക്കാവു പള്ളിയിലെ ഒന്നാം കോലെഴുത്തു ലിഖിതം പുതപക്കിപ്പണിത പള്ളിയുടെ പുറകുവശത്തെ ധ്യാനമന്ദിരത്തിന്റെ മുൻ ഭാഗത്ത് തലതിരിച്ച് പതിപ്പിച്ച രീതിയിലാണുള്ളത്. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ഒന്നാം വോള്യത്തിൽ ടി. എ. ഗോപിനാഥ റാവു, ആമുഖ പഠനത്തോടെ തമിഴു ലിപ്യന്തരണ പാഠത്തോടെ പ്രസിദ്ധീകരിച്ചു[96]. ഇതിലെ പോരായ്മകളെ തിരുത്തിക്കൊണ്ട് ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ഏഴാം

[96] T. A. Gopinatha Rao, Parur Roma – Syrian Church Inscription of A. D. 1624, Travancore Archaeological Series, Vol – 1, Trivandrum, Reprint, 1988, P. 423.

വോള്യത്തിൽ ഏ. എസ്. രാമനാഥ അയ്യർ വ്യക്തതയുള്ള ലിപ്യന്തരണ പാഠം, തമിഴ് ലിപിയിൽ പ്രസിദ്ധീകരിച്ചു[97].

## കൺപകർപ്പ്



## ലിപ്യന്തരണപാഠം

### വരി

1. മാറാനിചൊ മിചിയാ പിറന

2. നിടട 1000 600 20 4 മത

3. കുമപ ഞായററു 8 നു 5

4. നൊയമപ തുടങ്ങുന

[97] A. S. Ramanatha Ayyar, Parur Inscription of Kollam 799, Travancore Archaeological Series, Vol – 7, Part – 2, Trivandrum, Reprint, 2004. P. 145.

5. റ ഞാറാഴിചച നാള അ

6. ചതമിചച പതത നാഴി

7. ക രാവ ചെലലുനറപപൊ

8. ള ചുതതമാനാ കാതതൊലിക

9. കാ അകകലെചിയാങകു

10. ടടതതിലെ മലങകരെ മാ

11. റതതൊമമാ നചറാണികെള

12. കക മെല പടടകകാറെ

13. ന അയാ മാറ പൊറഞചികക

14. കു മെതതെറാൻ കാലമ ചെയിതു

15. അനറ കൊലലമ 700 90 9 മത

**ആധുനികപാഠം**

മാറാനീചോ മിചിയാ പിറന്നിട്ട് 1624 മത കുമ്പ ഞായറ്റു 8 നു 5 നൊയമ്പ് തുടങ്ങുന്റ ഞാറാഴിച്ച നാൾ അച്തമിച്ച് പത്ത് നാഴിക രാവ് ചെല്ലുന്റപ്പോൾ ചുത്തമാനാ കാത്തൊലിക്കാ അക്ക്ലേചിയാങ്കൂട്ടത്തിലെ മലങ്കരെ മാർത്തോമ്മാ നച്റാണികെൾക്ക് മേൽ പട്ടക്കാറെൻ അയാ മാർ പെറഞ്ചികക്കു മെത്തെറാൻ കാലം ചെയിതു. അന്റ കൊല്ലം 799 മത്.

### 2.25.1 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 1

പറവൂർ കോട്ടക്കാവു പള്ളിയിലെ രണ്ടാം കോലെഴുത്തു ലിഖിതം പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കിടെ നഷ്ടമായി. ട്രാവൻകൂർ

ആർക്കിയോളജിക്കൽ സീരീസിന്റെ ഏഴാം വോള്യത്തിൽ ഏ. എസ്. രാമനാഥ അയ്യർ ആമുഖ പഠനത്തോടെ തമിഴു ലിപ്യന്തരണപാഠം പ്രസിദ്ധീകരിച്ചു[98].

**ലിപ്യന്തരണപാഠം**

**വരി**

1. മിചികാ പിറനനി
2. ടട 1000 700 90
3. 9 കാലമ മിതുന
4. മാതമ 3 നു ഞാ
5. റാചച നാള ഇ
6. കട . . . . .
7. നനിചച വചചു
8. വെടടതതു ചാക
9. കൊ ചെറിയത
10. കതതെനാരു
11. മ ആമപലത
12. തുങ്കെല കു
13. രു വറെയതുപ
14. പു മാതതായി
15. ഒലൊറെനു

[98] A. S. Ramanatha Ayyar, Parur Parur Epitaph of A.D. 1799, Travancore Archaeological Series, Vol – 7, Part – 2, Trivandrum, Reprint, 2004. P. 146.

16. കൂടി എന്ന അ

17. റിക

**ആധുനികപാഠം**

മിചികാ പിറന്നിട്ട് 1799 കാലം മിതുന മാതം 3 നു ഞാറാച്ച നാൾ ഇകട . . . . . നിച്ച വച്ചു വെട്ടത്തു ചാക്കോ കത്തെനാരും ആമ്പലെത്തുങ്കൽ കുരുവറെയതുപ്പു മാത്തായി ഒലൊറെനു കുടി എൻ അറിക.

## 2.26 കൊച്ചി പുതുവെപ്പ് 322-ലെ കോലെഴുത്തു ചെമ്പോല

പാലിയം തറവാട്ടിൽ സംരക്ഷിക്കപ്പെട്ടിരുന്ന പുതുവെപ്പ് 322 ലെ ചെമ്പോല ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ഒന്നാം വോള്യത്തിൽ ടി. എ. ഗോപിനാഥ റാവു, ആമുഖ പഠനത്തോടെ തമിഴു ലിപ്യന്തരണ പാഠത്തോടെ പ്രസിദ്ധീകരിച്ചു[99]. പൊതുവർഷം 1663 ലെ കൊച്ചി രാജ്യത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ വ്യവഹാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ രേഖ അഞ്ചു ചെമ്പോലകളുടെ ഇരു പുറങ്ങളിലുമായാണ് തയ്യാറാക്കിയിട്ടുള്ളത്. എറണാകുളത്തെ പുരാസ്തുവകുപ്പ് പ്രാദേശിക ഓഫീസിലാണ് ഇപ്പോൾ ഈ ചെമ്പോലകൾ ഉള്ളത്. ഒന്നാം ചെമ്പോല ഒന്നാം പുറം അഞ്ചാം വരിയിൽ പുതുവപ്പ് 320 മേടമാതം 19 - ാം എന്നതിലെ തീയതി ടി. എ. ഗോപിനാഥറാവു നൽകിയിട്ടില്ല. ഈ പാഠത്തിലതുൾപ്പെടുത്തിയിട്ടുണ്ട്.

[99] T. A. Gopinatha Rao, Paliyam Plates of the 322nd year of the Pudu-Vaipu era, Travancore Archaeological Series, Vol – 1, Trivandrum, Reprint, 1988. P. 61.

## ചെമ്പോല – 1 പുറം – 1

### കൺപകർപ്പ്



### ലിപ്യന്തരണപാഠം

### വരി

1. അരുളിചചെക നമമുടെ അനതവരവര മെലപപടട പെകുമാനപപെടട കുപമഞ്ഞി

2. യെ വിചചൊതിചച നമമുടെ തൊരുപതതെ രകകിചച ചെലലെണടുമ പെറകാരതതിനന

3. അങ്ങൊടടുമിങ്ങൊടടുമ വിചചൊതിചച ഒടമപടികക എഴുതി വെചചിരികകുനന

4. പെറകാരതതിനനുമ മെലപപെടട അനതിതരവര നടകകെണടുമ പെറകാരതതിനനു

5. പുതുവപപ 300 20 – ാമത മെടമാതം 10 9 പഴെയനനൂര പകവതിയുടെ നടയില കാഞ്ഞി

6. ര പൊഴയാല തെകകുമ വടകകുമ ഒള്ള പെറപുകകനമാരയുമ വെപപനാടടു കിരാമതതില

7. തചചനങ്ങളില വാഴൈപെരയുമ അവണാനമപൂരിയെയുമ താകചി ആയി വചചു

8. മ കൊണ്ട എഴുതി വചച വപപ ആകുനനത നമമുടെ തൊരുപതതിങകല അഞ്ചു താവഴി

9. യുമ തമമില മലതതരമ കൊണ്ട അനെകമ കൂടടമ ആപതതുകൾ ഉണ്ടായതിന

**ചെമ്പോല – 1 പുറം – 2**

## കൺപകർപ്പ്



## ലിപ്യന്തരണപാഠം

## വരി

1. റെ തൊഴമ പറുങ്കി കൂടെ ചതതുറുകകളകക തകായമായിപപ ന

2. മമുടെ തൊരുപതതിങകലെകക എറിയ അനർതതങ്ങൾ അനുപവിചചാറെ നാമ

3. പെകുമാനപപെടട ലെനത കുമപഞ്ഞിയെ വിചചൊതിചച കൊണടു വനന

4. പറുങകിയെയുമ കളഞ്ഞ ചതതുറുകകളയുമ കൊപപൊഴിചച കൊചചിയില ആതിയാ

5. യിടട പറുങകി ഇടടിരിനന കൊടടകളുമ പെകുമാനപപെടട ലെനത കു

6. മപഞ്ഞി കൈവചമാകകി മെലപപടട കുമപഞ്ഞിയുമ നാമായിടട മെല

7. പപടട ചെലലെണടുമ പെറകാരതതിനന പുതുവപപ 300 20 2 മ

8. ത മിനമാതമ 10 4 നു അങ്ങുമിങ്ങുമ എഴുതി വകകയുമ ചൈതു ആയ

9. തില പറുങകി ഇടടിരിനന കൊചചി കൊടടയുമ കൊടങ്ങലലൂർ കൊടടയുമ

10. പള്ളിപപറതതുമ പാമപാവിലുമ ഒള്ള കൊടടകളുമ പറുങകി അ

**ചെമ്പോല - 2 പുറം - 1**

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. *ന്നു*പവിചചിരുനന പാതിരിതതുമ പൊടട തുരുതതുമ വെണടു തുരുതതുമ

2. ഉലപപതതികളുമ പറുങകിയുടെ വെലകകാരായിടടളള അടിമക

3. ളമ പെകുമാ*ന*പപെടട കുമപഞ്ഞികക ആയിരികകതതകകവണണമ എഴുതി വെ

4. ചചിരികകുനനു കൊചചി കൊടടകകു പുറതത വെടടി വെളുപപിചച പരപപു നി

5. ലതതി*ന്ന*റെ അതിരതതി തനതി പാകതതി*നന* വടകക ഇതി*നന* വിഴകക തകക

6. ല കൊവിലകതതി*നനു*മ ഇതി*നന* വടകക വടുതല പറമപി*ന്ന*റെ

7. പടിഞ്ഞാറെ അതിർത്തിക്കുമ ഇതി*നന* വടകക പകവതി ഇരിക

8. കുനനത*നനു*മ പടിഞ്ഞാറ ഇതി*നന* വടകക കിഴകക തിരുമങങ

9. ലതത പറമപി*നനു*മ ചകകാലകകല പറമപി*നനു*മ വടകക ഇ

10. രുവെലികകുമ കലലുപതതികകുമ പടിഞ്ഞാറ ഇതി*നന*

## കൺപകർപ്പ്



## ലിപ്യന്തരണപാഠം

### വരി

1. കതത പെകുമാനപപെടട കുമപഞ്ഞിയുടെ അനുവാതമ

2. കുടാതെ ഒരുതതരുമ ഒരു തയയുമ മരങ്ങളുമ നട

3. ട ഉണടാകകയുമരുത കുമപഞ്ഞി ആളുകളുമ നമമുടെ ആ

4. ളുകളുമ തമമില ഒരു കയയെററമ ചൈതാല അങ്ങമിങ്ങമ ഒ

5. ള്ളവരെ അങ്ങുമിങ്ങമ പൊതിപപിചച അവരവരുടെ ആളുകളെ

6. അവരവര ചികകിചച കൊള്ളുകയുമ വെണമ കുമപഞ്ഞി വെലകകാ

7. യിടട ഒഴിഞ്ഞ കൊടുതതിരികകുനന എഴുപുറമ പരുഴയൊടുമ കനട രാച

8. ചിയതതുനന പറുങകി മാർകകമ കൂടടി കൊണടു വനന ആളുകളൊടുമ ഒരു പു

9. രുഴാനതരമ ചൊതികകയുമ അവരുത ചരിരമ പിറതി ഒപപു ചൈകയുമരുത നമമുടെ

10. രാചചിയതതുളള മുളവ പൊറവഴികക പൊകാതെ തുകകിചച കുമപഞഞികക

## ചെമ്പോല - 3 പുറം - 1

### കൺപകർപ്പ്



### ലിപ്യന്തരണപാഠം

### വരി

1. കൊടുകകണമ കുമപഞഞികക ഒര ആവിചചമ വരുമപൊ നമമുടെ ആ

2. ളുകളെ കൊണട വെണടുനന തകായങങൾ ചൈത കൊടുതത കുമപഞഞി

3. ആയിടടുളള വിചചാതമ എലലാ നാളുമ ചെയയുവരതതകക വണണമ വി

4. ചചൊതിചച നിനന നമുകക ഒരു ചതതുറു ഉണടാകുമപൊള കുമപ

5. ഞഞിയെ കൊണട ചതതുറുവിനറെ അമർചചയുമ വരുതതി നമമുടെ രാചചി

6. യവുമ രെകകിചച പെകുമാനപപെടട കുമപഞഞി ആയിടട വിചചാ

7. തമായിടട തനനെ എനന എനനകകുമ നടനനു കൊളകയുമ വെണമ ന

8. മുകക ആപതതുകൾ ഉണടായിരികകുമപൊൾ വടകകുമകൂററില നായ

9. രി ആകുനന തകായങങൾ ചൈതിരികക കൊണട നായരികക ഒര ആവിചച

10. മ വരുമപൊൾ വെണടുനന തകായമ ചൈത കൊടുതത നടതതി കൊൾ

**ചെമ്പോല – 3 പുറം – 2**

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. കയുമ വെണമ നമമുടെ തൊരുപതതിങകല ആളു പൊരാതെ തെതത വകക

2. ണടി വനനുവെങകില ചാഴിയൂര താവഴിയുനനലലാതെ തെതത വകകയു

3. മരുത ചാഴൂരുനന ത*ന*നെ തെതത വകകുമപൊഴുമ പെകുമാ*ന*പപെടട

4. കുമപഞഞിയെ കൂടെ പൊതിപപിചച കുണതൊഴമ വിചാരിചചലലാതെ

5. തെതത വകകയുമരുത ഇ തൊരുപതതിങകല കുണതതി*നന* പാലിയതത മെ

6. *നൊന*മാര നമമെ കൂടെ വെണടുമ പെറയനനങങൾ ചൈതിരി

7. കക കൊണട എനന എനനകകുമ അവരടെ തറവാട രകകിചച നടതതി കൊൾ

8. കയുമ വെണമ പഴയ*നനൂ*ര തിരുവലലാമലെ തിരചചിവപെരുര

9. ഊരൊതത ഇരിങങാടകൂട തിരുവഞചകകുളതത തിരിപപൂണതത

10. റെ തിരുവലലായെ ഇചചെതതറങങള പെറതതൈകമ നാമ രചചികക

## കൺപകർപ്പ്



## ലിപ്യന്തരണപാഠം

### വരി

1. ണടതാക കൊണ്ട ഇചചെതതറങ്ങൾ ഒര എറകകുറവ കൂടാതെ നടതതി

2. കൊള്ളണമ ഇതി*ന*കതതുള്ള പിരാമമണയുമ പചുകകളയുമ

3. വഴി പൊലെ രകകിചച യാകാതി കരമമങങളുമ നടതതിചച ചെന

4. നു കൊള്ളണമ കൊങങിണി മകാചെ*ന*ങങളമമാമ*ന*മമാരെ വനനു കണട

5. അവർകക ഇരിപപാ*ന* വെണടുനന പൂമികളുമ രചചകക ആയിടട വെ

6. ണടുനനതി*ന*യുമ കൊടുതത അവർകക ഒരു ചെതതറമ ഒണടാകകണമെന

7. ന അപെചചികക കൊണട ആയതി*നന* വെണടുനന തലവുമ അതി*നന* ഒകക

8. യുമ തിടടൂരങങളുമ കൊടതത ചെതതറതതില അടിയനതരതതിനന അ

9. മമാമ*ന*മമാരായിടട വെചച നടതതി ഇരികകുനനതി*നു*മ ഒര

10. എറകകുറവ കൂടാതെ നടതതിചച ആ പരുഴകളെയുമ അമമാമന

**ചെമ്പോല – 4 പുറം – 2**

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. മമാര തിടടൂരമ കൊടുതത നടതതി ഇരികകുനന പിറകാരമ

2. രെചചികക കൊളളണമ നമമുടെ ആപതതു കാലതത ഇ പരുഴകൾ

3. തെരിവിയമ കൊണ്ട വെണടുനന തകായമ ചെയതിരികകുനനവ

4. രതതറെ ആകുനനത ഇവരെ പിരാമമണ മരിയാത പൊലെ ഉളള

5. ചികകാ രെകക അലലാതെ ചൈതു പൊകയുമരുത കൊങങിണി മകാചെന

6. ങങൾ ഇവിടെ വനന അമമാമനമമാരെ കടമലയാളതതില

7. പിരാമമണരെ രെചചികകുനന പിറകാരമ എങങളയുമ രെകകിചചു കൊ

8. ള്ളണമെനന അവര അപെചചികക കൊണടതതറെ കൊങങിണികള

9. കക പുരുഴാനതരമ വെണട എനന വചചിരികകുനനത കൊങങിണി

**ചെമ്പോല – 5 പുറം – 1**

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. കളില ഒരുതതന അററു പൊയാല അവനറെ മുതല നമമുടെ ആളുക

2. ളുമ മകാചെനങങളുമ കുടി പൊതിചച ഒളള മൊതലില പാതി നമു

3. കകുമ പാതി തിരുമല തെവനുമ ആയിടടതതറെ കിഴില അമമാമനമ

4. മാര വെചചിരികകുനനത മെലിലുമ അപപറകാരമ ആയി കൊളളണമ പെ

5. രുമപടപപില ചിതതിരകൂടതതില നമമുടെ കൊവിലകതതവരു തെവതമാ

6. രെ തെവികകെണടുമ പിറകാരമ തെവികകായിക കൊണടതതറെ നമുകക
ഒരൊരൊ

7. ആപതതുകൾ തമപവിചചത നമമുടെ തൊരുപതതിങകല താവഴിമലതത

8. രമ കൊണട ആയതിനന താമൂരി കൂടെ തകായമായിടട അവിടമ ഒകകയുമ

9. താമൂരി ആകകറമിചച ഇരികക കൊണടതതറെ അവിടെ രെകകിചച ചെനന

10. തെവിപപാന തങങതി വരാഞഞത ആയവിടമ മുമപിലതതെ താനമ വരു

**ചെമ്പോല – 5 പുറം – 2**

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. വെളതതകക കുമപഞഞിയുമ ഒരുമിചച നമമാലാകുനന പെ

2. റവതതണവ ചെയയുമ അനനതരവര കാലതതുമ ആയവിടമ നമമുടെ തൊ

3. രുപതതിങകെനന രെകകിചച ചെലലുവാറായൊളമ കുമപഞഞിയുമ

4. ഒരുമിചച വെണ്ടുനന പെറവതതണമ ചെയതു കൊളളണമ ഇ എഴുതി ഇരിക

5. കുനന പിറകാരമ വിചാരിചച മെലപപെടട നടനനു കൊണ്ടാല നമ

6. മുടെ തൊരുപതതിങകലകക ഒര അനതരമ വരാതെ ഇരിനനു കൊളളുകയുമ ചെയയു

7. മ അതിനന ഒകകയുമ നമമുടെ തൊരുപതതിങകലകക പെകുമാനപപെടട കുമപഞ

8. ഞി തകായമായി ഇരികകയുമ ചെയയുമ അപപറകാരമതതറെ നാമ കുമപഞഞിയെ വിചചൊതി

9. ചച ഇരികകുനനത ഇപപറകാരമ ചെമപു തകിടടില എഴുതി ഇകകുടിയ ആളുകളെ

10. എലലാവരയുമ താകകിയായി വചചുമ കൊണ്ട ഒപപ കുതതി വചച ആകുനനത

**ആധുനികപാഠം**

അരുളിച്ചെക നമ്മുടെ അനന്തവരവർ മേൽപ്പെട്ട പെകുമാനപ്പട്ട കുപമഞ്ഞിയെ വിച്ചൊതിച്ച് നമ്മുടെ തൊരൂപത്തെ രെക്കിച്ച് ചെല്ലേണ്ടും പെറകാരത്തിന് അങ്ങോട്ടുമിങ്ങോട്ടും വിച്ചൊതിച്ച് ഒടമ്പടിക്ക് എഴുതി വെച്ചിരിക്കുന്ന പെറകാരത്തിന്നും പുതുവപ്പ് 320 മത് മേട മാതം 19 പഴെയന്നൂർ പകവതിയുടെ നടയിൽ കാഞ്ഞിര പൊഴയാൽ തെക്കും വടക്കും ഒള്ള പെറപ്പുക്കൻമാരയും വെപ്പനാട്ടു കിരാമത്തിൽ തച്ചനങ്ങളിൽ വാഴൈപെരയും അവണാ നമ്പൂരിയേയും താക്കി ആയി വച്ചും കൊണ്ട് എഴുതിവച്ച വപ്പ് ആകുന്നത്. നമ്മുടെ തൊരുപത്തിങ്കൽ അഞ്ചു താവഴിയും തമ്മിൽ മൽത്തരം കൊണ്ട് അനേകം കൂട്ടം ആപത്തുകൾ ഉണ്ടായതിന്റെ തോഴം പറുങ്കി കൂടെ ചത്തുറുക്കൾക്ക് തകായമായിപ്പ നമ്മുടെ തൊരുപത്തിങ്കലേക്ക് ഏറിയ അനർത്തങ്ങൾ

അനുപവിച്ചാറെ നാം പെകുമാനപ്പെട്ട ലെന്ത കുമ്പഞ്ഞിയെ വിച്ചൊതിച്ച് കൊണ്ടുവന്ന് പറുങ്കിയേയും കളഞ്ഞ് ചത്തുറുക്കളേയും കോപ്പൊഴിച്ച കൊച്ചിയിൽ ആതിയായിട്ട് പറുങ്കി ഇട്ടിരിന്ന കോട്ടകളും പെകുമാനപ്പെട്ട ലെന്ത കുമ്പഞ്ഞി കൈവചമാക്കി മേൽപ്പട്ട കുമ്പഞ്ഞിയും നാമായിട്ട് മേൽപ്പട്ട് ചെല്ലേണ്ടും പെറകാരത്തിന്ന് പുതുവെപ്പ് 322 മത് മീന മാതം 14 നു അങ്ങുമിങ്ങും എഴുതി വക്കയും ചൈതു. ആയതിൽ പറുങ്കി ഇട്ടിരിന്ന കൊച്ചി കോട്ടയും കൊടങ്ങല്ലൂർ കോട്ടയും പള്ളിപ്പറത്തും പാമ്പാവിലും ഒള്ള കോട്ടകളും പറുങ്കി അനുപവിച്ചിരുന്ന പാതിരി(തുരു)ത്തും പോട്ട തുരുത്തും വെണ്ടു തുരുത്തും ഉൽപ്പത്തികളും പറുങ്കിയുടെ വേലക്കാരായിട്ടള്ള അടിമകളും പെകുമാനപ്പെട്ട കുമ്പഞ്ഞിക്ക് ആയിരിക്കത്തക്കവണ്ണം എഴുതി വെച്ചിരിക്കുന്നു. കൊച്ചി കോട്ടക്കു പുറത്ത് വെട്ടിവെളുപ്പിച്ച പരപ്പു നിലത്തിന്റെ അതിർത്തി തനതി പാകത്തിന്ന് വടക്ക് ഇതിന്ന് വിഴക്ക് തക്കൽ കോവിലകത്തിന്നും ഇതിന്ന് വടക്ക് വടുതല പറമ്പിന്റെ പടിഞ്ഞാറെ അതിർത്തിക്കും ഇതിന്ന് വടക്ക് പകവതി ഇരക്കുന്നതിന്റെന്നും പടിഞ്ഞാറ് ഇതിന്ന് വടക്ക് കിഴക്ക് തിരുമങ്ങലത്ത് പറമ്പിന്നുപ ചക്കാലക്കൽ പറമ്പിന്നും വടക്ക് ഇരുവേലിക്കും കല്ലുപത്തിക്കും പടിഞ്ഞാറ് ഇതിനകത്ത് പെകുമാനപ്പെട്ട് കുമ്പഞ്ഞിയുടെ അനുവാതം കൂടാതെ ഒരുത്തരും ഒരു തയ്യും മരങ്ങളും നട്ട് ഉണ്ടാക്കയുമരുത്. കുമ്പഞ്ഞി ആളുകളും നമ്മുടെ ആളുകളും തമ്മിൽ ഒരു കയ്യേറ്റം ചൈതാൽ അങ്ങമിങ്ങും ഒള്ളവരെ അങ്ങുമിങ്ങം പോതിപ്പിച്ച് അവരവരുടെ ആളുകളെ അവരവർ ചിക്കിച്ച് കൊള്ളുകയും വേണം. കുമ്പഞ്ഞി വേലക്കായിട്ട് ഒഴിഞ്ഞ് കൊടുത്തിരിക്കുന്ന ഏഴുപുറം പരുഴയോടും കനട രാചിയത്തുന്ന് പറുങ്കി മാർക്കം കൂട്ടി കൊണ്ടുവന്ന ആളുകളോടും ഒരു പുരുഴാന്തരം ചോതിക്കയും അവരുത ചരിരം പിറതി ഒപ്പു ചൈകയുമരുത്. നമ്മുടെ രാചിയത്തുള്ള മുളവ് പുറവഴിക്ക് പോകാതെ തുക്കിച്ച് കുമ്പഞ്ഞിക്ക് കൊടുക്കണം. കുമ്പഞ്ഞിക്ക് ഒര് ആവിച്ചം വരുമ്പോ നമ്മുടെ ആളുകളെ കൊണ്ട് വേണ്ടുന്ന തകായങ്ങൾ ചൈത് കൊടുത്ത് കുമ്പഞ്ഞി ആയിട്ടുള്ള വിച്ചാതം എല്ലാ നാളും ചെയ്യു വരത്തക്ക വണ്ണം വിച്ചൊതിച്ച് നിന്ന നമുക്ക് ഒരു ചത്തുറു ഉണ്ടാകുമ്പോൾ കുമ്പഞ്ഞിയെ കൊണ്ട് ചത്തുറുവിന്റെ അമർച്ചയും വരുത്തി നമ്മുടെ രാച്ചിയവും രെക്കിച്ച് പെകുമാനപ്പെട്ട

കുമ്പഞ്ഞി ആയിട്ട് വിച്ചാതമായിട്ട് തന്നെ എന്നഎന്നക്കും നടന്നു കൊൾകയും വേണം. നമുക്ക് ആപത്തുകൾ ഉണ്ടായിരിക്കുമ്പോൾ വടക്കുംകൂറ്റിൽ നായരി അകുന്ന തകായങ്ങൾ ചൈതിരിക്ക കൊണ്ട് നായരിക്ക് ഒര് ആവിച്ചം വരുമ്പോൾ വേണ്ടുന്ന തകായം ചൈത് കൊടുത്ത് നടത്തി കൊൾകയും വേണം. നമ്മുടെ തൊരുപത്തിങ്കൽ ആളു പോരാതെ തെത്ത് വക്കണ്ടി വന്നുവെങ്കിൽ ചാഴിയൂർ താവഴിയിന്നല്ലാതെ തെത്ത് വക്കയുമരുത്. ചാഴൂരുന്ന് തന്നെ തെത്ത് വക്കുമ്പോഴും പെകുമാനപ്പെട്ട കുമ്പഞ്ഞിയെ കൂടെ പോതിപ്പിച്ച് കുണ തോഴ വിചാരിച്ചല്ലാതെ തെത്ത് വക്കയുമരുത്. ഇ തൊരുപത്തിങ്കൽ കുണത്തിന്ന് പാലിയത്തെ മേനോൻമ്മാർ നമ്മെ കൂടെ വേണ്ടുന്ന പെറയന്നങ്ങൾ ചൈതിരിക്ക കൊണ്ട് എന്നഎന്നക്കും അവരട തറവാട് രക്കിച്ച് നടത്തി കൊൾകയും വേണം. പഴയന്നൂർ, തിർച്ചിവപേരൂർ, ഊരോത്ത്, ഇരിങ്ങാടക്കൂട, തിരുവല്ലാമലെ, തിരുവഞ്ചിക്കുളത്ത്, തിരിപ്പൂണിത്തുറൈ, തിരുവല്ലായെ ഇ ചെത്തറങ്ങൾ പെറത്തേകം നാം രച്ചിക്കണ്ടതാക കൊണ്ട് ഇ ചെത്തറങ്ങൾ ഒര് ഏറക്കുറവ് കൂടാതെ നടത്തി കൊള്ളണം. ഇതിനകത്തുള്ള പിരാമ്മണരയും പചുക്കളയും വഴി പോലെ രക്കിച്ച് യാകാതി കർമ്മങ്ങളും നടത്തിച്ച് ചെന്നു കൊള്ളണം. കൊങ്ങിണിമകാചനങ്ങളമ്മാമൻമാരെ വന്നു കണ്ട് അവർക്ക് ഇരിപ്പാൻ വേണ്ടുന്ന പൂമികളും രച്ചക്ക് ആയിട്ട് വേണ്ടുന്നതിനെയും കൊടുത്ത് അവർക്ക് ഒരു ചെത്തറം ഒണ്ടാക്കണമെന്ന് അപേച്ചിക്ക കൊണ്ട് ആയതിന് വേണ്ടുന്ന തലവും അതിന്ന് ഒക്കയും തിട്ടൂരങ്ങളും കൊടത്ത് ചെത്തറത്തിൽ അടിയന്തിരത്തിന്ന് അമ്മാമൻമ്മാരായിട്ട് വെച്ച് നടത്തി ഇരിക്കുന്നതിനും ഒര് ഏറക്കുറവ് കൂടാതെ നടത്തിച്ച് ആ പരുഴകളെയും അമ്മാമൻമ്മാർ തിട്ടൂരം കൊടുത്ത് നടത്തി ഇരിക്കുന്ന പെറകാരം രെച്ചിക്ക് കൊകൊള്ളണം. നമ്മുടെ ആപത്തു കാലത്ത് ഇ പരുഴകൾ തെരിവിയം കൊണ്ട് വേണ്ടുന്ന തകായം ചൈതിരിക്കുന്നവരത്തറെ ആകുന്നത്. ഇവരെ പിരാമ്മണ മരിയാത പോലെ ഉള്ള ചിക്കാ രെക്ക അല്ലാതെ ചൈതു പോകയുമരുത്. കൊങ്ങിണി മകാചെനങ്ങൾ ഇവിടെ വന്ന് അമ്മാമൻമ്മാരെ കടമലയാളത്തിൽ പിരാമ്മണരെ രെച്ചിക്കുന്ന പിറകാരം എങ്ങളെയും രെക്കിച്ചു കൊള്ളണമെന്ന് അവർ അപേച്ചിക്ക കൊണ്ടത്തറെ കൊങ്ങിണികൾക്ക് പുരുഴാന്തരം

വേണ്ട എന്ന് വച്ചിരിക്കുന്നത്. കൊങ്ങിണികളിൽ ഒരുത്തൻ അറ്റു പോയാൽ അവന്റെ മുതൽ നമ്മുടെ ആളുകളും മകാചെനങ്ങളും കുടി പോതിച്ച് ഒള്ള മുതലിൽ പാതി നമുക്കും പാതി തിരുമല തേവനും ആയിട്ടത്തറെ കീഴിൽ അമ്മാമൻമ്മാർ വെച്ചിരിക്കുന്നത്. മേലിലും അപ്പറകാരം ആയി കൊള്ളണം. പെരുമ്പടപ്പിൽ ചിത്തിരകൂടത്തിൽ നമ്മുടെ കോവിലകത്തവരു തേവതമാരെ തേവിക്കേണ്ടും പിറകാരം തേവിക്കായിക കൊണ്ടത്തറെ നമുക്ക് ഓരോരോ ആപത്തുകൾ തംപവിച്ചത്. നമ്മുടെ തൊരുപത്തിങ്കൽ താവഴി മൽത്തരം കൊണ്ട് ആയതിന്ന് താമൂരി കൂടെ തകായമായിട്ട് അവിടം ഒക്കയും രെക്കിച്ച് ചെന്ന് തേവിപ്പാൻ തങ്ങതി വരാഞ്ഞത്. ആയവിടം മുമ്പിലത്തെ താനം വരുവേളത്തക്ക് കുമ്പഞ്ഞിയും ഒരുമിച്ച് വേണ്ടുന്ന പെറവത്തണം ചൈതു കൊള്ളണം. ഇ എഴുതി ഇരിക്കുന്ന പിറകാരം വിചാരിച്ച് മേൽപ്പെട്ട് നടന്നു കൊണ്ടാൽ നമ്മുടെ തൊരുപത്തിങ്കലക്ക് ഒര് അന്തരം വരാതെ ഇരിന്നു കൊള്ളുകയും ചെയ്യും. അതിന്ന് ഒക്കയും നമ്മുടെ തൊരുപത്തിങ്കലക്ക് പെകുമാനപ്പെട്ട കുമ്പഞ്ഞി തകായമായി ഇരിക്കയും ചെയ്യും. അപ്പറകാരമത്തറെ നാം കുമ്പഞ്ഞിയെ വിച്ചൊതിച്ച് ഇരിക്കുന്നത്. ഇപ്പറകാരം ചെമ്പു തകിട്ടിൽ എഴുതി ഇക്കുടിയ ആളുകളെ എല്ലാവരയും താക്കിയായി വച്ചും കൊണ്ട് ഒപ്പ് കുത്തി വച്ച് ആകുന്നത്.

## 2.27 തൃശ്ശൂർ ബ്രഹ്മസ്വം മഠം കോലെഴുത്തു ചെമ്പോല

തൃശ്ശൂർ നടുവിലാലിന് സമീപമുള്ള ബ്രഹ്മസ്വം മഠത്തിലാണ് ഈ ഒറ്റിക്കരണം കോലെഴുത്തു ചെമ്പോല ഉള്ളത്. ഈ രേഖ ഇതു വരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ഒരു ചെമ്പോലയുടെ ഇരു വശങ്ങളിലുമായിട്ടാണിത് തയ്യാറാക്കിയിട്ടുള്ളത്.

## പുറം – 1

### കൺപകർപ്പ്



### ലിപ്യന്തരണ പാഠം

### വരി

1. കൊലല 900 10 1 ചെനന തനുവ ഞാററില എഴുതിയ ഒററിയൊലകകരണമാവത തിരുനെലലികക

2. കകഴകപാകതതിങകനന 1000 500 90 1 വീരരായെൻ കൊഴികകൊടെൻ പുറുപപണ വാചി പെടാത വാ കൊണടു കട

## പുറം – 2

### കൺപകർപ്പ്



### ലിപ്യന്തരണ പാഠം

### വരി

1. ങകൊടുതത കിഴായ ഇടുവെകകുമ പുരയടതതിലിപപെററ കുഞ്ഞുമ കൂറുമ കോവിലായഴുതതമമരിചചെയിലലാ ചുരികളു

2. ല തിരുവനനതിര പെരായാറുമാകകൊവിലാപപെറ കീഴാതിരിഴുതത കോവിലതീഞ്ഞിരി എളയ വലപപ കൊവിലായ പെറ കീഴാതിരി എളയ

3. വറെ കൊവിലങ്കാരികളു കൂടി കൊണ്ടരുളി കൊണ്ടാൻ കൊണ്ട പരിചാവത. ഒപപണ നാറപപതതയിയാരതതൊനനി തെവ പിചചൈകകു പണയമാ

4. റത ഒപാറ പാലകകീഴര കുനന അഞ്ഞാനാൽ 1010 നെലലിനറെ കണ്ടവു പതിനെട്ടാമടികക 2000 നെലലിനറെ ചെകകിയാനാ

5. ടി ആയെനന കണ്ടവുമ അഞ്ചാനാൽ 5075 നെലലിനറെ കൊമതതെ താഴ ചെരികകലാകുനന കണ്ടവുമ മരുതങ്ങാ

6. ടടിതതാഴ താഴെ വാഴയടതതിനെട്ടാമടികക 2010 നെല്ലിനറെ കണ്ടവുമ പതിനെട്ടാംമടികക 3000 നെലലിനറെ കൊ

7. ളങ്ങരപുടി കണ്ടവും പഴകൊളങ്ങരതതാഴ പതിനെട്ടാംമടികക 3075 നെലലിനറെ കണ്ട

8. വും അതിനമീതെറ പതിനെട്ടാംമടികക 1010 നെലലിനറെ നീടടൂരെ കണ്ടവും പതിനെട്ടാംമടികകു 1000 നെ

9. ലലിനറെ 5 കകണ്ടവും പയററാറൊടിയാകുനന അഞ്ചാനാകെ 1025 നെലലിനറെ കണ്ടവും അതിന താഴം

10. പലലിയ വയലാകുനന അഞ്ചാനാൽ 6000 പടി നെലലിനറെ കണ്ടവും കൂടി അഞ്ചനാൽ 3089 നെ

11. ലലിനറെ കണ്ടവും കൊപാറ മീതൽ മുണ്ട കൊളങ്ങരെയാകുനന കെടവള 7 താഴ അഞ്ചാനാ 1050 നെല

12. ലിനറെ കണ്ടവും മാവിലപുടി വടകകെടതത താഴ മടകക 75 നെലലിനറെ കണ്ടവും മാണികകാ

13. കൊവിലാകുനന വടകക 50 നെലലിനറെ കണവും ഒററി ആയിടെകക കൊടുതതരുളി ഇചചൊ

14. നന നെലങ്ങൾ ഒററി ആയി പഴുതടകകി പലിചവീടടികകൊള്ളുമാറ ഒതതിരി

## പുറം 1 (കീഴ് മേൽ തിരിച്ച്)

### കൺപകർപ്പ്



### ലിപ്യന്തരണപാഠം

### വരി

1. കറാനനുമടം പണിപപാം ചെമമാംപള്ളി ആകുനന പറമപും കൊടുതതിരികകുനനു ഇപപരിച

2. റിയും താകകി താരൂപകൂതാപാടിച അകതത കാരിഴ പുരുഴെമമാര മുമപാകകയ

3. യെഴുതി അറിവെൻ താററിപൊാടട നാറാണെൻ ചങകരെ കയയെഴുതറു

### ആധുനികപാഠം

കൊല്ല(ം) 911 ചെന്ന തനുവ ഞാറ്റിൽ എഴുതിയ ഒറ്റിയോലക്കരണമാവത്. തിരുനെല്ലിക്കഴക പാകത്തിങ്കന്ന് 1591 വീരരായെൻ കോഴിക്കോടെൻ പുറുപ്പണ(ം) വാചി പെടാത വാ കൊണ്ടു കടങ്കൊടുത്ത് കീഴായ് ഇടുവെക്കും പുരയടത്തിലിപ്പെറ്റ കുഞ്ഞും കൂറും കോവിലായഴുത്തമ്മരിച്ചെയില്ലാ ചുരികളുല തിരുവനന്തിര പേരായാറുമാ ക്കോവിലാപ്പേറ് കീഴാതിരിഴുത്ത കോവിലതീഞ്ഞിരി എളയ വലപ്പ കോവിലായ പേറ് കീഴാതിരി എളയവറെ കോവിലങ്കാരികളു കൂടി കൊണ്ടരുളി കൊണ്ടാൻ കൊണ്ട പരിചാവത്. ഒപ്പണ നാറ്പ്പത്തയിയാരത്തൊന്നി തൈവ

പിച്ചെക്കു പണയമാറത. ഒപാറ പാലക്കീഴര് കുന്ന് അഞ്ചാനാൽ 1010 നെല്ലിന്റെ കണ്ടവു(ം) പതിനെട്ടാമടിക്കു 2000 നെല്ലിന്റെ ചെക്കിയാനാടി ആയെന്ന കണ്ടവും അഞ്ചാനാൽ 5075 നെല്ലിന്റെ കൊമത്തെ താ(ഽ)ഴ ചേരിക്കലാകുന്ന കണ്ടവും മരുതങ്ങാട്ടിത്താ(ഽ)ഴ താഴെ വാഴയെടത്തിനെട്ടാമടിക്ക് 2010 നെല്ലിന്റെ കണ്ടവും പതിനെട്ടാംമടിക്ക് 3000 നെല്ലിന്റെ കൊളങ്ങരപുടി കണ്ടവും പഴക്കൊളങ്ങരത്താ(ഽ)ഴ പതിനെട്ടാംമടിക്ക് 3075 നെല്ലിന്റെ കണ്ടവും അതിന് മീതെറ് പതിനെട്ടാംമടിക്ക് 1010 നെല്ലിന്റെ നീട്ടൂരെ കണ്ടവും പതിനെട്ടാംമടിക്ക് 1000 നെല്ലിന്റെ 5 ക്കണ്ടവും പയറ്റൊടിയാകുന്ന അഞ്ചാനാകെ 1025 നെല്ലിന്റെ കണ്ടവും അതിന് താഴംപല്ലിയ വയലാകുന്ന അഞ്ചാനാൽ 6000 പടി നെല്ലിന്റെ കണ്ടവും കൂടി അഞ്ചാനാൽ 3089 നെല്ലിന്റെ കണ്ടവും കോപാറ മീതൽ മുണ്ട കൊളങ്ങരെയാകുന്ന കെടവള 7 താ(ഽ)ഴ മടക്ക് 75 നെല്ലിന്റെ കണ്ടവും മാണിക്കാ കോവിലാകുന്ന വടക്ക് 50 നെല്ലിന്റെ കണ്ടവും ഒറ്റി ആയി പഴുതടക്കി പലിചവീട്ടിക്കൊള്ളുമാറ് ഒത്തിരി കറാന്നുമടം പണിപ്പാം ചെമ്മാംപള്ളി ആകുന്ന പറമ്പും കൊടുത്തിരിക്കുന്നു. ഇപ്പരിചറിയും താക്കി താരൂപകൂതാ പാടിച അകത്ത് കാരിഴ പുരുഴെമ്മാര് മുമ്പാക്കയ്യെഴുതി അറിവേൻ താറ്റിപോട്ട നാറാണെൻ ചങ്കരെ കയ്യെഴുതറു.

## 2.28 ആർത്താറ്റ് പള്ളി കോലെഴുത്തു ചെമ്പോല

കുന്നംകുളത്തിനടുത്തുള്ള ആർത്താറ്റ് സെന്റ് മേരീസ് പള്ളിയിലെ കോലെഴുത്തു ലിഖിതം തദ്ദേശീയ ക്രിസ്ത്യാഭിമാനത്തിന്റെ ഉദാഹരണമാണ്. വിദേശ ഇടപെടലുകൾക്ക് വഴിപ്പെടാതെ തദ്ദേശീയമായി ആരാധനകളുടെയും ഇടപെടലുകളുടെയും അടിസ്ഥാനത്തിൽ വിശ്വാസികളെ നയിക്കുന്നതിനുള്ള ശ്രമവും വൈദേശികതയോടുള്ള ചെറുത്തുനിൽപ്പുമാണീ ലിഖിതത്തിന്റെ ഉള്ളടക്കം. ഒരു ചെമ്പോലയുടെ ഒരു ഭാഗത്തു മാത്രം എഴുത്തുള്ള ഈ ലിഖിതം കണ്ടെടുത്ത് പഠനത്തോടു കൂടെ പ്രസിദ്ധീകരിച്ചത് ഡോ. പി. സി. മാത്യു ആണ്[100].

---

[100] ഡോ. പി. സി. മാത്യൂ, ആർത്താറ്റ് പടിയോല, പ്രസാധകൻ : ഡോ. ഗീവർഗ്ഗീസ് മാർ യുലിയോസ് മെത്രാപോലിത്ത, കുന്നംകുളം, 2012.

## കൺപകർപ്പ്



## ലിപ്യന്തരണപാഠം

### വരി

1. കൊലലമ 900 80 1 ആമത മകര ഞായററില പുതതൻ കൂറ തുറിയാനികകാരായ ആർതതാററ എടവകകകാരരെലലാവരുമ കൂടി നമമുടെ തീവനനാതതിയൊത പാവാ തിരുമുമപാകെ എഴുതി വചച പടിയാലയാവിത നമമുടെ ച

2. നങ്ങളിൽ ചിലർ പരതെചകകാരുടെ എടതതുട ഉപതെചമ കെകകയാൽ റൊമാവിചചാതതിലകക തിരിഞ്ഞ പൊയി വഴകക പിടിചച പളളിയുമ പറമപം പകതത നർകകടട എടുപപാൻ എടവനന അപതത കൊ

3. ണട വളരെയാകുലതതിനന എടവനനതിനാൽ മെലാൽ അങങിനെ വരാതിരിപപാൻ വെണടി റൊമായിൽ നിനെനാ പാപലിൽ നിനെനാ അനതിയൊകകായിൽ നിനെനാ മററ വലല പരതെചതത നി

4. നെനാ വരുനന യാതൊരു മെതതിറാൻ മാരുടെയുമ ഉപതെചവുമ നടപപകളമ ഒരു നാളും കെടട വഴങങി നടകകാതെ നമമുടെ മർതെതാമ ചിലികായുടെ പുറുവീക വിചചാതവുമ ചടടങങളുമ അനുതരിച

5. ച നടനന കൊളളുമാറുമ തമമതിചച തമപുരാനെ പെററ അമമയുടെ ആർതതാററ പളളി നടയിൽ വെചച എഴുതിയ മെകക വികാരി തെകകെകരെ കുരിയത കതതനാര (ഒപ്പ്) പനകകൽ താരു (ഒപ്പ്) കൂതതൂ

6. ര ചുമമാര (ഒപ്പ്) കൊലാടി ഉടടൂപപ (ഒപ്പ്) കാകകചചെരി മാതതു (ഒപ്പ്) ചുങകതത ഇയയാപപു (ഒപ്പ്) തോലതത പാതതു (ഒപ്പ്) ചീരൻ പാതതു (ഒപ്പ്) ചെറുവതതൂര കുഞ്ഞാതതു (ഒപ്പ്) പുലികെകാടടിൽ താരു (ഒപ്പ്) കീടങങൻ ചെറുണണി (ഒപ്പ്) മണടുമപാൽ കുഞ്ഞാതതു (ഒപ്പ്) തെങങുങകൽ കുരിയാകകു (ഒപ്പ്)

**ആധുനികപാഠം**

കൊല്ലം 981 ആമത് മകര ഞായറ്റിൽ പുത്തകൂറ് തുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാരരെല്ലാവരും കൂടി നമ്മുടെ തീവാന്നിയോത പാവാ തിരുമുമ്പാകെ എഴുതിവച്ച പടി(ഭ)യാലയാവിത്. നമ്മുടെ ചനങ്ങളിൽ ചിലർ പരതേചക്കാരുടെ എടത്തുട് ഉപതേചം കേക്കയാൽ റോമാ വിച്ചാതത്തിലേക്ക് തിരിഞ്ഞ് പോയി വഴക്ക് പിടിച്ച് പള്ളിയും പറമ്പ(ു)ം പക(ു)ത്ത് നർക്കിട്ട് എടുപ്പാൻ എട വന്ന അപത്ത് കൊണ്ട് വളരെയാകുലത്തിന്ന് എട വന്നതിനാൽ മേലാൽ അങ്ങിനെ വരാതിരിപ്പാൻ വേണ്ടി റോമായിൽ നിന്നോ പാപലിൽ നിന്നോ അന്തിയോക്കായിൽ നിന്നോ മറ്റ് വല്ല പരതേചത്ത് നിന്നോ വരുന്ന യാതൊരു മെത്തിറാൻമാരുടേയും ഉപതേചവും നടപ്പ്കളും ഒരു നാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ ചിലികായുടെ പുറുവിക വിച്ചാതവും ചട്ടങ്ങളും

അനുതരിച്ച് നടന്ന് കൊള്ളുമാറും തമ്മതിച്ച് തമ്പുരാനെ പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളി നടയിൽ വെച്ച് എഴുതിയ മേക്ക് വികാരി തെക്കേകരെ കുരിയത് കത്തനാർ (ഒപ്പ്), പനക്കൽ താരു (ഒപ്പ്), കൂത്തൂര് ചുമ്മാര് (ഒപ്പ്), കോലാടി ഉട്ടൂപ്പ് (ഒപ്പ്), കാക്കച്ചേരി മാത്തു (ഒപ്പ്), ചുങ്കത്ത് ഇയ്യാപ്പു (ഒപ്പ്), തോലത്ത് പാത്തു (ഒപ്പ്), ചെറുവത്തൂർ കുഞ്ഞാത്തു (ഒപ്പ്), പുലിക്കോട്ടിൽ താരു (ഒപ്പ്), കീടങ്ങൻ ചേറുണ്ണി (ഒപ്പ്), മണ്ടുമ്പാൽ കുഞ്ഞാത്തു (ഒപ്പ്), തെങ്ങുങ്കൽ കുരിയാക്കു (ഒപ്പ്).

## 2.31 ചേന്ദമംഗലം പാലിയം ശിവക്ഷേത്ര മലയാള ലിഖിതം

പാലിയം ശിവക്ഷേത്രത്തിലെ കൊടിമരത്തിന്റെ കൽത്തറയിലാണ് മലയാളത്തിലുള്ള ലിഖിതമുള്ളത്. കൊടിമരം നാട്ടിയതുമായി ബന്ധപ്പെട്ട രേഖയാണിത്. ഏ. എസ്. രാമനാഥ അയ്യർ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ ആറാം വോള്യത്തിൽ ആമുഖപഠനത്തോടൊപ്പം മലയാള ലിപ്യന്തരണം നൽകി പ്രസിദ്ധീകരിച്ചു[101].

**കൺപകർപ്പ്**



**ലിപ്യന്തരണപാഠം**

**വരി**

1. ശ്രീമാൻ ദുസ്സാധഗംഗാപ്ലവ വിമലമതിഃ പാലിയെശൊ ദ്വിജെന്ദ്രൈഃ കെതുസ്തംഭം വിധായദ്ധ്രുവമനുദിവസാരം

[101] A. S. Ramanatha Ayyar, Cochin Inscriptions, Travancore Archaeological Series, vol – 6, Part – 2, Trivandrum, Reprint, 2003, 190.

2. ഭക്നുപ്ത പ്രതിഷ്ഠഃ ദത്ത ദ്രവ്യർദ്ധി സമൃക്കലി തജനമുദവ്യാജന വ്യാലയസ്ഥം ഭൂയശ്ലിഷ്ട ബന്ധം ശിവകൃത ചതുർത്ഥാഭിഷെകാതി തുഷ്ടം

# അദ്ധ്യായം – 3

# കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരമായ പഠനം.

ഭൂതകാലത്തെ സംബന്ധിക്കുന്ന അറിവുകളെയാണ് ചരിത്രം എന്ന് വിളിക്കുന്നത്. ഇവ പൂർണ്ണാർത്ഥത്തിൽ ഒരു പുനർനിർമ്മിതിയാണ്. ലഭ്യമായ തെളിവുകളുടെയും അറിവുകളുടെയും അടിസ്ഥാനത്തിൽ പൂർവ്വകാലത്തെ ജീവിതം എന്തായിരുന്നു എന്ന അന്വേഷണം കൂടിയാണത്. ചരിത്രനിർമ്മിതിക്ക് ആവശ്യമായ ഉപാദാനങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയവ ശാസനങ്ങളാണ്. വ്യക്തിക്കോ, സ്ഥാപനങ്ങൾക്കോ അധികാരങ്ങളോ അവകാശങ്ങളോ അനുവദിച്ച് നൽകുകയും, ആരാധനാലയങ്ങളിലോ ഇതരസ്ഥാപനങ്ങളിലോ അധികാരവത്കരണം നടത്തുകയും, വഴിപാടുകൾ ഏർപ്പെടുത്തുകയും, ഭൂവിനിമയം നടത്തുകയും, ചെയ്തതെല്ലാം ആദ്യം പനയോലയിൽ തയ്യാറാക്കി അവയുടെ പ്രാധാന്യമനുസരിച്ച് ആരാധനാലയങ്ങളിലെ പ്രാധാന്യമേറിയ ഇടങ്ങളിൽ ശിലകളിലും, അല്ലാത്ത പക്ഷം ചെമ്പോലകളിലും സൂക്ഷിച്ചു വരുന്ന പതിവുണ്ടായിരുന്നു. ഈ രേഖകളെ പൊതുവിൽ ശാസനങ്ങൾ എന്നു വിളിക്കുന്നു. ശിലാലിഖിതങ്ങളും ചെമ്പോല ലിഖിതങ്ങളും സവിശേഷമായ രണ്ടവസ്ഥയെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ശിലാ ലിഖിതങ്ങൾ തുറന്ന വ്യവസ്ഥയുടെയും ചെമ്പോലകൾ കുറേക്കൂടി അടഞ്ഞ വ്യവസ്ഥയുടെയും പ്രതീകങ്ങളാണ്. ലിഖിതമേഖല സന്ദർശിക്കുന്ന ആർക്കും

സന്ദർശിക്കുവുന്ന ഇടങ്ങളിലാണ് ശിലാലിഖിതങ്ങൾ സ്ഥാപിക്കുക. ഇതിനെയാണ് തുറന്ന വ്യവസ്ഥ എന്നതു കൊണ്ട് അർത്ഥമാക്കിയത്. ചെമ്പോല ലിഖിതങ്ങൾ അധികാരികൾ രഹസ്യമായാണ് സൂക്ഷിക്കുക. അവ എത്ര, എവിടെയെല്ലാമുണ്ടെന്ന് തീർച്ചപ്പെടുത്താൻ കഴിയാഞ്ഞത് ഇക്കാരണത്താലാണ്. അവകാശങ്ങളും അധികാരങ്ങളും അനുവദിച്ച് നൽകുന്നതും ഭൂവിനിമയങ്ങളുമാണ് ചെമ്പോല ലിഖിതങ്ങളിൽ ഉള്ളത്. ഇവയുടെ സംരക്ഷണ രീതി തന്നെയാണ് അടഞ്ഞ വ്യവസ്ഥ എന്നതുകൊണ്ട് അർത്ഥമാക്കിയത്.

പൊതുവർഷം ഒമ്പാതാംനൂറ്റാണ്ടു മുതൽക്കുള്ള ലിഖിതരേഖകളെയാണ് പൊതുവിൽ കേരളീയ രാജാക്കന്മാരുടെ ശാസനങ്ങൾ എന്ന പേരിൽ വ്യവഹരിക്കുന്നത്. എന്നാൽ ഇതിനേക്കാൾ പഴക്കമുള്ള ബ്രാഹ്മി ലിഖിതങ്ങളും കേരളത്തിലുണ്ട്. വയനാട് ജില്ലയിലെ എടക്കൽ ഗുഹയിലെ ബ്രാഹ്മി ലിഖിതങ്ങൾ, കണ്ണൂർ ജില്ലയിലെ തൊവരിയിലെ ബ്രാഹ്മി എഴുത്തുകൾ, പട്ടണം ഉദ്ഖനനത്തിന്റെ ഭാഗമായി ലഭിച്ച മൺപാത്ര ശകലങ്ങളിലെ ബ്രാഹ്മി രേഖപ്പെടുത്തലുകൾ എന്നിവ കുറേക്കൂടി പുറകിലേക്ക് നമ്മുടെ ലിഖിത രേഖകളുടെ ചരിത്രത്തെ നയിക്കാൻ പര്യാപ്തമാണ്. ലിപിപരമായ സവിശേഷതകൾ ഇവ പൊതുവർഷം ആറാം നൂറ്റാണ്ടിനു മുമ്പ് ഉണ്ടായവയാണെന്ന അനുമാനത്തിലേക്കാണ് നയിക്കുന്നത്. ഈ ലിഖിത ദാതാക്കൾ ഇവിടെ നാടുവാണവർ തന്നെയാണ്. ഇതിന്റെ തുടർച്ചയാണ് പൊതുവർഷം ഒമ്പതാം നൂറ്റാണ്ടു മുതൽ ലഭ്യമായ വട്ടെഴുത്തു ലിഖിതങ്ങൾ.

വട്ടെഴുത്തു ലിഖിതങ്ങൾ പ്രാചീന തമിഴകത്തിന് പൊതുവായിരുന്നു. ചോളന്മാരുടെ ആധിപത്യകാലത്ത് തമിഴ്ലിപിക്ക് പ്രചാരം നൽകുകയും വട്ടെഴുത്തു ലിപി ചേര, പാണ്ഡ്യ ദേശങ്ങളിൽ മാത്രമായിത്തീരുകയും ചെയ്തു. അതിനാൽ ചേര പാണ്ഡ്യ ലിപി എന്ന പേരിലും വട്ടെഴുത്ത് അറിയപ്പെടുന്നു[102]. പൊതുവർഷം ഒമ്പതു മുതൽ പതിനാല്വരെയുള്ള നൂറ്റാണ്ടുകളാണ് കേരളത്തിൽ വട്ടെഴുത്ത് ലിഖിതങ്ങളുടെ കാലം. പതിനാറു മുതൽ ഇരുപതുവരെയുള്ള നൂറ്റാണ്ടുകൾ

---

[102] E. Hultzch, Cochin Plates of Bhaskara Ravivarman, Epigraphia Indica, Vol – 3, Reprint, 1979, New Delhi, P. 66.

കോലെഴുത്ത്, മലയാളം ലിപികളുടേതുമാണ്. കേരളീയ ലിഖിതങ്ങളുടെ പഠനം യൂറോപ്യരിലൂടെയാണ് ആരംഭം കുറിച്ചത്. ഡച്ച് പാതിരിയായ ജേക്കബ് കാന്റർ വിഷർ, ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന ഫ്രാൻസിസ് ബുക്കാനൻ, ക്രിസ്തീയ പഠന ഗവേഷകനായിരന്ന ക്ലൗഡിയസ് ബുക്കാനൻ, എന്നിവർ തദ്ദേശീയരുടെ സഹായത്തോടെ കേരളീയ ശാസനങ്ങളിലെ ഉള്ളടക്കം മനസ്സിലാക്കാൻ ശ്രമിച്ചവരാണ്. എഫ്. ഡബ്ലിയു എല്ലിസ് ആണ് സ്വതന്ത്രമായി ഒരു മലയാള ലിഖിതത്തെ ആദ്യമായി പഠനവിധേയമാക്കിയത്. ഇവയ്ക്കെല്ലാം ശേഷമാണെങ്കിലും സമഗ്രമായ രീതിയിൽ ദേശചരിത്രം വ്യാഖ്യാനിക്കാൻ ലിഖിതങ്ങളെ ഉപയോഗിച്ചത് ഹെർമ്മൻ ഗുണ്ടർട്ടാണ്[103]. അദ്ദേഹം പുരാതന ലിപിപഠനം ചരിത്രനിർമ്മിതിയിൽ പ്രാധാന്യമേറിയതാണെന്ന് തിരിച്ചറിയുകയും കേരളീയരെ പ്രോത്സാഹിപ്പിക്കാനായി പശ്ചിമോദയത്തിൽ ലേഖനം എഴുതുകയും ചെയ്തു[104]. ഇന്ത്യൻ ആന്റിക്വറിയുടെ എഡിറ്ററായിരുന്ന ഏ. സി. ബേർണൽ, എപ്പിഗ്രഫിയ ഇൻഡിക്കയുടെ എഡിറ്ററായിരുന്ന ഇ. ഹൂൾഷ്, കൊച്ചി രാജ്യ ചരിത്രം രചിച്ച കെ. പി. പത്മനാഭമേനോൻ എന്നിവർ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ ലിഖിതങ്ങളെ ആസ്പദമാക്കി പഠനം നടത്തിയവരാണ്. 1899 ൽ തിരുവിതാംകൂർ ഗവൺമെന്റ് പുരാവസ്തു വകുപ്പ് ആരംഭിച്ചു. ടി. എ. ഗോപിനാഥ റാവുവിനെ ഗവൺമെന്റ് എപ്പിഗ്രാഫിസ്റ്റായി നിയമിക്കുകയും ഉണ്ടായി. ഇതോടെ 1908 മുതൽ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസ് പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും മലബാർ അതിർത്തികളിലേയും ലിഖിതങ്ങൾ ഇപ്രകാരം പഠനവിധേയമായി. കെ. വി. സുബ്രഹ്മണ്യ അയ്യർ, ഏ. എസ്. രാമനാഥ അയ്യർ, ആർ. വാസുദേവ പൊതുവാൾ എന്നിവരായിരുന്നു പിൽക്കാല എപ്പിഗ്രാഫിസ്റ്റുകൾ. ലിഖിതങ്ങൾക്ക് ഇവർ നൽകിയ ആമുഖ പഠനങ്ങൾ ചരിത്രപരമായ സാധ്യതകളെ വിലയിരുത്തുന്നവ ആയിരുന്നെങ്കിലും അപൂർണ്ണമായിരുന്നു. 1920 ൽ കൊച്ചിയിൽ പാലിയത്ത് അനുജൻ അച്ചന്റെ നേതൃത്വത്തിൽ പുരാവസ്തു വകുപ്പ് ആരംഭിച്ചു. ബുള്ളറ്റിൻ ഓഫ് രാമവർമ്മ

[103] Madras journal for Science and literature, Vol – XIII, Part – II, Madrass, 1844.
[104] ഹെർമ്മൻ ഗുണ്ടർട്ട്, പുരാതന കേരളാക്ഷരങ്ങൾ, പശ്ചിമോദയം.(1848).

റിസർച്ച് ബുള്ളറ്റിനിൽ ഏതാനും ലിഖിതങ്ങൾ ആമുഖപഠനത്തോടെ പ്രസിദ്ധീകരിക്കപ്പെട്ടു. വി. കെ. ഡി. നമ്പ്യാർ, വി. കെ. ആർ. മേനോൻ, ഏ. ഗോവിന്ദ വാര്യർ, കെ. ആർ. പിഷാരടി എന്നിവരാണ് പഠനങ്ങൾ പ്രസിദ്ധീകരിച്ചത്. ഇവയിലെ ചരിത്രപരമായ ഊഹങ്ങളെ സാഹിത്യ ലക്ഷ്യങ്ങളുടെയും ലിഖിതങ്ങളുടെ ഉള്ളടക്കത്തിന്റെയും അടിസ്ഥാനത്തിൽ യുക്തിപരമായി വ്യാഖ്യാനിക്കുന്നതിനുള്ള ശ്രമം വിജയകരമായി നടത്തിയത് പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയാണ്[105]. അദ്ദേഹത്തിന് ശേഷം മഹോദയപുരത്തെ പെരുമാക്കന്മാരുടെ ലിഖിതങ്ങളെ ആധാരമാക്കി പ്രൊഫസർ എം. ജി. എസ്. നാരായണൻ ഗവേഷണം നടത്തുകയും പ്രസിദ്ധീകരിക്കുകയും ഉണ്ടായി[106]. ഇവയെല്ലാം ഏകകാലിക പഠനങ്ങളായിരുന്നു. കേരളത്തിലെ പ്രസിദ്ധീകൃതമായ ലിഖിതങ്ങൾക്ക് മലയാള ലിപ്യന്തരണപാഠം നിർവ്വഹിച്ച് ഡോ. പുതുശ്ശേരി രാമചന്ദ്രൻ പ്രസിദ്ധീകരിച്ചു. സമഗ്രമായ സമീപനം എന്നിതിനെയും വിളിക്കാനാകില്ല. പലതും ലിപ്യന്തരണപാഠങ്ങൾ മാത്രമാണ്. രണ്ടാം ചേരസാമ്രാജ്യം എന്നു വിളിക്കപ്പെട്ട മഹോദയപുര പെരുമാക്കന്മാരുടെ കാലത്തിന് ശേഷമുള്ള ലിഖിതങ്ങൾക്ക് ചരിത്രപരമായപഠനം ലഭിച്ചിട്ടില്ല. അതിനുള്ള ശ്രമമാണ് ഈ അദ്ധ്യായം.

### 3.1 കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ ഉള്ളടക്കം

കൊച്ചിരാജ്യത്തെ ലിഖിതങ്ങളെ പ്രാഥമികമായി വട്ടെഴുത്തുലിഖിതങ്ങൾ കോലെഴുത്തുലിഖിതങ്ങൾ മലയാളംലിഖിതങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നു. തയ്യാറാക്കപ്പെട്ട ലിപി മാത്രമാണ് ഈ തരംതിരിവിന് ആധാരം.

1. വട്ടെഴുത്തുലിഖിതങ്ങൾ
2. കോലെഴുത്തുലിഖിതങ്ങൾ
3. മലയാളംലിഖിതങ്ങൾ

---

[105] ഇളംകുളം കുഞ്ഞൻപിള്ള, ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ, എഡി: ഡോ. എൻ. സാം, അന്താരാഷ്ട്ര കേരള-പഠനവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം, 2005.
[106] M. G. S. Narayanan, Perumals of Kerala, Cosmo books, Thrissur, Second Edition, 2013.

### 3.1.1 വട്ടെഴുത്തുലിഖിതങ്ങൾ

വട്ടെഴുത്തു ലിപിയിൽ തയ്യാറാക്കിയ ഈ ലിഖിതങ്ങൾ മിശ്രലിപി ലിഖിതങ്ങളാണ്. ദ്രമിഡസങ്കാതാക്ഷരങ്ങൾ വട്ടെഴുത്തിലും അല്ലാത്തവ ഗ്രന്ഥലിപിയിലും ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൂർണ്ണമായും ഗ്രന്ഥ ലിപിയിൽ തയ്യാറാക്കിയ ലിഖിതങ്ങൾ കൊച്ചിരാജ്യത്തു നിന്നും ലഭ്യമല്ല. ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ അഞ്ചായി തരം തിരിച്ചിരിക്കുന്നു.

1. മഹോദയപുര പെരുമാക്കന്മാരുടെ ലിഖിതങ്ങൾ
2. നാടുവാഴികളുടെ ലിഖിതങ്ങൾ
3. സ്ഥാപനങ്ങൾ നടത്തിയ ഏർപ്പാടുകൾ
4. വ്യക്തികളുടെ ഏർപ്പാടുകൾ
5. അപൂർണ്ണ ലിഖിതങ്ങൾ

### 3.1.1.1 മഹോദയപുര പെരുമാക്കന്മാരുടെ ലിഖിതങ്ങൾ

പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ പഠനങ്ങളിൽ മഹോദയപുര കുലശേഖരന്മാർ എന്നും[107], പ്രൊഫസർ എം. ജി. എസ്സ്. നാരായണന്റെ പഠനത്തിൽ പെരുമാക്കന്മാർ[108], പെരുമാൾ എന്നും വിളിക്കപ്പെട്ട ഈ വിഭാഗം പൊതുവർഷം ഒമ്പതിനും പന്ത്രണ്ടിനും ഇടയിലുള്ള കാലത്ത് കേരളത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളെയും ഉൾക്കൊള്ളുന്ന ഒരു രാജ്യത്തിന്റെ അധികാരികളായിരുന്നു. ഭൂവിനിമയങ്ങൾ, ക്ഷേത്രത്തിലേക്കുള്ള ദാനങ്ങൾ, അവകാശ/അധികാര ദാനം, കച്ചം ഏർപ്പാടുകൾ എന്നിവയാണ് ഇവയുടെ പൊതു സ്വഭാവം. പെരുമാൾ നേരിട്ട് പങ്കെടുത്ത് നൽകിയെന്ന് തീർച്ചപ്പെടുത്താവുന്ന ഏക ലിഖിതം ജൂതശാസനമാണ്. മറ്റുള്ളവയിൽ, കാലഗണനയ്ക്ക് രാജ്യാധിപന്റെ ഭരണകാലവും, അദ്ദേഹത്തിന്റെ

107 ഇളംകുളം കുഞ്ഞൻപിള്ള, ചേരസാമ്രാജ്യം ഒമ്പതും പത്തും നൂറ്റാണ്ടുകളിൽ, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, രണ്ടാംപതിപ്പ്, 1970, പു – 9,10.

108 M. G. S. Narayanan, Perumals of Kerala, Cosmo books, Thrissur, Second Edition, 2013.

അധികാരത്തെ അംഗീകരിക്കുന്നതിന് പ്രാമാണ്യം നൽകുകയും ചെയ്യുന്ന ലിഖിതങ്ങളാണിവ.

#### 3.1.1.1.1 ഇരിങ്ങാലക്കുട കൂടൽമാണിക്യം സ്ഥാണു ഇരവി വട്ടെഴുത്തു ശിലാലിഖിതം

രാജാവ് സ്ഥാണു രവിയുടെ പതിനൊന്നാം ഭരണവർഷത്തിലേതാണീ ലിഖിതം. സർവം മംഗളമാകട്ടെ, സ്ഥാണു രവിയുടെ ഈ പതിനൊന്നാം ഭരണവർഷത്തിൽ ഇരുങ്കാടിക്കൂടലിലെ പരടൈയാരും ഇളൈയാരും തൃക്കൈക്കീഴിൽ കൂടിയിരുന്ന് പരസ്പരം വിരോധമില്ലാതെ ചെയ്ത ശപഥം ആണിത്. ഇരിടാറ്റിന് പടിഞ്ഞാറ്, കുട്ടങ്കൊള ചിറക്ക് വടക്ക്, പരടാറ്റിന് കിഴക്ക്, ആറ്റിനു തെക്ക്, തെക്കേ അതിരിനെപ്പറയുന്നഭാഗത്തെ അക്ഷരങ്ങൾ നഷ്ടപ്പെട്ടു. ഈ നാലതിരിനകത്തുള്ള ഭൂമിയിൽ ഒറ്റിവെക്കാനോ ഒറ്റികൊള്ളാനോ പാടുള്ളതല്ല. അടൈയഴവും (നികുതിയിളവ്) പാടുള്ളതല്ല. അങ്ങനെ ചെയ്യുന്നവരുമായും അടൈയഴവു പാടില്ല. അവരോടു ചേർന്നുള്ള അർത്ഥവും പാടില്ല. ഈ വിലക്കുകൾ ലംഘിക്കുന്നവർ സ്വന്തം അമ്മയെ കൊന്ന പാതകരായി പരിഗണിക്കപ്പെടും. ഈ പാതകരോട് ഇടപെടുന്നവരും ഇതേ പാതകം ചെയ്തവരായി പരിഗണിക്കപ്പെടും.

#### 3.1.1.1.2 അയിരാണിക്കളം കോത ഇരവി വട്ടെഴുത്തു ശിലാരേഖ

രാജാവ് ഗോദ രവിയുടെ പതിമൂന്നാം ഭരണവർഷത്തിലേതാണീ ലിഖിതം. ശ്രീ പരമേശ്വര സ്വസ്തീശ്വര നാട് ഊരാരും തളി അധികാരികളുടെ പ്രതിനിധിയും സേനാപതിയും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയായ വിശ്വസ്ത സഹപ്രവർത്തകനും ഇരുപത്തൊരുവർ കഴിയുന്ന ദേവൻ ആളുന്ന കോവിലും ഉല്കും ഓണനെയ്യ് ഉരമവും പൊന്നും അധികാരപ്പെട്ട പുലയരിലെ പ്രമുഖരും മറ്റും ഈ രണ്ടൂരിനും അടുത്തുള്ള കാടും കരയും കുഴിയും മതിലും, കീഴ്വായനും മേൽവായനും മറ്റും ഈ രണ്ടൂരിനും അകത്തുള്ളവയെല്ലാം, മുള്ളും മുയറും മൂർക്കൻപാമ്പും കല്ലും കരിടും കാഞ്ഞിരക്കുറ്റിയും ഇവയിലുൾപ്പെട്ട ഈ വകകൾ അടക്കം ഉൾപ്പെടുത്തി ഭട്ടാരകരും അധികാരികളും ഈ ഏർപ്പാട് തരപ്പെടുത്തിയ

അധികാരികളും ഈ രണ്ടൂരിലും ഉള്ള പതിയേയും കുടിയേയും ഉള്ളിലിരുത്തി മാവറ (മതിപ്പുവില) കൊടുത്ത് മുതലറ (ഭൂമി) അട്ടിപ്പേറായി കൊടുത്തു. ഇപ്രകാരം ഏർപ്പാടു നടത്തിയത് ഇരവി പിരാട്ടിയാണ്. അവർ നടത്തിയ ഈ ഏർപ്പാടിലേക്കായി ഭട്ടാരകരേയും തളി അധികാരികളേയും ഈ രണ്ടൂരിന്റെയും അധികാരികളേയും കുടികളേയും ഉള്ളിൽ വെച്ച് അയിരാണിക്കളത്തെ ഊരാളുന്നവർക്ക് ഭൂമി കീഴീടായി അവകാശപൂർവ്വം നൽകിയിരിക്കുന്നു. ഇരവി പിരാട്ടി ഈ ഭൂമിക്കായുള്ള രക്ഷാഭോഗം നൽകുന്നതിനും കടപ്പെട്ടിരിക്കുന്നു. അയിരാണിക്കളത്തെ പെരുന്തിരുക്കോവിൽ ഭട്ടാരകർക്ക് നിവേദ്യത്തിനായി നിത്യം മുന്നാഴി അളക്കാവുന്ന നാഴിയാൽ നാഴി അരി നൽകേണ്ടതിലേക്ക് ഇടങ്ങഴിയാൽ പന്ത്രണ്ടു കലം നെല്ലും ഒരു നന്താവിളക്കിനായി ഇടങ്ങഴിയാൽ പന്ത്രണ്ടു കലം നെല്ലും തിരുവമൃതിനായി നിത്യേനെ ആഴക്കു നെയ്യും വേണം. ഇതിന് ഒരു വർഷത്തേക്ക് വേണ്ടുന്ന പൊന്ന് പതിനഞ്ച് കാണത്തിനായി നെല്ല് മുന്നൂറു നാഴിയും ശാന്തി അടികൾക്ക് കണ്ടു (നേരിട്ട്) കൊടുക്കണം. പത്തു കാണം പൊന്നിനായി ഇരുനൂറ് നാഴി നെല്ല് നിത്യം നൽകണം. ഇത് നിത്യേനെ ക്ഷേത്രനടയിൽ അളക്കാനും കടപ്പെട്ടിരിക്കുന്നു. ആണ്ടിൽ ഇടങ്ങഴിയാൽ നൂറു നാഴി ഏറ്റി ഇടങ്ങഴിയാൽ മുപ്പതു കലം നെല്ലും ശാന്തി അടികളുടെ കൈവശം ആ ഊരിലെ കളത്തിൽ അളന്നു കൊടുക്കാൻ ഇരവി പിരാട്ടി കടപ്പെട്ടിരിക്കുന്നു. ശാന്തി അടികളല്ലാതെ മറ്റാരും ഈ നെല്ല് കൈക്കൊള്ളാൻ പാടുള്ളതല്ല. ശാന്തി അടികൾ തന്റെ കുറവിനാൽ ചെന്ന് നെല്ല് സ്വീകരിക്കാതെ നിൽക്കുകയും ഈ നില അഞ്ചു വർഷത്തിനപ്പുറം തുടരുകയും ചെയ്താൽ നൂറു നാഴി മുന്നിൽ കൊടുക്കാൻ ഇരവി പിരാട്ടി കടപ്പെട്ടവളായിത്തീരുന്നു. ഈ നെല്ല് ഊരാളന്മാർ കൈക്കൊണ്ടാലും പിഴയൊടുക്കണം. കൂടാതെ അവർ അട്ടിപ്പേറായുള്ള ഭൂമിയിൽ തേടുന്നതും കുടിയിൽ ഏറുന്നതും കുടിയിരിക്കുന്നതും പുരകളിൽ കുടികളിലെ ആളുകളെ കൊള്ളുന്നതും ആടൈ ഉഴവുമെല്ലാം വിലക്കപ്പെട്ടിരിക്കുന്നു. ഈ ഊരിനൊരു വ്യസനം വന്നാൽ അതിന് താങ്കൾ ഊരിൽ ചെന്ന് ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം വിലക്കപ്പെട്ടിരിക്കുന്നു. ഈ വിധം പരാമർശിക്കപ്പെട്ട ഭൂമിയിലെ കുടിയിലുള്ള മൂത്തവളെ, വാഴുന്നവരുടെ മകളെ വിവാഹം ചെയ്താലും ഈ ഭൂമിയിൽ

ചെല്ലുന്നതും ഒറ്റി വെക്കുന്നതും ഊരാളന് വിലക്കപ്പെട്ടിരിക്കുന്നു. ഈ ഊരാൽ എല്ലാ തരത്തിലും ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച് ഒരു ഇടയീട് ചെയ്യുന്നതും, ഈ ഊരിന് തിന്മ വരുത്തുന്നത് ചെയ്യുന്നതും പറയുന്നതും ഊരാളർക്ക് വിലക്കപ്പെട്ടിരിക്കുന്നു. ഈ വിലക്കുകൾ തെറ്റിച്ച് ഇപ്രകാരം ചെയ്യുന്ന ഊരാളൻ മൂഴിക്കളത്തെ ശപഥത്തെ പിഴച്ച് ഊരിന് ഇടയീട് കെട്ടവനായിത്തീരും. ഈ ഊരിലെ കുടികളറ്റ് കരഭൂമി ഈ ഊരിനണയാതെ വരികയാണെങ്കിലും അന്ന് പുറമെയുള്ളവർക്കു വിൽക്കുന്നതും ഒറ്റിവെക്കുന്നതും വിലക്കപ്പെട്ടിരിക്കുന്നു. അങ്ങനെ വന്നാൽ കോവിൽ ഭൂമി കോവിലേറും. ഇപ്രകാരം ഇരവിപിരാട്ടിയേയും അവരുടെ സന്തതികളേയും ഊരാരറിയും വിധം ഏർപ്പാട് ചെയ്തിരിക്കുന്നു.

### 3.1.1.1.3 നെടുമ്പുറം തളി കോത ഇരവി വട്ടെഴുത്തു ശിലാരേഖ

രാജാവ് ഗോദ രവിയുടെ പതിനേഴാം ഭരണവർഷത്തിലേതാണീ ലിഖിതം. വ്യാഴം മിഥുന രാശിയിൽനിന്ന ഇക്കാലത്ത് നിത്യവിചാരേശ്വരത്തെ തളിയാരും തളിയധികാരികളും വെൺപൊലിനാടുടയവനായ കോത ഇരവി ഉൾപ്പാട്ടിൽ നെടുമ്പുറത്ത് എഴുന്നരുളിയിരുന്ന് ചെയ്ത കച്ചമാകുന്നത്. ഉഗ്രമംഗലവും ഈശാനമംഗലവും ചെന്ന നടയ്ക്കു കൂടിയതാണിത്. (മറ്റൊരു പ്രദേശനാമം ആരംഭിക്കുന്ന വാക്കുകൾ നഷ്ടമായി) ചൈനുത്താഴ്വാരത്തു കടുലപാട്ടം അളക്കാൻ കടപ്പെട്ടിരിക്കുന്ന നെല്ല് ഇടങ്ങഴിയാൽ മുന്നൂറ് കലം. ഇതിൽ നിന്നും തിരുവമൃതിനായുള്ള അകമ്പടിക്കായി (മുൻകൂറായി) ഒരാണ്ടിലേക്ക് വേണ്ടുന്ന നെല്ല് നൂറ്റിയൊമ്പതു കലം ഇരുപതുനാഴി. പകുവിലയ്ക്ക്, ഈ വകയിലേയ്ക്ക് എണ്ണൂറ് നാഴി. കരതരവികട നങ്കമാർക്ക് അരിക്കായി നൂറ്റിപ്പതിനാലു കലം അമ്പതു നാഴി. കാരാളനും ഒരവിയനും കൂടി പതിനാറ് കലം എൺപതു നാഴി. നങ്കമാർക്ക് തമ്മവ്യം അമ്പത്തിന് നിത്യേന ആളിയങ്കോടുക്കും പരിചിനായി നാഴി അരിയും ഇരു നാഴിയും. നാ നട്ടുവന് ജീവിതവൃത്തിയായി കൊടുക്കും നെല്ല് ഇടങ്ങഴിയാൽ ഇരുപതു കലം. നമ്പിനാകർ വാഴ്ക്കയ്ക്കായി നിത്യേന നൽകേണ്ടുന്ന അരി നാഴിയുരി. ആകെ എത്തേണ്ടുന്ന മൂന്നു നാൾ പങ്കിൽ ഒന്നു നിത്യം അഞ്ചു നാഴിയരിയും ശാന്തിക്ക്, കാണം പൊന്നും ഇതോടൊപ്പം. നിത്യേന ഒരു പിടി നെയ്യ്

നെയ്യെറുകും പടക് മൂന്നു കാണം പൊന്നും ഇതോടൊപ്പം. പലാക്കാട്ടു ചേരിയും നെടുങ്കാടും താഴപ്പത്തി ഭൂമിയും കുറുവയലും പള്ളിപ്പുറവും വെങ്കാവനൂരും മാടമണ്ണും മാറലും ഇളൈയനൂരും ഈശാനമംഗലത്തു മാടമ്പി ഭൂമിയും, ഈ ഭൂമികളിൽ നിന്നും ലഭിക്കുന്ന നികുതിയിൽനിന്നും ക്ഷേത്രത്തിൽ മുട്ടാവിളക്ക് (നിത്യവിളക്ക്) അട്ടണം. ഇവയെക്കൊണ്ട് നൽകുന്ന മുട്ടാവിളക്കിൽ ഒന്ന് പുതുവായാലും വലുതായൊന്ന് മാസത്തിലും, ഭൂതബലിക്ക് മാസം തോറും പന്ത്രണ്ട് നാഴി അരിയും നൽകണം. പെരുമണകാട്ടാറ്റ് നിന്നും പന്ത്രണ്ട് പങ്ക് നെയ്യ്, പെരുമ്പുറപാറ്റ പന്ത്രണ്ട് പങ്ക്, ഗണപതി അളയടത്താൽ അറുപത്തിരണ്ടു പുരയിടത്തിൽ നിന്നും നാലു പങ്ക്, ചിറുകൊട്ടാരെ എട്ടു പങ്ക്, ഈ ഇട്ടിയെക്കാടർ പുരയിടവും നാരായണൻ ചാത്തൻ പുരയിടവും ചേർന്ന് രണ്ടു പങ്ക്. ഇതിനായേർപ്പാടാക്കിയ ഭൂമികളെക്കുറിച്ച് പറയുന്നു, തുടക്കത്തിലെ ചിലവാക്കുകൾ നഷ്ടപ്പെട്ടു. . . . . ടാക്കാൽക്കൽ കൺകാണിക്കാടും കഴക്കിട്ട ഭൂമിയിൽ നിത്യേനെ . . . പണിചെയ്യാൻ കടപ്പെട്ടിരിക്കുന്നു. ഒരു പണി മുടങ്ങിയാൽ ഇടങ്ങഴിയാൽ നാഴിയരി ഒരു തവണ. ഇതും മുടങ്ങിയാൽ രണ്ടരക്കാണം പൊന്ന്. ഇവ രണ്ടും മുടങ്ങിയാൽ എട്ടരക്കാണം പൊന്ന് ദണ്ഡമായി നൽകണം. (ഇവിടെയുള്ള കുറച്ചു വാക്കുകൾ നഷ്ടപ്പെട്ടിരിക്കുന്നു) അറയും പുറയും . . . . തച്ചിന്നിട്ടതു അത്തിയക്കുഴി നെയ്യാൽ ഉരി തിരുക്കോവിലിലേക്ക് കൊടുക്കണം. അധികാരിയുടെ കുറവുകൊണ്ട് ആരാധന മുടങ്ങിയാൽ പന്ത്രണ്ടു കാണം പൊന്ന് ദണ്ഡമായി നൽകണം. ശാന്തി അടികൾക്കും ഇതേ പിഴക്ക് ഇതേ ദണ്ഡം തന്നെയാണ്. ചിത്തിര വിടുന്നവരും കൂടിയാൽ ശാന്തിയും ഇതിൽ കൂടി (കുറച്ചു വാക്കുകൾ നഷ്ടപ്പെട്ടു. നഷ്ടപ്പെട്ട ഭാഗത്തെ പിഴയ്ക്കുള്ള ദണ്ഡം സൂചിപ്പിക്കുന്നു.) പെരുമാൾക്ക് പുന്നയാൽ ഇരുപതു പലം ചന്ദനം, തളിപ്പുറത്തതിൽ അംഗവർ വിലക്കപ്പെട്ടിരിക്കുന്നു. ഈ കച്ചം പിഴക്കുന്ന തളിയാരും അധികാരികളും വെവ്വേറെ ഇരുപത്തഞ്ച് കഴഞ്ച് ചെമ്പൊൻ ദണ്ഡമായി നൽകണം. ഈ ദണ്ഡം ഏർപ്പാടാക്കിയ ദിവസത്തെ സമ്മതികാരം ചെയ്യുന്നതു വിലക്കിയിരിക്കുന്നു. ഇന്നേക്ക് കലിയുഗം നാലായിരത്തി മുപ്പത്. ഇത് കൊല്ലവർഷം 104 നും പൊതുവർഷം 929 നും സമമാണ്.

### 3.1.1.1.4 അവിട്ടത്തൂർ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

രാജാവ് ഗോദ രവിയുടെ ഇരുപതാം ഭരണവർഷത്തിലേതാണീ ലിഖിതം. ഈ വർഷത്തിൽ കന്നിയിൽ വ്യാഴം നിന്ന വൃശ്ചിക മാസം ആവട്ടിപുത്തൂരെ ആയിരത്തവരും, ഇരുപത്തേഴുവരും, രണ്ടു കുടികളിലെ പൊതുവാൾമാരും തൃക്കൈക്കീഴിൽ കൂടിയിരുന്ന് വിരോധമില്ലാതെ ചെയ്ത കച്ചമാണിത്. ചേരമാൻ മഹാദേവിയരുടെ കരക്കലം ഭൂമി ആവട്ടിപുത്തൂർക്ക് കീഴീട് ചെയ്തു. ഇതിനുള്ള രക്ഷാഭോഗമായി നൽകിയിട്ടുള്ളവ, ആവട്ടിപുത്തൂർ പെരുംതൃക്കോവിലിലെ ശാന്തിയടിക്ക് നിത്യേന നാഴിയാൽ (ഏതു തരം നാഴിയെന്ന് വിവരിക്കുന്ന അക്ഷരങ്ങൾ നഷ്ടപ്പെട്ടു) ഇരു നാഴിയരി ആണ്ടോടാണ്ട് കൊടുക്കണം. ഇതിലേക്കായി നെൽ ഇരു നാഴി എന്നു തുടങ്ങിയതിനു ശേഷമുള്ള കുറച്ചക്ഷരങ്ങളും നഷ്ടമായി. ഈ നെല്ല് ആണ്ടു തോറും സംക്രാന്തിനാളിൽ മുടങ്ങാതെ ഒരു തവണ എന്ന വീതം നൽകണം. അധികാരപ്പെടാത്തൊരാൾ ഈ നെല്ല് വാങ്ങുന്നതും, വാങ്ങി മറ്റൊരാൾക്ക് കൊടുക്കുന്നതും പാടുള്ളതല്ല. കീഴീടായി നൽകിയ ഊരിനൊരു വ്യസനം വന്നു എന്നു കേൾക്കുന്ന ഊരാളനും പൊതുവാളും ഒരുത്തർ മറ്റൊരുത്തരെ ശംഖു വിളിച്ചറിയിച്ച് കൂടിച്ചെന്നാ വ്യസനം തീർത്തു കൊടുക്കണം.അതേ ഊരിന് ഒരഴിവ് വന്നാൽ, വന്ന സമയത്തു തന്നെ ശാന്തിയടികൾ നിർമ്മാല്യം മുടക്കിവെച്ച്, താൻ നേരിട്ട് ചെന്ന് വ്യസനം തീർത്തു കൊടുക്കാൻ കടപ്പെട്ടവനാണ്. ഈ ഊരിൽ ഊരാളനും പൊതുവാളും അനധികൃതമായി പ്രവേശിക്കുന്നതും, മുതൽ കൈക്കലാക്കുന്നതും പാടുള്ളതല്ല. തുടർന്നു പറയുന്ന ഭാഗത്തെ കുറച്ചക്ഷരങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു, ഇവിടെ ആട കൊള്ളുന്നതും കട്ടിലേറുന്നതും, ഈ ഊരിലെ കുടികൾക്ക് ഒരു നന്മയോ തിന്മയോ ചെയ്യുന്നതും പാടുള്ളതല്ല. ഈ ഊരിലെ ഉടയവരായവർ തങ്ങൾക്ക് അധികാരമുള്ള കുടികളെപ്പോലും മുൻനിർത്തി പലിശയും പണയവും പാടുള്ളതല്ല. ഊരാളനും പൊതുവാളിനും ഈ വിലക്ക് ബാധകമാണ്. ഇപ്രകാരം പ്രവർത്തിക്കുന്ന ഊരാളൻ കടംകാട്ടു കച്ചം പിഴച്ച് ഊരിന്റെ ഇടയീട് നഷ്ടമായി സ്ഥാനവും പരിഷയും വിലക്കപ്പെട്ടവരായിത്തീരും. ഇക്കാര്യങ്ങൾ ഓലയിൽ എഴുതിയിരിക്കുന്നത് കല്ലിൽ

എഴുതി ഊരാകെ നാട്ടുന്നതിന് ഇളമൺ ശ്രീധരൻ അഷ്ടമൂർത്തിയേയും, കോട്ടകാരപ്പാട്ട് കണ്ടൻ കുമരനെയും, പഴുവൂർ രവി ശങ്കരനേയും ചുമതലപ്പെടുത്തിയിരിക്കുന്നു. ഇവർക്ക് നൽകേണ്ടുന്ന രക്ഷാഭോഗത്തി നേർപ്പാടാക്കിയത് ശാന്തിയടികളുടെ പ്രവൃത്തിയാൽ കൊള്ളാതൊഴിഞ്ഞാൽ ഏറിയത് അടുത്ത വർഷം കൊടുക്കാൻ ഊരുടയവന്മാർക്ക് ബാധ്യതയില്ല. ഈ പ്രകാരം അറിയുന്നവർ, മൈലായൻ പള്ളിക്കടമ്പ് നാരായണൻ, കാരിമുക്കിൻ കോത, വേമ്പഴം നെന്മലിമംഗലത്തു കണ്ടൻ തായൻ, കായമറ്റത്തു കണ്ട നാരായണൻ, കണ്ണൻകുഴെ കണ്ണിനാരായണൻ, കാണനൂർ ശങ്കര നാരായണൻ എന്നിവരാണ്.

### 3.1.1.1.5 തൃപ്പൂണിത്തുറ സന്താനഗോപാലേശ്വരം വട്ടെഴുത്തു കോത ഇരവി ലിഖിതം

രാജാവ് ഗോദ രവിയുടെ ഭരണവർഷം മുപ്പത്. ആ വർഷം ഇരവി ആദിത്യൻ ഏർപ്പാടാക്കിയതിൽ പിച്ചപ്പാടെയാരും പൊതുവാളും കൂടി വിരോധമില്ലാതെ ഇരവി ആദിത്യൻ ഉള്ളിലിരുന്ന് ചെയ്ത കച്ചമാണിത്. തൃപ്പൂണിത്തുറ ഭട്ടാരകരുടെ തിരുവാരാധനാ ശാന്തികളുടെ തലയായ (മുതിർന്ന) ചിക്കോൽ കടയായ ഇടയും പരിഷയാരായ താങ്കൾ വിലക്കാൻ പാടുള്ളതല്ല. വിലക്കുന്നവരെ പലയ (അരി അളവു വാങ്ങുക) ചെയ്യാൻ അനുവദിക്കുന്നതല്ല. ദേവസ്ഥാനത്ത് അനധികൃതമായി പ്രവേശിക്കുന്നതും മുതലുകൾ കവർന്നെടുക്കുന്നതും പാടുള്ളതല്ല. ഇപ്രകാരം ചെയ്യുന്നവർക്കും പലയ ചെയ്യാൻ പാടുള്ളതല്ല. ഈ കച്ചം ലംഘിക്കുന്ന പരിഷയാർ ക്ഷേത്രത്തിലേക്ക് പന്ത്രണ്ട് കഴഞ്ച് പൊന്ന് ദണ്ഡമായി നൽകണം. ക്ഷേത്രത്തിലേക്കുള്ള ഈ പൊന്ന് നൽകുമ്പോഴല്ലാതെ മറ്റാരും ഇവനോടു കൂടെ കർമ്മം ചെയ്യാൻ പാടുള്ളതല്ല. പരടയും കോയിലും വിരോധമില്ലാതെ ചെയ്ത കച്ചം ഇപ്രകാരം കുറിച്ചത് പൂണിത്തുറ ചാത്തൻ കുമരൻ.

### 3.1.1.1.6 തൃക്കാക്കര കേരള കേസരി പെരുമാൾ വട്ടെഴുത്തു ശിലാരേഖ

കേരളകേസരിപ്പെരുമാൾ ഭരണം നടത്തിവന്ന കാലത്ത് ചെയ്ത കച്ചം. ഭരണകാലം രേഖപ്പെടുത്തിയിടത്തെയും ഈ കച്ചം ചെയ്വിച്ചവരെയും പരാമർശിക്കുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി. ഈ കച്ചം അനുസരിച്ച് ഇവറ്റിനായുള്ള ഇളവയലും കരയും ചേർത്ത് ഇടങ്ങഴിയാൽ ഇരുനൂറ്റിനാൽപ്പതു കലം നെല്ല് അളന്നെടുത്തു കൊടുക്കാൻ അധികാരികൾ കടപ്പെട്ടിരിക്കുന്നു. ഇതിനെത്തുടർന്നുള്ള കുറച്ചക്ഷരങ്ങളും നഷ്ടമായി. തുടർന്ന്, (നൂറ്റി)ഇരുപതിൻ കലം നെല്ലും കാരാളൻ കൊള്ളണം. നേരത്തെസൂചിപ്പിച്ചതിലെ ഇടങ്ങഴിയാൽ നൂറ്റിത്തൊണ്ണൂറ്റിനാല് കലം നെല്ല് അളന്നത് ഭോഗത്തിനുള്ളതാണ്. ഇത് ഉല്പണിയായി (അകത്തെ പ്രവൃത്തി) കൊട്ടാരത്തിലേക്ക് നൽകണം. ഈ നെല്ലുകൊണ്ടു നടത്തേണ്ടുന്ന ചെല്ലും ചെലവും ആകുന്നത്; അരി, തിരുവമൃതിന് ആറു നാഴി, ഭൂതബലിക്ക് രണ്ടു നാഴി, ഒഴുക്കവിക്ക് ഒരു നാഴി, ശാന്തിക്ക് രണ്ടു നാഴി, തിരുവക്കിരത്തിന് ആറു നാഴി, മറ്റൊരു പ്രവൃത്തിക്കായുള്ള അരിയുടെ അളവു പറയുന്നു. ഈ ഭാഗത്ത് നാഴി എന്നതൊഴികെയുള്ള അക്ഷരങ്ങൾ നഷ്ടമായി, അക്കിരം നൽകുന്നവന് രണ്ടു നാഴി, ഇലയും വിറകും നല്കുന്നവർക്ക് രണ്ടു നാഴി, അരികുത്തുന്നവനും എച്ചിലടിക്കുന്നവനും ഒരു നാഴി, അക്കിരത്തിനുള്ള പയറ്റിന് രണ്ടു നാഴി, ഉൾപാടന് രണ്ടു നാഴിയും കൂടെ നിത്യം മുന്നാനാഴിയാൽ (ഇടങ്ങഴിയാൽ) നാൽപ്പത്തേഴു നാഴി അരിച്ചെലവ്. തിരുവമൃതിനുള്ള നെയ്യാഴക്ക്, തിരുവിളക്കിന് നെയ്യുരി, ചന്ദനം ഭട്ടാരകർക്കും ബ്രാഹ്മണർക്കും പത്തു കാണം, തിരുപ്പുകയ്ക്കുള്ള കുക്കില രണ്ട് കഴഞ്ച്, തേങ്ങ നാല്, പുളി നാല് പലം, ഉപ്പ് രണ്ടു നാഴി, ശർക്കര ഉരി, വെറ്റില മുപ്പത്താറ്, അടയ്ക്ക പന്ത്രണ്ട്. തുടർന്ന് പണക്കണക്ക് പറയുന്നു; ആറു പെരുമുതിയാന്മാർക്ക് പത്തു കാണം, ആരാധന നടത്തുന്നവന് പത്തു കാണം, വിറകിടുന്നതിന് പത്തു കാണം, അരി കുത്തുന്നതിനും, എച്ചിലടിക്കുന്നതിനും, തളിക കഴുകുന്നതിനും അഞ്ചു കാണം, അക്കിരം നൽകുന്നതിന് പത്തു കാണം, ഇപ്പറഞ്ഞവയെല്ലാം നിത്യേന നൽകണം. ഈ ചെലവ് മുടങ്ങാതെ നടത്തുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു. ചെലവു

മുടങ്ങിയാൽ, മുടങ്ങിയതിന്റെ ഇരട്ടി അധികാരികൾ പിഴയായി നൽകണം. അടുത്തടുത്ത അഞ്ചു ദിവസം ചെലവ് മുടങ്ങിയാൽ അധികാരികൾ ഭട്ടാരകർക്ക് പന്ത്രണ്ടു കഴഞ്ച് പൊന്ന് പിഴയായി നൽകണം. ഒടുക്കേണ്ടുന്ന ചെലവിന്റെ ഇരട്ടി അധികാരികൾ ചെലവിനായി നൽകണം. ഈ ചെലവിലേക്കായി നൽകിയ ഭൂമി തിരികെ കൊണ്ടു പോന്നു കൊടുക്കുന്നതിന് ദേവരും കടപ്പെട്ടിരിക്കുന്നു.

### 3.1.1.1.7 മൂഴിക്കളം ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ

രാജാവ് ഇന്ദു ഗോദയുടെ അഞ്ചാം ഭരണവർഷത്തിൽ തിരുമൂഴിക്കളത്തപ്പന്റെ ശ്രീകാര്യം ചെയ്ത പ്രകാരമാണീ ലിഖിതം. അകത്ത് ശ്രീകോവിലിൽ പന്തീരടിക്കു മുമ്പേ തിരുവമൃതിനുള്ള അരി ആരാധിക്കുന്നവനായ എമ്പെരുമാൻ കാണെ ശ്രീമണ്ഡപത്തിൽ വെച്ച് അളക്കേണ്ടതാണ്. നിവേദ്യം വിടുപ്പിക്കേണ്ടതാകുന്നു. ഉത്തമാക്കിരത്തിന് ചാത്തിരരെ ഏറ്റിക്കൊണ്ട് അന്തിത്തിരുവമൃത് ഉച്ചതിരിഞ്ഞ് ഇരുപതിറ്റടിയിക്ക് അരി അളന്നു കൊടുക്കേണ്ടതാണ്. അന്തിയുടെ മുന്നെ തിരുവമൃത് ചെയ്യിക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. തിരുവിളക്കിനുള്ള എണ്ണ എമ്പെരുമാനെ കാട്ടി എടുക്കാൻ നിർദ്ദേശിക്കുന്നതിനു ശേഷമുള്ള അക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.1.8 തൃക്കാക്കര ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ – 1

രാജാവ് ഇന്ദു ഗോദയുടെ പത്താം ഭരണവർഷത്തിലേതാണീ ലിഖിതം. ഇന്ദേശ്വരൻ കോതയെന്നാണ് രാജാവിനെ അഭിസംബോധന ചെയ്യുന്നത്. അദ്ദേഹം ഭരിച്ചു കൊണ്ട് അഞ്ചുവർഷം പൂർത്തിയാക്കിയതിനു ശേഷമുള്ള അഞ്ചാം വർഷം മീനത്തിൽ വ്യാഴം നിന്ന മേട മാസത്തിൽ ചെയ്ത കർമ്മമാകുന്നത്. ചന്ദ്രശിഖാമണിയായിട്ടുള്ള കീഴടിയാൾ (രാജകുമാരി) തൃക്കാക്കര ഭട്ടാരകർക്ക് ഏർപ്പാടാക്കിയ വെള്ളി നന്താവിളക്ക് ഒന്ന്. ഇതിനുള്ള ചെലവിന് നിത്യേനെ അരക്കാണം കർപ്പൂരം എരിയിക്കുന്നതിന് ഭട്ടാരകർ കടപ്പെട്ടിരിക്കുന്നു. ഇവരേർപ്പാടാക്കിയ തിരുവക്കിരം രണ്ട്. ഇതേ തമ്പുരാട്ടിയാർ ഏർപ്പാടാക്കിയ തിരുവിളക്കൊന്നിന് ഒരു തുലം നെയ്യ്, പുളി രണ്ടു പിടി, ഒരു തേങ്ങയും, കറിയും,

ഉപ്പും കൂടെ ഉച്ചയ്ക്കുള്ള ശ്രീബലിക്ക് മുമ്പേ അമൃത് ചെയ്യിക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. ഈ ചെലവിലേക്കായേർപ്പാടാക്കിയ ഭൂമി; പെരുവയൽ ഭൂമിയും, പുലയർ കണ്ണെകാലായുടെ ഉടമസ്ഥതയിലുള്ള പോട്ടയും, തച്ചനാരുടെ പോട്ടയും, വട്ടപ്പോട്ടയിലെ കടൻ മേലൊടിയും കൂടെ വർഷം നാൽപ്പത്തി രണ്ട് കലം നെല്ല് വരവിനുള്ള ഭൂമി ഭട്ടാരകർക്ക് അധികാരികൾ കൊടുത്തിരിക്കുന്നു. ഈ നെല്ല് നിത്യച്ചെലവിന് തികയാതെ വന്നാൽ കുറഞ്ഞതത്രയും ഭട്ടാരകരുടെ അധികാരികൾ കടപ്പെട്ടിരിക്കുന്നു. ഈ ഭൂമിയുടെ വർഷേനെയുള്ള പാട്ടം മുടങ്ങിയാൽ മുടങ്ങിയതിന് ഇരട്ടിയും അടിയന്തിരവും തീർത്തു നൽകുന്നതിനും കടപ്പെട്ടിരിക്കുന്നു. ഈ തിരുവാരാധന ഒരു ദിവസം മുടങ്ങിയാൽ രണ്ടരക്കാണം പൊന്ന് പിഴയായി നൽകുന്നതിന് ഉൾപ്പാടൻ കടപ്പെട്ടിരിക്കുന്നു.

### 3.1.1.1.9 തൃക്കാക്കര ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ – 2

രാജാവ് ഇന്ദു ഗോദയുടെ പതിനാറാം ഭരണ വർഷത്തിലേതാണീ ലിഖിതം. ഇന്ദുക്കോതവന്മർ ഭരണം നടത്തിവന്ന് പതിനൊന്നു വർഷം കഴിഞ്ഞതിനു ശേഷമുള്ള അഞ്ചാം വർഷം ചിങ്ങത്തിൽ ചെയ്ത കർമ്മമാണിത്. രാജാവ് തൃക്കാക്കര ഉൾപ്പാടന്റെയും പെരുമുതിയന്റെയും കയ്യിൽ നിന്നും പൊന്ന് സ്വീകരിച്ചു, കാൽക്കര നാടിനുടയവനായ കണ്ണമ്പുറയൻ പാനച്ചിറക്കു മേലെ ഇടച്ചിറക്കു കീഴെ വെട്ടിക്കരിക്കാട്ടിനുള്ള ഭൂമിയും പുനത്തിനായുള്ളവയും കൂടെ തൃക്കാക്കര ഭട്ടാരകർ തിരുവടിക്കു അട്ടിപ്പേറായി നൽകി. മേൽപ്പറഞ്ഞ ഭൂമിയിൽ പകുതിയിൽ ചെയ്യുന്ന പണികൾ കൊണ്ട് കണ്ണമ്പുറയൻ താനേർപ്പാടാക്കിയ ചെലവുകൾ നടത്തിക്കാനുള്ളതാണ്. പന്ത്രണ്ടു കലം തിരുവക്കിരവുമായി മകര മാസത്തിനുള്ളിൽ ചുറ്റുമാടം കൂടുന്നിടത്ത് ആരാധനയ്ക്കുള്ള പത്തു കഴഞ്ഞ് പൊന്ന് കർക്കടക മാസത്തിൽ എത്തിച്ച്, നിത്യേന ഇടങ്ങഴിയാൽ പത്തു നാഴി അരി കൊണ്ടുണ്ടാക്കിയ കഞ്ഞിയും ഏർപ്പാടാക്കി നൽകുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു. മേൽ സൂചിപ്പിച്ച ഭൂമിയിലെ മറ്റേ പകുതിയിലെ പണികൾ കൊണ്ട് നടത്തേണ്ടുന്ന ചെലവുകൾ; മേൽത്തളി പോഴൻ കുമരനേർപ്പാടാക്കിയ മൂന്നു കലം നെല്ല്, നന്താവിളക്കൊന്ന്. ഊരൻ നക്കൻ കേരളനേർപ്പാടാക്കിയ

അക്കിരം ഒന്ന്. ഊരൻ കണ്ടൻ ചേനൻ ഏർപ്പാടാക്കിയ അക്കിരമൊന്ന്. വൻതലച്ചേരി കോത ഇരവി ഏർപ്പാടാക്കിയ നന്താവിളക്കൊന്ന്, തിരുവക്കിരം, വെള്ളിത്താലം, കുട, വട്ടക എന്നിവ ഓരോന്നു വീതം. മേൽത്തളി ചിങ്ങപ്പിരാൻ കുമരനേർപ്പാടാക്കിയ തിരുവക്കിരം, വെള്ളിത്താലം, കുട, വട്ടക എന്നിവ ഓരോന്നു വീതം. ഊരൻ കുമരൻസ്വാമി കണ്ണൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. ഇവയെല്ലാം ചേർന്ന് ഒമ്പതും നന്താവിളക്ക് രണ്ടും കണ്ണമ്പുറയൻ ഏർപ്പാടാക്കിയ അക്കിരം പന്ത്രണ്ടും, ചുറ്റുവിളക്കും, കഞ്ഞിയും കാട്ടൈട്ടിക്കരിക്കോട്ടാൽ നിന്നുള്ള വരുമാനം കൊണ്ട് നടത്തിക്കുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു. ഈ ഭൂമി മാവറ കൊണ്ട് മുതലറ അട്ടിക്കൊടുത്തത് കാൽക്കര നാടിനുടയവനായ കണ്ണമ്പുറയൻ. കല്ലും കരിടും കാഞ്ഞിരക്കുറ്റിയും മുള്ളും ഉയിരും ഉൾപ്പെടെ ആകെയുള്ളവയെല്ലാം വെട്ടിക്കരിക്കാട്ടിനുള്ള ഭൂമിയിൽ എല്ലാ പ്രകാരത്തിൽ ഉൾപ്പെട്ടവയും കൂടെ അട്ടിക്കൊടുത്തത് കണ്ണമ്പുറയൻ. ഈ ചെലവു മുടക്കിയാൽ മുടക്കിയതിന്റെ ഇരട്ടി നൽകുന്നതിന് പാട്ടമാളൻ കടപ്പെട്ടിരിക്കുന്നു. നാടുവാഴുന്നവർ ഈ ഭൂമിയിൽ അധികാരം പ്രയഗിക്കാൻ പാടില്ല. അപ്രകാരം ചെയ്യുന്നവർ കോയിലധികാരിക്ക് നൂറു കഴഞ്ചു പൊന്ന് പിഴയായി നൽകുന്നതിന് കടപ്പെട്ടിരിക്കുന്നു. ഈ ഭൂമിയിൽ നാടുവാഴുന്നവർ അവരോട് ബന്ധുത്വമുള്ളവർക്ക് പാട്ടമാളാൻ അനുവദിക്കുന്നത് വിലക്കിയിരിക്കുന്നു. ഇപ്രകാരം അറിയുന്ന സാധുക്കൾ; അട്ടാനിക്കോട്ടത്ത് ദേവൻ ചാത്തൻ, ഇളന്തുരുത്തി കേരള നാരായണൻ, പെരുന്തോട്ടത്ത് കണ്ടനാരായണൻ, പറമ്പുടമസ്ഥനായ കേരളൻ ശ്രീകുമരൻ, കുപ്പെവാഴ്ക്കെ കണ്ട നാരായണൻ, പറമ്പുടമസ്ഥനായ കുമര നാരായണൻ, ചിരയൻകോട്ട് ഇരവി വാസുദേവൻ, പന്നിത്തുരുത്തി കണ്ണപോഴൻ, വെണ്ടലമണക്കണൻ കുമരൻ, കീഴകത്ത് കൊറ്റൻ പുറയൻ, കുന്നിയൂരിനുടയവനായ കണ്ടിമ്പുറയൻ, ഊരൻ കോത്തൻ കോത, ഇരവി കോത, കുലശേഖരപട്ടിനത്തു മാറൻ ഗോവിന്ദൻ, വെള്ളിയാൻപള്ളി പോഴൻ ചാത്തൻ, പുല്ലിപ്പള്ളി ചങ്കരൻ കുമരൻ. ഇപ്പറഞ്ഞവരെയെല്ലാം വേണ്ടും വിധം കേട്ടു കേൾപ്പിച്ച് ഇപ്രകാരം കയ്യെഴുതി ഈ പ്രകാരം അറിയുന്നത് കുമ്മൻകോട്ട് ഇരവി കുന്നപ്പോഴൻ. ഈ ഭൂമി സംരക്ഷിക്കുന്നതിന് കാൽക്കര നാട്ടൂരാളർ കടപ്പെട്ടിരിക്കുന്നു. ഇതിനുള്ള രക്ഷാഭോഗം വർഷത്തിൽ കർക്കടക മാസം

മകത്തിനുള്ളിൽ ഇടങ്ങഴിയാൽ നൂറു നാഴിയരി കൊണ്ട് ഊട്ടുന്നതിന് ഉൾപ്പാടനും പെരുമുതിയനും കടപ്പെട്ടിരിക്കുന്നു. ഊട്ടാതൊഴിവായാൽ അവരുടെ ഭൂമി തടുത്തുവെച്ചുണ്ണുന്നതിന് കടപ്പെട്ടിരിക്കുന്നു. ദേവർക്ക് വഴിപാടിനായേർപ്പാടാക്കിയ ഭൂമി തിരികെക്കൊടുക്കുന്നതിന് കച്ചം ചെയ്ത നാട്ടിലെ ഊരാളനും കടപ്പെട്ടിരിക്കുന്നു. അന്നു ലഭിക്കുന്ന മുൻകൂർ മുതലായ പൊതി പന്ത്രണ്ടു കാണം പൊന്ന് ദേവർക്ക് പിഴയായി ഒടുക്കേണ്ടതിനും കച്ചനാട്ടൂരാളൻ കടപ്പെട്ടിരിക്കുന്നു. തിരുമല അറയിലെ പിരാട്ടി ഏർപ്പാടാക്കിയ അക്കിരം ഒന്ന്. ഇതു വെട്ടിക്കരിക്കാട്ടിൻ മേലുള്ള ചെലവിലുൾപ്പെടും. വെട്ടിക്കരിക്കാട്ടിൻ മേലുള്ള ചെലവു മുടക്കുന്നവർ മൂഴിക്കളം കച്ചപ്രകാരം ശിക്ഷിതരാകും.

### 3.1.1.1.10 നെടുമ്പുറം തളി ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ

രാജാവ് ഇന്ദു ഗോദയുടെ പതിനേഴാം ഭരണവർഷത്തിലേതാണീ ലിഖിതം. അദ്ദേഹം പതിനൊന്നു വർഷം ഭരിച്ചതിനു ശേഷമുള്ള ആറാം വർഷം കന്നിയിൽ വ്യാഴം നിൽക്കേ നിത്യവിചാരേശ്വരത്തെ പതിനെട്ടുനാട്ടാരും അധികാരികളും വിരോധമില്ലാതെ നെടുമ്പുറയൂർ മണൽമന്റത്ത് ഇയക്കൻ ഇന്തികോപുതൻ ഉള്ളിലിരുന്ന് പെരുമാളർപാട് സ്ഥാനമണഞ്ഞ ചേന്നന്റെ ഉടമസ്ഥതയിലുള്ള തേവമ്പിൽ ക്ഷേത്രത്തിലിരുന്ന് ചെയ്ത കച്ചമാകുന്നത്. അക്കിരത്തിനായേർപ്പാടാക്കിയ ഭൂമി ഉഗ്രമംഗലം എന്ന് നിശ്ചയിച്ച നാളും വന്നാണിതു ചെയ്തത്. താഴ്വാരത്ത് അനിഴം വിഷുവിനും, ചിത്തിര വിഷുവിനും നെല്ലളക്കുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു. വിഷുവിന് മുമ്പ് നെല്ലെളക്കാതിരുന്നാൽ ഇറയായി നാലുനാഴി പറ്റും സംക്രാന്തിക്ക് ഇരട്ടി അളക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. ഇതു പ്രകാരമുള്ള ഇറ നൽകാതിരുന്നാൽ ഉഗ്രമംഗലം ആണ്ടു കാണത്തിന് കൊള്ളുന്നതാണ്. അക്കിരത്തിനായി അളന്ന നെല്ലു കൊണ്ട് അധികാരികൾ കൂടി കോഴുമിട്ട് അരിയുമായി ഉച്ചതിരിഞ്ഞ് ഒരടിക്ക് ക്ഷേത്രത്തിനകത്തിരിക്കുന്ന പതിനെട്ടുനാട്ടാരെയും കൂട്ടി അരി ഉലവ വെപ്പിച്ച് അഞ്ചടിക്കു മുമ്പ് ആളതിക്കു മടിക്കൈക്കൊണ്ട് ഹുണ്ടിക കൊടുത്ത് ഊട്ടുന്നതിന് കടപ്പെട്ടിരിക്കുന്നു. തളിയെ ആളുന്നവൻ ഊട്ടം ഇടാത്ത നാൾ കോഴപറ്റിയും,

പൊതുവാളും കടം വാങ്ങിയും ചെലവാക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. ചെലുത്തിയ മുതൽ പൊലിഞ്ഞ വിധം പാട്ടമിട്ട് ചെലവിടുന്നതിന് മുന്നെ തിരികെ നൽകുന്നതിന് തളിയാരും തളിയധികാരികളും കടപ്പെട്ടിരിക്കുന്നു. ഈ നെല്ല് തരുന്നതിന് ഇരുകാപ്പുറയും പതിനെട്ടു നാട്ടാരും അധികാരിയും തളിയാൾവാൻ വിളിച്ചു ചൊല്ലാതെ ഒഴിവാകിലും കുറവു തീർത്തേ കുടി, പതിനെട്ടുനാട്ടാനും ഏർപ്പാടാക്കിയിടത്ത് വിളിക്കാതെ ഒഴിയുന്നതും കുറവ് പതിച്ച്  കൽപിച്ച് വെക്കാൻ തളിയാഴ്വാനും ഏർപ്പാടു പ്രകാരം ചെലവാക്കാതെ താഴൻതിയും, പൊതുവാളും, അകപ്പൊതുവാളും ഈ കുറവിനാൽ മുട്ടുകിലും, വെപ്പിതും കയ്യാൽ ഇരുപത്തഞ്ചു കാണം ചെമ്പൊന്ന് പിഴയൊടുക്കണം. ഇതിനനുബന്ധം ചെയ്യുന്നവരും ഇതേ പിഴ തന്നെയൊടുക്കണം. ആടുമവനും അരികുത്തും അളവു കുറവിനാലും ഇതേ പിഴയൊടുക്കണം. വിറകിടുന്നവന്റെ കുറവു കൊണ്ട് തടസ്സപ്പെട്ടാൽ അരി ഇരട്ടി പിഴയായി ഈടാക്കണം. നാലുനാൾ കഴിഞ്ഞ് അഞ്ചാം നാൾ ക്ഷേത്രത്തിലിരുന്ന പതിനെട്ടു നാട്ടാരും അധികാരികളും തടസ്സപ്പെടുത്തിയവരെ ഒഴിവാക്കുന്നതിന് കടപ്പെട്ടിരിക്കന്നു. നെടുമ്പുറയൂർ നാടിനുടയവനായ മന്റത്തു ഇയക്കൻ ഇന്ദിരായതൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. മേറ്റളിപ്പുറത്ത് ചങ്ങര നങ്ങച്ചി ഏർപ്പാടാക്കിയ അക്കിരം ഒന്ന്. നെടുമ്പുറയൂർ ഇയക്കൻ അയ്യൻ ഏർപ്പാടാക്കിയ ഉത്തമാക്കിരം ഒന്ന്. ഇതിനേർപ്പാടാക്കിയ ഭൂമിക്ക് മാറക്കോട് മകിരഞ്ഞന വയലും വാടൈമകിതനച്ച അകുന്നൻ ഏർപ്പാടാക്കിയ അക്കിരം നൂറും, ചങ്കരമാതമുക്കൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. ആദിശങ്കരൻ തൻകുരത്തിന് ഏർപ്പാടാക്കിയ ഭൂമി കുളക്കാടും മുണ്ടൈക്കാടും പൊരിയിരിയിലണ രണ്ടൊടിയും പേരൊടിയിൽ തങ്ങൾക്ക് പാടുപ്പാഴ് ചൊല്ലിയും ഊഴം നിന്ന് ഇരണനിമന്റകാട്ടു ചാത്തൻ കണ്ണന് ഇയക്കൻ ചാത്തനും കോട്ടാകാരത്ത് (വ്യക്തിയുടെ പേരുണ്ടായിരുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടപ്പെട്ടു), നൈകവ് കടപ്പെട്ടിരിക്കുന്ന നെല്ല് ഇടങ്ങഴിയാൽ നാനൂറ് നാഴിയും അരയൻ ആദിത്യന്റെ അക്കിരത്തിന് ഏർപ്പാടാക്കിയ ഭൂമി അകലാമണത്തു കണ്ടൻ ചാത്തനും, കണ്ടൻ കോതയും (ഈ പേരിന്റെമുൻ ഭാഗത്തെ അക്ഷരങ്ങൾ നഷ്ടപ്പെട്ടു), വിമാരൂം കോട്ട ചാത്തമല പകുതി ഭാഗത്തിന് കടപ്പെട്ടിരിക്കുന്ന നെല്ല് ദേവരുടെ ഇടത്തിൽ കയറി കയ്യാളിയാൽ പത്തു നാഴി(ദണ്ഡം).

### 3.1.1.1.11 തൃക്കാക്കര ഇന്തുക്കോത വട്ടെഴുത്തു ശിലാരേഖ – 3

രാജാവ് ഇന്ദു ഗോദയുടെ ഭരണകാലത്തെ ലിഖിതം. ഭരണവർഷവും വ്യാഴത്തിന്റെ നിലയും രേഖപ്പെടുത്തിയ അക്ഷരങ്ങൾ നഷ്ടമായി. കണ്ണമ്പുറയൻ കാൽക്കരനാടുവാഴുമ്പോൾ നെടിയതളി ഭൂമിയിൽ ചോഴശിഖാമണിയായ രാജകുമാരി ഏർപ്പാടാക്കിയ തിരുവക്കിരത്തിന് ഏർരപ്പാടാക്കിയ ഭൂമിയെക്കുറിച്ച് പറയുന്നു. ഇവിടത്തെ ആദ്യ ഭാഗത്തെ അക്ഷരങ്ങളും നഷ്ടമായി. ദേവൻ കൊണ്ടപുരയിടവും വടക്ക്, ചെയ്‌വൻ ശങ്കരൻ പുരയിടത്തിന് തെക്ക് നാരായണമംഗലത്തിൽ ഉൾപ്പെടാത്ത ഭൂമിയെല്ലാം കയ്യെഴുതി നൽകിയിരിക്കുന്നു. തിരുവമൃതിന് ഏർപ്പാടാക്കിയ ഭൂമിയെല്ലാം യഥാവിധി വാഴിച്ച് കുംഭ മാസത്തിൽ നാട്ടിനും വാഴ്ക്കക്കും പണിക്കും കൊള്ളുന്നത് കുടയുമൊഴിച്ച് കൊടുത്തത് കാൽക്കര നാടുവാഴുന്ന കണ്ണമ്പുറയൻ. ദേവർക്കുള്ള ഈ നെല്ല് ഒരു ദിവസമോ മാസമോ മുടക്കിയാൽ, മുടക്കിയതിന്റെ ഇരട്ടി ചെലവായി ഈടാക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. ഒരു വർഷം മുഴുവനായി മുടക്കിയാൽ കാരാണ്മ വിടുന്നതിനും കടപ്പെട്ടിരിക്കുന്നു. കാരിലിത്തു കണ്ണൻ കുമരൻ ഏർപ്പാടാക്കിയ വിളക്കിന് ഇരുപത്തഞ്ചു തുടം നെയ്യ് ഉൾപാടനും പെരുമുതിയാനും കൂടിയും മുന്നൂറ്റു മംഗലത്താർ ഇതോടു കൂടെ ഇരുപത്തഞ്ചു തുടം നെയ്യും നല്കേണ്ടുന്നതിന് കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം അറിയുന്ന സാധുക്കൾ; മാലൈപ്പുറത്തു ദേവൻ ദേവൻ, പെരുമലൈകോട്ടത്തു കേശവൻ ശങ്കരൻ, കുലശേഖരപട്ടണത്തു പോഴനാരായണൻ, ഊരൻ പോഴൻ ശ്രീകണ്ഠൻ, വെള്ളിയാൻ പള്ളിയിൽ കുമരൻ. ഇവരോടൊപ്പം കയ്യെഴുതി അറിയുന്നവൻ കുമ്മൻകോട്ട് ഇരവി കുന്നപ്പോഴൻ.

### 3.1.1.1.12 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 1

രാജാവ് ഭാസ്ക്കര രവിയുടെ ആറാം ഭരണവർഷത്തിലേതാണീ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് രണ്ടു വർഷത്തിനു ശേഷമുള്ള നാലാം വർഷം ഇടവത്തിൽ വ്യാഴം നിന്ന കർക്കടക മാസത്തിൽ ചെയ്ത കർമ്മമാണിത്. തൃക്കാക്കര ഭട്ടാരകർക്കുടയവനായ ഉൾപ്പാടന്റെയും പെരുമുതിയന്റെയും കയ്യിൽ

ചിറുമറ്റപ്പുഴ കേരളൻ നൽകിയ അക്കിരപ്പൊന്നാകുന്നത്. പഴം കാശിനോടു കൂടെ നൂറ്റിരുപത് കഴഞ്ഞ് പൊന്ന് ഉൾപ്പാടനേയും പെരുമുതിയനേയും ഏൽപ്പിച്ചു. അരൈക്കാലെയ് മനയുടയവനായ ദേവനാരായണനും ദേവസുബ്രഹ്മണ്യനും ദേവസുവാകരനും ദേവൻചേന്നനും പത്തര പൊലിയ്ക്ക് ഈ പൊന്ന് സ്വീകരിച്ചു. പൊലിയായി പന്ത്രണ്ടു കലം നെല്ല് ചിറുമറ്റപ്പുഴൈ ദേവരുടെയിടങ്ങഴിയാൽ കൊടുക്കുന്നതിനിവർ കടപ്പെട്ടിരിക്കുന്നു. ഈ പൊന്നിന് പണയമായിട്ടുള്ളത് തങ്ങൾ നാലുപേർക്കും കൂടിയുള്ള ഇളങ്കുളത്തെ മിളിയപ്പഴം വിളാങ്കാടും ഉതരൈക്കുഴിയും മുതലായവയാണ്. ഈ വയലുകളിൽ നിന്നുള്ള പണയ നെല്ല് വർഷാവർഷം കർക്കടക മാസത്തിൽ ചിറുമറ്റപ്പുഴക്കരെ കൊണ്ടുവന്നു നൽകേണ്ടതാണ്. കൊടുക്കാതിരുന്നാൽ പതിനഞ്ചു കലം നെല്ല് വിളവ് ലഭിക്കുന്ന ഭൂമി ദേവസ്ഥാനത്തിന് വിട്ടുകൊടുക്കേണ്ടതാണ്. ദേവനാരായണനും ദേവസുബ്രഹ്മണ്യനും ദേവസുവാകരനും ദേവൻചേന്നനും ഈ ഭൂമിയിൽ നിന്നുള്ള നെല്ല് കൊടുക്കാതൊഴിവായാൽ ഈ ഭൂമി തടുത്തു വെച്ച് നെല്ല് പൊന്നിനായി ദേവസ്ഥാനത്തെത്തിക്കേണ്ടതാണ്. ക്ഷേത്രത്തിന്റേതായിത്തീർന്ന ഈ ഭൂമിയിൽ പിന്നീട് ദേവനാരായണനും അനുജന്മാർക്കും യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല. ഈ ഭൂമിയിൽ നിന്നും യാതൊന്നും തന്നെ ഉൾപ്പാടനും പെരുമുതിയനും സ്വീകരിക്കാൻ പാടുള്ളതല്ല. അപ്രകാരം ചെയ്താൽ നാഴി നെല്ല് ഭോഗത്തിലേക്ക് കൊടുക്കുന്നതിനിവർ കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം അറിയുന്ന സാധുക്കൾ; പള്ളിപ്പുറത്ത് താതനിരവി, മേന്റമേൽ നാരായണൻ സുബ്രഹ്മണ്യൻ, കൊറപ്പറമ്പിൻ ശങ്കരൻ കണ്ടൻ, മേന്റലൈ പാണ്ടനാരായണൻ, കുലശേഖര പട്ടണത്തു കുമരൻ ശ്രീകണ്ഠൻ, പെരുമലൈകോട്ടത്തു ഗോദശങ്കരൻ, കുമരമംഗലത്തെ വ്യക്തിയുടെ പേര് രേഖപ്പെടുത്തിയിടം മുതലുള്ള അക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.1.13 നെടുമ്പുറം തളി പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ

രാജാവ് ഭാസ്ക്കര രവിയുടെ പതിമൂന്നാം ഭരണവർഷത്തിലേതാണീ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് പതിനൊന്നു വർഷത്തിനു ശേഷമുള്ള രണ്ടാം വർഷം തുലാം രാശിയിൽ വ്യാഴം നിൽക്കേ നിത്യവിചാരേശ്വരത്തെ പതിനെട്ടു

നാട്ടാരും അധികാരികളും വിരോധമില്ലാതെ ക്ഷേത്രത്തിനകത്ത് കൂടിയിരുന്നു ചെയ്ത കച്ചമാകുന്നത്. ത്രിഭുവന മഹാദേവിയായ ശ്രീധര നങ്ങച്ചിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ചേരലൂരും, കണ്ണമൂരും, പെരുമ്പുലമും, ചിറുമാത്തൂരും, പെരുമണങ്കാടും, ഏഴുകല്ലും, പാട്ടവിരുത്തിയും, മരുങ്ങാടും, തളിക്ക് കിഴക്ക് കോവിലിനായുള്ള ഏഴുപുരയിടങ്ങളും കൂടെ കീഴീടായി നൽകി. ത്രിഭുവന മഹാദേവിയായ ശ്രീധര നങ്ങച്ചി ആണ്ടുതോറും കൊടുക്കുന്ന നെല്ല്, ശാന്തി വൃത്തിക്കായി എഴുനൂറു നാഴിയും, ചിത്തിര വിഷുവിൻ നാൾ കൊടുക്കേണ്ടതാണ്. ഈ ഭൂമിയും, ചേരിക്കലും ക്ഷേത്രത്തോടൊക്കും. ഈ പതിവിനായി ചുമതലപ്പെട്ടവരത് നിർവ്വഹിക്കാതിരുന്നാൽ മുൻ കോരക പുരയിടം ചെയ്യുന്ന പതിനെട്ടു നാട്ടാരും, അധികാരികളും, അകപ്പൊതുവാൾമാരും വെവ്വേറെ വകയായി ഇരുപത്തഞ്ച് കഴഞ്ഞ് ചെമ്പൊന്ന് ദണ്ഡപ്പെടുന്നതാണ്. ഈ ദണ്ഡമേറ്റ അധികാരികൾ തളിക്കകത്ത് പ്രവേശിക്കാൻ പാടുള്ളതല്ല. ഇവന് അനുബന്ധം ചെയ്യുന്നവനും ഈ പിഴയൊടുക്കുന്നതിന് കടപ്പെട്ടിരിക്കുന്നു.

### 3.1.1.1.14 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 2

രാജാവ് ഭാസ്ക്കര രവിയുടെ പതിമൂന്നാം ഭരണ വർഷത്തിലേതാണീ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞതിനു ശേഷമുള്ള പതിനൊന്നാം വർഷം കുംഭത്തിൽ വ്യാഴം നിന്ന മകരമാസം കോതനാരായണൻ തന്റെ കയ്യാൽ അറുപതു കഴഞ്ഞ് ചെമ്പോന്ന് മാക്കണ്ടരപ്പള്ളി കണ്ടനാരായണന് നൽകി. ഈ പൊന്ന് അറുപതു കഴഞ്ഞിന് പണയത്തിനായിട്ട ഭൂമിയെക്കുറിച്ച് പറയാനാരംഭിക്കുന്നിടത്തു നിന്നുള്ള അക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.1.15 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 3

രാജാവ് ഭാസ്ക്കര രവിയുടെ ഇരുപത്തിമൂന്നാം ഭരണ വർഷത്തിലേതാണീ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞതിനു ശേഷമുള്ള ഇരുപത്തിയൊന്നാം വർഷം മകരത്തിൽ വ്യാഴം നിന്ന വൃശ്ചിക മാസം ഏഴാം തീയതി തൃക്കാക്കര ദേവരുൾപ്പാടന്റെയും പെരുമാന്റെയും കൈവശമുള്ള

ക്ഷേത്രസ്വത്തിലേക്ക് ഒമ്പതു ചിലാനം കഴഞ്ഞ് ചെമ്പൊന്ന് സ്വീകരിച്ചു. ഇതേ സമയം ക്ഷേത്രത്തിനകത്തുള്ള തുപ്പനാരായണനും തുപ്പൻ കിരിട്ടനും പന്ത്രണ്ടു കഴഞ്ഞിന് കരിക്കാട്ടു പാടത്തിന്റെ നെടുങ്കരിയും കണ്ണം എന്നാരംഭിക്കുന്ന പേരുള്ള വ്യക്തിയുടെ കൂറിൽ പകുതിയും ചേരി ആളുന്നവരുടെ തെളിയപറമ്പിന്റെ പള്ളിപ്പഴുക്കായും മക്കൾ ഇരുവരിൽ പാതിയും പാതിയും മാടി വീതം ഇവ ഊരും പണയമായി വൃശ്ചിക മാസം അവിട്ടത്തിനുള്ളിൽ ദേവരുടെ തിരുമടപ്പള്ളി നാഴിയാൽ നൂറു നാഴി ചെയ്ത അരി ഉച്ചയ്ക്കകത്ത് പന്തീരടിക്കു മുമ്പേ കൊണ്ടുവന്ന് പലകത്തലയിൽ അളക്കുന്നതിന് തുപ്പനാരായണനും തുപ്പൻ കിരിട്ടനും കടപ്പെട്ടിരിക്കുന്നു. ഈ അരിയിൽ പകുതിയും തിരുവമൃത് ചെയ്യാൻ ഉപയോഗിക്കണം. മറ്റേ പകുതി ശ്രീ വൈഷ്ണവർക്ക് നൽകണം. ഈ ചെലവു മുടങ്ങിയാൽ ഇരട്ടി ഈടാക്കേണ്ടതാണ്. വല്ലത്തു പോഴൻ നാരായണനാണ് ഈ ചെലവ് ഏർപ്പാടാക്കിയത്. ഇപ്രകാരം അറിയുന്ന സാധുക്കൾ; പള്ളി . . . . അറിവുരവരായ ഗോദ ഗോദ, പടൈയൊഴുക്കൻ കുമരൻ, നെടുങ്ങൊല്ലിക്കാളൻ ഗോവിന്ദൻ. ഇവരെല്ലാമറിയെ ഇതെഴുതിയ ആളുടെ പേര് പെരു എന്നാരംഭിക്കുന്നതു മുതലുള്ള അക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.1.16 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 4

രാജാവ് ഭാസ്കര രവിയുടെ മുപ്പത്തിയൊന്നാം ഭരണവർഷത്തിലേതാണീ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞതിനു ശേഷമുള്ള ഇരുപത്തൊമ്പതാം വർഷം ധനുവിൽ വ്യാഴം നിന്ന വൃശ്ചിക മാസം ഇരുപതാം തീയതി ചെയ്ത കർമ്മമാണിത്. ചെറുമറ്റപ്പുഴ കണ്ണമങ്ങലത്തിന്മേൽ നക്കൻ ഇരവിയും ആദിത്യൻ ഇരവിയും കൊടുക്കുന്ന നെയ്യ് ഇടങ്ങഴിയാൽ പതിനഞ്ചു നാഴിയാണ്. തൃക്കാരക്കര ഭട്ടാരകർക്ക് പുത്തില്ലത്ത് നാരായണൻ ദേവന്റെ പങ്ക് ഘടകം നാലിലൊന്നിൽ നിന്നുള്ള നെയ്യ് തിരുവിളക്കിനു കൊടുക്കാൻ ഏർപ്പാടാക്കിയിരിക്കുന്നു. മിഥുനം കർക്കടകം ചിങ്ങം ഈ മൂന്നു മാസങ്ങളിലും ഈ നെയ്യ് നൽകുന്നതിന് കടപ്പെട്ടിരിക്കുന്നു. മുടങ്ങിയാലതിന്റെ ഇരട്ടി ചെലവാക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. കണ്ണമങ്ങലത്തിനു മേലുള്ള ഭട്ടാരകർക്ക്,

ഇതിന്റെ തുടർച്ചയായുള്ള കുറച്ച് ഭാഗങ്ങൾ നഷ്ടമായി, തുടർച്ചയായി നികുതിയെ സംബന്ധിച്ച് പറയുന്നു ഇതിനു വെക്കും ഇറ എന്നേ ലഭ്യമാകുന്നുള്ളൂ. നാരായണൻ ദേവൻ തന്റെ പങ്ക് ചന്ദ്രാദിത്യൻമാരുള്ള കാലത്തോളം കൊടുക്കാൻ കടപ്പെട്ടിരിക്കുന്നു. നെടുമ്പുറം നാടിനോടു കൂടി കാൽക്കര നാടും പന്റിത്തുരുത്തി പോഴൻ കുമരൻ ഭരിച്ചിരുന്ന നാളിലാണ് ഉൾപ്പാടനും പെരുമൂത്തവനും കൂടിയിരുന്ന് ഈ നെയ്യ് വാങ്ങിയത്. ഈ പ്രകാരം അറിയുന്ന സാധുക്കൾ; മന്റത്തു ചുവരൻ തുപ്പൻ, പെരുമനൈക്കോട്ടത്തു ശങ്കരൻ ദാമോദരൻ, മാങ്ങാട്ടു നാരായണൻ കണ്ണൻ, പുറൈയൻ ചേന്നൻ, കുഴിക്കാലാ കോത ഇരവി. ചെറുമറ്റപ്പുഴ കോത അയ്യനും, കോത നാരായണനും, കോത കേരളനും, ഈ മൂവരുടെയും മുമ്പിലിരുന്ന് ഈ കർമ്മം ഉണ്ടാക്കിയ വക എഴുതിയറിയുന്നവൻ വേണാട്ടു ഇരവി കുമരൻ.

### 3.1.1.1.17 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 5

രാജാവ് ഭാസ്ക്കര രവിയുടെ മുപ്പത്തൊന്നാം ഭരണവർഷത്തിലെ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് രണ്ടുവർഷം കഴിഞ്ഞതിനുശേഷമുള്ള ഇരുപത്തൊമ്പതാം വർഷം കുംഭത്തിൽ വ്യാഴം നിന്ന മകര മാസം ചെയ്ത കർമ്മം. ചിറുമറ്റപ്പുഴൈ കോതനാരായണൻ തന്റെ കയ്യാൽ അറുപതു കഴഞ്ച് ചെമ്പൊന്ന് മാക്കണ്ണപ്പള്ളി കണ്ടനാരായണനു നൽകി. ഈ അറുപതു കഴഞ്ഞു പൊന്നിനു നൽകോണ്ടുന്ന കടത്തിനൊറ്റിയായി ഭൂമി ഏർപ്പാടാക്കി. ഈ ഭൂമിയിൽ നിന്നും ലഭിക്കുന്ന നെല്ലു മാക്കണ്ണപ്പള്ളി പൊന്നിനു നാലിലൊന്നിനൊക്കും. ഈ അറുപതു കഴഞ്ഞു പൊന്നിനുള്ള പൊലി കൊടുത്തതിനു ശേഷമുള്ളതിൽ നിന്നും തൃക്കാക്കര ഭട്ടാരകർക്ക് കോതനാരായണനേർപ്പാടാക്കിയ നന്താവിളക്കൊന്ന്. ഇതിനാവശ്യമുള്ള നെയ്യും ഏർപ്പാടാക്കിയിരിക്കുന്നു. ഈ നെയ്യിൽ ഉപയോഗിച്ചതിനു ശേഷം അധികമുള്ളത് കണ്ടനാരായണൻ ഉൾപ്പാടന്റെയും പെരുമുതിയാന്റെയും കയ്യിൽ അളന്നു കൊടുക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. അനധികൃതമായി ഈ നെയ്യ് കൈവശപ്പെടുത്തുന്നവർ മൂഴിക്കളക്കച്ചപ്രകാരമുള്ള ദണ്ഡത്തിന് വിധേയരാകും. ഇപ്രകാരം അറിയുന്ന സാധുക്കൾ നെയ്യല്ലാതുള്ളത് സ്വീകരിക്കുന്നുണ്ടെങ്കിൽ, തന്റെ ഭോഗത്തിനുള്ളത് തിരുവാരാധനയ്ക്കൂട്ടി ശാന്തികളാവേണ്ടതാണ്. മാക്കണ്ണപ്പള്ളി

സുബ്രൻ പത്മനാഭൻ, നെയ്തല മങ്ങലത്ത് കേശവൻ ദേവൻ എന്നിവരാണാ സാധുക്കൾ. ഇപ്രകാരം എഴുതിയത് പെരുമുതിൻ കോത കണ്ണൻ. കണ്ടനാരായണൻ പൊന്ന് കൊണ്ടുവരുകിൽ അതിൽ ഭട്ടാരകർക്കുള്ള പങ്കും കണ്ടനാരായണനും, കോതനാരായണനും ഭൂമിമേൽ ഇടുന്നതിന് കടപ്പെട്ടിരിക്കുന്നു.

### 3.1.1.1.18 പാർക്കരൻ ഇരവി വട്ടെഴുത്തു ജൂതച്ചെപ്പേട്

രാജാവ് ഭാസ്ക്കരവിയുടെ മുപ്പത്തിയെട്ടാം ഭരണവർഷത്തിലേതാണീ ലിഖിതം. രാജാക്കന്മാരുടെ രാജാവായ ഭാസ്ക്കര രവി ചെങ്കോലുമേന്തി ഭരിക്കാനുള്ള പലനൂറായിരം വർഷങ്ങളിൽ രണ്ടെണ്ണം കഴിഞ്ഞ മുപ്പത്തിയാറാം ഭരണവർഷം മുയിരിക്കോട് എഴുന്നള്ളിയിരുന്ന ദിവസം സന്തോഷത്തോടെ നൽകിയ ദാനമാണിത്. അഞ്ചുവണ്ണം, വെടി, വാഹനം, പാകുടം, അഞ്ചുവണ്ണപ്പേറ്, പകൽവിളക്ക്, പാവാട, അന്തോളകം, കുട, വടുകപ്പറ, കാഹളം, ഇടുപടി, തോരണം, തോരണവിതാനം, ശരം എന്നിവയുൾപ്പെടെ എഴുപത്തിരണ്ട് നികുതിയൊഴിവാക്കിയ അവകാശങ്ങളും ഈസ്സുപ്പു ഇറപ്പാന് അനുവദിച്ചിരിക്കുന്നു. ഉല്ക്ക്, തുലാക്കൂലി എന്നീ കച്ചവട നികുതി ഇദ്ദേഹത്തിന് ഒഴിവാക്കിയിരിക്കുന്നു. മറ്റുള്ള കുടികൾ നഗരത്തിൽ ഇരിക്കുന്നതിന് കൊട്ടാരത്തിലേക്കടക്കേണ്ട ഇറയെന്ന നികുതിയും മറ്റു നികുതികളും ഇദ്ദേഹത്തിന് ഒഴിവാക്കിയിരിക്കുന്നു. ഇവയെല്ലാം അവകാശമായി ചെമ്പോലയിൽ അദ്ദേഹത്തിന് എഴുതിക്കൊടുത്തു. ഈസ്സുപ്പു ഇറപ്പാനും അദ്ദേഹത്തിന്റെ ആൺമക്കൾക്കും, പെൺമക്കൾക്കും, ആൺമക്കളെ വിവാഹം ചെയ്ത മരുമക്കൾക്കും, പെൺമക്കളെ വിവാഹം ചെയ്ത മരുമക്കൾക്കും ഭൂമിയും ചന്ദ്രനും ഉള്ളിടത്തോളം കാലം ഈ അവകാശങ്ങൾ പാരമ്പര്യമായി അനുഭവിക്കാം. ഇപ്രകാരം അറിയുന്നവർ; വേണാടുടയവനായ കോത മാത്താണ്ടൻ, വെൺപലിനാടുടയവനായ കോത ചിരികണ്ടൻ, എറാളനാടുടയവനായ മാനവേപല മാനവീയൻ, നെടുമ്പുറയൂർനാടുടയവനായ കോത ഇരവി, കീഴ്പ്പടനായകനായ മൂർക്കൻ ചാത്തൻ. ഇപ്രകാരമുള്ള വിവരങ്ങൾ കീഴ്വായിൽ നിന്നും കേട്ടെഴുതിയത് വന്റലച്ചേരി കണ്ടൻ കുന്റപ്പോഴൻ.

### 3.1.1.1.19 മൂഴിക്കളം പാർക്കരൻ ഇരവി വർമ്മർ വട്ടെഴുത്തു ശിലാരേഖ

രാജാവ് ഭാസ്ക്കര രവിയുടെ നാൽപ്പത്തിയെട്ടാം ഭരണവർഷത്തിൽ തിരുമൂഴിക്കളത്തെ ഊരും പൊതുവാളും കൂടി ക്ഷേത്രത്തിലിരുന്ന് അവിരോധത്തോടെ ചെയ്ത കച്ചമാണിത്. മനുകുലാദിത്യൻ തന്റെ തിരുവക്കിരത്തിനായി ഏർപ്പാടാക്കിയ ചേരിക്കൽ ഭൂമി ആകുന്നത് ആലത്തു പറമ്പ്, പെരുമ്പറമ്പ്, കോതയൂർ, വായിലക്കാട്, മേലാഞ്ഞിനിപ്പുഴ ചെല്ലമങ്ങലം തോട് എന്നിവയാൽ രാജാവരുളിയതിൽ പകുതിയും ഈ ചേരിക്കലിനും പുൽപ്പിതു എന്നു തുടങ്ങി ബാക്കി പകുതിയും പറയുന്നു. ഇവിടുത്തെ അക്ഷരങ്ങൾ നഷ്ടമായി. ഈ ഭൂമിയിൽ തെറ്റായി പ്രവർത്തിക്കുന്നവരെ അവരുടെ കാരണ്മയൊഴിവാക്കി രാജാവിന്റെ ചേരിക്കൽ സംരക്ഷിക്കേണ്ടതാണ്. ഇപ്രകാരം പാലിക്കാതിരുന്നാൽ അധികാരികളെ മൂഴിക്കളം കച്ചം പിഴച്ചവരായി കണക്കാക്കും. ഇതിനു ശേഷമുള്ള കുറച്ചക്ഷരങ്ങൾ നഷ്ടമായി. ഊരരന്മാർ തങ്ങളുടെ മര്യാദയനുസരിച്ചീ ഭൂമികൾ കാത്തില്ലെങ്കിലും ഇതേ കച്ചമാണ് വിധേയം. ഇതിനിടയിൽ കുറച്ചക്ഷരങ്ങൾ നഷ്ടമായി. മറ്റൊരു ഉത്തരവാദിത്തപ്പെട്ടവനും വേളനും ഏർപ്പാട് നൽകിയവനും ഈ കച്ചപ്രകാരമുള്ള ദണ്ഡത്തിന് ഒരുപോലെ പരിഗണിക്കപ്പെടും. ഇതിൽ മറ്റു പ്രദേശങ്ങളും രണ്ടു കുടിക്ക് സമഞ്ജിതരും മനുകുലാദിത്യൻ ഏർപ്പാടാക്കിയ ചേരിക്കലിൽ ചെന്നൊരന്യായം പ്രവർത്തിക്കാൻ പാടുള്ളതല്ല. പ്രവർത്തിക്കുന്നവർ ഇരുങ്ങാടിക്കൂടലും അയിരാണിക്കളത്തും ഊർവാരിയരും മറ്റൊരു ഉത്തരവാദിത്തപ്പെട്ടവനും കോതയ്ക്ക് പേരായിതനും കൂടി പിഴയൊടുക്കണം. ഈ ഭാഗത്തെ കുറച്ചക്ഷരങ്ങൾ നഷ്ടമായി. ഈ ഏർപ്പാട് നടത്തുന്നതിനുള്ള ഇറ രാജാവ് നേരിട്ടേർപ്പാടാക്കിയതെന്ന് സൂചിപ്പിക്കുന്നിടത്തു മുതലുള്ള അക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.1.20 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 6

രാജാവ് ഭാസ്ക്കര രവിയുടെ നാൽപ്പത്തിരണ്ടിനും അമ്പത്തിയൊന്നിനും ഇടയിലുള്ള ഭരണവർഷത്തിലെ ലിഖിതം. അദ്ദേഹം ഭരണം ആരംഭിച്ച് നാൽപ്പത്

വർഷം കഴിഞ്ഞിരിക്കുന്നു. ഇത് വിശദീകരിക്കുന്നിടത്തെ അക്ഷരങ്ങൾ നഷ്ടമായി. ഇപ്രകാരം കഴിഞ്ഞതിനു ശേഷമുള്ള രണ്ടാം ഭരണവർഷം മീനത്തിൽ വ്യാഴം നിൽക്കേ ചെയ്ത കർമ്മമാണിത്. കുവലായിനി കുന്റപ്പോഴൻ ഗോവിന്ദന്റെ ഉടമസ്ഥതയിലുള്ള നാല്പതു കഴഞ്ച് ഏൽപ്പിച്ചതിന് നേടിക്കൊടുത്ത ഭൂമിയെക്കുറിച്ച് പറയുന്നിടത്തെ കുറച്ചക്ഷരങ്ങൾ നഷ്ടമായി. ആലക്കാട്ടും ഇവയ്ക്കകത്തുൾപ്പെടുന്ന മലയും കരയും കൊണ്ട് തൃക്കാക്കര ഭട്ടാരകർക്കുള്ള പണികൾ, പൂരാടം തുടങ്ങി ഓണത്തോളവും മുൻ പറഞ്ഞ നാനാഴിയാൽ നൂറു നാഴിയരിയും, രണ്ടു നാഴി നെയ്യും ചെയ്തു കൊണ്ട് അകത്ത് പന്തീരടിക്കു മുമ്പ് വന്ന് തിരുവമൃത് ചെയ്യിച്ച്, പകുതിയും കൊണ്ട് ബ്രാഹ്മണരെയും ശ്രീ വൈഷ്ണവരെയും തിരുവമൃത് ചെയ്യിച്ച് മറ്റേ പകുതിയരി മുൻ പറഞ്ഞ നാനാഴിയാൽ എമ്പെരുമക്കൾക്ക് ഇരുപതു നാനാഴിയും, പള്ളിത്താമത്തിന് ആറു നാഴിയും നൽകണം. ബ്രാഹ്മണരുടെ അമൃതിന് തേങ്ങ ഇരുപത്തിനാല്, ഉപ്പ് ഇടങ്ങഴിയാൽ നാഴിയുരി, പുളി ആറു പുലം, ബലിക്കായുള്ള അരിക്കണക്കും പറയുന്നു. ഇതിന്റെ മുമ്പും ശേഷവുമുള്ള കുറച്ചക്ഷരങ്ങൾ നഷ്ടമായി. ഇതിനു വേണ്ടുന്ന ഇലയും, വിറകും എന്നിടത്തും അക്ഷരങ്ങൾ നഷ്ടമായി. മറ്റൊരു പ്രവൃത്തിക്കുള്ള അരിക്കണക്ക് പറയുന്നിടത്തുനിന്നുള്ള അക്ഷരങ്ങൾ പൂർണ്ണമായും നഷ്ടമായി.

### 3.1.1.1.21 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 7

രാജാവ് ഭാസ്ക്കര രവിയുടെ അമ്പത്തിയെട്ടാം ഭരണവർഷത്തിലെ ലിഖിതമാണിത്. ഈ വർഷം ചിങ്ങത്തിൽ വ്യാഴം നിന്ന കാലത്ത് കാൽവേലി കേരളൻ പോഴൻ കറ്റുളൈത്ത മറ്റൊരു വ്യക്തിയും നൽകിയ ഭൂമിക്കുള്ള ചെല്ലും ചെലവും ആകുന്നതിൽ നിന്ന് ഒരു നന്താവിളക്ക് ഏർപ്പാടാക്കുന്നതിന് കാരാളൻ കടപ്പെട്ടിരിക്കുന്നു. തൃക്കാക്കര ദേവരുടെ ഉൾപ്പാടനും പെരുമുതിയനും പൊതുവാളും ചേർന്നുള്ള ഒമ്പതു പങ്കിൽ നൂറ്റിനാലു, കലമോ, തൂണിയോ ആയ നെല്ലിന്റെ കണക്കു പറയുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി. ഈ നൂറ്റി നാലിൽ ഒരു നിശ്ചിത പങ്ക് കാരാളനുള്ള പതവാരമെന്ന നികുതിയിനത്തിൽ

ലഭിക്കേണ്ടതാണ്. ഈ നെല്ല് രണ്ടു പൊതുവാളും കൂടി നേരിൽ കാണിച്ച് എമ്പെരുമാന്റെ നിത്യവൃത്തിക്കും മറ്റ് ഏർപ്പാടുകൾക്കും; ഈ ഭാഗത്തെ കുറച്ചക്ഷരങ്ങൾ നഷ്ടമായി, ചെലുത്തുന്നതിന് കടപ്പെട്ടിരിക്കുന്നു. ഇതിൽ കാരാളനും മറ്റൊരു വ്യക്തിക്കും നൽകേണ്ടുന്ന ഓരേ തൂണി നെല്ലിനെക്കുറിച്ചും പറയുന്നുണ്ട്. ഈ വരവുള്ള നെല്ലുകൊണ്ട് നടത്തിക്കേണ്ടുന്ന ഏർപ്പാടുകളിലൊന്ന് വെള്ളി കൈവട്ടകയോടു കൂടിയുള്ള അകത്തെഴുന്നള്ളി നൽകലാണ്. ഇപ്രകാരം അറിയുന്ന സാധുക്കൾ; നെയ്തലമങ്ങലത്തു കേശവൻ കേരളൻ, പടൈപാടി നാരായണൻ. ഈ കർമ്മവുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിയിൽ കടപ്പെട്ടവരായി കോവിന്നൻ ചാത്തന്റെയും കണ്ണൻ ചേന്നന്റെയും പേരുകൾ പരാമർശിച്ചതിനു ശേഷമുള്ള വരികൾ പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുന്നു.

### 3.1.1.1.22 നെടുമ്പുറം തളി യാ കോ ഇരായര തിരുവടി വട്ടെഴുത്തു ശിലാരേഖ

യാതൊരുവനാണോ രാജവ് ആ ഇരായര തിരുവടിയുടെ പത്താം ഭരണ വർഷം കർക്കടകത്തിൽ വ്യാഴം നിന്ന മീന മാസം മണങ്ങാട്ടു കുമരനിരവി നാടുവാഴുമ്പോൾ ചെയ്തത്. പുല്ലൂര് കുമരൻ കുമരാതിച്ചൻ നാടുൾപ്പാട്ടിൽ നിത്യവിചാരേശ്വരത്ത് തനിയധികരിച്ച് അകപ്പാതി എപ്പടി . . . . . . . ഗോപുരം കാരിക്കൊൾവ കുമരന്ന് . . . ചെന്നാളടിയൻ രാജാവ് അധികരിച്ചു . . . . . അറ്റു പുറമും . . . . . കൊൾവിതു. കൂറ്റു ചേർപ്പോരെ മൊത്തൊളൈ കൊൾവിതു.

### 3.1.1.1.23 താഴേക്കാട്ടുപള്ളി ഇരായരചിങ്ക പെരുമാനടി വട്ടെഴുത്തു ലിഖിതം

രാജാവ് രായിരസിംഹന്റെ കാലത്തെ ലിഖിതം. അദ്ദേഹം തന്നെ താഴേക്കാട്ടുക്ക് ഏർപ്പാടാക്കിയ വണികർ ഊരാരുമായി വിരോധമില്ലാതെ പീടിക കെട്ടുന്നതിന് ചെയ്ത ഏർപ്പാട്. ഏർപ്പാടിനുള്ള ഭൂമി ചിറുപള്ളിക്ക് പടിഞ്ഞാറുള്ള പേരാലിനും വടക്ക്, കീഴ്പ്പള്ളിക്കു കിഴക്ക്, കീഴ്ത്തിരു ദേവഭൂമിയുടെ തെക്ക്. ഇതിനകത്ത് ഊരാളർ കച്ചവടക്കാരെ തടുക്കുന്നതിനോ മേൽ പ്രവൃത്തികൾക്കോ മുതിരരുത്, ഊരാളർ പീടികയും വെക്കരുത്. അപ്രകാരം ചെയ്താൽ അമ്മയെ

വിവാഹം ഭാര്യയാക്കിയവരായി പരിഗണിക്കപ്പെടും. സവിശേഷമായ അളവുകോൽ നാട്ടി പീടികസ്ഥാപിക്കുമ്പോൾ കച്ചവടക്കാർ നൽകുന്ന വരുമാനം ഈ പ്രദേശത്തെ പാട്ടം ആളുന്നവർക്കുള്ളതാണ്. ആ നാലു പാട്ടമാളരും ചേർന്നാണ് ഇറയും തിറയും തീരുമാനിക്കുന്നത്. എല്ലാവരും വാങ്ങേണ്ടുന്ന ചരക്കുകളുടെ വില നിശ്ചയിക്കുന്നവരും ഇവരാണ്. എല്ലാവരും ഈ തീരുമാനത്തോടു യോജിക്കണം. മണിഗ്രാമത്തുകാരായ ചാത്തൻവടുകൻ, ഇരവിചാത്തൻ എന്നിവർക്ക് രണ്ടുവീതം പീടിക നികുതിയൊഴിവാക്കിക്കൊടുക്കുന്നതിനും ഏർപ്പാടാക്കിയിരിക്കുന്നു. ഇവിടെ പാട്ടമാളുന്നവർ ചുമത്തുന്ന നികുതിയും നൽകേണ്ടതില്ല. തുടർന്നുള്ള വരികളിലെ അക്ഷരങ്ങൾ തെളിച്ചമില്ലാത്ത അവസ്ഥയിലാണ്.

#### 3.1.1.1.24 പറമ്പൻതളി ആതിച്ചൻ ഇരുഴി ഇരാമർ വട്ടെഴുത്തു ലിഖിതം

രാജാവ് ആദിത്യൻ ഇരുഴി ഇരാമർ തിരുവടിയാന്റെ അഞ്ചാം ഭരണവർഷത്തിൽ വ്യാഴം മകരത്തിൽ നിന്ന ഇടവമാസത്തിലെ ഒരേർപ്പാടിയിരുന്നു ഇത്. മറ്റു കാര്യങ്ങൾ ലഭ്യമല്ലാത്തവിധം അക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.2. നാടുവാഴികളുടെ ലിഖിതങ്ങൾ

ആദ്യകാല ഭരണക്രമത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ് നാടുവാഴി ലിഖിതങ്ങൾ. കൊച്ചി രാജ്യത്തു നിന്നും ലഭിച്ച ലിഖിതങ്ങളിൽ നാടുടയവന്മാരെക്കുറിച്ച് പരാമർശങ്ങളുണ്ട്. വേണാട്, ഏറനാട്, വള്ളുവനാട്, നെടുമ്പുറയൂർ നാട്, തൃക്കാക്കര, വെൺപലി നാട് പറപ്പൂർ, എന്നിവയാണവ. ഇവയിൽ തൃക്കാക്കര, നെടുമ്പുറയൂർ, പറപ്പൂർ എന്നിവിടങ്ങളിലെ ലിഖിതങ്ങളാണ് പ്രധാനം. മറ്റുള്ളവ സാക്ഷിപ്പട്ടികയിലോ ഇതര ഏർപ്പാടുകളിലോ പരാമർശിക്കപ്പെടുന്നവയാണ്. ഇവയെക്കൂടാതെ ചില നാടു വാഴികൾ നേരിട്ടു നടത്തിയതോ, നേതൃത്വം വഹിച്ചതോ ആയ ലിഖിതങ്ങളും ലഭ്യമാണ്.

### 3.1.1.2.1 തൃക്കാക്കര കണ്ണമ്പുറയൻ വട്ടെഴുത്തു ശിലാരേഖ

മിഥുനത്തിൽ വ്യാഴം നിന്ന കന്നി മാസത്തിൽ കാൽക്കര നാടുവാഴുന്ന കണ്ണമ്പുറയനും ക്ഷേത്രാധികാരികളും ചേർന്ന് ചെയ്ത കർമ്മം. ആരാധന നടത്തുന്ന എമ്പെരുമക്കളും, ഭട്ടാരരധികാരികളും എന്നതിന് ശേഷമുള്ള അക്ഷരങ്ങൾ നഷ്ടമായി. ഇവിടെ ക്ഷേത്രത്തിലെ പണവുമായി ബന്ധപ്പെട്ട ഇടപെടലുകളാണ് വിവരിക്കുന്നത്. പണം ക്ഷേത്രാധികാരികൾ കൊടുക്കാൻ പാടുള്ളതല്ല, കൊടുത്തതിന് അവർ തിരികെ നൽകുന്നതിന് കടമയുമില്ല. ക്ഷേത്രത്തിലെ തിരുവാരാധന ഇപ്രകാരം ഒഴിവായാൽ ഭട്ടാരകർ തിരുവടി നാടുവാഴുന്നവന് കടം കൊടുത്തുകൊണ്ട് ശാന്തിയായിരിക്കാൻ അനുവദിക്കുന്നതല്ല. ഇപ്രകാരം ചെയാതാലുള്ള പിഴയെക്കുറിച്ചു പറയുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി. ശ്രീ മണ്ഡപത്തിനകത്തുള്ള തിരുവാരാധന മുട്ടിച്ചെന്നാൽ അവരെ മൂഴിക്കളം കച്ചം പിഴച്ചവരായി കണക്കാക്കും. അവന് പങ്കു കൊടുത്ത് ശാന്തി ഇരിക്കുന്നവനും ഇതേ കച്ചം ബാധകമാണ്. ഈ കച്ചം പിഴച്ചവൻ ദേവർക്ക് കടം കൊടുക്കാൻ പാടുള്ളതല്ല.

### 3.1.1.2.2 തൃക്കാക്കര ചാത്തഞ്ചിവൻ വട്ടെഴുത്തു ശിലാരേഖ

തൃക്കാക്കര പെരുമാൾക്ക് തരവിൽ ആദിത്യൻ ചെയ്തരുളി ചെല്ലാനുള്ളവയിൽ മൂവായിരുത്തെഴുപത്തഞ്ചാമാണ്ടിനെതിരായ ആണ്ടിൽ മേടത്തിൽ വ്യാഴം നിന്ന കന്നി മാസത്തിൽ തൃക്കാക്കര നാടുടയവനായ ചാത്തഞ്ചിവന് പിറന്ന നാളാണ് എന്നതിനു ശേഷമുള്ള അക്ഷരങ്ങൾ പൂർണ്ണമായും നഷ്ടമായി.

### 3.1.1.2.3 തൃക്കാക്കര പോഴൻ ഇരവി വട്ടെഴുത്തു ശിലാരേഖ

തുലാത്തിൽ വ്യാഴം നിന്ന കന്നി മാസത്തിൽ പോഴൻ ഇരവി നാടുവാഴുമ്പോൾ കോതപുറൈയൻ നടത്തിച്ച കൊമ്പ് ഇരുപത് കഴഞ്ഞ് ഒരു ഒള്ളി അപ്പൂവു കൂട്ടി തൃക്കാക്കര ഭട്ടാരകർക്ക് തിരുവുടയാട ഉണ്ടാക്കി ചാർത്തിച്ചു. അന്നു തന്നെ പോഴനിരവിയുടെ അമ്പത്തിമൂന്നുകഴഞ്ഞും വെചലിമങ്ങലത്ത്

കോതപുറയനും, കോതശ്രീകണ്ടനും ചേർന്നു നൽകിയ പന്ത്രണ്ടു കഴഞ്ചും പൊന്നു കൊണ്ട് ഉദരബന്ധനം ഉണ്ടാക്കിച്ചതും ചാർത്തിച്ചു. അന്നു തന്നെ പോഴനിരവിയുടെ എട്ടു കഴഞ്ച് പൊന്നു കൊണ്ട് പുകലയം രണ്ടെണ്ണം ഉണ്ടാക്കിച്ചതും ചാർത്തിച്ചു.

### 3.1.1.2.4 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ – 1

ചിങ്ങത്തിൽ വ്യാഴം നിന്ന കുംഭ മാസത്തിൽ ചെയ്ത കർമ്മം. പന്റിത്തുരുത്തി യക്കങ്കുന്റപ്പോഴൻ നാടുവാഴുമ്പോൾ നാരായണൻ വൃശ്ചിക മാസത്തിലെ വെൺ പൂയത്തിനേർപ്പാടാക്കിയ വൃശ്ചിക വിളക്കൊന്ന്. ഇത് മുടക്കുന്നവർ മുടക്കിയതിന്റെ ഇരട്ടി ചെലവാക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. മൂന്നു വർഷം മുടക്കിയാൽ ഉള്ള ശിക്ഷ പറയുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി. നാനാഴിയിൽ നെല്ലാണ് പിഴയായൊടുക്കേണ്ടതെന്ന സൂചനയുണ്ട്. ഈ നെല്ല് ആണ്ടളവിൽ തൃക്കാക്കര ഭട്ടാരകർക്കുള്ള തിരുവിളക്കിലേക്ക് യക്കങ്കുന്റപ്പോഴൻ നൽകി. രണ്ടു മുതലാണ് നൽകിയത്. ഇതിന്റെ തുടർച്ചയായ കുറച്ചക്ഷരങ്ങൾ നഷ്ടമായി. ഈ ചെയ്ത തിരുവിളക്കിന് നിത്യം മുൻ നാനാഴിയാൽ ഉരിയരി നെയ്യ് ചെലുത്തുന്നതിന് ക്ഷേത്രാധികാരികൾ കടപ്പെട്ടിരിക്കുന്നു.

### 3.1.1.2.5 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ – 2

തിരുവാരാധന നടത്തുന്ന എമ്പെരുമക്കൾ ക്ഷേത്രശ്രീകോവിലിനകത്തുള്ള ധനവും പൊന്നും കടം കൊടുക്കാൻ പാടുള്ളതല്ല. കൊടുത്താൽ പെരുമാനടികൾക്ക് നൂറ് കഴഞ്ച് പൊന്ന് പിഴയായി നൽകാൻ കടപ്പെട്ടിരിക്കുന്നു. കൊടുത്തതു വാങ്ങിയവനും ഇതേ പിഴ ബാധകമാണ്. ക്ഷേത്രത്തിൽ നിന്നും വരുമാനമായി ലഭിക്കുന്ന അരിയും അടൈത്തുവെല്ലാം അന്നു മുതൽ ഇവർക്ക് നൽകാൻ പാടുള്ളതല്ല. വഴിയുമവരളും ഭട്ടാരകരെ ബ്രാഹ്മണർ മതിലകത്തെത്തിക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. മറ്റേതു അശാന്തി ചെയ്തില്ലെങ്കിലും ഈ കല്ലിന്മേലെഴുതിയ പ്രകാരം ചെയ്യുന്നവർ ഈ ക്ഷേത്രത്തിലെ ധനം മുടക്കിയവരായ തിരുനാരായണം പിഴച്ചവരായിത്തീരും. പന്റിത്തുരുത്തി

യക്കങ്കുന്റപ്പോഴൻ നാടുവാഴുമ്പോൾ തുരുത്തിക്കോത കേരളൻ ചെയ്യിച്ചു. പുല്ലിപ്പള്ളി ശങ്കരൻ ശ്രീകണ്ഠൻ എഴുതി.

### 3.1.1.2.6 നെടുമ്പുറം തളി മണങ്ങാട്ടു കുമരനിരവി വട്ടെഴുത്തു ശിലാരേഖ

കർക്കടക വ്യാഴത്തിൽ മണങ്ങാട്ടു കുമരനിരവി നാടുവാഴുമ്പോൾ നെടുമ്പുറയൂർ നിത്യവിചാരേശ്വരത്തു തളിയും തളി അധികാരികളും കൂടി ചെയ്ത കാര്യം. പുല്ലൂര് കുമരൻ കുമരാതിച്ചനും നെടുമ്പുറം നാട്ടു പടനായരും ഉള്ളിലിരുന്ന് ദേവ കാര്യവും, തളിക്കാര്യവും വേണ്ടുന്നതിന്റെ കുറവറ പറഞ്ഞൊതുക്കിക്കൊടുത്ത്, കോയിൽക്കു വേണ്ടുന്ന ഉൾപ്പാട്ടുമാവും കോട്ടയും ഇതുമായി ബന്ധപ്പെട്ടവയെല്ലാത്തിന്റെയും കുറവറ പറഞ്ഞു കാര്യങ്ങൾ മനസ്സിലാക്കിയതു മൂലം കാര്യങ്ങൾ വീക്ഷിച്ച് ചിങ്ങ വ്യാഴത്തിൽ തലൈപ്പുലത്ത് കണ്ടൻ കുമരൻ നാടുവാഴ്ക്കയിൽ കാഞ്ഞിരപ്പള്ളി കണ്ണ പിരാനായ നെടുമ്പുറയൂർ പടനായരുള്ളിരുന്ന് തിരുക്കൈക്കീഴ് കൂട്ടം കുറിച്ചു കൊടുങ്ങല്ലൂർ ഇരുന്നരുളിയ കർക്കടക വ്യാഴത്തിൽ മതിച്ച കാര്യം വിടർ ചെയ്തു. ഉൾപ്പാട്ടുമാവും കോട്ടയും ഇതുമായി ബന്ധപ്പെട്ടവയൊക്കയും കർക്കടക വ്യാഴമുൾപ്പെടെ വേണ്ടുന്നത് ഇരവി കണ്ണ പിരാനുള്ളിരുന്ന് വിറ്റ വിട്ടി തിരുവു തീട്ടു കൊടുത്തു കൊണ്ടത് നിത്യവിചാരേശ്വരത്തു തളിയും തളിയധികാരികളുമാണ്. തിരുവു തീട്ടു കൊടുക്കാനായി ഇരവി കണ്ണ പിരാൻ കാഞ്ഞിച്ചേരി കുവളയാൽ കുലശേഖരൻ ചെലവ്, അകത്ത് പന്തീരടിക്കു നിത്യേന മുടങ്ങാച്ചിലവായി നാനാഴി. ഇവിടെ പുക്കുവിലക്കുന്നവരും പൊരുൾ കവരുന്നവരും ഇരുപത്തിനാല് കഴഞ്ച് പൊന്ന് പിഴയൊടുക്കണം.

### 3.1.1.2.7 ഇരിങ്ങാലക്കുട കൂടൽമാണിക്യം പാർക്കരൻ നമ്പിരാനർ വട്ടെ ഴുത്തു ശിലാലിഖിതം

തിരുവിരുങ്കാടിക്കൂടൽ തിരുവടിയുടെ പറൈയൂർ കാടാകുന്നത് പാർക്കര നമ്പിരാനാർ തിരുവടിക്കു ചോകിരത്തു പൊതുവാൾ അട്ടിക്കൊടുത്ത ഭൂമി പടിഞ്ഞായിറ്റി പോട്ട എന്ന പേർ വിട്ടു പോട്ട കച്ചമിതിന്നു കച്ചമെന്നത് ചെയ്തു

കൊടുത്തു. ഇതിൻ പ്രകാരം തിരു ഇരിങ്ങാലക്കുട ക്ഷേത്രത്തിലിരുന്ന് പടിഞ്ഞായിറ്റി പോട്ടയെ പാർക്കരപുരമെന്നാക്കി. ഇതിലേക്കുള്ള ചെല്ലും ചെലവിലേക്ക് തിരുവമൃതിന് നാനാഴി അരിയും ഒരു നന്താവിളക്കും, ഉച്ചത്തിരുവമൃതിന് ഒരു നന്താവിളക്കും, ഉച്ചത്തിരുവമൃതും. കർക്കടകത്തിൽ വ്യാഴം നിൽക്കേ ചെയ്ത അട്ടിപ്പേറ്റു കരണമാകുന്നത്. പാക്കരപുരം എന്ന പടിഞ്ഞായിറ്റു പോട്ട ആറ്റോടും തോട്ടോടും കരയും വയലും പടന്നയും അകപ്പെടെ അട്ടിപ്പേറ്റു കാരാണ്മ കൊടുത്തരുളി പാർക്കര നമ്പിരാനാർ തിരുവടി ആയിരക്കര കുമാരന് അട്ടിച്ചു നൽകി. കോതൈ കുമരൻ, കോതൈയാ . . . . , . . . ളിയത്തു നാകങ്കണ്ണൻ, ഊരത്തു കണ്ടൻ കുമരൻ ഈ നാൽവർ മണിഗ്രാമത്തുകാരും തങ്ങൾ കാരാണ്മയാൽ അറുവിളക്ക് നാല് ചെലുത്തുന്നതിന് കടപ്പെട്ടിരിക്കുന്നു. ഇന്നാൽവർക്കും ഉള്ളിട്ട എന്മർക്കു ഉൽക്കും തുലാക്കൂലിയും ഇല്ല. കോവിൽ മനുഷ്യർക്കു മണിഗ്രാമത്താർ നാൽവർക്കു തോന്നിയ പിഴയും കൊള്ളുന്നതിന് കടപ്പെട്ടിരിക്കുന്നു. ഈ ചേരിക്കലിന് വള്ളുവനാട്ടിലെ അറുനൂറ്റുവർ കാവൽ.

### 3.1.1.2.8 പറമ്പൻതളി പറപ്പൂർ പൂമിതരരായിര തിരുവടി വട്ടെഴുത്തു ലിഖിതം

പറപ്പൂർ ഭൂമിതരരായിര തിരുവടി നാടുവാണരുളിയ നാൾ, മേടത്തിൽ വ്യാഴം നിന്ന മിഥുന മാസം തിരുപറമ്പിലൂരും ആനയൊഴുക്കു കോയിലകവും വിരോധമില്ലാതെ ചെയ്ത സങ്കേതമാണിത്. പേരൂർ, നിലാമണിയൂർ, അമൃതമംഗലം, രായിരനെല്ലൂർ, ഈ നാലു ചേരിക്കൽ ഭൂമിയിലും മറ്റും അവകാശികളല്ലാത്തവർ അനധികൃതമായി പ്രവേശിക്കുകയോ മുതൽ കവരുകയോ ചെയ്താൽ തനിക്ക് ഇടയീടായി പതിച്ചു നൽകിയ ഭൂമിയിലെ അവകാശം നഷ്ടമാകും. ഈ സങ്കേതം ചെയ്യുന്നതിനു മുമ്പ് പാണൻപടികോട്ടു നാരായണൻ ചുവരൻ പേരൂരിൽ അനധികൃതമായി തടസ്സം സൃഷ്ടിച്ചതിന് മുന്നാഴിയാൽ നാഴിയരി പിഴയായൊടുക്കേണ്ടിവന്നു. ഇവിടത്തെ പിഴയും ഈ ചിലവായിരിക്കും. ഇതെഴുതി നാലുചേരിക്കലിലും സ്ഥാപിക്കാൻ പറയുന്നിടത്തു നിന്നുള്ള കുറച്ചക്ഷരങ്ങൾ നഷ്ടമായി.

### 3.1.1.2.9 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 1

ഇടവത്തിൽ വ്യാഴം നിന്ന തുലാം മാസത്തിൽ അയപ്പി തിരുവോണത്തിൻ നാളിലേക്ക് ഏർപ്പാടാക്കിയ കാടിക്കുവേണ്ടി നാലു തളിയും കൂടി വിരോധമില്ലാതെ ചെയ്ത സങ്കേതമാണിത്. തുഴുവത്തുറയിൽ ചെയ്തതു പ്രകാരമുള്ള ആണ്ടിലെ നികുതി മെയ്ക്കാട്ടുള്ളതും ചേർത്ത് ഇരുപത്തൊന്നു കലം നെല്ല് കൊണ്ടു വന്ന് പകുത്തുനൽകുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം പകുത്തു കൊടുക്കുമ്പോൾ ഭൂമിക്കുള്ള പൊലിപ്പണവും കൊടുക്കേണ്ടതുണ്ട്. ഈ സങ്കേത ഭൂമിയിൽ നാലുതളിയിലുമുള്ളവർ അനധികൃതമായി പ്രവേശിക്കാനോ അവിടെയുള്ളവ എടുക്കാനോ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്നവരുടെ നിലം അധികാരികൾക്ക് തടുത്തുണ്ണാവുന്നതാണ്. അവർ ഓരോരുത്തരും നാലു കുടുപ്പൊൻപണം നാലുതളിയോടൊത്ത് പ്രാധാന്യമുള്ള ഈ ക്ഷേത്രത്തിനു മുന്നിലെ കൈത്തോടാകുന്നിടത്ത് പൊതുവാളിനെയും ഈ ഏർപ്പാടു നടത്തിയവനെയും ഏൽപ്പിക്കണം. ഈ ഭൂമിയിൽ വഴക്കുണ്ടാക്കുന്നവർ പന്ത്രണ്ടുവരിക്ക് പുത്തവൻ കാരാണ്മ അവസാനിപ്പിക്കണം. നെയതലറ്റൈ ഭൂമിയിൽ കാരാണ്മയുള്ളവർ നാലുതളിയിലുമുള്ള ഓരോരുത്തരെ പെരൺമണ്ണ കിടത്തിച്ച്, ഇല കൊണ്ടുവന്നവന്റെ കാരാണ്മയും അവസാനിപ്പിക്കണം.

### 3.1.1.2.10 വീരരാഘവപ്പട്ടയം വട്ടെഴുത്തു ചെമ്പോല

ഹരിശ്രീ മഹാഗണപതെ നമ എന്ന വാക്യത്തിലാരംഭിക്കുന്നു. ഭൂപാല നരപതിയായ ശ്രീ വീരകേരള ചക്രവർത്തി ആദിയായി മുറമുറയായി പല നൂറായിരം വർഷങ്ങൾ ചെങ്കോലേന്തി ഭരണം നടത്താനുള്ളതിൽ നിന്ന ശ്രീ വീരരാഘവ ചക്രവർത്തിക്ക് ചെന്ന വിശേഷമായ രാജ്യത്തിൽ മകരത്തിൽ വ്യാഴം നിന്ന മീന മാസം ഇരുപത്തൊന്നു ചെന്ന ശനിയാഴ്ച രോഹിണി നാൾ പെരും കോവിലകത്തിരുന്നരുളെ മാകോതയർ പട്ടണത്തിലെ ഇരവി കോർത്തനനായ ചേരമാൻ പെരുഞ്ചെട്ടിക്ക് മണിഗ്രാമപ്പട്ടം കൊടുത്തു. വിഴാവാടെയും പവനത്താങ്കും പെറുപേറും കടത്തുവളഞ്ചിയവും വളഞ്ചിയത്തിൽ തനിച്ചെട്ടും മുൻചൊല്ലും

മുൻനടയും പഞ്ചവാദ്യവും ശംഖും പകൽവിളക്കും പാവാടയും ഐന്തോളകവും കൊറ്റക്കുടയും വടുകപ്പറയും ഇടുപടിയും തോരണവും നാലു ചേരിക്കും തനിച്ചെട്ടും കൊടുത്തു. വാണിയരെയും ഐങ്കമ്മാളരെയും അടിമകളായി നൽകി. നഗരത്തിന്റെ കർത്താവായ ഇരവി കോർത്തനന് പറകൊണ്ടളന്ന് നിറകൊണ്ട് തൂക്കി നൂൽകൊണ്ട് പാകി എണ്ണുന്നതിലും എടുക്കുന്നതിലും ഉപ്പോട് ശർക്കരയോട് കസ്തൂരിയോട് വിളക്കെണ്ണയോട് ഇവയ്ക്കിടയിലുള്ള എല്ലാറ്റിനും തരകും അതിനടുത്ത ചുങ്കവും അനുവദിച്ചു. ഇതിനോടൊപ്പം കൊടുങ്ങല്ലൂർ അഴിയോടും ഗോപുരത്തോടും വിശേഷാൽ നാലു തളിയിലും തളിക്കടുത്ത ഗ്രാമത്തിന്റെ ഇടയിൽ നീർ വീഴ്ത്തി ചെപ്പേട് എഴുതിക്കൊടുത്തു. ചേരമാൻ ലോക പെരുംചെട്ടിയായ ഇരവി കോർത്തനനും ഇവന്റെ മക്കൾക്കും മക്കളുടെ മക്കൾക്കും വഴി വഴിയായി ലഭിക്കാൻ ഇവ ജന്മാവകാശമായി നൽകിയിരിക്കുന്നു. പന്നിയൂർ ഗ്രാമവും ചോകിരം ഗ്രാമവും അറിയെയാണീ ദാനം നടത്തിയത്. വേണാട്, ഓടനാട്, ഏറനാട്, വള്ളുവനാട് എന്നീ നാടുകളും സാക്ഷിയാണ്. ഈ അവകാശങ്ങൾ ചന്ദ്രനും സൂര്യനും ഉള്ളിടത്തോളം കാലം അനുഭവിക്കാൻ പാകത്തിൽ അനുവദിച്ചിരിക്കുന്നു. ഇപ്രകാരം എഴുതിയത് ചേരമാൻ ലോക പെരുന്തട്ടാൻ നമ്പി ചടെയൻ.

## 3.1.1.3 സ്ഥാപനങ്ങൾ നടത്തിയ ഏർപ്പാടുകൾ

അധികാരക്രമത്തിന്റെ തുടർച്ചയാണ് വിവിധങ്ങളായ സമിതികൾ. തളി, പരിഷ, പതിനെട്ടുനാട്ടാർ, ഇരുപത്തൊരുവർ, അറുനൂറ്റുവർ, എന്നിവ. ഇവയ്ക്ക് ക്ഷേത്ര കേന്ദ്രിതമായ അധികാരങ്ങളും അവകാശങ്ങളും ചുമതലകളുമുണ്ട്. ഇത്തരത്തിലുള്ള ക്ഷേത്ര സമിതികളും അവയിലെ അധികാരികളും നടത്തിയ ഏർപ്പാടുകളാണ് ഈ ലിഖിതങ്ങളിലുള്ളത്.

### 3.1.1.3.1 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 2

തിരുക്കുലശേഖരപുരത്ത് തളിക്ക് നൂറ്റിത്തൊണ്ണൂറ്റഞ്ച് വർഷമായിരിക്കുന്നു. ഈ വർഷം മകരമാസത്തിലെ ഉത്രം മുതലായ സമയത്ത് തളിയും തളിയധികാരികളും ചേർന്ന് തിരുക്കുലശേഖരപുരത്തു തളിയിൽ പണ്ടാരം

കാവലിന് നിന്ന വെൺപലനാടു പ്രവൃത്തിക്കാരൻ നക്കനഴിയകത്തു ഗോവിന്ദൻ ദാമോദരന് ഈ പൊന്ന് അഞ്ചു കഴഞ്ഞ് തളിമുറയിൽ ചിങ്ങമാസം നൽകി. പോഴൻ ഇരവി തളിമുറയിൽ ഒരു മാസത്തിൽ, (മാസത്തിന്റെ പേരുള്ളിടത്തെ അക്ഷരങ്ങൾ നഷ്ടമായി) ഭട്ടാരകർക്കുവേണ്ടി കൂത്തും ഏർപ്പാടാക്കി. ഈ പ്രവൃത്തികളാൾ തെറ്റിച്ചാൽ, അപ്രകാരം ചെയ്യുന്നവരിൽ നിന്നും ഈടാക്കേണ്ടതിനെക്കുറിച്ചു പരാമർശിക്കുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി.

#### 3.1.1.3.2 തിരുവഞ്ചക്കളം ഇരായിരങ്ങപ്പെരുന്തച്ചൻ വട്ടെഴുത്തു ശിലാലിഖിതം

ധനുവിൽ വ്യാഴം നിൽക്കേ അട്ടിപ്പേറായി പുരൈയിടത്തിനു ചെയ്ത കച്ചം. ഇരായിങ്ങപ്പെരുന്തച്ചനും മറ്റൊരു പെരുന്തച്ചനും ഉള്ളിലിരുത്തി കോവിലധികാരികൾ തിരുവുള്ളത്താൽ നൽകിയ പുരയിടത്തിന് ഇറ മുപ്പത്തഞ്ചു നാഴി. ഈ ഇറ കൊടുക്കാൻ അധികാരികൾ കടപ്പെട്ടിരിക്കുന്നു. ഈ പുരയിടത്തിൽ ചെന്ന് പ്രവേശനം വിലക്കുന്നവനും മുതൽ കവരുന്നവനും അമ്പത്തിരണ്ട് കഴഞ്ച് പൊന്ന് പിഴയായി നൽകണം.

#### 3.1.1.3.3 ഊരകം വട്ടെഴുത്തു ശിലാലിഖിതം

അരിയനൂർ ക്ഷേത്രത്തിൽ കൂടിയ ഊരാരന്മാർ അവിരോധത്തോടെ ചെയ്ത കച്ചമാണിത്. ഭട്ടാരകർക്കു നിത്യേനയുള്ള വകകൾക്കു പുറമേയുള്ള പുന്നിരു മാല്യവും, നന്താവിളക്കും, ഒഴുക്കവിയും നാൾ ഭാരതം മുതുകൂത്തും, ബലിയും, തച്ചും ഇവയടക്കം ഒമ്പതും വിലക്കാൻ പാടുള്ളതല്ല. വിലക്കുന്നവരെ മൂഴിക്കളത്തെഴും കച്ചത്തെ അവമതിച്ചവരായി കണക്കാക്കും.

#### 3.1.1.3.4 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 1

കർക്കടകത്തിൽ വ്യാഴം നിന്ന കർക്കടക മാസത്തിൽ തൃശ്ശിവപേരൂർ ക്ഷേത്രത്തിലിരുന്ന് ഊരും, സമഞ്ജിതരും, യോഗിയാർ തിരുവടിയും പൊതുവാൾമാരും കൂടി അവിരോധത്തോടെ നടയിൽ ദേവരിൻ പെൺകുലം കൂടി

കോട്ടുവായിരവേലിക്കച്ചത്തോടൊക്കുന്ന വയലും കരയും മറ്റുള്ളവയും ചേർത്ത് എഴുതിയ കച്ചം ഓല കരണമാണിത്. ക്ഷേത്രത്തിലേക്കുള്ള പ്രവേശനം തടയുന്നവരെയും അവരെ സംരക്ഷിക്കുന്നവരെയും കോട്ടുവായിരവേലിക്കച്ചം പ്രകാരമുള്ള ശിക്ഷകൾക്ക് വിധേയരാക്കും. ചിറക്കലെ അകഴിൽ തടസ്സം ഉണ്ടാക്കുന്നവരെയും ഈ കച്ചപ്രകാരം ശിക്ഷിക്കുന്നതാണ്.

### 3.1.1.3.5 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 2

മകരത്തിൽ വ്യാഴം നിൽക്കേ തൃശ്ശിവപ്പേരൂർ ക്ഷേത്രത്തിലിരുന്ന് മൂത്താരും ഇളയാരും കോവിലധികാരിയും പൊതുവാളും ചേർന്ന് വിരോധമില്ലാതെ ചെയ്ത കർമ്മമാകുന്നത്. ദേവന്റെ ശ്രീകോവിലിന്റെ ഏഴുപാടി അകത്തും പുറത്തുള്ളവർ പ്രവേശിക്കാൻ പാടുള്ളതല്ല. പ്രവേശിക്കുന്നവരെ തടസ്സപ്പെടുത്തുന്നതും മുതലുകൾ അനധികൃതമായി എടുക്കുന്നതും വിലക്കിയിരിക്കുന്നു. ഈ കച്ചം കോട്ടുവായിരവേലിക്കച്ചം പോലുള്ളതാണ്. ഈ കച്ചം പിഴയ്ക്കുന്നവർ സ്വന്തം അച്ഛനെ കൊന്ന് അമ്മയെ ഭാര്യയാക്കിയവരായി പരിഗണിക്കപ്പെടും. അവന് സഹായം ചെയ്യുന്നവനും ഇപ്രകാരം പരിഗണിക്കപ്പെടും. ക്ഷേത്രത്തിലേക്കു വന്ന വഴിപാടുകളും അരിയും ചോറും കവരുന്നവനും ഈ കച്ചം ബാധകമാണ്. ഇത്തരക്കാർ ദേവന്റെയോ ഉമയുടെയോ ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടുള്ളതല്ല. അവന്റെ ഇല്ലത്തു ചെന്ന് അന്നവും പിച്ചയും സ്വീകരിക്കുന്നവർക്കും ഈ കച്ചം ബാധകമാണ്. ക്ഷേത്രത്തിലെ ചെല്ലും ചെലവും സൂചിപ്പിക്കുന്ന ഭാഗത്തെ കുറച്ചക്ഷരങ്ങൾ നഷ്ടമായി. ഈ കച്ചം പിഴച്ചവനെ കോവിൽ പൊലിക്കുന്നതിന് കടപ്പെട്ടിരിക്കുന്നു.

### 3.1.1.3.6 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 2

മറ്റത്തിനും ചെറിയ മലയ്ക്കും ഇറയായി ചെയ്ത കച്ചം. അയിരാണിക്കളത്തു പരടയാരും ഊരാരും അവിരോധത്താലെ കൂടി തിരുവാരാധനയ്ക്കിട്ട ചേരിക്കലാവുന്നത്. തെന്നരയൂർ പള്ളിപ്പുറവും അമണിലം ഇറയ് നിലവും ഊരിടൈ മണ്ണും ചമ്മനപള്ളിയും മുട്ടവും പെരുമ്പാറ്റ കരഭോഗവും കൂടെയുള്ള മേരു നിലവും

ചിമ്പാലയൂരും എൺകാലൂരും. ഇച്ചേരിക്കലിൽ ചെന്ന് അതരം (അനിഷ്ടം) ചെയ്യുന്നവർ തന്നെ ഉപനിച്ചോതിച്ച ഉപാദ്ധ്യയനെയും അച്ഛനെയും കൊന്ന് അമ്മയെ ഭാര്യയാക്കി വെച്ചവരായി പരിഗണിക്കപ്പെടും. ഇവർക്ക് സ്ഥാനവും പരടയും പാടില്ല, ഊരിൽ പ്രവേശിക്കാൻ പാടില്ല, സ്വാമിക്ക് അമ്പത് പൊന്നും നല്കേണ്ടതാണ്. ഇവർക്ക് അനുബന്ധം ചെയ്യുന്നവരും പാപികളാകും. ഈ ഏർപ്പാട് നടത്തിച്ച ചുവാകര നാരായണനെന്ന പുണ്യവാന് ഐശ്വര്യം ഭവിക്കട്ടെ.

#### 3.1.1.3.7 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 3

മംഗളവും ഐശ്വര്യവും ഭവിക്കട്ടെ. പാർവ്വതീപതിയായ സിവഗൃഹമായ ഇവിടം ഉത്തമബ്രാഹ്മണരെല്ലാം ഹരിഹരനോടെന്നപോലെ കൂടിച്ചേർന്നധിവസിക്കുകയും കൂടിക്കലരുകയും രമിക്കുകയും ചെയ്ത് കഴിയുന്ന, കുംഭത്തിൽ വ്യാഴം നിൽക്കെ വൃശ്ചികമാസം തിരുവല്ല വാഴ് ഊരും അയിരാണിക്കളത്തൂരും ഈ രണ്ടു ഗ്രാമത്തിലെയും പൊതുവാളും അവിരോധത്താൽ കൂട്ടം കൂടി ക്ഷേത്രത്തിലിരുന്ന് ചെയ്ത കാര്യമാകുന്നത്. തിരുവല്ല വാഴ് ക്ഷേത്രം മൂന്നിനുമുള്ള ചേരിക്കലും അർത്ഥവും വിക്കുമ്മാനവും അവമാനവും ഏതുവകയിൽ ഉൾപ്പെട്ടവയും ഇനിമേലിൽ നമുക്കൊരുമിച്ചായിരിക്കും വിധം ഏകഗ്രാമം ചെയ്തിരിക്കുന്നു. ഓരോരുത്തർക്കു വിരോധമുള്ള പൊഴുതുകെട്ട ഊരാളൻ തന്റെ മേൽ അട്ടുകയും പാരാതേ ചെന്ന് സുഖദു:ഖപ്പെടുന്നതിന് കടപ്പെട്ടിരിക്കുന്നു. ഇതുപ്രകാരം ചെയ്യാത്തവൻ ഈ രണ്ടു ഗ്രാമത്തിനും അധികാരം കെട്ട് ഊരിനകത്ത് കുടിയിരിക്കാൻ പാടുള്ളതല്ല. ഇവന് തുണ പറയുന്ന ഊരാളനും ഇവന് സമാനമായി പരിഗണിക്കപ്പെടും എന്നതിന് ഏർപ്പാടാക്കിയ കച്ചമാണിത്. കൈയണവാരത്തിനും കാരൈക്കാർക്കും ഏർപ്പാടാക്കിയ കച്ചം തന്നെയാണീ കച്ചം.

### 3.1.1.4 വ്യക്തികളുടെ ഏർപ്പാടുകൾ

ക്ഷേത്രങ്ങളിലേക്കും അനുബന്ധ പ്രവൃത്തികളിലേക്കും വ്യക്തികൾ വഴിപാടുകൾ ഏർപ്പാടാക്കുകയും അതിന്റെ നടത്തിപ്പിലേക്കായി ഭൂമിയും പണവും സ്വർണ്ണവും നൽകിയിരുന്നു. ഇത്തരം ലിഖിതങ്ങളാണിവിടെ നൽകുന്നത്.

#### 3.1.1.4.1 തൃപ്രയാർ ശ്രീരാമക്ഷേത്ര മുരുകനാട്ടു ചങ്കരങ്കുന്റപ്പോഴൻ വട്ടെഴുത്തു ലിഖിതം

തിരുപ്പുറൈയാർ ഊരും പൊതുവാളും കൂടി മുരുകനാട്ടു ശങ്കരൻ കുന്റപ്പോഴൻ തിരു നെയ്യിനായേർപ്പാടാക്കിയ കച്ചമാകുന്നത്. അകനാഴിച്ചെലവിലേക്ക് മുരുകനാട്ടു ശങ്കരൻ കുന്റപ്പോഴൻ നന്താവിളക്കും, നിവേദ്യവും ഏർപ്പാടാക്കിയിരിക്കുന്നു. പൊതുവാളായ കണ്ണൻ ചുവരൻ അകനാഴിച്ചെലവിലേക്ക് ആവശ്യമായ കൂറയും ഏർപ്പാടാക്കിയിരിക്കുന്നു. നെടുമ്പുറയൂർ ഊരാളനായ ചിങ്ങൻ ഒരു അക്കിരത്തിനും ഏർപ്പാടാക്കിയിരിക്കുന്നു. ഇവയ്ക്കെല്ലാമായി ഏർപ്പാടാക്കിയ ഭൂമി ഉടമയിൽ നിന്നും മാറിയാലും നശിച്ചാലും നന്താവിളക്ക് അകനാഴിച്ചെലവെന്നിവ അനധികൃതമായി മുടക്കാൻ പാടുള്ളതല്ല. ഇപ്രകാരം ദേവരുടെ ഭൂമി വിൽക്കുന്ന ഊരാളൻ ദേവഭൂമികളിൽ അയാൾക്കുള്ള ഇടയീടുകൾ റദ്ദാക്കപ്പെട്ട് ക്ഷേത്രത്തിന് ഇരുപത്തൊന്ന് കഴഞ്ച് പൊന്നും നൽകി മൂഴിക്കളം കച്ചം പിഴച്ചവനായി ഊര് വിട്ടുപോകാൻ കടപ്പെട്ടിരിക്കുന്നു.

#### 3.1.1.4.2 തൃക്കാക്കര മാളുപക്കോനാർ വട്ടെഴുത്തു ശിലാരേഖ

മിഥുനത്തിൽ വ്യാഴം നിന്ന ചിങ്ങ മാസത്തിൽ അടികൾ മാളുപക്കോനാറും അറുനൂറ്റുവരും ക്ഷേത്രത്തിനകത്തിരുന്ന് ദാമോതര എഴുവരടിയാൾ അഴുവൻ കുന്റത്തിന് തൃക്കാക്കര ദേവർക്ക് ഈ രക്ഷാഭോഗമായ രണ്ടു നാഴി അരി തിരുവമൃതിനേർപ്പാടാക്കി. ഈ ഊര് അതിനകത്തെത്തിയിരുന്ന് രക്ഷിച്ചു കൊടുത്തു കൊള്ളുന്നതിന് തൃക്കാക്കര ദേവരുടെ പൊതുവാളന്മാർ കടപ്പെട്ടിരിക്കുന്നു.

#### 3.1.1.4.3 തൃക്കാക്കര കാരിലത്തു കണ്ണങ്കുമരൻ വട്ടെഴുത്തു ശിലാരേഖ

കന്നിയിൽ വ്യാഴം നിന്ന ചിങ്ങ മാസത്തിൽ ചെയ്ത കർമ്മമാകുന്നത്. കാരിലത്തു കണ്ണങ്കുമരന്റെ പഴങ്കാശിനോടൊക്കുന്ന മുപ്പത്താറു കഴഞ്ച് പൊന്നു കൊണ്ട് അതിനായേർപ്പാടാക്കിയ ഭൂമിയെപ്പറയുന്നു. ഈ ഭാഗത്തെ അക്ഷരങ്ങൾ ന്ഷ്ടമായി. അതിൽ നിന്നേർപ്പാടാക്കിയ നെയ്യിന്റെ കണക്കു പറയുന്നിടത്തെ

കുറച്ചക്ഷരങ്ങളും നഷ്ടമായി, ദേവരുടെ തുടത്തിനാൽ, നെയ്യളക്കുന്നതിനുള്ള പാത്രം കൊണ്ട് മുപ്പത്തഞ്ചു തുടം നെയ്യ് അളക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. ഈ പൊന്നിന് കണ്ണമങ്ങലത്തെ വയലും കരയും പുലയരും മറ്റുള്ളവയെല്ലാം ഉൾപ്പെടെ ഇരവിമങ്ങലത്തെ ഇയക്കങ്കോത വാണരുളുന്ന ഭൂമി ഏർപ്പാടാക്കിയതിൽ നിന്നും ഉള്ള നെല്ല് സ്വീകരിക്കുന്നതിന് ഉൾപ്പാടനും പെരുമുതിയനും കടപ്പെട്ടിരിക്കുന്നു. കാരൈക്കാടുടയവർ കുളത്തിനുള്ള വഴിക്കു തെക്കുള്ള ഭൂമിയും വാഴുന്നതിന് കടപ്പെട്ടിരിക്കുന്നു. പുറൈയങ്കണ്ടനും ഗോവിന്ദനും ഈ ഭൂമിയിൽ നിന്നും ലഭിക്കുന്ന നെല്ലിൽ നിന്നും ഭോഗത്തിന് ദേവരുടെ പറയാൽ നാഴി അറുനൂറ്റു നാഴി കൊട്ടാരത്തിൽ അളവു കൊടുത്തില്ലെങ്കിൽ കാരാണ്മ ഒഴിവാകേണ്ടതാണെന്ന കടമ കൂടി കാരാണ്മ നൽകുമ്പോൾ കാണേണ്ടതാണ്.

### 3.1.1.4.4 ചേന്ദമംഗലം കൃഷ്ണക്ഷേത്രം വട്ടെഴുത്തു ശിലാലിഖിതം

പറയൂർ ഊരാരും പരടയാരും പൊതുവാളും വിരോധമില്ലാതെ തൃക്കൈക്കീഴ് കൂടിയിരുന്നെഴുതിയ കച്ചം. ശങ്കരനാരായണൻ ക്ഷേത്രത്തിലേക്ക് നൽകിയ പുന്നക്കാടിനും പുലയൻ നടയിലെ പുന്നിനും ഉള്ള ഇറയാകുന്നത്. ആണ്ടിൽ അറുപതു പങ്കു നെയ്യ് ക്ഷേത്രത്തിന് നൽകണം. ഈ ഭൂമിയിൽ പ്രവേശിക്കുന്നത് തടുക്കുന്നതും അനധികൃതമായി മുതൽ കവരുന്നതും, മറ്റുള്ളവയും ആ ഊരിലെ ആകെയുള്ള കുടികളിൽ ഒരു നന്മയോ തിന്മയോ ചെയ്യുന്നതും വിലക്കിയിരിക്കുന്നു. ഊരാരും, പരടയാരും, പൊതുവാളും ഈ ഏർപ്പാടു പ്രകാരം അറുപതുപങ്കു നെയ്യ് വർഷാവർഷം ക്ഷേത്രത്തിലെത്തുന്നത് ഉറപ്പുവരുത്തണം. തങ്ങളുടെ കുറവിനാൽ നെയ്യ് നൽകാതിരുന്നാൽ ഇരട്ടി നെയ്യ് പിഴയായി ക്ഷേത്രത്തിലെത്തിക്കണം. ഏറിയ നെയ്യ് സ്വീകരിക്കേണ്ടെന്ന് ഊരാളനും, പരടയാരും, പൊതുവാളും പറയുവാൻ പാടുള്ളതല്ല.

### 3.1.1.4.5 ചൊവ്വല്ലൂർ ഇളങ്ങൊളൂരാകി കോത വട്ടെഴുത്തു ശിലാരേഖ

ഇളങ്ങൊളൂരാകി കോത മരുതൊടി, കണ്ണഞ്ചിറാ, വിളക്കിനുള്ളേടം എന്നിവിടങ്ങളിലേക്കുള്ള ചെലവിലേക്കായി പൂയിനടി പൺതിരണ്ടര നൽകി. ഇതു

പണമോ പൊന്നോ ആയിരിക്കണം. മറ്റു ചെലവിനുള്ളിടവും, അടക്കം ഈ നാലു സ്ഥലത്തേക്കുമുള്ള ചെലവ്, പൊതുവാൾക്കും മറ്റുമുള്ള കൂലിക്കുള്ള പണത്തിനായി എടുത്ത് മുടക്കിയാൽ ആറര കഴഞ്ച് പൊന്ന് പിഴയായി നല്കണം. മറ്റുള്ള കാര്യങ്ങൾ മരുതൊടിയോടൊക്കുന്നതാണീ സങ്കേതം.

### 3.1.1.4.6 പറപ്പൂർ പെരുഞ്ചാല കോത കണ്ണൻ വട്ടെഴുത്തു ലിഖിതം

ക്ഷേത്രത്തിലെ ചെലവിലേക്കാർപ്പാടാക്കിയ ഭൂമികളെയും അവയിൽ നിന്നും നടത്തേണ്ടുന്ന ചെലവുകളെയുമാണീ ലിഖിതത്തിൽ പരാമർശിക്കുന്നത്. ഭൂമികളെ കുറിച്ച് പറയുന്നിടത്തെ കുറച്ചക്ഷരങ്ങൾ നഷ്ടമായി. ചങ്കരൻ കഴകന്റരുൻ എന്നാരംഭിക്കുന്ന ഭൂമി, ലാലുതലൂര് ഇത്ര ഭൂമി ചെലവിലേക്ക് കോതകണ്ണൻ നൽകിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ ഏർപ്പാടുകൾ നടത്തിയ നാൾ മുതൽ മറ്റു ചെലവുകളും ഇച്ചെലവിന്റെ ഒപ്പം തൃക്കൈക്കീഴ് മുന്നെ അഥവാ ക്ഷേത്രത്തിലെത്തണം.

### 3.1.1.4.7 ചൊവ്വല്ലൂർ കട്ടിൽ ഇരായരങ്കേരളൻ വട്ടെഴുത്തു ശിലാരേഖ

കട്ടിൽ ഇരയരൻ കേരളനാണ് ചൊവ്വല്ലൂർ ക്ഷേത്രത്തിലെ വട്ട ശ്രീകോവിലിലെ കരിങ്കൽ നിർമ്മിതികൾക്കുള്ള ചെലവുകൾ നിർവ്വഹിച്ചത്.

### 3.1.1.4.8 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 3

മുല്ലപ്പള്ളി കണ്ണൻ ചുവരനാണ് വടക്കുംനാഥ ക്ഷേത്രത്തിന്റെ ചുറ്റുമണ്ഡപത്തിലെ കരിങ്കൽ നിർമ്മിതികൾക്കുള്ള ചെലവുകൾ നിർവ്വഹിച്ചത്.

### 3.1.1.4.9 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 4

ചേകരോനാട്ടു കണ്ടൻ ഇരവിയാണ് വടക്കുംനാഥ ക്ഷേത്രത്തിന്റെ ചുറ്റുമണ്ഡപത്തിലെ കരിങ്കൽ നിർമ്മിതികൾക്കുള്ള ചെലവുകൾ നിർവ്വഹിച്ചത്.

### 3.1.1.5 അപൂർണ്ണ ലിഖിതങ്ങൾ

ശേഖരിച്ച ലിഖിതങ്ങളിൽ വ്യാഖ്യാനത്തിന് വിധേയമാകാത്ത വിധം അപൂർണ്ണമായ ലിഖിതങ്ങളുണ്ട്. ഏതാനും ചില സൂചനകളോ അക്ഷരങ്ങളോ വാക്കുകളോ ഒക്കെ ഇവയിൽ നിന്നും ലഭ്യമാണ്.

#### 3.1.1.5.1 നെടുമ്പുറം തളി വട്ടെഴുത്തു മണക്കാട്ടു നാരായണൻ ഗോവിന്ദൻ ശിലാരേഖ

വളരെ അക്ഷരങ്ങൾ നഷ്ടപ്പെട്ടൊരു ലിഖിതമാണിത്. ശനിയാഴ്ചയാണ് ഏർപ്പാട് തയ്യാറാക്കിയത്. ഏർപ്പാട് പ്രകാരം ചെയതില്ലെങ്കിൽ അധികാരികൾക്കുള്ള ദണ്ഡത്തെക്കുറിച്ച് പറയുന്നു. മുപ്പതു കഴഞ്ചി പൊന്നും ഇടങ്ങഴിയാൽ അറുനൂറ് നാഴി നെല്ലും അളന്നു തരുന്നതിന് കടപ്പെട്ടിരിക്കുന്നു. പൈങ്കുളത്തെ പരാമർശിക്കുന്നു. വയലാകുന്ന ഭൂമി പോയി ഉഴുതുനിന്ന് അഞ്ചുകഴഞ്ച് പൊന്നും മുന്നൂറ്നാഴി നെല്ലും ദേവന് മണക്കാട്ട് ഗോവിന്ദൻ സമർപ്പിക്കണം. വരുത ഗോപുരവുമായി ബന്ധപ്പെട്ട മറ്റൊരേർപ്പാട് പറയുന്നു, ഇവിടെയും കുറച്ച് അക്ഷരങ്ങൾ നഷ്ടപ്പെട്ടു. അമിങ്ങനു നിന്ന് പതിനഞ്ചു കഴഞ്ച് പൊന്നിന് മുന്നൂറ്നാഴി നെല്ല് അളന്നു തരുന്നതിന് കടപ്പെട്ടിരിക്കുന്നു. ആണ്ടൈനാർ കുറി പ്രകാരം ഒരാണ്ടേക്ക് ക്ഷേത്രത്തിലേക്ക് നിത്യേന നൽകേണ്ടുന്ന അരി രണ്ടുനാഴി.

#### 3.1.1.5.2 അവിട്ടത്തൂർ വട്ടെഴുത്തു ശിലാരേഖ – 2

ക്ഷേത്രത്തിലേക്ക് നടത്തിയ ഏർപ്പാടിന്റെ ഭാഗമായ ലിഖിതം ഏറെ അക്ഷരങ്ങൾ നഷ്ടമായി. ഇടങ്ങഴി നെല്ലിനെക്കുറിച്ചും പുക്കുവിലക്കുന്നതിനെക്കുറിച്ചും ദണ്ഡമായി പതിൻ കഴഞ്ച് പൊന്ന് നൽകേണ്ടതും പറയുന്നുണ്ട്. അച്ചാഴത്തു കാരാളനെ പരാമർശിക്കുന്നു. ലിഖാതാവസാനത്തിൽ അകട്ട കച്ചം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

### 3.1.1.5.3 പറപ്പൂർ പെരുഞ്ചാല വട്ടെഴുത്തു ലിഖിതം – 2

ലിഖിതത്തിന്റെ ആദ്യാവസാന ഭാഗങ്ങൾ നഷ്ടമായി. ക്ഷേത്രത്തിൽ നടത്തിയ ഏർപ്പാടിന്റെ ചെലവു പറയുന്ന ഭാഗമാണ് ലഭിച്ചിട്ടുള്ളത്. തലക്കൽ എന്നു പരാമർശിക്കുന്നു. അവിടെ ചെലുത്തേണ്ടതാകുന്നു. ഭട്ടാരകർക്കുള്ള ആ നെല്ല് കൃത്യമായെത്തിക്കുന്നതിനു പൊതുവാളും ഊരാളൻമാരും കടപ്പെട്ടിരിക്കുന്നു. ഈ ദണ്ഡം പിഴച്ചാൽ അവർക്കുള്ള ശിക്ഷ പറയുന്ന ഭാഗവും നഷ്ടമായി.

### 3.1.1.5.4 താഴേക്കാട് ശിവക്ഷേത്ര വട്ടെഴുത്തു ലിഖിതം

ഈ ആരാധനയും ആരാധനയ്ക്കായി ഏർപ്പാടാക്കിയ ഭൂമിയും.

### 3.1.1.5.5 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 1

പെരുമനത്ത് ഏറ്റവും അവസാനമായി കണ്ടെത്തിയ ഈ ലിഖിതം ഒരു പൂർണ്ണ ലിഖിതത്തിന്റെ വലത്തേ ഭാഗമാണ്. മർ തിരുവടി എന്ന വാക്കിൽ നിന്നും അത് വർമർ തിരുവടിയാണെന്ന സൂചന ലഭിക്കുന്നു, ഇരുപത് എന്ന സംഖ്യാവാചി, പുറത്തൂർ, കാരാളൻ ഊർ എന്നീ പരാമർശങ്ങൾ ലഭ്യമാണ്.

### 3.1.1.5.6 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 2

ഇത് പൊട്ടിയ ഒരു ലിഖിതത്തിന്റെ മധ്യ ഭാഗമാണ്. ന്പട നാണ്ടു ഐെയ്യൻ എന്ന വ്യക്തി നാമം, മേൽ ചേരി ഭൂമി, മൂന്ന് എന്ന സംഖ്യാവാചി എന്നിവയെക്കുറിച്ച് പരാമർശമുണ്ട്.

### 3.1.1.5.7 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 3

ഇത് പൊട്ടിയ ഒരു ലിഖിതത്തിന്റെ മധ്യ ഭാഗമാണ്. ആമതു എന്ന വാക്ക് കൂട്ടിയെഴുതിയതിലെ മാമതു, തയാവളത്തലൂര് എന്ന സ്ഥല നാമത്തിന്റെ ബാക്കി ഭാഗവും പരാമർശിക്കപ്പെടുന്നു.

### 3.1.1.5.9 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 4

ഇത് പൊട്ടിയ ഒരു ലിഖിതത്തിന്റെ മധ്യ ഭാഗമാണ്. അടി ഊരാളൻ, ഉൾ, ആണ്ടു, അവൻ, നമ്മൈ, തിമ്മൈ എന്നിവയിലെ മ്മൈ, എന്നിവ പരാമർശിക്കപ്പെടുന്നു.

### 3.1.1.5.10 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 5

ഇത് പൊട്ടിയ ഒരു ലിഖിതത്തിന്റെ വലതു ഭാഗമാണ്. ഈ കോയിലും, മേൽപാടുമള, എമ്മിളി പുത്തലൂർ, മുന്നൂറ്റു നാഴി നെല്ല്, കുടി, ഐ, എന്നിവ പരാമർശിക്കപ്പെടുന്നു.

### 3.1.1.5.11 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 6

ഇത് പൊട്ടിയ ഒരു ലിഖിതത്തിന്റെ വലതു ഭാഗമാണ്. ഇളയമങ്ങ എന്നാരംഭിക്കുന്ന സ്ഥലനാമം, ചൈതിച്ചാലായുള്ളിന, എന്ന പ്രവൃത്തി നിയന്ത്രണം, തിമ്മൈ ചൈയിന എന്നുള്ളിടത്ത് ഒരു പിഴയുടെ സൂചനയും ഏർപ്പാടിന്റെ ചെലവിന്, ചെലവു ഊരാളൻ, ഉളവായ, ചൈമുൻ എന്നീ വാക്കുകളും പരാമർശിക്കപ്പെട്ടിരിക്കുന്നു.

## 3.1.2 കോലെഴുത്തു ലിഖിതങ്ങൾ

വട്ടെഴുത്ത് താളിയോലകളിൽ ഉപയോഗിച്ചപ്പോഴുണ്ടായ മാറ്റങ്ങളാണ് കോലെഴുത്ത് ലിപിയുടെ ഉദ്ഭവത്തിന് കാരണം. പൊതുവർഷം പതിനാറാം നൂറ്റാണ്ടു മുതൽക്കുള്ള കോലെഴുത്ത് ലിഖിതങ്ങൾ കൊച്ചി രാജ്യത്തു നിന്നും ലഭ്യമാണ്. ഇക്കാലം മുതൽക്കാണ് കോലെഴുത്തിന് കേരളത്തിൽ പ്രചാരമുണ്ടായിത്തുടങ്ങിയതെന്ന് പ്രൊഫസർ ഇളംകുളം കുഞ്ഞൻ പിള്ള നിരീക്ഷിച്ചിട്ടുണ്ട്[109]. മരണ ശിലാരേഖകൾ, നിർമ്മാണം – ദാനം, ഭൂവിനിമയം, ,

---

109 ഇളംകുളം കുഞ്ഞൻപിള്ള, ചാഴൂർ ചെപ്പേടും ഭാഷാഗവേഷണവും, എസ്. രാജേന്ദു, ചാഴൂർ ചെപ്പേട്, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2015, പു – 63.

എന്നിവയാണ് കോലെഴുത്തിലുള്ളത്. ഇപ്രകാരം തന്നെയാണ് കോലെഴുത്തു ലിഖിതങ്ങളെ വർഗ്ഗീകരിച്ചിട്ടുള്ളത്.

1. മരണ ശിലാരോഖകൾ
2. നിർമ്മാണ - ദാനരേഖകൾ
3. ഭൂവിനിമയ രേഖകൾ
4. അധികാര - നയവത്കരണരേഖകൾ

### 3.1.2.1 മരണ ശിലാരോഖകൾ

ഇവ പൊതുവേ എപ്പിത്താഫുകൾ എന്നാണറിയപ്പെടുന്നത്. കോലെഴുത്തിലുള്ള മുഴുവൻ എപ്പിത്താഫുകളെയും ഇവിടെ പരിഗണിച്ചിട്ടില്ല. ഉദയംപേരൂർ, പറവൂർ എന്നീ പള്ളികളിലെ ലിഖിതങ്ങളെ അവയുടെ ചരിത്രപരമായ പ്രാധാന്യം പരിഗണിച്ചാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

#### 3.1.2.1.1 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 1

കൊല്ലവർഷം 735 -ാം കാലം മകര മാസം 24 ന് കണ്ടാപുരത്തൂട്ടെ മാത്തെൻ മൂത്തൻ നല്ലവഴിക്ക് കൂടി.

#### 3.1.2.1.2 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 1

മാറാൻ ഈശോ മിശിഹാ പിറന്നിട്ട് 1624 വർഷം ആയ കുംഭ മാസം 8 നു 5 നൊയമ്പ് തുടങ്ങുന്ന ഞായറാഴ്ച നാൾ അസ്തമിച്ച് പത്ത് നാഴിക രാവ് ചെന്നപ്പൾ ശുദ്ധമായ കാത്തോലിക്കാ അക്ലേഷ്യാക്കൂട്ടത്തിലെ മലങ്കര മാർ തോമാ നസ്രാണികൾക്ക് മേൽ പട്ടക്കാരനായ ഫ്രാൻസിസ്കോ മെത്രാൻ കാലം ചെയ്തു. അന്ന് കൊല്ലവർഷം 799 ആണ്.

**3.1.2.1.3 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 2**

കൊല്ലവർഷം 811 – ാമത് മേട മാസം 22 ന് പണിക്കരായ മാത്തെൻ കോത നല്ലവഴിക്കിടകൂടി.

**3.1.2.1.4 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 3**

കൊല്ലവർഷം 827 – ാമത് മിതുന മാസം 3 ന് മാണിക്കോര നല്ലവഴി കൂടി.

**3.1.2.1.5 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 4**

കൊല്ലവർഷം 836 – ാമത് മകര മാസം 25 ന് അരുവര വാർകി നല്ലവഴി കൂടി.

**3.1.2.1.6 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 5**

കൊല്ലവർഷം 846 – ാമത് ധനു മാസം 23 ന് ഉദിയംപേരൂർ വടക്കേടത്ത് മാത്തു കത്തെനാർ നല്ലവഴി ചെയ്തു.

**3.1.2.1.7 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 6**

1701–ാം വർഷം ചേന്ദമംഗലത്ത് താമസിച്ചിരുന്ന തോമ്മാ രാജാവ് നാടുനീങ്ങി

**3.1.2.1.8 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം – 2**

മിശിഹാ പിറന്നിട്ട് 1799 ആയ കാലം മിഥുന മാസം 3 നു ഞായറാഴ്ച നാൾ ഇകട . . . . . നിച്ച, ഒരു പ്രദേശത്തിന്റെ പേരായിരുന്നിരിക്കണം, ഇവിടെ വെച്ച് വെട്ടത്തു ചാക്കോ കത്തനാരും ആമ്പലെത്തുങ്കൽ കുരുവറെയതുപ്പു മാത്തായിയും ഒലൊറെനു കൂടിയേൻ എന്നറിയുക.

## 3.1.2.2 നിർമ്മാണ – ദാന രേഖകൾ

ആരാധനായലയങ്ങളുടെ നിർമ്മാണവും അവയിലേക്കുള്ള ദാനവുമാണ് ഇത്തരം ലിഖിതങ്ങളിൽ കാണാനാവുക. പറവൂർ ജാക്കോബൈറ്റ് പള്ളിയിലെ രണ്ടു ലിഖിതങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെട്ടവയാണ്.

### 3.1.2.2.1 പറവൂർ ജാക്കോബൈറ്റ് പള്ളി കുരിശുനാട്ടി കോലെഴുത്തു ലിഖിതം

മാറാൻ ഈശോ മിശിഹാ പിറന്നിട്ട് 1566 ആയ കാലം വൃശ്ചിക മാസം 16 നു പട്ടമാന പറവൂർ മാർത്താമോ പള്ളി പണിയുന്നതിനായി മാർ യൗസേപ്പ് മെത്രാനും മറ്റും പല ദേശത്തുള്ള പട്ടക്കാരന്മാരും, എണങ്ങരും കൂടി കുരിശും നാട്ടി സമ്മതിച്ച് കുറുബാനയും ചെയ്തു. അന്നു തന്നെ കൊല്ലം 742 വൃശ്ചികമാസം 16 നു.

### 3.1.2.2.2 പറവൂർ ജാക്കോബൈറ്റ് പള്ളി മാമോദിസക്കൽ കോലെഴുത്തു ലിഖിതം

മിശിഹാ പിറന്നിട്ട് 1625 ആയ കാലം വൃശ്ചിക മാസത്തിൽ ഈ മാമോതിസ കൽ പൊട്ടിൻ അവിരാ മാപ്പിള കൊടുത്തു.

## 3.1.2.3 ഭൂവിനിമയ രേഖകൾ

പാട്ടം, പണയം, അട്ടിപ്പേറ്, ഒറ്റി എന്നിങ്ങനെയുള്ള ഭൂവിനിമയങ്ങളെ സംബന്ധിക്കുന്നവയാണ് ഈ വിഭാഗത്തിലുള്ള ലിഖിതങ്ങൾ. പണം ഭൂവിനിമയത്തിന്റെ പ്രാധാന ഘടകമായി മാറുന്നതും ശ്രദ്ധേയമാണ്.

### 3.1.2.3.1 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 1

കൊല്ലവർഷം 781 -ാമത് കുംഭ മാസത്തിൽ എഴുതിയ വെറുംപാട്ടം നേർപലിശ ഓലക്കരണമാകുന്നത്. പാലയൂർ പള്ളിയിലെ വികാരിയും പ്രവർത്തിക്കാരന്മാരും കൂടെ കൂത്തംചേരി ഇരവി നാരായണന് 1055 പുതുപ്പണം നൽകി. ഈ സ്വീകരിച്ച പണത്തിന്റെ കാര്യത്തിലേക്ക് തന്റെ ഇരിങ്ങപ്പുറം ദേശത്തെ ഇളങ്കുളത്തെ വടിക്കേമുറി പറമ്പും അതിനടുത്ത് നാല്പതു നാഴി വിത്തിന് കണ്ടങ്ങളും 1055 പണത്തിന് നേർപലിശ കിഴിയുമാറ് എഴുതിക്കൊടുത്തു. ഇപ്രകാരം നേർപലിശ കിഴിയുമാറ് എഴുതി വാങ്ങിയത് പാലയൂർ പള്ളിയിലെ വികാരി പരുക്കുളങ്ങരെ ഇട്ടി അച്ചനാരും പ്രവർത്തിക്കാരന്മാരും കൂടിയാണ്. ഇതേ രീതിയിൽ

ഇതറിയുന്ന സാക്ഷി കോതനല്ലൂർ നമ്പൂതിരി. മാടക്കാവിൽ ചാത്തപ്പമേനോൻ കൈയെഴുത്ത്.

### 3.1.2.3.2 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 2

കൊല്ലവർഷം 852 – ാമത് പോകുന്ന ചിങ്ങമാസത്തിൽ എഴുതിയ അട്ടിപ്പേറോലക്കരണം ആകുന്നത്. പാലയൂർ ദേശത്ത് അച്ചാഴത്ത് പാലിപ്പറമ്പ് കിഴക്കതിരായും, തെക്കു വടക്ക് പാലയൂർ പള്ളി പറുമാളികയ്ക്ക് പടിഞ്ഞാറും തെക്കതിരായും, കിഴക്കു പടിഞ്ഞാറ് വിളക്കത്തറെ പറമ്പിനു വടക്കും പടിഞ്ഞാറതിരായും, തെക്കു വടക്ക് പെരുവഴിത്തോട്ടിനു കിഴക്കും വടക്കതിരായും, കിഴക്ക് പടിഞ്ഞാറ് അച്ചാഴത്ത് വലൈക്കററെു കുടിയിരുപ്പിന്റെ തെക്കേ അതിരിന്റെ തെക്കുഭാഗത്തുള്ളതും, ഈ നാലതിരിനകത്ത് അകപ്പെട്ടതുമായ ദേശഭോഗങ്ങൾ തെങ്ങിനു തെങ്ങായും മറ്റും എല്ലാവകയിലുള്ളവയ്ക്കും അന്ന് പെറും അർത്ഥവും വാങ്ങിക്കൊണ്ട് അരവെളും, അരികും, പതിയും, കോയിലും, പാലയൂർ പാട്ടമാളിയും അന്നാട്ടു കോയിലും മുമ്പാകെ അട്ടിപ്പേറായെഴുതി നീർവീഴ്ത്തിക്കൊടുത്തത് അച്ചാഴത്ത് കാമൻ കാമരും തമ്പിമാരും. നീർവീഴ്ത്തി അട്ടിക്കൊണ്ടത് പാലയൂർ പള്ളിയിലെ മാർ കുരിയാക്കോസ് സഹദയുടെ പേരിൽ പാലയൂർ പള്ളിയിലെ ചാക്കു കത്തനാരും, വികാരിയും, പള്ളി പ്രവൃത്തിക്കാരൻമാരും. ഇക്കാര്യം ഈ പ്രകാരത്തിൽ അറിയുന്നവർ; കോങ്ങാട്ട് കണ്ടുമേനോൻ, പാലാട്ട് തെവ്വൻ മേനോൻ, ആച്ചവീട്ടിൽ ഇട്ടിനായെരുടെ പടിപ്പുരെക്കൽ ഇട്ടി, കാവക്കരെ പുത്തക്കുറിപ്പും, തലൈപ്പള്ളി പൂതനായർ. ഇവരറിയാൻ കേട്ടു കേൾപ്പിച്ച് എഴുതിയത് കൂത്തിനമ്പെള്ളി ചങ്ങരി പങ്ങ.

### 3.1.2.3.3 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 3

കൊല്ലവർഷം 856 ആമത് മിഥുന മാസത്തിൽ എഴുതിയ പനെപ്പാട്ടോലക്കരണം ആകുന്നത്. പാലയൂർ പള്ളിയിലെ മാർ കുരിയാക്കോസ് സഹത, പാലയൂർ ചാക്കു കത്തനാരും, വികാരിയും, ദേശത്തെ പട്ടക്കാരന്മാരും, പള്ളി പ്രവൃത്തിക്കാരന്മാരും കൂടി നേരിട്ട് 111 പുതുപ്പണം ആച്ചവീട്ടിൽ ചൂരി

ഇട്ടിപങ്ങിക്ക് കടമായി കൊടുത്തു. ഈ നൽകിയ പണത്തിന്റെ കാര്യത്തിലേക്കായി പാലയൂർ ദേശത്തെ തരകൻ വീട്ടിൽ പറമ്പിന്റെ തെക്ക് പള്ളി അതിരിൽ കിഴക്ക് കൽക്കിണറ്റിന് വടക്ക് തനിക്ക് തനിച്ചുള്ള കാളിയൻ വീട്ടിൽ പറമ്പ് വിലനിലമുൾപ്പെടെ പനെപ്പാട്ടം നേർപലിശ കിഴിയും വിധം എഴുതിക്കൊടുത്തു. എഴുതി വാങ്ങിയത് പാലയൂർ പള്ളിയിലെ മാർ കുരിയാക്കോസ് സഹദായുടെ പേരിൽ പാലയൂർ ചാക്കുകത്തനാർ വികാരി. ഈ പറമ്പിൽ വെച്ചുണ്ടാക്കുന്ന ഫലങ്ങൾക്ക് ദേശവഴക്കം കുഴിക്കാണം കൊടുക്കുകയും കൊള്ളുകയും ചെയ്യുന്നതിനു ഇരു കൂട്ടരും കടപ്പെട്ടിരിക്കുന്നു. ഇപ്രകാരം കയ്യെഴുതിയത് തമ്പി തമ്പി.

### 3.1.2.3.4 തൃശ്ശൂർ ബ്രഹ്മസ്വം മഠം കോലെഴുത്തു ചെമ്പോല

കൊല്ല വർഷം 911 ധനു മാസം തയ്യാറാക്കിയ ഒറ്റി ഓലക്കരണം ആകുന്നത് തിരുനെല്ലി കഴക ഭാഗത്തിന്റെ പങ്കിൽ നിന്നും 1591 വീരരായൻ കോഴിക്കോടൻ പുതുപ്പണം വാശിയില്ലാത്ത വായയാൽ കടം കൊടുത്തതിന് കീഴീടായി വയ്ക്കുന്ന പുരയിടത്തിൽ പ്രസവിച്ച സ്ത്രീയും അവർക്കുള്ള ഓഹരിയും ക്ഷേത്രസംബന്ധ വിരുദ്ധമായ ചുരികളാൽ ഉണ്ടാകുന്നതും ആരാധ്യമായ ഈ ക്ഷേത്രത്തിലെ അനന്തര കർമ്മങ്ങളിൽ ആറിയ അഗ്നി പോലെയും ആയിരിക്കും ഈ കരാർ ലംഘിച്ചാൽ ഉണ്ടാകുന്ന ഫലങ്ങൾ. കീഴധികാരി തയ്യാറാക്കി ക്ഷേത്രാധികാരിയും കീഴേടം അവകാശിയായ ക്ഷേത്രാധികാരിയും ഇളയവരും മറ്റ് ക്ഷേത്രാധികാരികളും ചേർന്ന് ഒന്നിച്ചരുളി പണയം വാങ്ങുന്നവന് നൽകിയ  കരാറാണിത്. ഇതനുസരിച്ച് നാൽപ്പത്തി അയ്യായിരത്തൊന്ന് പണത്തിന്റെ മൂല്യമുള്ള ദേവഭിക്ഷയ്ക്കായി ഏർപ്പാടാക്കിയ പണയമാണിത്. ഒപാറ പാലർകീഴ് എന്ന് പേരുള്ള കുന്നിന്റെ അഞ്ചാനാൽ എന്ന ഭാഗത്ത് 1010 നെല്ലിന്റെ കണ്ടവും, പതിനെട്ടാം അടിക്കു 2000 ചെക്കിയാനാടി എന്നു പേരുള്ള കണ്ടവും അഞ്ചാനാൽ എന്ന ഭാഗത്ത് 5075 നെല്ലിന്റെ കോമത്തെ താഴെ ചേരിക്കലാകുന്ന കണ്ടവും, മരുതങ്ങാടി താഴെ 2010 നെല്ലിന്റെ കണ്ടവും, പതിനെട്ടാം അടിക്കു 3000 നെല്ലിന്റെ കൊളങ്ങരപുടി കണ്ടവും, പഴക്കൊളങ്ങര താഴെ പതിനെട്ടാം അടിക്ക് 3075 നെല്ലിന്റെ കണ്ടവും, അതിന്

മുകളിൽ പതിനെട്ടാം അടിക്ക് 1010 നെല്ലിന്റെ നീട്ടൂരെ കണ്ടവും, പതിനെട്ടാം അടിക്ക് 1000 നെല്ലിന്റെ 5 കണ്ടവും, പയറ്റൊടിയാകുന്ന അഞ്ചാനാകുന്ന 1025 നെല്ലിന്റെ കണ്ടവും, അതിന് താഴെ വലിയ വയലാകുന്ന അഞ്ചാനാൽ 6000 പടി നെല്ലിന്റെ കണ്ടവും കൂടെ അഞ്ചാനാൽ 3089 നെല്ലിന്റെ കണ്ടവും, കോപാറയുടെ മുകളിലുള്ള മുണ്ടകുളങ്ങര ആകുന്ന കെടവള 7 താഴെ മടയ്ക്ക് 75 നെല്ലിന്റെ കണ്ടവും, മാണിക്കാ കോവിലാകുന്ന വടക്കേ 50 നെല്ലിന്റെ കണ്ടവും ഒറ്റിയായി പഴുതടക്കി പലിശ വീട്ടിക്കൊള്ളും വിധം ഒത്തിരി (ഓത്തു പഠിപ്പിക്കുന്ന) കറാന്നു മഠം പണിയിപ്പിക്കുന്ന ചെമ്മാം പള്ളി ആകുന്ന പറമ്പും ഇതിനോടൊപ്പം നൽകിയിരിക്കുന്നു. ഇതിന് സാക്ഷി, സാകൂതം വേദമോതുന്ന അകത്തെ കാര്യപുരുഷന്മാർ മുമ്പാകെ കയ്യെഴുതി താറ്റിപോട്ട നാരായണൻ ശങ്കരെ കയ്യെഴുതിയത്.

### 3.1.2.3.5 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 4

കൊല്ലവർഷം 918 - ാമത് മീന മാസത്തിൽ എഴുതിയ അട്ടിപ്പേറ്റോലക്കരണം ആകുന്നത്. പാലയൂർ ദേശത്ത് അച്ചാഴിയത്ത് കുമ്മനി പറമ്പിന് തെക്കേപ്പുറം ഇമ്പൊണൻ കല്ലിട്ട അതിരിന് തെക്കോട്ടും, പള്ളി പറമ്പിന്റെ വടക്കേ അതിരിന് വടക്കോട്ടും, പടിഞ്ഞാറേ അതിരിന് കിഴക്കോട്ടും, കിഴക്കേ അതിരിന് പടിഞ്ഞാറോട്ടും, ഈ നാലതിരിനകത്തുള്ള എല്ലാം ഉൾപ്പെടെ നാലര കണ്ടം ഇടം അന്നു നിലവിലുള്ള നിലവാരത്തിന് പണവും വാങ്ങി അട്ടിപ്പേറ് ജന്മാവകാശമായി അച്ചാഴിത്ത് കാമൻ പങ്ങനും തമ്പിമാരും എഴുതിക്കൊടുത്തു. ഈ പറഞ്ഞ പ്രകാരം അട്ടിപ്പേറ് ജന്മാവകാശമായി എഴുതി വാങ്ങിയത് പാലയൂർ പള്ളി വികാരിയും പ്രവൃത്തിക്കാരന്മാരും. ഇപ്രകാരം അറിയുന്ന പല സാക്ഷികൾ; തലപ്പെള്ളി പരുവെർ കാവെക്കുറുപ്പ്, ചവലുക്കാട്ടിൽ പട്ടർ, മംമ്പിൽ മൂത്തവ്വെർ, കൂത്താംപെള്ളി കമ്മൾ. ഇവരറിയെ കയ്യെഴുതിയത് കോങ്ങാട്ടിൽ കേരളൻ കണ്ടർ.

### 3.1.2.4 അധികാര - നയ വത്കരണ രേഖകൾ

വളരെ സുപ്രധാനമായ തീരുമാനങ്ങളും ഭാവിയിൽ കൂട്ടമായി കൈക്കൊള്ളേണ്ടുന്ന തീരുമാനങ്ങളും ഉൾക്കൊള്ളുന്ന രേഖകളാണിവ. കൊച്ചി രാജ്യത്തെ രാജാവ് നേരിട്ട് പുറപ്പെടുവിച്ച ഒരു നയ രേഖയും ആർത്താറ്റ് പള്ളിയിലെ വിശ്വാസികൾ തയ്യാറാക്കിയ ഒരു രേഖയുമാണ് ഈ വിഭാഗത്തിലുള്ളത്.

#### 3.1.2.4.1 കൊച്ചി പുതുവെപ്പ് 322-ലെ കോലെഴുത്തു ചെമ്പോല

അരുളിച്ചെയ്ക നമ്മുടെ അനന്തരവർ ഇനിമുതൽ ബഹുമാനപ്പെട്ട കമ്പനിയെ വിശ്വസിച്ച് നമ്മുടെ സ്വരൂപത്തെ രക്ഷിച്ച് ചെല്ലേണ്ടും പ്രകാരത്തിനായി അങ്ങോട്ടുമിങ്ങോട്ടും വിശ്വസിച്ച് എഴുതി വെച്ചിരിക്കുന്ന പ്രകാരത്തിന്നും ഇനിമുതൽ അനന്തരവർ നടക്കേണ്ടും പ്രകാരത്തിന്നും പുതുവെപ്പ് 320 - ാമത് മേട മാസം 19 നു പഴയന്നൂർ ഭഗവതിയുടെ നടയിൽ കാഞ്ഞിരപ്പുഴയാൽ തെക്കും വടക്കും ഉള്ള പ്രഭുക്കന്മാരെയും അവണാ നമ്പൂതിരിയേയും സാക്ഷിയായി വെച്ചും കൊണ്ട് എഴുതി വെച്ച വെപ്പാകുന്നത്. നമ്മുടെ സ്വരൂപത്തിൽ അഞ്ചു താവഴിയും തമ്മിൽ മത്സരം കൊണ്ട് അനേകം കൂട്ടം ആപത്തുകൾ ഉണ്ടായതിന്റെ ദോഷം പറങ്കി കൂടി ശത്രുക്കൾക്ക് സഹായമായിപ്പോൾ നമ്മുടെ സ്വരൂപത്തിലേക്ക് ഏറിയ അനർത്ഥങ്ങൾ അനുഭവിച്ചതിനാൽ നാം ബഹുമാനപ്പെട്ട ലന്ത കമ്പനിയെ വിശ്വസിച്ച് കൊണ്ടു വന്ന് പറുങ്കിയെയും കളഞ്ഞ് ശത്രുക്കളേയും നിരായുധരാക്കി കൊച്ചിയിൽ ആദ്യമായി പറങ്കി നിർമ്മിച്ചിരുന്ന കോട്ടകളും ബഹുമാനപ്പെട്ട ലന്ത കമ്പനി കൈവശമാക്കി മേൽപ്പട്ട കമ്പനിയും നാമായിട്ട് ഇനിമുതൽ പ്രവർത്തിക്കേണ്ടും പ്രകാരത്തിനായി പുതുവെപ്പ് 322 മീന മാസം 14 നു അങ്ങുമിങ്ങും എഴുതി വെക്കുകയും ചെയ്തു. ആയതിൽ പറങ്കി നിർമ്മിച്ച കൊച്ചി കോട്ടയും, കൊടുങ്ങല്ലൂർ കോട്ടയും, പള്ളിപ്പുറത്തും പാമ്പാവിലും ഉള്ള കോട്ടകളും, പറങ്കി അനുഭവിച്ചിരുന്ന പാതിരി തുരുത്തും, പോട്ട തുരുത്തും, വെണ്ടു തുരുത്തും ഉൽപ്പത്തികളും പറങ്കിയുടെ അടിമകളായിട്ട വേലക്കാരും ബഹുമാനപ്പെട്ട കമ്പനിക്ക് ആയിരിക്കത്തക്ക വണ്ണം എഴുതി വെച്ചിരിക്കുന്നു. കൊച്ചി കോട്ടക്കു പുറത്ത് വെട്ടി

വെളുപ്പിച്ച പരപ്പ് നിലത്തിന്റെ അതിർത്തി സന്നതി പാകത്തിന്ന് വടക്ക്, ഇതിന്ന് വിഴക്ക് തക്കൽ കോവിലകത്തിന്നും ഇതിന്ന് വടക്ക് വടുതല പറമ്പിന്റെ പടിഞ്ഞാറേ അതിർത്തിക്കും, ഇതിന്ന് വടക്ക് ഭഗവതി ഇരിക്കുന്നതിന്നും പടിഞ്ഞാറ്, ഇതിന്ന് വടക്ക് കിഴക്ക് തിരുമങ്ങലത്ത് പറമ്പിന്നും, ചക്കാലക്കൽ പറമ്പിന്നും, വടക്ക് ഇരുവേലിക്കും, കല്ലുപത്തിക്കും പടിഞ്ഞാറ്, ഇതിന്നകത്ത് ബഹുമാനപ്പെട്ട കമ്പനിയുടെ അനുവാദം കൂടാതെ ഒരു തയ്യും മരങ്ങളും നട്ട് ഉണ്ടാക്കയുമരുത്. കമ്പനി ആളുകളും നമ്മുടെ ആളുകളും തമ്മിൽ ഒരു കയ്യേറ്റം ചെയ്താൽ അങ്ങുമിങ്ങും ഉള്ളവരെ അങ്ങുമിങ്ങും ബോധിപ്പിച്ച് അവരവരുടെ ആളുകളെ അവരവർ ശിക്ഷിച്ച് കൊള്ളുകയും വേണം. കമ്പനി വേലക്കായി ഒഴിഞ്ഞ് കൊടുത്തിരിക്കുന്നു ഏഴുപുറം പരിഷയോടും കന്നട രാജ്യത്തു നിന്ന് പറങ്കി മാർഗ്ഗം കൂട്ടി കൊണ്ടുവന്ന ആളുകളോടും ഒരു പുരുഷാന്തരം ചോദിക്കയും അവരുടെ ശരീരം പ്രതി ഒപ്പ് ചെയ്കയുമരുത്. നമ്മുടെ രാജ്യത്തുള്ള മുളക് പുറംവഴിക്ക് പോകാതെ തൂക്കിച്ച് കമ്പനിക്ക് കൊടുക്കണം. കമ്പനിക്ക് ഒരാവശ്യം വരുമ്പോൾ നമ്മുടെ ആളുകളെക്കൊണ്ട് വേണ്ടുന്ന സഹായങ്ങൾ ചെയ്ത് കൊടുത്ത് കമ്പനിയുമായിട്ടുള്ള വിശ്വാസം എല്ലാനാളും നിലനിൽക്കും വിധം വിശ്വസിച്ച് നിന്ന് നമക്കൊരു ശത്രു ഉണ്ടാകുമ്പോൾ കമ്പനിയെക്കൊണ്ട് ശത്രുവിന്റെ അമർച്ചയും വരുത്തി നമ്മുടെ രാജ്യവും രക്ഷിച്ച് ബഹുമാനപ്പെട്ട കമ്പനിയുമായി വിശ്വാസമായിത്തന്നെ എന്നെന്നേക്കും നടന്നു കൊൾകയും വേണം. നമുക്ക് ആപത്തുകൾ ഉണ്ടായിരിക്കുമ്പോൾ വടക്കുംകൂറ്റിൽ നായർ ആകുന്ന സഹായങ്ങൾ ചെയ്തിരിക്കുന്നതിനാൽ നായർക്കൊരാവശ്യം വരുമ്പോൾ വേണ്ടുന്ന സഹായം ചെയ്ത് കൊടുത്ത് നടത്തിക്കൊൾകയും വേണം. നമ്മുടെ സ്വരൂപത്തിൽ ആളു പോരാതെ ദത്ത് വെക്കേണ്ടി വന്നുവെങ്കിൽ ചാഴിയൂർ താവഴിയിൽ നിന്നല്ലാതെ ദത്ത് വെക്കുകയുമരുത്. ചാഴൂരുന്നു തന്നെ ദത്ത് വെക്കുമ്പോഴും ബഹുമാനപ്പെട്ട കമ്പനിയെക്കൂടെ ബോധിപ്പിച്ച് ഗുണദോഷം വിചാരിച്ചല്ലാതെ ദത്ത് വെക്കയുമരുത്. ഈ സ്വരൂപത്തിന്റെ ഗുണത്തിന് പാലിയത്ത് മേനോന്മാർ നമ്മുടെ കൂടെ നിന്ന് വേണ്ടുന്ന പ്രയത്നങ്ങൾ ചെയ്തിരിക്കക്കൊണ്ട് എന്നെന്നേക്കും അവരുടെ തറവാട് രക്ഷിച്ച് നടത്തിക്കൊൾകയും വേണം. പഴയന്നൂർ, തിരുവില്വാമല, തൃശ്ശിവപ്പേരൂർ,

ഊരകം, ഇരിങ്ങാലക്കുട, തിരുവഞ്ചിക്കുളം, തൃപ്പൂണിത്തുറ, തിരുവല്ല, ഈ ക്ഷേത്രങ്ങൾ പ്രത്യേകം നാം രക്ഷിക്കേണ്ടതാക കൊണ്ട് ഈ ക്ഷേത്രങ്ങൾക്ക് ഒരു ഏറ്റക്കുറച്ചിൽ കൂടാതെ നടത്തിക്കൊള്ളണം. ഇതിനകത്തുള്ള ബ്രാഹ്മണരേയും, പശുക്കളേയും വഴിപോലെ രക്ഷിച്ച് യാഗാദി കർമ്മങ്ങളും നടത്തിച്ച് ചെന്നു കൊള്ളണം. കൊങ്ങിണി മഹാജനങ്ങൾ അമ്മാമന്മാരെ വന്നുകണ്ട് അവർക്കിരിപ്പാൻ വേണ്ടുന്ന ഭൂമികളും രക്ഷക്കായിട്ട് വേണ്ടുന്നതിനേയും കൊടുത്ത് അവർക്ക് ഒരു ക്ഷേത്രം ഉണ്ടാക്കണമെന്ന് അപേക്ഷിക്ക കൊണ്ട് ആയതിന് വേണ്ടുന്ന സ്ഥലവും അതിനൊക്കയും തിട്ടൂരങ്ങളും കൊടുത്ത് ക്ഷേത്രത്തിൽ അടിയന്തിരത്തിന് അമ്മാമന്മാരായിട്ട് വെച്ച് നടത്തിയിരിക്കുന്നതിനും ഒരു ഏറ്റക്കുറച്ചിൽ കൂടാതെ നടത്തിച്ച് ആ പരിഷകളേയും അമ്മാമന്മാർ തിട്ടൂരം കൊടുത്ത് നടത്തി ഇരിക്കുന്ന പ്രകാരം രക്ഷിച്ച് കൊള്ളണം. നമ്മുടെ ആപത്തുകാലത്ത് ആ പരിഷകൾ ദ്രവ്യം കൊണ്ട് വേണ്ടുന്ന സഹായം ചെയ്തിരിക്കുന്നവരെത്രെ ആകുന്നത്. ഇവരെ ബ്രാഹ്മണ മര്യാദ പോലെയുള്ള ശിക്ഷാരക്ഷയല്ലാതെ ചെയ്തു പോകയുമരുത്. കൊങ്ങിണി മഹാജനങ്ങൾ ഇവിടെ വന്ന് അമ്മാമന്മാരെ, കടമലയാളത്തിൽ ബ്രാഹ്മണരെ രക്ഷിക്കുന്ന പ്രകാരം ഞങ്ങളെയും രക്ഷിച്ചു കൊള്ളണമെന്ന് അവർ അപേക്ഷിക്ക കൊണ്ടെത്രേ കൊങ്ങിണികൾക്ക് പുരുഷാന്തരം വേണ്ട എന്ന് വച്ചിരിക്കുന്നത്. കൊങ്ങിണികളിലൊരുവൻ അറ്റു പോയാൽ അവന്റെ മുതൽ നമ്മുടെ ആളുകളും മഹാജനങ്ങളും കൂടി ബോധിച്ച് ഉള്ള മുതലിൽ പകുതി നമുക്കും പകുതി തിരുമല ദേവനും ആയിട്ടെത്രേ കീഴിൽ അമ്മാമന്മാർ വെച്ചിരിക്കുന്നത്. മേലിലും അപ്രകാരം ആയി കൊള്ളണം. പെരുമ്പടപ്പിൽ ചിത്രകൂടത്തിൽ നമ്മുടെ കോവിലകത്തുള്ളവരുടെ ദേവതമാരെ സേവിക്കേണ്ടും പ്രകാരം സേവിക്കായ്ക കൊണ്ടെത്രേ നമുക്ക് ഓരോരോ ആപത്തുകൾ സംഭവിച്ചത്. നമ്മുടെ സ്വരൂപത്തിങ്കൽ താവഴി മത്സരം കൊണ്ട്, ആയതിന്ന് സാമൂതിരി കൂടെ സഹായമായിട്ട് അവിടമൊക്കയും ആക്രമിച്ച് ഇരിക്ക കൊണ്ടെത്രേ അവിടെ രക്ഷിച്ച് ചെന്ന് സേവിപ്പാൻ സംഗതി വരാഞ്ഞത്. ആയവിടെ മുമ്പിലത്തെ സ്ഥാനം വരുന്നതിന് കമ്പനിയും ഒരുമിച്ച് നമ്മാലാകുന്ന പ്രവർത്തനം ചെയ്യും. അനന്തരവന്മാരുടെ കാലത്തും ആയവിടം നമ്മുടെ സ്വരൂപത്തിങ്കൽ നിന്ന് രക്ഷിച്ച്

ചെല്ലുവാറായോളം കമ്പനിയും ഒരുമിച്ച് വേണ്ടുന്ന പ്രവർത്തനം ചെയ്തു കൊള്ളണം. ഈ എഴുതിയിരിക്കുന്ന പ്രകാരം വിചാരിച്ച് മേൽപ്പെട്ട് (ഇനിമുതൽ) നടന്നു കൊണ്ടാൽ നമ്മുടെ സ്വരൂപത്തിങ്കലേക്ക് ഒരന്തരം വരാതെയിരുന്നു കൊള്ളുകയും ചെയ്യും. അതിനൊക്കയും നമ്മുടെ സ്വരൂപത്തിങ്കലേക്ക് ബഹുമാനപ്പെട്ട കമ്പനി സഹായമായി ഇരിക്കയും ചെയ്യും. അപ്രകാരമെത്രേ നാം കമ്പനിയെ വിശ്വസിച്ചിരിക്കുന്നത്. ഇപ്രകാരം ചെമ്പുതകിട്ടിൽ എഴുതി ഇക്കൂടിയ ആളുകളെയെല്ലാവരെയും സാക്ഷിയായി വച്ചും കൊണ്ട് ഒപ്പ് കുത്തി വച്ചാകുന്നത്.

### 3.1.2.4.2 ആർത്താറ്റ് പള്ളി കോലെഴുത്തു ചെമ്പോല

കൊല്ലവർഷം 981 - ആമത് മകരമാസത്തിൽ പുത്തൻകൂറ് സുറിയാനിക്കാരായ ആർത്താറ്റ് ഇടവകക്കാരെല്ലാവരും കൂടി നമ്മുടെ ദീവാന്നിയോസ് ബാവാ തിരുമുമ്പാകെ എഴുതിവെച്ച പടിയോല ആകുന്നത്. നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ അടുത്ത് നിന്ന് ഉപദേശം കേൾക്കയാൽ റോമാ വിശ്വാസത്തിലേക്ക് തിരിഞ്ഞ് പോയി വഴക്ക് പിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ടെടുക്കാൻ ഇട വന്ന ആപത്തുകൊണ്ട് വളരെ ആകുലത്തിന് ഇട വന്നതിനാൽ മേലാൽ അങ്ങിനെ വരാതിരിക്കാൻ വേണ്ടി റോമായിൽ നിന്നോ ബാബലിൽ നിന്നോ അന്ത്യോഖ്യായിൽ നിന്നോ മറ്റ് വല്ല പരദേശത്തു നിന്നോ വരുന്ന യാതൊരു മെത്രാന്മാരുടേയും ഉപദേശവും നടപ്പുകളും ഒരു നാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമാ ചിലിക്കായുടെ പൂർവ്വിക വിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്ന് കൊള്ളുമാറും സമ്മതിച്ച് തമ്പുരാനെ പെറ്റ അമ്മയുടെ ആർത്താറ്റ് പള്ളി നടയിൽ വെച്ച് എഴുതി മേൽ പറഞ്ഞ പ്രകാരം ഒപ്പുവെച്ചവർ; വികാരി തെക്കേകരെ കുരിയത് കത്തനാർ, പനക്കൽ താരു, കൂത്തൂര് ചുമ്മാര്, കോലാടി ഉട്ടൂപ്പ്, കാക്കച്ചേരി മാത്തു, ചുങ്കത്ത് ഇയ്യാപ്പു, തോലത്ത് പാത്തു, ചെറുവത്തൂർ കുഞ്ഞാത്തു, പുലിക്കോട്ടിൽ താരു, കീടങ്ങൻ ചേറുണ്ണി, മണ്ടുമ്പാൽ കുഞ്ഞാത്തു, തെങ്ങുങ്കൽ കുരിയാക്കു.

### 3.1.3 മലയാളം ലിഖിതങ്ങൾ

കൊച്ചി രാജ്യത്തു നിന്നും ലഭിച്ച മലയാള ലിഖിതങ്ങൾ ക്ഷേത്ര പുനർ നിർമ്മിതിയായും ദേവതാ സ്തുതിയായും ബന്ധപ്പെട്ടവയാണ്. അവയെ ലഭിച്ച

ക്ഷേത്രങ്ങളെ ആധാരമാക്കി നൽകുന്നു.

1. നിർമ്മാണ - പുനരുദ്ധാരണ ലിഖിതങ്ങൾ
2. ദേവതാസ്തുതികൾ

### 3.1.3.1 നിർമ്മാണ - പുനരുദ്ധാരണ ലിഖിതങ്ങൾ

പുതുതായി ക്ഷേത്രത്തിലെ എടുപ്പുകൾ നിർമ്മിക്കുമ്പോഴും പഴയവ പുതുക്കി പണിയുമ്പോഴും അവയ്ക്ക് ധനം നൽകുന്നവർ അക്കാര്യം രേഖപ്പെടുത്തി വയ്ക്കുന്ന പതിവുണ്ട്. അത്തരം ലിഖിതങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവ തന്നെ ഭാഷയുടെ അടിസ്ഥാനത്തിൽ രണ്ട് വിഭാഗമാണ് -

1. സംസ്കൃതം ലിഖിതങ്ങൾ
2. മലയാളം ലിഖിതങ്ങൾ

#### 3.1.3.1.1 സംസ്കൃതം ലിഖിതങ്ങൾ

ഇവ തയ്യാറാക്കിയിരിക്കുന്ന ലിപി മലയാളത്തിന്റെതാണെങ്കിലും ഭാഷ സംസ്കൃതമാണ്. ഇത്തരം ലിഖിതങ്ങൾ ഭാഷാപരമായ കേരളത്തിന്റെ സംസ്കൃത പാണ്ഡ്യത്യാഭിമുഖ്യത്തെക്കൂടി വെളിപ്പെടുത്തുന്നവയാണ്.

#### 3.1.3.1.1.1 മൂഴിക്കളം മലയാളം ശിലാരേഖ - 5

രാമാനുജോഹിവന്ദ്യഃ എന്ന കലിദിവസത്തു നാൾ ചെയ്തത്.

### 3.1.3.1.1.2 പെരുമനം ക്ഷേത്ര മലയാള ശിലാലിഖിതം

ശൈലാബ്ധീശ്വരന്റെ സഹോദരനും കൊളംബത്തിലേക്ക് പോയതും കോമളമതിയുമായ രാജാവ് ബ്രാഹ്മണരാൽ നിറഞ്ഞതായ വലിയവനത്തിൽ ജീർണ്ണിച്ച മാടഭൂപതിയുടെ ക്ഷേത്രത്തെ നവീകരിച്ചു. സ്വന്തം സ്വർഗ്ഗാരോഹണത്തിനായി നിർമ്മിച്ച വലിയ സോപാനം ഉന്നതമാക്കി.

### 3.1.3.1.1.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 1

മംഗളം ശ്രേഷ്ഠമായതും ഐശ്വര്യം നിറഞ്ഞതുമായ ഗ്രാമത്തിൽ പ്രസിദ്ധനും ഗുണവാനുമായ ശ്രീരാമവർമ്മയെന്നുപേരുള്ള ആര്യപ്രഭു കരുണാമയനായ മുകുന്ദനെ സഞ്ചോദിതേനാഞ്ഞികം എന്ന കലിദിനത്തിൽ കരിങ്കൽപ്രവൃത്തി നീലകണ്ഠനെക്കൊണ്ട് ചെയ്യിച്ചു.

### 3.1.3.1.1.4 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 3

വിഷ്ണുവിനോടൊപ്പം ആയിരം തലയോടെ സർപ്പരൂപത്തിൽ കാരണ ജലത്തിൽ ശയിക്കുന്ന ഭദ്രാസനനായ പൂർണ്ണത്രയീശനായ ആദിശേഷനോടുകൂടെ അർജ്ജുനൻ തന്റെ ആഗ്രഹങ്ങളെല്ലാം യാചിക്കുകയുണ്ടായി.

### 3.1.3.1.1.5 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 6

സുധികളിൽ ആജ്ഞപ്രകാരം അഗ്രഗണ്യനായവനും മാടേശനുമായ രാജാവ് പൂർണ്ണത്രയീശന്റെ ആലയത്തിൽ വീരനായ രവിവർമ്മയെന്ന മന്ത്രിയാൽ സുന്ദരമായ പശ്ചിമഗോപുരം പണിചെയ്യിച്ചു.

### 3.1.3.1.1.6 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം – 1

സ്വന്തം കൈത്തണ്ട് യജ്ഞത്താൽ സേവിതമാണെന്ന് കരുതി യാതൊരുവനാണോ ലക്ഷ്മിയുടെ കടാക്ഷധാര എപ്പോഴും യാചിക്കുന്നവർക്കായുള്ള സമ്പത്തായ് തിരിച്ചു (നൽകിയും) നിലകൊള്ളുന്നത്. ആ ഗുണസമ്പന്നനും വീരനുമായ ശ്രീരാമവർമ്മ എന്ന് പേരുള്ള രാജാവ്

വഞ്ചുളേശനായ ശിവന്റെ ദീപസ്തംഭം സ്വന്തം മന്ത്രിമാരെക്കൊണ്ട് തീർച്ചയായും പണികഴിപ്പിച്ചു.

### 3.1.3.1.1.7 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം – 2

ശ്ലോകങ്ങൾ (സ്തോത്രങ്ങൾ) കൊണ്ട് സേവിതമായതും കലികാലത്തിന്റെ അന്ധകാരത്തെ അകറ്റുന്നതുമായ ഏകാരംഭമുള്ളവനായ ആ ശംഭുവിന് ശരണം നൽകാൻ എന്ന ബുദ്ധിയോടുകൂടി സുകർമ്മാവായ മാടഭൂപതി രാമവർമ്മ ദീപസ്തംഭം വീണ്ടും ചെയ്തു (പണിതു). ക്ഷേത്രത്തിന്റെ നവീകരണത്തിനൊടുവിൽ ദ്രവിണവിതരണ സമയത്ത് യാതൊരുവന്റെ കടാക്ഷം ഉണ്ടാകുമോ അദ്ദേഹം (ദീപമാടം പണിതു).

### 3.1.3.1.1.8 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം – 3

യാതൊരുവനാണോ ശാസ്ത്രത്തിനപ്പുറം ഇവിടെ യമനോളം വാഴുന്നത് തിരഞ്ഞെടുത്തവരെ കൊണ്ട് പണി കഴിപ്പിച്ച് ആ കാലത്ത് രമ്യമായ വീട് ഇവിടെ മാട രാജാവിന്റെ നിർദ്ദേശത്താൽ പാലിയേശനായ ഗോവിന്ദൻ ആ ശിവനെ നവീകരിച്ച് വഞ്ചുളേശനെ മുഴുവനായും ഏറിയ സൗഖ്യത്തോടു കൂടിയവനും ആയിരം കുടങ്ങൾ കൊണ്ട് അഭിഷിക്തനും ആക്കിത്തീർത്തു.

### 3.1.3.1.1.9 ചേന്ദമംഗലം പാലിയം ശിവക്ഷേത്ര മലയാള ലിഖിതം

ഐശ്വര്യവാനും അസാധ്യമായി ഗംഗയെയും ചന്ദ്രനെയും തലയിലേറ്റിയ ശിവന്റെ കൊടിമരം ഐശ്വര്യകരമായി ദ്രവ്യം നൽകി ബ്രാഹ്മണരെക്കൊണ്ട് പാലിയത്തച്ചൻ സ്ഥാപിച്ചു. കലികാലത്തിൽ ജനങ്ങളെ സന്തോഷിപ്പിക്കുന്ന പുതുദേവാലയം പണിയിപ്പിക്കുകയും സന്തോഷത്തോടെ നാലുതവണ കലശം നടത്തുകയും ചെയ്തു.

### 3.1.3.1.1.10 തൃശ്ശൂർ വടക്കുംനാഥക്ഷേത്ര ശ്രീമൂലസ്ഥാന മലയാള ശിലാലിഖിതം – 1

മംഗളവും ഐശ്വര്യവും ശിവപുരനാഥന്റെ ശ്രേഷ്ഠമായ ശ്രീമൂലസ്ഥാനം ഈ കുന്നാകുന്ന ഭൂമിയിൽ . . . വ്യാഴം ചിങ്ങത്തിൽ നിന്ന ധനു മാസത്തിൽ വെങ്ങാനുനാട്ടിലുള്ള വീരരവി ശ്രീമൂലസ്ഥാനം പണിതു.

## 3.1.3.1.2 മലയാളം ലിഖിതങ്ങൾ

### 3.1.3.1.2.1 ഊരകം മലയാളം ശിലാലിഖിതം

രവിണാരചിതെയം എന്ന കലിദിവസത്തിൻ നാൾ പെരുംപടപ്പിലിളയ താവഴിയിലെ നാരായണ ഇരവി വർമ്മ കോവിൽ കരിങ്കൽപ്പണി ചെയ്യിച്ചത്. കൊച്ചിക്ക് 1010 ചെന്ന വർഷത്തിൽ.

### 3.1.3.1.2.2 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര കൊക്കരണി മലയാള ശിലാലിഖിതം

സ്വസ്തിശ്രീ മണംപിള്ളി കേശവരാമൻ വടച്ചിറ മനിതിൻ ഈ വഴിപാട്. കൊക്കരണി തന്നുടെ ചെറുവാതിൽക്കലോളം നീളം കരിങ്കല്ലിടുവിച്ചു. നമശ്ശിവായ.

### 3.1.3.1.2.3 മൂഴിക്കളം മൂഴിക്കളം മലയാളം ശിലാരേഖ – 1

കൊല്ല വർഷം അറുനൂറ്റി നാൽപ്പത്തി ചില്വാനമായ കാലത്തെ ഏർപ്പാടാണിത്. ഭൂരിഭാഗം വരികളും നഷ്ടമായി. ലിഖിതത്തിലെ ഏർപ്പാടു ഭൂമിയുടെ അതിരുകൾ പറയുന്നിടത്തുള്ള കുറച്ച വിവരങ്ങൾ ലഭ്യമാണ്. ഞാറൽ വേലിയും മലയുടെ വടക്കുള്ള ചാത്തോട്ടിനു കിഴക്ക് കിടക്കുന്ന നേരിയമങ്ങലത്തു പുഴക്ക് തെക്ക് ഇതിന്റെ കീഴിലൂടെ ദേവർക്കവകാശപ്പെട്ട ഭൂമിയിലെ ഒരു പ്രവർത്തനത്തെ പറയുന്നു. അവിടെ കാലം രാശികൊടുത്ത് വേണ്ടിച്ചിരിക്കുന്നു എന്നിടത്ത് ലിഖിതം അവസാനിക്കുന്നു.

#### 3.1.3.1.2.4 മൂഴിക്കളം മലയാളം ശിലാരേഖ - 2

കൊല്ലവർഷം 649 ൽ ക്ഷേത്ര പുനരുദ്ധാരണത്തിന് കാരണത്ത് കണ്ടൻ കുമരൻ ധനം നൽകി.

#### 3.1.3.1.2.5 മൂഴിക്കളം മലയാളം ശിലാരേഖ - 3

കാരഴുവീച്ചെറ്റി നാരായണൻ നൂറ്റെന്നു കല്ലിന് 40 വീതം പണം കൊടുത്തു.

#### 3.1.3.1.2.6 മൂഴിക്കളം മലയാളം ശിലാരേഖ - 4

കാവിൻ പുറത്ത് നാറാണൻ ചുവരൻ കല്ലിടുന്നതിന് മുന്നൂറ്റി അമ്പത്തി ചിലാനം പുതുപ്പണം നൽകി.

#### 3.1.3.1.2.7 അയിരാണിക്കളം മലയാളം ദാരു ലിഖിതം

കൊല്ലവർഷം 1091 കർക്കിടകത്തിൽ ഓട് മേഞ്ഞു.

### 3.1.3.2. ദേവതാസ്തുതികൾ

ഈ വിഭാഗത്തിലുള്ള മൂന്ന് ലിഖിതങ്ങളാണുള്ളത് അവ രണ്ടും തൃപ്പൂണിത്തുറ സന്താനഗോപാലേശ്വരം ക്ഷേത്രത്തിലേതാണ്.

#### 3.1.3.2.1 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 2

ചുറ്റുമുള്ള ജ്വലിക്കുന്ന വിളക്കിന്റെ ചൂടിനാൽ ഭാരമുള്ള താമരമാലയിലെ ജലം നിശേഷം വറ്റിയതും, പൂർണ്ണത്രയീശനായ മുകുന്ദൻ സന്തോഷിച്ച് വസിക്കുന്നതുമായ ഇടമാണീക്ഷേത്രം.

#### 3.1.3.2.2 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 4

നന്നായി പതിക്കുന്ന ശരീരജാലങ്ങളിൽ ചിലതിനിവിടെ ബ്രാഹ്മണ്യം ലഭിക്കുന്നു. മർത്ത്യനെ നന്നായി പരിപാലിക്കുകയും ചെയ്യുന്നു.

#### 3.1.3.2.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 5

കടലിനും പുഴക്കും സമീപത്ത് പകൽശോഭിക്കുന്ന നഗരത്തിലെ ഐശ്വര്യവാനായ ദേവൻ.

## 3.2 ലിഖിതങ്ങളുടെ ചരിത്രപരമായ പഠനം

തയ്യാറാക്കപ്പെടുന്ന ഓരോ പാഠവും ചരിത്രപരമാണെന്നതിനാൽ, എല്ലാ ലിഖിതങ്ങളിൽ നിന്നും ചരിത്രപരമായ അറിവുകൾ ലഭ്യമാണ്. വട്ടെഴുത്തു ലിഖിതങ്ങൾ, കോലെഴുത്തു ലിഖിതങ്ങൾ, മലയാളം ലിഖിതങ്ങൾ എന്ന മുറയ്ക്കാണ് ഇവയിലെ അറിവുകളെ വിശകലനം ചെയ്യുന്നത്. ഓരോ ലിഖിതവും കൃത്യമായ ഘടനയ്ക്ക് അകത്തുനിന്നാണ് തയ്യാറാക്കുന്നത്. മംഗളവാക്യം, മുഖ്യ അധികാരി, ഏർപ്പാടിനുവേണ്ടി ഉത്തരവാദിത്തപ്പെട്ടവർ ചേരുന്ന സ്ഥലം, ഏർപ്പാട്, ഏർപ്പാട് നടത്തിക്കുന്നതിനുള്ള ഭൂമി, അതിലുള്ള പ്രവൃത്തിമൂല്യം, പൊന്ന്, പണം, വിനിയോഗം, തയ്യാറാക്കുന്ന ഏർപ്പാട് മുടക്കിയവർക്കും, കച്ചം ലംഘിക്കുന്നവർക്കും ഉള്ള ശിക്ഷ, സാക്ഷികൾ, സംരക്ഷണത്തിനുള്ളവർ, ലിഖിതം എഴുതി തയ്യാറാക്കിയവർ എന്നതാണാ ഘടന. മലയാള ലിഖിതങ്ങളിലെത്തുമ്പോൾ സംസ്കൃത സ്വാധീനം പ്രകടമാവുകയും ഈ ഘടനയ്ക്ക് വലിയ മാറ്റം വരികയും ചെയ്യുന്നു. കാലാനുസൃതമായ മാറ്റങ്ങൾ കോലെഴുത്തു ലിഖിതങ്ങളിലുംകാണം. ഇവയിൽ നിന്നെല്ലാം പൊതുവായി ലഭിക്കുന്ന അറിവുകളെയാണിവിടെ പഠനവിധേയമാക്കിയിട്ടുള്ളത്.

### 3.2.1 ലിഖിതങ്ങളും കാലവും

ലിഖിതങ്ങൾ വ്യത്യസ്തങ്ങളായ കാലങ്ങളിൽ നിർമ്മിക്കപ്പെട്ടവയാണ്. പെരുമാൾ കാലം, നാടുവാഴിക്കാലം, വൈദേശികരുടെ കടന്നു വരവിന്റെ കാലം, കൊച്ചിക്കാലം, മൈസൂർ അനന്തരകാലം എന്നിങ്ങനെ പൊതുവിൽ കൊച്ചിരാജ്യത്തെ ലിഖിതങ്ങളുടെ കാലത്തെ തരംതിരിക്കാം. ഏറ്റവും അധികം ലിഖിതങ്ങൾ ലഭിച്ചത് പെരുമാൾ കാലത്താണ്. പെരുമാൾ കാലത്തെക്കുറിച്ച്

പ്രധാനമായും രണ്ടഭിപ്രായങ്ങളാണുള്ളത്. ഒന്ന് പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടേതാണ്. ''സംഘകാലത്തെ ചേരരാജാക്കന്മാർക്ക് പെരുമാൾസ്ഥാനമോ കുലശേഖരബിരുദമോ ഉണ്ടായിരുന്നില്ല. ക്രി. പി. 8 – ാം ശതകത്തിന്റെ അന്തിമപാദം മുതൽ 1102 വരെ മഹോദയപുരം വാണിരുന്ന രണ്ടാം ചേരസാമ്രാജ്യത്തിൽപ്പെട്ട രാജാക്കന്മാർക്കാണ് കുലശേഖര പെരുമാക്കന്മാരെന്നും ചേരമാൻ പെരുമാക്കന്മാരെന്നും പറഞ്ഞിരുന്നത്.''[110] പ്രൊഫസർ എം. ജി. എസ് നാരായണൻ 'പെരുമാൾസ് ഓഫ് കേരള'യിൽ പെരുമാക്കന്മാരുടെ ഭരണവർഷം രേഖപ്പെടുത്തുമ്പോൾ ഒന്നാം പെരുമാളായ രാജശേഖരന്റെ കാലം പൊതുവർഷം 800 ൽ ആരംഭിക്കുകയും അവസാനത്തെ പെരുമാളായ രാമ കുലശേഖരന്റെ കാലം 1122 ൽ അവസാനിക്കുകയും ചെയ്യുന്നു[111]. നാടുവാഴികളുടെ ലിഖിതങ്ങളും ഇക്കാലത്തു തന്നെയാണ്. തൃക്കാക്കര, നെടുമ്പുറയൂർ, വേണാട്, ഏറനാട്, വള്ളുവനാട്, വെൺപലനാട് എന്നിവിടങ്ങളിലെ നാടുവാഴികളുടെ കാലം പെരുമാക്കന്മാരുടെ കാലത്തോടൊപ്പം തന്നെയാണെന്ന് ജൂതശാസനത്തിലെ സാക്ഷിപ്പട്ടികയും തൃക്കാക്കര നാടുവാഴികളുടെ ലിഖിതങ്ങളും തെളിവ് നൽകുന്നു.

പെരുമാക്കന്മാരുടെ അധികാരം അവസാനിച്ചതിനു ശേഷവും ചിലർ പാരമ്പര്യത്തുടർച്ച അവകാശപ്പെട്ടിരുന്നു എന്ന് വീരരാഘവപ്പട്ടയത്തിലെ വീരരാഘവ ചക്രവർത്തിയുടെ അവകാശവാദങ്ങൾ വ്യക്തമാക്കുന്നു. അദ്ദേഹം സ്വയം കേരളചക്രവർത്തി എന്നാണ് അഭിസംബോധന ചെയ്യുന്നത്. ഇതോടൊപ്പം അറിവു ലഭിക്കുന്ന മറ്റൊരു യാഥാർത്ഥ്യം പെരുമാക്കന്മാരുടെ കാലം അവസാനിക്കുന്നതോടെ ഏറ്റവും അധികം പെരുമാക്കന്മാരുടെ ലിഖിതങ്ങൾ ലഭിച്ചിട്ടുള്ള തൃക്കാക്കര, നെടുമ്പുറയൂർ എന്നീ നാടുകളിലെ വാഴ്ചയും അവസാനിച്ചു എന്നതാണ്. പെരുമാക്കന്മാർക്ക് ശേഷം ഉണ്ടായ ലിഖിതങ്ങളുടെ

---

110 ഇളംകുളം കുഞ്ഞൻപിള്ള, ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ, എഡി: ഡോ. എൻ. സാം, അന്താരാഷ്ട്ര കേരള-പഠനവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം, 2005, പു – 365.

111 M. G. S. Narayanan, Perumals of Kerala, Cosmo books, Thrissur, Second Edition, 2013., P. 64 – 73.

ഉള്ളടക്കം സഭകൾ നടത്തിയ നിയമവത്കരണമോ, വ്യക്തികൾ ഏർപ്പാടാക്കിയ വഴിപാടുകളോ ആണ്.

വട്ടെഴുത്തു ലിഖിതങ്ങൾക്ക് ശേഷം ലഭിച്ച ലിഖിതങ്ങൾ കോലെഴുത്തിലുള്ളവയാണ്. അവയിൽ ഭൂരിപക്ഷവും ക്രിസ്തീയ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടവയാണ്. പൊതുവർഷം 1498 ൽ കേരളത്തിലെത്തിയ യൂറോപ്യൻമാർ ക്രിസ്തീയ വിശ്വാസികളിൽ ഗുണപരവും ദോഷസഹിതവുമായ പരിവർത്തനങ്ങൾ ഉണ്ടാക്കി. പൊതുവർഷം പതിനാറു മുതൽ പത്തൊമ്പതുവരെയുള്ള കാലത്തെ കോലെഴുത്തു ലിഖിതങ്ങളിൽ ഈ വൈദേശിക ഇടപെടലുകൾ വ്യക്തമാണ്.

യൂറോപ്യന്മാരുടെ കടന്നുവരവോടെ പ്രബലതയിലേക്കുയർന്ന നാടുവാഴി രാജ്യമാണ് പെരുമ്പടപ്പ്. യൂറോപ്യന്മാരുടെ കേരളത്തിലേക്കുള്ള പ്രവേശനത്തിനും ശേഷമാണ് കൊച്ചിയിലെ അധികാരികളുടെ ലിഖിതങ്ങൾ ലഭ്യമായത്. പൊതുവർഷം 1663 ൽ ഡച്ചുമായി ഏർപ്പെട്ട കരാറാണ് ഇതുവരെ ലഭിച്ചവയിൽ പ്രാചീനം. മറ്റുള്ളവ ക്ഷേത്രപുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ധനവും മറ്റ് സഹായങ്ങളും മന്ത്രിമാരെക്കൊണ്ടോ നേരിട്ടോ ചെയ്യിച്ചതിനെക്കുറിച്ചാണ്. തിരുവഞ്ചിക്കളം ക്ഷേത്രത്തിലെ കൊച്ചിരാജാവിന്റെ ലിഖിതങ്ങളുടെ സവിശേഷത ഉള്ളടക്കപരമായല്ലെങ്കിലും കാലപരമായി മൈസൂരിന്റെ ആക്രമണത്തെ സംബന്ധിക്കുന്നവയാണെന്നതാണ്. മൈസൂർ ആക്രമണത്തിലാണ് തിരുവഞ്ചിക്കളത്തെ ക്ഷേത്രത്തിനും ദീപമാടത്തിനും കേടുപാടുകൾ സംഭവിച്ചത്. ആർത്താറ്റ് പള്ളിയിലെ ലിഖിതത്തിനും മൈസൂർ ആക്രമണത്തിന്റെ പശ്ചാത്തലമുണ്ട്. ഈ ആക്രമണത്തിനുശേഷം പതിനാറുവർഷം മേൽക്കൂരയില്ലാതെ നിന്ന പള്ളി കൊച്ചി രാജാവിന്റെ സഹായത്തോടെ പുതുക്കി പണിതതിനു ശേഷമുള്ളതാണീ ലിഖിതം.

### 3.2.2 അധികാരികൾ

ലിഖിതനിർമ്മിതിയിൽ ഒഴിച്ചു കൂടാനാകാത്ത വ്യക്തിയോ കൂട്ടമോ ആണ് അധികാരി. പെരുമാൾ, മാതേവി, പിരാട്ടി, നാടുടയവർ, കീഴായടികൾ, നാട്ടുപടനായർ, എന്നിവരാണ് അധികാര സ്ഥാനത്തിരുന്ന് ലിഖിതങ്ങളിലെ അദ്ധ്യക്ഷസ്ഥാനം വഹിച്ചും അവകാശങ്ങളും അനുഭവങ്ങളും അനുവദിച്ച് കാണുന്നത്. പെരുമാക്കന്മാരുടേതായി 24 ലിഖിതങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം 'സ്വസ്തിശ്രീ' എന്ന പദത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ഈ പദത്തിനു ശേഷമുള്ള 'കോ' എന്ന പ്രയോഗമാണ് പെരുമാൾ ലിഖിതം എന്നതിന് പ്രാഥമിക തെളിവ്. പെരുമാൾക്കു മാത്രമേ രാജസ്ഥാനം അനുവദിച്ച് നൽകിയിരുന്നുള്ളൂ എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഭാസ്ക്കര രവി എന്ന രാജാവിന്റെ മുപ്പത്തിയെട്ടാം ഭരണവർഷത്തിലെ ജൂതച്ചേപ്പേടിൽ കോ കോന്മൈ കൊണ്ടാൻ എന്നു പ്രയോഗിക്കുന്നതിനാൽ ഇക്കാലം മുതൽ ചക്രവർത്തി എന്ന പ്രയോഗം പ്രചാരത്തിലെത്തി എന്നു മനസ്സിലാക്കാം. കൊച്ചി രാജ്യത്തുനിന്നും ലഭിച്ച ലിഖിതങ്ങളിൽ പരാമർശിക്കപ്പെട്ട പെരുമാക്കന്മാർ, സ്ഥാണു രവി (താണു ഇരവി), ഗോദ രവി (കോത ഇരവി), കേരളകേസരി പെരുമാൾ, ഇന്ദു ഗോദ (ഇന്തുക്കോത/ഇന്തേശ്വരൻ കോത), ഭാസ്കര രവി (പാർക്കരൻ ഇരവി), രാജസിംഹൻ (ഇരായിര ചിങ്കൻ/ഇരായിരൻ), രവി ആദിത്യൻ (ആതിച്ചൻ ഇരുഴി ഇരാമർ) എന്നിവരാണ്.

രാജാക്കന്മാർ അഥവാ കോക്കളുടെ ഭാര്യ ചേരാമാൻപെരുംമഹാദേവി എന്നറിയപ്പെട്ടു. മാതേവി എന്നാണ് ലിഖിതങ്ങളിലെ പ്രയോഗം. അവിട്ടത്തൂർ ക്ഷേത്രത്തിലെ കോത രവിയുടെ ഇരുപതാം ഭരണവർഷത്തിലെ ലിഖിതത്തിൽ ചേരമാൻ മഹാദേവി എന്നാണ് രാജ്ഞിയെ അഭിസംബോധന ചെയ്യുന്നത്. നെടുമ്പുറം തളി ക്ഷേത്രത്തിലെ ഭാസ്ക്കര രവിയുടെ പതിമൂന്നാം ഭരണവർഷത്തിലെ ലിഖിതത്തിൽ തിരിപുവന മാതേവി, അഥവാ ത്രിഭുവന മഹാദേവിയെന്നാണ് രാജ്ഞിയെ വിശേഷിപ്പിക്കുന്നത്. ഇവരുടെ പേര് ശ്രീധര നങ്ങച്ചിയാണെന്നും ലിഖിതത്തിലുണ്ട്. രാജകുമാരിമാരും ലിഖിതങ്ങളിൽ

പ്രത്യക്ഷപ്പെടുന്നുണ്ട്. കോതരവിയുടെ പതിമൂന്നാം ഭരണവർഷത്തിലെ അയിരാണിക്കളം ശാസനത്തിൽ ക്ഷേത്രത്തിലേക്ക് ഭൂമികൾ കീഴീടായി നൽകുന്നത് ഇരവി പിരാട്ടിയാണ്. ഇവരെ ഇളയ ഇരവി എന്ന യുവരാജാവാണ് ഈ ഏർപ്പാടിൽ സഹായിക്കുന്നത്. തൃക്കാക്കരയിലെ ഇന്ദുക്കോതയുടെ പത്താം ഭരണവർഷത്തിലെ ലിഖിതത്തിൽ ചന്ദ്രശിഖാമണിയായിട്ടുള്ള കീഴടിയാൾ ഏർപ്പാടാക്കിയ വെള്ളി നന്താവിളക്കിനെക്കുറിച്ച് പറയുന്നു. ചന്ദ്രവംശത്തിന്റെ കിരീടത്തിലെ രത്നമായ രാജകുമാരി എന്നതാണീ ബിരുദം. തൃക്കാക്കരയിലെത്തന്നെ ഇന്ദുക്കോതയുടെ ഭരണവർഷം രേഖപ്പെടുത്തിയ ഭാഗം നഷ്ടപ്പെട്ട ലിഖിതത്തിൽ ചോഴശിഖാമണി ഏർപ്പാടാക്കിയ ഭൂമിയെക്കുറിച്ച് പറയുന്നു. ചോഴശിഖാമണി ചോളരാജാവിന്റെ കിരീടത്തിലെ രത്നമാണ്. ചേര - ചോള വൈവാഹിക ബന്ധത്തിലേക്കു കൂടി വിരൽ ചൂണ്ടുന്നതാണീ വസ്തുത.

കോലെഴുത്ത് ലിഖിതങ്ങളിൽ കൊച്ചി രാജാവായിരുന്ന വീരരാമവർമ്മ ഡച്ച് ഈസ്റ്റിന്ത്യാകമ്പനിയോടും നാട്ടു പ്രമാണിമാരോടും എടുക്കേണ്ട നിലപാടുകൾ വ്യക്തമാക്കുന്ന പുതുവെപ്പ് 322 ലെ ചെപ്പേടിൽ സ്വയം നാം എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്രിസ്തീയ ദേവാലയങ്ങളിലെ ലിഖിതങ്ങളിൽ അധികാരികൾ ഇത്തരത്തിൽ പരാമർശിക്കപ്പെടുന്നില്ല. ഉദയംപേരൂർ പള്ളിയിലെ ആറാം നമ്പർ കോലെഴുത്തുലിഖിതത്തിൽ 1701 ൽ നാടുനീങ്ങിയ ചേന്ദമംഗലത്തു താമസിച്ച തോമാരാജാവിനെ പരാമർശിക്കുന്നു. നാടുനീങ്ങൽ മരണമാണ് അധികാരികൾ മരിക്കുമ്പോഴാണ് നാടുനീങ്ങി എന്ന പ്രയോഗം ഉപയോഗിക്കുന്നത്. ഇദ്ദേഹം ചേന്ദമംഗലം വില്ലാർവട്ടം രാജവംശത്തിലെ മതംമാറിയ അവസാന രാജാവാണെന്ന് കരുതപ്പെടുന്നു.

പെരുമനം ക്ഷേത്രത്തിലെ മലയാളം ലിഖിതത്തിൽ ശൈലാബ്ധീശ്വര സോദരനെന്ന ബിരുദനാമമാണ് കൊച്ചി രാജാവ് സ്വീകരിച്ചിട്ടുള്ളത്. തിരുവഞ്ചിക്കളത്തെ ഒന്നാം മലയാള ലിഖിതത്തിൽ വഞ്ചുളേശനായ വീരരാമവർമ്മ എന്ന കൊച്ചി രാജാവിന്റെ പേരുണ്ട്. ഇവിടത്തെ രണ്ടാം മലയാള ലിഖിതത്തിൽ മാടഭൂപതിയായ രാമവർമ്മയെന്നാണ് കൊച്ചി രാജാവിനെ അഭിസംബോധന

ചെയ്തിരിക്കുന്നത്. തൃപ്പൂണിത്തുറയിലെ ഒന്നാം നമ്പറിലുള്ള മലയാള ലിഖിതത്തിൽ ആര്യനായ വീരരാമവർമ്മയെന്ന കൊച്ചി രാജാവാണ് ദാതാവ്. ഊരകം ക്ഷേത്രത്തിലെ മലയാള ലിഖിതത്തിൽ പെരുംപടപ്പിൽ ഇളയതാവഴിയിലെ ഇരവി വർമ്മ(രവി വർമ്മ)യാണ് ദാതാവ്.

വട്ടെഴുത്തു ലിഖിതങ്ങളിൽ നാടുടയവരാണ് രാജാവിന് താഴെയുള്ള പ്രധാനാധികാരി. തൃക്കാക്കര, നെടുമ്പുറയൂർ എന്നീ രാജ്യങ്ങളിലെ നാടുവാഴികളുടെ ലിഖിതങ്ങളാണ് കൊച്ചിരാജ്യത്തു നിന്നും ലഭിച്ചിട്ടുള്ളത്. തൃക്കാക്കരയിലെ, കണ്ണൻ പുറയൻ (കണ്ണമ്പുറയൻ) ഇദ്ദേഹം ഇന്ദു ഗോദയുടെ സമകാലികനാണ്, ചാത്തൻ ശിവൻ (ചാത്തഞ്ചിവൻ), പോഴൻ രവി (പോഴൻ ഇരവി), യക്ഷൻ കുന്നൻ പോഴൻ (യക്കൻ കുന്റപ്പോഴൻ/യിക്കൻ കുന്റപ്പോഴൻ), നെടുമ്പുറത്തെ, മണങ്ങാട്ട് കുമരൻ രവി (കുമരനിരവി), എന്നിവരും പറപ്പൂരെ ഭൂമിധര രാജശേഖര(പൂമിതര രായിര) തിരുവടിയും സ്വതന്ത്രമായി ലിഖിതങ്ങളിൽ അദ്ധ്യക്ഷത വഹിച്ചവരാണ്. നെടുമ്പുറത്ത് ഇന്ദു ഗോദയുടെ പതിനേഴാം ഭരണവർഷത്തിലെ ലിഖിതത്തിൽ നെടുമ്പുറയൂർ നാടിനുടയവനായ മന്റത്ത് ഇയക്കൻ ഇന്ദിരാദിത്യനെയും, നെടുമ്പുറം തളിയിലെ ഗോദ രവിയുടെ പതിനേഴാം ഭരണവർഷത്തിലെ ലിഖിതത്തിൽ വെൺപലിനാടുടയവനായ ഗോദ രവി(കോത ഇരവി)യെക്കുറിച്ചും പരാമർശമുണ്ട്. ഭാസ്ക്കര രവിയുടെ മുപ്പത്തിയെട്ടാം ഭരണവർഷത്തിലെ ജൂതച്ചെപ്പേടിൽ വേണാടുടയവനായ ഗോദ മാർത്താണ്ഡൻ (കോത മാർത്താണ്ടൻ), വെൺപലിനാടുടയവനായ ഗോദ ശ്രീകണ്ഠൻ (കോത ചിരികണ്ടൻ), എറാളനാടുടയവനായ മാനവേപല മാനവീയൻ, നെടുമ്പുറയൂർ ഉടയവനായ ഗോദ രവി (കോത ഇരവി) എന്നീ നാടുവാഴികളെയും പരാമർശിക്കുന്നു. തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ ശ്രീമൂലസ്ഥാനം മലയാള ലിഖിതത്തിൽ വെങ്ങാനു നാടുടയവനായ ഇരവി വീരരവിയാണ് ദാതാവ്. ഇദ്ദേഹം പതിനെട്ടാം നൂറ്റാണ്ടിലെ നാടുവാഴിയാണ്.

കോലെഴുത്ത് ലിഖിതമായ പുതുവെപ്പ് 322 ലെ ലിഖിതത്തിൽ കൊച്ചിയുടെ പരമ്പരാഗത മന്ത്രിമാരും പാലിയത്തെ നാടുവാഴിയുമായിരുന്ന പാലിയത്തെ

മേനോനെ പരാമർശിക്കുന്നുണ്ട്. ഇതേ ലിഖിതത്തിൽ അയൽ നാട്ടുരാജ്യമായ വടക്കുംകൂറിലെ അധികാരിയെ വടക്കുംകൂറ്റിൽ നായരെന്നും പരാമർശിക്കുന്നുണ്ട്. തൃപ്പൂണിത്തുറയിലെ ആറാം നമ്പർ മലയാള ലിഖിതത്തിൽ വീരശ്രീരാമവർമ്മയെന്ന കൊച്ചിയിലെ മന്ത്രിയുടെ പേരാണുള്ളത്. തിരുവഞ്ചിക്കളത്തെ മൂന്നാം നമ്പർ മലയാള ലിഖിതത്തിൽ പാലിയേശനായ മന്ത്രി ഗോവിന്ദനാണ് രാജാവിനായിക്കൊണ്ട് ക്ഷേത്രപ്രവൃത്തികൾ ചെയ്യിച്ചതെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

സൈന്യവും അവയ്ക്ക് അധികാരിയായി സൈന്യാധിപനും ഉണ്ടായിരുന്നതിനും ലിഖിതത്തെളിവുകളുണ്ട്. ഗോദ രവിയുടെ അയിരാണിക്കളത്തെ പതിമൂന്നാം ഭരണവർഷത്തിലെ ലിഖിതത്തിൽ അട്ടിപ്പേറ് കർമ്മം നടത്തുമ്പോൾ അവിടെ ഹാജരായ പ്രതിനിധികളിൽ രാജാവിന്റെ വിശ്വസ്ത സേനാപതിയുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഭാസ്ക്കര രവിയുടെ ജൂതച്ചെപ്പേടിൽ സാക്ഷികളിൽ ഒരുവൻ കീഴ്പ്പടയുടെ നായകനായ മൂർഖൻ ചാത്തനാണ്. നെടുമ്പുറയൂർ നാടുടയവനായ മണങ്ങാട്ടു കുമരൻ ഇരവിയുടെ ലിഖിതത്തിലെ ഏർപ്പാട് നടത്തുന്നത് നാട്ടുപടനായരുടെ നേതൃത്വത്തിലാണ്. നാട്ടു പടനായർ നാടുവാഴി സൈന്യത്തിന്റെ തലവനാണ്.

ഓരോ ലിഖിതങ്ങളും ഒരു കൂട്ടം അധികാരപ്പെട്ടവർ അഥവാ ഉത്തരവാദപ്പെട്ടവർ ചേർന്നാണ് തയ്യാറാക്കുക. പരടയാർ, ഇളയാർ, പുലയരൾ, മേൽവായൻ, കീഴ്വായൻ, തളിയാർ, തളി അധികാരികൾ, ഭട്ടാരകർ, ഭട്ടാരക അധികാരികൾ, പിച്ചപ്പാടയാർ, എമ്പെരുമാൻ, എമ്പെരുമക്കൾ, പെരുമുതിയൻ, തേവർ ഉൾപാടൻ, കാരാളൻ, പാട്ടമാളർ, ശാന്തി അടികൾ, ഊരാളർ, കോവിൽ അധികാരി, സമഞ്ജിതർ, യോഗിയാർ തിരുവടി, മൂത്താർ, പൊതുവാൾ. ഈ അധികാരികളാണ് കൊച്ചി രാജ്യത്തു നിന്നും ലഭിച്ച വട്ടെഴുത്തു ലിഖിതങ്ങളിലെ ഏർപ്പാടുകളിൽ നേതൃത്വം നൽകിയവർ. പരിഷയെന്ന സഭയിലെ അംഗമാണ് പരടയാർ. ക്ഷേത്രസമിതിയിലെ അംഗങ്ങളാണ് മൂത്താരും ഇളയാരും. പിച്ചപ്പാടയാർ ഭിക്ഷയെടുത്ത് ജീവിക്കുന്നവരുടെ പ്രതിനിധിയാണ്. സന്യാസി എന്നാണ്

ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എമ്പെരുമാൻ, എമ്പെരുമക്കൾ, പെരുമുതിയൻ, തേവർ ഉൾപ്പാടൻ, ശാന്തി അടികൾ എന്നിവരെല്ലാം ക്ഷേത്രത്തിൽ പൂജചെയ്യാൻ അവകാശമുള്ള ബ്രാഹ്മണ ജാതിക്കാരാണ്. ഊരാളൻ, ക്ഷേത്രത്തിന്റെയും സ്വത്തുക്കളുടെയും നടത്തിപ്പവകാശമുള്ള ബ്രാഹ്മണ പ്രതിനിധിയാണ്. കാരാളൻ, ക്ഷേത്രസ്വത്തുക്കൾ മേൽപ്പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്നവനാണ്. കോവിലധികാരി ക്ഷേത്രനടത്തിപ്പിനും സ്വത്തുക്കളുടെയും ഭൂമിയുടെയും മേൽനോട്ട ചുമതലയുള്ള രാജപ്രതിനിധിയാണ്. രാജാവിന്റെ തൊട്ടു താഴെയുള്ള അവകാശികളാണിവർ. സമഞ്ജിതർ, ധനവിനിമയത്തിന് വേണ്ടി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരാണ്. അക്കൗണ്ടന്റ് ജോലിയാണവർ ചെയ്യുന്നത്. പാട്ടമാളർ, കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധവിഭാഗമാണ്. കാരാളനിൽ നിന്നും പാട്ടം ആളുന്നവരെ, പാട്ടത്തിനെടുക്കുന്നവരെയാണ് പാട്ടമാളർ എന്നു വിളിക്കുന്നത്. പൊതുവാൾ, ക്ഷേത്രകാര്യദർശിയാണ്. ലിഖിതങ്ങളിൽ അധികമായി കാണുന്ന അധികാരി പ്രതിനിധാനമാണ് പൊതുവാളിന്റേത്. വളരെ സവിശേഷ ശ്രദ്ധയർഹിക്കുന്ന വിഭാഗമാണ് പുലയരൾ. വളരെ ആധുനികമായ കാലത്തും കീഴ് ജാതി എന്നു വിളിച്ച് തീണ്ടാപ്പാടകലെ നിർത്തിയിരുന്ന ഈ വിഭാഗം കൃഷിയെ സംബന്ധിച്ച് സുപ്രധാനമാണ്. പുലയരിലെ അധികാരിയെയാണ് ലിഖിതങ്ങളിൽ പുലയരൾ എന്നു പരാമർശിക്കുന്നത്.

കോലെഴുത്ത് ലിഖിതങ്ങളിൽ രാജാവ്, വികാരി, പ്രവൃത്തിക്കാരൻമാർ, കീഴധികാരി, ക്ഷേത്രാധികാരി, ഇളയവർ, ഇടവകക്കാർ എന്നിവരാണ് ഏർപ്പാടുകൾ നടത്തുന്നവർ. രാജാവ് ഇടനിലക്കാരില്ലാതെ നേരിട്ട് തയ്യാറാക്കിയ ലിഖിതമാണ് പുതുവപ്പ് 322 ലെ പാലിയം ചെപ്പേട്. പാലയൂർ പള്ളിയിലെ ചെമ്പോല ലിഖിതങ്ങളിൽ പള്ളിയിലെ പുരോഹിതനായ കത്തനാർ വികാരിയും, പള്ളി പ്രവർത്തനങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന പ്രവർത്തിക്കാരന്മാരുമാണ് കരാറുകളിൽ ഏർപ്പെടുന്നത്. തൃശ്ശൂർ തെക്കേമഠം ചെമ്പോലയിൽ ക്ഷേത്രാധികാരിയും, അവിടത്തെ ഇളയവരും, കീഴധികാരിയും ചേർന്നാണ് കരാറിൽ ഏർപ്പെട്ടത്. ആർത്താറ്റ് പള്ളിയിലെ പടിയോല

ദീവാന്നിയോസ് ദിവ്യന്റെ മുമ്പിൽ വച്ച് തയ്യാറാക്കുന്നത് ഇടവകക്കാരാണ്. ഒരു പള്ളിയിലെ വിശ്വാസികളെ മൊത്തത്തിൽ ഇടവകക്കാർ എന്നാണ് അഭിസംബോധന ചെയ്യുന്നത്. മലയാള ലിഖിതങ്ങളിൽ അവ കാര്യമാത്രപ്രസക്തമായവയെ മാത്രം അവതരിപ്പിക്കുന്നു എന്ന സവിശേഷത നിലനിൽക്കുന്നതിനാൽ ഇത്തരത്തിലുള്ള അധികാരികളെക്കുറിച്ചുള്ള അറിവുകളൊന്നും ലഭ്യമല്ല.

### 3.2.3 അധികാര സഭകൾ

വട്ടെഴുത്ത് ലിഖിതങ്ങളിൽ നിന്നും വിവിധ അധികാരക്കൂട്ടങ്ങളെക്കുറിച്ച് അറിവുകൾ ലഭിക്കുന്നു. ഇവയെ പൊതുവിൽ സഭകൾ എന്നു വിളിക്കുന്നു. കൃത്യമായ അധികാരച്ചട്ടകൂടിന് അകത്ത് പ്രവർത്തിക്കുന്നവയാണെന്ന് ഇവയെക്കുറിച്ചുള്ള പരാമർശങ്ങളിൽ നിന്നും വ്യക്തമാണ്. തളി, പരിഷ, കുടി, പതി, ഇരുപത്തൊരുവർ, ആയിരത്തവർ, ഇരുപത്തെഴുവർ, പതിനെട്ടുനാട്ടാർ, ഊര്, നകരം, അറുനൂറ്റുവർ എന്നീ കൂട്ടങ്ങളെക്കുറിച്ച് കൊച്ചിരാജ്യത്തു നിന്നും ലഭിച്ച ശാസനങ്ങളിൽ പരാമർശമുണ്ട്. പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള തളിയെ ചരിത്രപരമായി വിലയിരുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തളിക്ക് രണ്ട് പ്രയോഗങ്ങളുണ്ട്. ഒന്ന്, ക്ഷേത്രങ്ങളുടെ മേൽനോട്ടം നിർവ്വഹിച്ചിരുന്ന ബ്രാഹ്മണ പ്രതിനിധികൾ. രണ്ട്, വീരരാഘവ പട്ടയത്തിൽ കാണുന്ന നാലു തളി എന്നു പ്രയോഗിക്കുന്ന മേൽതളി, കീഴ്തളി, നെടിയതളി, ചിങ്ങപുരത്ത് തളി എന്നീ ക്ഷേത്രങ്ങളാണവ[112]. തളി എന്നതിന് ക്ഷേത്രമെന്നും അതിലെ അധികാരിയെന്നും ഉള്ള അർത്ഥമാണ് പ്രൊഫസർ എം. ജി. എസ്. നാരായണൻ നൽകുന്നത്[113]. പരിഷ, പതിനെട്ടുനാട്ടാർ, ഇരുപത്തൊരുവർ, ഇരുപത്തെഴുവർ എന്നിവർ ക്ഷേത്രത്തിൽ പ്രത്യേകാധികാരം ഉണ്ടായിരുന്ന ബ്രാഹ്മണസഭകൾ തന്നെയാണ്. കുടികളും പതികളും, ഊരും ക്ഷേത്രത്തോടൊപ്പം ദേശത്തിലും അധികാരം ഉണ്ടായിരുന്ന സഭകളാണ്. പൊതുവാൾമാർ ഇവയിൽ അംഗമായിരുന്നു. കുടി എന്നതിന് വീട്

---

112 ഇളംകുളം കുഞ്ഞൻപിള്ള, ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ, എഡി: ഡോ. എൻ. സാം, അന്താരാഷ്ട്ര കേരള-പഠനവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം, 2005. പു – 504, 505.

113 M. G. S. Narayanan, Perumals of Kerala, Cosmo books, Thrissur, Second Edition, 2013. P. 421.

എന്നു കൂടി ലിഖിതങ്ങളിൽ പ്രയോഗം കാണുന്നുണ്ട്. ഇവയെക്കുറിച്ച് കൂടുതൽ അറിവുകൾ ഇനിയും ആവശ്യമാണ്. നഗരം കച്ചവട കേന്ദ്രമാണ്. അത് നിർമ്മിച്ചെടുക്കുന്നത് കച്ചവട സാധ്യതകളെ പരിഗണിച്ചാണ്. അതിനാൽത്തന്നെ വണിക്കുകൾക്ക് അനുവദിക്കുന്ന അവകാശങ്ങളോടൊപ്പം നഗരത്തിന്റെ അധികാരമോ നികുതി ഇളവോ നൽകുന്നത് കാണാനാകും. ജൂതച്ചെപ്പേടും, വീരരാഘവച്ചെപ്പേടും ഇതിന് ഉദാഹരണമാണ്. അറുനൂറ്റുവർ സൈന്യമാണ്. ഇവരെ പ്രത്യേക അവസരങ്ങളിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉപയോഗിച്ചു പോരുന്നതായി മനസ്സിലാക്കാം.

### 3.2.4 ലിഖിതങ്ങളും ഉദ്ദേശ്യവും

എല്ലാ ലിഖിതങ്ങളും പ്രത്യേക ഉദ്ദേശ്യത്തോടുകൂടി തയ്യാറാക്കിയവയാണ്. വട്ടെഴുത്ത്, കോലെഴുത്ത്, മലയാളം ലിഖിതങ്ങളിൽ നിന്നും വട്ടെഴുത്തു ലിഖിതങ്ങളുടെ ഉള്ളടക്കത്തിന് ഇത്തരത്തിൽ സവിശേഷമായ വ്യത്യാസമുണ്ട്. അതിനാൽ അവയുടെ ഉദ്ദേശ്യത്തെ ഈ ഉപശീർഷകത്തിൽ വിശകലനം ചെയ്യുന്നില്ല. ഇവിടെ വട്ടെഴുത്ത് ലിഖിതങ്ങളെയാണ് വിശകലനം ചെയ്യുന്നത്. വട്ടെഴുത്തു ലിഖിതങ്ങളിൽ ആമുഖമായിത്തന്നെ അവയുടെ സ്വഭാവം വ്യക്തമാക്കുന്നു. ഇവയെ പൊതുവിൽ ശപഥം, അട്ടിപ്പേറ്, കച്ചം, കാര്യം, കർമ്മം, പ്രസാദം, സങ്കേതം, പ്രത്യേകിച്ച് പേര് നൽകാത്ത ഏർപ്പാടുകൾ, നിർമ്മിതി രേഖകൾ എന്നിങ്ങനെ തരംതിരിക്കാം.

#### 3.2.4.1 ശപഥം

ശപഥത്തിന് സത്യമെന്നാണർത്ഥം. ചപത്തെ എന്ന വാക്കാണ് ലിഖിതത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഗോദരവിയുടെ പതിനൊന്നാം ഭരണവർഷത്തിൽ ഇരിങ്ങാലക്കുട പരടയാരും ഇളയാരും തൃക്കൈക്കീഴിലിരുന്ന് ചെയ്ത ശപഥമാണ് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ സ്ഥാണുരവി ലിഖിതം. ഈ ശപഥപ്രകാരം ഇരിങ്ങാലക്കുടയിലെ ക്ഷേത്രോടമസ്ഥതയിലുള്ള

ഭൂമിയിൽ ഒറ്റി വെക്കുന്നത് ഒഴിവാക്കിയിരിക്കുന്നു. ഒറ്റി ഭൂമിയെ ആധാരമാക്കി ചെയ്യുന്ന പണയമാണ്.

### 3.2.4.2 അട്ടിപ്പേറ്

ഗോദരവിയുടെ പതിമൂന്നാം ഭരണവർഷത്തിലെ അയിരാണിക്കളം ക്ഷേത്രലിഖിതം അട്ടിപ്പേറാണ്. അട്ടിപ്പേറെന്നാൽ ഭൂമിയുടെ മേലുള്ള സകല അവകാശങ്ങളും നീർവീഴ്ത്തി ജന്മാവകാശമായി നൽകുക എന്നതാണ് ഉദ്ദേശ്യം. ഇരവിപിരാട്ടിയാണ് ഈ അട്ടിപ്പേറ് നടത്തിയത്. അട്ടിപ്പേറായി ക്ഷേത്രത്തിന് നൽകിയ ഭൂമിയുടെ കീഴീടവകാശം നൽകിയ ഭൂമിയിലെ അധികാരികളിൽ തന്നെ നിലനിർത്തിയിരിക്കുന്നു. കീഴീടായി കിട്ടിയ ഭൂമിയെ മറ്റു പണയങ്ങൾക്കോ ഭൂവിനിമയങ്ങൾക്കോ ഇടയീടാക്കരുതെന്നും നിഷ്കർഷിച്ചിരിക്കുന്നു.

### 3.2.4.3 കച്ചം

കച്ചത്തിന് വ്യവസ്ഥയെന്നാണർത്ഥം. ഗോദരവിയുടെ ഇരുപതാം ഭരണവർഷത്തിലെ അവിട്ടത്തൂർ ക്ഷേത്രലിഖിതം കച്ചമാണ്. ആവട്ടിപുത്തൂരെ ആയിരത്തവരും ഇരുപത്തേഴുവരും രണ്ടു കുടികളിലെ പൊതുവാൾമാരും തൃക്കൈക്കീഴിൽ കൂടിയിരുന്ന് വിരോധമില്ലാതെ ചെയ്ത കച്ചം എന്നാണ് ലിഖിതത്തിൽ. ഇതു പ്രകാരം രാജാവിന്റെ ഭാര്യ ചേരമാൻ മഹാദേവിയുടെ കരക്കലം ഭൂമി അവിട്ടത്തൂർ ക്ഷേത്രത്തിലേക്കായി കീഴീടായി നൽകിയിരിക്കുന്നു.

തൃപ്പൂണിത്തുറ സന്താനഗോപാലേശ്വരം ക്ഷേത്രത്തിലുണ്ടായിരുന്നതും ഇപ്പോൾ തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമായ ഗോദരവിയുടെ മുപ്പതാം ഭരണവർഷത്തിലെ ലിഖിതം ഇരവി ആദിത്യന്റെ ഏർപ്പാടിൽ പിച്ചപ്പാടയാരും പൊതുവാളും കൂടി വിരോധമില്ലാതെ ചെയ്ത കച്ചമാണ്. തൃപ്പൂണിത്തുറയിലെ ഭട്ടാരകരുടെ തിരുവാരാധന മുടക്കാൻ പാടില്ലെന്ന് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു. തൃക്കാക്കര ക്ഷേത്രത്തിലുള്ള കേരളകേസരി പെരുമാളുടെ ലിഖിതവും കച്ചമാണ്. പക്ഷേ കച്ചം വിശദീകരിക്കുന്ന ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി. ക്ഷേത്രത്തിലേക്കും അവിടെ പണി ചെയ്യുന്നവരുടെ

ചെലവിലേക്കുമായി ഭൂമി നൽകിയ രേഖയാണെന്നാണ് സൂചനകളിൽ നിന്നും മനസ്സിലാകുന്നത്.

ഇന്ദുഗോദയുടെ പതിനേഴാം ഭരണവർഷത്തിലെ നെടുമ്പുറം ക്ഷേത്ര ലിഖിതം കച്ചമാണ്. നിത്യവിചാരേശ്വരത്തെ പതിനെട്ടു നാട്ടാരും അധികാരികളും വിരോധമില്ലാതെ നെടുമ്പുറയൂർ മണൽമന്റത്ത് ഇയക്കൻ ഇന്തികോപുതൻ ഉള്ളിലിരുന്ന് പെരുമാളർപാട് സ്ഥാനമണഞ്ഞ ചേന്നന്റെ ഉടമസ്ഥതയിലുള്ള തേവമ്പിൽ ക്ഷേത്രത്തിലിരുന്ന് ചെയ്ത കച്ചമാണിത്. ഇതു പ്രകാരം അനിഴം വിഷുനാളിന് മുമ്പ് വഴിപാടായി ക്ഷേത്രത്തിലേൽപ്പിച്ചഭൂമിയിൽ നിന്നും നെല്ല് അളന്നിരിക്കണം.

ഭാസ്ക്കരരവിയുടെ നാൽപ്പത്തിയെട്ടാം ഭരണവർഷത്തിലെ മൂഴിക്കളംക്ഷേത്ര ലിഖിതം ഊരും പൊതുവാളും കൂടി ക്ഷേത്രത്തിലിരുന്ന് വിരോധമില്ലാതെ ചെയ്ത കച്ചമാണ്. രാജാവിനെ മനുകുലാദിത്യൻ എന്നാണ് അഭിസംബോധന ചെയ്യുന്നത്. അദ്ദേഹം തിരുവക്കിരം എന്ന വഴിപാടിന് ഏർപ്പാടാക്കിയ ചേരിക്കൽ ഭൂമിയെക്കുറിച്ച് പറയുന്നു. വലിയ പ്രദേശമാണ് കീഴീടായി നൽകിയിരിക്കുന്നത്. ഇവിടെ തെറ്റായി പ്രവർത്തിക്കുന്നവരുടെ കാരാണ്മ ഒഴിവാക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ പാർക്കരനമ്പിരാനർ ലിഖിതം, അദ്ദേഹത്തിന് ചോകിരത്തെ പൊതുവാൾ അട്ടിപ്പേറായി നൽകിയ പടിഞ്ഞായിറ്റിപ്പോട്ട എന്ന ഭൂമിയുടെപേര് പാർക്കരപുരം എന്നാക്കിത്തീർത്ത കച്ചമാണ്. ഇതിനുള്ള ചെല്ലുംചെലവിലേക്കായി പാർക്കര നമ്പിരാനർ ഇരിങ്ങാലക്കുട ക്ഷേത്രത്തിലേക്ക് വഴിപാടുകളും ഏർപ്പാടാക്കിയിരിക്കുന്നു.

തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ ഒന്നാംവട്ടെഴുത്ത് ലിഖിതം കർക്കടകമാസത്തിൽ ഊരും, സമഞ്ജിതരും, യോഗിയാർ തിരുവടിയും, പൊതുവാൾമാരും ചേർന്ന് വിരോധമില്ലാതെ ദേവരുടെ പെൺകുലത്തേയും കൂട്ടിയ കച്ചം ഓലക്കരണമാണ്. ഇതുപ്രകാരം ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്നത് തടയുന്നവർക്കുള്ള ശിക്ഷാവിധികൾ രേഖപ്പെടുത്തുന്നു.

അയിരാണിക്കളത്തെ രണ്ടാം വട്ടെഴുത്ത് ശിലാരേഖ മറ്റത്തിനും ചെറിയമലയ്ക്കും ഇറയായി ചെയ്ത കച്ചമാണ്. ഇതുപ്രകാരം ക്ഷേത്രത്തിലേക്കുള്ള ചേരിക്കൽ ഭൂമികളിൽ തടസ്സം സൃഷ്ടിക്കുന്നവരെ വിലക്കിയിരിക്കുന്നു.

തൃപ്രയാർ ശ്രീരാമക്ഷേത്ര വട്ടെഴുത്തു ലിഖിതം തിരുപ്പുറയാർ ഊരും പൊതുവാളും കൂടി മുരുകനാട്ട് ശങ്കരൻ കുന്നപ്പോഴന്റെ വഴിപാടായ നെയ്യിനായേർപ്പാടാക്കിയ കച്ചമാണ്. ഇതോടൊപ്പം മറ്റ് വഴിപാടുകളും അദ്ദേഹം ഏർപ്പാടാക്കിയിരിക്കുന്നു.

ചേന്ദമംഗലം കൃഷ്ണക്ഷേത്ര വട്ടെഴുത്ത് ലിഖിതം പറയൂർ ഊരാരും പരടയാരും പൊതുവാളും വിരോധമില്ലാതെ ക്ഷേത്രത്തിലിരുന്ന് ചെയ്ത കച്ചമാണ്. ശങ്കരനാരായണൻ ക്ഷേത്രത്തിലേക്കു നൽകിയ ഭൂമിക്ക് ഇറയായി വർഷം അറുപത് പങ്ക് നെയ്യ് ക്ഷേത്രത്തിലെത്തിക്കാൻ അധികാരികൾ ചുമതലപ്പെട്ടിരിക്കുന്നു.

**3.2.4.4 കാര്യം**

കാര്യമെന്നതിന് പ്രവൃത്തിയെന്നാണർത്ഥം. ഇന്ദുഗോദയുടെ അഞ്ചാം ഭരണവർഷത്തിലെ തൃക്കാക്കര ക്ഷേത്രലിഖിതത്തിന് തിരുമൂഴിക്കളത്തപ്പന്റെ ശ്രീകാര്യം ചെയ്ത പ്രകാരമാണിതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ക്ഷേത്രത്തിലെ ഉപയോഗത്തിനും ശാലയിലെ വിദ്യാർത്ഥികൾക്കുമുള്ള അരിയും അനുബന്ധ സാധനങ്ങളും സമയബന്ധിതമായി എടുക്കുന്നതിനെക്കുറിച്ചാണ് ലിഖിതത്തിൽ പറയുന്നത്.

നെടുമ്പുറം തളിയിലെ മണങ്ങാട്ടു കുമരനിരവിയുടെ ലിഖിതം അദ്ദേഹം നാടുവാഴുമ്പോൾ നിത്യവിചാരേശ്വരത്തെ തളിയും തളി അധികാരികളും കൂടി ചെയ്ത കാര്യം ആണ്. ക്ഷേത്രത്തിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും കുറവറ പറഞ്ഞു തീർത്ത് സുരക്ഷ ഉറപ്പിക്കുന്ന കാര്യമാണ് ലിഖിതത്തിലുള്ളത്.

അയിരാണിക്കളം മൂന്നാം വട്ടെഴുത്ത് ലിഖിതം വൃശ്ചികമാസത്തിൽ തിരുവല്ലവാഴ് ഊരും അയിരാണിക്കളത്തൂരും ഈ രണ്ടുഗ്രാമത്തിലെ

പൊതുവാൾമാരും വിരോധമില്ലാതെ ചെയ്ത കാര്യമാണ്. ഇത് പ്രകാരം ഈ രണ്ട് ക്ഷേത്രങ്ങളെയും ഏകഗ്രാമം ചെയ്ത് പരസ്പരം എന്താപത്തുകളിലും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടുന്ന ചുമതല ഊരാളന്മാർക്ക് നൽകിയിരിക്കുന്നു.

### 3.2.4.5 കർമ്മം

കർമ്മത്തിന് പ്രവൃത്തിയെന്നാണർത്ഥം. ഇന്ദുഗോദയുടെ പത്താം ഭരണവർഷത്തിലെ തൃക്കാക്കര ക്ഷേത്രലിഖിതം, അദ്ദേഹം ഭരണം നടത്തിവന്ന അഞ്ച് വർഷം കഴിഞ്ഞതിന് ശേഷമുള്ള അഞ്ചാം ഭരണവർഷത്തിൽ ചെയ്ത കർമ്മമാണ്. ഇതു പ്രകാരം ചന്ദ്രശിഖാമണിയായ രാജകുമാരി ക്ഷേത്രത്തിലേക്ക് വഴിപാടുകൾ നടത്തിയിരിക്കുന്നു.

ഇന്ദുഗോദയുടെ പതിനാറാംഭരണവർഷത്തിലെ തൃക്കാക്കരക്ഷേത്ര ലിഖിതം, അദ്ദേഹം ഭരണം നടത്തി വന്ന് പതിനൊന്ന് വർഷം കഴിഞ്ഞതിനുശേഷമുള്ള അഞ്ചാം വർഷം ചിങ്ങത്തിൽ ചെയ്ത കർമ്മമാണ്. ലിഖിതത്തിൽ പറയുന്ന കർമ്മം അട്ടിപ്പേറാണ്. തൃക്കാക്കര ഉൾപ്പാടന്റെയും പെരുമുതിയന്റെയും കയ്യിൽ നിന്നും പൊന്ന് സ്വീകരിച്ച രാജാവ് തൃക്കാക്കര നാടുവാഴിയായ കണ്ണമ്പുറയനെക്കൊണ്ട് വെട്ടിക്കരിക്കാട്ടിനുള്ള ഭൂമിയും പുനത്തിനുള്ള വകകളും ക്ഷേത്രത്തിന് അട്ടിപ്പേറായി നൽകിയിരിക്കുന്നു.

ഇതേ ക്ഷേത്രത്തിലുള്ള ഭാസ്കരരവിയുടെ ആറാം ഭരണവർഷത്തിലെ ലിഖിതം അദ്ദേഹം ഭരണം ആരംഭിച്ച് രണ്ടു വർഷത്തിനുശേഷമുള്ള നാലാം വർഷത്തിൽ ചെയ്ത കർമ്മമാണ്. ഇതുപ്രകാരം ചിറുമറ്റപ്പുഴ കേരളൻ എന്ന വ്യക്തി ഉൾപ്പാടന്റെയും പെരുമുതിയന്റെയും കയ്യിൽ അക്കിരം എന്ന ഊട്ടു ചെലവിലേക്കായി പഴം കാശും നൂറ്റിരുപത് കഴഞ്ച് പൊന്നും നൽകിയിരിക്കുന്നു.

ഭാസ്കരരവിയുടെ മുപ്പത്തിയൊന്നാം ഭരണവർഷത്തിലെ തൃക്കാക്കരക്ഷേത്ര ലിഖിതം വൃശ്ചികമാസം ഇരുപത്തിമൂന്നാം തീയതി ചെയ്ത കർമ്മമാണ്. ഇതുപ്രകാരം ചെറുമറ്റപ്പുഴ കണ്ണമംഗലത്തിനു മേലുള്ള നക്കൻ രവിയും, ആദിത്യൻ

രവിയും തൃക്കാക്കര ഭട്ടാരകർക്ക് വഴിപാടായി നൽകേണ്ടുന്ന പതിനഞ്ച് ഇടങ്ങഴി നെയ്യിനെക്കുറിച്ച് പറയുന്നു.

ഭാസ്കരരവിയുടെ മുപ്പത്തിയൊന്നാം ഭരണവർഷത്തിലെ തൃക്കാക്കരക്ഷേത്ര ലിഖിതം മകരമാസം ചെയ്ത കർമ്മമാണ്. ചിറുമറ്റപ്പുഴ കണ്ടനാരായണൻ അറുപതു കഴഞ്ച് ചെമ്പൊന്ന് മാക്കണ്ണപ്പള്ളി കണ്ടനാരായണനു നൽകുകയും, ഈ കടത്തിനുള്ള ഒറ്റിയായി നെല്ല് ലഭിക്കുന്ന ഭൂമി ഏർപ്പാടാക്കുകയും ചെയ്തു.

തൃക്കാക്കരക്ഷേത്രത്തിൽ ഭാസ്ക്കരരവിയുടെ ഭരണവർഷം ഭാഗികമായി നഷ്ടപ്പെട്ട ലിഖിതമുണ്ട്. നാൽപ്പത്തിരണ്ടിനും അമ്പത്തിയൊന്നിനും ഇടയിലുള്ള ഭരണവർഷത്തിൽ ചെയ്ത കർമ്മത്തെക്കുറിച്ച് പറയുന്നു. കുവലായിനി കുന്നപ്പോഴൻ നാൽപ്പതു കഴഞ്ച് പൊന്ന് ക്ഷേത്രത്തിലേൽപ്പിച്ചു. ഈ പൊന്നിനായി ക്ഷേത്രത്തിലേക്ക് ഭൂമികൾ ലഭിച്ചു. അവിടെ നിന്നുമുള്ള വരുമാനത്തിൽ നിന്നും നടത്തേണ്ടുന്ന വഴിപാടുകളെക്കുറിച്ചും പറയുന്നു.

തൃക്കാക്കരക്ഷേത്രത്തിലെ കണ്ണമ്പുറയൻ ലിഖിതം അദ്ദേഹവും ക്ഷേത്രാധികാരികളും ചേർന്ന് ചെയ്ത കർമ്മമാണ്. ക്ഷേത്രത്തിലെ ധനവിനിമയം നടത്തുന്നതിൽ എമ്പെരുമക്കൾക്കും മറ്റ് അധികാരികൾക്കുമുള്ള വിലക്കാണ് ലിഖിതത്തിൽ പരാമർശിക്കുന്നത്.

തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ രണ്ടാം വട്ടെഴുത്ത് ലിഖിതം, ക്ഷേത്രത്തിലിരുന്ന് മൂത്താരും ഇളയാരും കോവിലധികാരിയും പൊതുവാളും ചേർന്ന് വിരോധമില്ലാതെ ചെയ്ത കർമ്മമാണ്. ഇതുപ്രകാരം ദേവസ്ഥാനത്ത് ഏഴു പാടി അകത്ത് പുറത്തുനിന്നുള്ളവർ പ്രവേശിക്കുന്നത് വിലക്കിയിരിക്കുന്നു.

തൃക്കാക്കര കാരിലത്തു കണ്ണൻ കുമരൻ വട്ടെഴുത്തുരേഖ ചിങ്ങമാസത്തിൽ ചെയ്ത കർമ്മമാണ്. അദ്ദേഹത്തിന്റെ പഴം കാശിനോടൊപ്പം മുപ്പത്താറ് കഴഞ്ച് പൊന്ന് ക്ഷേത്രത്തിലേക്ക് നൽകി. ഇതിനായേർപ്പാടാക്കിയ ഭൂമിയെക്കുറിച്ചും അതിൽ നിന്നുമുള്ളവരവുകൊണ്ട് ക്ഷേത്രത്തിലെത്തിക്കേണ്ട നെയ്യിനെക്കുറിച്ചും പറയുന്നു.

### 3.2.4.6 പ്രസാദം

സന്തോഷപൂർവ്വം അനുവദിച്ച് നൽകുന്നത്, അനുഗ്രഹം എന്നാണ് പ്രസാദത്തിനർത്ഥം. മുപ്പത്തിയെട്ടാം ഭരണവർഷത്തിൽ ഭാസ്കരരവി മുയിരിക്കോട് വച്ച് ഈസ്സുപ്പ് ഇറപ്പാന് പ്രസാദിച്ചരുളിയ പ്രസാദമാണ് ജൂതശാസനം. ഇതുപ്രകാരം അഞ്ചുവണ്ണം, അഞ്ചുവണ്ണത്തിന്മേലുള്ള പാരമ്പര്യാവകാശം, പ്രഭുക്കന്മാർ അനുഭവിക്കുന്ന 72 നികുതിയൊഴിവാക്കിയ അവകാശങ്ങൾ തുടങ്ങിയവ അനുവദിച്ചിരിക്കുന്നു.

വീരരാഘവപ്പട്ടയം വീരരാഘവ ചക്രവർത്തി മീന മാസം ഇരുപത്തൊന്നാം തീയതി ശനിയാഴ്ച രോഹിണിനാളിൽ മഹോദയപുരത്തെ പെരും കോവിലിൽ എഴുന്നള്ളിയിരുന്ന് പെരുംചെട്ടിയായ രവി ഗോവർദ്ധനന് (ഇരവി കോർത്തനന്) മണിഗ്രാമപ്പട്ടം നൽകി. ഇതോടൊപ്പം പ്രഭുക്കന്മാർക്കും വണിക്കുകൾക്കും സവിശേഷമായ നികുതി ഒഴിവാക്കിയ അവകാശങ്ങളും അനുവദിച്ച് കൊടുത്തു.

### 3.2.4.7 സങ്കേതം

പറമ്പൻതളി ക്ഷേത്രത്തിലെ ഭൂമിധര രാജശേഖര തിരുവടി ലിഖിതം മിഥുനമാസത്തിൽ തിരുപ്പറമ്പിലൂരും ആനയൊഴുക്കു കോവിലകവും വിരോധമില്ലാതെ ചെയ്ത സങ്കേതമാണ്. ഇതു പ്രകാരം ചേരിക്കലായ പേരൂർ, നിലാമണിയൂർ, അമൃതമംഗലം, രായിരനല്ലൂർ എന്നീ നാലിടങ്ങളിലും അനധികൃതമായി കയറുന്നത് വിലക്കിയിരിക്കുന്നു.

തിരുക്കുലശേഖരപുരത്തെ ഒന്നാം ലിഖിതം അയപി എന്ന വ്യക്തി ഏർപ്പാടാക്കിയ വഴിപാട് കാടിക്കുവേണ്ടി നാലുതളിയും വിരോധമില്ലാതെ ചെയ്ത സങ്കേതമാണ്. ഇതിലേക്കായി തുഴുവത്തുറയിൽ ചെയ്തതുപോലെ ആണ്ട് നികുതിയായി മെയ്ക്കാട്ടു നിന്നുള്ളവരുമാനം പകുത്ത് നൽകാൻ അധികാരികളെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ചൊവ്വല്ലൂർ ഇളങ്ങൊളൂരാകി കോത ലിഖിതം ക്ഷേത്രത്തിലെ മരുതൊടി, കണ്ണഞ്ചിറാ, വിളക്കിനുള്ളേടം എന്നിവിടങ്ങളിലെ ചെലവിലേക്കായി പന്ത്രണ്ടര പൂയിനടി നൽകിയിരിക്കുന്നു. ഇത് മരുതൊടിയോടൊക്കുന്ന സങ്കേതമാണ്. ഈ ചെലവിലേക്കുള്ള പണം മുട്ടിക്കുന്നവർക്കുള്ള ശിക്ഷയും രേഖപ്പെടുത്തിയിരിക്കുന്നു.

### 3.2.4.8 പ്രത്യേകിച്ച് പേര് നൽകാത്ത ഏർപ്പാടുകൾ

തൃക്കാക്കരക്ഷേത്രത്തിൽ ഭരണവർഷം നഷ്ടമായ ഇന്ദുഗോദയുടെ ലിഖിതം കർമ്മമാണ്. കണ്ണമ്പുറയൻ കാൽക്കരനാട് വാഴുമ്പോൾ നെടിയതളിഭൂമി ക്ഷേത്രത്തിലെ തിരുവക്കിരം എന്ന ഊട്ടു ചെലവിലേക്കായി ചോഴശിഖാമണിയായ രാജകുമാരി ഏർപ്പാടാക്കി.

ഭാസകര രവിയുടെ പതിമൂന്നാം ഭരണവർഷത്തിലെ തൃക്കാക്കരക്ഷേത്ര ലിഖിതം കോതനാരായണൻ മാക്കണ്ടരപ്പള്ളി കണ്ടനാരായണന് നൽകിയ അറുപത് കഴഞ്ഞ് ചെമ്പൊന്നിന് പണയമായി നൽകിയ ഭൂമിയെ സംബന്ധിച്ചുള്ളതാണ്. ലിഖിതം അപൂർണ്ണമായതിനാൽ കൂടുതൽ കാര്യങ്ങൾ ലഭ്യമല്ല.

തൃക്കാക്കരക്ഷേത്രത്തിലെ ഭാസ്കരരവിയുടെ ഇരുപത്തിമൂന്നാം ഭരണവർഷലിഖിതത്തിൽ ഉൾപാടനും പെരുമുതിയാനും ചേർന്ന് പൊന്ന് സ്വീകരിക്കുകയും അത് പണയത്തിനായി നൽകി, പണയ നെല്ല് വൃശ്ചികമാസം അവിട്ടം നാളിനുള്ളിൽ ദേവരുടെ മടപ്പള്ളിയിലെ നാഴിയാൽ അളക്കണമെന്ന് നിഷ്കർഷിക്കുന്നു.

ഭാസ്ക്കരരവിയുടെ അമ്പത്തിയെട്ടാം ഭരണവർഷത്തിലെ തൃക്കാക്കരക്ഷേത്ര ലിഖിതം കീൽവേലി കേരളൻ പോഴൻ കറ്റുളത്തെ ഒരു വ്യക്തിക്ക് നൽകിയ ഭൂമിയിൽ നിന്നും ലഭിക്കുന്ന ആദായം കൊണ്ട് നടത്തേണ്ടുന്ന ചെല്ലും ചെലവും ആണ്. ഈ ഭൂമിയിൽ കൃഷി നടത്തിക്കുന്ന കാരാളൻ ഒരു വെള്ളി നന്താവിളക്ക് നടത്തിക്കണം. ഒപ്പം നടത്തേണ്ടുന്ന ചെലവുകളും പറയുന്നു.

ഇരായിര തിരുവടിയുടെ നെടുമ്പുറം ലിഖിതത്തിൽ അദ്ദേഹത്തിന്റെ പത്താം ഭരണവർഷത്തിൽ നടത്തിയ ഏർപ്പാടാണ്. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

താഴേക്കാട്ടു പള്ളിയിലെ രാജസിംഹന്റെ ലിഖിതം വണികരും ഊരാരും പീടിക കെട്ടുന്നതിനായി വിരോധമില്ലാതെ ചെയ്ത ഏർപ്പാടാണ്. ഇതു പ്രകാരം മണിഗ്രാമക്കച്ചവടക്കാരായ ചാത്തൻ വടുകനും ഇരവി ചാത്തനും നികുതി ഒഴിവാക്കി രണ്ടുമുറി പീടിക പണിയുന്നതിനുള്ള അവകാശം നൽകിയിരിക്കുന്നു.

തൃക്കാക്കരക്ഷേത്രത്തിലെ ചാത്തൻ ശിവൻ ലിഖിതം അദ്ദേഹത്തിന്റെ പിറന്നാളിന് ക്ഷേത്രത്തിലേക്ക് നൽകിയ വഴിപാടിനെ സംബന്ധിക്കുന്നതാണ്. ബാക്കി വിവരങ്ങളുള്ള ഭാഗത്തെ അക്ഷരങ്ങൾ നഷ്ടമായി.

തൃക്കാക്കരക്ഷേത്രത്തിലെ പോഴൻ രവി ശിലാരേഖ കോത പുറയൻ നൽകിയ പെന്നിൽ നിന്നും ക്ഷേത്രത്തിലെ വിഗ്രഹങ്ങളിലേക്ക് ഉണ്ടാക്കി ചാർത്തിച്ച ആഭരണങ്ങളെയും ഉടയാടയെയും സംബന്ധിക്കുന്നതാണ്.

തൃക്കാക്കര യക്ഷൻ കുന്നപ്പോഴൻ ഒന്നാം ലിഖിതം നാരായണൻ എന്ന വ്യക്തി വൃശ്ചികമാസത്തിലെ വെൺപൂയത്തിന് ഏർപ്പാടാക്കിയ വൃശ്ചികവിളക്കിനെ സംബന്ധിക്കുന്നതാണ്. അദ്ദേഹത്തിന്റെ രണ്ടാം ലിഖിതം ക്ഷേത്രത്തിലെത്തുന്ന പണം, സ്വർണ്ണം എന്നിവ എമ്പെരുമക്കൾ കടം നൽകുന്നതു വിലക്കുന്നതാണ്.

തിരുക്കുലശേഖരപുരത്തെ രണ്ടാം ലിഖിതം അവിടത്തെ തളിയും തളിയധികാരികളും ചേർന്ന് ഭണ്ഡാരം കാവൽ നടത്തിയിരുന്ന വെൺപലനാടു പ്രവർത്തിക്കാരൻ നക്കനഴിയകത്ത് ഗോവിന്ദൻ ദാമോദരന് അഞ്ച് കഴഞ്ച് പൊന്ന് തളിമുറയിൽ നൽകിയതാണ്. ഇതോടൊപ്പം ഏതെങ്കിലും ഒരുമാസം ഭട്ടാരകർക്കു വേണ്ടി കൂത്തു നടത്താനും ഏർപ്പാടാക്കിയിരിക്കുന്നു.

തിരുവഞ്ചിക്കുളം ക്ഷേത്രത്തിലെ ഇരായിങ്ങപ്പെരുന്തച്ചൻ ലിഖിതം അദ്ദേഹത്തേയും മറ്റൊരു പെരുന്തച്ചനേയും അകത്തിരുത്തി കോവിലധികാരികൾ

മുപ്പത്തഞ്ചു നാഴി ഇറ ഏർപ്പാടാക്കി പുരയിടം അനുവദിച്ചതാണ്. ഈ ഇറ ക്ഷേത്രാധികാരികൾ രാജാവിന് നൽകണം.

തൃക്കാക്കര മാളുപക്കോനാർ വട്ടെഴുത്തു ലിഖിതം അദ്ദേഹവും അറുനൂറ്റുവരും ചേർന്ന് ദാമോദര എഴുവരടിയാളുടെ അഴുവൻ കുന്റം എന്ന വഴിപാടിന് ക്ഷേത്രത്തിലേക്കേർപ്പാടാക്കിയ അക്കിരത്തിനുള്ള രണ്ടു നാഴി അരി ഏർപ്പാടാക്കിയതിനെക്കുറിച്ചാണ്.

പറപ്പൂർ പെരുംചാല കോതകണ്ണൻ ലിഖിതം ക്ഷേത്രത്തിലെ ചെലവിലേക്കായി കോതകണ്ണൻ ഏർപ്പാടാക്കിയ ഭൂമിയെക്കുറിച്ചാണ്. മറ്റു ചെലവുകൾ ഈ ചെലവിനോടൊപ്പം ക്ഷേത്രത്തിലെത്തണം.

#### 3.2.4.9 നിർമ്മിതി രേഖകൾ

ഇവ പ്രമാണിത്തമുള്ള വ്യക്തികളോ രാജാക്കന്മാരോ ക്ഷേത്രങ്ങളിൽ നടത്തിയ പ്രവൃത്തികൾക്ക് ധനം നൽകിയതുമായി ബന്ധപ്പെട്ടവയാണ്. ഇത്തരത്തിൽ ഉള്ള വ്യക്തികളുടെ പേരും ചിലയിടത്ത് അവർ ചെലവാക്കിയ പണവും രേഖപ്പെടുത്തുന്ന പതിവുണ്ട്. വട്ടെഴുത്തിലും മലയാളത്തിലുമാണ് ഇത്തരം രേഖകൾ കാണപ്പെടുന്നത്. ചൊവ്വല്ലൂർ ഇരായരൻ കേരളൻ തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലെ മുല്ലപ്പള്ളി കണ്ണൻ ചുവരൻ, ശേഖരനാട്ടു കണ്ഠൻ രവി (കണ്ടൻ ഇരവി), എന്നിവരുടെ പേരിലുള്ള വട്ടെഴുത്ത് ലിഖിതങ്ങൾ നിർമ്മിതി രേഖകളാണ്.

കോലെഴുത്ത് മലയാളം ലിഖിതങ്ങളിലെ മരണരേഖകളും നിർമ്മിതി - ദാന രേഖകളും ആകാരച്ചെറുപ്പം കൊണ്ട് അവയുടെ ആധുനിക പാഠങ്ങളിൽ നിന്നു തന്നെ ഉള്ളടക്കം മനസ്സിലാക്കാൻ കഴിഞ്ഞവയാണ്.

### 3.2.5 ലിഖിതങ്ങളും പിഴകളും

ഓരോ ലിഖിതത്തിലും രേഖപ്പെടുത്തിയ നയങ്ങളും നിയമങ്ങളും വഴിപാടുകളും മുടങ്ങാതിരിക്കാൻ ശക്തമായ പിഴരീതിയാണ് ഉണ്ടായിരുന്നത്. കച്ചം പിഴയ്ക്കുന്നവർക്ക് മൂഴിക്കളം കച്ചം, കടങ്കാട്ടു കച്ചം, കോട്ടുവായിരവേലിക്കച്ചം

എന്നീ കച്ചങ്ങളനുസരിച്ച് ശിക്ഷകൾ വിധിക്കുമെന്ന് കൊച്ചിരാജ്യത്തെ വട്ടെഴുത്തു ലിഖിതങ്ങൾ പ്രാധാന്യേന വ്യവഹരിക്കുന്നു. ഈ കച്ചങ്ങൾ എന്തെന്ന് പൂർണ്ണമായും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും കാരാണ്മ ഒഴിവാക്കുക, അധികാരസ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്തുക, ഊരിൽ നിന്നും പുറത്താക്കുക എന്നിവയെല്ലാം ഇതിന്റെ ഭാഗമായിരുന്നെന്ന് ഈ പ്രബന്ധത്തിലെ വട്ടെഴുത്ത് ലിഖിതങ്ങളിൽ നിന്നും തെളിയുന്നുണ്ട്. അയിരാണിക്കളത്തെ ഗോദരവി ലിഖിതത്തിൽ മൂഴിക്കളം ചപത്തെ എന്നാണ് മൂഴിക്കളം കച്ചത്തെ വ്യവഹരിക്കുന്നത്. തൃക്കാക്കര ഇന്ദുഗോദ രണ്ടാം വട്ടെഴുത്ത് ലിഖിതം, തൃക്കാക്കര കണ്ണമ്പുറയൻ ലിഖിതം, തൃപ്രയാർ ശ്രീരാമക്ഷേത്ര മുരുകനാട്ടു ചങ്കരൻ കുന്റപ്പോഴൻ ലിഖിതം എന്നിവ മൂഴിക്കളം കച്ചത്തെ പരാമർശിക്കുന്നവയാണ്. കടങ്കാട്ടുകച്ചം അവിട്ടത്തൂർ ഗോദരവി ലിഖിതത്തിലും, കോട്ടുവായിരവേലിക്കച്ചം തൃശ്ശൂർ വടക്കുംനാഥക്ഷേത്രത്തിലെ ഒന്നും രണ്ടും വട്ടെഴുത്ത് ലിഖിതങ്ങളിലുമാണ് ഉള്ളത്.

പുക്കു വിലക്കലും പൊരുൾ കവരലും പ്രാധാന്യത്തോടെ വിലക്കപ്പെട്ടു. പുക്കു വിലക്കൽ പ്രവേശനം തടയലാണ്. പൊരുൾ കവരൽ മുതൽ മോഷ്ടിക്കലാണ്. ക്ഷേത്രത്തിലേക്കോ ഭൂമിയിലേക്കോ ഉള്ള പ്രവേശനം തടയുന്നതും അവിടെ നിന്നുള്ള വസ്തുക്കൾ അനുവാദമില്ലാതെ തടയുകയോ ചെയ്യുന്നത് പിഴയ്ക്ക് കാരണമാണ്. ഇത്തരം ദണ്ഡങ്ങൾ പ്രത്യക്ഷമാണെങ്കിൽ മാനസികമായ ശിക്ഷകളും ഉണ്ട്. അവയിൽ പ്രധാനം സ്വന്തം അച്ഛനെ കൊന്ന് അമ്മയെ ഭാര്യയാക്കിവെച്ചവരായി പരിഗണിക്കും എന്നുള്ളതാണ്. ഈ വിധി അഗമ്യഗമനവുമായും ഗ്രീസിലെ പാപബോധവുമായും ഉള്ള ബന്ധത്തെ കാണിക്കുന്നുണ്ട്. ഈഡിപ്പസ് കോംപ്ലക്സുമായി ഈ ശാപത്തിന് പ്രയോഗബന്ധമുണ്ട്. എന്നാൽ മറിച്ച് മറ്റൊരു ശാപവും പ്രത്യേകമാണ്. ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്ര സ്ഥാണുരവി ലിഖിതത്തിൽ കച്ചം പിഴയ്ക്കുന്നവർ സ്വന്തം അമ്മയെ കൊന്ന പാതകരായി തീരും എന്നതാണ്. താഴേക്കാട്ടുപള്ളിയിലെ രാജസിംഹന്റെ ശാസനത്തിൽ ഏർപ്പാടിന് വിരുദ്ധമായി

പ്രവർത്തിക്കുന്നവർ അമ്മയെ ഭാര്യയാക്കിയവരായി പരിഗണിക്കപ്പെടും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അയിരാണിക്കളം രണ്ടാം വട്ടെഴുത്ത് ലിഖിതത്തിൽ മാതാ പിതാ ഗുരു ദൈവം, എന്ന പ്രയോഗമനുസരിച്ചായിരിക്കാം ക്ഷേത്ര ഭൂമിയിൽ കടന്ന് വിഷമം വരുത്തുന്നവർ ഗുരുവിനെയും അച്ഛനെയും കൊന്ന് അമ്മയെ ഭാര്യയാക്കി വെച്ചവരായി പരിഗണിക്കപ്പെടും എന്നാണ് വിധിക്കുന്നത്. തെറ്റ് ചെയ്യുന്നവർക്ക് മാത്രമല്ല അതിന് സഹായം അഥവാ അനുബന്ധം ചെയ്യുന്നവർക്കും ഇതേ ശിക്ഷതന്നെയാണ് ലഭിക്കുക. അവിട്ടത്തൂർ ഗോദരവി ലിഖിതത്തിൽ കച്ചം പിഴയ്ക്കുന്ന ശാന്തിയോടുകൂടെ മറ്റാരും കർമ്മം ചെയ്യാൻ പാടില്ലെന്നതാണ്. തൃക്കാക്കര യക്കൻ കുന്റപ്പോഴൻ ലിഖിതത്തിൽ ക്ഷേത്രത്തിലെ ധനം മുടക്കുകയോ മോഷ്ടിക്കുകയോ ചെയ്യുന്നവർ തിരുനാരായണം പിഴച്ചവരായി പരിഗണിക്കപ്പെടും എന്നാണ്.

വഴിപാടുകളോ ഏർപ്പാടുകളോ മുടക്കുന്നതിന് മുട്ടിക്കുക എന്ന വാക്കാണ് ഉപയോഗിക്കുന്നത്. മുട്ടിക്കുന്നവർക്ക് മുട്ടിരട്ടിയാണ് പിഴ. നെല്ലായാലും പൊന്നായാലും നൽകാനുള്ളതിന്റ ഇരട്ടി നൽകണം.

### 3.2.6 ഭൂവിനിമയങ്ങൾ

ഒറ്റി, അട്ടിപ്പേറ്, കീഴീട്, ഇടയീട്, കാരാണ്മ, പനയോലപ്പാട്ടം, നേർപലിശപാട്ടം എന്നീ ഭൂവിനിമയങ്ങളെക്കുറിച്ച് കൊച്ചി രാജ്യത്തെ ലിഖിതങ്ങളിൽ നിന്നും അറിവുകൾ ലഭിക്കുന്നുണ്ട്. ഒറ്റി, പനയോലപ്പാട്ടം, നേർപലിശപ്പാട്ടം എന്നിവ പണം നൽകി ഭൂമി പാട്ടത്തിനെടുക്കുന്നതുമായി ബന്ധപ്പെട്ടാണ്. വട്ടെഴുത്ത് ലിഖിതങ്ങളിൽ ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രത്തിലെ സ്ഥാണുരവി ലിഖിതത്തിൽ ഏർപ്പാടാക്കിയ ഭൂമിയിൽ ഒറ്റി വെക്കുന്നതിനെ വിലക്കിയിരിക്കുന്നു. തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ കൊല്ലവർഷം 911 ലെ കോലെഴുത്ത് ലിഖിതം ഒറ്റി ഓലക്കരണമാണ്. 1591 വീരരായൻ കോഴിക്കോടൻ പുതുപ്പണത്തിന് ഭൂമി ഒറ്റി കീഴീടായി നൽകി.

അയിരാണിക്കളം ഗോദരവി ലിഖിതത്തിൽ ഇരവിപിരാട്ടി അവരുടെ ഭൂമി ക്ഷേത്രത്തിലേക്ക് അട്ടിപ്പേറായി നൽകിയിരിക്കുന്നു. തൃക്കാക്കര ഇന്ദുഗോദയുടെ രണ്ടാം ലിഖിതത്തിൽ രാജാവിന് പണം നൽകി തൃക്കാക്കര നാടുവാഴി ഭൂമി ക്ഷേത്രത്തിന് അട്ടിപ്പേറായി നൽകിയിരിക്കുന്നു. കൊല്ലവർഷം 852 ലെ പാലയൂർ പള്ളിയിലെ കോലെഴുത്ത് ലിഖിതം അട്ടിപ്പേറോലക്കരണമാണ്. ഭൂമിയുടെ മുഴുവൻ അവകാശങ്ങളും നിലവിലുള്ള വില നൽകി അച്ചാഴത്ത് കാമൻകാമരും തമ്പിമാരും പള്ളിയിലെ വികാരിക്കും പ്രവർത്തിക്കാർക്കും അട്ടിപ്പേറായി നൽകി. പാലയൂർപള്ളിയിലെ കൊല്ലവർഷം 918 ലെ കോലെഴുത്ത് ലിഖിതവും അട്ടിപ്പേറോലക്കരണമാണ്. അച്ചാഴിത്ത് കാമൻ പങ്ങനും തമ്പിമാരിൽ നിന്നും ഭൂമിയുടെ മുഴുവൻ അവകാശങ്ങളും ഉൾപ്പെടെ പള്ളിയിലെ വികാരിയും പ്രവർത്തിക്കാരന്മാരും അട്ടിപ്പേറായി എഴുതി വാങ്ങി.

അവിട്ടത്തൂർ ഗോദരവി ലിഖിതത്തിൽ രാജ്ഞിയായ ചേരമാൻ മാതേവിയരുടെ ഭൂമി ക്ഷേത്രത്തിലേക്ക് കീഴീട് നൽകിയിരിക്കുന്നു. കീഴീട് ഭൂമിക്കുമേലുള്ള മേൽനോട്ടാവകാശമാണ്. നെടുമ്പുറം തളിയിലെ ഭാസക്കരരവി ലിഖിതത്തിൽ രാജ്ഞി ത്രിഭുവന മഹാദേവിയായ ശ്രീധരനങ്ങച്ചിയുടെ ഉടമസ്ഥതയിലുള്ള ഭൂമികൾ ക്ഷേത്രത്തിലേക്ക് കീഴീടായി നൽകിയിരിക്കുന്നു.

പാലയൂർപള്ളിയിലെ കൊല്ലവർഷം 781 ലെ കോലെഴുത്ത് ലിഖിതം വെറും പാട്ടം നേർപലിശ ഓലക്കരണമാണ്. ഇതുപ്രകാരം ഇരിങ്ങപ്പുറം ദേശത്തെ പറമ്പും 40 നാഴി വിത്തിന് കണ്ടവും 1055 പുതുപ്പണത്തിന് പള്ളിയിലേക്ക് പണയത്തിനായി നൽകിയിരിക്കുന്നു. കൊല്ലവർഷം 856 ലെ പാലയൂർ പള്ളിയിലെ കോലെഴുത്ത് ലിഖിതം പനെപ്പാട്ടോലക്കരണമാണ്. 111 പുതുപ്പണത്തിന് കാളിയൻ വീട്ടിൽ പറമ്പ് പള്ളിവികാരിയും പ്രവർത്തിക്കാരും ആച്ചവീട്ടിൽ ചൂരി ഇട്ടിപങ്ങിയിൽ നിന്ന് എഴുതിവാങ്ങി.

### 3.2.7 സാക്ഷികൾ

ഓരോ ലിഖിതത്തിന്റെയും ആധികാരികതയ്ക്കായുള്ള കൂട്ടിച്ചേർക്കലായി സാക്ഷികളെ വിലയിരുത്താം. സാധുക്കൾ, നാടുവാഴികൾ, പ്രഭുക്കന്മാർ, ഇതര ജാതി സമൂഹങ്ങളിലെ പ്രമുഖർ, എന്നിവരെല്ലാമാണ് സാക്ഷിപ്പട്ടികയിലുള്ളത്. ലിഖിത ഘടനയിൽ സാക്ഷികൾ ഒരനിവാര്യ ഘടകമാണ് സാക്ഷികളില്ലാത്ത ലിഖിതങ്ങളും ഉണ്ട്. വിഷയത്തിന്റെ പ്രാധാന്യമാണ് സാക്ഷികളെ നിർണ്ണയിക്കുന്നത്. തൃക്കാക്കര ലിഖിതങ്ങളിലെ സാക്ഷികളെ സാധുക്കൾ എന്നാണ് ആമുഖമായി വിളിക്കുന്നത്. തൃക്കാക്കരയിലെ വൈഷ്ണവ സന്യാസിമാരുടെ ഇടപെടലിലേക്കാണ് ഇത് തെളിവ് നൽകുന്നത്. ജൂതശാസനത്തിലെ സാക്ഷിപ്പട്ടിക സവിശേഷമാണ്. നാടുടയവരും കീഴ്പ്പടനായകനുമാണ് ഇവിടത്തെ സാക്ഷികൾ. മറ്റിടങ്ങളിൽ സ്വതന്ത്രാധികാരമുള്ള നാടുടയവർ സാക്ഷിപ്പട്ടികയിലെത്തുന്നത് ലിഖിതത്തിന്റെ പ്രാധാന്യത്തെയും രാജാവിന്റെ ശക്തമായ അധികാരത്തേയുമാണ് തെളിയിക്കുന്നത്. ഇതിൽ നിന്നും ഭിന്നമായി വീരരാഘവപ്പട്ടയത്തിലെ സാക്ഷിപ്പട്ടിക ദ്വന്ദങ്ങളാണ്. പന്നിയൂർ ഗ്രാമവും ചോകിരം ഗ്രാമവും വേണാടും ഓടനാടും ഏറനാടും വള്ളുവനാടും അറിയെക്കൊടുത്തു എന്നാണ് ലിഖിതത്തിലുള്ളത്. വ്യക്തികൾക്ക് പകരം ഗ്രാമങ്ങളും നാട്ടുരാജ്യങ്ങളും സാക്ഷികളായിത്തീരുന്നു. നഷ്ടപ്പെട്ട പ്രതാപം നിലനിർത്താനുള്ള അധികാരിയുടെ ഇടപെടലായി ഇതിനെ വിലയിരുത്താം. പുതുവെപ്പ് 322 ലെ പാലിയെ ചെപ്പേടിൽ അവണാനമ്പൂതിരിയും, കാഞ്ഞിരപ്പുഴയ്ക്ക് തെക്കും വടക്കും ഉള്ള പ്രഭുക്കന്മാരുമാണ് സാക്ഷികൾ. പാലയൂർപള്ളിയിലെ കോലെഴുത്ത് ലിഖിതങ്ങളിൽ കോതനല്ലൂർ നമ്പൂതിരി, കോങ്ങാട്ട് കണ്ടുമേനോൻ, പാലാട്ട് ദേവൻ മേനോൻ, ആച്ചവീട്ടിൽ ഇട്ടിനായർ പടിപ്പുരയ്ക്കൽ ഇട്ടി, കാവക്കര ബുദ്ധക്കുറുപ്പ്, തലപ്പള്ളി ഭൂതനായർ, തലപ്പള്ളി പരുവരെ കാവക്കുറുപ്പ്, ചവലുക്കാട്ടിൽ പട്ടർ, മമ്പിൽ മൂത്തവർ, കൂത്താംപള്ളി കമ്മൾ എന്നിവരാണ്. തൃശ്ശൂർ ബ്രഹ്മസ്വം മഠം ചെമ്പോലയിലെ സാക്ഷികൾ അകത്തെ കാര്യപുരുഷന്മാരായ വേദാദ്ധ്യാപകരാണ്.

### 3.2.8 കച്ചവട സംഘങ്ങൾ

പ്രധാനപ്പെട്ട അവകാശ ദാന രേഖകളായ ജൂതശാസനം, താഴേക്കാട്പള്ളി ലിഖിതം, വീരരാഘവപ്പട്ടയം എന്നിവ കച്ചവട സംഘങ്ങളുമായി നേരിട്ട് ബന്ധം പുലർത്തുന്നവയാണ്. അഞ്ചുവണ്ണം, മണിഗ്രാമം, വളഞ്ചിയം, കടത്തുവളഞ്ചിയം എന്നീ കചവട സംഘങ്ങളെക്കുറിച്ചും വണികരെക്കുറിച്ചുമാണ് ഈ ലിഖിതങ്ങളിൽ നിന്നും അറിവ് ലഭിക്കുന്നത്. ജൂതശാസനത്തിൽ ജൂതപ്രമാണിയായ ഈസ്സൂപ്പു ഇറപ്പാന് അഞ്ചുവണ്ണപ്പേറ് എന്ന പ്രധാന അവകാശം അനുവദിച്ച് നൽകിയിരിക്കുന്നു. ഇത്തരം അവകാശത്തോടൊപ്പം വലിയ തരത്തിലുള്ള നികുതി ഇളവുകളും ഇവർക്ക് ലഭിക്കുന്നു. ഉൽക്ക്, തുലാസ്സിൽ തൂക്കുന്നതിനുള്ള നികുതിയായ തുലാക്കൂലി, നഗരത്തിലെ കുടികൾ രാജാവിന് നൽകുന്ന നികുതിയായ ഇറ എന്നിവ ഇദ്ദേഹത്തിന് ഒഴിവാക്കിയിരിക്കുന്നു.

താഴേക്കാട് പള്ളിയിലെ ലിഖിതത്തിൽ വണികർക്ക് പീടികകെട്ടാൻ താഴേക്കാട് ക്ഷേത്രത്തിനും പള്ളിക്കും ഇടയിലുള്ള ഭൂമി അനുവദിച്ചിരിക്കുന്നു. വണികരെ തടയുവാൻ ഊരാളന്മാർക്ക് അവകാശമില്ല. പാട്ടമാളുന്നവർക്കാണ് രാജാവിന് നൽകേണ്ടുന്ന നികുതി അനുവദിച്ചിട്ടുള്ളത്, ഉത്പന്നങ്ങളുടെ വിലനിർണ്ണയിക്കാനുള്ള അവകാശവും പാട്ടമാളുന്നവർക്കാണ്. അവർ നാലുപേരാണെന്ന് സൂചിപ്പിക്കുന്നു. മണിഗ്രാമത്തുകാരായ ചാത്തൻ വടുകൻ ഇരവി ചാത്തൻ എന്നിവർക്ക് നികുതി ഒഴിവാക്കി രണ്ടുമുറി പീടികകൾ വീതം അനുവദിച്ചിരിക്കുന്നു.

വീരരാഘവപ്പട്ടയത്തിൽ മാകോതയർ പട്ടണത്തിലെ ചേരമാൻലോകപ്പെരുംചെട്ടിയായ ഇരവി കോർത്തനന് മണിഗ്രാമപ്പട്ടം നൽകി. ഒപ്പം വളഞ്ചിയം, കടത്തുവളഞ്ചിയം, തനിച്ചെട്ട് മറ്റ് പ്രഭുക്കന്മാർക്കനുവദിക്കുന്ന വിടുപേറുകളും അനുവദിച്ചിരിക്കുന്നു. കച്ചവടക്കാരേയും നഗര-ഗ്രാമ നിർമ്മിതിയിൽ അനിവാര്യമായ ഐങ്കമ്മാളരേയും അടിമകളായി നൽകിയിരിക്കുന്നു. കൃഷിയെ

ആധാരമായി നിന്ന സമ്പദ്ഘടന കച്ചവടത്തിലൂടെ അഭിവൃദ്ധിപ്പെടുത്താനുള്ള അധികാരികളുടെ പരിശ്രമമാണ് ഇത്തരം ശ്രമങ്ങൾ.

### 3.2.9 നയരൂപീകരണ രേഖകൾ

കേരളചരിത്രത്തിലെ സവിശേഷവിനിമയങ്ങളായി വിലയിരുത്തപ്പെടേണ്ടവയാണ് നയരൂപീകരണ സ്വഭാവമുള്ള പുതുവെപ്പ് 322 ലെ പാലിയം ചെപ്പേടും ആർത്താറ്റ് പള്ളി പടിയോലയും. പാലിയത്ത് ഒരുകാലത്ത് സംരക്ഷിക്കപ്പെട്ടിരുന്ന ഈ ചെപ്പേടിലെ ഉള്ളടക്കം കൊച്ചിയുടെ നിലനിൽപ്പിനെത്തന്നെ സംബന്ധിക്കുന്നതാണ്. നിരന്തര ശൈഥില്യങ്ങളെ അതിജീവിക്കാൻ പുതിയൊരു ഭരണഘടന തയ്യാറാക്കും വിധമാണിതിന്റെ ഘടന.

പൊതുവർഷം 1663 കേരളചരിത്രത്തിൽ പ്രധാനമാകുന്നത് ഡച്ച് ശക്തിക്ക് ഇവിടെ തന്ത്രപ്രധാനമായ ഇടം ലഭിക്കുകയും പോർച്ചുഗീസ് നിഷ്പ്രഭമാകുകയും ചെയ്തതിലൂടെയാണ്. കൊച്ചി, ഇടപ്പള്ളി, കോഴിക്കോട്, വടക്കുങ്കൂർ മുതലായ അക്കാലത്തെ രാജാധികാരികളും നാടുവാഴിസ്വരൂപങ്ങളും സാമ്പത്തികവും രാഷ്ട്രീയപരവുമായ ഇടപെടലുകളുടെ അടിസ്ഥാനത്തിൽ പരസ്പരം പോരടിച്ചും സഖ്യത്തിലേർപ്പെട്ടും മുന്നോട്ടു നീങ്ങിയിരുന്നു എന്ന ചരിത്ര വസ്തുതയെ ഈ ചെപ്പേട് ശരിവെക്കുന്നു. ഒപ്പം തന്നെ കൊച്ചി രാജകുടുംബത്തിനകത്തെ ആഭ്യന്തരകലഹങ്ങളും ഇവിടെ വെളിപ്പെടുന്നു. പോർച്ചുഗീസിന്റെ സഹായത്തോടെ അധികാരത്തിലേറിയ ഇളയതാവഴിയെ പാലിയത്തച്ചൻ, സാമൂതിരി എന്നിവരുടെ പിന്തുണയോടെയും ഡച്ച് ശക്തിയുടെ ആക്രമണത്തോടെയും പുറത്താക്കിച്ച മൂത്തതാവഴിയുടെ വകയാണീ ചെപ്പേട്. അനധികൃതമായി നടന്ന ഒരു ദത്ത് ഈ ചിദ്രത്തിനു കാരണമായി. അതിനാൽ ദത്തടക്കമുള്ള സകല വ്യവഹാരങ്ങളും നിയന്ത്രിക്കുന്ന ശക്തിയായി രാജാവ് ഡച്ചിനെ അവരോധിക്കുന്നു. വ്യാപാരമാണ് മറ്റൊരു സംഗതി, മുളക് ശേഖരിക്കുന്നതിനും തൂക്കിയെടുക്കുന്നതിനുമുള്ള അവകാശം ഡച്ചീസ്റ്റിന്ത്യാക്കമ്പനിയിൽ നിക്ഷിപ്തമായി. പ്രധാനപ്പെട്ട തുരുത്തുകളുടെ അവകാശവും അപ്രകാരം തന്നെ.

തന്നെ അധികാരത്തിലേറാൻ സഹായിച്ച പാലിയത്തച്ചൻ, വടക്കുംകൂർ അധികാരി, ദ്രവ്യം തന്നു സഹായിച്ച കൊങ്ങിണി ബ്രാഹ്മണർ എന്നിവരോട് നന്ദിസൂചകമായി മൃദുനിലപാടുകൾ സ്വീകരിക്കുകയും അവരെ നിലനില്ക്കുന്നിടത്തോളം കാലം വേണ്ടരീതിയിൽ പരിഗണിക്കാൻ ശുപാർശയും ചെയ്യുന്നു. ഇനിമുതൽ ഭാവി ഭരണാധികാരികൾ കൂടി ഡച്ചീസ്റ്റിന്ത്യാക്കമ്പനിയോട് അഭിപ്രായം ചോദിച്ചേ ഭരിക്കാൻ പാടൂ എന്നും ചെപ്പേട് നിഷ്കർഷിക്കുന്നു. അതുവരെ പോർച്ചുഗീസുകാർ അടിമകാളായി ഉപയോഗിച്ചുപോന്നവർ ഇനിമുതൽ ഡച്ചിനധീനമാണ് അവരിൽനിന്നും അതിന് നികുതി ഈടാക്കിക്കൂടാ. രാജ്യത്തെ പ്രധാനക്ഷേത്രങ്ങൾ അവിടുത്തെ ബ്രാഹ്മണർ പശുക്കൾ എന്നിവയെ ഭദ്രമായി സംരക്ഷിക്കണം എന്നാഹ്വാനം ചെയ്യുന്നതിലൂടെ രാജാവിന്റെ മതബോധം അനന്തരവരിലേക്കും പകരുന്നു. രാജ്യത്തെ പ്രധാന നമ്പൂതിരിക്കുടുംബത്തിലെ അവണാ നമ്പൂതിരിയാണ് ചെപ്പേടിലെ ഒരു സാക്ഷി എന്നതും ശ്രദ്ധേയമാണ്. കമ്പനിയുമായുള്ള സൗഹൃദം വിനിയോഗിച്ച് രാജകുടുംബത്തിന്റെ പരദേവതാസ്ഥാനമായ ചിത്രകൂടം സാമൂതിരിയിൽ നിന്നും തിരിച്ച് വാങ്ങാമെന്നും ഭരണാധികാരി ആഗ്രഹിക്കുന്നു. ഇപ്രകാരം അന്നത്തെ കൊച്ചിയുടെ ഭരണ സംവിധാനത്തെ നിയന്ത്രിക്കുന്ന സുപ്രധാന നിലപാടുകൾ വിവരിക്കുന്ന ഒരു ഭരണഘടനയായി 1663-ൽ ഈ ചെപ്പേട് പുറത്തിറങ്ങി. ഇതിനുള്ള ഭേദഗതികളും കൂട്ടിച്ചേർക്കലുകളുമാണ് പിന്നീടുണ്ടായ ഡച്ച്-കൊച്ചി കരാറുകൾ.

പൊതുവർഷം 1599 ജൂൺമാസം 20 മുതൽ 26 വരെ അലക്സിസ് ഡി മെനസിസ് ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ ഉദയംപേരൂർപള്ളിയിൽ ചേർന്ന ക്രൈസ്തവപുരോഹിതരുടെയും സംബന്ധികളുടെയും സമ്മേളനമാണ് ഉദയംപേരൂർസൂനഹദോസ്സ്. ഈ സമ്മേളനം നാട്ടുകാരായ ക്രിസ്ത്യാനികളെ റോമാക്രിസ്ത്യാനികളാക്കാനുള്ള ശ്രമമായിരുന്നു. മാർതോമാവിശ്വാസികളായ ആർത്താറ്റ് സെന്റ്മേരീസ്പള്ളി ഇടവകക്കാർ ഇത്തരം ഇടപെടലുകളെ എതിർത്തിരുന്നു. ഒരേവിശ്വാസികൾത്തന്നെ രണ്ടുവിഭാഗമായി സംഘർഷാവസ്ഥയും സ്വത്തുതർക്കവും ഉണ്ടായപ്പോൾ കൊച്ചിരാജാവായിരുന്ന ശക്തൻതമ്പുരാൻ

ഇടപെടുകയും ആർത്താറ്റ് സെന്റ്മേരീസ്പള്ളിയുടെ ഉടമസ്ഥാവകാശം നറുക്കിട്ടെടുത്ത് തീരുമാനിക്കുകയും ചെയ്തു. മാർതോമാക്രിസ്ത്യാനികൾക്കാണ് ഇപ്രകാരം നറുക്കെടുപ്പിലൂടെ പള്ളിയുടെ ഉടമസ്ഥാവകാശം ലഭിച്ചത്. ഇനിയും ഇത്തരം സംഘർഷങ്ങൾ ഇല്ലാതിരിക്കാൻ വൈദേശികരുടെ സഹായമാവശ്യമില്ലെന്നും വൈദേശികരായ മതമേലദ്ധ്യക്ഷന്മാരെ സ്വീകരിക്കുകയില്ലെന്നുമുള്ള നയം വിളംബരപ്പെടുത്തുകയാണ് പൊതുവർഷം 1807 ൽ തയ്യാറാക്കിയ ആർത്താറ്റ് പടിയോലയിൽ ചെയ്തിട്ടുള്ളത്.

### 3.2.10 നികുതികൾ

വട്ടെഴുത്തുലിഖിതങ്ങളിൽ മഹോദയപുരപെരുമാക്കന്മാരുടെ കാലത്ത് നിലവിലുണ്ടായിരുന്ന വിവിധയിനം നികുതികളെ പരാമർശിക്കുന്നുണ്ട്. ഇറ, ഉൽക്ക്, തുലാക്കൂലി, അടൈയഴവ്, പതവാരം എന്നിങ്ങനെയാണവ. രാജഭോഗത്തിനാണ് ഇറയെന്നു പറയുന്നത്. നഗരത്തിലെ കുടികളിൽനിന്നും കച്ചവടമേഖലകളിൽനിന്നും ഇത് പിരിച്ചെടുത്തിരിക്കുന്നു. ഉൽക്കിനെ ഇടനിലക്കാർക്കുള്ള, അഥവാ അധികാരിക്കുള്ള നികുതിയായാണ് പരിഗണിക്കേണ്ടത്. ഈ നികുതിയെക്കുറിച്ചും തുലാക്കൂലിയെന്ന നികുതിയെക്കുറിച്ചും ഒരുമിച്ചുള്ള പരാമർശങ്ങളാണുള്ളത്. തുലാക്കൂലി തൂക്കുന്നതിനുള്ള അഥവാ തുലാസ്സുപയോഗിച്ചുള്ള ക്രയവിക്രയങ്ങൾക്കീടാക്കുന്ന നികുതിയാണ്. അതിനാൽ ഈ ക്രയവിക്രയം നടത്തുന്നഭൂമിക്കുള്ള നികുതിയാണ് തുലാക്കൂലി. അടൈയഴവ് നികുതിമേലുള്ളതും പലിശമേലുള്ളതുമായ ഇളവാണ്. പതവാരം രാജാവിനും അധികാരിക്കും ഉടമസ്ഥനും ലഭിക്കുന്ന നികുതിയിനമാണ്. പത്തിൽ ഒരുശതമാനമാണ് പതവാരം.

## നിഗമനങ്ങൾ

കൊച്ചിരാജ്യത്തുനിന്നും ലഭിച്ച ലിഖിതങ്ങളിലെ ചരിത്രപരതയാണ് ഈ അദ്ധ്യായത്തിന്റെ വിഷയം. ലഭിച്ച ഉപാദാനങ്ങളെ അവയിൽ പൊതുവായിക്കാണുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്. വട്ടെഴുത്ത്, കോലെഴുത്ത്, മലയാളം എന്നിങ്ങനെ പ്രാഥമികമായി ലിപിയെ

ആധാരമാക്കിയ തരംതിരിവ് നടത്തിയിരിക്കുന്നു. വട്ടെഴുത്ത് ലിഖിതങ്ങളെ പെരുമാക്കന്മാരുടെ ഭരണകാലത്തെ ലിഖിതങ്ങൾ, നാടുവഴികളുടെ വാഴ്ച്ചക്കാലത്തെ ലിഖിതങ്ങൾ, സ്ഥാപനങ്ങൾ നടത്തിയ ഏർപ്പാടുകൾ, വ്യക്തികളുടെ ഏർപ്പാടുകൾ, അപൂർണ്ണലിഖിതങ്ങൾ എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു. കോലെഴുത്ത് ലിഖിതങ്ങളെ മരണശിലാരേഖകൾ, നിർമ്മാണ-ദാന രേഖകൾ, ഭൂവിനിമയരേഖകൾ, അധികാര-നയവത്കരണരേഖകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മലയാളം ലിഖിതങ്ങളെ നിർമ്മാണപുനരുദ്ധാരണലിഖിതങ്ങൾ ദേവതാസ്തുതികൾ എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു. ഈ ലിഖിതങ്ങളെല്ലാം ചരിത്രപരമായി പ്രസക്തങ്ങളാണ്. മഹദയപുര പെരുമാക്കന്മാരായ സ്ഥാണു രവി, ഗോദ രവി, കേരളകേസരി, ഇന്ദു ഗോദ, ഭാസ്ക്കര രവി, രാജസിംഹൻ, ആദിത്യൻ ഇരുഴി ഇരാമർ എന്നിവരുടെ ലിഖിതങ്ങളും തൃക്കാക്കര, നെടുമ്പുറയൂർ, പറപ്പൂർ എന്നിവിടങ്ങളിലെ നാടുടയവരുടെ കാലത്തെ ലിഖിതങ്ങളും ലഭ്യമായിട്ടുണ്ട്. ക്ഷേത്രസമിതികളായ തളി, പരിഷ, പതിനെട്ടുനാട്ടാർ, ഇരുപത്തൊരുവർ എന്നിങ്ങനെയുള്ള അധികാരവിഭാഗങ്ങൾ നടത്തിയ ഏർപ്പാടുകളും പ്രാമാണിമാർ ക്ഷേത്രങ്ങളിലേക്ക് നടത്തിയ ദാനങ്ങളുമാണ് വട്ടെഴുത്ത് ലിഖിതങ്ങളിൽ പരാമർശിക്കുന്നത്. ഗോദരവിയുടെ ഭാര്യയും, അവരെ ചേരമാൻ മഹാദേവിയെന്നാണ് അഭിസംബോധന ചെയ്തിട്ടുള്ളത്, ഭാസ്ക്കര രവിയുടെ ഭാര്യയായ ശ്രീധരനങ്ങച്ചിയും, അവരെ ത്രിഭുവനമഹാദേവിയെന്ന് അഭിസംബോധന ചെയ്തിരിക്കുന്നു, ക്ഷേത്രങ്ങളിലേക്ക് നൽകിയ ഭൂമികളെക്കുറിച്ചും ഗോദരവിയുടെ കാലത്തെ രാജകുമാരിയായിരുന്ന ഇരവിപിരാട്ടി നടത്തിയ ഏർപ്പാടും ലിഖിതങ്ങളിലുണ്ട്. ഇക്കാലത്തെ ലിഖിതങ്ങളിൽ പുലയരെക്കുറിച്ചുള്ള പരാമർശങ്ങളും സവിശേഷമാണ്. ഭൂവുടമകളായിട്ടാണ് ഇത്തരം സന്ദർഭങ്ങളിൽ പുലയാധികാരികൾ ലിഖിതങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. നെടുമ്പുറംതളിയിൽ നിന്നും സൈന്യാധിപനായ നാട്ടുപടനായരുടെ നേതൃത്വത്തിൽ ക്ഷേത്രകാര്യങ്ങളുടെ കുറവറ പറഞ്ഞ്തീർത്ത് രേഖയാക്കിയ വട്ടെഴുത്ത് ലിഖിതവും ലഭിച്ചിട്ടുണ്ട്. മാവാരതം മുതുകൂത്തിനെക്കുറിച്ച് ഊരകം വട്ടെഴുത്ത് ലിഖിതത്തിലും, കൂത്തിനെക്കുറിച്ച് തിരുക്കുലശേഖരപുരം വട്ടെഴുത്ത്

ലിഖിതത്തിലും പരാമർശമുണ്ട്. നെടുമ്പുറംതളിയിലെ വട്ടെഴുത്ത് ലിഖിതത്തിൽ നർത്തകികളായ കരതരവികടനങ്കമാരെക്കുറിച്ചും, നൃത്താദ്ധ്യാപകനായ നട്ടുവനെക്കുറിച്ചും പരാമർശമുണ്ട്. കൃഷിയായിരുന്നു സമ്പദ്ഘടനയുടെ ആധാരം അതിനാൽത്തന്നെ വട്ടെഴുത്ത് ലിഖിതങ്ങളിൽ ഏറിയകൂറും കാർഷികോത്പന്നമായ നെല്ല്, അരി എന്നിവയെ പരാമർശിക്കുന്നു. കച്ചവടക്കാർക്കും ബ്രാഹ്മണർക്കും സന്യാസിമാർക്കും വട്ടെഴുത്ത് ലിഖിതങ്ങളിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. പൊതുവാൾ, ഊരാളർ, കാരാളർ എന്നിവർ ഭൂ-ക്ഷേത്രവിനിമയങ്ങളിൽ അധികാരസ്ഥാനങ്ങളിലും ചുമതലസ്ഥാനങ്ങളിലും കടന്നുവരുന്നു.

കോലെഴുത്തുലിഖിതങ്ങളിലെ മരണശിലാരേഖകൾ ഹ്രസ്വങ്ങളാണ്. അവയിൽ പൊതുവർഷം 1604 ൽ മരണപ്പെട്ട ഫ്രാൻസിസ്കോ റോസും, 1701 ൽ മരണപ്പെട്ട ചേന്ദമംഗലത്തെ തോമാരാജാവും ശ്രദ്ധേയരാണ്. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലെ നയങ്ങൾ മാർത്തോമാവിശ്വാസികളിൽ പ്രചരിപ്പിക്കാനും അനുസരിപ്പിക്കാനും അലക്സിസ് ഡി മെനസിസിനെസഹായിച്ച വൈദേശിക മതപുരോഹിതനായിരുന്നു ഫ്രാൻസിസ്കോറോസ്. അദ്ദേഹത്തിന് ലഭിച്ച ആദരമായിരുന്നു പറവൂർ പള്ളിയിലേക്ക് മെത്രാനായിക്കിട്ടിയ നിയമനം. പറവൂരിൽ വച്ച് മരണപ്പെട്ട അന്നത്തെ കാര്യങ്ങളാണ് പറവൂർ കോട്ടക്കാവ് ഒന്നാം മരണശിലാരേഖയിലുള്ളത്. ചേന്ദമംഗലത്തുണ്ടായിരുന്ന രാജവംശമായിട്ടാണ് വില്ലാവർവട്ടം അറിയപ്പെടുന്നത്. വില്ലാർവട്ടത്തെ അവസാനത്തെ രാജാവായിട്ടാണ് തോമാരാജാവ് അറിയപ്പെടുന്നത്. വില്ലാവർട്ടം കോവിലകം നിലനിന്നിരുന്ന കോട്ടക്കോവിലകം കുന്നിന് സമീപത്താണ് അലക്സിസ് ഡി മെനസിസ് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ എഴുതിത്തയ്യാറാക്കിയ ഹോളിക്രോസ്ചർച്ച്. ഇവിടെ ക്രിസ്തീയവിശ്വാസികൾക്ക് വലിയ സ്വാധീനമുള്ള സ്ഥലമാണ്. പോർച്ചുഗീസ് മിഷണറികളുടെയും മറ്റും ശ്രമഫലമായി ക്രിസ്തുമതം സ്വീകരിച്ച ഇദ്ദേഹം മരണപ്പെട്ടത് ഉദയംപേരൂര് വച്ചായിരുന്നു. കോലെഴുത്തുരേഖകളിൽ ഭൂ-പണ വിനിമയ രേഖകൾ സവിശേഷമാണ്. പാലയൂർപള്ളിയിലെ നാലു ചെമ്പോലകളും, തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ

ഒറ്റച്ചെമ്പോലയും ഇവയ്ക്കുദാഹരണമാണ്. അട്ടിപ്പേറ്, ഒറ്റി, നേർപലിശ, പണയപ്പാട്ടം എന്നിങ്ങനെയുള്ള ഏർപ്പാടുകളാണ് ഇവയിൽ പരാമർശിക്കപ്പെട്ടത്. പൊതുവർഷം 1663 ൽ ഡച്ചീസ്റ്റിന്ത്യക്കമ്പനിയുടെ സഹായത്തോടെ പോർച്ചുഗീസിനെ കൊച്ചിയിൽ നിന്നുപുറത്താക്കി ഭാവികാര്യങ്ങളും, നിലപാടുകളും രേഖപ്പെടുത്തിയ പുതുവെപ്പ് 322 ലെ പാലിയം ചെപ്പേട് കൊച്ചി ചരിത്രത്തിലെ പ്രാധാന്യമുള്ളൊരീടുവെപ്പാണ്. പോർച്ചുഗീസ്, ഡച്ച് എന്നീ വൈദേശികശക്തികൾ, പെരുമ്പടപ്പ് സ്വരൂപത്തിനകത്തെ താവഴിത്തർക്കങ്ങൾ, കിടമത്സരം, സാമൂതിരിയുടെ കൊച്ചി വിരോധം, കൊങ്ങിണി ബ്രാഹ്മണർ, പാലിയത്തച്ചൻ, വടക്കുംകൂർ നാടുവാഴി, കൊച്ചിക്ക് മേൽക്കോയ്മയുള്ള ക്ഷേത്രങ്ങൾ, തുരുത്തുകൾ എന്നിവയെക്കുറിച്ചും മുളക് ഡച്ചിനുകൊടുക്കാനായി അതിനുമുകളിൽ നടത്തിയ നിയന്ത്രണങ്ങളുമെല്ലാം തെളിവുരൂപത്തിൽ ഈ രേഖയിൽ നിന്നും അറിവുകൾ ലഭിച്ചിരിക്കുന്നു. പൊതുവർഷം 1807 ലെ ആർത്താറ്റ് പടിയോല കുന്ദംകുളത്തെ മാർത്തോമാ ക്രിസ്ത്യാനികൾ യാതൊരു വിദേശ ആദ്ധ്യാത്മികപുരുഷന്മാരെയും പ്രതിനിധികളെയും അധികാരസ്വരൂപത്തിൽ അംഗീകരക്കില്ലെന്ന് ശക്തമായ ഭഷയിൽ രേഖപ്പെടുത്തി ഒപ്പു വച്ചിരിക്കുന്നു.

മലയാളം ലിഖിതങ്ങളിൽ മൂഴിക്കളത്തുനിന്നും ലഭിച്ച രേഖകളിലൊഴികെയെല്ലാം രാജാക്കന്മാരുടെയോ നാടുവാഴിതളുടെയോ മന്ത്രിമാരുടെയോ മേൽനട്ടത്തിലും ചെലവിന്മേലും ക്ഷേത്രങ്ങളിൽ നടത്തിയ പുനരുദ്ധാരണപ്രവർത്തനങ്ങളാണ്. മൂഴിക്കളം മലയാളലിഖിതങ്ങളിൽ ദാനികളുടെ സ്ഥാനപ്പേരുകൾ രേഖപ്പെടുത്തിയിട്ടില്ല. സംസ്കൃതം, മലയാളം എന്നിവയ്ക്കുപുറമേ തൃപ്പൂണിത്തുറയിൽനിന്നും ദേവതാസ്തുതിപരമായ ഒരു പ്രാകൃതഭാഷാലിഖിതവും ലഭിച്ചിട്ടുണ്ട്.

ലിഖിതങ്ങളിൽ കാലം രേഖപ്പെടുത്തുന്നതും സവിശേഷമാണ്. പെരുമാക്കന്മാരുടെ ലിഖിതങ്ങളിൽ മാത്രം അവരുടെ ഭരണവർഷം രേഖപ്പെടുത്തിയിരിക്കും. അതിനുശേഷം വ്യാഴത്തിന്റെ നിലയും ഏർപ്പാടു നടത്തിയ മാസത്തിന്റെ പേരും നല്കിയിരിക്കും. കൊല്ലവർഷം രേഖപ്പെടുത്തിയ ഒരു

വട്ടെഴുത്തു ലിഖിതംപോലും കൊച്ചിരാജ്യത്തുനിന്നും ലഭിച്ചിട്ടില്ല. തളിവർഷം, കലിദിനം എന്നിവയും വട്ടെഴുത്തു ലിഖിതങ്ങളിൽ ഉപയോഗിച്ചുകാണാം. ക്ഷേത്രം പണിതീർത്ത വർഷം മുതൽ ഒന്നു മുതൽ എണ്ണിത്തുടങ്ങുന്നതാണ് തളിവർഷം. കോലെഴുത്തു ലിഖിതങ്ങൾ പുതുവപ്പ്, കൊല്ലവർഷം, മിശിഹാവർഷം എന്നിവ രേഖപ്പെടുത്തിക്കാണുന്നു. 1341 ൽ മുസിരിസിനെ കടലെടുത്ത വെള്ളപ്പൊക്കത്തിൽ കൊച്ചിയിൽ പുതുതായുയർന്നുവന്ന പുതുവൈപ്പിൻ എന്ന പ്രദേശത്തെ ആധാരമാക്കി ആരംഭിച്ചതാണ് പുതുവപ്പ് വർഷം. പുതുവപ്പ് വർഷം 322 ൽ എത്തിയ കാലത്താണ് പാലിയത്തെ കോലെഴുത്ത് ചെപ്പേട് തയ്യാറാക്കപ്പെട്ടത്. മിശിഹാവർഷം മിശിഹപിറന്നിട്ട് എന്ന ആമുഖവാക്യത്തോടെയാണ് കേലെഴുത്ത് ലിഖിതങ്ങളിൽ രേഖപ്പെടുത്തുക. കേരളത്തിന്റെ സ്വന്തം വാർഷിക ഗണനാരീതിയാണ് കൊല്ലവർഷം. പാലയൂർ ചെപ്പേടുകൾ നാലെണ്ണത്തിലും തൃശ്ശൂർ ബ്രഹ്മസ്വംമഠം കോലെഴുത്ത് ചെപ്പേടിലും കൊല്ലവർഷം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മലയാളം ലിഖിതങ്ങളിൽ ശ്ലോകരൂപേണയുള്ളവയിൽ സവിശേഷമായും അല്ലാതെ ഒറ്റവരികളിലും കലിവാക്യം രേഖപ്പെടുത്തിവെക്കുന്നു. അവയിൽ പൊതുവായി ഉപയോഗിക്കുന്ന കൊല്ലവർഷം മൂഴിക്കളം മലയാള ദാന-നിർമ്മിതി രേഖകളിൽ മാത്രമാണ് കാണാനാവുന്നത്. ഊരകത്തെ കൊച്ചി പെരുമ്പടപ്പിലിളയതാവഴി നാരായണ ഇരവിവവർമ്മയുടെ ലിഖിതത്തിൽ കലിദിനവും കൊച്ചി വർഷം എന്നപേരിൽ കൊല്ലവർഷവും നൽകിയിരിക്കുന്നു. ഇത്തരത്തിൽ ഭിന്നമായ സാമൂഹികാറിവുകൾ ചരിത്രപരമായി കൊച്ചിരാജ്യത്തുനിന്നും ലഭിച്ച ലിഖിതങ്ങളുടെ ചരിത്രപരമായ പഠനത്തിൽ വെളിപ്പെടുന്നു.

# അധ്യായം - 4

# കൊച്ചി രാജ്യത്തെ ലിഖിതങ്ങളുടെ ഭാഷാപരമായ പഠനം

ശാസനങ്ങൾ തയ്യാറാക്കാൻ ഉപയോഗിച്ചിരുന്ന ഭാഷയെ ശാസനഭാഷ എന്നു വിളിക്കാം. ഭാഷ ആശയവിനിമയോപാദിയാണെന്നിരിക്കേ, അതിന് പ്രയോഗത്തിൽ വ്യത്യസ്തങ്ങളായ സാധ്യതകളുണ്ട്. ഭാഷയുടെ പ്രാചീനരൂപം ഗദ്യമാണ്. ഇന്ന് മലയാളം എന്നു വിളിക്കപ്പെടുന്ന ഭാഷയുടെ ചരിത്രത്തിലെ സുപ്രധാന ഇടപെടലുകളെയാണ് ശാസനങ്ങളിലെ ഗദ്യഭാഷയിൽ കാണാൻ സാധിക്കുന്നത്. ശാസനങ്ങളിലെ ഗദ്യം ഒരു സവിശേഷ വ്യവഹാരമാണ്. ഉള്ളടക്കത്തിനും അനുബന്ധ വ്യവഹാരങ്ങൾക്കും അനുകൂലമായി നിർമ്മിച്ചെടുത്ത ശൈലിയാണത്. അവ ലീലാതിലകമെന്ന മണിപ്രവാള ലക്ഷണഗ്രന്ഥം പാട്ടിന് ലക്ഷണം പറയുമ്പോൾ സൂചിപ്പിക്കുന്ന ദ്രമിഡസംഘാതാക്ഷരത്വം പ്രായേണ ദീക്ഷിക്കുന്നുണ്ട്. ദ്രാവിഡ ലിപിയായ വട്ടെഴുത്തിലുള്ളവയാണ് പൊതുവർഷം ഒമ്പതു മുതൽ പതിനാലു വരെയുള്ള നൂറ്റാണ്ടുകളിൽ കൊച്ചി രാജ്യത്തുനിന്നും ലഭിച്ച ലിഖിതങ്ങൾ.

ദ്രമിഡസംഘാതാക്ഷരത്വം നിലനിർത്താൻ ദ്രാവിഡേതരഭാഷകളിലെ വാക്കുകളെ തത്ഭവമായി പരിവർത്തിപ്പിച്ചും അല്ലാത്തവയെ ഗ്രന്ഥലിപിയിൽ രേഖപ്പെടുത്തിയുമാണ് ശാസനങ്ങളിൽ കാണാനാവുക. ഇതൊരുതരം ആധാരഭാഷ തന്നെയാണ്. ദാനവും, നിയമവത്കരണവും, വിലക്കുകളുമാണ് വട്ടെഴുത്ത്

ശാസനങ്ങളുടെ പൊതു ഉള്ളടക്കം. ഇതിനനുസരിച്ച് നിർമ്മിച്ചെടുത്ത വ്യവഹാര ഭാഷയാണ് ശാസനങ്ങളിലേത്. അവ വട്ടെഴുത്തിൽ രേഖപ്പെടുത്തിയതിനാൽ പാട്ട് ഭാഷയിൽ തമിഴ് സ്വാധീനം അധികമാണെന്ന് തോന്നുന്നതു പോലെ തോന്നിയേക്കാം. യഥാർത്ഥത്തിൽ സംസ്കൃതഭാഷയും പ്രയോഗങ്ങളും ശാസനഭാഷയിൽ ശക്തമായ സ്വാധീനം നടത്തിവന്നതായി വട്ടെഴുത്ത് ലിഖിതങ്ങളിലെ തത്ഭവപദങ്ങളും സംസ്കൃതവത്കരിക്കപ്പെട്ട പ്രയോഗങ്ങളും തെളിയിക്കുന്നുണ്ട്. ശാസനങ്ങളിലെ സവിശേഷഭാഷ മലയാളം തന്നെയാണ്. ഭാഷാകൗടലീയത്തിനും, ആട്ടപ്രകാരങ്ങൾക്കും ഉണ്ടായ മലയാള വ്യാഖ്യാനങ്ങൾ ഇതിനുദാഹരണമാണ്. ഭാഷ അതുപയോഗിക്കപ്പെടുന്ന വ്യവഹാരങ്ങൾക്കനുസരിച്ച് പ്രത്യേകമായ ഘടനയിലേക്ക് പരിവർത്തിപ്പിക്കപ്പെടുന്നുണ്ട്.

വട്ടെഴുത്തിലുള്ള ശാസനങ്ങളുടെ തുടർച്ച കോലെഴുത്ത് ശാസനങ്ങളിലും കാണാൻ സാധിക്കും. വ്യാകരണപരമായും പ്രയോഗപരമായും വട്ടെഴുത്തിലുള്ള സവിശേഷതകളെ കോലെഴുത്ത് ലിഖിതങ്ങളും പിന്തുടരുന്നു. ഭൂവിനിമയങ്ങളിൽ പണത്തിനുണ്ടായ സ്വാധീനം ഭാഷയിൽ അക്കങ്ങളെ അക്കരൂപത്തിൽത്തന്നെ രേഖപ്പെടുത്തുന്നതിലേക്കും, യൂറോപ്യൻമാരുടെ സ്വാധീനം ശാസന നിർമ്മിതി കാലഘട്ടത്തെ തദ്ദേശീയ കലണ്ടറുകളിലും യൂറോപ്യൻ കലണ്ടറുകളിലും കാലം രേഖപ്പെടുത്തിക്കുന്നതിലേക്കും കോലെഴുത്ത് മലയാളലിഖിതങ്ങളിൽ സവിശേഷമായി പ്രവർത്തിച്ചിട്ടുണ്ട്. ഇവയിൽനിന്നുംഭിന്നമായി മലയാളലിഖിതങ്ങൾ സംസ്കൃത സ്വാധീനത്തിലേക്ക് നീങ്ങുകയും രേഖപ്പെടുത്തുന്ന ലിപി മലയാളവും ഉള്ളടക്ക ഭാഷ സംസ്കൃതവും ആയിത്തീരുന്നതും കാണാൻ സാധിക്കുന്നു. ലിപിപരമായ സവിശേഷതകൾ ഒഴിച്ച് നിർത്തിയാൽ മലയാളത്തിന് സംസ്കൃതത്തോടും അവയിലെ വാക്കുകളോടും പ്രയോഗങ്ങളോടും പ്രത്യേകമമതയുണ്ടായിരുന്നതായി മനസ്സിലാകും. അതിഖരമൃദുഘോഷാദികളെ രേഖപ്പെടുത്താൻ കെൽപ്പുള്ള അക്ഷരസമ്പന്നമായ മലയാളലിപിയിൽ തയ്യാറാക്കിയിട്ടുള്ള തിരുവഞ്ചക്കളത്തെയും തൃപ്പൂണിത്തുറയിലെയും ചേന്ദമംഗലത്തെയും പെരുമനത്തെയും മലയാളലിഖിതങ്ങൾ ലിപിപരമായി

മലയാളവും ഭാഷാപരമായി സംസ്കൃതവുമാണ്. ആധുനിക മലയാളത്തിന്റെ സ്വഭാവം പുലർത്തുന്ന ശാസനങ്ങളും ഇവിടെ ലഭ്യമായി. ഭാഷ ഏത് വ്യവഹാരത്തിനുപയോഗക്കുന്നുവോ പിന്നീടാ വ്യവഹാരംതന്നെ ഭാഷയായിത്തീരും എന്നതിന് തെളിവുകളാണ് കേരളീയ ലിഖിതങ്ങൾ.

യൂറോപ്യൻമാർ കേരളത്തിലെത്തിയ പതിഞ്ചാം നൂറ്റാണ്ടിൽ വട്ടെഴുത്തിന്റെ പ്രചാരം കുറവായിരുന്നു. കോലെഴുത്തും മലയാളവും വ്യാപകമായിത്തുടങ്ങിയിട്ടുമുണ്ട്. പൊതുവർഷം പതിനെട്ടാം നൂറ്റാണ്ടിലാണ് ശാസനഭാഷയെ ആധാരമാക്കിയുള്ള ഒരു സവിശേഷ നിരീക്ഷണം അത് തമിഴാണെന്ന രീതിയിൽ ഡച്ച് പാതിരി കാന്റർ വിഷർ രേഖപ്പെടുത്തിയത്[114]. ഈ ചിന്തയുടെ തുടർച്ച എഫ്. ഡബ്ലിയു. എല്ലിസിലും കാണാം. അദ്ദേഹം ജൂതശാസനത്തിന് പഠനം തയ്യാറാക്കിയപ്പോൾ ‘സദുർ അകാരാദി’യെന്ന തമിഴ് നിഘണ്ടുവാണ് ഉപയോഗിച്ചത്[115]. ഹെർമ്മൻ ഗുണ്ടർട്ട് ശാസനഭാഷയെ മിശ്രഭാഷയായിത്തന്നെ കണ്ടു. അദ്ദേഹം കോട്ടയം ചെപ്പേട്, വീരരാഘവപ്പട്ടയം, ജൂതച്ചെപ്പേട് എന്നിവയെ പഠനവിധേയമാക്കിയപ്പോൾ വട്ടെഴുത്തിന് തമിഴിലും ഗ്രന്ഥാക്ഷരത്തിന് മലയാളത്തിലും ലിപ്യന്തരണം നടത്തി തമിഴ് പ്രാമാണ്യത്തെ അംഗീകരിച്ചു[116]. ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ എട്ട് വോള്യങ്ങളിലും വട്ടെഴുത്ത്, കോലെഴുത്ത് ലിഖിതങ്ങൾക്ക് തമിഴ് ലിപിയിലാണ് ലിപ്യന്തരണം നൽകിയിരിക്കുന്നത്[117]. പ്രസിദ്ധീകരിച്ചിരിക്കുന്ന ലിഖിതങ്ങളുടെ എണ്ണം കുറവാണെങ്കിലും ബുള്ളറ്റിൻ ഓഫ് രാമവർമ്മ റിസർച്ച് ബുള്ളറ്റിനിൽ വട്ടെഴുത്ത് ലിഖിതങ്ങൾക്ക് മലയാളം ലിപിയിൽ ലിപ്യന്തരണം നൽകിയിട്ടുണ്ട്[118].

---

114 Canter Visscher, Of the Jews black and white, Letters from Malabar, Drurry Herber, Trans., Madras, 1862. P. 114.

115 Herman Gundert, “Translation and analysis of the ancient documents engraved on copper in possession of the Syrian Christians and Jews of Malabar.”, Madras Journal for science and Literature, vol XIII, part-I,(1844).

116 ibid

117 Travancore Archaeolagical Series, 1 – 8, Published by Government of Travancore, Reprited by Cultural department Kerala.

118 Bulletin of the Rama Varma Research Institute, Trichur, Vol – 8 – 13, Published by Ramavarma Research Institute, Reprint by Kerala Sahithya Akademy.

എൽ. എ. രവിവർമ്മ കേരളത്തിലെ പ്രാചീന ലിപികളെക്കുറിച്ച് തയ്യാറാക്കിയ പുസ്തകത്തിലും ലിഖിതങ്ങൾക്ക് മലയാളത്തിൽ ലിപ്യന്തരണം നൽകിയിരിക്കുന്നു[119]. ഉള്ളടക്കത്തിലെ ഭാഷയെ സംബന്ധിക്കുന്ന നിലപാടുകൾ തന്നെയാണ് ലിപ്യന്തരണത്തിലും കാണാൻ സാധിക്കുന്നത്.

## 4.1 ശാസനഭാഷ പൂർവ്വപഠവങ്ങളിലെ നിരീക്ഷണങ്ങൾ

ശാസനഭാഷ അവ തയ്യാറാക്കപ്പെട്ട കാലത്തെ സാമാന്യ ആശയവിനിമയങ്ങൾക്ക് കേരളീയർ ഉപയോഗിച്ചിരുന്ന ഭാഷയാണെന്ന് കരുതുന്നത് ഉചിതമല്ല. ശാസനഭാഷാവ്യവഹാരങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും ഉൾക്കൊണ്ടിട്ടുള്ള പാരമ്പര്യസംരക്ഷണവും നവപ്രവർത്തനങ്ങളും തിരിച്ചറിയുകയാണ് ആവശ്യമായിട്ടുള്ളത്. ദീർഘവാക്യങ്ങളിലൂടെയും ഹ്രസ്വപ്രയോഗങ്ങളിലൂടെയും തങ്ങളുടെ ഉദ്ദേശ്യങ്ങളെ രേഖപ്പെടുത്തുകയാണ് ശാസനദാതാക്കൾ ചെയ്തിരിക്കുന്നത്. മേൽവായൻ, കീഴ്വായൻ എന്നീ ഉദ്യോഗസ്ഥന്മാർ ഇത്തരം രേഖകളുടെ നിർമ്മിതികളിൽ നേരിട്ട് ഇടപെട്ടവരാണ്. ശാസനങ്ങൾ തയ്യാറാക്കുന്നത് അധികാരികളുടെ ഇംഗിതമനുസരിച്ച് മേൽവായനാണ്. ഇദ്ദേഹം തയ്യാറാക്കിയ ആശയത്തെ തട്ടാനെക്കൊണ്ട് രേഖപ്പെടുത്തിക്കുന്ന ചുമതലയാണ് കീഴ്വായനുള്ളത്. ഇത്തരം ഘട്ടങ്ങളിൽ മനപ്പൂർവ്വമല്ലാത്ത തെറ്റുകൾ തട്ടാന്മാരും കീഴ്വായന്മാരും വരുത്താറുണ്ട്. അവയെ ഓർത്തോഗ്രഫിക്കൽ തെറ്റുകൾ എന്ന് വിളിക്കുന്നു. മൂന്ന് ഭാഷയിലുള്ള ശാസനങ്ങളിലും ഇത്തരം ഇടപെടലുകൾ കാണാവുന്നതാണ്. ഇന്നോളമുണ്ടായ ശാസനഭാഷയെ സംബന്ധിക്കുന്ന പ്രമുഖപഠനങ്ങൾ പൊതുവിൽ വട്ടെഴുത്ത് ലിഖിതങ്ങളെ ആസ്പദമാക്കിയുള്ളവയാണ്. കോലെഴുത്തു ലിഖിതങ്ങളിലെ ഭാഷാ സ്വഭാവവും ആനുഷംഗികമായി പരിഗണിക്കപ്പെട്ടിട്ടുണ്ട് എന്നല്ലാതെ സവിശേഷമായി പഠിക്കപ്പെട്ടിട്ടില്ല. ശ്രദ്ധേയങ്ങളായ പൂർവ്വപണ്ഡിതനിരീക്ഷണങ്ങളും പഠനങ്ങളും താഴെ നൽകുന്നു.

[119] എൽ. ഏ. രവിവർമ്മ, പ്രാചീന കേരള ലിപികൾ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, റീപ്രിന്റ്, 1971.

### 4.1.1 ഏ.ആർ.രാജരാജവർമ്മ

വട്ടെഴുത്തുശാസനങ്ങൾ തയ്യാറാക്കാൻ തുടങ്ങിയ ഒമ്പതാം നൂറ്റാണ്ട് മലയാളഭാഷയുടെ മേൽ തമിഴാധിപത്യത്തിന്റെ കാലമായിട്ടാണ് ഏ. ആർ. രാജരാജവർമ്മ വിലയിരുത്തുന്നത്. കേരളഭാഷയുടെ വളർച്ചയെ രേഖപ്പെടുത്താൻ അദ്ദേഹം ഘട്ടവിഭജനം നടത്തിയപ്പോൾ ബാല്യാവസ്ഥ എന്നു കൂടി വിളിക്കപ്പെട്ട കൊല്ലവർഷം 1 മുതൽ 500 വരെയുള്ള കാലത്തെ ശാസനഭാഷയുടെ കൂടി കാലമായാണ് പരിഗണിച്ചത്. ഈ ഘട്ടത്തെ കരിന്തമിഴുകാലം എന്നുകൂടി വിളിക്കുന്നുണ്ട്[120]. ഈ അവസ്ഥയെ തമിഴിന് മലയാളത്തോടുള്ള രക്ഷാകർതൃ മനോഭാവമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു[121].

### 4.1.2 ഡോ. കെ. ഗോദവർമ്മ

കേരളഭാഷാവിജ്ഞാനീയകാരനായ ഡോ. കെ. ഗോദവർമ്മ കണിശമായ ഭാഷയിൽ പ്രാചീനരേഖകളിലെ ഭാഷ തമിഴാണെന്ന് വാദിക്കുന്നു. ''കേരളത്തിലെ പ്രാചീനരേഖകളിൽ പലതിനും തമിഴ് ഭാഷയുടെ പ്രാബല്യം പ്രത്യക്ഷമാകുന്നതിനെ ആധാരമാക്കി അവ മലയാളഭാഷയുടെ പൂർവ്വരൂപങ്ങളെ പ്രതിബിംബിക്കുന്നവയാ ണെന്നുള്ള അഭിപ്രായവും ആദരണീയമായിരിക്കുന്നില്ല. ഭരണസംബന്ധമായും മറ്റും പണ്ട് കേരളദേശത്തിന് തമിഴ് നാടുകളോടുള്ള സമ്പർക്കത്തിന്റെ ദാർഢ്യം ശിലാശാസനങ്ങൾ, ചെപ്പേടുകൾ, ഗ്രന്ഥവരികൾ തുടങ്ങിയ രേഖകൾ തമിഴിലോ തമിഴു രീതിയിലോ നിബന്ധിക്കപ്പെടുന്ന സമ്പ്രദായം വ്യവസ്ഥാപിതമായിത്തീരുന്നതിന് ഇടവരുത്തിയിട്ടുണ്ട്. അത്രമാത്രമല്ല തമിഴിനു വിദ്യാഭ്യാസഭാഷ എന്നുള്ള നിലയിൽ ഈ നാട്ടിൽ ഏറിയൊരു കാലം പ്രചാരം സിദ്ധിച്ചിരുന്നത് എഴുത്തുകുത്തുകൾ പ്രായേണ തമിഴിലായിത്തീരുവാൻ സഹായിച്ചു എന്നുള്ളതും നിസ്സംശയമാണ്''[122].

---

120 ഏ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം, എട്ടാംപതിപ്പ്, 2006, പു - 43.

121 ഇതേപുസ്തകം, പു - 43.

122 ഡോ. കെ. ഗോദവർമ്മ, കേരളഭാഷാവിജ്ഞാനീയം, കേരളസർവകലാശാല പ്രസിദ്ധീകരണവിഭാഗം, തിരുവനന്തപുരം, മൂന്നാംപതിപ്പ്, 1996, പു - 169.

## 4.3 ഡോ. എ. സി. ശേഖർ

കേരളീയ ശാസനങ്ങളെ ആധാരമാക്കി നിർവഹിച്ച ആദ്യ ഗവേഷണ പ്രബന്ധം ഡോ. എ. സി. ശേഖറിന്റേതാണ്. 'എവലൂഷൻ ഓഫ് മലയാളം' എന്ന പേരിൽ പൂന സർവ്വകലാശാലയിൽ സമർപ്പിച്ച പ്രബന്ധത്തിൽ 34 ലിഖിതങ്ങളെ ആധാരമാക്കിയെടുത്തിരിക്കുന്നു[123]. പഠനത്തിനായി ഈ രേഖകളെ തെരഞ്ഞെടുക്കുന്നതിനുണ്ടായ കാരണം സമ്പൂർണ്ണമായ പ്രാചീന മലയാള വ്യാകരണം തയ്യാറാക്കാനാകില്ലെങ്കിലും നിലനിൽക്കുന്ന അവയുടെ പ്രാചീന മലയാള സ്വഭാവമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു[124].

## 4.4 പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള

കേരളഭാഷയുടെ വികാസപരിണാമങ്ങൾ എന്ന പുസ്തകത്തിലാണ് ഇളംകുളം കുഞ്ഞൻപിള്ള മിശ്രഭാഷാവാദം അവതരിപ്പിച്ചിട്ടുള്ളത്. ഇതിലേക്കായി അദ്ദേഹം നടത്തിയ നിരീക്ഷണങ്ങൾ അക്കാലത്തെ സാമാന്യമലയാളവ്യവഹാരത്തെ സംബന്ധിച്ച് ശരിയായില്ലെന്നുവന്നാലും ശാസനഭാഷയെ സംബന്ധിച്ച് പ്രധാനമാണ്. തമിഴെന്ന പൂർവ്വസ്വത്വവും സംസ്കൃതമെന്ന ആധുനികസ്വത്വവും ശക്തമായി ഇടപെടുന്നത് ശാസനവ്യവഹാരങ്ങളിലാണ്. കേരളഭാഷയുടെ പ്രാചീനസ്വഭാവം മനസ്സിലാക്കാൻ ഉപയോഗിക്കാവുന്ന ഏറ്റവും മികച്ച ഉപാദാനങ്ങളായാണ് പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ള ശാസനങ്ങളെ വിലയിരുത്തുന്നത്. ''പ്രാചീനഭാഷാസ്വരൂപം മനസ്സിലാക്കുന്നതിനു സാഹിത്യഗ്രന്ഥങ്ങളേക്കാൾ ചെറിയചെറിയ വാചകങ്ങളിൽ അതാതു സ്ഥലത്തെ ഭാഷയിൽ എഴുതിയിട്ടുള്ള ശാസനങ്ങളാണ് കൂടുതൽ ഉപകരിക്കുന്നത്. എന്നാൽ ഭാഷാപരമായ ഗവേഷണത്തിനുവേണ്ടി അവ ഉപയോഗപ്പെടുത്തുന്നതു വളരെ

---

[123] A. C. Sekhar, Evelution of Malayalam, Bulletin of the Deccan College Research Institute, Poona, 1951.

[124] Ibid, "The inscriptions as a whole provide a fairly rich variety of linguistic data, though they are by no means enough to wrire a complete descriptive grammer of Early Old Malayalam. P. 3.

സൂക്ഷിച്ചു വേണം.''[125] എന്നാൽ സംഭാഷണ ഭാഷയെക്കുറിച്ച് പറയുന്നിടത്ത് ശാസന ഭാഷയെ അദ്ദേഹം വിലയിരുത്തുന്നതിൽ പിശകുണ്ട്. ''ഭാഷാവികാസത്തെപ്പറ്റി ചിന്തിക്കുമ്പോൾ സാഹിത്യഭാഷയെക്കാൾ സംഭാഷണഭാഷയ്ക്കു പ്രാമാണ്യം നൽകണമെന്ന തത്വം എല്ലാ ശബ്ദശാസ്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുള്ളതാണ്. ശിലാരേഖകൾ, ഗ്രന്ഥവരികൾ, പഴഞ്ചൊല്ലുകൾ, നാടോടിപ്പാട്ടുകൾ മുതലായവ സംഭാഷണ ഭാഷയുടെ തനിനിറം പ്രദർശിപ്പിക്കുന്നു.''[126] ശാസനഭാഷ സംഭാഷണഭാഷയല്ല, മറിച്ച് അധികാര ഭാഷയാണ്, ചില ഘട്ടങ്ങളിൽ കരാറുകൾ തയ്യാറാക്കാനുപയോഗിക്കുന്ന ആധാരഭാഷയാണത്.

### 4.5 പ്രൊഫസർ സി. എൽ. ആന്റണി

ഡോ. കെ. എം. ജോർജ്ജ് മുഖ്യസംശോധകനായി പ്രസിദ്ധീകരിച്ച 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന പുസ്തകത്തിൽ 'ഭാഷാഗദ്യം' എന്ന അദ്ധ്യായം തയ്യാറാക്കിയത് പ്രൊഫസർ സി. എൽ. ആന്റണിയാണ്[127]. തന്റെ ഭാഷാസംക്രമണവാദം ഇവിടെയാണ് അദ്ദേഹം അവതരിപ്പിച്ചത്. പരതന്ത്രഘട്ടം, സംക്രമണഘട്ടം, സ്വതന്ത്രഘട്ടം എന്നിങ്ങനെ അവതരിപ്പിച്ച ഘട്ടവിഭജനത്തിൽ സംക്രമണഘട്ടത്തിലെ സവിശേഷത വ്യവഹാരഭാഷയുടെ നുഴഞ്ഞുകയറ്റമാണ്. ഇതിന് ഉദാഹരിക്കുന്നത് ശാസനങ്ങളെയാണ്. ശാസനഭാഷയെ വിലയിരുത്തുന്നതിൽ പ്രൊഫസർ സി. എൽ. ആന്റണി കാണിച്ച തിടുക്കം പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയുടെ ശാസനഭാഷയുടെ ക്രമികപരിണാമം ആധുനിക മലയാളത്തിന്റെ പിറവിക്ക് കാരണമായെന്ന വാദത്തെയും ഡോ. ഏ. സി. ശേഖറിന്റെ മലയാളഭാഷയുടെ പ്രാചീനസ്വഭാവം ഒമ്പതാം നൂറ്റാണ്ടു മുതലുള്ള ശാസനങ്ങളിൽ വെളിപ്പെടാൻ തുടങ്ങിയെന്ന അഭിപ്രായത്തേയും ഖണ്ഡിക്കാനായിരുന്നു. അദ്ദേഹം ഇക്കാലത്തെ ഭാഷാപരമായ സവിശേഷതകളെ

---

125 ഇളംകുളം കുഞ്ഞൻപിള്ള, കേരളഭാഷയുടെ വികാസപരിണാമങ്ങൾ, നാഷണൽബുക്ക്സ്റ്റാൾ, കോട്ടയം, അഞ്ചാംപതിപ്പ്, 1969, പു – 38.

126 ഇതേപുസ്തകം പു – 54.അതേപുസ്തകം

127 സി. എൽ. ആന്റണി, ഭാഷാഗദ്യം, സാഹിത്യചിത്രം പ്രസ്ഥാനങ്ങളിലൂടെ, എഡി: ഡോ. കെ. എം. ജോർജ്ജ്, നാഷണൽബുക്ക്സ്റ്റാൾ കോട്ടയം, അഞ്ചാംപതിപ്പ്, 2005.

വിലയിരുത്തുന്നതിങ്ങനെയാണ്. ‘‘പരമാർത്ഥത്തിൽ രാജഭാഷയായ ചെന്തമിഴിലേക്കു കേരളത്തിലെ വ്യവഹാരഭാഷയുടെ തള്ളിക്കയറ്റമാണ് 9 മുതൽ 13 - ാം നൂറ്റാണ്ടുവരെയുള്ള ശാസനങ്ങളിൽ നാം കാണുന്നത്. സാഹിത്യഭാഷയുടെ വികാസപരിണാമങ്ങളല്ല, മറിച്ച്, വ്യവഹാരഭാഷയുടെ സംക്രമണംമൂലം രാജഭാഷയായ ചെന്തമിഴിനു കേരളത്തിൽ വന്നു കൂടിയ ശൈഥില്യമാണ് ശാസനങ്ങൾ വ്യക്തമാക്കുന്നതെന്ന് ഓർക്കേണ്ടതാണ്.’’[128] ഇതോടൊപ്പം തന്നെ പാലയൂർ പള്ളിയിലെ ചെമ്പോലകളെ പഠനവിധേയമാക്കിയപ്പോൾ അതിന്റെ ഭാഷാപരമായ സവിശേഷതയെ സവിശേഷവ്യവഹാരം എന്നു തിരിച്ചറിയാനാകാതെ അദ്ദേഹം നടത്തിയ വിലയിരുത്തൽ മനസ്സിലാക്കേണ്ടതുണ്ട്. ‘‘രണ്ടാമത്തെ ചെപ്പേടിൽ ‘അന്നു പെറും അർത്തവും വാങ്ങിക്കൊണ്ട അരവെളും അറികും പതിയും കൊവിലും . . . മുമ്പായാകെ’ എന്നൊരു പ്രസ്താവമുണ്ട്. അന്നു പെറും അർത്തവും വാങ്ങിക്കൊണ്ട് - എന്നതിന് അന്നത്തെ നിലവാരമനുസരിച്ചുള്ള പണം വാങ്ങിക്കൊണ്ട് - എന്നർത്ഥം. ‘അരവെളും, അറികും, പതിയും’ - എന്നതിന് ഈ പട്ടയം ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ പ്രസാധനം ചെയ്ത ശ്രീ ഏ. എസ്സ്. രാമനാഥയ്യർക്കുപോലും ഒരർത്ഥം പറയാൻ കഴിഞ്ഞില്ല. എങ്ങനെ പറയാനാണ്? ‘അയലും പതിയും അറികെ’ എന്ന പഴയ ശാസനശൈലി ചത്തടിഞ്ഞിട്ടും ഒരർത്ഥപ്രകാശനത്തിനും കഴിവില്ലാത്തവിധം പഴമയുടെ വലിമ സംരക്ഷിക്കാൻവേണ്ടി മാത്രം അതിലെ വർണ്ണങ്ങൾ മാത്രം തട്ടിക്കൂട്ടിയെടുത്താൽ ആർക്ക് എങ്ങനെ അർത്ഥം പറയാനൊക്കും?’’[129] അടിസ്ഥാനപരമായി ശാസനങ്ങളെക്കുറിച്ചുള്ള ധാരണയുണ്ടെങ്കിലും ചരിത്രപരമായി ശാസനഭാഷയെ മനസ്സിലാക്കുന്നതിലും ശാസനവ്യവഹാരങ്ങളുടെ തുടർച്ച അറിയാൻ കഴിയുന്നതിലും പ്രൊഫസർ സി. എൽ. ആന്റണിക്കു പറ്റിയ ശ്രദ്ധക്കുറവാണ് ഇത്തരം നിശിത വാദങ്ങളിലേക്ക് അദ്ദേഹത്തെ നയിച്ചത്. ഗോദരവിയുടെ പതിമൂന്നാം ഭരണവർഷത്തലെ അയിരാണിക്കളം ശാസനത്തിലും, ഇന്ദുഗോദയുടെ പതിനാറാം ഭരണവർഷത്തിലെ തൃക്കാക്കര ശാസനത്തിലും ഭൂമി മാവറ കൊണ്ട്

[128] സി. എൽ. ആന്റണി, ഭാഷാഗദ്യം, സാഹിത്യചിത്രം പ്രസ്ഥാനങ്ങളിലൂടെ, എഡി: ഡോ. കെ. എം. ജോർജ്ജ്, നാഷണൽബുക്ക്സ്റ്റാൾ, കോട്ടയം, അഞ്ചാംപതിപ്പ്, 2005, പു - 607.

[129] സി. എൽ. ആന്റണി, ഭാഷാപഠനങ്ങൾ, നാഷണൽബുക്ക്സ്റ്റാൾ കോട്ടയം, 1969, പു - 41.

മുതലറവാങ്ങുന്ന രീതിയും പദപ്രയോഗവും കാണാം. പാലയൂർപള്ളിയിലെ അട്ടിപ്പേറ് ചെമ്പോലകളിലും ഇതേ പ്രയോഗം കാണുന്നതിനാൽ അവയെ ഭാഷയുടെ പാരമ്പര്യസംരക്ഷണമായാണ് വിലയിരുത്തേണ്ടത്.

**4.6 ഡോ. കെ. എം. പ്രഭാകരവാരിയർ**

ശാസനങ്ങൾക്ക് ഭിന്ന വിജ്ഞാന മേഖലകളിലേക്ക് ഗവേഷകരെ നയിക്കാനാകും എന്ന വസ്തുതയെ പൂർവ്വകേരളഭാഷയിൽ[130] ഡോ. കെ. എം. പ്രഭാകരവാരിയർ വിലയിരുത്തുന്നുണ്ട്. ''ശാസനങ്ങൾ മൂന്നു തരത്തിൽ പ്രയോജനപ്പെടുന്നു. ദേശചരിത്രനിർമ്മിതിയിൽ ശാസനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ വളരെ പ്രധാനങ്ങളാണ്. ശാസനഭാഷയെക്കുറിച്ചുള്ള പഠനം ഭാഷാചരിത്ര നിർമ്മിതിക്കും ഉപയോഗപ്രദമാണ്. മൂന്നാമതായി, ലിപിപരിണാമത്തെക്കുറിച്ചുള്ള പഠനത്തിന് ശാസനങ്ങളാണ് മുഖ്യാവലംബം. ചുരുക്കം ചില ശാസനങ്ങളിൽ പദ്യരീതി കൈക്കൊണ്ടിട്ടുണ്ടെങ്കിലും പ്രായേണ ശാസനഭാഷ ഗദ്യമാണെന്നതും അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.''[131]

**4.7 ഡോ. കെ. രത്നമ്മ**

ഡോ. ഏ. സി. ശേഖറിനു ശേഷം ശാസനങ്ങളെ ആധാരമാക്കി അവയുടെ വ്യാകരണപരമായ സവിശേഷതകളിൽ ഗവേഷണം നടത്തിയത് ഡോ. കെ. രത്നമ്മയാണ്. 45 ശാസനങ്ങളെ ആധാരമാക്കി 'ഏർളി ഇൻസ്ക്രിപ്ഷണൽ മലയാളം' എന്നതാണ് അവരുടെ ഗവേഷണ പ്രബന്ധം[132]. ഒമ്പതുമുതൽ പതിമൂന്നുവരെയുള്ള നൂറ്റാണ്ടുകളിലെ ശാസനങ്ങളെ ആധാരമാക്കി വർണമാല, വർണപരിണാമം, സന്ധി, സംഖ്യാനാമങ്ങൾ, നാമം, സർവനാമം, ക്രിയ, വിശേഷണങ്ങൾ, പരപ്രത്യയങ്ങൾ, പദാവലി, വാക്യഘടന എന്നിവയെ ഇവർ പഠനവിധേയമാക്കി. എല്ലാ

---

[130] ഡോ. കെ. എം. പ്രഭാകരവാരിയർ, പൂർവ്വകേരളഭാഷ, യൂണിവേഴ്സിറ്റി ഓഫ് മദ്രാസ്, 1982.
[131] ഇതേപുസ്തകം, പു - 26.
[132] Dr. K. Rathnamma, Early inscriptional malayalam, DLA publications, Thiruvananthapuram, 1994.

ലിഖിതങ്ങളെയും ഉപയോഗിക്കാതെ തെരഞ്ഞെടുത്ത ലിഖിതങ്ങളിൽ നിന്നും തെരഞ്ഞെടുത്ത വാക്കുകളെയും ഘടകങ്ങളെയുമാണ് പഠിച്ചിട്ടുള്ളത്.

### 4.8 ഡോ. ഷൊർണൂർ കാർത്തികേയൻ

ശാസനഭാഷയുടെ വ്യവഹാരാത്മകതയെ ഉൾക്കൊള്ളാൻ ഡോ. ഷൊർണൂർ കാർത്തികേയന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം ശാസനഭാഷയെ സംബന്ധിച്ച് പ്രധാനമാണ്. ''ഗദ്യം സാമാന്യ വ്യവഹാരഭാഷയോട് കൂടുതൽ അടുത്തു നിൽക്കുന്നതിനാൽ ഭാഷാസ്വഭാവപഠനത്തിന് പദ്യകൃതികളേക്കാൾ ഗദ്യകൃതികൾക്ക് പ്രാധാന്യമുണ്ട്. ക്രിസ്ത്വബ്ദം 9 മുതൽ 12 വരെയുള്ള ശതകങ്ങളിൽ കേരളത്തിലുണ്ടായിട്ടുള്ള ശാസനങ്ങളിലെ ഭാഷ മലയാളഭാഷയുടെ ആദ്യകാല ഗദ്യത്തിന് മാതൃകയാണ്. ക്ഷേത്രനിർമിതിയോടൊപ്പം ജനങ്ങളുടെ അറിവിലേക്കായി ക്ഷേത്രഭരണ സംബന്ധമായ നിയമാവലികളും ക്ഷേത്രവസ്തുവകകളെക്കുറിച്ചുള്ള വിവരങ്ങളും ചെപ്പേടുകളിലും ശിലാലിഖിതങ്ങളിലും രേഖപ്പെടുത്തി വയ്ക്കാറുണ്ട്. ഇവയിലെ ഭാഷയ്ക്ക് അക്കാലത്തെ കേരളീയരുടെ സംഭാഷണഭാഷയുമായി കുറേയൊക്കെ ബന്ധമുണ്ടായിരിക്കുമെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. അതേ സമയം അവയിൽ ഒരു സാങ്കേതികശൈലിയാണുണ്ടാവുക എന്നതും മറക്കാവതല്ല. അതുകൊണ്ട് ചെപ്പേടുകളും ശിലാശാസനങ്ങളും ഭാഷാപഠനത്തിന് ഉപയോഗിക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെയും ശാസനങ്ങൾ തയ്യാറാക്കുന്നവരുടെയും ഭാഷ സ്വാഭാവികമായും ശാസനഭാഷയെ സ്വാധീനിക്കാം. അതുകൊണ്ട് ശാസനഭാഷ മുഴുവൻ അക്കാലത്തെ കേരളത്തിലെ വ്യവഹാരഭാഷയുടെ യഥാർത്ഥ മാതൃകയായി കണക്കാക്കാൻ പ്രയാസമുണ്ട്.''[133] ഈ നിരീക്ഷണം സവിശേഷമാണ്. ഇതുവരെയുള്ള സമീപനങ്ങളിൽ നിന്നും ഭിന്നമായി ശാസനഭാഷയെ ശാസനഭാഷയായിത്തന്നെ പരിഗണിക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്.

---

[133] ഡോ. ഷൊർണ്ണൂർ കാർത്തികേയൻ, മധ്യകാലകേരളഭാഷ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, രണ്ടാം പതിപ്പ്, 2012, പു - 36, 37.

## 4.2 കൊച്ചിരാജ്യത്തെ ശാസനങ്ങളിലെ ഭാഷ.

കൊച്ചി രാജ്യത്തെ ലിഖിതങ്ങളിൽ വട്ടെഴുത്തു, കോലെഴുത്തുലിഖിതങ്ങൾ പൂർണ്ണമായും മലയാളത്തിലും മലയാളലിഖിതങ്ങൾ ഭാഗികമായി മലയാളത്തിലും സംസ്കൃതത്തിലും തയ്യാറാക്കിയവയാണ്. അവയുടെ പ്രാചീനത ശാസനവ്യവഹാരത്തിന്റെ സവിശേഷതയാണ്. ഭാഷയിലെ ആധാര വ്യവഹാരങ്ങൾ തന്നെയാണിവ. ഗൗരവമേറിയ വിഷയങ്ങളാണ് ശാസനങ്ങളിൽ പൊതുവിൽ രേഖപ്പെടുത്തുന്നത്. ആജ്ഞകൾ, നിയമങ്ങൾ എന്നിവയെ പ്രചരിപ്പിക്കാനും, അട്ടിപ്പേറുകൾക്കും, പലിശ പഴുതടക്കി തിരിച്ചടപ്പിക്കുന്ന രീതിയിൽ ഭൂവിനിമയ രേഖകൾ തയ്യാറാക്കുന്നതിനും ഉപയുക്തമായ ഭാഷയാണ് ശാസനങ്ങളിലേത്. മലയാളത്തിലും തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് എന്നിങ്ങനെ ഇടപെടൽ മേഖലയിൽ സ്വാധീനിച്ച ഭാഷകളിലെ വാക്കുകളെ തത്സമമായും തത്ഭവമായും ഉപയോഗിച്ചുമാണ് അവയിലെ ഭാഷ തയ്യാറാക്കപ്പെട്ടത്. നിലവിലിരുന്ന വ്യവഹാരത്തിന്റെ തുടർച്ച എന്ന നിലയിൽ ഇരുപതാം നൂറ്റാണ്ടിലെ ഭൂ-ആധാരങ്ങളിൽ വരെ ഇതിന്റെ തുടർച്ച കാണാൻ സാധിക്കും. വട്ടെഴുത്ത്, ഗ്രന്ഥം, കോലെഴുത്ത്, മലയാളം എന്നീ ലിപികളിൽ തയ്യാറാക്കിയിട്ടുള്ള കൊച്ചി രാജ്യത്തെ ശാസനങ്ങളെ വട്ടെഴുത്ത്, കോലെഴുത്ത്, മലയാളം എന്നീ ഉപശീർഷകങ്ങളിൽ അവയിലെ മുഴുവൻ പാഠത്തേയും അകാരാദിക്രമത്തിൽ തരംതിരിക്കാതെ ശാസനത്തിന്റെ പൂർണ്ണതയിലാണ് വിശകലനം ചെയ്യുന്നത്.

### 4.2.1 വട്ടെഴുത്തു ലിഖിതങ്ങൾ

#### 4.2.1.1 ഇരിങ്ങാലക്കുടകൂടൽമാണിക്യക്ഷേത്ര സ്ഥാണുരവി-വട്ടെഴുത്തു ശിലാലിഖിതം

**സ്വസ്തി ശ്രീ -** മംഗളവും ഐശ്വര്യവും ഭവിക്കട്ടെ. സ്വസ്തിശ്രീ എന്നത് ഗ്രന്ഥലിപിയിൽ നിന്ന് വട്ടെഴുത്തിനോടൊപ്പം സംക്രമിച്ച പദസംഹിതയാണ്. പൊതുവർഷം ആറാം നൂറ്റാണ്ടു മുതൽക്കു തന്നെ കേരളത്തിൽ വട്ടെഴുത്തുലിപി കാണുന്നുണ്ടെങ്കിലും ഒമ്പതാംനൂറ്റാണ്ടുമുതൽക്ക് ലഭിച്ച വട്ടെഴുത്തു,

ഗ്രന്ഥലിഖിതങ്ങളിലാണ് സ്വസ്തി ശ്രീ പോലുള്ള പദസംഹിതകൾ വട്ടെഴുത്തു പാഠത്തിലേക്ക് സംക്രമിക്കുന്നത്.

**കോത്താണുഇരവിക്കു** - കോ + താണു + ഇരവി + ക്കു കോത്താണു ഇരവിക്ക്. രാജാവ് സ്ഥാണുരവിക്ക്. പദാന്ത്യത്തിലെ വിവൃതോകാരസഹിതരൂപം ഉദ്ദേശികാവിഭക്തിയാണ്. ട്രാവൻകൂർആർക്കിയോളജിക്കൽസീരീസ് രണ്ടാംവോള്യത്തിൽ വേണാടു ഭരിച്ചിരുന്ന സ്ഥാണുരവി എന്ന രാജാവ് എന്ന് അർത്ഥം നൽകിയിരിക്കുന്നു. അദ്ദേഹം മഹോദയപുര രാജാവാണെന്നത് ഇളംകുളം കുഞ്ഞൻ പിള്ളയുടെ പഠനങ്ങളിലൂടെയാണ് സ്ഥിരീകരിക്കപ്പെട്ടത്.

**ചെല്ലാനിന്റയാണ്ടു** - ചെല്ലാ + നിന്റ + ആണ്ടു - ചെല്ലാനിന്റയാണ്ടു. ചെല്ലാനുള്ള വർഷം അഥവാ ഭരണം ആരംഭിച്ച് ചെന്നു നിൽക്കുന്ന വർഷം. ചെല്ലാനിന്റ - ന്റ സഹിതരൂപം, യാണ്ടു - യകാര സഹിതരൂപം.

**പതിനൊന്റാവതു** - പതിനൊന്റ + ആവതു = പതിനൊന്ന് ആകുന്നു. ആവതു - ആയത്. വർണ്ണവികാരം യ/വ വിനിമയം.പതിനൊന്റ - അനുനാസികാതിപ്രസരം സംഭവിക്കാത്ത സംഖ്യാവാചിയായ രൂപം.

**ഇവ്വാണ്ടു** - ഇ + ആണ്ടു - ഇവ്വാണ്ടു. ഈ ആണ്ട്, ഈ വർഷമെന്നർത്ഥമാക്കുന്നു. ഹ്രസ്വമായ ഇകാരത്തിനു പരമായി അകാരം ചേരുമ്പോൾ അകാരത്തിന് പകരമായി വകാരം വരുന്നതാണ് ഇവിടത്തെ സന്ധിപ്രക്രിയ. അതോടൊപ്പം വകാരം

**ഇരുങ്കാടിക്കൂടൽ** - ഇരിങ്ങാലക്കുട എന്ന ദേശനാമത്തിന്റെ പ്രാചീന രൂപമാണിത്. ഇരുപുഴകൾ ചേരുന്നസ്ഥലമെന്നാണർത്ഥം. അനുനാസികാതിപ്രസരം സംഭവിച്ച് ഇരുങ്ങാടിക്കൂടൽ, പദാന്ത്യാക്ഷരം ലോപിച്ച് ഇരുങ്ങാലക്കുട, ഉ/ഇ വിനിമയം സംഭവിച്ചാണ് ഇരിങ്ങാലക്കുട എന്നായിത്തീരുന്നത്.

**പരടൈയാരുമ്** - പരടൈ + ആർ + ഉം = പരടൈയാരും, പരിഷയാർ, ക്ഷേത്രസഭയിലെ ബഹുമാന്യവ്യക്തി. പരടൈ - സ്വരസംവരണം സംഭവിക്കാത്ത

പദാന്ത്യ ഐകാര സഹിതരൂപം. ആർ പൂജകബഹുവചന പ്രത്യയവും ഉം സമുച്ചയനിപാതവുമാണ്.

**ഇളൈയാരുമ്** - ഇളൈയ + ആർ + ഉം = ഇളൈയാരും. ഇളൈ, സ്വരസംവരണം സംഭവിക്കാത്തരൂപമാകുന്നു. ആർ എന്നത് പൂജകബഹുവചന പ്രത്യയമാകുന്നു. ക്ഷേത്രകാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനാണ് ഇളൈയാർ.

**തിരുക്കൈക്കീഴ്** - തിരു + കൈ + കീഴ് = തിരുക്കൈക്കീഴ്, തൃക്കൈക്കീഴ്, തത്ഭവം. തിരു എന്ന പദം പൂജകാർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ളതാണ്. വട്ടെഴുത്തിൽ ഋകാരം ഇല്ലാത്തതുകൊണ്ടാണ് തൃ എന്നതിനെ തിരു എന്നാക്കി മാറ്റിയത്.

**കൂടി** - കൂട് എന്ന ധാതുവിന്റെ പരമായി ഇ എന്ന ഭൂതകാലപ്രത്യയംചേർന്ന രൂപമാണിത്.

**അവിരോതത്താല്** - അ + വിരോതം + ത്ത് + ആൽ = അവിരോതത്താൽ, വിരോധമില്ലാതെ. ഇത് സംസ്കൃതീകരണപ്രക്രിയയാണ്. വ്യഞ്ജനത്തിന്റെ പുരപ്രത്യയമായി നിഷേധാർത്ഥം കിട്ടാൻ അകാരമാണ് സംസ്കൃതത്തിൽ പ്രയോഗിക്കാറുള്ളത്. വിരോതം, വിരോധം എന്ന വാക്കിന്റെ തത്ഭവരൂപം. ആൽ, പ്രയോജികാവിഭക്തി പ്രത്യയമാണ്.

**ചൈത** - ചെയ്ത. പദാദിയിൽ ഐകാരം. സ്വരസംവരണം സംഭവിക്കാത്തരൂപമാണിത്.

**ചപത്തൈയാവതു** - ശപഥം ആകുന്നത്. ചപതതൈയാവതു, ചപതതൈ + ആവതു - ചപതത്തൈയാവതു. ശിലാലിഖിതവായനയിൽ ഒറ്റയക്ഷരം ഇരട്ട അക്ഷരമായി വായിക്കേണ്ടിവരും. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്തരൂപം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരം ആഗമിച്ചു.

**ഇരിടാറ്റി*നു*ക്കു** - ഇരിട + ആറ് + ഇൻ + ഉക്കു = ഇരിടാറ്റിനുക്കു. ഇരിടെന്ന ആറ്റിന് എന്ന് പ്രയോഗാർത്ഥം. ആറകം ആറ്റകം ആകുന്ന ലീലാതിലകത്തിലെ സന്ധി

നിയമമായ റുട്ടോർ ദ്വിത്വം ച പ്രകാരം ആറിന് എന്നത് ആറ്റിന് എന്നാകുന്നു. ഇൻ ഇടനിലയായും പദാന്ത്യത്തിലെ ഉക്കു, ഉദ്ദേശികാ വിഭക്തിയുമാണ്.

**മേക്കു** – പടിഞ്ഞാറ്. മേല്ക് + ഉ = മേൽക്കു. പൂർവ്വ തമിഴ് മലയാളദശയെകാണിക്കുന്ന രൂപമാണിത്. ഒമ്പതാം നൂറ്റാണ്ടിലെ ശിലാലിഖിതത്തിലും പാരമ്പര്യ സംരക്ഷണമെന്ന നിലയിൽ ഈ വാക്ക് പ്രയോഗിച്ചിരിക്കുന്നു. പദാന്ത്യത്തിലെ ഉകാരം ഉദ്ദേശികാവിഭക്തിപ്രത്യയമാകുന്നു.

**കുട്ടങ്കൊളചിറൈക്കു** – കുട്ടം + കൊള + ചിറൈ + ഉക്കു = കുട്ടങ്കുളചിറൈക്കു. കൃഷിയാവശ്യത്തിന് വെള്ളം കെട്ടിനിർത്താനുണ്ടാക്കുന്ന ചെറിയ അണയാണ് ചിറ. ഇതിലെ ങ്കരൂപം അനുനാസികാതിപ്രസരം സംഭവിക്കാത്തതാണ്. ചിറൈക്കു, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപം. പദാന്ത്യത്തിലെ ഉക്കു ഉദ്ദേശികാവിഭക്തിപ്രത്യയമാണ്.

**വടക്കു** – വടക്ക്. പദാന്ത്യത്തിലെ ഉകാരം ഉദ്ദേശികാവിഭക്തിപ്രത്യയമാകുന്നു.

**പരടാറ്റി*ന്നു*** – പരട + ആറ് + ഇൻ + ഉ = പരടാറ്റിന്നു. പദാന്ത്യത്തിലെ ഉകാരം ഉദ്ദേശികാ വിഭക്തിപ്രത്യയമാണ്.

**കിഴക്കു** – കിഴക്ക്. പദാന്ത്യത്തിലെ ഉകാരം ഉദ്ദേശികാ വിഭക്തിയമാണകുന്നു.

**തെർക്കു** – തെക്ക് എന്ന ദിശയെ കുറിക്കുന്നു. പദമധ്യത്തിൽ റകാരം ആഗമിക്കുന്നു. ഇടയുള്ളിടത്തു – ഇട + ഉള്ള + ഇടത്തു = ഇടയുള്ളിടത്തു. സ്ഥലമുള്ളയിടത്തെന്നാണർത്ഥം.

**ഇ** – ഈ. ദീർഘത്തിനുപകരം ഹ്രസ്വം ഉപയോഗിച്ചിരിക്കുന്നു. ഇത് പ്രാചീനമായ ലിഖിതപ്രയോഗമാണ്.

**ഒറ്റി** – പണയം. ഭൂമി പണയം വെക്കുമ്പോൾ തയ്യാറാക്കുന്ന ഉടമ്പടിയാണ് ഒറ്റി.

**വെക്കവും** – വെക്ക + ഉം = വെക്കയും. ഇതൊരു പ്രാചീനപ്രയോഗമാണ്.

**കൊള്ളവും** – കൊള്ള് + ഉം = കൊള്ളവും. വാങ്ങുന്നതാണ് കൊള്ളൽ.

**ഇവകളുക്കു** - ഇ + അ + കൾ + ഉക്കു, ഇവകൾക്ക്, ഇവർക്ക്. കൾ ബഹുവചനപ്രത്യയവും ഉക്കു ഉദ്ദേശികാവിഭക്തിപ്രത്യയവുമാണ്.

**അടൈയഴവും** - അടൈ + അഴവ് + ഉം = അടൈയഴവും, നികുതി കൊടുത്ത് തീർക്കുന്നതിനുള്ള സാവകാശവും. അടൈ - അടക്കുക. അഴവ് - അഴിവ് - ഇട, സാവകാശം. നികുതി അടക്കുന്നതിനുള്ള സാവകാശമാണിത്. സ്വരസംവരണം സംഭവിക്കാത്ത രൂപം. സന്ധിയിൽ യാകരം ആഗമിച്ചിരിക്കുന്നു. പദാന്ത്യത്തിലെ ഉം സമുച്ചയനിപാതമാണ്.

**അർത്തമും** - അർത്തം + ഉം = അർത്ഥവും. ധനവും എന്നാണർത്ഥമാക്കുന്നത്. അർത്തം - അർത്ഥം, തത്ത്വരൂപം. വ/മ വിനിമയം സംഭവിച്ച രൂപമാണിത്.

**പെറാർ** - പെറ് + അ + അർ, പെറ് - കൊടുക്കൽ. അ - നിഷേധപ്രത്യയം. അർ - ബഹുവചനപ്രത്യയം. പാടില്ല, ചെയ്യരുത്, വിലക്കപ്പെട്ടിരിക്കുന്നു എന്നിങ്ങനെയർത്ഥമാക്കുന്നു.

**ഇവ്വൂരാളി** - ഇ + ഊര് + ആളി = ഇവ്വൂരാളി. ഈ ഊരിനെ ആളുന്നവൻ. ഇ ചുട്ടെഴുത്താകുന്നു. ഇത് ഊരിനോട് ചേരുമ്പോൾ വകാരാഗമവും ദ്വിത്വവും ഒരുമിച്ച് സംഭവിക്കുന്നു. ഊര് ആളിയോട് ചേരുമ്പോൾ സംവൃതോകാരലോപം.

**പിഴക്കു** - തെറ്റിന്. ക്കു ഉദ്ദേശികാവിഭക്തിപ്രത്യയമാകുന്നു.

**തായാരൈക്കൊൻ്റ** - തായ + ആർ + എ + കൊൻ്റ - തായാരൈക്കൊൻ്റ. അമ്മയെക്കൊന്ന, തായ അമ്മയെന്നർത്ഥമുള്ള പ്രാചീന പദമാണ്. ആർ പൂജകബഹുവചന പ്രത്യയമാകുന്നു. എ പ്രതിഗ്രാഹിക വിഭക്തിപ്രത്യയവും കൊൻ്റ എന്നത് അനുനാസികാതിപ്രസരം സംഭവിക്കാത്ത പദവുമാണ്.

**പാതകളാവതു** - പാത + കൾ + ആവതു - പാതകളാവതു, പാതകരാകുന്നു. പാത - പാതകി, പാപി. കൾ ബഹുവചന പ്രത്യയമാണ്. പാതകൾ - പാതകർ, ള/ റ വിനിമയവുമാകുന്നു.

**അപ്പാതകരോടു** - അ + പാതക + അർ + ഓട് = അപ്പാതകരോടു. ആ പാതരോട്. അ - ചുട്ടെഴുത്തിന് അടുത്തുള്ള എന്നർത്ഥം കിട്ടും. ഓട് - സംയോജികാവിഭക്തി പ്രത്യയമാണ്.

**ഇവ്വിനൈയരൈയാവതു** - ഇ + വിനൈ + അർ + ആവതു - ഇവ്വിനൈയരൈയാവതു, ഈ തെറ്റ് ചെയ്തവരാകുന്നു. ഇ - ഈ. വിനൈ - വിന, ചെയ്തി, സ്വരസംവരണം സംഭവിക്കാത്ത പദമാണിത്. അർ - ബഹുവചന പ്രത്യയവുമാണ്. ആവതു എന്നത് ആയത് എന്നർത്ഥത്തിലുള്ള പ്രയോഗമാണ്.

### 4.2.1.2 ഇരിങ്ങാലക്കുടകൂടൽമാണിക്യം പാർക്കരനമ്പിരാനർ വട്ടെഴുത്തു ശിലാലിഖിതം

**സ്വസ്തി ശ്രീ** - മംഗളവും ഐശ്വര്യവും ഭവിക്കട്ടെ.

**തിരുവിരുങ്കാടിക്കൂടൽ** - തിരു + ഇരുങ്കാടിക്കൂടൽ - ബഹുമാന്യമായ ഇരുങ്കാടിക്കൂടലിൽ. തിരു - പൂജകപദം.

**തിരുവടിയുടെ** - തിരു + അടി + ഉടെ - തിരുവടിയുടെ, ദേവന്റെ എന്നർത്ഥം ലഭിക്കുന്നു. അടി - ദേവൻ. ഉടെ - സംബന്ധികാവിഭക്തി പ്രത്യയമാണ്. സന്ധിയിൽ തിരുവടിയെന്നിടത്ത് വകാരവും, അടിയുടെ എന്നിടത്ത് യകാരവുമാഗമിക്കുന്നു.

**പറൈയൂർക്കാടാകിന്റതു** - പറൈ + ഊർ + കാട് + ആകിന്റതു - പറൈയൂർക്കാടാകിന്റതു. പറയൂർകാടാകുന്നസ്ഥലം. പറൈ - ഊരിന്റെ പേര്, പദാദിയിൽ സ്വരസംവരണം സംഭവിക്കാത്ത പദമാണിത്. പറൈയൂർ - എന്നിടത്ത് സന്ധിയിൽ യകാരാഗമം വന്നു, പറൈയൂർക്കാട് - സന്ധിയിൽ ഖരത്തിന് മുമ്പിൽ ചില്ല് വന്നതിനാൽ ദ്വിത്വവും സംഭവിച്ചു. ആകിന്റതു - ആകുന്നത് എന്നർത്ഥം വരുന്ന അനുനാസികാതിപ്രസരം സംഭവിക്കാത്ത ക്രിയാപദവുമാണ്.

**പാർക്കരനമ്പിരാനാർ**- പാർക്കരനമ്പിരാൻ + ആർ - പാർക്കരനമ്പിരാനാർ - ഭാസ്ക്കരനമ്പിരാനാർ എന്ന നാമത്തിന്റെ തത്ഭവരൂപമാണ് ആർ പൂജക ബഹുവചന പ്രത്യയവുമാണ്.

**തിരുവടിക്കു** - തിരു + അടി + ക്കു - ബഹുമാന്യനായ വ്യക്തിക്ക്.

**ചോകിരത്തു** - ചോകിരത്ത് + ഉ = ചോകിരത്തു, ചോകിരത്തിൽ + എ, ചോകിരം ഗ്രാമത്തിലെ.

**പൊതുവാളട്ടിക്കൊടുത്ത** - പൊതുവാൾ + അട്ടി + കൊടുത്ത - പൊതുവാൾ അട്ടിപ്പേറായി കൊടുത്ത. പൊതുവാൾ - ക്ഷേത്രകാര്യനിർവ്വഹണോദ്യോഗസ്ഥൻ.

**പൂമി** - ഭൂമി, തത്ഭവ പദമാണ്.

**പടിഞ്ഞായിറ്റപ്പോട്ട** - പടിഞ്ഞായിറ്റ് + പോട്ട = പടിഞ്ഞാറ് ഭാഗത്തെ പോട്ട. **പടി** - പടിയുന്ന, അസ്തമിക്കുന്ന. ഞായർ - സൂര്യൻ, പോട്ട - വയലുകളിലും മറ്റും വളരുന്ന ഒരു തരം പുല്ല്, ഇത് നിറഞ്ഞുനിന്നിരുന്ന പ്രദേശത്ത് കൃഷിയാരംഭിച്ചപ്പോനും അത് സ്ഥലനാമമായി നിലനിന്നു.

**എന്റു** - എന്റ് + ഉ = എന്റു, എന്നു. എന്റ് - എന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത ന്റരൂപമാണിത്.

**പേറ്** - പേര്, ര/റ വിനിമയം സംഭവിച്ച പദം.

**വിട്ടുപോട്ടൈ** - വിട്ടു + പോട്ടൈ = വിട്ടുപോട്ടൈ, ഒഴിവാക്കി ചെയ്ത. വിട്ടു- വിടുക, മാറ്റി, ഒഴിവാക്കി എന്നീ അർത്ഥമാണീ സന്ദർഭത്തിൽ ലഭിക്കുന്നത്. പോട്ടൈ - പോട്ട, ചെയ്തയെന്നർത്ഥം.പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**കച്ചമിതി*ന്നു*** - കച്ചം + ഇത് + ഇൻ + ഉ = കച്ചമിതി*ന്നു*. ഈ കച്ചത്തിന്. കച്ചം - ക്രമം, നിയമം, ഏർപ്പാട്. ഇത് - ഈ, ഇൻ - ഇടനില, പദാന്ത്യത്തിലെ ഉകാരം ഉദ്ദേശികാവിഭക്തിപ്രത്യയമാണ്.

**കച്ചമെന്റു** - കച്ചം + എന്റ് + ഉ = കച്ചമെന്റു, കച്ചമെന്നർത്ഥത്തെ പ്രതിനിധീകരിക്കുന്നു.

**പണ്ണി** - ചെയ്തു, പണ്ണുക എന്ന ക്രിയയുടെ ഭൂതകാലരൂപമാണിത്.

**കൊടുത്താർ** - കൊടുത്തു + ആർ - കൊടുത്താർ അവർ കൊടുത്തു, ആർ - പൂജകബഹുവചനപ്രത്യയമാണ്. പുരുഷഭേദനിരാസം സംഭവിക്കാത്ത പദമാണിത്.

**മുക്കാൽവട്ടത്തിരുന്നു** - മുക്കാൽവട്ടം + അത്ത് + ഇരുന്നു = മുക്കാൽവട്ടത്തിരുന്നു, ക്ഷേത്രത്തിലിരുന്ന്. മുക്കാൽവട്ടം - ക്ഷേത്രം, അത്ത് - ഇടനില, ഇരുന്നു - ഇരിക്കുകയെന്നതിന്റെ ഭൂതകാല രൂപമാണിത്.

**പാർക്കരപുരമായി** - പാർക്കര + പുരം + ആയി - പാർക്കരപുരമായി, ഭാസ്ക്കരപുരം എന്നായി. പാർക്കരൻ - ഭാസ്ക്കരൻ എന്ന നാമത്തിന്റെ തത്ഭവരൂപമാണിത്, പുരം - പട്ടണം, സ്ഥലം, ദേശം. ആയി - ആകുക എന്ന ക്രിയയുടെ ഭൂതകാലരൂപം.

**ചെല്ലുഞ്ചെലവു** - ചെല്ലും + ചെലവു - ചെല്ലുഞ്ചെലവു, ദൈനംദിന ചെലവ്. സന്ധിയിൽ മകാരത്തിന് പകരം ഞകാരം ആദേശമായിവരുന്നു. രാജാവ്, അധികാരി ദേവസ്ഥാനത്ത് ചെന്ന് അവിടത്തെ ചെലവുകൾക്കായി നൽകുന്ന ദാനത്തിന് പറയുന്ന ശൈലിയാണ് ചെല്ലും ചെലവും.

**നാനാഴി അരി** - നാലുനാഴിയരി. നാനാഴി - നാലു നാഴി, ഇടങ്ങഴി അരി.

**തിരുവമിർതു** - തിരു + അമിർത് - തിരുവമിർത്, തിരുവമൃത് എന്ന പദത്തിന്റെ തത്ഭവമാണിത്. തിരു ക്ഷേത്രത്തിലെ അഥവാ ബഹുമാന്യ ഇടത്തിലെ. അമൃത് - നിവേദ്യം, ഭക്ഷണം.

**ഒരു** - ഒന്ന് എന്നതിന്റെ സംഖ്യാഭേദകപദം.

**നന്താവിളക്കും** - നന്താവിളക്ക് + ഉം, നന്തിപ്പിക്കുന്ന വിളക്കാണ് നന്താവിളക്ക്. ദേവനെ ആനന്ദിപ്പിക്കുന്നു എന്ന രീതിയിലാണിതിന്റെ നിരുക്തി. ക്ഷേത്രത്തിൽ വഴിപാടായി അർപ്പിക്കുന്ന വിളക്കാണിത്. പദാന്ത്യത്തിലെ ഉം സമുച്ചയ നിപാതമാണ്.

**ഉച്ചൈത്തിരുവമിർതു** - ഉച്ചൈ + തിരു + അമിർതു = ഉച്ചൈത്തിരുവമിർതു. ദേവന് ഉച്ചനേരത്ത് നിവേദിക്കുന്ന ഭക്ഷണമാണ് ഉച്ചത്തിരുവമൃത്. ഉച്ചൈ - ഉച്ച, മദ്ധ്യാഹ്നം.

പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. അമിർത് - അമൃത്, വട്ടെഴുത്ത് ഋകാര രഹിതമായതിനാൽ അമിറതു എന്ന് തത്ഭവീകരിച്ചിരിക്കുന്നു.

**കൽക്കടകത്തിൽ** - കൽക്കടകം + അത്ത് + ഇൽ, കർക്കടക മാസത്തിൽ. കർക്കടകം ഒരു മലയാളമാസമാണ്. ല/റ വിനിമയത്തിലൂടെ കർക്കടകം കൽക്കടകമായിത്തീർന്നു. അത്ത് - ഇടനിലയും, ഇൽ - ആധാരികാവിഭക്തിപ്രത്യയവുമാണ്.

**വിയാഴ** - വ്യാഴം, തത്ഭവം. ഇതൊരു ഗ്രഹമാണ്, വ്യാഴം സൂര്യനെ ഒരു തവണ ഭ്രമണം ചെയ്യാൻ 12 വർഷം എടുക്കുന്നു. ഇതിനെ രാശി കണക്കാക്കാനാണ് ഉപയോഗിക്കുന്നത്.

**നിൽക്ക** - നിൽക്കെ എന്നാണ് പ്രയോഗാർത്ഥം. പദാന്ത്യ അകാരം പ്രതിഗ്രാഹികാവിഭക്തി പ്രത്യയമായ എകാരത്തിന് വർണ്ണവികാരം സംഭവിച്ചതാണ്.

**ചെയ്ത** - ഏർപ്പെട്ട

**അട്ടിൽപ്പേറു** - അട്ട് + ഇൽ + പേറ്, അട്ട് - അടുക അഥവാ നൽകുക, പേറ് - ജന്മം, അട്ടിപ്പേറ് - ജന്മാവകാശം. സന്ധിയിൽ ആദിയിൽ സംവൃതോകാര ലോപം, രണ്ടാമതിടത്ത് ചില്ലിനു പുറകിൽ ഖരം വന്നതിനാൽ ദ്വിത്വം.

**കരണമാവതു** - കരണം + ആവതു, കരണം - ഉടമ്പടി, ആവതു - ആകുന്നത്, ഉടമ്പടിയാകുന്നത്.

**ആറ്റൊടു** - ആറ്റോടു - ആറ് + ഓടു - ആറ്റോടു. ആറിനോട്. റകാരത്തിന് സന്ധിയിൽ ദ്വിത്വം സംഭവിച്ചിരിക്കുന്നു. ഓടു സംയോജികാവിഭക്തി പ്രത്യയമാണ്.

**തോട്ടൊടു** - തോട് + ഓടു = തോട്ടോടു. തോടിനോട്. ടകാരത്തിന് സന്ധിയിൽ ദ്വിത്വം. ഓടു സംയോജികാവിഭക്തി പ്രത്യയമാകുന്നു.

**കരൈയും** - കരൈ + ഉം = കരൈയും, കരയും. കരൈ - തോടിന്റെയോ പുഴയുടെയോ കരഭാഗം, പദമധ്യത്തിൽ സ്വരസംവരണം സംഭവിച്ചിട്ടില്ലാത്ത പദമാണിത്. പദാന്ത്യത്തിലെ ഉം സമുച്ചയ നിപാതവുമാണ്.

**വയല്ലും** - വയൽ + ഉം = വയല്ലും, വയലും. സന്ധിയിൽ ഏകമായ ലകാരം അകാരണമായി ഇരട്ടിച്ചിരിക്കുന്നു. ഇത് എഴുതുന്ന സമയത്തെ പിഴവായിരിക്കണം. ലകാരം ആവർത്തിച്ചതുമാവാം. പദാന്ത്യത്തിലെ ഉം സമുച്ചയ നിപാതമാണ്.

**മടന്നൈയും** - മടന്നൈ + ഉം = മടന്നൈയും, മടന്നയും. മടന്നൈ - ഉപ്പു വിളയിച്ചെടുക്കുന്ന സ്ഥലം. പടന്ന എന്നതാണ് പ്രയോഗരൂപം. സ്വരസംവരണം സംഭവിക്കാത്ത പദമാണിത്. പദാദിയിൽ വർണ്ണവികാരം പ/മ വിനിമയം. പദാന്ത്യത്തിലെ ഉം സമുച്ചയ നിപാതം.

**അകപ്പട** - അകപ്പെടെ, ഉൾപ്പെടെ. പദാന്ത്യത്തിലെ രണ്ട് വ്യഞ്ജനങ്ങൾക്കും വർണ്ണവികാരം എ/അ വിനിമയം.

**കാരാണ്മൈയ്** - കാരാണ്മ, കാരായ്മ, കാരാഴ്മ എന്നിങ്ങനെയും പ്രയോഗിക്കാറുണ്ട്. എന്നെന്നേക്കും അനുഭവത്തിനായി വിട്ടു കൊടുക്കുന്ന ക്ഷേത്ര ഭൂമിയിന്മേൽ കൃഷി നടത്തിപ്പുകാരനുള്ള അവകാശത്തെ കാരാണ്മയെന്നു വിളികികുന്നു. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപമാണിത്.. പദാന്ത്യത്തിൽ യകാരം ഉച്ചാരണ സുഖത്തിന് മകാരത്തോട് ചേരുന്നു.

**കൊടുത്തരുളിനാർ** - കൊടുത്ത് + അരുളിന + ആർ, അദ്ദേഹം കല്പിച്ച് കൊടുത്തു. കൊടുത്തു - നൽകി, അരുളിന - കൽപ്പിച്ച്, ഉത്തരവാക്കി, ആർ - പൂജകബഹുവചന പ്രത്യയമാകുന്നു.

**അട്ടിച്ചുക്കൊണ്ടാർ** - അട്ടിച്ചു + കൊണ്ട് + ആർ, അദ്ദേഹം അനുവദിച്ച് കൊടുത്തു. അട്ടിച്ചു - അനുവദിച്ചു, കൊണ്ട് - നല്കുക, ആർ - പൂജകബഹുവചന പ്രത്യയം. സന്ധിയിൽ ആദ്യത്തിൽ ദ്വിത്വം, രണ്ടാമതിടത്ത് സംവൃതോകാര ലോപം.

**അയിരക്കരൈക്കോതൈ കുമരന്നു** - അയിരക്കരൈ + കോതൈ + കുമരൻ + ഉന്നു, അയിരക്കര കോതകുമരന്. അയിരക്കരൈ - പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. അയിരക്കരക്കോതൈ - സന്ധിയിൽ ദ്വിത്വം, സ്വരസംവരണം സംഭവിക്കാത്ത വ്യക്തി നാമമാണിത്. പദാന്ത്യത്തിലെ ഉന്നു ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഊരതു കുമരൻകോതൈയാൽ** - ഊരതു + കുമരൻ + കോതൈ + ആൽ, ഊരതു കുമരൻ കോതയാൽ, കോതൈ - സ്വരസംവരണം സംഭവിക്കാത്ത വ്യക്തി നാമം. സന്ധിയിൽ കോതായാലെന്നിടത്ത് യകാരമാഗമിച്ചിരിക്കുന്നു. പദാന്ത്യത്തിലെ ആൽ പ്രയോജികാവിഭക്തി പ്രത്യയവുമാണ്.

**നാകങ്കണ്ണ** - നാഗൻ കണ്ണ് എന്ന വ്യക്തിനാമത്തിന്റെ തത്ഭവരൂപമാണിത്.

ഊരത്തു കണ്ടൻകുമരൻ - ഊരത്തു കണ്ടൻകുമരൻ, വ്യക്തി നാമം.

**ഇന്നാൽവർ** - ഇ + നാല് + അർ, ഈ നാലു പർ, ഇ - ചുട്ടെഴുത്ത്, ഈ എന്നർത്ഥം ലഭിക്കും, നാല് - സംഖ്യാവാചിയും, അർ - ബഹുവചന പ്രത്യയവുമാണ്. സന്ധിയിൽ ആദ്യത്തിൽ ദ്വിത്വവും, രണ്ടാമതിടത്ത് വകാരാഗമവും സംഭവിച്ചിരിക്കുന്നു.

**മണിക്കിരാമത്താരും** - മണി + കിരാമം + അത്ത് + ആർ + ഉം, മണിഗ്രാമത്തിലുള്ളവരും, മണി - രത്നം, കിരാമം - ഗ്രാമം എന്ന പദത്തിന്റെ തത്ഭവ രൂപം, മണിക്കിരാമം - കച്ചവടഗ്രാമം, കച്ചവട സഭ എന്നിങ്ങനെ അർത്ഥം ലഭിക്കുന്നു. അത്ത് - ഇടനിലയും, ആർ - ബഹുവചനപ്രത്യയവും, ഉം - സമുച്ചയ നിപാതവുമാണ്. സന്ധിയിൽ ആദ്യത്തിൽ മണിക്കിരാമം എന്നിടത്ത് ദ്വിത്വം, രണ്ടാമത് മണിക്കിരാമത്ത് എന്നിടത്ത് മകാര ലോപം, മൂന്നാമതിടത്തും നാലാമതിടത്തും സംവൃതോകാര ലോപം.

**തങ്ങൾ** - തം + കൾ = തംകൾ, തങ്കൾ, തങ്ങൾ. അനുനാസികാതിപ്രസരം സംഭവിച്ച രൂപമാണിത്.

**കാരാണ്മെയാൽ** - കാരാണ്മെ + ആൽ, കാരാണ്മയാൽ, കാരാണ്മ കൊണ്ട്, സ്വരസംവരണം സംഭവിക്കാത്തപദം, ആൽ പ്രയോജികാവിഭക്തകിപ്രത്യയമാണ്.

**അറുവിളക്കു** - അറു + വിളക്കു, അറുവിളക്കിന്, വഴിപാടായി അർപ്പിക്കുന്ന സവിശേഷ വിളക്ക്.

**നാന്റു** - നാലു, എന്നതിന് സമാനമായി ഉപയോഗിക്കുന്ന പ്രാചീന പദം. അനുനാസികാതിപ്രസരം സംഭവിക്കാത്ത ന്റ സഹിതരൂപം രൂപം കൂടിയാണിത്.

**ചെലുത്തക്കടവിയർ** - ചെലുത്ത + കടവിയ + അർ, അവർ ചെലവാക്കുന്നതിന് കടപ്പട്ടിരിക്കുന്നു. ചെലുത്ത - ചെലുത്തുക, കടവിയ - കടപ്പെട്ട, അർ - ബഹുവചന പ്രത്യയം. സന്ധിയിൽ ആദ്യത്തിൽ ദ്വിത്വവും, രണ്ടാമതിടത്ത് അകാര ലോപവും സംഭവിച്ചിരിക്കുന്നു.

**ഇന്നാൽവരുമുള്ളിട്ടു** - ഇ + നാല് + അർ + ഉൾ + ഇട്ട് + ഉ, ഈ നാലു പേരും ഉള്ളിലിരുന്നു, ഇ - ചുട്ടെഴുത്ത്, ഈ എന്ന് പ്രയോഗാർത്ഥം. നാല് - നാലെന്ന സംഖ്യാവാചി, അർ - ബഹുവചനപ്രത്യയം, നാൽവർ - നാലുപേർ, ഉൾ - ഉള്ളം, അകം, ഇട്ട് - ഇടുകയെന്നതിന്റെ ഭൂതകാല രൂപം, ഉള്ളിട്ട് - ഉള്ളിലിരുന്ന്, പദാന്ത്യത്തിലെ ഉകാരം ഉദ്ദേശികാവിഭക്തിപ്രത്യയമാണ്

**എന്മർക്കു** - എൻ + അർ + ക്കു, എൻ - എന്റെ, അർ - ബഹുവചന പ്രത്യയം, എന്മർ - കൂടെയുള്ളവർ, പദാന്ത്യത്തിലെ ക്കു ഉദ്ദേശികാവിഭക്തി പ്രത്യയമാകുന്നു.

**ഉൽകും** - ഉല്ക് + ഉം, നികുതിയും, ഉല്ക് - നികുതി, ഇത് ബ്രോക്കർ ഫീസിന് സമാനമായി അധികാരിക്ക് ലഭിക്കേണ്ട കമ്മീഷൻ തുകയാണ്. ഉം - സമുച്ചയ നിപാതം.

**തുലാക്കൂലിയുമില്ലെ** - തുലാ + കൂലി + ഉം + ഇല്ലെ, തൂക്കുന്നതിന് കൊടുക്കേണ്ട കൂലിയും ഇല്ല. തൂലാ - തുലാസ്സ്, കൂലി - എടുക്കുന്ന പണിക്കു ലഭിക്കേണ്ടുന്ന പണം, തുലാക്കൂലി - തുലാസ്സിൽ തൂക്കം നോക്കുന്നതിനുള്ള കൂലി

അഥവാ തൂക്കു നികുതി. ഉം - സമുച്ചയ നിപാതം, ഇല്ലൈ - ഇല്ല, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**കോവിൽ മനിച്ചർക്കു** - കോവിൽ + മനിച്ചൻ + അർ + ക്കു, ക്ഷേത്രോപജീവനം നടത്തുന്ന മനുഷ്യർക്ക്. കോവിൽ - ക്ഷേത്രം, മനിച്ചൻ - മനുഷ്യൻ എന്ന പദത്തിന്റെ തത്ഭവം, അർ - ബഹുവചന പ്രത്യയം, ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തോന്റിയ** - തോന്നിയ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പിഴൈയുന്തണ്ടമുങ്കൊള്ളക്കടവിയർ** - പിഴൈ + ഉം + തണ്ടം + ഉം + കൊള്ള + കടവ + ഇ + അർ, പിഴയും ശിക്ഷയും സ്വീകരിക്കുന്നതിന് ഈയുള്ളവർ കടപ്പെട്ടിരിക്കുന്നു. പിഴൈ - പിഴ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം, ഉം - സമുച്ചയ നിപാതം, തണ്ടം - ശിക്ഷ, ദണ്ഡം എന്ന പദത്തിന്റെ തത്ഭവം, കൊള്ള - കൊൾക, സ്വീകരിക്കുക, കടവ - കടപ്പെട്ട്, ഇ - ഈ, ചുട്ടെഴുത്ത്, അർ - ബഹുവചന പ്രത്യയം. സന്ധിയിൽ പിഴൈയും - യകാരാഗമം, പിഴൈയുന്തണ്ടം - സവർണ്ണനം വഴി നകാരാഗമം, തണ്ടമും - വർണ്ണവികാരം വ/മ വിനിമയം, തണ്ടമുങ്കൊള്ള - സവർണ്ണനം ങകാരാഗമം, ക്കടവിയ - ദ്വിത്വം, കടവിയർ - യാകാരാഗമം.

**ഇച്ചേരിക്കൽ** - ഇ + ചേരി + കൽ, ഈ ചേരിക്കൽ. ഇ - ഈ, ചുട്ടെഴുത്ത്, ചേരി - രാജഭൂമി, കൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ രണ്ടിടത്തും ദ്വിത്വം.

**വള്ളുവനാട്ടു** - വള്ളുവനാട്ടിലെ.

**അറുനൂറ്റുവർക്കുങ്കാവൽ** - അറു + നൂറ് + ഉ + അർ + ക് + ഉം + കാവൽ, അറുനൂറ്റുവർക്ക് കാവൽ ചുമതല. അറു ആറിനെ കുറിക്കുന്ന സംഖ്യാവാചി. നൂറ് - സംഖ്യാവാചി, അറുനൂറ്റ് - അറുനൂറ്, അർ - ബഹുവചന പ്രത്യയം, ക് - ഉദ്ദേശികാവിഭക്തി പ്രത്യയം, ഉം - സമുച്ചയ നിപാതം, കാവൽ - സംരക്ഷണം.

സന്ധിയിൽ അറുനൂറ്റു - ദ്വിത്വം, അറുനൂറ്റുവർ - വകാരാഗമം, അറുനൂറ്റുവർക്കും - ദിത്വം, അറുനൂറ്റുവർക്കുങ്കാവൽ - സവർണ്ണനം, ങകാരാഗമം.

### 4.2.1.3 അയിരാണിക്കളം കോത ഇരവി വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - മംഗളവും ഐശ്വര്യവും

**കോ** - രാജാവ്

**കോതൈ ഇരവിക്കു** - കോത ഇരവിക്ക്, കോതൈ സ്വരസംവരണം സംഭവിക്കാത്ത വ്യക്തി നാമം. ഇരവി - പദാദിയിൽ രേഫം വരാതിരിക്കാൻ സ്വരം ചേർത്ത് ആരിയച്ചതവു പറ്റിയ അക്ഷരങ്ങളാക്കുന്ന നയം. ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ചെല്ലാനിൻറ്റയാണ്ടു** - ചെന്നു നിന്ന വർഷം.

**പതിന്മൂൻറ്റു** - പതി + ഇൻ + മൂൻറ്റു, പതിമൂന്ന്, പതി - പത്ത്, ഇൻ - ഇടനില, **മൂൻറ്റു** - മൂന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത സംഖ്യാവാചി.

**അവ്വാണ്ടു** - ആ ആണ്ട്, ആ വർഷം.

**ശ്രീപരമെശ്വര സ്വസ്തീശ്വര നാട്** - ശ്രീപരമേശ്വര സ്വസ്തീശ്വര നാട് - നാട് - അധികാരിക്ക് കീഴിലുള്ള ഒരു പ്രദേശം, ഐശ്വര്യമേറിയ പരമേശ്വരനെന്ന മംഗളകാരന്റെ നാട്.

**ഊരാരു** - ഊര് + ആർ, ഊര് - നാട്, ആർ - പൂജകബഹുവചന പ്രത്യയം. ഊരാർ - ഊരിന്റെ ആധികാരി.

**തളി അതികാരരൾപ്പാനുഞ്ചേനാപതിയും** - തളി + അധികാര + അർ + കൾ + അപ്പാൻ + ഉം + ചേനാപതി + ഉം, തളിയധികാരിയും സേനാപതിയും. തളി - ക്ഷേത്രം, അധികാരരൾപ്പാൻ - തളിയ്ക്കധികാരി, തളിയിലെ പ്രതിനിധികളായ അധികാരികളുടെ അധികാരി. ചേനാപതി - സേനയുടെ നേതാവ്, സൈന്യാധിപൻ, അർ - ബഹുവചന പ്രത്യയം, കൾ - ബഹുവചന പ്രത്യയം, ഉം - സമുച്ചയ

നിപാതം. ബഹുവചന പ്രത്യയം ഇരട്ടിക്കുന്നത് ബഹുമാനസൂചകമായിട്ടാണ്. സന്ധിയിൽ അധികാരർ - അകാര ലോപം. ഞ്ചേനാപതി, സവർണ്ണനം സംഭവിച്ച രൂപം. ഉം സമുച്ചയ നിപാതം

**കൂടക്കൈയും** - കൂട + കൈ + ഉം, കൂടെ കൈയും. കൂട - കൂടെ പദാന്ത്യത്തിലെ അകാരം പ്രതിഗ്രാഹികാവിഭക്തി പ്രത്യയമാണ്. കൈ - ഒരു ക്ഷേത്രോദ്യോഗസ്ഥൻ, ഉം - സമുച്ചയ നിപാതം.

**ഇരപ്പവരെയും** - ഇരപ്പ് + അ + അരൈ+ ഉം, സന്നിഹിതരായവർ. ഇരപ്പ് - സാന്നിദ്ധ്യം, അ - അരികിലുള്ളവരെ സൂചിപ്പിക്കുന്നു, ചുട്ടെഴുത്ത്. അർ - ബഹുവചന പ്രത്യയം, ഇതിന് സ്വരസംവരണം സംഭവിക്കാത്തത് അരൈ. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ഇരുപത്തൊരുവർ** - ഇരുപത് + ഒരു + അർ, ഇരുപത് - സംഖ്യാവാചി, ഒരു - ഒന്ന്, ഇരുപതും ഒന്നും സന്ധിക്കുമ്പോൾ സാധാരണ ഗതിയിൽ പ്രയോഗം ഇരുപത്തൊന്ന്, ഇതിനെ പിരിച്ച് ഇരുപത്തൊരു എന്നു പ്രയോഗിച്ചിരിക്കുന്നു. അർ - ബഹുവചന പ്രത്യയം. ഇരുപത്തൊരുവർ ഒരു രക്ഷാസമിതിയാണ്.

**കഴിയും** - കഴിയുന്ന, താമസിക്കുന്ന

**ആ തേവൻ** - ആ ദേവൻ, തേവൻ - ദേവന്റെ തത്ഭവ രൂപം.

**ആം** - ആളുന്ന, അദ്ദേഹത്തിന്റെ.

**കോവിലും** - കോവിൽ + ഉം, ക്ഷേത്രവും.

**ഉലകു ഓണനെയ്യുമുരമമ്പൊ*ന്നും*** - ഉലകു + ഓണം + നെയ്യ് + ഉം + ഉരമം + പൊന്ന് + ഉം, ഉലക് ഓണ നെയ്യും ഉരമം പൊന്നും. ഇവിടെ ഉലക്, ഉരമം എന്നിവ അളവുകളാണ്. ഭൂതസംഖ്യപ്രകാരം ഉലക് - ലോകം = ഒന്ന്, ഉരമം എന്തെന്ന് മനസ്സിലാകുന്നില്ല. ഓണനെയ്യ് - ഓണത്തിന് ക്ഷേത്രത്തിലെത്തിക്കുന്ന നെയ്യ്. സന്ധിയിൽ ഓണം + നെയ്യ് - ഓണനെയ്യ് - മകാര ലോപം, നെയ്യ് + ഉം - നെയ്യും - സംവൃതോകാര ലോപം, പൊന്ന് + ഉം - സംവൃതോകാര ലോപം.

**അതികാരപ്പെട്ട** - അധികാരം പ്രയോഗിക്കാൻ ചുമതലയുള്ള, അതികാരം - അധികാരത്തിന്റെ തത്ഭവരൂപം.

**പുലയരളും** - പുലയ + അർ + കൾ + ഉം, പുലയൻ - കേരളത്തിലെ കൃഷി ഉപജീവനമാക്കിയ ജാതിസമൂഹം, അർ - ബഹുവചന പ്രത്യയം, കൾ - ബഹുവചന പ്രത്യയം, ഉം - സമുച്ചയ നിപാതം. ബഹുവചന പ്രത്യയം ഇരട്ടിക്കുന്നത് ബഹുമാനസൂചകമായിട്ടാണ്.

**മറ്റും** - മറ്റുള്ളവയും

**ഇവ്വിരണ്ടൂർക്കു** - ഇ + ഇരണ്ട് + ഊർ + കു, ഈ രണ്ട് ഊരിനും. ഇ - ഈ, ചുട്ടെഴുത്ത്, ഇരണ്ട് - രണ്ട്, ഊർ - നാട്. കു - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + ഇരണ്ട് - ഇവ്വിരണ്ട് = വകാരാഗമം, ഇരണ്ട് + ഊർ - ഇരണ്ടൂർ = സംവൃതോകാര ലോപം, ഊർ + കു - ഊർക്കു = ദ്വിത്വം.

**അടുത്ത** - അടുത്തുള്ള

**കാടുങ്കരൈയും** - കാടും + കരൈയും, കാടും കരയും. സവർണ്ണനം സംഭവിച്ച് കാടുങ്കര, കരൈ - സ്വരസംവരണം സംഭവിക്കാത്ത പദം, ഉം - സമുച്ചയനിപാതം.

**കുഴിയും** - കുഴി + ഉം, ആഴമുള്ള സ്ഥലവും.കുഴി - ആഴമുള്ള സ്ഥലം, ഉം - സമുച്ചയ നിപാതം.

**മതിലുങ്കീഴ്‌വായനും** - മതില് + ഉം + കീഴ് + വായ + അൻ + ഉം, മതിലും കീഴ്‌വായനും. മതിൽ - മതിലിലെ സുരക്ഷാ ഉദ്യോഗസ്ഥൻ, കീഴ്‌വായൻ - ഉത്തരവുകൾ കേട്ടെഴുതുന്ന ഉദ്യോഗസ്ഥൻ. വായ - മുഖത്ത അവയവം, ഭക്ഷണം കഴിക്കാനും സംസാരിക്കാനും ഉപയോഗിക്കുന്ന അവയവം. അൻ - പുല്ലിംഗ ഏകവചന പ്രത്യയം. സന്ധിയിൽ - മതില് + ഉം - മതിലും, സംവൃതോകാര ലോപം. കീഴ്‌വായ - രാജാവിന്റെ ഉത്തരവുകൾ കേൾക്കുന്നവൻ, മതിലും +

കീഴ്വായൻ - മതിലുങ്കീഴ്വായൻ - സവർണ്ണനം ങകാരാഗമം. ഉം - സമുച്ചയ നിപാതം.

**മേൽവായനും** - മേല് + വായ + അൻ + ഉം, മേൽവായൻ - അധികാരികൾക്കു വേണ്ടി ഉത്തരവുകൾ തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ. സന്ധിയിൽ - മേല് + വായൻ - മേൽവായൻ, സംവൃതോകാര ലോപം.

**മറ്റും** - മറ്റുള്ളവരും.

**ഇവു** - ഇ + ഉ - ഇവു. രണ്ടു ചുട്ടെഴുത്തുകൾ ചേർന്ന പദം.

**ഇരണ്ടൂർക്കും** - ഇരണ്ട് + ഊര് + കു + ഉം, രണ്ടൂരിനും.

**അടുത്തതെവകൈപ്പട്ടതും** - അടുത്ത + അത് + എവകൈ + പട്ടത് + ഉം, അടുത്തുള്ള എല്ലാ പ്രകാരത്തിലുൾപ്പെട്ടവയും. എവകൈ - എല്ലാ വകയും, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപം. സന്ധിയിൽ - അടുത്ത + അത് - അടുത്തത്, അകാര ലോപം. അത് + എവകൈ - അതെവകൈ - സംവൃതോകാര ലോപം. പട്ടത് + ഉം - പട്ടതും, സംവൃതോകാര ലോപം.

**മുള്ളുമുയറും** - മുള്ള് + മുയറ് + ഉം, മുള്ളും മുയറും. മുയർ - മുരിക്ക് എന്ന മരം ജീവനുള്ളവ.

**മൂക്കൻപാമ്പും** - മൂർഖൻ പാമ്പും

**കല്ലു കരിടും** - കല്ലും കരിടും. കരിട് - കരട്.

**കാഞ്ഞിരക്കുറ്റിയും** - കാഞ്ഞിര മരത്തിന്റെ കുറ്റിയും.

**ഇത്തനൈയും** - ഇത്രയും. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപം.

**ഉള്ളൊടുങ്കപ്പട്ടാരരും** - ഉള്ള് +□ഒടുങ്ങ + പട്ടാര + അർ + ഉം, ഉൾപ്പെടുത്തി ഭട്ടാരകരും. ഉൾ - അകം. ഒടുങ്ങ - അടങ്ങി, പട്ടാരർ - ഭട്ടാരകർ, തത്ഭവരൂപം. അർ പൂജകബഹുവചന പ്രത്യയം. ഉം സമുച്ചയ നിപാതം. സന്ധിയിൽ - ഉള്ള് +□ഒടുങ്ങ

- ഉള്ളൊടുങ്ങ, സംവൃതോകാര ലോപം. ഒടുങ്ങ + പട്ടാര - ഒടുങ്ങപ്പട്ടാര, ദ്വിത്വം. പട്ടാര + അർ - പട്ടാരർ, അകാര ലോപം. പട്ടാരര് + ഉം - പട്ടാരരും, സംവൃതോകാര ലോപം.

**ഇവൈയ്** - ഇവ, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**അമച്ചുള്ളുറുത്ത** - അമച്ച് + ഉള്ള് + ഉറുത്ത, ഏർപ്പാടാക്കി നൽകിയ. **അമച്ച്** - ഏർപ്പാടാക്കി, ഉള്ള് - അകം, ഉറുത്ത - നല്കിയ. സന്ധിയിൽ രണ്ടിടത്തും സംവൃതോകാര ലോപം.

**അതികാരർ** - അധികാരികൾ

**ഇവ്വിരണ്ടൂരിളും** - ഈ രണ്ടൂരിലും, വർണ്ണവികാരം - ല/ഠ വിനിമയം മൂലം രണ്ടൂരിലും എന്നത് രണ്ടൂരിളും.

**ഒള്ള** - ഉള്ള, വർണ്ണവികാരം ഉ/ഒ വിനിമയം.

**പതിയൈയും** - പതി + എ + ഉം, അധികാരിയേയും. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപം. പതി - കുടികളുടെ അധികാരികളുടെ അധികാരി.

**കുടിയൈയും** - കുടികൾ + എ + ഉം, കുടികളേയും. കുടികളുടെ അധികാരി.

**ഉൾവൈച്ചു** - ഉള്ളിൽ വെച്ച്, ഉള്ളിലിരുത്തി. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപം.

**മാവറക്കുടുത്തു** - മാവറ + കുടുത്തു, മതിപ്പ് വില കൊടുത്ത്. മാവറ - മതിപ്പ് വില, കുടുത്തു - കൊടുത്തു, വർണ്ണവികാരം ഒ/ഉ വിനിമയം. സന്ധിയിൽ ദ്വിത്വം.

**മുതലറ** - മുതലറ, വാങ്ങിയ അല്ലെങ്കിൽ പതിച്ച്, അനുവദിച്ച് നൽകിയ സ്ഥലം.

**അട്ടുവിച്ചു** - അട്ടിച്ച്, അനുവദിച്ച്.

**കൊണ്ടാർ** - കൊണ്ടു + ആർ, അദ്ദേഹം സ്വീകരിച്ചു.

**ഇപ്പരിയെ** - ഇ + പരി + എ, ഈ പ്രകാരത്തെ. ഇ - ഈ, ചുട്ടെഴുത്ത്, പരി - പ്രകാരം, ഏർപ്പാട്, എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**കോവിൽകൊള്ള** - കോവിൽ + കൊള്ള, ക്ഷേത്രത്തിലേക്കു സ്വീകരിക്കാനുള്ള.

**ഇടൈയീടുങ്കൂട** - ഇടൈ + ഈട് + കൂട, ഇടയീടും കൂടെ. ഇടൈ - ഇട, താത്കാലിക, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. ഈട് - പണയാധാരം, കൂട - കൂടെ, വർണ്ണവികാരം പദാന്ത്യത്തിൽ എ/അ വിനിമയം.

**ഇളയ ഇരവി ഇരവി** - യുവരാജാവായ ഇരവി ഇരവി. ഇളയ - ചെറിയ, യുവാവ്, യുവരാജാവ്.

**അട്ടിക്കുടുത്താർ** - അവർ അനുവദിച്ച് കൊടുത്തു.

**താൻ കൊണ്ട** - താൻ സ്വീകരിച്ച.

**പരിയേ** - ഏർപ്പാടിനെ

**പടാരരൈയുന്തളി അതികാരരൈയും** - പടാരരൈ + ഉം + തളി + അതികാരരൈ + ഉം, ഭട്ടാരകരെയും തളി അധികാരികളെയും. സന്ധിയിൽ - പടാരരൈ + ഉം - പടാരരൈയും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ഉം + തളി, പടാരരൈയുന്തളി എന്നിടത് സവർണ്ണനം നകാരാഗമം. അതികാരരൈ + ഉം - സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കുടികളൈയും** - കുടികളെയും. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. കുടികളുടെ അധികാരികൾ.

**ഉൾവച്ചു** - ഉള്ളിലിരുത്തി

**അയിരാണിക്കളത്തുരാർക്കും** - അയിരാണിക്കളത്തെ ഊരാളന്മാർക്കും

**പരടൈയാർക്കും** - ഭട്ടാരകരുടെ അധികാരിക്കും

**കീഴീടട്ടിയാൾ**- കീഴ് + ഈട് + അട്ടി + ആൾ, അവൾ കീഴീടായി നല്കി. കീഴീട് പ്രകാരമുള്ള രാജകുമാരി ഇരവി പിരാട്ടിയുടെ ഭൂമിയിലെ ക്രയവിക്രയാധികാരം ക്ഷേത്രാധികാരികൾക്ക് ലഭിക്കുന്നു. കീഴ് - താഴെ, ഈട് - ആധാരം, അട്ടി - നൽകി, ആൾ - സ്ത്രീലിംഗ പൂജകബഹുവചന പ്രത്യയം.

**ഇതിനുക്കു** - ഇതിന്, പദാന്ത്യത്തിലെ ക്കു ഉദ്ദേശികാവിഭക്തി പ്രത്യയം.

**രക്ഷാഭോഗമായി** - സുരക്ഷാ ചുമതലയ്ക്ക് രാജാവിന് / അധികാരിക്ക് നൽകേണ്ടുന്ന നികുതി.

**ഇവൾ** - ഇവൾ, സ്ത്രീലിംഗം ഏകവചന രൂപം.

**കുടുക്കക്കടവിയതാവിതു** - കുടുക്ക + കടവി + അത് + ആവത് + ഉ, കൊടുക്കാൻ കടപ്പെട്ടതാകുന്നു. കുടുക്ക - കൊടുക്കുക, വർണ്ണവികാരം, പദാദിയിൽ ഒ/ഉ വിനിമയം. കടവി - കടപ്പെട്ടവൾ, അത് - സൂചനാർത്ഥം, പ്രയോഗത്തിൽ നികുതി. ആവതു - ആകുന്നു. സന്ധിയിൽ - കുടുക്ക + കടവി - കുടുക്കക്കടവി, ദ്വിത്വം. കടവി + അത് - കടവിയത്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ആവത് + ഉ - ആവതു, സംവൃതോകാര ലോപം.

**അയിരാണിക്കളത്തു** - അയിരാണിക്കളത്തെ. അയിരാണിക്കളം + അത്ത് + ഉ, അയിരാണിക്കളം - അയിരാണിക്കളമെന്ന ഗ്രാമം, കളം - ഗ്രാമങ്ങളിൽ നെല്ലളക്കുന്ന സ്ഥലമാണ്. അത്ത് - ഇടനില, ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. യഥാർത്ഥത്തിൽ പ്രതിഗ്രാഹികാവിഭക്തി പ്രത്യയമായ എകാരമാണിവിടെ പ്രയോഗിക്കേണ്ടത്. എന്നാൽ വർണ്ണവികാരം മൂലം വിവൃതോകാരം ഉപയോഗിച്ചിരിക്കുന്നു. സന്ധിയിൽ - അയിരാണിക്കളം + അത്ത് - അയിരാണിക്കളത്ത്, മകാര ലോപം. അയിരാണിക്കളത്ത് + ഉ - അയിരാണിക്കളത്തു, സംവൃതോകാര ലോപം.

**പെരുന്തിരുക്കോവിൽ** - പെരും + തിരു + കോവിൽ, പെരുന്തിരുക്കോവിൽ, വലിയ മഹാക്ഷേത്രം. പെരും - വലിയ, തിരു - ബഹുമാന സൂചക പദം, കോവിൽ - ക്ഷേത്രം. പെരും തൃക്കോവിൽ എന്നതിന്റെ തത്ഭവം. സന്ധിയിൽ പെരും + തിരു - പെരുന്തിരു, സവർണ്ണനം നകാരാഗമം. പെരുന്തിരു + കോവിൽ - പെരുന്തിരുക്കോവിൽ, ദ്വിത്വം.

**പടാരർക്കു** - ഭട്ടാരകർക്കു, തത്ഭവം. ഭട്ടാരകർ ചില പ്രയോഗങ്ങളിൽ ക്ഷേത്രത്തിലെ ആരാധ്യ ദേവനും, ചില പ്രയോഗങ്ങളിൽ ശാലയിലെ അദ്ധ്യാപകനായ ബ്രാഹ്മണനും ആണ്. ഇവിടെ ദേവനെന്നർത്ഥം.

**നിവേദ്യത്തിനുക്കു** - നിവേദ്യം + അത്ത് + ഇൻ + ഉ + കു, നിവേദ്യത്തിനായി. നിവേദ്യം - ക്ഷേത്രത്തിലെ ദേവന് അർപ്പിക്കാനുള്ള ഭക്ഷണ വസ്തു. അത്ത് - ഇടനില, ഇൻ - ഇതിനെ ഇടനിലയായും പരിഗണിക്കാം അതിന് എന്ന തരത്തിൽ പ്രയോഗിക്കുന്നു. ഉ ഉദ്ദേശികാവിഭക്തി പ്രത്യയമാണ്. കു - ഇതും ഉദ്ദേശികാവിഭക്തി പ്രത്യയമാണ്. സന്ധിയിൽ - നിവേദ്യം + അത്തിന് - നിവേദ്യത്തിന്, മകാര ലോപം, അത്ത് + ഇന് - അത്തിന്, ഇന് + ഉ - ഇനു, സംവൃതോകാര ലോപം. അത്തിനു + കു - അത്തിനുക്കു, ദ്വിത്വം.

**നിയതം** - നിത്യം, തത്ഭവം.

**മുന്നാഴി നാഴിയാൽ** - മുന്ന് + നാഴി+ നാഴി + ആൽ - മുന്നാഴി നാഴിയാൽ, മൂന്ന് നാഴി അളക്കാവുന്ന നാഴിയാൽ. മൂന്ന് നാഴി മുന്നാഴിയാകുന്നത് സമാസ പ്രക്രിയയിലൂടെയാണ്. മൂന്നു നാഴി അളക്കാവുന്നത് മുന്നാഴി. സന്ധിയിൽ - നാഴി + ആൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. നാഴി കേരളത്തിൽ സാധാരണ നിലവിലിരുന്ന അളവു സമ്പ്രദായമാണ്.

**നാഴിച്ചെയ്തരിചിക്കു** - നാഴി + ചെയ്ത് + അരിചി + കു, നാഴി - അരിയും, നെല്ലും അളക്കുന്നതിന് കേരളത്തിൽ സാർവ്വത്രികമായി നിലനിന്നിരുന്ന അളവ്. ചെയ്ത് - അളന്ന്, ഇവിടത്തെ പ്രയോഗാർത്ഥമാണിത്. അരിചി - അരി, പ്രാചീന പദം, കു -

ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ – നാഴി + ചെയ്ത് – നാഴിച്ചെയ്ത്, ദ്വിത്വം. ചെയ്ത് + അരിചി – ചെയ്തരിചി, സംവൃതോകാര ലോപം.

**ഇടങ്കഴിയാൽ** – ഇടങ്കഴി + ആൽ, ഇടങ്ങഴി കൊണ്ട്. ഇടങ്കഴി – നാലു നാഴി ചേർന്ന് ഒരിടങ്ങഴി. നെല്ലിനും അരിക്കും കേരളത്തിൽ സാർവ്വത്രികമായി നിലവിലിരുന്ന അളവ്. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ആൽ – പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ – സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പന്തിരുകലനെല്ലും** – പന്തിരു + കലം + നെല്ല് + ഉം, പന്ത്രണ്ട് കലം നെല്ലും. പന്തിരു – പന്ത്രണ്ടിനെ കുറിക്കുന്ന സംഖ്യാവാചി, പ്രാചീന പ്രയോഗം. കലം – നെല്ലളവ്, ഒരുകലം = 15 കുറുണി. സന്ധിയിൽ – നെല്ല് + ഉം – നെല്ലും, സംവൃതോകാര ലോപം.

**ഒരു നന്താവിളക്കിനുക്കിടങ്കഴിയാർ** – ഒരു + നന്താവിളക്ക് + ഇൻ + ഉ + ഇടങ്കഴി + ആർ, ഒരു നന്താവിളക്കിന് ഇടങ്ങഴിയാൽ. ഒരു – ഒന്നിനെ കുറിക്കുന്ന സംഖ്യാവാചി. നന്താവിളക്ക് – വഴിപാടായർപ്പിക്കുന്ന സവിശേഷ വിളക്ക്. ഇൻ – ഇടനില. ഉ – ഉദ്ദേശികാവിഭക്തി പ്രത്യയം. ഇടങ്കഴി – ഇടങ്ങഴി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ആർ – ആൽ, വർണ്ണവികാരം, ല/റ വിനിമയം, പ്രയോജികാവിഭക്തി പ്രത്യയം.

**തിരുവമിർതിനുക്കു** – തിരു + അമിർത് + ഇൻ + ഉ + കു, തിരുവമൃതിനായി. തിരു – ബഹുമാന്യമായ, ദേവ സംബന്ധിയായ. അമിർതിനു – അമൃതിനു, തത്ഭവം. ഭക്ഷണത്തിന്, നിവേദ്യത്തിന് എന്നിങ്ങനെ പ്രയോഗാർത്ഥം. ഇൻ – ഇടനില, ഉ – ഉദ്ദേശികാവിഭക്തി പ്രത്യയം. കു – ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ – തിരു + അമിർത് – തിരുവമിർത്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അമിർത് + ഇൻ – അമിർതിൻ – സംവൃതോകാര ലോപം. ഇൻ + ഉ – ഇനു, സംവൃതോകാര ലോപം. ഉ + കു – ക്കു, ദ്വിത്വം.

**നിയതം** – നിത്യം, തത്ഭവം.

**ആഴക്കു** - നാഴിയുടെ എട്ടിലൊന്നാണ് ഒരാഴക്ക്. സമാനമായ പദം അരയ്ക്കാൽ പടി.

**നെയ്യാക** - നെയ്യ് + ആക, നെയ്യാക. പദാന്ത്യത്തിലെ അകാരം വർണ്ണവികാരം മൂലമാണ്. എ/അ വിനിമയം. എകാരം പ്രതിഗ്രാഹികാവിഭക്തി പ്രത്യയമാണ്.

**ഒരാണ്ടയ്കു** - ഒരു + ആണ്ട് + കു, ഒരു വർഷത്തേക്ക്. ഒരു - ഒന്നിനെ കുറിക്കുന്ന സംഖ്യാവാചി. ആണ്ട് - വർഷം, കു - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഒരു + ആണ്ട് - ഒരാണ്ട്, വിവൃതോകാര ലോപം. ആണ്ട് + കു - ആണ്ടയ്ക്കു, ഐകാര രഹിതമാകാൻ യകാരം ആഗമിക്കുന്നു, കകാരത്തിന് ദിത്വം.

**വേണ്ടും** - വേണ്ടുന്ന, ആവശ്യമുള്ള.

**പൊൻപതിനഞ്ചു കാണത്തിനുക്കുന്നെല്ലു** - പൊൻ + പതിനഞ്ചു + കാണം + അത്ത് + ഇൻ + ഉ + കു + നെല്ലു, പൊന്ന് പതിനഞ്ചു കാണത്തിനുള്ള നെല്ല്. പൊൻ - സ്വർണ്ണം. പതിനഞ്ച് - സംഖ്യാവാചി. അത്ത്, ഇൻ - ഇടനില, ഉ, കു - ഉദ്ദേശികാവിഭക്തി പ്രത്യയം. നെല്ലു - നെല്ല്.സന്ധിയിൽ - കാണം + അത്ത് - കാണത്ത്, മകാര ലോപം. അത്ത് + ഇൻ - അത്തിന് - സംവൃതോകാര ലോപം. കാണത്തിന് + കു - കാണത്തിനുക്കു, സംവൃതോകാര ലോപം. കകാരത്തിന് ദ്വിത്വം. കാണത്തിനുക്കു + നെല്ല് - കാണത്തിനുക്കുന്നെല്ല്, നകാരത്തിന് ദിത്വം.

**മുന്നൂറ്റു നാഴിയും** - മുന്നൂറ്റു + നാഴി + ഉം, മുന്നൂറു നാഴിയും.

**ചാന്തി അടികൾക്കു** - ചാന്തി + അടി + കൾ + കു, ശാന്തിയടികൾക്ക്. ചാന്തി - ശാന്തി, തത്ഭവം. അടി - ബഹുമാന്യൻ, സമാന സ്വഭാവത്തിൽ തിരുവടി എന്നും പ്രയോഗിക്കാറുണ്ട്. കൾ ബഹുവചന പ്രത്യയം, ഇവിടെ പൂജക ബഹുവചന പ്രത്യയം. കു - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ചാന്തി + അടി - ചാന്തിയടി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗം. അടികൾ + കു - അടികൾക്കു, കകാര ദിത്വം.

**കണ്ടു** - സാക്ഷ്യം വഹിച്ച്, ഇവിടെ നേരിട്ട് ബോധിച്ചെന്നർത്ഥം

**കുടുക്കവേണ്ടും** - കുടുക്ക + വേണ്ട + ഉം, കൊടുക്കേണ്ടുന്നത്. കുടുക്ക - കൊടുക്കുക, പദാദിയിൽ വർണ്ണവികാരം ഒ/ഉ വിനിമയം. വേണ്ട - വേണ്ടുന്ന, ആവശ്യമുള്ള. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - വേണ്ട + ഉം - വേണ്ടും, അകാര ലോപം.

**പൊൻ പത്തു കാണത്തിനുക്കു** - പൊൻ + പത്തു + കാണം + അത്ത് + ഇൻ + കു, പത്തു കാണം പൊന്നിന്.

**നെല്ലിരുന്നൂറ്റു** - നെല്ല് + ഇരുനൂറ്റു + നാഴി, ഇരുനൂറ് നാഴി നെല്ല്. സന്ധിയിൽ - നെല്ല് + ഇരുനൂറ്റു - നെല്ലിരുനൂറ്റു, സംവൃതോകാര ലോപം, റകാരത്തിന് ദ്വിത്വം.

**നാഴിയുന്നിച്ചൽ** - നാഴിയും + നിച്ചൽ, നാഴിയും നിത്യം. സന്ധിയിൽ മകാരലോപം, സവർണ്ണനം നകാരാഗമം.

**നടൈക്കു നിയതം** - നടൈ + ക്കു + നിയതം, നിത്യം നടക്ക്, നടൈക്കു - നടക്കു, ക്ഷേത്ര സന്നിധി, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. നിയതം - നിത്യം, തത്തവം.

**ചെലുത്തക്കടവ** - ചെലുത്ത + കടവ, ചെലവഴിക്കാൻ കടപ്പെട്ടിരിക്കുന്നു, ചെലുത്ത - ചെലുത്തുക, ചെലവഴിക്കുക. കടവ - കടപ്പെട്ട. സന്ധിയിൽ കകാര ദിത്വം.

**നെല്ലിനുക്കാവിതു** - നെല്ലിനുള്ളത്.

**ആട്ടിടങ്കഴിയാൽ** - ആട്ട് + ഇടങ്കഴി + ആൽ, വർഷവും ഇടങ്ങഴിയാൽ. ആട്ട് - ആണ്ട്, ഇടങ്കഴി - ഇടങ്ങഴി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ - ആട്ട് + ഇടങ്കഴി - ആട്ടിടങ്കഴി, സംവൃതോകാര ലോപം. ഇടങ്കഴി + ആൽ - ഇടങ്കഴിയാൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നൂറ്റു നാഴിയുമേറ്റിയിടങ്കഴിയാൽ** - നൂറ്റു + നാഴി + ഉം + ഏറ്റി + ഇടങ്കഴി + ആൽ, നൂറുനാഴിയും അളന്നു നൽകി ഇടങ്ങഴിയാൽ. സന്ധിയിൽ - നാഴി + ഉം - നാഴിയും, ഏറ്റി + ഇടങ്കഴി - ഏറ്റിയിടങ്കഴി, ഇടങ്കഴി + ആൽ - ഇടങ്കഴിയാൽ. മൂന്നിടത്തും സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മുപ്പതിൻ കലന്നെല്ലും** - മുപ്പതിൻ + കലം + നെല്ല് + ഉം, മുപ്പതു കലം ന്നും. കലന്നെല്ല് - സവർണ്ണനം, സന്ധിയിൽ - നെല്ല് + ഉം - നെല്ലും, സംവൃതോകാര ലോപം.

**ചാന്തി അടികൾ കയ്യിൽ** - ചാന്തി + അടി + കൾ + കയ്യ് + ഇൽ, ശാന്തിയടികളുടെ കയ്യിൽ. കയ്യ് - കരം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - കയ്യ് + ഇൽ - കയ്യിൽ, സംവൃതോകാര ലോപം.

**അവ്വൂര്കളത്തിൽ** - അ + ഊര് + കളം + അത്ത് + ഇൽ, ആ ഊർക്കളത്തിൽ. അ - ആ, അവിടെ, ചുട്ടെഴുത്ത്. ഊര് - നാട്, കളം - നെല്ലളക്കുന്ന സ്ഥലം, അത്ത് - ഇടനില, ഇൽ ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - അ + ഊര് - അവ്വൂര്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അത്ത് + ഇൽ - അത്തിൽ, കളത്തിൽ, സംവൃതോകാര ലോപം.

**അളന്തു** - അളന്നു, താലവ്യാദേശം സംഭവിക്കാത്ത പദം.

**ഇരവി പിരാട്ടി** - ഇരവി പിരാട്ടി. തമ്പുരാട്ടി എന്ന സംബോധന ഒരാളെ അവരുടെ പേരില്ലാതെ പറയേണ്ടി വരുമ്പോഴാണ്. പേരോടു കൂടിയാകുമ്പോൾ പിരാട്ടി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഇരവി പിരാട്ടി കോത ഇരവിയുടെ സഹോദരിയാണ്. രാജകുമാരി എന്നതാണവരുടെ സ്ഥാനം.

**ഇന്നെൽ** - ഈ നെല്ല്

**ചാന്തി അടികളന്റിക്കൊള്ളപ്പെറാർ** - ചാന്തി + അടികൾ + അന്റി + കൊള്ള + പെറാർ, ചാന്തി - ശാന്തി, അടികൾ - ബഹുമാന്യൻ, അന്റി - അന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. കൊള്ള - കൊള്ളുക,

സ്വീകരിക്കുക, പെറാർ - പാടില്ല. ശാന്തി അടികൾ അന്ന് സ്വീകരിക്കാൻ പാടില്ല. സന്ധിയിൽ - അന്റി + കൊള്ള - അന്റിക്കൊള്ള, കകാര ദ്വിത്വം. കൊള്ള + പെറാർ - കൊള്ളപ്പെറാർ, പകാര ദ്വിത്വം.

**ചാന്തി അടികൾ** - ശാന്തി അടികൾ

**തങ്കുറൈവ്വിനാൽ** - തം + കുറൈവ് + ഇൻ + ആൽ, തന്റെ കുറവിനാൽ.

**ചെൻറു** - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത രൂപം

**വേണ്ടിക്കൊള്ളാത്തു** - വേണ്ടി - ആവശ്യത്തിന്. കൊള്ളാത്തു - സ്വീകരിക്കാതെ. ആവശ്യത്തിന് സ്വീകരിക്കാതെ.

**നിന്റിടുകിൽ** - നിന്നിടുകിൽ, നിൽക്കുകയാണെങ്കിൽ. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ആണൈന്തു** - ആണ്ട് + ഐന്തു, അഞ്ചു വർഷം, സ്വരസംവരണവും, താലവ്യാദേശവും, അനുനാസികാതിപ്രസരവും സംഭവിക്കാത്ത പദം.

**ഏറുകിൽ** - ഏറുക + ഇൽ, കൂടുകയാണെങ്കിൽ. ഏറുക - കൂടുക, ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ അകാര ലോപം.

**നൂറു നാഴിയാൽ** - നൂറു നാഴി കൊണ്ട്.

**മുന്റിക്കൊടുക്കടവിയർ** - മുന്റി + കൊടു + കടവിയർ, മുന്നെ കൊടുക്കാൻ അവർ കടപ്പെട്ടിരിക്കുന്നു. മുന്റി - മുന്നെ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. കൊടു - കൊടുക്കുക, കടവിയർ - കടപ്പെട്ടവർ. സന്ധിയിൽ - മുന്റി + കൊടു - മുന്റിക്കൊടു, കകാര ദ്വിത്വം. കൊടു + കടവിയർ - കൊടുക്കടവിയർ, കകാര ദ്വിത്വം.

**ഇരവി പിരാട്ടി** - ഇരവിപിരാട്ടിയും.

**ഊരാരുമിതുവുമിവൈകൾ** - ഊരാരും + ഇതു + ഉം + ഇവൈ + കൾ, ഊരാരും ഇതുപോലെ ഇവരും. ഊരാർ - ഊരാളുന്നവർ, ക്ഷേത്രാധികാരമുള്ള

ഭൂവുടമ. ഇവൈ - ഇവ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - ഇതു + ഉം, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**കൈകണ്ടാർ** - അവർ കൈകൊണ്ടു, സ്വീകരിച്ചു. പുരുഷഭേദ നിരാസം സംഭവിക്കാത്ത പദം. കണ്ടാർ - കൊണ്ടാർ, വർണ്ണവികാരം പദാദിയിൽ ഒ/അ വിനിമയം.

**ഊരാളർ** - ഊരാളുന്നവർ

**അട്ടുവിതു** - അട്ടും + ഇതു, അട്ടുന്ന ഇത്, നൽകുന്നവ. വർണ്ണ വികാരം പദമധ്യത്തിൽ അട്ടുമിതു വ/മ വിനിമയത്തിലൂടെ അട്ടുവിതു.

**പൂമിതേടവുങ്കുടിയിൽ** - പൂമി + തേട + ഉം + കുടി + ഇൽ, ഭൂമി അന്വേഷിക്കുകയും കുടിയിൽ, പൂമി - ഭൂമി, തേടവും - കേടുത, കുടയിയിൽ - വീടുകളിൽ. സന്ധിയിൽ - തേട + ഉം - തേടവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. കുടി + ഇൽ - കുടിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. തേടവുങ്കുടിയിൽ - സവർണ്ണനം.

**ഏറവുങ്കുടിയിരുക്കവും** - ഏറ് + ഉം + കുടി + ഇരുക്ക + ഉം, പ്രവേശിക്കുകയും, കുടിയിരിക്കുകയും. സന്ധിയിൽ - ഏറ് + ഉം - ഏറവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. കുടി + ഇരുക്ക - കുടിയിരുക്ക, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഇരുക്ക + ഉം - ഇരുക്കവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ഇരുക്ക - ഇരിക്ക, വർണ്ണ വികാരം, ഉ/ഇ വിനിമയം.

**പുരൈകൾ** - പുരകൾ, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. പ്രഭുക്കന്മാരും നാടുവാഴികളും താമസിക്കുന്ന ഇടം.

**കുടികളൈയ്** - കുടികളെ, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. ഐകാര സഹിത രൂപമായതിനാൽ പ്രതിഗ്രാഹികാവിഭക്തി പ്രത്യയത്തെ വേറിട്ടു നിർത്താൻ യകാരം ആഗമിപ്പിച്ചിരിക്കുന്നു. കുടികൾ - കൃഷിപ്പണിക്കാർ താമസിക്കുന്ന ഇടം.

**ആളുകൊള്ളവും** - ആളുകളെ കൊള്ളുകയും, ആളുകളെ താമസിപ്പിക്കുകയും എന്നീ അർത്ഥങ്ങളിൽ.

**ആടൈ ഉഴവു**- നികുതി അടക്കുന്നതിൽ നിന്നുള്ള ഇളവ്.

**ഉട്ടുമിത്തനയും** - ഊട്ടും, ഇത്രയും.

**പെറാൻ** - പാടില്ല.

**ഊരാളർ** - ഊരിനെ ആളുന്നവർ.

**ഇവ്വൂർക്കൊരു** - ഇ + ഊർ + കു + ഒരു, ഈ ഊരിനൊരു

**വിതനം** - വ്യസനം, തത്ഭവം.

**വന്തിടുകിൽ** - വന്നിടുകിൽ, താലവ്യാദേശം സംഭവിക്കാത്ത പദം.

**അതിനുക്കുത്താങ്കൾ** - അതിനെല്ലാം താങ്കൾ.

**ചെയ്യുവ്വിയവകളാനളതിനു** - ചെയ്യ് + ഉം + അവ + ഇവ + കൾ + ആനാൾ + അതിനു, ആ വിധമോ ഈ വിധമോ അവർ ചെയ്യുന്നതിന്

**വേണ്ടുമെന്റു** - വേണ്ടുമെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ചെല്ലപ്പെറാർ** - ചെല്ല + പെറാർ, ചെല്ലാൻ പാടില്ല. സന്ധിയിൽ - പകാര ദ്വിത്വം.

**ഇവി** - ഈ

**വേണവ്വരൻതു പൂമി** - വേണ്ടുന്നവരുടെ ഭൂമി.

**കുടിയിൽ** - കുടിയിൽ, താമസ സ്ഥലത്ത്.

**മൂത്തവളേയ്** - ആദ്യത്തെ പെൺകുട്ടി.

**വാഴക്കട്ടിയോരൈ** - വാഴുന്നവരുടെ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇപ്പൂമിയിൽ** - ഈ ഭൂമിയിൽ

**ചെൽകയും** - പ്രവേശിക്കുകയും

**ഒറ്റിവയ്കയുമിന്റുപ്പെറാർ** - ഇന്നു മുതൽ ഒറ്റി വെക്കാനും പാടുള്ളതല്ല.

**ഊരാളർ** - ഊരിനെ ആളുന്നവർ

**ഇച്ചൊ*ന്ന*** - ഈ പറഞ്ഞ

**ഇടയീടു** - ഇടയായുള്ള ഈട്, താത്കാലിക പ്രമാണം, താത്കാലികാവകാശം.

**ഇത്തനയുമല്ലാതിതു** - ഇത്രയുമല്ലാത്തും.

**ഇവ്വൂരാൾ** - ഈ ഊരിലെ ആൾ.

**മറ്റെമ്പനാ വെപ്പട്ടിതു** - മറ്റെപ്രകാരം വയ്ക്കപ്പെട്ടവയും

**ഒരു ഇടയീടു** - ഒരു ഇടനൽകിയ ഈട്.

**ചെയ്യവുമിവ്വൂർക്കൊരു** - ചെയ്യ + ഉം + ഇ + ഊർക്ക് + ഒരു, ചെയ്യുകയും ഈ ഊരിന് ഒരു. സന്ധിയിൽ - ചെയ്യ + ഉം - ചെയ്യവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ഊർക്ക് + ഒരു - ഊർക്കൊരു, സംവൃതോകാര ലോപം.

**തിമ്മൈ** - തിന്മ, ദോഷം.

**ചെയ്യവും** - ചെയ്കയും

**തിമ്മൈപ്പറയവും പെറാർ ഊരാളൻ** - തിന്മ പറയാനും പാടില്ല ഊരാളൻ.

**പെറാർ** - വിലക്കപ്പെട്ടവർ

**ഊരാളർ** - ഊരിനെ ആളുന്നവർ.

**ഇതു** - ഇത്, ഇവിടെ രേഖപ്പെടുത്തിയത്.

**ചെയ്യുമൂരാളൻ** - ചെയ്യുന്ന ഊരാളൻ.

**മൂഴിക്കളച്ചപതതൈയും** - മൂഴിക്കളം ശപഥവും, ചപതതൈ - ശപഥത്തെ, തത്ഭവം, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**പിഴൈച്ചൂർക്കുമിടൈയീടു** - പിഴച്ച് ഊരിലുള്ള അവകാശവും. പിഴൈച്ച് - പിഴച്ച്, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. ഇടൈയീട് - ഇടയീട്, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**കെടുവിതു** - നഷ്ടപ്പെടും

**ഇവ്വൂർക്കുടികളറ്റു** - ഈ ഊരിലെ കുടികൾ നശിച്ച്.

**കരൈപൂമിയിവ്വൂർകണയാത വരൈളൊലന്റി** - കരഭൂമി ഈ ഊരിലേക്ക് അണയുന്നത് വരെ അന്ന്, അന്റി - അന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പുറമൊരുവർകു** - പുറമെയുള്ള ഒരുവർക്ക്.

**വിൽകവും** - വിൽക്കുകയും.

**ഒറ്റി വയ്കവും** - ഒറ്റി വെക്കുകയും.

**പെറാർ** - പാടില്ല.

**അതു** - അത്

**ചെയ്യേ** - ചെയ്യുമ്പോൾ

**കോവിൽ പൂമി** - ക്ഷേത്ര ഭൂമി

**കോവിലേറുമതു** - ക്ഷേത്രത്തിലേക്ക് തിരിച്ച് വാങ്ങും.

**ഇപ്പരിയൈ** - ഈ ഏർപ്പാടിനെ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇരവി പിരാട്ടിയൈയും** - ഇരവിപിരാട്ടിയേയും, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇരവി പിരാട്ടി സന്തതിയൈയും** - ഇരവി പിരാട്ടിയുടെ സന്തതികളേയും, പദാമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**എന്റും ഊരാരറിയും** - എന്നും ഊരാർ അറിയും, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പികഴിവള്ളമും** - പികഴ് - പിഴ, ഇ - ഈ, വള്ളം - വണ്ണം, വർണ്ണവികാരം ണ/ള വിനിമയം. പദാന്ത്യത്തിൽ മും വർണ്ണവികാരം, വ/മ വിനിമയം.

**കൂട** - പാടില്ല.

**4.2.1.4 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 2**

**സ്വസ്തി ശ്രീ** - മംഗളവും ഐശ്വര്യവും ഭവിക്കട്ടെ.

**മറ്റത്തിനുക്കും** - മറ്റത്തിനും

**ചെറിയമലക്കുമിറൈയാ** - ചെറിയ മലയ്ക്കും ഇറയായി. ഇറ - നികുതി.

**കച്ചം** - നിയമം, ഏർപ്പാട്.

**അയിരാണിക്കളത്തു** - അയിരാണിക്കളത്തെ.

**പരടൈയാരും** - പരിഷയെന്ന സഭയുടെ അധികാരിയും. പരിഷയുടെ തത്ഭവമാണ പരട. പരടൈ - പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ഊരാരുമവിരോതത്താർ** - ഊരാളുന്നവരും വിരോധം കൂടാതെ. വർണ്ണ വികാരം പദാന്ത്യത്തിൽ ല/റ വിനിമയം.

**കൂടി** - ഒരുമിച്ച്.

**തിരുവാരാതിനൈക്കിട്ട** - തിരു + ആരാതിനൈ + ക്കു + ഇട്ട, തിരു ആരാധനയ്ക്കായി ഏർപ്പാടാക്കിയ. ഭഗവാന്റെ ആരാധനക്കായി ഏർപ്പാടാക്കിയ. **ആരാതിനൈ** - ആരാധനയുടെ തത്ഭവം.പദമധ്യത്തിൽ വർണ്ണവികാരം, അ/ഇ വിനിമയം.

**ചേരിക്കലാവതു** - ചേരിക്കൽ ആകുന്നത്, രാജഭൂമിയാണ് ചേരിക്കൽ.

**തെന്നരൈയൂർ പള്ളിപ്പുറമും** - തെന്നരയൂർ പള്ളിപ്പുറവും, തെന്നരൈയൂർ - പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. പള്ളിപ്പുറമും - പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**അമണിലമും** - അമണിലവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**ഇറൈനിലമും** - ഇറനിലവും, ഇറൈ - ഇറ, നികുതി, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. നിലമും - നിലവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**ഊരിടൈമണ്ണും** - ഊരിടമണ്ണും, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ചമ്മനപള്ളിയും** - ചമ്മനപള്ളിയും.

**മുട്ടമും** - മുട്ടവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

പെരുമ്പാറ്റ കരൈപ്പോകമും - പെരുമ്പാറ്റ + കരൈ + പോകം + ഉം, പെരുമ്പാറ്റ കരയിലെ ഭോഗവും. പെരുമ്പാറ്റ - സ്ഥലനാമം. കരൈ - കര, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. പോകം - ഭോഗം, നികുതി, തത്ഭവം. പോകമും - പോകവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**കൂടായിനമ്മേരു നിലമും** - കൂടായിനമ്മേരു നിലവും, നിലമും - നിലവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**ചിമ്പാലയൂരുമ്മെൺകാലൂരും** - ചിമ്പാലയൂരും എൺകാലൂരും.

**ഇച്ചേരിർകാൽ ചെൻറു** - ഈ ചേരിക്കലിൽ ചെന്നു. ചേരിർകാൽ - ചേരിക്കൽ, എഴുത്തു പിശകായി ഇവയെ പരിഗണിക്കുന്നു. ചെൻറു - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**അതരം** - അനധികൃത പ്രവൃത്തി.

**ചെയ്യുമവകൾ** - ചെയ്യ് + ഉം + അവ + കൾ, ചെയ്യുന്നവർ.

**തന്നെ** - ചെയ്യുന്നയാ ആളെ.

**ഉപനിച്ചോതിച്ച** - ഉപനയനം നടത്തിയ

**ഉപാത്തിയായനൈയും** - ഉപാദ്ധ്യായനെയും. തത്ഭവം. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**തന്തയൈയും** - തന്തയെയും, അച്ഛനെയും. പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊൻറു** - കൊന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**തായൈക്കളെത്തിരം** - തായൈ + കളത്തിരം, അമ്മയെ ഭാര്യയാക്കുക. തായൈ - തായ, അമ്മ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. കളത്തിരം - കളത്രം, ഭാര്യ, തത്ഭവം. സന്ധിയിൽ കകരാ ദ്വിത്വം.

**വൈച്ചോരാവിതു** - വൈച്ച + അവർ + ആവതു, വച്ചോരാകുന്നു. വൈച്ച - വച്ച, പദാദിയിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**താനമും** - സ്ഥനവും, തത്ഭവം. വർണ്ണവികാരം പദാന്ത്യത്തിൽ വ/മ വിനിമയം.

**പരടൈയും** - പരിഷയും, തത്ഭവം.

**പെറാർ** - പാടില്ല.

**ഊർക്കും അറം** - ഊരിനും അറം, ഊരിൽ പ്രവേശിപ്പിക്കാൻ പാടില്ല.

**സ്വാമിക്കമ്പതു പൊ*ന്നും*** - ദേവന് അമ്പത് പൊന്ന്.

**പടുവിതു** - ഇതിനാൽ നൽകണം. പടുക - നൽകുക. പിഴയൊടുക്കണം.

**ഇവകൾക്കു** - ഇവർക്കു.

**അനുപന്തഞ്ചെയ്യുമവകളും** - അനുപന്തം + ചെയ്യു + ഉം + അവകൾ + ഉം, അനുബന്ധം ചെയ്യുന്നവരും. അനുപന്തം - അനുബന്ധം, തത്ഭവം.

**പാപിവരയ്** - പാപികളായ് വരും.

**ഇപ്പരിചു** - ഇപ്രകാരം.

**വ്യവസ്ഥൈ ചെയ്യിച്ചേൻ** - ഇപ്രകാരം ഞാൻ വ്യവസ്ഥ ചെയ്യിച്ചു. ചെയ്യിച്ചേൻ - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**നെന്മലിമങ്കലത്തു ചുവാകര നാരായണമല സ്വസ്തി** - നെന്മനി മംഗലത്ത് സുവാകര നാരായണൻ അമലൻ സ്വസ്തി. നെന്മലിമങ്കലം - നെന്മനിമംഗലം, തത്ഭവം വഴി നെന്മനിമംകലം, ഇതിന് സവർണ്ണനം സംഭവിച്ച് നെന്മനിമങ്കലം, ങകാരാഗമം. പദമധ്യത്തിൽ വർണ്ണവികാരം ന/ല വിനിമയം. അമല - പവിത്രമായ, സ്വസ്തി - മംഗളം.

**4.2.1.5 അയിരാണിക്കളം വട്ടെഴുത്തു ശിലാരേഖ 3**

**സ്വസ്തി ശ്രീ** - മംഗളവും ഐശ്വര്യവും ഭവിക്കട്ടെ.

**വല്ലഭാട ഗിരിജാ ഗൃഹാരയൊരുത്തമദ്വിജ** - പാർവ്വതീഗൃഹമായ ഇവിടെയുള്ള ഉത്തമദ്വിജർ.

**ഗണാധിവാസയോ:** - ഒരുമിച്ചധിവസിക്കുന്ന

**സംസ്ഥിതോ** - കൂടിക്കലർന്ന, കൂടിച്ചേർന്ന.

**ഹരിഹരോ** - ഹരിയും ഹരനും.

**സമായുതോ** - നന്നായിച്ചേർന്ന, നന്നായി ചേർന്ന.

**രമെതന** - രമിച്ച്, സന്തോഷിച്ച്.

**ഭുവ** - ഭൂമി

**ഭൗമൊ** - ഭൂമിയെസംബന്ധിച്ച്.

**തത ശേഷത:** - അതിന് ശേഷം, അവിടെ ബാക്കിയായത്.

**കുമ്പത്തുൾ** - കുംഭത്തിൽ, കുംഭ രാശിയിൽ തത്ഭവം. പദാന്ത്യത്തിൽ ഇൽ എന്ന ആധാരികാവിഭക്തി പ്രത്യയത്തിനു പകരം ഉൾ എന്ന പ്രത്യയം വരുന്നു.

**വിയാഴന്നിർക്ക** - വ്യാഴം നിൽക്കേ. വിയാഴം - വ്യാഴം, തത്ഭവം. നിർക്ക - നിൽക്ക, പദമധ്യത്തിൽ വർണ്ണവികാരം ല/റ വിനിമയം.

**വിരിച്ചിക ഞായിറ്റു** - വൃശ്ചിക മാസത്തിൽ. വിരിച്ചികം - വൃശ്ചികം,തത്ഭവം. ഞായിറ്റു - ഞായർ, മാസം.

**തിരുവല്ല വാഴ് ഊരും** - തിരുവല്ല വാഴ് ഗ്രാമത്തിലെ ഊർ അധികാരിയും.

**അയിരാണിക്കളത്തൂരും** - അയിരാണിക്കളം ഗ്രാമത്തിലെ ഊര് അധികാരിയും.

**ഇരണ്ടു കിരാമത്തിർ പൊതുവാളും** - രണ്ടു ഗ്രാമത്തിലെ പൊതുവാൾമാരും. കിരാമത്തിർ - കിരാമത്തിൽ, ഗ്രാമത്തിൽ, തത്ഭവം. പദാന്ത്യത്തിൽ ല/റ വിനിമയം. പൊതുവാൾ - ക്ഷേത്ര കാര്യനിർവ്വഹണ പ്രധാനി.

**അവിരോതത്താൽ** - വിരോധം കൂടാതെ, തത്ഭവം.

**കൂട്ടങ്കൂടി** - കൂട്ടം + കൂടി, ഒരുമിച്ചിരുന്ന്. കൂട്ടങ്കൂടി - സവർണ്ണനം സംഭവിച്ച രൂപം.

**മുക്കാൽ വട്ടത്തിരുന്തു ചെയ്ത** - ക്ഷേത്രത്തിലിരുന്നു ചെയ്ത. താലവ്യാദേശം സംഭവിക്കാത്ത പദം.

**കാരിയമാവതു** - കാര്യമാകുന്നത്. കാരിയം - കാര്യം, തത്ഭവം. ആവതു - ആകുന്നു.

**തിരുവല്ല വാഴ് മുക്കാൽവട്ടമും** - തിരുവല്ല വാഴ് മുക്കാൽവട്ടവും. മുക്കാൽവട്ടവും - മുക്കാൽവട്ടമും. പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**അയിരാണിക്കളത്തുമുക്കാൽവട്ടമുഞ്ചെരാകേശ്വരമും** - അയിരാണിക്കളത്തെ ക്ഷേത്രവും ചേരകേശ്വരവും.

**ഇമ്മൂന്റു മുക്കാൽവട്ടം** - ഈ മൂന്ന് മുക്കാൽ വട്ടം, ഈ മൂന്ന് ക്ഷേത്രം. **മൂന്റു** - അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**മൂന്റിനുക്കുള്ള** - മൂന്നിനുമുള്ള

**ചേരിക്കലും** - ചേരിക്കൽ ഭൂമിയും

**അരുത്തമും** - അർത്ഥവും, തത്ഭവം. അർത്തവും - പദമധ്യത്തിലും പദാന്ത്യത്തിലും വർണ്ണവികാരം സംഭവിച്ചിരിക്കുന്നു.

**വിക്കുമ്മാനമും** - വിക്കും മാനവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**അവമാനമും** - അവമാനവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**എവ്വകൈപ്പട്ടതും** - എ + വകൈ + പട്ട + അത് + ഉം, എല്ലാവകയിൽ ഉൾപ്പെട്ടതും. എ - എല്ലാം, വകൈ - വക, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. പട്ട - ഉൾപ്പെട്ട, അത് - അവ, ഉം - സമുച്ചയനിപാതം. സന്ധിയിൽ - എ + വകൈ - എവ്വകൈ, വകാരാഗമം. എവ്വകൈ + പട്ട - എവ്വകൈപ്പട്ട, പകാര ദ്വിത്വം. എവ്വകൈപ്പട്ട + അത് - എവ്വകൈപ്പട്ടത്, അകാര ലോപം. എവ്വകൈപ്പട്ടത് + ഉം - എവ്വകൈപ്പട്ടതും, സംവൃതോകാര ലോപം.

**നമുക്കാക്കുമേൻ** - നമുക്കാക്കും എന്ന്

**ഏകഗ്രാമമഞ്ചെയ്തതു** - ഏകഗ്രാമമായി ചെയ്തു. ഏകഗ്രാമം + ചെയ്തു - ഏകഗ്രാമഞ്ചെയ്തു, സവർണ്ണനം ഞകാരാഗമം. ഏകഗ്രാമം എന്നാൽ മൂന്നു ഗ്രാമത്തിനും തുല്യത.

**ഒന്റൊന്റിർകു** - ഒന്നൊന്നിനായി, ഓരോരുത്തർക്കും, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**വിരോതമുള്ള** - വിരോധമുള്ള, തത്ഭവം.

**പൊഴുതുകെട്ട** - നേരം തെറ്റിയ, കാലം തെറ്റിയ. പൊഴുതു - സമയം, കാലം. കെട്ട - കെടുക, തെറ്റുക.

**ഊരാളന്റൻ മേർ** - ഊരാളന്റെ മേൽ. ഊരാളൻതൻ, സവർണ്ണനം സംഭവിച്ചപദം. പദാന്ത്യത്തിൽ വർണ്ണവികാരം, മേർ - മേൽ, ല/റ വിനിമയം.

**അട്ടൈയും** - അട്ടുകയും, നൽകുകയും, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**പാരാതേയ് ചെന്റു** - പാരാതെ ചെന്നു, വൈകാതെ ചെന്നു. പാരാതെ - വൈകാതെ. ചെന്റു - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ചുകതുക്കപ്പെടക്കടവൻ** - ചുക + തുക്ക + പട + കടവൻ, അവൻ സുഖദുഃഖപ്പെടുന്നതിന് കടപ്പെട്ടിരിക്കുന്നു. ചുക - സുഖം, തത്ഭവം, തുക്ക - ദുഖഃം, തത്ഭവം, പട - പടുക, കടവൻ - കടപ്പെട്ടവൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ഇപ്പരിചു ചെയ്യാതവൻ** - ഇപ്രകാരം ചെയ്യാത്ത അവൻ.

**ഇരണ്ടു കിരാമത്തിനും** - രണ്ടു ഗ്രാമത്തിനും.

**അതികാരമുങ്കെട്ടു** - അധികാരവും കെട്ട്, സവർണ്ണനം സംഭവിച്ച പദം.

**ഊരകത്തു** - ഊരിന്റെ അകത്ത്.

**കുടി ഇരുക്കവും** - കുടിയിരിക്കുകയും, താമസിക്കുകയും.

**പെറാൻ** - പാടില്ല.

**ഇവനു തുണൈ പറൈയും** - ഇവനു തുണ പറയും, തുണൈ - തുണ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. പറൈയും - പറയും, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ഊരാളനും** - ഊരിനെ ആളുന്നവനും.

**ഇവനോടൊക്കും** - ഇവൻ ചെയ്ത പ്രവൃത്തിയോടൊപ്പം പരിഗണിക്കപ്പെടും.

**ഇതിനുക്കമൈഞ്ച** - ഇതിനായി ഏർപ്പാടാക്കിയ. അമൈഞ്ച - ഏർപ്പാടാക്കിയ, പദമധ്യത്തിൽ സ്വരസംവരണവും താലവ്യാദേശവും സംഭവിക്കാത്ത പദം.

**കച്ചമാവതു** - കച്ചം ആകുന്നത്.

**കൈയണവാരത്തിനുക്കുങ്കാരൈക്കാർകും** - കൈയണവാരത്തിനും കാരക്കാർക്കും. ക്കുങ്കാരൈക്കാർക്കും എന്നിടത്ത് സവർണ്ണനം, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**അമൈഞ്ച** - ഏർപ്പാടാക്കിയ

**കച്ചമേവ കച്ചം** - കച്ചം ഏവ കച്ചം. കച്ചമാകുന്ന കച്ചം.

**4.2.1.6 നെടുമ്പുറം തളി കോത ഇരവി വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - മംഗളവും ഐശ്വര്യവും ഭവിക്കട്ടെ.

**കോ** - കോ, രാജാവ്.

**കോതൈ ഇരവിക്കു** - കോത ഇരവിക്കു, കോതൈ - സ്വരസംവരണം സംഭവിക്കാത്ത വ്യക്തിനാമം. പദാന്ത്യത്തിലെ ക്കു ഉദ്ദേശികാവിഭക്തി പ്രത്യയം.

**പതിനേഴാമാണ്ടു** - പതിനേഴാം വർഷം.

**മിതുനത്തിൽ** - മിഥുനത്തിൽ, മിഥുന മാസത്തിൽ, തത്ഭവം.

**വിയാഴന്നിർക** - വ്യാഴം നിൽക്കേ, വിയാഴം + നിർക, വിയാഴം - വ്യാഴം, തത്ഭവം. നിർക - നിൽക്ക, പദമധ്യത്തിൽ വർണ്ണവികാരം ല/റ വിനിമയം.

**നിത്യവിചാലേശ്വരത്തു** - നിത്യവിചാരേശ്വരത്തെ, പദമധ്യത്തിൽ വർണ്ണവികാരം ര/ല വിനിമയം.

**തളിയാരും** - തളി + ആർ + ഉം, തളിയിലെ അധികാരികളുടെ അധികാരി.

**തളി അതികാരികളും** - തളിയിലെ അധികാരികളും, തത്ഭവം.

**വെൺപൊലി നാടുടൈയ കോതൈ ഇരവി ഉൾപാട്ടിൽ** - വെൺപൊലി + നാടു + ഉടൈയ + കോതൈ ഇരവി + ഉൾപ്പാട് + ഇൽ, വെൺപൊലി നാടുടയവനായ കോത ഇരവിയെന്ന ബഹുമാന്യനും. ഉടൈയ - ഉടയവൻ, ഉടമസ്ഥൻ, സംബന്ധികാവിഭക്തി പ്രത്യയം, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത വിഭക്തി പ്രത്യയം. ഉൾപ്പാട് - ബഹുമാന്യദേഹം. സന്ധിയിൽ - നാടു + ഉടൈയ - നാടുടൈയ, വിവൃതോകാര ലോപം. ഉൾപ്പാട് + ഇൽ - ഉൾപാടിൽ, സംവൃതോകാര ലോപം. ഉൾപ്പാട്ടിൽ വർണ്ണവികാരം മൂലം ടകാരത്തിന് ദ്വിത്വം.

**അരുള്ളിരുന്തു** - അരുളി + ഉൾ + ഇരുന്തു, എഴുന്നള്ളി അകത്തിരുന്ന്, അരുളി - എഴുന്നള്ളി. ഉൾ - ഉള്ളിൽ, അകത്ത്. ഇരുന്തു - ഇരുന്നു, താലവ്യാദേശം സംഭവിക്കാത്ത പദം. സന്ധിയിൽ - അരുളി + ഉൾ - അരുള്ള്, ഇകാരലോപം. അരുള്ള് + ഇരുന്ത് - അരുള്ളിരുന്ത്, സംവൃതോകാര ലോപം.

**ചെയ്ത** - ചെയ്തു കഴിഞ്ഞ, തയ്യാറാക്കിയ.

**കച്ചമാവതു** - കച്ചം + ആവതു, കച്ചം ആകുന്നത്.

**ഉക്കിരമങ്കലമുവിയാനമങ്കലമുഞ്ചെന്നടൈകുടിതു** - ഉക്കിരമങ്കലം + ഉം + വിയാന മങ്കലം + ഉം + ചെന്നടൈ + കുടിതു, ഉക്കിരമങ്കലം - ഉഗ്രമംഗലം, തത്ഭവം, സ്ഥല നാമം. ഉം - സമുച്ചയ നിപാതം. മിയാന മങ്കലം - ഈശാന മംഗലം, തത്ഭവം, പദാദിയിൽ യ/ശ വിനിമയം. സ്ഥലനാമം. ചെന്നടൈ - ചെന്നട, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം, സ്ഥല നാമം.

**ഇതു** - ഇത്

**ചൈനുത്താഴ്വാരത്തു** - ചൈനു + താഴ്വാരം + അത്ത് + ഉ, ചൈനുത്താഴ്വാരത്തെ. ചൈനു - താഴ്വരയുടെ പേര്. താഴ്വാരം - മലയുടെ താഴെയുള്ള ചെരിവു പ്രദേശം. അത്ത് - ഇടനില, ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ചൈനു + താഴ്വാരം - ചൈനുത്താഴ്വാരം, തകാര ദ്വിത്വം, താഴ്വാരം + അത്ത് - താഴ്വാരത്ത്, മകാര ലോപം, അത്ത് + ഉ - അത്തു, സംവൃതോകാര ലോപം.

**കടുല പാട്ടമളക്ക** - കടുല + പാട്ടം + അളക്ക, കടുല പാട്ടം അളക്കുന്നതിന്.

**കടവിയ** - കടപ്പെട്ട

**നെല്ലിടങ്കഴിയാൽ** - നെല്ല് + ഇടങ്കഴി + ആൽ, നെല്ലിടങ്ങഴിയാൽ.

**മുന്നൂറ്റുക്കല** - മുന്നൂറു കലം

**ഇതിനാർ** - ഇതിനാൽ, പദാന്ത്യത്തിൽ വർണ്ണവികാരം ല/റ വിനിമയം.

**തിരുവമിർതിനുക്കുമകമ്പടി** - തിരു + അമിർത് + ഇൻ + ഉ + ക്കു + ഉം + അകമ്പടി, തിരുവമൃതിനോടൊപ്പം. അകമ്പടി - കൂടെ, ഒപ്പം.

**മുപടിതുപാതുകുമൊരാണ്ടൈക്കു** - മുൻകൂട്ടി ഒരു വർഷത്തേക്ക്.

**വേണ്ടുന്നെൽ** - വേണ്ടുന്ന നെല്ല്.

**നൂറ്റൊൻപതിൻ** - നൂറ്റി ഒമ്പതിന്.

**കലമിരുപതിനാഴി** - കലം ഇരുപതു നാഴി.

**പകുവിലൈക്കുന്തിവികൈക്കുമെണ്ണൂറ്റ് നാഴി** - പകുവിലൈ + ക്കു + ഉം + തിവികൈ + ക്കു + ഉം + എണ്ണൂറ്റ് + നാഴി, പകുവിലക്കും, തിവികക്കുമായി എണ്ണൂറ് നാഴി. പകുവിലൈ - പകുവില, തിവികൈ - തിവിക, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദങ്ങൾ.

**കരതരവികട നങ്കൈമാർക്കും** - കര + തര + വികട + നങ്കൈ + ആർ + ക്കു + ഉം, കരതരവികടനങ്കമാർക്കും, നർത്തകികളായ സ്ത്രീകൾക്ക്. കരതര വികട - കരങ്ങൾ കൊണ്ട്, ഉടലു കൊണ്ട് തരം പോലെ ആട്ടം നടത്തുന്നവൾ. നങ്കൈ - നങ്ങ, നർത്തകി, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**അരിയ്ക്കു നൂറ്റപ്പത്തുനാർക്കലമൈയമ്പതിനാഴി** - അരി + ക്കു + നൂറ്റ് + പത്തു + നാർ + കലം + ഐമ്പത് + ഇൻ + നാഴി, അരിയക്കു നൂറ്റി നാൽപ്പത്തി നാല് കലം അമ്പതു നാഴി. നാർ - നാല്, വർണ്ണവികാരം പദാന്ത്യത്തിൽ ല/റ വിനിമയം, ഐമ്പത് - അമ്പത്, പദാദിയിൽ സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - അരി + ക്കു - അരിയ്ക്കു, ഉച്ചാരണ സുഖത്തിന് യകാരാഗമം. നൂറ്റ് + പത്തു - നൂറ്റ്പ്പത്തു, പകാര ദ്വിത്വം. നാർ + കലം - നാർക്കലം, കകാര ദ്വിത്വം. ഐമ്പത് + ഇൻ - ഐമ്പതിൻ, സംവൃതോകാര ലോപം.

**കരളനുക്കുമൊരവിയനുക്കും** - കരളൻ + ഉ + ക്കു + ഉം + ഒര് + അവിയൻ + ഉ + ക്കു + ഉം, കാരാളനും ഒരവിയനുമായി. കരളൻ - കാരാളൻ, ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം, ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം. ഉം സമുച്ചയ നിപാതം. അവിയൻ - നർത്തകൻ.

**പതിനുറു കലമെമതി നാഴി** - പതിൻ + നുറു + കലം + എമതി + നാഴി, ആയിരം കലം എൺപതു നാഴി, പതിനുറു - ആയിരം. എമതി - എൺപത്.

**നങ്കൈമാർക്കു** - നങ്കമാർക്ക്, സ്ത്രീകൾക്ക്.

**തമ്മവ്യം അമ്പത്തിനു** - തമ്മവ്യം + അമ്പത് + അതിനു, സംഭവ്യം അമ്പതിനു. തമ്മവ്യം - സംഭവ്യം, തത്ഭവം, അമ്പത് - അമ്പതിനെ കുറിക്കുന്ന സംഖ്യാവാചി.

**നിയതിപ്പടി** - നിയതി + പടി, നിയതിപ്പടി - നിത്യേനെ നൽകേണ്ടത്. സന്ധിയിൽ പകാര ദ്വിത്വം.

**ആളിയങ്കോടുക്കും** - ആളിയംകോട് എന്ന ദേശത്തേക്കും. ആളിയങ്കോട്, ആളിയംകോട് - സവർണ്ണനം ങകാരാഗമം.

**പരിചു** - ഏർപ്പാട്

**ചാത്തിരത്താലിരുനാഴിയരിയുമിരുനാഴിയു നാ** - ചാത്തിരം + അത്ത് + ആൽ + ഇരു + നാഴി + അരി + ഉം + ഇരു + നാഴി + നാ, ചാത്തിരത്താൽ ഇരുനാഴി അരിയും, ഇരുനാഴി നാഴിയാൽ. ചാത്തിരം - ശാസ്ത്രം, തത്ഭവം. അത്ത് - ഇടനില, ആൽ - പ്രയോജികാവിഭക്തി പ്രത്യയം. ഇരു - രണ്ട്. ശാസ്ത്രത്താൽ രണ്ടുനാഴിയും, രണ്ടു നാഴിയളക്കുന്ന നാഴിയാൽ.

**നട്ടവനുക്കു** - നട്ടവൻ + ഉ + ക്കു, നർത്തനം പഠിപ്പിക്കുന്നയാൾക്ക്.

**ചീവിതമ്മിളൈയിർക്കൊടുക്കു** - ചീവിതം + ഇളൈയിർ + കൊടുക്കു, ജീവിതം ഇളയ്ക്കുന്നതിന് കൊടുക്കുന്ന, ജീവിതവൃത്തിക്കായി നൽകുന്ന.

**നെല്ലിടങ്കഴിയാലിരുപതിൻ കലം** - നെല്ല് + ഇടങ്കഴി + ആൽ + ഇരു + പതിൻ + കലം. നെല്ല് ഇടങ്ങഴിയാൽ ഇരുപതു കലം.

**നമ്പി നാകർ** - നമ്പി നാഗർ, നമ്പി - ബ്രാഹ്മണൻ, നാകർ - നാഗർ, ശ്രേഷ്ഠൻ, തത്ഭവം.ബ്രാഹ്മണരിലെ ശ്രേഷ്ഠൻ.

**വാഴ്ക്കൈയാ** - വാഴ്ക്കയാ, ജീവിതത്തിനായി, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**നിയതിച്ചെല്ലുമരി** - നിയതി + ചെല്ലും + അരി, നിത്യം ചെലവാക്കേണ്ടുന്ന അരി.

**നാഴിയുരി** - നാഴി + ഉരി, ഉരി - നാഴിയുടെ പകുതി. ഒന്നര നാഴി.

**ആകച്ചെല്ലും** - ആകെ ചെല്ലേണ്ടുന്ന.

**മുറ്റു നാൾ പങ്കു** - മറ്റു നാളിലേക്കുള്ള പങ്ക്, പങ്കു - വീതം.

**ഒന്റു** - ഒന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത സംഖ്യാവാചി.

**നിയതി** - നിത്യം.

**അഞ്ഞാഴി അരി** - അഞ്ചുനാഴി അരി, അനുനാസികാതിപ്രസരം സംഭവിച്ച പദം.

**ചാന്തിക്കു** - ശാന്തിക്കു.

**കാണം പൊന്നും** - കാണം പൊന്ന്, കാണം - ഒരു നാണയം, പൊന്നളവ്, പത്തു കാണം ഒരു കഴഞ്ച്.

**നിയതി** - നിത്യം.

**ഒരു പിടി നെയ്** - നെയ്യ് ഒരു പിടി. പിടി ഒരു കൈപ്പത്തിയിൽ ഒതുങ്ങുന്നത്രയും അളവ് നെയ്യ്.

**നെയ്യെറുകും** - നെയ്യ് + എറുക് + ഉം, എറുക് - നെയ്യളവ്.

**പടകു മൂന്റു** - മൂന്നു പടക്.

**കാണം പൊൻ** - കാണം പൊന്ന്.

**പലാക്കാട്ടു ചേരിയുന്നെടുങ്കാടുന്താഴപത്തി പൂമിയുങ്കുറുവയലും** - പലാക്കാട്ടു + ചേരിയും + നെടുങ്കാട് + ഉം + താഴ്പത്തി + പൂമി + ഉം + കുറുവയൽ + ഉം, പലാക്കാട്ടു ചേരിയും, നെടുങ്കാടും, താഴ്പത്തി ഭൂമിയും, കുറുവയലും.

**പള്ളിപ്പുറമും** - പള്ളിപ്പുറവും, പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം.

**വെങ്കാവനൂരുമാടമണ്ണും** - വെങ്കാവനൂർ + ഉം + മാടമണ്ണ് + ഉം, വെങ്കാവനൂരും മാടമണ്ണും.

**മാറലുമ്മിളൈയാനൂരുമിയാനമങ്കലത്തു** - മാറൽ + ഉം + ഇളൈയാനൂർ + ഉം + ഇയാനമങ്കലം + അത്ത് + ഉ, മാറലും - മാറൽ എന്ന പ്രദേശവും, ഇളൈയാനൂരും - ഇളയാനൂരും, പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത ദേശനാമം, **ഇയാനമങ്കലം** - ഈശാനമംഗലത്തു, അനുനാസികാതിപ്രസരം സംഭവിക്കാത്ത ദേശനാമം.

**മാടമ്പി** - പ്രഭു.

**പൂമിയുമിവൈയിറ്റാർ** - പൂമി + ഉം + ഇവൈ + ഇറ്റാർ, ഭൂമിയും ഇവയും ഇതിനാൽ. ഇവൈ - പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെല്ലും** - ചെല്ലുന്ന.

**മുട്ടാവിളക്കട്ടു** - മുട്ടാ + വിളക്ക് + അട്ടു, മുടങ്ങാത്ത വിളക്ക് അർപ്പിക്കണം.

**ഇവൈയിറ്റിനിലാപത്താച്ചെല്ലും** - ഇവൈ + ഇറ്റി + ഇൻ + ഇൽ + ആപത്താ + ചെല്ല് + ഉം, ഇവയിനാൽ തെറ്റാതെ ചെല്ലുന്ന.

**മുട്ടാവിളക്കൊന്റു** - മുട്ടാ + വിളക്ക് + ഒന്റു, മുടങ്ങാവിളക്ക് ഒന്ന്. ഒന്റു - ഒന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പുതുവായാലും** - പുതുവായ് + ആൽ + ഉം, പുതുവായ് എന്ന ദേശത്താലും.

**പെരുകെൻറായറും** - പെരുകെ + എന്റ് + ഞായറും, വലുതായ മാസത്തിലും. എന്റ് - എന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പൂതപലിക്കു** - പൂത + പലി + ക്കു, ഭൂതബലിക്ക്. പൂത - ഭൂത, തത്ഭവം. പലി - ബലി, തത്ഭവം. ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തിങ്കട്** - തിങ്കൾ, മാസം. പദാന്ത്യത്തിൽ വർണ്ണവികാരം ള/ട വിനിമയം.

**പന്നിരു നാഴി അരി** - പന്ത്രണ്ട് നാഴി അരി, തത്ഭവം. പന്തിരു താലവ്യാദേശം സംഭവിച്ച് പന്നിരു.

**പ്പെരുമണകാട്ടാറ്റെറകിൻ വിളക്കു** - പെരുമണക്കാട്ട് + ആറ്റ് + എറക് + ഇൻ, പെരുമണക്കാട്ടെ ആറ്റിന്റെ എറകിനുള്ള വിളക്ക്.

**പന്നിരണ്ടു പങ്കു** - പന്ത്രണ്ടു പങ്ക്.

**കണപതി അളയടത്താലറുപ(ത്തി)** - കണപതി + അളയടം + അത്ത് + ആൽ + അറുപ, കണപതി - ഗണപതി, തത്ഭവം. അളയടം - അളക്കും ഇടം, അത്ത് - ഇടനില, ആൽ - പ്രയോജികാവിഭക്തി പ്രത്യയം. അറുപ - അറുപത്.

**ഇരണ്ടൈ** - രണ്ട്, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**പുരൈയിടത്താ** - പുരൈ + ഇടം + അത്ത് + ആ, പുരയിടത്താൽ. പുരൈ -പുര, വീട് പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്തത്. ഇടം - സ്ഥലം, പദാന്ത്യത്തിലെ ദീർഘിച്ച ആകാരം പ്രയോജികാവിഭക്തി പ്രത്യയമായ ആലിന് സമാനമാണ്.

**നാലു പങ്കു** - നാലു വീതം.

**ചിറുകൊട്ടാരെട്ടു പങ്കു** - ചിറു കൊട്ടാരർക്ക് എട്ടു വീതം.

**ഇ** - ഈ

**ഇട്ടിയൈക്കാടർ പുരൈയിടമു** - ഇട്ടിയൈ + കാടർ + പുരൈ + ഇടം + ഉ, ഇട്ടിയക്കാറുടെ പുരയിടവും. ഇട്ടിയൈ - ഇട്ടിയെ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത രൂപം.

**നാരായണൻ ചാത്തൻ** - നാരായണൻ ചാത്തന്റെ

**പുരൈയിടമുമിവൈയിറ്റിലിരണ്ടു പങ്കു** - പുരൈ + ഇടം + ഉം + ഇവൈറ്റ് + ഇൽ + ഇരണ്ടു + പങ്കു, പുരയിടവും ഇവയിൽ രണ്ടു പങ്കു.

**ഇവൈ** - ഇവ, പദാന്ത്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം.

**നാൾ** - നാള്, ദിവസം.

**പങ്കിന്നിട്ടൻ്റെ** - പങ്കിനിട്ട അന്നേ

**അമൈന്ത** - അമച്ച, ഏർപ്പാടാക്കിയ താലവ്യാദേശം സംഭവിക്കാത്ത പദം.

**കൺകാണി കാട്ടും** - കൺ കാണിച്ച് കാട്ടും, ബോധ്യപ്പെടുത്തിയെന്ന് പ്രയോഗാർത്ഥം.

**കട്കിട്ട പൂമിയാനിയതി** - കരക്കിട്ട ഭൂമി.

**പണി** - പ്രവൃത്തി.

**കടവിയർ** - കടപ്പെട്ടവർ.

**ഒരു പണി മുട്ടിലിടങ്കഴിയാനാഴി അരി** - ഒരു + പണി + മുട്ട് + ഇൽ + ഇടങ്കഴി + നാഴി + ആൽ + നാഴി + അരി, ഒരു പണി മുടങ്ങിയാൽ ഇടങ്ങഴിനാഴിയാൽ നാഴി അരി.

**ഒര് പൊഴ(തു) മുട്ടുകിലിരണ്ടരൈക്കാണം** - ഒരു സമയം മുടങ്ങിയാൽ രണ്ടരക്കാണം.

**എല്ലാം മുട്ടിൽ** - എല്ലാം മുടങ്ങിയാൽ.

**ഏഴരൈ കാണന്തണ്ടപ്പടുവതു** - ഏഴരൈ + കാണം + തണ്ടം + പടുവതു. ഏഴര കാണം ദണ്ഡമായി നൽകണം.

**അറപുറൈയും** - അറ + പുറൈ + ഉം, അറയും പുറയും.

**അത്തിയക്കുഴി** - അത്തിയ + കുഴി, അത്തിയക്കുഴി, കുഴി - ആഴമുള്ള സ്ഥലം.

**നൈയാരുരി** - നെയ് + ആൽ + ഉരി, നെയ്യാലുരി. വർണ്ണവികാരം സംഭവിച്ച് ആൽ , ആർ ആയി. ല/റ വിനിമയം.

**കൊടുപ്പതു** - കൊടുക്കണം.

**തിരുക്കോയിലു** - തിരു + കോയിൽ + ഉ, മഹാക്ഷേത്രം, ഇവിടെ കോവിലധികാരിയെന്ന് പ്രയോഗാർത്ഥം.

**കുറൈവിനാലാരാതനൈ മുട്ടുകിർ** - കുറൈവ് + ഇൻ + ആൽ + ആരാതനൈ + മുട്ടുകിർ, കുറവിനാൽ ആരാധന മുടങ്ങിയാൽ.

**പന്നിരണ്ടു കാണന്തണ്ടപ്പടുവതു** - പന്നിരണ്ടു + കാണം + തണ്ടപ്പടുവതു, പന്ത്രണ്ടു കാണം പിഴയൊടുക്കണം.

**ചാന്തിയാ*നു*മിത്തണ്ടമേ പടുവതു** - ചാന്തി + ആൻ + ഉം + ഇ + തണ്ടം + എ + പടുവതു, ശാന്തിയാനും ഇതേ പിഴതന്നെ നൽകണം. ചാന്തിയാൻ - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ചിത്തിരൈ വിടുന്തോറുങ്കൂടി*നാ*ർ** - ചിത്തിര + വിടും + തോറും + കൂടി + ഇൻ + ആർ, ചിത്തിര കഴിയും മുമ്പ് അവർ കൂടിച്ചേർന്ന്. കൂടിനാർ - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കൂടിച്ചാന്തി** - കൂടി + ചാന്തി, കൂടി ശാന്തി, ശാന്തിയും കൂടി.

**പെരുമാളൈ** - പെരുമാളെ, സ്വരസംവരണം സംഭവിക്കാത്ത പദം. പെരുമാൾ - ദേവൻ, രാജാവ് എന്നീ അർത്ഥങ്ങളുണ്ട്.

**പുന്നൈയാലിരുപത്തൈങ്കഴഞ്ചു** - പുന്നൈ + ആൽ + ഇരുപത്ത് + ഐം + കഴഞ്ച് + ഉ, പുന്നൈ - പുന്ന, ചുറ്റിലും വെള്ളം നിറഞ്ഞു നിൽക്കുന്ന കൃഷിയിടം, സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെമ്പൊൻറ്റണ്ടപ്പടുവതു** - ചെമ്പൊൻ + തണ്ടം + പടുവതു, ചെമ്പൊന്ന് ദണ്ഡമായി നൽകണം. ചെമ്പൊന്ന് - തങ്കം, ചെമ്പ് ചേർക്കാത്ത സ്വർണ്ണം. സന്ധിയിൽ - ചെമ്പൊൻ + തണ്ടം - ചെമ്പൊൻറ്റണ്ടം, തകാരത്തിന് റകാരം കൊണ്ട് ആദേശം.

**ഇത്തണ്ടമിട്ടന്റിത്തമ്മതികാരഞ്ചെയ്യപ്പെറാർ-** ഇ + തണ്ടം + ഇട്ട് + അന്റി + തം + അതികാരം + ചെയ്യ + പെറ് + ആർ, തമ്മതികാരം - സമ്മതി ഈ പിഴയിട്ട അന്ന് സ്വന്തം അധികാരം പ്രയോഗിക്കാൻ പാടില്ല.

**കലിയുകന്നാലായിരത്തുമുപ്പത്** - കലി + യുകം + നാലായിരം + അത്ത് + ഇ + മുപ്പത്, കലിയുഗം നാലായിരത്തി മുപ്പത്. കലിയുഗം പിറന്നിട്ട് ഇത് തയ്യാറാക്കിയനാൾ 4030 വർഷം പിന്നിട്ടിരിക്കുന്നു.

### 4.2.1.7 നെടുമ്പുറം തളി കോവിന്തശ്വരൻ കോത വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോവിന്തേശ്വരകോതൈക്കുച്ചെല്ലാനിന്റയാണ്ടു** - കോ + ഇന്തു + ഈശ്വരൻ + കോതൈ + ക്കു + ചെല്ലാൻ + നിന്റ + ആണ്ടു, രാജാവ് ഇന്ദേശ്വരൻ കോതക്ക് ചെന്നു നിന്ന വർഷം.

**പതിനോരാമാണ്ടെക്കെതിര ആറാമാണ്ടു** - പതിനൊന്നിനെതിരായ ആറാ വർഷം, പതിനേഴാം വർഷം.

**കന്നിയിൽ** - കന്നി മാസത്തിൽ.

**വിയാഴന്നിൽക്ക** - വ്യാഴം നിന്ന.

**നിത്യവിയാരേചുവരത്തുപ്പതിനെട്ടുനാട്ടാരും** - നിത്യ + വിയാരേചുവരം + അത്ത് + ഉ + പതിനെട്ടു + നാട്ടാർ + ഉം, നിത്യവിചാരേശ്വരത്തെ പതിനെട്ടുനാട്ടാരും.

**അതികാരികളും** - അധികാരികളും.

**അവിരോതത്താൽ** - വിരോധമില്ലാതെ.

**നെടുമ്പുറൈയൂർ നാടുടൈയ** - നെടുമ്പുറയൂർ നാടുടയ, നെടുമ്പുറയൂർ നാടുവാഴുന്ന.

**മണൽമന്റത്തു ഇയക്കൻ ഇന്തി കോപുതന്നുള്ളിരുന്തു** - മണൽമന്റത്തു + ഇയക്കൻ + ഇന്തികോപുതൻ + ഉൾ + ഇരുന്തു, മണൽമന്റത്തു ഇയക്കൻ ഇന്തികോപുതൻ ഉള്ളിരുന്ന്, മണലമന്നത്തു യക്ഷൻ ഇന്ദുകോബുദ്ധൻ ഉള്ളിൽ ഇരുന്ന്.

**പെരുമാളർ പാടണഞ്ഞ ചേന്നൻ** - പെരുമാൾ + അർ + പാട് + അണഞ്ഞ + ചേന്നൻ, ബഹുമാന്യമായ പെരുമാളർപാട് സ്ഥാനിയായ ചേന്നൻ

**ഉടൈയ** - ഉടയ, ഉടമസ്ഥതയിലുള്ള.

**തേവമ്പിൽ മുക്കാൽവട്ടത്തിരുന്തു** - തേവമ്പിൽ ക്ഷേത്രത്തിലിരുന്നു, താലവ്യാദേശം സംഭവിക്കാത്ത പദം.

**ചെയ്ത** - തയ്യാറാക്കിയ

**കച്ചമാവതു** - കച്ചം ആകുന്നത്, ഏർപ്പാടാകുന്നത്.

**അക്കിരത്തി*ന്ന*മഞ്ഞ** - അക്കിരത്തിന് + അമഞ്ഞ, അക്കിരത്തിന് ഏർപ്പാടാക്കിയ. **അക്കിരം** - അഗ്രം, ബ്രാഹ്മണർക്കുള്ള പ്രസാദ ഊട്ട്.

**പൂമി** - ഭൂമി.

**ഉക്കിരമങ്ങലം** - ഉഗ്രമംഗലം.

**ഇട്ടനാളുമവ*ന്നു*** - ഇട്ടനാളും അവൻ.

**ഇച്ചെയ്തു** - ഇത് ചെയ്തു.

**താഴ്വാരത്തു** - താഴ്വാരത്തെ

**അനുവിയായ വിഴുവി*ന്നും*** - അനുവ്യാഴ വിഷുവിനും. അനുവിയായം - അനുവ്യാഴം, തത്ഭവം, വിഴു - വിഷു, വർണ്ണവികാരം, ഷ/ഴ വിനിമയം.

**ചിത്തിരൈ വിഴുവിന്നും** - ചിത്തിര വിഷുവിനും. ചിത്തിരൈ - ചിത്തിര മാസം, സ്വരസംവരണം സംഭവിക്കാത്ത പദം.

**നെല്ലളക്കക്കടവൻ** - നെല്ലളക്കാൻ കടപ്പെട്ടിരിക്കുന്നു.

**വിഴുവി*ന്നു* മുൻ** - വിഷുവിന് മുമ്പ്.

**ഇതൊഴിയിൽ** - ഇതൊഴിവായാൽ, നെല്ല് അളക്കാതിരുന്നാൽ.

**ഇറ** - നികുതി.

**നാ*നാ*ഴിപ്പറ്റും** - നാലു നാഴി പറ്റുള്ളത്. പറ്റ് - നൽകാനുള്ളത്.

**ചങ്കിരാന്തിക്കു** - സംക്രാന്തിക്കു, തത്ഭവം.

**ഇരട്ടി** - രണ്ടുമടങ്ങ്.

**അളക്കക്കടവർ** - അളക്കാൻ കടപ്പെട്ടിരിക്കുന്നു.

**അള്ളാതൊഴിയിൽ** - അളക്കാതെ ഒഴിയിൽ, അളക്കാതിരുന്നാൽ.

**ഉക്കിരമങ്ങലം** - ഉഗ്രമംഗലം.

**ആട്ടൈക്കാണകൊൾവിതു** - ആട്ടൈ + കാണം + കൊൾ + ഇതു, ആട്ടൈ - ആണ്ട്, വർഷം, സ്വരസംവരണം സംഭവിക്കാത്ത രൂപം. ആണ്ടു കാണം കൊള്ളുന്നതാണ്. ഭൂമി പാട്ടത്തിന് നൽകുന്ന ഒരു രീതി.

**തിരുവക്കിരത്തി*ന്നു*** - തിരു + അക്കിരം + അത്ത് + ഇൻ + ഉ, ബഹുമാന്യമായ ബ്രാഹ്മണ പ്രസാദ ഊട്ടിന്.

**അളന്ന** - അളന്നെടുത്ത.

**നെൽ കൊണ്ടു** - നെല്ലാൽ, നെല്ലുപയോഗിച്ച്.

**അതികാരികളു** - അധികാരികൾ.

**കുടി** - കൂടി.

**കൊഴുമിട്ടു** - കോഴും + ഇട്ട്, പങ്കും നൽകി, കോഴ് - പങ്ക്.

**അരികൊണ്ടു** - അരിയാൽ, അരിയുപയോഗിച്ച്.

**ഉച്ചെതിരിഞ്ഞു ഒരടിക്കു** - ഉച്ചതിരിഞ്ഞ് നിഴൽ ഒരടിയിൽ നിൽക്കുമ്പോൾ.

**മതിലകത്തിരുന്ന** - മതിൽ + അകം + അത്ത് + ഇരുന്ന, ക്ഷേത്രത്തിനകത്തിരുന്ന, മതിലകം - ക്ഷേത്രം.

**പതി*നെ*ട്ടു നാട്ടാരൈക്കുടി** - പടിനെട്ടുനാട്ടാരെക്കൂട്ടി.

**അരി ഉലവ വെയ്പ്പിച്ചു** - അരി ഉലവ വെപ്പിച്ച്. ഉലവ - വെള്ളം വറ്റിച്ച്, ചോറ്.

**ഐയ്യടിയിൻ മു*ന്നെ*** - ഐ + അടി + ഇൻ + മുൻ + എ, അഞ്ചടിക്ക് മുമ്പ്. ഐ - അഞ്ച്.

**ആളതിക്കുമടിക്കൈക്കൊണ്ടു** - ആൾക്ക് വീതം അടിക്കൈ കൊണ്ടു, അടിക്കൈ - വലതു കൈ.

**ഉണ്ടിയൈ കൊടുത്തു** - ഹുണ്ടിക കൊടുത്ത്, ദക്ഷിണ കൊടുത്ത്. ഉണ്ടിയൈ - ഹുണ്ടിക, തത്തവം.

**ഊട്ടക്കടവൻ** - ഊട്ടുന്നതിന് കടപ്പെട്ടിരിക്കുന്നു.

**തളിയാഴ്വാൻ** - തളിയാളുന്നവൻ, വർണ്ണവികാരം, ള/ഴ വിനിമയം. തളിക്കധികാരി.

**ഊട്ടമിടാത നാൾ** - ഊട്ടം + ഇടാത + നാൾ, ഊഴം ഇടാത്ത ദിവസം. ഊട്ടം - ഊഴം, വർണ്ണവികാരം ഴ/ട വിനിമയം.

**കോഴപറ്റിയും** - പങ്കു പറ്റിയും, വീതം സ്വീകരിച്ചും.

**പൊതുവാളും** - ക്ഷേത്ര കാര്യനിർവ്വഹണ പ്രധാനിയും.

**കടം കൊണ്ടു** - കടം വാങ്ങിയും.

**ചെലുത്തക്കടവർ** - ചെലവാക്കാൻ കടപ്പെട്ടിരിക്കുന്നു.

**ചെലുത്തി*ന*** - ചെലുത്തിയ, ചെലവാക്കിയ. വർണ്ണവികാരം യ/ന വിനിമയം.

**മുതൽ** - സാധനം, ഉദാ - നെല്ല്.

**പൊലിഞ്ഞ** - പലിശക്കു നൽകിയ.

**വണ്ണം** - പ്രകാരം

**പാട്ടമിട്ടു** - പാട്ടം നൽകി

**ചെലവിടുവ്വതിൻ** - ചെലവ് + ഇടും + അതിന്, ചെലവിടുന്നതിന്. സന്ധിയിൽ - ഇടും + അതിന് - ചെലവിടുവതിന്, വകാരത്തിന് ശ്രദ്ധക്കുറവിനാൽ ദ്വിത്വം.

**മു*ന്നെ*** - മുമ്പേ.

**തിരിക്ക കടവർ** - തിരികെ നൽകാൻ കടപ്പെട്ടിരിക്കുന്നു.

**തളിയാരും** - തളി + ആർ + ഉം, തളിയധികാരിയും.

**തളിയതികാരരും** - തളി + അതികാരി + അർ + ഉം, തളി അധികാരികളും.

**ഇന്നെൽ** - ഈ നെല്ല്.

**തരുവതി*ന്നു*** - തരും + അതിന് + ഉ, തരുന്നതിന്.

**ഇരുകാപ്പുറൈയും** - രണ്ടു കാപ്പുറയും, കാപ്പുറൈ - കാപ്പുറ, സ്വരസംവരണം സംഭവിക്കാത്ത പദം.

**പതി*നെ*ട്ടു നാട്ടാരുമതികാരിയും** - പതിനെട്ടു നാട്ടാരും അവരുടെ അധികാരിയും.

**തളിയാൾവാൻ** - തളിയാളുന്നവൻ, തളിക്കധികാരി.

**വിളിക്കച്ചെല്ലാതൊഴിയിലും** - വിളിക്ക + ചെല്ലാതൊഴിയ് + ഇൽ, വിളിക്കാൻ ചെല്ലാതൊഴിവായാലും, വിളിക്കാൻ ചെല്ലാതിരുന്നാലും.

**കുറൈവു തീർത്തെ** - കുറവു തീർത്തേ. കുറൈവു - കുറവു, സ്വരസംവരണം സംഭവിക്കാത്ത പദം.

**കുടി** - കൂടി

**പതിനെട്ടു നാട്ടാനും** - പതിനെട്ടു നട്ടാരിലെ പ്രതിനിധിയും.

**അമൈഞ്ചാലത്തു** - അമൈച്ച + ആൽ + അത്ത് + ഉ, ഏർപ്പാടാക്കിയതിനാലുള്ളത്.

**വിളിയാതൊഴിവതും** - വിളിക്കാതെ ഒഴിവാകുന്നതും.

**കുറൈ പതിഞ്ഞ്** - കുറ പതിഞ്ഞ്, കുറവ് നൽകി.

**കൽപിച്ചുവെയ്ത്തളിയാഴ്വാനും** - കൽപിച്ചു + വെയ് + തളി + ആഴ്വാനും, കൽപ്പിച്ചത് തളിയാൾവാനും വെക്കണം.

**അമൈഞ്ഞ വണ്ണം** - ഏർപ്പെടുത്തിയ പ്രകാരം.

**ചെലുത്താതെ** - ചെലവാക്കാതെ.

**താഴൻതിയും** - താഴൻതിയെന്ന ചുമതലക്കാരനും.

**പൊതുവാളും** - പൊതുവാളെന്ന ചുമതലക്കാരനും.

**അകപ്പൊതുവാളുമി കുറൈവിനാൽ** - അകത്തെ പൊതുവാളും ഈ കുറവിനാൽ, ഈ കുറവു കൊണ്ട്.

**മുട്ടുകിലും** - മുടങ്ങിയാലും.

**വെപ്പിതും** - വെപ്പ് + ഇതും, വെച്ചത്.

**കൈയാൽ** - കൈ കൊണ്ട്.

**ഇരുപത്തു ഐങ്കഴഞ്ചു** - ഇരുപത്തഞ്ചു കഴഞ്ച്.

**ചെമ്പൊൻ** - തങ്കം.

**തണ്ടപ്പടുവതു** - പിഴ നൽകണം.

**ഇതിന്നനുപന്തം** - ഇതിന് അനുബന്ധം.

**ചെയ്യ്യുമവനുമിത്തണ്ടമെ** - ചെയ്യ് + ഉം + അവൻ + ഉം + ഇ + തണ്ടം + എ, ചെയ്യുന്നവനും ഇതേ പിഴയാണ്.

**പടക്കടവൻ** - പട + കടവൻ, പട - പടുക, നൽകുക, നൽകാൻ കടപ്പെട്ടിരിക്കുന്നു.

**ഇത്തണ്ടമിട്ടന്റിത്തന്റെറൈയിടുത്ത്** - ഇ + തണ്ടം + ഇട്ട + അന്റി + തന്റെ + എറൈ + ഇടുത്ത്, ഈ ദണ്ഡം ഇട്ട അന്ന തന്റെ ഇറയെടുത്ത്. എറൈ - എറ, ഇറ, നികുതി, പദാദിയിൽ വർണ്ണവികാരം ഇ/എ വിനിമയം. ഇടുത്ത് - എടുത്ത്, പദാദിയിൽ വർണ്ണവികാരം എ/ഇ വിനിമയം.

**ചെല്ലപ്പെറാൻ** - ചെല്ല + പെറ + ആൻ, ചെല്ല - ചെല്ലുക, പോകുക. പെറ - വിലക്ക്. ആൻ - പുരുഷഭേദ പ്രത്യയം. ചെല്ലപ്പെറാൻ - അവൻ ചെല്ലാൻ പാടില്ല. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ആടുമവനും** - ആടും + അവൻ + ഉം, ക്ഷേത്രത്തിൽ ആടുന്നവൻ, പ്രവൃത്തിക്കാരൻ.

**അരികുത്തുമ(ാ)ൾ** - അരികുത്തുന്ന ആൾ, ആൾ - വ്യക്തി.

**കുറൈവിനാലും** - കുറവിനാലും. സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇ ചെയ്യും** - ഈ ചെയ്യും.

**വിറകിടുമവൻ** - വിറക് ഇടുന്നവൻ.

**കുറൈവിനാലും** - കുറവിനാലും.

**മുട്ടുകിൽ** - മുടങ്ങിയാൽ.

**അരിയിരട്ടി** - അരി രണ്ടു മടങ്ങ്.

**പടുവതു** - നൽകണം.

**നാലുനാളൈക്കു അഞ്ചാന്നാൾ** – നാലു + നാളൈ + ക്കു + അഞ്ച് + ആം + നാൾ, നാളൈ – നാൾ, സ്വരസംവരണം സംഭവിക്കാത്ത പദം. ആം – ആമത്. അഞ്ചാംനാൾ – അഞ്ചാന്നാൾ, മകാരത്തിന് നകാരാദേശം.

**മുക്കാൽ വട്ടത്തിരുന്ന** – ക്ഷേത്രത്തിലിരുന്ന.

**പതിനെട്ടു നാട്ടാരും** – പതിനെട്ടുനാട്ടാർ സമിതിയും.

**അതികാരികളും** – അധികാരികളും.

**മുട്ടിച്ചവരൈക്കളഞ്ഞവക്കടവർ** – മുട്ടിച്ച + അവർ + ഐ + കളഞ്ഞ + അവ + കടവർ, മുടക്കിയവരെ ഒഴിവാക്കാൻ അവർ കടപ്പെട്ടിരിക്കുന്നു. മുട്ടിച്ചവരൈ – മുട്ടിച്ചവരെ, സ്വരസംവരണം സംഭവിക്കാത്ത പദം. കടവർ – കടപ്പെട്ടവർ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**നെടുമ്പുറൈയൂർ നാടുടൈയു** – നെടുമ്പുറയൂർ നാടുവാഴുന്ന.

**മന്റത്തു ഇയക്കനിന്തിരായിത്തനമച്ച അക്കിരം** – മന്റത്തു + ഇയക്കൻ + ഇന്തിരായിത്തൻ + അമച്ച + അക്കിരം, മൻത്തു യക്ഷൻ ഇന്ദ്രാദിത്യൻ ഏർപ്പാടാക്കിയ അക്കിരം. മന്റത്തു – അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ഇയക്കൻ ഇന്തിരായിത്തൻ – യക്ഷൻ ഇന്ദ്രാദിത്യൻ, തത്ഭവം. അമച്ച – അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം എന്നിവ സംഭവിച്ച പദം.

**ഒന്റുകാലുമിയൂർ** – ഒന്റു + കാൽ + ഉം + ഇ + ഊർ, ഒന്നുകാലും ഈ ഊർ.

അരതൈവനൈ രാമനമൈച്ച അക്കിരം ഒന്റു – അരതൈവനൈ + രാമൻ + അമൈച്ച + അക്കിരം + ഒന്റു, അരതേവൻ രാമൻ ഏർപ്പാടാക്കിയ അക്കിരം□ഒന്ന്. അരതൈവനൈ – അരതൈവൻ, സ്വരസംവരണം സംഭവിക്കാത്ത പദം. രാമൻ – വട്ടെഴുത്തു ലിഖിതങ്ങളിൽ ഇരാമൻ എന്ന് ഇകാരം മുൻകൂട്ടിയെഴുതുന്നതിൽ നിന്നും ഭിന്നമായ പ്രയോഗം.

**മേറ്റളിപ്പുറത്തു ഇരവി ഇരാമ*ന*മൈെച്ച** - മേൽ + തളി + പുറം + അത്ത് + ഉ + ഇരവി + ഇരാമൻ + അമൈെച്ച, മേൽത്തളിപ്പുറത്തു രവി രാമൻ ഏർപ്പാടാക്കിയ. മേൽ + തളി - മേറ്റളി, റകാരാദേശം.

**ഉത്തമാക്കിരം ഒന്റ്റു** - ഉത്തമം + അക്കിരം + ഒന്റ്റു, ഉത്തമമായ അക്കിരം ഒന്ന്.

മേറ്റളിപ്പുറത്തു ചങ്ങരനങ്ങച്ചി അമൈെച്ച - മേൽ + തളി + പുറത്ത് + ഉ + ചങ്ങര + നങ്ങ + അച്ചി + അമൈെച്ച, മേൽത്തളിപ്പുറത്തു ചങ്ങര നങ്ങച്ചി ഏർപ്പാടാക്കിയ. ചങ്ങര - ശങ്കര, ചങ്കര, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച വ്യക്തിനാമം.

**അക്കിരം ഒന്റ്റു** - അക്കിരം ഒന്ന്.

**നെടുമ്പുറൈയൂർ ഇയക്ക*ന*യ്യ*ന*മൈെച്ച** - നെടുമ്പുറയൂർ ഇയക്കൻ അയ്യൻ അമെച്ച, നെടുമ്പുറയൂർ യക്ഷൻ ആര്യൻ ഏർപ്പാടാക്കിയ. ഇയക്കൻ അയ്യൻ - യക്ഷൻ ആര്യൻ, തത്ഭവം.

**ഉത്തമാക്കിരം ഒന്റ്റു** - ഉത്തമാക്കിരം ഒന്ന്.

**ഇതി*നു*ക്കമൈെഞ്ച** - ഇതിനായേർപ്പാടാക്കിയ.

**പൂമിക്കു** - ഭൂമിക്കു.

**മാറക്കോടുമകിരഞ്ഞ*ന* വയലും** - മാറക്കോടു മകിരഞ്ഞന എന്നു പേരായ വയലും.

**വാടൈമകിത*ന*ച്ച അകുന്റ്റ*ന*മൈെച്ച** - വാടൈമകിതനച്ച + അകുന്റ്റൻ + അമൈെച്ച, വാടമകിതനച്ചൻ അകുന്റ്റൻ ഏർപ്പാടാക്കിയ. വാടൈമകിതനച്ച - വാടമകിതനച്ച, സ്വരസംവരണം സംഭവിക്കാത്ത പദം.

**അക്കിരം നൂറുഞ്ചങ്ങര മാതമുക്ക*ന*മൈെച്ച അക്കിരം ഒന്റ്റു** - അക്കിരം + നൂറ് + ഉം + ചങ്ങര + മാതമുക്ക + അൻ + അമൈെച്ച + അക്കിരം + ഒന്റ്റു, അക്കിരം നൂറും ചങ്ങരമാതമുക്കൻ ഏർപ്പാടാക്കിയ അക്കിരം ഒന്നു. നൂറും + ചങ്ങര - നൂറുഞ്ചങ്ങര,

സവർണ്ണനം മകാരത്തിന് ഞകാരാദേശം. ഒന്റു – ഒന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ആതിച്ചനിയക്കൻ അമൈെച്ച അക്കിരം ഒന്റു** – ആതിച്ചൻ + ഇയക്കൻ + അമൈെച്ച + അക്കിരം + ഒന്റു, ആദിത്യൻ യക്ഷൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. ആതിച്ചൻ – ആദിത്യൻ, തത്ഭവം. ഇയക്കൻ – യക്ഷൻ, തത്ഭവം. അമൈെച്ച – ഏർപ്പാടാക്കിയ, സ്വരസംവരണം സംഭവിക്കാത്ത പദം. ഒന്റു – ഒന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ആതിച്ചങ്കരൻ** – ആതി + ചങ്കരൻ, ആതിചങ്കരൻ, ആതിച്ചങ്കരൻ – ആദിശങ്കരൻ, തത്ഭവം.

**തൻകുരത്തിന്നു** – തൻ + കുരം + അത്ത് + ഇൻ + ഉ, തൻ – തന്റെ, കുരം – കൂറ്, പങ്ക്.

**അമൈെച്ച പൂമി** – ഏർപ്പാടാക്കിയ ഭൂമി, അനുനാസികാതിപ്രസരവും താലവ്യാദേശവും സംഭവിച്ച പദം.

**കുളക്കാടും** – കുളം + കാട് + ഉം, കുളക്കാട് എന്ന പ്രദേശവും.

**മുണ്ടൈക്കാടും** – മുണ്ടൈ + കാട് + ഉം, മുണ്ടൈ – മുണ്ട, സ്വരസംവരണം സംഭവിക്കാത്ത പദം.

**പൊരിയിരിയിലണ രണ്ടൊടിയും** – പൊരിയിരിയിലണ + രണ്ട് + ഒടി + ഉം, രണ്ട് – ഇരണ്ടാണ് സാസനങ്ങളിൽ പൊതുവിൽ ഈ സംഖ്യാവാചിയെ കുറിക്കാൻ ഉപയോഗിച്ചു കാണുന്നത്. ഒടി – പാടശേഖരം.

**പേരൊടിയിൽ** – പേരൊടി + ഇൽ, പേരൊടിയെന്ന നിലത്ത്.

**തങ്കട്കു** – തങ്കൾക്കു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. പദമധ്യത്തിൽ വർണ്ണവികാരം, ള/ട വിനിമയം.

**പടുപ്പാഴ്** – വലിയനാശം

**ചെല്ലിയു** - ചെന്ന്

**പകുട ഉഴം** - പങ്ക് ഊഴം.

**നിന്റു** - നിന്നു, അനുനാസികാതിപ്രസരം സംബവിക്കാത്ത പദം.

**ഇരണിനിമന്റ കാട്ടു ചാത്തങ്കണകനു** - ഇരണിനിമന്റകാട്ടു + ചാത്തൻ + കണകൻ + ഉ, ഇരണനിമന്റകാട്ടെ ചാത്തൻ കണകനും, ഇരണനിമന്റകാട്ടു - അനുനാസികാതിപ്രസരം സംഭവിക്കാത്ത ദേശനാമം. ചാത്തൻ + കണകൻ - ചാത്തൻകണകൻ, ചാത്തങ്കണകൻ, *ന*കാരത്തിന് ങകാരം കൊണ്ടാദേശം.

**ഇയക്കഞ്ചാത്തനും** - ഇയക്കൻ + ചാത്തൻ + ഉം, ഇയക്കൻ ചാത്തനും. ഇയക്കൻ + ചാത്തൻ - ഇയക്കൻചാത്തൻ, ഇയക്കഞ്ചാത്തൻ, സവർണ്ണനം, *ന*കാരത്തിന് ഞകാരാദേശം.

**കടവ** - കടപ്പെട്ട.

**നെല്ലിടങ്കഴിയാൽ** - നെല്ലിടങ്ങഴിയാൽ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**നാനൂറ്റ് നാഴി** - നാനൂറ് നാഴി

**അരൈയനാതിച്ചങ്കുനിന്റ അക്കിരത്തിന്നു** - അരൈയൻ + ആതിച്ചൻ + കു + നിന്റ + അക്കിരം + അത്ത് + ഇൻ + ഉ, അരൈയൻ ആതിച്ചന് നിന്ന അക്കിരത്തിന്ന്. അരൈയൻ - സ്വരസംവരണം സംഭവിക്കാത്ത വ്യക്തിനാമം. ആതിച്ചൻ - ആദിത്യൻ, തത്ഭവം. കു - ഉദ്ദേശികാവിഭക്തിപ്രത്യയം. ആതിച്ചൻ + കു + നിന്റ - ആതിച്ചങ്കുനിന്റ - സവർണ്ണനം, *ന*കാരത്തിന് ങകാരാദേശം.

**അമൈഞ്ഞ പൂമി** - ഏർപ്പാടാക്കിയ ഭൂമി.

**അകലാവണത്തു കണ്ടഞ്ചാത്തനുങ്കണ്ടങ്കോതൈയ്യും** - അകലാവണം + അത്ത് + ഉ + കണ്ടൻ + ചാത്തൻ + ഉം + കണ്ടൻ + കോതൈ + ഉം, അകലാവണത്തെ കണ്ടൻ ചാത്തനും,കണ്ടൻകോതൈയും. കണ്ടൻ + ചാത്തൻ, സവർണ്ണനം വഴി

കണ്ടഞ്ചാത്തൻ, *ന*കാരത്തിന് ഞകാരാദേശം. കണ്ടൻ + കോത, സവർണ്ണനം വഴി കണ്ടങ്കോത, *ന*കാരത്തിന് ങകാരാദേശം. കോതൈ + ഉം - കോതൈയും, കോതൈയ്യും, അശ്രദ്ധമൂലം യകാരത്തിന് ഇരട്ടിപ്പ്.

**വിമാരൂംകോട്ട ചാത്തമല അരൈമാ** - വിമാരൂംകോട്ട ചാത്തമല അരമാ, വ്യക്തിനാമം. അരൈമാ, സ്വരസംവരണം സംഭവിക്കാത്ത പദം.

**കടവിയ നെൽ** - കടപ്പെട്ട നെല്ല്.

**തേവർ** - ദേവർ, ബഹുമാന്യനായ ദേവൻ, തത്ഭവം.

**ഇടം** - സ്ഥലം, സ്ഥാനം.

**കഴറി** - കഴറി, കയറി. പദമധ്യത്തിൽ വർണ്ണവികാരം യ/ഴ വിനിമയം.

**കഴൈയാലും** - കഴയാലും, സ്വരസംവരണം സംഭവിക്കാത്ത പദം.

**പത്തു നാഴി** - പത്തു നാഴി നെല്ല്.

### 4.2.1.8 നെടുമ്പുറം തളി പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**പാർക്കരനിരവിക്കുച്ചെല്ലാനിന്റയാണ്ടു** - പാർക്കരൻ + ഇരവി + ക്കു + ചെല്ലാ + നിന്റ + ആണ്ടു, പാർക്കരൻ - ഭാസ്ക്കരൻ, തത്ഭവം. ഇരവി - രവി, ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം. ചെല്ലാ - ചെന്ന്, നിന്റ - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ആണ്ടു - വർഷം.

**പതിനോരാമാണ്ടൈക്കെതിർ ഇരണ്ടാമാണ്ടു** - പതിൻ + ഒരു + ആം + ആണ്ടൈ + ക്കു + എതിര് + ഇരണ്ട് + ആം + ആണ്ടു, പതിൻ + ഒരു - പതിനൊരു, പതിനൊരു + ആം - പതിനോരാം. പതിനൊന്നാം. ആണ്ടൈ - ആണ്ട്, വർഷം, സ്വരസംവരണം സംഭവിക്കാത്ത പദം. പതിനൊന്നുവർഷം കഴിഞ്ഞ് രണ്ടാവർഷം, പതിമൂന്നാം വർഷം.

**തുലാത്തിൽ** - തുലാം + അത്ത് + ഇൽ, തുലാം രാശിയിൽ.

**വിയാഴന്നിൽക്ക** - വ്യാഴം നിൽക്കേ.

**നിത്യവിയാരേശ്വരത്തു** - നിത്യവിചാരേശ്വരത്ത്, വർണ്ണവികാരം ച/യ വിനിമയം.

**പതിനെട്ടു നാട്ടാരും** - പതിനെട്ടു നാട്ടാർ സമിതിയും.

**അതികാരികളും** - അധികാരികളും.

**അവിരോതത്താലു** - വിരോധമില്ലാതെ.

**മുക്കാൽവട്ടത്തിരുന്തു ചെയ്ത** - ക്ഷേത്രത്തിലിരുന്ന് ചെയ്ത, ഇരുന്തു - ഇരുന്നു, താലവ്യാദേശം സംഭവിക്കാത്ത പദം.

**കച്ചമാവതു** - കച്ചം ആകുന്നത്, ഏർപ്പാടാകുന്നത്.

**തിരുപ്പുവന മാതേവിയായിന ചിരിതര നങ്ങച്ചി** - തിരി + പുവന + മാതേവി + ആയിന + ചിരിതര + നങ്ങ + അച്ചി, തിരി - ത്രി, തത്ഭവം. പുവന - ഭുവന, ലോകം, തത്ഭവം. മാതേവി - മഹാദേവി, ആയിന - ആകുന്ന, ചിരിതര - ശ്രീധര, നങ്ങച്ചി - നർത്തകി, അനുനാസികാതിപ്രസരം സംഭവിച്ച പദം, ദേവദാസി. ത്രിഭുവന മഹാദേവിയായ ശ്രീധര നങ്ങച്ചി. ശ്രീധര നങ്ങച്ചി ഭാസ്കര രവി രാജാവിന്റെ ഭാര്യയാണ്, മഹോദയപുരത്തെ രാജ്ഞിയും. സന്ധിയിൽ - തിരി + പുവന - തിരിപ്പുവന, പകാരദ്വിത്വം. മാതേവി + ആയിന - മാതേവിയായിന, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. നങ്ങ + അച്ചി - നങ്ങച്ചി, അകാരലോപം.

**ഉടൈയ പൂമി** - ഉടമസ്ഥതയിലുള്ള ഭൂമി, ഉടൈയ - ഉടെ, സംബന്ധികാവിഭക്തി പ്രത്യയം.

**ചേരലൂരും** - ചേരൽ + ഊര് + ഉം, ചേരൽ എന്ന ഊരും.

**കണ്ണമൂരും** - കണ്ണം + ഊര് + ഉം, കണ്ണം എന്ന ഊരും.

**പെരും പുലമും** - പെരും + പുലം + ഉം - പെരുംപുലമും, പുലം - വയൽ, പുലമും - പുലവും, വർണ്ണവികാരം വ/മ വിനിമയം.

**ചിറുമാത്തൂരും** - ചിറുമാത്ത് + ഊര് + ഉം, ചിറുമാത്തൂരും.

**പെരുമണങ്കാടും** - പെരുമണം + കാടും - പെരുമണങ്കാടും, സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**ഏഴുകല്ലും** - ഏഴുകല്ല് + ഉം, ഏഴുകല്ല് എന്ന സ്ഥലവും.

**പാട്ടവിരുത്തിയും** - പാട്ടം + വിരുത്തി, പാട്ടം - വസ്തു കൃഷിക്കാരന് അനുഭവത്തിനായി നൽകുമ്പോൾ ജന്മിക്ക് ലഭിക്കേണ്ടുന്ന പ്രതിഫലം. വിരുത്തി - വൃത്തി, തത്ഭവം. പാട്ടവൃത്തി - ക്ഷേത്രത്തിലേക്ക് നികുതി കൊടുക്കുന്ന ഭൂമി.

**മരുങ്ങാടും** - മരും + കാടും - മരുംകാടും, മരുങ്ങാടും. സന്ധിയിൽ മകാരത്തിന്‍ ങകാരാദേശം, ങകാരത്തിന് പ്രത്യയ ഖരമായ കകാരത്താൽ അനുനാസികാരതിപ്രസരവും സംവവിച്ച് മരുംകാടാ, മരുങ്കാട്, മരുങ്ങാട്.

**തളിക്കു കിഴക്കു** - തളിയുടെ കിഴക്കു ദിക്കിൽ.

**കോവിൽക്കുള്ള** - കോവിൽ + ക്ക് + ഉള്ള, ക്ഷേത്രോടമസ്ഥതയിലുള്ള.

**പുരൈയിടമ്മേഴും** - പുരൈ + ഇടം + ഏഴും, പുരയിടമേഴും. സന്ധിയിൽ - പുരൈ + ഇടം - പുരൈയിടം, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഇടം + ഏഴും - ഇടമേഴും, ഇടമ്മേഴും, മകാരത്തിന് ദ്വിത്വം.

**കൂട** - കൂടെ.

**കീഴിട്ട** - കീഴ് + ഇട്ട, കീഴായി നൽകിയ.

**തിരിപുവനമാതേവിയായിന ചിരിതര നങ്ങച്ചിയാണ്ടുതോറും** - ത്രിഭുവന മഹാദേവിയായ ശ്രീധര നങ്ങച്ചി വർഷം തോറും.

**കൊടുക്കുന്നെൽ** - കൊടുക്ക് + ഉം + നെൽ, കൊടുക്കുന്ന നെല്ല്, കൊടുക്കും + നെൽ - കൊടുക്കുന്നെൽ, മകാരത്തിന് നകാരാദേശം, അതു വഴി നകാര ദ്വിത്വം.

**ചാന്തി വിരുത്തി** - ശാന്തി വൃത്തി, തത്ഭവം.

**നൂറ്റു നാഴിയും** - നൂറു നാഴിയും.

**ചിത്തിരൈവിഴുനാൾ** - ചിത്തിരൈ + വിഴു + നാൾ, ചിത്തിര വിഷുവിൻ നാൾ.

**കൊടുപ്പതു** - കൊടുക്കേണ്ടത്.

**തിരുവമിർതിനുക്കു** - തിരുവമൃതിന്.

**നിയതി** - നിത്യം.

**പേർ നാഴിയാൽ ഇരു നാഴി** - ഇടങ്ങഴി നെല്ല് കൊള്ളുന്ന നാഴിയാൽ രണ്ടു നാഴി.

**കൊടുപ്പതു** - കൊടുക്കേണ്ടത്.

**മുട്ടുകിൽ** - മുടങ്ങിയാൽ.

**മുട്ടിരട്ടി കൊടുപ്പതു** - മുടങ്ങിയതിന്റെ ഇരട്ടിയാണ് കൊടുക്കേണ്ടത്.

**ഇപ്പൂമിയും** - ഈ ഭൂമിയും.

**ചേരിക്കലും** - ചേരിക്കൽ + ഉം, ചേരിക്കൽ ഭൂമിയും.

**മുക്കാൽവട്ടത്തോടൊക്കും** - ക്ഷേത്രത്തോടെക്കും.

**ഇപ്പതിവിനുക്കു** - ഈ പതിവിന്.

**നില്ൽക്കാവിതു** - നിൽക്ക + ആവിതു - നിൽക്കാനുള്ളത്, നൽകാനുള്ളത്.

**മുൻ കോരക പുരയിടം ചെയ്യും** - മുന്നിലെ കോരക പുരയിടത്തിൽ ഏർപ്പാടാക്കിയ.

**പതിനെട്ടുനാട്ടാരും** - പതിനെട്ടുനാട്ടാർ സമിതിയും.

**അതികാരികളും** – അധികാരികളും.

**അകത്തു പൊതുവാണ്മാരും** – അകത്തു + പൊതുവാൺ + ആർ + ഉം, പൊതുവാൺ – പൊതുവാൾ, വർണ്ണവികാരം ള/ണ വിനിമയം. അകത്തെ പൊതുവാൾമാരും.

**വെവ്വേറ്റു വകൈയാൽ** – വേറെ + വേറെ + ഉ + വകൈ + ആൽ, വേറെ + വേറെ – വെവ്വേറെ, പദാന്ത്യ റകാരത്തിന് ദ്വിത്വം സംഭവിച്ച് വെവ്വേറ്റെ അതിനോട് ഉദ്ദേശികാവിഭക്തി പ്രത്യയമായ ഉ ചേർന്ന് വെവ്വേറ്റു. വകൈ – വക, സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ – പ്രയോജികാവിഭക്തി പ്രത്യയം.

**ഇരുപത്തൈങ്കഴൈഞ്ചു** – ഇരുപത് + ഐ + കഴൈഞ്ച് + ഉ, ഇരുപത്തഞ്ചു കഴഞ്ച്. സന്ധിയിൽ – ഇരുപത് + ഐ– ഇരുപത്തൈ, ഇരുപത്തഞ്ചിലെ ഞയ്ക്ക് ഐകാരം പകരം വയ്ക്കുമ്പോൾ ഇരുപത്തൈ. സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെമ്പൊൻ തണ്ടപ്പടുവതു** – തങ്കം പിഴയായി നൽകണം.

**ഇത്തണ്ടമിട്ടന്റകത്ത്** – ഈ ദണ്ഡം ഇട്ട അന്ന് അകത്ത്. അന്റി – അന്ന് – അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**അതികാരന്തളുക്കെ** – അതികാരം + തളുക്ക + എ, അധികാരിയുടെ അരികിൽ.

**ചെല്ലപ്പെറാർ** – ചെല്ലാൻ പാടില്ല.

**ഇവനുക്കു** – ഇവന്.

**അനുപന്തഞ്ചെയ്യുമവനുമിത്തണ്ടമടൈയക്കടവൻ** – അനുബന്ധം ചെയ്യുന്നവനും ഈ ദണ്ഡം തന്നെ അടയ്ക്കുന്നതിന് കടപ്പെട്ടിരിക്കുന്നു. അടൈയ – അടയുക, നൽകുക, സ്വരസംവരണം സംഭവിക്കാത്ത പദം. കടവൻ – കടപ്പെട്ടവൻ, പുരുഷഭേദ നിരാസം സംഭവിക്കാത്ത പദം.

**4.2.1.9 നെടുമ്പുറം തളി യാകോ ഇരായര തിരുവടി വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**യാ കോ ഇരായര തിരുവടി** - യാതൊരുവനാണോ രാജാവായ ഇരായര തിരുവടി, ഇരായരൻ - രാജശേഖരൻ.

**ചെല്ലാനിന്റ** - ചെല്ലാനുള്ള.

**ഇരണ്ടാമാണ്ടെക്കെതിർ എട്ടാമാണ്ടു** - രണ്ടുവർഷം കഴിഞ്ഞതിനു ശേഷമുള്ള എട്ടാം വർഷം, പത്താം വർഷം.

**കർകടക വിയാഴം** - കർക്കടത്തിൽ വ്യാഴം.

**മീ*ന* ഞായിറ്റു** - മീന മാസത്തിൽ.

**മണങ്ങാട്ടു കുമര*നി*രവി നാടു വാഴുകൈയിൽ ചേതു** - മണങ്ങാട്ടു കുമരനിരവി നാടുവാഴുമ്പോൾ ചെയ്തു.

**പുല്ലൂര് കുമരങ്കുമരാതിച്ചൻ നാടൈ ഉൾപാടിൽ** - പുല്ലൂർ കുമരൻ കുമരാതിച്ചൻ നാടിന്റെ ഉൾപ്പാട്ടിൽ.

**നിരുത്തവിയാലേചുവരത്തു** - നിത്യവിചാരേശ്വരത്തു.

**ത*നി*യതികരിച്ചു** - തനിയെ അധികരിച്ച്.

**അകൈ പാതി** - അകത്തെ പകുതി.

**എപടി** - ഏതു പ്രകാരം.

**കൊപുരം** - ഗോപുരം, തത്ഭവം.

**കാരിക്കൊൾവ** - കാരിക്കൊള്ളാൻ.

**കുമര*ന്ന്*** - കുമരന്ന്, ഇവിടെ പുല്ലൂര് കുമരൻ കുമരന്.

**കോയതികരിച്ചു**- കോ + അതികരിച്ചു, രാജാവിനെ അധികരിച്ച്.

**അറ്റുപുറമും** - അറ്റു പുറവും. പുറം ഒഴിവാക്കി.

**കൊൾവിതു** - കൊള്ളേണ്ടത്.

**കുറ്റു ചെവാരൈ** - കുറു ചെയ്യുന്നവരെ.

**മൊത്തൊളെള്ളക്കൊൾവിതു** - മൊത്തം ഉൾക്കൊള്ളേണ്ടതാണ്.

**4.2.1.10 നെടുമ്പുറം തളി മണങ്ങാട്ടു കുമരനിരവി വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കർകടക വിയാഴത്തിൽ** - വ്യാഴം കർക്കടകത്തിൽ നിന്നപ്പോൾ.

**മണങ്ങാട്ടു കുമരനിരവി** - മണങ്ങാട്ടു + കുമരൻ + ഇരവി, മണങ്ങാട്ടെ കുമരനിരവി.

**നാടുവാഴ്കകൈയില** - നാടു + വാഴ്കൈ + ഇൽ, നാട് - ചെറു രാജ്യം. വാഴ്കൈ - വാഴുക, ഭരിക്കുക, സ്വരസംവരണം സംഭവിക്കാത്ത പദം. ഇൽ - ആധാരികാ വിഭക്തി പ്രത്യയം. സന്ധിയിൽ - നാടുവാഴ്കൈ + ഇൽ - നാടുവാഴ്കൈയിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗം.

**നെടുംപുറൈയൂർ** - നെടുമ്പുറയൂർ, സ്വരസംവരണം സംഭവിക്കാത്ത സ്ഥലനാമം.

**നിത്യവിശാലേചുവരത്തു** - നിത്യവിചാരേശ്വരത്ത്, വർണ്ണവികാരം ച/ശ വിനിമയം.

**തളിയും** - ക്ഷേത്രസമിതിയും.

**തളി അതികാരികളും** - തളി അധികാരികളും.

**കൂടി ചേതു** - കൂടി ചെയ്തു. ചേതു - ചെയ്തു, വർണ്ണവികാരം പദാദിയിൽ എകാരം ദീർഘിപ്പിച്ച് പദമധ്യത്തിലെ യകാരത്തെ ലോപിപ്പിച്ചു, ഇല്ലായിരുന്നെങ്കിൽ പദാദിയിലെ എകാരം ഹ്രസ്വമാകും.

**പുല്ലൂര് കുമര*ന* കുമരാതിച്ച*നാന*** - പുല്ലൂർ + കുമരൻ + കുമരൻ + ആതിച്ചൻ, പുല്ലൂരെ കുമരൻ കുമരാദിത്യൻ.

**നെടുമ്പുറം നാട്ടു പടനായരുള്ളിരുന്തു** - നെടുമ്പുറം + നാട് + ഉ + പട + നായർ + ഉൾ + ഇരുന്ത് + ഉ, നെടുമ്പുറം നാട്ടിലെ പടനായരുടെ നേതൃത്വത്തിലിരുന്ന്. പടനായർ - പടയുടെ നായകൻ, സേനാധിപൻ. ഉള്ളിരുന്ത് - നേതൃത്വത്തിൽ ഇരുന്ന്, താലവ്യാദേശം സംഭവിക്കാത്ത പദം.

**തേവകാരിയമും** - തേവ + കാരിയം + ഉം, ദേവകാര്യം, തത്ഭവം. തേവകാരിയമും - തേവകാരിയവും, വർണ്ണവികാരം പദാന്ത്യത്തിൽ സ്വരസംവരണം വ/മ വിനിമയം.

**തളിക്കാരിയമും** - തളി + കാരിയം + ഉം, തളിക്കാര്യം, സന്ധിയിൽ കകാര ദ്വിത്വം. കാരിയം - കാര്യം, തത്ഭവം. തളിക്കാരിയമും - തളിക്കാരിയവും, വർണ്ണവികാരം പദാന്ത്യത്തിൽ സ്വരസംവരണം വ/മ വിനിമയം.

**വേണ്ടുമവ** - വേണ്ട + ഉം + അവ, ആവശ്യമുള്ളവ.

**കുറവറ പറഞ്ഞൊതുക്കി കൊടുത്തു** - കുറവും കൂടുതലും പറഞ്ഞ് തീർത്ത് കൊടുത്തു, ഒരു ശൈലി.

**കോയിൽ** - കോവിൽ, ക്ഷേത്രം. വർണ്ണവികാരം, വ/യ വിനിമയം.

**വേണ്ടുമുൾപാട്ടുമാവും** - വേണ്ട + ഉം + ഉൾ + പാട് + ഉം + ആവും, വേണ്ടും ഉൾപാടും ആവും, ആവശ്യമുള്ള അധികാരികൾക്കുള്ള.

**കോട്ടൈയും** - കോട്ടയും, അമ്പലവും. സ്വരസംവരണം സംഭവിക്കാത്ത പദം.

**എപ്പേർപ്പട്ടതും** - എ + പേർ + പട്ട + അത് + ഉം, ഈ പറഞ്ഞതിന് അകത്തുൾപ്പെട്ടവയെല്ലാം.

**കുറവറപ്പറഞ്ഞു** - കുറവും കൂടുതലും പറഞ്ഞു.

**മതിച്ചമ്മൂലങ്കുപ്പാത്തു** - മതിച്ച + മൂലം + കുപ്പാത്ത് + ഉ, മതിച്ച - മനസ്സിലാക്കിയ, മൂലം - കാരണം, കുപ്പാത്തു - കാര്യങ്ങൾ.

**ചിങ്ങ വിയാഴത്തിൽ** - ചിങ്ങ മാസത്തിൽ വ്യാഴം നിന്നപ്പോൾ.

**തലൈപ്പുലത്തു കണ്ടൻ കുമരൻ നാടു വാഴ്കൈയിൽ** - തലൈ + പുലം + അത്ത് + ഉ + കണ്ടൻ + കുമരൻ + നാട് + ഉ + വാഴ്കൈ + ഇൽ, തലൈപ്പുലം - തലപ്പുലം, വലിയ വയൽനാട്. സ്വരസംവരണം സംഭവിക്കാത്ത പദം. തലപ്പുലത്ത് കണ്ടൻ കുമരൻ നാടുവാഴുമ്പോൾ.

**കാഞ്ഞിരപ്പള്ളി ഇരവി കണ്ണപിരാ*ന*ായ** - കാഞ്ഞിരപ്പള്ളി + ഇരവി + കണ്ണ + പിരാൻ + ആയ, പിരാൻ - തമ്പുരാൻ എന്ന വാക്കിന്റെ നാമത്തോടു ചേർന്നു വാക്യങ്ങളിൽ വരുന്ന രൂപം. കാഞ്ഞിരപ്പള്ളി ഇരവി കണ്ണപിരാൻ ആയ.

**നെടുമ്പുറൈയൂർ നാട്ടുപടനായരുള്ളിരുന്നു** - നെടുമ്പുറയൂർ നാട്ടു പടനായരുടെ നേതൃത്വത്തിലിരുന്ന്.

**തിരുക്കൈക്കീഴ്** - തിരു + കൈ + കീഴ്, തൃക്കൈക്കീഴ്, തത്ഭവം. ക്ഷേത്രസന്നിധിയിൽ.

**കുട്ടങ്കുറിച്ചു** - കൂട്ടം + കുറിച്ചു, കൂടിയിരുന്ന് തയ്യാറാക്കി. സന്ധിയിൽ മകാരത്തിന് ങകാരദേശം.

**കൊടുങ്ങലൂർ ഇരുന്നരുളി*ന*** - കൊടുങ്ങലൂർ + ഇരുന്ന് + അരുളിന, കൊടുങ്ങലൂർ - ദേശനാമം, അനുനാസികാതിപ്രസരം സംഭവിച്ച പദം. ലകാരം ഇരട്ടിക്കുന്നില്ല. കൊടുങ്ങല്ലൂരിൽ ഇരുന്നരുളുമ്പോൾ.

**കർകടക വിയാഴത്തിൽ** - കർക്കടക മാസത്തിൽ വ്യാഴം നിന്ന കാലത്ത്. കർകടകം - കർക്കടകം, പദമധ്യത്തിലെ കകാരം ഇരട്ടിച്ചിട്ടില്ല.

**മതിച്ച കാരിയം** - മതിച്ച കാര്യം. മനസ്സിലാക്കിയ കാര്യം.

**വിടർ ചെയ്തു** - പറയുകയും ചെയ്തു.

**ഉൾപ്പുടുമാവും** - അധികാരികൾക്കുള്ളവയും.

**കോട്ടൈയും** - കോട്ടയും.

**എപ്പേർപ്പട്ടതും** - ഈ പറഞ്ഞതിന് അകത്തുൾപ്പെട്ടവയെല്ലാം.

**കർകടക വിയാഴമുൾപട** - കർക്കടകവ്യാഴത്തിനകം.

**വേണ്ടുമതു** - വേണ്ടുന്നത്, ആവശ്യമുള്ളത്.

**ഇരവി കണ്ണപിരാനുള്ളിരുന്നു** - ഇരവി കണ്ണപിരാന്റെ നേതൃത്വത്തിൽ.

**വിറ്റ വിട്ടി തിരുവുതീട്ടു** - വിറ്റ് + വിട്ട് + ഇ + തിരു+ ഉ + തീട്ട് + ഉ, വിറ്റ് - കൊടുത്ത്, വിട്ട് - ഒഴിവാക്കി, തിരുവുതീട്ട് - അധികാര ശാസനം. സന്ധിയിൽ - തിരു + ഉ - തിരുവു സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**കൊടുത്താൻ** - കൊടുത്തു + ആൻ - അവൻ കൊടുത്തു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കൊൺമർ** - കൊൺമ + അർ, കോയ്മ പോലുള്ള വാക്കാണ് കൊണ്മ, കൊണ്ട സ്വീകരിച്ച എന്ന് അർത്ഥം. സ്വീകരിച്ചവർ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**നിത്യവിശാലേചുവരത്തു തളിയും** - നിത്യവിചാരേശ്വരത്തു തളിയും. നിത്യവിചാലേചുവരം - നിത്യവിചാരേശ്വരം, തത്ഭവം, വർണ്ണവികാരം ര/ല വിനിമയം.

**തളിയതികാരികളും** - തളി + അതികാരി + കൾ + ഉം, തളിയധികാരികളും.

**തിരുവുതീട്ടു കൊടുക്കാനിരവി കണ്ണപ്പിരാൻ** - തിരുവു തീട്ട് കൊടുക്കാൻ കണ്ണപ്പിരാന്.

**കാഞ്ഞിച്ചേരി കുവളയാൽ കുലചേകരൻ** - കാഞ്ഞിരച്ചേരി കുവളയാലിലെ കുലചേകരൻ, കുലചേകരൻ - കുലശേഖരൻ, തത്ഭവം.

**ചെലവു** - ചെലവ്, വഴിപാട് എന്നിവിടെ അർത്ഥം ലഭിക്കും.

**അകത്തു പന്തീരടിക്കു** - അകത്ത് പന്ത്രണ്ടടിയിൽ.

***ന്നി*യതി മുട്ടാച്ചെലവു** - നിത്യം മുടങ്ങാത്ത ചെലവ്

**നാ*ന്നാ*ഴിയും** - നാനാഴിയും, ഇടങ്ങഴി.

**പുക്കു വിലക്കിയവ*ന്നു*ം** - പ്രവേശനം തടഞ്ഞവനും. പുക്കു - പ്രവേശനം.

**പൊരുൾ കവർന്നവ*ന്നു*മിരുപത്തു നാല് കഴൈഞ്ഞു** - മുതൽ കവർന്നവനും ഇരുപത്തിനാല് കഴഞ്ഞു പിഴ. പൊരുൾ - മുതൽ. കഴൈഞ്ഞു - കഴഞ്ഞു, അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

### 4.2.1.11 നെടുമ്പുറം തളി വട്ടെഴുത്തു മണക്കാട്ടു നാരായണൻ ഗോവിന്ദൻ ശിലാരേഖ

**ചെ*ന്നി*യക** - ശനിയകം, ശനിയാഴ്ചയ്ക്കുള്ളിൽ, തത്ഭവം.

**അമൈതു** - ഏർപ്പാടാക്കി, സ്വരസംവരണം സംഭവിക്കാത്ത പദം.

**ചൈകി** - ചെയ്തു. സ്വരസംവരണം സംഭവിക്കാത്തപദം.

**അമച്ച** - ഏർപ്പാടാക്കിയ, അനുനാസികാതിപ്രസരവും താലവ്യാദേശവും സ്വരസംവരണവും സംഭവിച്ച പദം.

**മുപ്പതിൻ കഴൈഞ്ചു പൊ*ന്നി*ടങ്കഴിയാൽ** - മുപ്പതിൻ + കഴൈഞ്ചു + പൊൻ + ഇടങ്കഴി + ആൽ, കഴഞ്ച്, കഴഞ്ഞ് - സ്വരസംവരണം സംഭവിക്കാത്ത പദം. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ഇടങ്കഴി - ഇടങ്ങഴി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. മുപ്പതു കഴഞ്ച്, കഴഞ്ഞ് പൊന്നും ഇടങ്ങഴിയാൽ.

**അറുനൂറ്റു നാഴി നെൽ** - അറുനൂറു നാഴി നെല്ല്.

**അളതു** - അളന്നു.

**തരക്കടവതു** - തരാൻ കടപ്പെട്ടിരിക്കുന്നു.

**പൈങ്കുളത** - പൈങ്കുളത്ത്.

**പണ്ടു** - പണ്ട്, മുമ്പ്.

**വയലാകിന്റ** - വയൽ + ആകിന്റ, വയൽ ആകുന്ന. ആകിന്റ - ആകുന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പൂമിപ്പോയ്** - പൂമി + പോയ് - പൂമിപ്പോയ്, പകാര ദ്വിത്വം. ഭൂമി പോയി.

**ഉഴുതുനിന്റുത്തനൈഞ്ചു കഴൈഞ്ചു പൊൻ** - ഉഴുതു + നിന്റു + അത്തന + ഐഞ്ചു + കഴൈഞ്ചു + പൊൻ, ഉഴുതുനിന്ന - ഭാഗിച്ചു വച്ച, അത്തന - അത്ര, ഐഞ്ചു - അഞ്ച്, സ്വരസംവരണം സംഭവിക്കാത്ത സംഖ്യാവാചി. ഭാഗിച്ചു വച്ചിട്ടുള്ളതിൽ അഞ്ചു കഴഞ്ചു പൊന്ന്.

**മുന്നൂറ്റു നാഴി നെൽത്തേവ(രി*ന*)വൻ** - മുന്നൂറു നാഴി നെല്ല് ദേവന് ഇവൻ.

**മണക്കാട്ടു നാരായണങ്കോവിന്തൻ** - മണക്കാട്ടു + നാരായണൻ + കോവിന്തൻ, കോവിന്തൻ - ഗോവിന്ദൻ, തത്ഭവം. നാരായണൻ + കോവിന്തൻ - നരായണങ്കവിന്തൻ, *ന*കാരത്തിന് ങകാരാദേശം.

**വരുതക്കോപുരൈ അമിങ*നു* നിന്റുമതിനൈങ്കഴൈഞ്ചു പൊ*ന്നിനു*** - വരുത + കോപുരൈ + അമിങൻ + ഉ + നിന്റ + ഉ + മതിനൈ + കഴൈഞ്ച് + ഉ + പൊൻ + ഇൻ + ഉ, വരുതകോപുരൈ - വരുതകോപുര, വരുതഗോപുര, തത്ഭവം. മതിനൈ - പതിനൈ, പതിനഞ്ച്, വർണ്ണവികാരം പദാദിയിൽ വ/മ വിനിമയം. സ്വരസംവരണം സംഭവിക്കാത്ത പദം. മതിനൈങ്കഴൈഞ്ചു - സവർണ്ണനം ങകാരാദേശം.

**മുന്നൂറ്റു നാഴി നെൽ** - മുന്നൂറു നാഴി നെല്ല്.

**അളന്തു തരക്കടവൻ** - അളന്തു + തര + കടവൻ, അളന്തു - അളന്നു, താലവ്യാദേശം സംഭവിക്കാത്ത പദം. കടവൻ - അവൻ കടപ്പെട്ടിരിക്കുന്നു,

പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. അളന്നു തരാൻ അവൻ കടപ്പെട്ടിരിക്കുന്നു.

**ആണ്ടൈനാർ കുറി** - ആണ്ടൈ + നാർ + കുറി, ആണ്ടൈ - ആണ്ട്, വർഷം, സ്വരസംവരണം സംഭവിക്കാത്ത പദം. നാർ - നാല്, വർണ്ണവികാരം ല/റ വിനിമയം. കുറി - തവണ, വർഷത്ത+ിൽ നാലുതവണ.

**നിയതി ചെല്ലുമരി** - നിത്യം എത്തുന്ന അരി.

**ഇരു നാഴി** - രണ്ടു നാഴി, രണ്ട്, ഇരണ്ട് എന്നിവയുടെ ചുരുക്കരൂപം.

### 4.2.1.12 അവിട്ടത്തൂർ കോത ഇരവി വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോക്കോതൈ ഇരവിക്കുച്ചെല്ലാനിന്റയാണ്ടു ഇരുപതു** - കോ + കോതൈ + ഇരവിക്കു + ചെല്ലാ + നിന്റ + ആണ്ടു + ഇരുപതു, രാജാവ് കോത ഇരവിക്ക് ചെന്നു നിന്ന വർഷം ഇരുപത്.

**ഇവ്വാണ്ടു** - ഇ + ആണ്ട്, ഈ വർഷം.

**കന്നിയിൽ വിയാഴന്നിർക** - വ്യാഴം കന്നിയിൽ നിൽക്കേ. നിർക - നിൽക, വർണ്ണവികാരം ല/റ വിനിമയം.

**വിരുച്ചിക ഞായിറ്റു** - വൃശ്ചിക മാസത്തിൽ. വിരുച്ചിക - വൃശ്ചിക, തത്ഭവം.

**ആവട്ടിപുത്തൂർ ആയിരത്തവരും** - ആവട്ടിപുത്തൂർ + ആയിരം + അത്ത് + അവർ + ഉം, ആയിരത്തവർ - ആയിരം പേർ ചേർന്ന സായുധസേന.

**ഇരുപത്തേഴുവരും** - ഇരുപത്തേഴു + അവർ, ഇരുപത്തേഴു പേർ ചേർന്ന സഭ.

**ഇരണ്ടുകുടിപ്പൊതുവാളും** - രണ്ടു കുടി പൊതുവാളും.

**അവിരോതത്താർ** - അവിരോധത്താലെ, വിരോധമില്ലാതെ. പദാന്ത്യത്തിൽ വർണ്ണവികാരം ല/റ വിനിമയം.

**കൂടിത്തിരുക്കൈക്കീഴ്** - കൂടി + തിരു + കൈ + കീഴ്, തൃക്കൈക്കീഴിൽ കൂടി, ഭഗവത് സന്നിധിയിൽ ചേർന്ന്.

**ഇരുന്തു ചെയ്ത** - ഇരുന്നു ചെയ്ത.

**കച്ചമാവിതു** - കച്ചം + ആവിതു, കച്ചം ആകുന്നത്.

**ചേരമാൻ മാതേവിയരുടൈയ** - ചേരമാൻ + മാതേവി + അർ + ഉടൈയ, ബഹുമാന്യയായ ചേരമാൻ മഹാദേവിയുടെ ഉടമസ്ഥതയിലുള്ള.

**കരക്കലം** - കര + കലം, ഒരു കലം വിത്തു വിതയ്ക്കാവുന്ന കരനിലം.

**ആവട്ടിപുത്തൂർക്കു കീഴീടു ചെയ്തു** - ആവട്ടിപുത്തൂർ ക്ഷേത്രത്തിലേക്ക് കീഴീടായി നൽകി. ആവട്ടിപുത്തൂർ - അവിട്ടത്തൂർ ഗ്രാമത്തിന്റെ പഴയ പേര്. കീഴീട് - രാജഭൂമി അഥവാ ചേരിക്കൽ ക്ഷേത്രത്തിന് നൽകുന്നതോടെ ദേവഭൂമി അഥവാ ദേവസ്വം ആകുന്നു. ഇതിന്റെ ക്രയവിക്രയാവകാശം ക്ഷേത്ര സഭകൾക്കാണ്.

**ഇതിനുക്കു** - ഇത് + ഇൻ + ക്കു, ഇതിനായി.

**ഇലക്കാപോകമാക്കക്കുടുപ്പാനമൈഞ്ചിതാവിതും** - ഇലക്കാ + പോകം + ആക്ക + കൊടുപ്പ് + ആൻ + അമൈഞ്ച + ഇത് + ആവിത് + ഉം, ഇലക്കാപോകം - രക്ഷാഭോഗം, തഞ്ചവം. കൊടുപ്പാൻ - കൊടുക്കാൻ, ഖിലോപസംഗ്രഹത്തിനുദാഹരണം.

**ആവട്ടിപുത്തൂർ പെരുന്തിരുക്കോയിലിർ** - ആവട്ടിപുത്തൂർ + പെരും + തിരു + കോയിൽ + ഇർ, പെരും - വലിയ, തിരു - തൃ, ബഹുമാന്യമായ, കോയിൽ - കോവിൽ, ഇർ - ഇൽ, ആധാരികാവിഭക്തി പ്രത്യയം. വർണ്ണവികാരം ല/റ വിനിമയം.

**ചാന്തി അടിക്കു** - ശാന്തി അടിക്ക്, ബഹുമാന്യനായ ശാന്തിക്ക്.

**നിയമപ്പടി നാഴിയാൽ** - നിയമം + പടി + നാഴി + ആൽ, നിയമപ്രകാരമുള്ള നാഴി കൊണ്ട്. നിത്യേനെ ക്ഷേത്രകാര്യങ്ങൾക്ക് അളക്കാനുപയോഗിക്കുന്ന നാഴി എന്നിവിടെ പ്രയോഗാർത്ഥം.

**ഇരുനാഴിച്ചെയ്തരിചിക്കു** - രണ്ടു നാഴി അരിയളന്ന്.

**അട്ടാണ്ടുകൊടുപ്പാൻ** - അട്ട് + ആണ്ട് + കൊടുപ്പ് + ആൻ, വർഷം തോറും നൽകാൻ.

**അമൈഞ്ച** - ഏർപ്പാടാക്കിയ, സ്വരസംവരണം സംഭവിക്കാത്ത പദം.

**നെൽ ഇടങ്കഴിയാൽ** - നെൽ + ഇടങ്കഴി + ആൽ, നെല്ല് ഇടങ്ങഴി കൊണ്ട്.

**ഇരണ്ടു നാഴി** - രണ്ടു നാഴി.

**ഇന്നെൽ** - ഈ നെല്ല്

**അച്ചങ്കിരാന്തി** - അ + ചങ്കിരാന്തി, അ - ആ, ചുട്ടെഴുത്തു. ചങ്കിരാന്തി - സംക്രാന്തി, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**തോറുന്തിങ്കൾ** - തോറും + തിങ്കൾ, മാസം തോറും. തിങ്കൾ - മാസം.

**ഒവാണ്ണൈ** - ഒരുതവണ, സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊടുക്ക** - കൊടുക്കണം.

**അതു** - അത്.

**കൊള്ളുവതും** - സ്വീകരിക്കുന്നതും.

**കൊടു(പ്പതും)** - സ്വീകരിച്ച് നൽകുന്നതും.

**ഇവ്വൂർക്കൊരു** - ഇ + ഊർ + ക്ക് + ഒരു, ഈ ഊരിനൊരു. സന്ധിയിൽ - ഇ + ഊർ - ഇവ്വൂർ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**വിതനം** - വ്യസനം, തത്ഭവം.

**വന്ത** - വന്ന, താലവ്യാദേശം സംഭവിക്കാത്ത പദം.

**പൊഴുതു** - സമയം.

**കെട്ട** - കേട്ട, കേൾക്കുന്ന.

**ഊരാള*നു*ം** - ഊരാളുന്നവനും.

**പൊതുവാളും** - ക്ഷേത്രകാര്യ നിർവ്വഹണത്തിലെ പ്രധാനി.

**ഒരുത്തരൊരുത്തരൈക്കു** - ഒരു + അത്ത് + അർ + ഒരു + അത്ത് + അർ + ഐ + ക്കു, ഒരുത്തർ ഒരുത്തർക്ക്. സ്വരസംവരണം സംഭവിക്കാത്ത പദം.

**ചൊങ്കു വിളിച്ചു** - ശംഖു വിളിച്ചു, ചൊങ്കു - ശംഖു, തത്ഭവം.

**കൂടിച്ചെന്റു** - കൂടിച്ചെന്നു, കൂടി - ചേർന്ന്, ചെന്റു - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**അവ്വൂർക്കു** - അ + ഊർ + ക്കു, ആ ഊരിന്.

**ഉള്ള** - ഉള്ളതായ.

**വിത*ന*ന്തീർത്തു** - വിതനം + തീർത്തു, വ്യസനം തീർത്തു. വിതനം - വ്യസനം, തത്ഭവം, സന്ധിയിൽ - മകാരത്തിന് നകാരം കൊണ്ടാദേശം.

**കൊടുക്കക്കടവിയർ** - അവർ കൊടുക്കാൻ കടപ്പെട്ടിരിക്കുന്നു.

**ചാന്തി അടികളും** - ശാന്തി അടികളും.

**അവ്വൂർക്കു** - ആ ഊരിന്.

**അഴിവു** - അഴിവ്, കഷ്ടം, ദുഃഖം.

**വരുകിൽ** - വന്നാൽ, ഭാവി സൂചകം.

**വന്ത പൊഴുതു** - വന്ന സമയം.

**നിർമ്മാലിയം** – നിർമ്മാല്യം, തത്ഭവം.

**മുട്ടിച്ച്** – മുടക്കി

**വൈച്ചു** – വച്ചു, സ്വരസംവരണം സംഭവിക്കാത്ത പദം.

**താമൈ** – സ്വയം, തം – താൻ – താം –താമൈ, തന്നെ. സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെൻറു** – ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**വിതനന്തീരുത്തു** – വ്യസനം തീർത്തു.

**കുടുക്കക്കടവിയർ** – കുടുക്ക + കടവിയർ, കുടുക്ക – കൊടുക്കുക, വർണ്ണവികാരം ഒ/ഉ വിനിമയം.

**ഇവ്വൂരിക്കൂരാളനും** – ഈ ഊരിന്റെ ഊരാളനും.

**പൊതുവാളും** – ക്ഷേത്രകാര്യ നിർവ്വഹണത്തിലെ പ്രധാനിയും.

**പുക്കുവിലക്കുവിതും** – പ്രവേശനം തടയുന്നതും.

**പൊരുൾ കവരവുങ്കുടി വൈക്കവും** – പൊരുൾ + കവര + ഉം + കുടി + വൈക്ക + ഉം, മുതൽ കവർന്ന് കുടി വെക്കുന്നതും. കവര + ഉം + കുടി – കവരവും + കുടി – കവരവുങ്കുടി, മകാരത്തിന് ങകാരാദേശം.

**ആടകൊൾവുങ്കട്ടിലേറവും** – ആട + കൊൾ + ഉം + കട്ടിൽ + ഏറ + ഉം, നികുതി സ്വീകരിക്കുന്നതും, കട്ടിലേറുന്നതും. ആട + കൊൾ + ഉം – ആടകൊൾവും, കട്ടിൽ + ഏറ + ഉം – കട്ടിലേറവും, ആടകൊൾവും + കട്ടിലേറവും – ആടകൊള്വുങ്കട്ടിലേറവും, മകാരത്തിന് ങകാരാദേശം.

**ഇവ്വൂർക്കുടികളൈ** – ഈ ഊരിലെ കുടികളെ. കുടികളൈ – കുടികൾ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഒരു നന്മൈത്തിന്മൈ** - ഒരു + നന്മൈ + തിന്മൈ, ഒരു നന്മയോ തിന്മയോ. സന്ധിയിൽ - നന്മൈ + തിന്മൈ - നന്മൈത്തിന്മൈ, തകാര ദ്വിത്വം. സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെയ്യവും** - ചെയ്കയും.

**പെറാൻ** - പാടില്ല.

**ഇവ്വൂരുടൈയവകൾ** - ഇ + ഊർ + ഉടൈ + അവ + കൾ, ഈ ഊരിന്റെ ഉടമസ്ഥന്മാർ.

**തങ്കളൂർക്കുടികൾക്കറൈവിതുങ്കുടികട്ക്കുയൊരു** - തം + കൾ + ഊർ + കുടി + കൾ + ക്കു + അറൈവ് + ഇതു + ഉം + കുടികട് + ക്കു + ഒരു, തം + കൾ - തംകൾ മകാരത്തിന് ങകാരാദേശം സംഭവിച്ച് തങ്കൾ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. അറൈവ് - അറയുക - നോക്കുക, സ്വരസംവരണം സംഭവിക്കാത്ത പദം. കുടികട് - കുടികൾ, വർണ്ണവികാരം ള/ട വിനിമയം. തങ്ങൾ (അധികാരികൾ) ഊർകുടികളിൽ പ്രവേശിക്കുകയോ കുടികൾക്കൊരു. സന്ധിയിൽ - അറൈവിതും + കുടികട്ക്കു - അറൈവിതുങ്കുടികട്ക്കു, സവർണ്ണനം മകാരത്തിന് ങകാരാദേശം. കുടികട്ക്കു + ഒരു - കുടികട്ക്കുയൊരു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**പലചൈ** - പലിശ, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം.

**പണൈയവും** - പണയവും, സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെയ്യവും പെറാൻ** - ചെയ്യാനും പാടില്ല.

**ഊരാളനും** - ഊരിനെ ആളുന്നവനും.

**പൊതുവാളുമിപ്പരിചന്റിയേ** - പൊതുവാൾ + ഉം + ഇ + പരിച് + അന്റി + എ, പൊതുവാളും ഇപ്രകാരം അല്ലാതെ. അന്റിയേ - എന്റിയേ, എന്നിയേ. വർണ്ണവികാരം എ/അ വിനിമയം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ചെയ്യുമൂരാളനും** - ചെയ്യും + ഊരാളൻ + ഉം, ചെയ്യുന്ന ഊരാളനും.

**പൊതുവാളുമുളകതിർ** - പൊതുവാൾ + ഉം + ഉൾ + കതിർ, കതിർ - അഹങ്കാരം, കലഹിക്കുക. കതിരുക എന്ന വാക്കിന് ഈ അർത്ഥങ്ങളുണ്ട്. ഇവിടെയും ഇതു തന്നെയാണ് അർത്ഥമാക്കുന്നത്. പൊതുവാളും ഉള്ളാൽ അഹങ്കരിച്ച്,

**കടങ്കാട്ടു കച്ചമും** - കടങ്കാട്ടു കച്ചവും, കച്ചമും - കച്ചവും, വർണ്ണവികാരം വ/മ വിനിമയം.

**പിഴൈച്ചു** - പിഴച്ച്, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഊർക്കുമിടൈയീടു കെട്ടു** - ഊരിലുണ്ടായിരുന്ന അധികാരങ്ങളും അവകാശങ്ങളും നഷ്ടപ്പെട്ട്.

**താനമും പരടൈയും പെറാൻ** - സ്ഥാനവും പരിഷയും പാടില്ല. താനമും - താനവും, സ്ഥാനവും, തത്ഭവം, വർണ്ണവികാരം വ/മ വിനിമയം. പരടൈയും - പരിഷയും തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇവ്വോലെയിർ പട്ട വണ്ണം** - ഇ + ഓലൈ + ഇർ + പട്ട + വണ്ണം, ഈ ഓലയിൽ എഴുതിയ പ്രകാരം. ഓലൈ - ഓല, പനയോലയിലാണ് എല്ലാ ശാസനങ്ങളും ആദ്യം തയ്യാറാക്കുക എന്ന വസ്തുതയിലേക്ക് നേരിട്ടു ലഭിക്കുന്ന സൂചന. ഇർ - ഇൽ, ആധാരികാവിഭക്തി പ്രത്യയം, വർണ്ണവികാരം ല/റ വിനിമയം.

**കല്ലിന്മേൽ എഴുതിവിച്ചു** - കല്ലിന്മേൽ എഴുതി വച്ച്. എഴുതിവിച്ചു - എഴുതിവച്ചു, വർണ്ണവികാരം അ/ഇ വിനിമയം.

**നാട്ടുവിന്റാൻ** - നാട്ടു + ഇന്റ + ആൻ, നാട്ടുവാൻ, നാട്ടുന്നതിന്. സന്ധിയിൽ - നാട്ടു + ഇന്റ - നാട്ടുവിന്റ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ഊരാകെയിതു** - ഊർ + ആകെ + ഇതു, ഊരാകെ ഇത്.

**ഇളമൺ ചിരിതരൻ അട്ടമൂർത്തിയേയും** – ഇളമൺ ശ്രീധരൻ അഷ്ടമൂർത്തിയേയും, ചിരിതരൻ – ശ്രീധരൻ, തത്ഭവം. അട്ടമൂർത്തി – അഷ്ടമൂർത്തി, തത്ഭവം.

**കോട്ടകാരപ്പാട്ടു കണ്ടങ്കുമരനേയും** – കോട്ടാകാരപ്പാട്ടു കണ്ടൻ കുമരനേയും, ,സന്ധിയിൽ കണ്ടൻ + കുമരൻ – കണ്ടങ്കുമരൻ, നകാരത്തിന് ങകാരാദേശം.

**പഴുവൂർ ഇരവി ചങ്കരനേയും** – പഴുവൂർ രവി ശങ്കരനേയും, ഇരവി – രവി, ചങ്കരൻ – ശങ്കരൻ, തത്ഭവം.

**ഇവർ യിലക്കാപോകമായിക്കൊടുപ്പാനമൈഞ്ചതു** – ഇവർ + ഇലക്കാ + പോകം + ആയി + കൊടുപ്പ് + ആൻ + അമൈഞ്ഞ, ഇവർക്ക് രക്ഷാഭോഗമായി കൊടുക്കാൻ ഏർപ്പാടാക്കിയത്.

**ചാന്തി അടികട്ക്കുറൈവിനാർ** – ശാന്തി അടികളുടെ കുറവിനാൽ. അടികട് – അടികൾ, വർണ്ണവികാരം ള/ട വിനിമയം.

**കൊള്ളാതൊഴികിൽ** – കൊള്ളാതെ ഒഴിയുകിൽ, സ്വീകരിക്കാതിരുന്നാൽ.

**ഏറിയതു** – കൂടിയത്, ബാക്കിയായത്.

**പിറ്റേയാണ്ടു** – പിറ്റേ + ആണ്ടു, അടുത്ത വർഷം.

**കൊടുക്കക്കടവിയരല്ല** – കൊടുക്കാൻ കടപ്പെട്ടവരല്ല.

**ഊരുടൈയവകൾ** – ഊർ + ഉടൈ + അവ + കൾ, ഊരിനുടയവരായവർ, അധികാരികൾ.

**ഇപ്പരിചറിവാർ** – ഇ + പരിച് + അറിവ് + ആർ, ഈ പ്രകാരം അറിയുന്നവർ. സന്ധിയിൽ – അറിവ് + ആർ – അറിവാർ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. പുരുഷഭേദനിരാസം സംഭവിക്കാത്ത രൂപം.

**മൈലായൻപള്ളിക്കടമ്പ നാരായണങ്കാരിമുക്കിൻ കോതൈ** - മൈലായൻപള്ളി + കടമ്പ + നാരായണൻ + കാരിമുക്കിൻ + കോതൈ, മൈലായൻപള്ളി കടമ്പ നാരായണൻ, കാരിമുക്കിൻ കോത. നാരായണൻ + കാരിമുക്കിൻ - നാരായണങ്കാരിമുക്കിൻ, നകാരത്തിന് ങകാരാദേശം.

**വേമ്പഴം നെന്മലിമങ്കലത്തു കണ്ടന്തായ*ന്*ും** - വേമ്പഴം നെന്മലിമങ്കലം കണ്ടൻ തായനും, കണ്ടൻ + തായൻ - കണ്ടന്തായൻ, *ന*കാരത്തിന് നകാരാദേശം. നെന്മനിമംഗലം, തത്ഭവം. നെന്മലി - നെന്മനി, വർണ്ണവികാരം ന/ല വിനിമയം.

**കായമറ്റത്തു കണ്ടനാരായണ*ന്*ും** - കായമറ്റത്തു കണ്ടനാരായണനും.

**കണ്ണൻകുഴൈ കണ്ണിനാരായണ*ന്*ുങ്കാണ*ന്*ൂർച്ചങ്കരനാരായണ*ന്*ുമറിവാർ** - കണ്ണൻകുഴൈ + കണ്ണിനാരായണൻ + ഉം + കാണനൂർ + ചങ്കര + നാരായണൻ + ഉം + അറിവ് + ആർ, കണ്ണൻകുഴ കണ്ണിനാരായണനും കാണനൂർ ശങ്കരനാരായണനും അറിയുന്നവരാണ്. സന്ധിയിൽ - നാരായണനും + കാണനൂർ - നാരായണനുങ്കാണനൂർ, സവർണ്ണനം, മകാരത്തിന് ങകാരാദേശം.

**4.2.1.13 അവിട്ടത്തൂർ വട്ടെഴുത്തു ശിലാരേഖ - 2**

**കാണ കൊടുത്ത** - കാണെ കൊടുത്ത, കാണ - കാണെ, കാൺകെ, വർണ്ണവികാരം എ/അ വിനിമയം.

**നെല്ലിടങ്ങഴിയിൽ** - നെല്ല് + ഇടങ്ങഴി + ആൽ, നെല്ലിടങ്ങഴിയാൽ. ഇടങ്ങഴി - അനുനാസികാതിപ്രസരം സംഭവിച്ച പദം.

**പുക്കു വിലക്ക** - പ്രവേശനം വിലക്കുക.

**ചെയ്യുങ്ങമുപ്പൈ** - ചെയ്യും മുമ്പേ

**ചൈ*ന്*(റു)** - ചെന്നു.

**പതിൻ കഴഞ്ചു പൊൻറ്ണ്ടവു** - പത്തു കഴഞ്ച് പൊന്ന് തണ്ടവും, പൊൻ + തണ്ടം - പൊൻറ്ണ്ടം, തകാരത്തിന് റകാരാദേശം.

**അതുന്നുകാകിര** - അതുന് + ക് + ആകിര, അതിനായി. അതുന് - അതിന്, വർണ്ണവികാരം ഇ/ഒ വിനിമയം.

**അചഴത്തു കാരാള(ൻ)** - അച്ചാഴത്തെ കാരാളൻ

**അകട്ടെ കച്ചം** - അകത്തെ കച്ചം. അകട്ടെ - അകട്ട, അകത്ത്, സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം ത/ട വിനിമയം.

**4.2.1.14 തൃപ്പൂണിത്തുറ കോത ഇരവി വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോക്കോതൈ ഇരവിക്കു** - രാജാവ് കോത ഇരവിക്കു.

**ച്ചെല്ലാനിന്റയാണ്ടു മുപ്പതു** - ചെന്നു നിന്ന വർഷം മുപ്പത്.

**അവ്വാണ്ടു** - ആ വർഷം.

**ഇരവി ആതിച്ചനമൈച്ചിനിൽ** - ഇരവി ആതിച്ചൻ അമൈച്ചിനിൽ, ഇരവി ആദിത്യത്തിന്റെ ഏർപ്പാടിൽ.

**പിച്ചൈപ്പാടൈയാരു** - പിച്ചൈ + പാടൈ + ആർ, പിച്ചപ്പാടർ, പിച്ചൈ - പിച്ച, ഭിക്ഷ. ഭിക്ഷപ്പാടയാർ, ബഹുമാന്യനായ സന്യസി.

**പൊതുവാളുങ്കൂടി** - പൊതുവാളും കൂടി, സവർണ്ണനം മകാരത്തിന് ങകാരാദേശം.

**അവിരോതത്താലിരവി ആതിച്ചനുള്ളിരുന്തു ചെയ്ത** - വിരോധമില്ലാതെ ഇരവി ആദിത്യന്റെ നേതൃത്വത്തിൽ ചെയ്ത.

**കച്ചമാവിതു** - കച്ചം ആകുന്നത്. ആവിത് - ആവത്, വർണ്ണവികാരം അ/ഇ വിനിമയം.

**തിരുപ്പൂണിത്തുറൈയപ്പട്ടാരകരുടൈയ** - തിരുപ്പൂണി + തുറൈ + പട്ടാരക + അർ + ഉടൈയ, തിരുപ്പൂണിത്തുറൈ - തൃപ്പൂണിത്തുറ, തത്ഭവം, സ്വരസംവരണം

സംഭവിക്കാത്ത പദം. പട്ടാരകർ - ഭട്ടാരകർ - ആരാധ്യ ദേവൻ. ആരാധ്യനായ തൃപ്പൂണിത്തുറ ഭട്ടാരകരുടെ.

**തിരുവാരാതനൈെയ്** - തിരു + ആരാതനൈ, തിരുവാരാധന, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം.

**ചാന്തിയ് തലൈെയായ** - ശാന്തി തലയായ, ശാന്തിമാരിൽ മുതിർന്നവരായ.

**ചിക്കോൽ കടൈയായ ഇടൈ** - ചിക്കോൽ + കടൈ + ആയ + ഇടൈ, ചിക്കോൽ - ശിഖക്കോൽ, ചെങ്കോൽ, ശിഖ - കിരീടം. കടൈ - കട, കീഴ്ഭാഗം, സ്വരസംവരണം സംഭവിക്കാത്ത പദം. ആയ - ആകുന്ന, ഇടൈ - ഇട, മധ്യ ഭാഗം, സ്വരസംവരണം സംഭവിക്കാത്ത പദം.

**എവ്വകൈപ്പട്ടിതും** - എ + വകൈ + പട്ട + ഇത് + ഉം, ഇതിനകത്ത് എല്ലാ വകയിൽ ഉൾപ്പെട്ടതും.

**പരടൈയാർ** - പരടയാർ, പരിഷയാർ.

**താങ്കൾ** - താങ്കൾ, താൻ എന്ന സർവ്വനാമത്തിന്റെ പൂജക ബഹുവചനം.

**വിലക്കപ്പെറാർ** - വിലക്ക + പെറാർ, വിലക്കാൻ പാടില്ല.

**വിലക്കുമവർകട്കു** - വിലക്കും + അവർ + കട് + കു, വിലക്കുന്നവർക്ക്. അവർകട് - അവർകൾ, വർണ്ണവികാരം ള/ട വിനിമയം.

**പലയൈ** - പലക, വർണ്ണവികാരം ക/യ വിനിമയം, സ്വരസംവരണം സംഭവിക്കാത്ത പദം. പലക - ക്ഷേത്രത്തിൽ അരി അളക്കുന്നതിനുള്ള മരം കൊണ്ടുള്ള ഉപകരണം.

**ചെയ്യപ്പെറാർ** - ചെയ്യാൻ പാടില്ല.

**ഇക്കച്ചം** - ഈ കച്ചം, ഈ ഏർപ്പാട്.

**പിഴൈച്ച** - പിഴച്ച, തെറ്റിച്ച, സ്വരസംവരണം സംഭവിക്കാത്ത പദം.

**പരടൈയാൻ** - പരടയാൻ, പരിഷയാൻ, തത്ഭവം. പരിഷകളുടെ അധികാരി.

**പന്തിരു കഴൈഞ്ചു** - പന്ത്രണ്ടു കഴഞ്ച്, പന്തിരു - പന്ത്രണ്ട്.

**പൊൻ കോയിൽക്കു** - പൊന്ന് ക്ഷേത്രത്തിലേക്ക്.

**തണ്ടപ്പടുവതു** - ദണ്ഡമായി നൽകണം.

**കോയിൽകു** - ക്ഷേത്രത്തിന്, പദാന്ത്യത്തിലെ കകാരം ഇരട്ടിക്കുന്നില്ല.

**പട്ട** - നൽകുന്ന

**പൊ*ന്നി*ട്ടപ്പൊഴതന്റി** - പൊൻ + ഇട്ട + അ + പൊഴുത് + അന്റി, പൊന്ന് നൽകുന്ന അന്ന് ആ സമയം.

**മറ്റൈവ്വകളിവ*നൊ*ടു** - മറ്റ് + എ + അവകൾ + ഇൻ + ഓട് + ഉ, മറ്റുള്ളവരോട്.

**കൂടിക്കരുമഞ്ചെയ്യപ്പെറാർ** - കൂടി + കരുമം + ചെയ്യ + പെറാർ, ചേർന്ന് കർമ്മം ചെയ്യാൻ പാടില്ല. കൂടി + കരുമം - കൂടിക്കരുമം, കകാര ദ്വിത്വം. കരുമം + ചെയ്യ - കരുമംചെയ്യ, കരുമഞ്ചെയ്യ, സവർണ്ണനം മകാരത്തിന് ഞകാരാദേശം.

**അവക*ൾ*** - അവർ.

**അവിരോതത്താൽ** - വിരോധമില്ലാതെ.

**പരടൈയാരുങ്കോയിലും** - പരടയാരും കോവിലും. പരിഷകളുടെ അധികാരിയും കോവിലധികാരിയും.

**ഏവക്കുറിച്ചേ*ൻ*** - ഏവ + കുറിച്ച് + ഏൻ, ഏവ - ഇപ്രകാരം, കുറിച്ച് - എഴുതി, ഏൻ - ഞാൻ, ഇപ്രകാരം എഴുതിയ ഞാൻ.

**പൂണിത്തുറൈ ചാത്തങ്കുമര*നേ*ൻ** - പൂണിത്തുറൈ + ചാത്തൻ + കുമരൻ + ഏൻ, പൂണിത്തുറ ചാത്തൻ കുമരൻ എന്ന ഞാൻ. പൂണിത്തുറൈ - പൂണിത്തുറ, സ്വരസംവരണം സംഭവിക്കാത്ത പദം. ചാത്തൻ + കുമരൻ - ചാത്തങ്കുമരൻ, *ന*കാരത്തിന് ങകാരാദേശം.

#### 4.2.1.15 തൃക്കാക്കര കേരള കേസരി പെരുമാൾ വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കേരള കേചരിപ്പെരുമാളിനുച്ചെല്ലാനിന്റയാണ്ടു** - കേരള + കേചരി + പെരുമാൾ + ഇൻ + ഉ + ചെല്ലാ + നിന്റ + ആണ്ടു, കേരള കേചരി - കേരള കേസരി, തത്ഭവം. പെരുമാൾ - ദേവൻ, രാജാവ്. കേരള കേസരി പെരുമാളിനു ചെന്നു നിന്ന വർഷം.

**ഇവറ്റിനുള്ള** - ഇവറ്റ + ഇൻ + ഉള്ള, ഈ ഏർപ്പാടിനുള്ള.

**ഇളവയവുങ്കരൈയുങ്കൂട** - ഇളവയൽ + ഉം + കരൈ + ഉം + കൂട, ഇളവയലും കരയും കൂടെ, സന്ധിയിൽ - ഇളവയലും + കരൈയും - ഇളവയലുങ്കരൈയും, സവർണ്ണനം, മകാരത്തിന് ങകാരാദേശം.

**വാഴിന്നുനിന്റ** - വാഴിന്ന് + നിന്റ, വാഴ്ന്നു നിന്ന, വാഴിന്നു - വാഴ്ന്നു, വർണ്ണവികാരം, സംവൃതോകാരം / ഇകാര വിനിമയം. നിന്റ - നിന്ന, അനുനാസികാതിപ്രസരം.

**അട്ടുമിടങ്കഴിയാൽ** - അട്ട് + ഉം + ഇടങ്കഴി + ആൽ, നൽകുന്ന നെല്ല് ഇടങ്ങഴിയാൽ. ഇടങ്കഴി - ഇടങ്ങഴി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ഇരുനൂറ്റു ഒരുപത്തുനാർ** - ഇരുനൂറ്റിപ്പതിനാല്, ഒരുപത്തു നാർ - ഒരുപത്തി നാല്, വർണ്ണവികാരം ല/റ വിനിമയം.

**കലന്നെൽ** - കലം + നെൽ, കലന്നെൽ, സവർണ്ണനം, മകാരത്തിന് നകാരാദേശം.

**കൊടുക്കക്കടവിയർ** - കൊടുക്കാൻ കടപ്പെട്ടിരിക്കുന്നു.

**ഇരുപതിൻ കലമു** - ഇരുപത് കലം.

**കാരാളന്റാൻ** - കാരാളൻ + താൻ, സവർണ്ണനം തകാരത്തിന് റകാരാദേശം.

**കൊണ്ടു** - സ്വീകരിച്ചു.

**മറ്റു** - മറ്റുള്ള.

**നൂറ്റുത്തൊണ്ണൂറ്റുനാർ** - നൂറ്റു + തൊണ്ണൂറ്റു + നാർ, നൂറ്റിത്തൊണ്ണൂറ്റി നാല്, സന്ധിയിൽ - നൂറ്റു + തൊണ്ണൂറ്റു - നൂറ്റുത്തൊണ്ണൂറ്റു, തകാര ദ്വിത്വം. നാർ - നാല്, വർണ്ണവികാരം, ല/റ വിനിമയം.

**കലനെല്ലുമളക്കുമിടങ്കഴിയാൽ നാഴി** - കലം + നെല്ല് + ഉം + അളക്കും + ഇടങ്കഴി + ആൽ + നാഴി, കലം നെല്ലും അളക്കുന്ന ഇടങ്ങഴിയാൽ നാഴി.

**പോകകുക്കുമുള്ളതു** - പോകം + കു + ക്കു + ഉം + ഉള്ളതു, ഭോഗത്തിനുമുള്ളത്, പോകകു - ഭോഗത്തിന്, തത്ഭവം. പദാന്ത്യത്തിലെ കകാരം ഇരട്ടിക്കുന്നില്ല.

**കോട്ടാകാരത്തിൽ** - കോഷ്ഠാകാരത്തിൽ, കൊട്ടാരത്തിൽ, അമ്പലത്തിൽ, തത്ഭവം.

**ഉല്പണിയായിതു** - ഉൽ + പണി + ആയിതു, അകപ്രവൃത്തിക്കുള്ളത്.

**ഇന്നെൽ കൊണ്ടു** - ഇ + നെൽ + കൊണ്ടു, ഈ നെല്ലു കൊണ്ട്.

**ചെല്ലുഞ്ചലവാവോ** - ചെല്ല് + ഉം + ചെലവ് + ആവോ, വരവും ചെലവും ആവാം, ഒരു മലയാളശൈലിയാണ് ചെല്ലും ചെലവും.

**തിരുവമിർതി*ന്നു* അരി** - തിരു + അമിർത് + ഇൻ + ന്, തിരുവമൃതിനുള്ള അരി.

**അറു നാഴി** - ആറു നാഴി, വർണ്ണവികാരം ആ/അ വിനിമയം. പൂർണ്ണമായും വർണ്ണവികാരമാകാതിരിക്കാൻ ഈ വാക്കിന് സാധ്യതയുണ്ട്. അറുനൂറ് എന്നിടത്ത് ദീർഘിച്ച ആകാരത്തിനുപകരം ഹ്രസ്വമായ അകാരമാണ് സാമാന്യേന പ്രയോഗത്തിലുള്ളത്. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം ആണ്.

**പൂതപലിക്കു** - ഭൂതബലിക്കു, തത്ഭവം.

**ഇരുനാഴി ചാന്തിക്കു** - രണ്ടു നാഴി ശാന്തിക്കു.

**ഇരു നാഴി പള്ളിത്താമത്തി*ന്നു* നാഴി** - ഇരു + നാഴി + പള്ളി + താമം + അത്ത് + ഇൻ + ന്, പള്ളിത്താമം - വിഗ്രഹത്തിൽ ചാർത്തുന്ന പൂമാല. രണ്ടുനാഴി വിഗ്രഹത്തിൽചാർത്തുന്ന പൂമാലയിലേക്കുള്ള ചെലവിലേക്ക്.

**തിരുവക്കിരമറു നാഴി** - തിരു + അക്കിരം + അറു + നാഴി, തിരുവക്കിരം ആറുനാഴി.

**അക്കിരമട്ടുവോ*ന്* ഇരു നാഴി** - അക്കിരം + അട്ട് + ഉം + ഓൻ + ഉ + ഇരു + നാഴി, അക്കിരം നൽകുന്നവന് രണ്ടു നാഴി, അക്കിരം അട്ടുവോൻ - അക്കിരം ഉണ്ടാക്കുന്നവൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. ഓൻ - അവൻ, അക്കിരം അട്ടുന്നവന്.

**ഇലൈയും വിറകുമിടുവോ*ന്നു* ഇരു നാഴി** - ഇലൈ + ഉം + വിറക് + ഉം + ഇട് + ഉം + ഓൻ + നു + ഇരു + നാഴി, ഇലൈ - ഇല, ക്ഷേത്രാവശ്യത്തിനുള്ള വാഴയില, സ്വരസംവരണം സംഭവിക്കാത്ത പദം. വിറക് - ക്ഷേത്രാവശ്യത്തിന് കത്തിക്കാനുള്ള വിറക്. ഇലയും വിറകും ഒരാളാണ് നൽകുന്നത്, അവന് രണ്ടു നാഴി.

**അരി കുത്തുവോ*ന്നു* എച്ചിലടിപ്പോ*നു* നാഴി** - അരി + കുത്ത് + ഉം + ഓൻ + നു + എച്ചിൽ + അടിപ്പ + ഓൻ + ഉ + നാഴി, അരി കുത്തുന്നവനും എച്ചിലടിക്കുന്നവനും ഓരോ നാഴി വീതം.

**അക്കിരത്തി*നു* പയറ്റി*നു* ഇരുനാഴി** - അക്കിരം + അത്ത് + ഇൻ + ഉ + പയറ്റ് + ഇൻ + ഉ + ഇരു + നാഴി, പ്രസാദ ഊട്ടിന് കറിവയ്ക്കാനുള്ള പയറിന് രണ്ടു നാഴി. പയറ്റ് - പയറ്.

**ഉൾപാട*നു* നാ*നാഴി*യുങ്കൂട** - ഉൾപാടൻ + ഉ + നാ + നാഴി + ഉം + കൂട, ഉൾപാടനു നാലു നാഴിയും കൂടെ. ഉൾപാടൻ - മേൽശാന്തി.

**നിയതം മുന്നാ*നാഴി*യാൽ നാർപ്പത്തേഴു നാഴി** - നിയതം + മുന്ന് + ആ + നാഴി + ആൽ + നാർ + പത്തു + ഏഴു + നാഴി, നിത്യം മുൻ നാനാഴിയാൽ നാൽപ്പത്തേഴു നാഴി. നാർപ്പത്തേഴു - നാൽപ്പത്തേഴു, വർണ്ണവികാരം ല/റ വിനിമയം. നാനാഴി - ഇടങ്ങഴി.

**അരി ചെലവിതു** - അരി + ചെലവ് + ഇത് + ഉ, ഇതിനാൽ അരി ചെലവ്.

**തിരുവമിർതി*ന്നു* നെയ്യാഴക്കു** - തിരു + അമിർത് + ഇൻ + നു + നെയ്യ് + ആഴക്ക്, തിരുവമൃതിനു നെയ്യ് ആഴക്ക്. ആഴക്ക് - നാഴിയുടെ എട്ടിൽ ഒരു ഭാഗം.

**തിരുവിളക്കിന്നു നെയ്യുരി** - തിരുവിളക്ക് + ഇൻ + നു + നെയ്യ് + ഉരി, തിരുവിളക്കിനുള്ള നെയ്യ് ഉരി, ഉരി - നാഴിയുടെ പകുതി.

**അക്കിരത്തിന്നു നെയ്യുരി** - അക്കിരം + അത്ത് + ഇൻ + നു + നെയ്യ് + ഉരി, അക്കിരത്തിനുള്ള, അഗ്രശാലയിലേക്കുള്ള നെയ്യ് ഉരി.

**ചന്തനം പട്ടാരർക്കും പിരാമ്മണർക്കു പത്തുകാണം** - ചന്തനം + പട്ടാര + അർ + ക്കു + ഉം + പിരാമ്മണ + അർ + ക്കു + പത്തു + കാണം, ഭട്ടാരകർക്കും ബ്രാഹ്മണർക്കും ചന്ദനം പത്തു കാണം വീതം. ചന്തനം - ചന്ദനം, തത്ഭവം. പട്ടാരർ - ഭട്ടാരകർ, വിദ്യാശാലയിലെ അദ്ധ്യാപകർ, പിരാമ്മണർ - ബ്രാഹ്മണർ, തത്ഭവം. പത്തു കാണം - ഒരു കഴഞ്ച്.

**കുക്കില തിരുപ്പുകൈക്കു** - കുക്ക് + ഇല + തിരു + പുകൈ + ക്കു, ക്ഷേത്രത്തിൽ സുഗന്ധം പരത്താൻ പുകയ്ക്കുന്നതിനുള്ള കുക്കില.

**ഇരു കഴഞ്ചുങ്** - രണ്ടു കഴഞ്ചും, പദാന്ത്യത്തിൽ ങകാരം സവിശേഷമായി പ്രയോഗിച്ചിരിക്കുന്നു.

**തേങ്കൈ നാലു** - തേങ്കൈ + നാല് + ഉ, തേങ്ങ നാല്, തേങ്കൈ - തേങ്ങ, അനുനാസികാതിപ്രസരവും സംവരസംവരണവും സംഭവിക്കാത്ത പദം.

**പുളി നാർ പലം** - പുളി നാലു പലം, നാർ - നാല്, വർണ്ണവികാരം ല/റ വിനിമയം. പലം - ഇരുപത്തൊന്നു കഴഞ്ച്.

**ഉപ്പു ഇരു നാഴി** - ഉപ്പ് രണ്ടു നാഴി.

**ചർക്കരൈ ഉരി** - ശർക്കര ഉരി, ചർക്കരൈ - ശർക്കര, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത രൂപം.

**വെറ്റിലൈ മുപ്പത്താറു** - വെറ്റില മുപ്പത്താറ്. വെറ്റിലൈ - താംബൂലം മുറുക്കാൻ ഉപയോഗിക്കുന്ന ഇല, സ്വരസംവരണം സംഭവിക്കാത്ത പദം.

**അടൈക്കായ് പന്തിരണ്ടു** - അടക്ക പന്ത്രണ്ട്, അടൈക്കായ് - അടക്കായ, അടക്ക, കവുങ്ങിലുണ്ടാകുന്ന കായ, താംബൂലം മുറുക്കാൻ പാക്കായി ഉപയോഗിക്കുന്നു, സ്വരസംവരണം സംഭവിക്കാത്ത പദം.

**ആറു പെരുമുതിയാൻമാർക്കു പത്തുകാണം** - ആറു + പെരു + ഉം + ഉതി + ആൻ + ഉം + ആർ + ക്കു + പത്തു + കാണം, ആറു പെരുമുതിയാന്മാർക്കും പത്തു കാണം വീതം.

**ആരാതിക്കുമവ*ന്നു* പത്തുകാണം** - ആരാതി + ക്കു + ഉം + അവൻ + നു + പത്തു + കാണം, ആരാധിക്കുന്നവന് പത്തു കാണം, ആരാധിക്കുമവൻ - ശാന്തി, ഉൾപാടൻ.

**വിറകിടുവാൻ പത്തുകാണം** - വിറക് + ഇടു + ആൻ + പത്തു + കാണം, വിറകിടാൻ പത്തു കാണം.

**അരികുത്തുവാ*നു*ം എച്ചിലടിപ്പാ*നു*ന്തളിക്കൈ ആയുവാ*നു*മഞ്ചുകാണം** - അരി + കുത്തു + ആൻ + ഉം + എച്ചിൽ + അടിപ്പ് + ആൻ + ഉം + തളിക്കൈ + ആയുവാൻ + ഉം + അഞ്ചു + കാണം, അരികുത്താനും എച്ചിലടിപ്പാനും തളിക ആയുവാനുമായി അഞ്ചു കാണം.

**അക്കിരമടുവാ*നു*ം പത്തുകാണം** - അക്കിരം + അടും + ആൻ + ഉം + പത്തു + കാണം, അക്കിരം ഉണ്ടാക്കാൻ പത്തുകാണം, അഗ്രശാലയിൽ ഉണ്ടാക്കുവാൻ 10 കാണം.

**നിയതമിവൈ എല്ലാം** - നിയതം + ഇവൈ + എല്ലാം, നിത്യം ഇവയെല്ലാം. ഇവൈ - ഇവ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇച്ചെലവു** - ഈ ചെലവു.

**മുട്ടാമൈച്ചെലുത്തക്കടവർ** - മുട്ടാമൈ + ചെലുത്ത് + കടവർ, മുടങ്ങാതെ ചെലവാക്കാൻ കടപ്പെട്ടവർ.

**അതികാരികൾ** - അധികാരികൾ.

**മുട്ടുകിൽ** - മുടങ്ങിയാൽ.

**മുട്ടിരട്ടി** - മുടങ്ങിയതിന്റെ ഇരട്ടി.

**ചെലുതക്കടവർ** - ചെലവാക്കാൻ കടപ്പെട്ടവർ. ചെലുത - ചെലുത്ത, ചെലവാക്കുക, പദാന്ത്യത്തിലെ തകാരം അശ്രദ്ധ കാരണം ഇരട്ടിക്കുന്നില്ല.

**അഞ്ചുനാൾ അടുത്തു മുട്ടുകിൽ** - അഞ്ചു ദിവസം അടുപ്പിച്ച് മുടങ്ങിയാൽ.

**പടാരക്കു പന്തിരു കഴൈഞ്ചു പൊന്റ്ണ്ടമു** - ഭട്ടാരകർക്കു പന്ത്രണ്ടു കഴഞ്ചു പൊന്ന് ദണ്ഡമാണ്.

**പട്ടുമുട്ടിരട്ടിയോടു** - പട്ട് + ഉം + മുട്ട് + ഇരട്ടി + ഓടു, മുടങ്ങിയതിന് ഇരട്ടി പിഴയായി ലഭിച്ചതിനോട് കൂടെ.

**ചെലവുഞ്ചെലുത്തക്കടവർ അതികാരി(ക)ൾ** - ചെലവ് ചെലുത്തുന്നതിന് കടപ്പെട്ടവർ അധികാരികൾ.

**ഇച്ചെലവിന്നുടൽപ്പോരുമാപ്പൂമി** - ഇ + ചെലവ് + ഇൻ + നു + ഉടൽ + പോരും + ആ + പൂമി, ഈ ചെലവിനാവശ്യമുള്ളവ ലഭിക്കുന്ന ആ ഭൂമി.

**കൊണ്ടപ്പോണ വിടക്കടവർ തേവർ** - കൊണ്ട് + പോണ + വിട + കടവ + അർ + തേവ + അർ, സ്വീകരിച്ചു പോന്നത് തിരികെ നൽകാൻ കടപ്പെട്ടത് ദേവർ.

### 4.2.1.16 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ – 1

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോവിന്തശ്വരക്കോതക്കുച്ചെല്ലാനിന്റയാണ്ടു** - കോ + ഇന്തു + ഈശ്വരൻ + കോതൈ + ക്കു + ചെല്ലാ + നിന്റ + ആണ്ട് + ഉ, രാജാവ് ഇന്ദീശ്വരൻ കോതക്ക് ചെന്നു നിന്ന വർഷം, സന്ധിയിൽ - കോ + ഇന്തു - കോവിന്തു, സ്വരസംയോഗം

ഒഴിവാക്കാൻ വകാരാഗമം. ഇന്തു + ഈശ്വരൻ - ഇന്തീശ്വരൻ, ഇന്തശ്വരൻ, വർണ്ണവികാരം ഈ/അ വിനിമയം.

**അയാമാണ്ടെക്കെതിരെയാമാണ്ടു** - അയ് + ആം + ആണ്ടെ + ക്കു + എതിർ + അയ് + ആം + ആണ്ടു, അഞ്ചാം വർഷത്തിനെതിരായ വർഷം, അഞ്ചാം ഭരണവർഷം. അയ് - ഐ എന്നതിന്റെ മറ്റൊരു രൂപം, അഞ്ച്.

**മീനത്തിൽ വിയാഴന്നിന്റ** - മീന മാസത്തിൽ വ്യാഴം നിന്ന.

**മേട ഞായിറ്റുച്ചെയ്ത** - മേട മാസത്തിൽ ചെയ്ത.

**കരുമമാവതു** - കർമ്മം ആകുന്നത്. കരുമം - ക്രമം.

**തിരുക്കാൾക്കരൈ** - തിരു + കാൾ + കരൈ, തൃക്കാക്കര, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം, വർണ്ണവികാരം ല/ള വിനിമയം.

**പട്ടാരർക്കുച്ചതിരചികാമണിയായിന കീഴായടികൾ** - പട്ടാര + അർ + ക്കു + ചതിര + ചികാമണി + ആയിന + കീഴായ് + അടി + കൾ, ഭട്ടാരകർക്ക് ചന്ദ്ര ശിഖാമണിയായ രാജകുമാരി. പട്ടാരർ - ഭട്ടാരകർ. ചതിര - ചന്തിര, ചന്ദ്ര, തത്ഭവം. ചികാ - ശിഖാ - കിരീടം, തത്ഭവം. ചികാമണി - ശിഖാമണി - കിരീടത്തിലെ മുത്ത്. കീഴായടികൾ - രാജകുമാരി, രാജാവിന്റെ സഹോദരി. ആയിന - ആകുന്ന. സന്ധിയിൽ - ചികാമണി + ആയിന - ചികാമണിയായിന, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. കീഴായ് + അടി - കീഴായടി, സംവൃതോകാര ലോപം.

**അമൈച്ച വെള്ളി നന്താവിളക്കൊന്റു** - ഏർപ്പാടാക്കിയ വെള്ളി നന്താവിളക്ക് ഒന്ന്.

**ഇതിനുക്കു** - ഇതിനായി.

**നിചൽ** - നിച്ചൽ, നിത്യം, തത്ഭവം.

**അരൈക്കാണങ്കരുപ്പൂരന്തിരിയിലിട്ടെരിക്കക്കടവർ** - അരൈ + കാണം + കർപ്പൂരം + തിരി + ഇൽ + ഇട്ട് + എരിക്ക + കടവ + അർ, അരക്കാണം കർപ്പൂരം തിരിയിലിട്ട് എരിയിക്കാൻ അവർ കടപ്പെട്ടിരിക്കുന്നു. അരൈ - അര, പകുതി, സ്വരസംവരണം

സംഭവിക്കാത്ത പദം. കർപ്പൂരം - വിളക്കുകത്തിക്കാൻ ഉപയോഗിക്കുന്ന ചെടിയുടെ പശ. തിരി - വിളക്കു കത്തിക്കാൻ എണ്ണയിൽ ഉപയോഗിക്കുന്ന തുണി കൊണ്ടുള്ള വസ്തു. സന്ധിയിൽ - അരൈ + കാണം - അരൈക്കാണം, കകാര ദ്വിത്വം. കാണം + കർപ്പൂരം - കാണം കർപ്പൂരം, കാണങ്കർപ്പൂരം, സവർണ്ണനം മകാരത്തിന് ങകാരാദേശം. തിരി + ഇൽ - തിരിയിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഇട്ട് + എരിക്ക - ഇട്ടെരിക്ക, സംവൃതോകാര ലോപം. എരിക്ക + കടവർ - എരിക്കക്കടവർ, കകാര ദ്വിത്വം.

**ഇവർ അമൈച്ച** - ഇവർ ഏർപ്പാടാക്കിയ.

**തിരുവക്കിരമിരണ്ടു** - തിരു + അക്കിരം + ഇരണ്ടു, തിരുവക്കിരം രണ്ട്.

**തമ്പെരുമാട്ടിയാർ അമൈച്ച** - തം + പെരും + ആട്ടി + ആർ + അമൈച്ച, ആരാധ്യയായ തമ്പുരാട്ടി ഏർപ്പാടാക്കിയ. തം - താങ്കൾ എന്നതുപോലെ ഉപയോഗികുന്ന പൂജക ബഹുവചന രൂപം. പെരും - വലിയ, ആട്ടി - സ്ത്രീ, ആർ - പൂജകബഹുവചന പ്രത്യയം.

**നന്താവിളക്കൊന്റുയിരു തുലന്നെയ്യുങ്കയ്യു പുളിയുമ** - നന്താ + വിളക്ക് + ഒന്റു + ഉയിരു + തുലം + നെയ്യ് + ഉം + കയ്യു + പുളി + ഉം, ഒരു നന്താവിളക്കിന് ഉയിര് തുലം നെയ്യും കയ്യു പുളിയും. ഉയിര് - ഒന്ന്, ഭൂതസംഖ്യ. തുലം - തുലാം, നൂറ് പലം. വർണ്ണവികാരം ആ/അ വിനിമയം. സന്ധിയിൽ - വിളക്ക് + ഒന്റു - വിളക്കൊന്റു, വിളക്കൊന്ന്, സംവൃതോകാര ലോപം.അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. തുലം + നെയ്യ് - തുലംന്നെയ്യ്, നകാര ദ്വിത്വം. നെയ്യും + കയ്യ് - നെയ്യുംകയ്യ്, നെയ്യുംങ്കയ്യ്, സവർണ്ണനം, മകാരത്തിന് ങകാരാദേശം.

**ഒരു തേങ്കായുമ** - ഒരു + തേങ്ക + ഉം, ഒരു തേങ്ങയും, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**കറിയും ഉപ്പും കൂട** - കറി + ഉം + ഉപ്പ് + ഉം + കൂട, കറിയും ഉപ്പും കൂടെ. കൂട - കൂടെ, വർണ്ണവികാരം, എ/അ വിനിമയം.

**ഉച്ചൈത്തിരുപ്പലിയിന്** - ഉച്ചൈ + തിരു + പലി + ഇൻ, ഉച്ചയിലെ തിരുബലിക്ക്. ഉച്ചൈ - ഉച്ച, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - ഉച്ചൈ + തിരു - ഉച്ചൈത്തിരു, തകാര ദ്വിത്വം. തിരു + പലി - തിരുപ്പലി, പകാര ദ്വിത്വം. പലി + ഇൻ - പലിയിൻ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മുന്നെയമിർതു** - മുന്ന് + എ + അമിർത് + ഉ, മുന്നെ അമൃത്. മുന്നെ - മുമ്പേ. അമിർത് - അമൃത് - പൂജയ്ക്കും ഊട്ടിനുമുള്ള പ്രസാദം, തത്ഭവം. സന്ധിയിൽ മുന്നെ + അമിർതു - മുന്നെയമിർതു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ചെയ്വിയ്ക്ക കടവർ** - ചെയ്യിക്കാൻ അവർ കടപ്പെട്ടിരിക്കുന്നു.

**ഇച്ചെലവിന്നമൈഞ്ഞ** - ഇ + ചെലവ് + ഇൻ + ന് + അമൈഞ്ഞ, ഈ ചെലവിനേർപ്പാടാക്കിയ. സന്ധിയിൽ - ഇ + ചെലവ് - ഇച്ചെലവ്, ചകാര ദ്വിത്വം.

**പൂമിയാവതു** - ഭൂമിയാകുന്നത്.

**പെരുവയൽ പൂമിയും** - പെരുവയൽ ഭൂമിയും.

**പുലൈയരുങ്കണ്ണെകാലായുടൈയാർ** - പുലൈയ + അർ + ഉം + കണ്ണെ + കാലാ + ഉടൈ + ആർ, ആരാധ്യനായ പുലൈയർ കണ്ണ കാലായുടെ ഉടമസ്ഥതയിലുള്ള. പുലൈയ + അർ - പുലൈയർ, സ്വരസംവരണം സംഭവിക്കാത്ത പദം, പുലയൻ എന്ന ഏകവചനത്തിനു പകരം ബഹുവചന പ്രത്യയമായ അർ പൂജകബഹുവചന പ്രത്യയമായി ഉപയോഗിക്കുന്നു. ഉടൈയാർ - ഉടമസ്ഥൻ, ആർ - പൂജകബഹുവചന പ്രത്യയം.

**പോട്ടൈയുന്തച്ചനാർ പോട്ടൈയും** - പോട്ടൈ + ഉം + തച്ചൻ + ആർ + പോട്ടൈ + ഉം, പോട്ടയും ബഹുമാന്യനായ തച്ചന്റെ പോട്ടയും. തച്ചൻ - ആശാരി. സന്ധിയിൽ - പോട്ടൈയും + തച്ചനാർ പോട്ടൈയും - പോട്ടൈയുന്തച്ചനാർ പോട്ടൈയും, സവർണ്ണനം മകാരത്തിന് നകാരാദേശം.

**വട്ടൈപ്പോട്ടൈയിർ കടനു മേലൊടിയുങ്കൂട** - വട്ടൈ + പോട്ടൈ + ഇർ + കടൻ + ഉ + മേൽ + ഒടി + ഉം + കൂട, വട്ടപ്പോട്ടയിലെ കടനു മേലൊടിയും കൂടെ. വട്ടൈ -

വട്ട, വൃത്താകൃതിയിലുള്ള സ്വരസംവരണം സംഭവിക്കാത്ത പദം. പോട്ടൈ - പോട്ട, സ്വരസംവരണം സംഭവിക്കാത്ത പദം. ഇർ - ഇൽ, ആധാരികാവിഭക്തി പ്രത്യയം, വർണ്ണവികാരം ല/റ വിനിമയം. കൂട - കൂടെ വർണ്ണവികാരം അ/എ വിനിമയം. , സന്ധിയിൽ - മേലൊടിയും + കൂട - മേലൊടിയുംകൂട, മേലൊടിയുങ്കൂട, സവർണ്ണനം മകാരത്തിന് ങകാരാദേശം.

**അട്ടു** - നല്കേണ്ടത്

**നാൽപ്പത്തിരു കലന്നെൽ** - നാല് + പത്ത് + ഇരു + കലം + നെൽ, നാൽപ്പത്തിരണ്ട് കലം നെല്ല്.

**പോരക്കുടുത്താർ പടാര അതികാരികൾ** - എടുക്കുന്നതിന് ഭട്ടാരക അധികാരികൾ അനുമതി നൽകി. പോര + കുടുത്താർ - കൂടെ നല്കി. പടാര - ഭട്ടാര, തത്ഭവം. അതികാരകൾ - അധികാരികൾ, തത്ഭവം.

**ഇന്നെൽ** - ഇ + നെൽ, നകാര ദ്വിത്വം. ഈ നെല്ല്.

**പോരാച്ചാൽ** - പോരാ എന്നു വച്ചാൽ, സംഭാഷണത്തിൽ ഉപയോഗിക്കുന്ന പദം.

**കുറൈഞ്ഞതിട്ടു** - കുറൈഞ്ഞ + അത് + ഇട്ട് + ഉ, കുറഞ്ഞത് നൽകി. കുറൈഞ്ഞ - കുറഞ്ഞ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെലിത്തക്കടവർ** - ചെലുത്താൻ കടപ്പെട്ടിരിക്കുന്നവർ. ചെലിത്ത - ചെലുത്ത, വർണ്ണവികാരം ഉ/ഇ വിനിമയം.

**പടാര അതികാരികൾ** - ഭട്ടാരക അധികാരികൾ, ക്ഷേത്രത്തിലെ അധികാരികൾ.

**ഇപ്പൂമി പാട്ടമാണ്ടു** - ഇ + പൂമി + പാട്ടം + ആണ്ടു, ഈ ഭൂമിയുടെ പാട്ടം സ്വീകരിച്ച്. ആണ്ടു - എന്നതിന് ആളുന്ന, സ്വീകരിച്ച് എന്ന അർത്ഥമാണിവിടെ.

**മുട്ടിരട്ടിയുമടിയൻതിരമുന്തീർത്തു** - മുട്ട് + ഇരട്ടി + ഉം + അടിയന്തിരം + ഉം + തീർത്ത് + ഉ, മുടങ്ങിയതിന്റെ ഇരട്ടിയും അടിയന്തിരവും തീർത്ത്. സന്ധിയിൽ - മുട്ട് + ഇരട്ടി - മുട്ടിരട്ടി, സംവൃതോകാര ലോപം. മുട്ടിരട്ടി + ഉം - മുട്ടിരട്ടിയും,

സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. അടിയന്തിരം + ഉം - അടിയന്തിരവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അടിയന്തിരമും, വർണ്ണവികാരം വ/മ വിനിമയം.

**ചെലുത്തക്കടവർ** - ചെലവാക്കാൻ കടപ്പെട്ടവർ.

**ഇത്തിരുവാരാതിനൈ ഒരു നാൾ മുട്ടുകിൽ** - ഇ + തിരു + ആരിതിനൈ + ഒരു + നാൾ + മുട്ടുക + ഇൽ, ഈ തിരുവാരാധന ഒരു ദിവസം മുടങ്ങുകിൽ. തിരുവാരാതിനൈ - തിരുവാരാധനൈ, തിരുവാരാധന, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇരണ്ടരൈക്കാണ പൊൻ** - രണ്ടര കാണം പൊന്ന്. ഇരണ്ടരൈ - രണ്ടരൈ, രണ്ടര, സ്വരസംവരണം സംഭവിക്കാത്ത പദം.

**തണ്ടം** - ദണ്ഡം.

**വൈച്ച്** - വച്ച്.

**ചെലുത്തക്കടവൻ** - ചെലവാക്കാൻ കടപ്പെട്ടവൻ.

**ഉൾപാടൻ** - മേൽശാന്തി.

**4.2.1.17 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ – 2**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോവിന്തു കോതൈ വൻമർ തിരുവടികകുചചെലലാനിന്റയാണ്ടു** - കോ + ഇന്തു + കോതൈ + വന്മ + അർ + തിരു + അടി + ക്കു + ചെല്ലാ + നിന്റ + ആണ്ടു, രാജാവ് ഇന്ദു കോത വൻമർക്ക് ചെന്നു നിന്ന വർഷം.

**പതിനോരാമാണ്ടൈക്കെതിർ അയ്യാമാണ്ടു** - പതിൻ + ഒര് + ആം + ആണ്ടൈ + ക്കു + എതിർ + അയ + ആം + ആണ്ടു, പതിനൊന്നാം വർഷത്തിന് എതിരായ അഞ്ചാം വർഷം, പതിനാറാം വർഷം.

**ചിങ്കത്തുൾ വിയാഴന്നിർക്കച്ചെയ്ത** - ചിങ്കം + അത്ത് + ഉൾ + വിയാഴം + നിർക്ക + ചെയ്ത, ചിങ്ങത്തിൽ വ്യാഴം നിൽക്കേ ചെയ്ത. ചിങ്കം - ചിങ്ങം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ഉൾ - ഇൽ, ആധാരികാവിഭക്തി പ്രത്യയം. നിർക്ക - നിൽക്ക, നിൽക്കെ, വർണ്ണവികാരം ല/റ വിനിമയം പദാന്ത്യത്തിൽ എ/അ വിനിമയം.

**കരുമമാവതു** - കരുമം + ആവതു, കർമ്മം ആകുന്നത്.

**കോ** - രാജാവ്.

**തിരുക്കാൽക്കരൈ ഉൾപാടന്നും** - തിരു + കാൽ + കരൈ + ഉൾപാട് + അൻ + ഉം, തൃക്കാൽക്കര മേൽശാന്തിയും. തിരുക്കാൽക്കരൈ - തിരുക്കാൽക്കര - തൃക്കാൽക്കാര - തൃക്കാക്കര.

**പെരുമുതിയാന്നുങ്കൈയ്യാൽ** - പെരും + ഉതി + ആൻ + ഉം + കൈയ് + ആൽ, പെരുമുതിയാന്റെയും കൈ കൊണ്ട്. സന്ധിയിൽ പെരുമുതിയാനും + കൈയ്യാൽ - പെരുമുതിയാനുംകൈയ്യാൽ - പെരുമുതിയാനുങ്കൈയ്യാൽ, മകാരത്തിന് ങകാരാദേശം, അനുനാസികാദേശം.

**പൊൻ കൊണ്ടു** - പൊന്നു സ്വീകരിച്ചു.

**കാൽക്കരൈ നാടുടൈയ കണ്ണമ്പുറൈയൻ** - കാൽക്കര നാടുടയ കണ്ണംപുറൈയൻ, കണ്ണംപുറൈയൻ - കണ്ണമ്പുറൈയൻ, രണ്ടു പ്രയോഗങ്ങളും ശരിയാണ്, സ്വരസംവരണം സംഭവിക്കാത്ത വ്യക്തിനാമം.

**പാനക്കാൽച്ചിറൈക്കു** - പാനക്കാൽ + ചിറൈ + ക്കു, പാനക്കാൽ എന്നു പേരുള്ള ചിറക്ക്.

**മേൽ** - മുകളിൽ

**ഇടൈച്ചിറൈക്കു** - ഇടൈ + ചിറൈ + ക്കു, ഇടയിലുള്ള ചിറക്കു, ഇടൈ - ഇട, രണ്ട് അതിർത്തികൾക്കകത്തുള്ള, സ്വരസംവരണം സംഭവിക്കാത്ത പദം.

**കീഴും** – കീഴ് + ഉം, താഴെയും.

**വെട്ടിക്കരിക്കാട്ടുക്കൊള്ള പൂമിയും** – വെട്ടിക്കരി + കാട്ട് + ക്കു + ഒള്ള + പൂമി + ഉം, വെട്ടിക്കരിക്കാട്ടിനുള്ള ഭൂമിയും. ഒള്ള – ഉള്ള, വർണ്ണവികാരം ഉ/ഒ വിനിമയം.

**പുനൈവരൈയും കൂട** – പുനൈ + വരൈ + ഉം + കൂട, പുന വരെയും കൂടെ, പുനൈ – പുന, പുനം കൃഷിക്കുള്ള ഭൂമി, സ്വരസംവരണം സംഭവിക്കാത്ത പദം. വരൈ – വരെ, സ്വരസംവരണം സംഭവിക്കാത്ത പദം. കൂട – കൂടെ.

**തിരുക്കാൽക്കരൈ പട്ടാരകർക്കു** – തൃക്കാക്കര ഭട്ടാരകർക്കു.

**അട്ടിക്കുടുത്താ***ന* – അട്ടി + കുടുത്തു + ആൻ, അവൻ അട്ടിക്കൊടുത്തു.

**കാൽക്കരൈ നാടുടൈയ കണ്ണമ്പുറൈയൻ** – കാൽക്കര നാടുടവനായ കണ്ണമ്പുറയൻ.

**ഇപ്പൂമി മേർ പാതിയും** – ഇ + പൂമി + മേർ + പാതി + ഉം, ഈ ഭൂമി മേൽ പകുതിയും. മേർ – മേൽ, വർണ്ണവികാരം ല/റ വിനിമയം.

**ചെയ്യിന്റ പണിയും** – ചെയ് + ഇന്റ + പണി + ഉം, ചെയ്യുന്ന പണിയും, ഇന്റ – ഇന്ന – ഉന്ന, വർത്തമാനകാല പ്രത്യയം.

**കൊണ്ടു കണ്ണമ്പുറൈയൻ ചെലവാവോ** – കൊണ്ട് + ഉ + കണ്ണം + പുറൈയൻ + ചെലവ് + ആവോ, കൊണ്ട് കണ്ണമ്പുറയന്റെ ചെലവാകുന്നു. ചെലവാവോ – ചെലവാകുന്നു.

**പന്തിരണ്ടുകലം** – പന്ത്രണ്ടു കലം, തത്ഭവം.

**തിരുവക്കിരവുമായി** – തിരു + അക്കിരം + ഉം + ആയി. തിരുവക്കിരവും ആയി.

**മകരത്തി***നൊ***ൾ** – മകരം + അത്ത് + ഇൻ +□ഒൾ, മകര മാസത്തിനകം, ഒൾ – ഉൾ, അകം, വർണ്ണവികാരം ഉ/ഒ വിനിമയം.

**ചുറ്റുമാടങ്കൂട** - ചുറ്റു + മാടം + കൂട, ചുറ്റുമാടത്തിൽ കൂടുന്ന, ചുറ്റമ്പലത്തിൽ കൂടുന്ന. ചുറ്റുമാടം - ആരാധനാ മണ്ഡപം. ചുറ്റുമാടം + കൂട - ചുറ്റുമാടംകൂട - ചുറ്റുമാടങ്കൂട, മകാരത്തിന് ങകാരാദേശം, അനുനാസികാദേശം.

**ആരാതി*ന*ക്കു** - ആരാധനക്കു, തത്ഭവം, വർണ്ണവികാരം പദമധ്യത്തിൽ അ/ഇ വിനിമയം.

**പതിൻ കഴഞ്ഞു പൊ*ന്ന*ു** - പത്തു കഴഞ്ഞ് പൊന്ന്, പതിൻ - പത്ത്.

**കർക്കടക ഞായിറ്റു** - കർക്കടക മാസം.

**ചെയിതു** - ചെയ്തു, വർണ്ണവികാരം, പദമധ്യത്തിൽ സംവൃതോകാരം/ഇ വിനിമയം.

**നിയതി ഇടങ്കഴിയാൽ** - നിത്യം ഇടങ്ങഴിയാൽ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പതി*ന*ാഴി അരി കൊണ്ടു** - പതിൻ + നാഴി + അരി + കൊണ്ട് + ഉ, പത്തുനാഴി അരി കൊണ്ട്.

**കഞ്ചിയുഞ്ചലുത്തക്കടവിയരതികാരികൾ** - കഞ്ചി + ഉം + ചെലുത്ത + കടവിയ + അർ + അതികാരി + കൾ, കഞ്ഞിയും നൽകുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു. കഞ്ചി - കഞ്ഞി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - കഞ്ചി + ഉം - കഞ്ചിയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. കഞ്ചിയും + ചെലുത്ത - കഞ്ചിയുംചെലുത്ത, കഞ്ചിയുഞ്ചലുത്ത, മകാരത്തിന് ഞകാരാദേശം, അനുനാസികാദേശം. ചെലുത്ത + കടവിയ - ചെലുത്തക്കടവിയ, കകാര ദ്വിത്വം.

**മറ്റൈപ്പാതിക്കും** - മറ്റൈ + പാതി + ക്കു + ഉം, മറ്റേ പകുതിക്കും, മറ്റൈ - മറ്റേ, മറു, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - മറ്റൈ + പാതി - മറ്റൈപ്പാതി, പകാര ദ്വിത്വം.

**മേറ്റളിപ്പോഴങ്കുമരനമച്ച മൂന്റു കലം** - മേൽ + തളി + പോഴൻ + കുമരൻ + അമച്ച + മൂന്റു + കലം, മേറ്റളി പോഴൻ കുമരൻ ഏപ്പാടാക്കിയ മൂന്നു കലം. അമച്ച - ഏർപ്പാടാക്കിയ, അനുനാസികാതിപ്രസരവും താലവ്യാദേശവും സ്വരസംവരണവും സംഭവിച്ച പദം. മൂന്റു - മൂന്ന്, അനുനാസികാതിപ്രസരം സംഭവിച്ച പദം. സന്ധിയിൽ - മേൽ + തളി - മേറ്റളി, റ്റകാരാദേശം, പോഴൻ + കുമരൻ - പോഴങ്കുമരൻ, നകാരത്തിന് ങകാരാദേശം, അനുനാസികാദേശം.

**നന്താവിളക്കൊന്റു** - നന്താ + വിളക്ക് + ഒന്റു, നന്താവിളക്കൊന്ന്.

**ഊരങ്ങ നക്കങ്കേരളനമച്ച അക്കിര ഒന്റു** - ഊരങ്ങ + നക്കൻ + കേരളൻ + അമച്ച + അക്കിരം + ഒന്റു, ഊരൻ നക്കൻ കേരളൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. ഊരങ് - ഊരൻ, അനുനാസികാദേശം സംഭവിക്കുമ്പോൾ നകാരത്തിന് ങകാരാദേശം വരുന്നുണ്ട. സന്ധിയിൽ - നക്കൻ + കേരളൻ - നക്കങ്കേരളൻ, നകാരത്തിന് ങകാരാദേശം, അനുനാസികാദേശം.

**ഊരങ്കണ്ട ചേനനമച്ച അക്കിര ഒന്റു** - ഊരൻ + കണ്ട + ചേന്നൻ + അമച്ച, ഊരൻ കണ്ടൻ ചേന്നൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. സന്ധിയിൽ - ഊരൻ + കണ്ട - ഊരങ്കണ്ട, നകാരത്തിന് ങകാരാദേശം. അനുനാസികാദേശം.

**വന്റലചേരി കോതൈ ഇരവിയമൈച്ച നന്താവിളക്കൊന്റും** - വൻ + തലചേരി + കോതൈ + ഇരവി + അമൈച്ച + നന്താ + വിളക്ക് + ഒന്റു + ഉം, വന്റലച്ചേരി കോത ഇരവി ഏർപ്പാടാക്കിയ നന്താവിളക്കൊന്നും. അമൈച്ച - അമച്ച, ഏർപ്പാടാക്കിയ, അനുനാസികാതിപ്രസരവും താലവ്യാദേശവും സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം. സന്ധിയിൽ - വൻ + തലചേരി - വന്റലച്ചേരി, തകാരത്തിന് റകാരാദേശം.

**തിരുവക്കിരം** - തിരു + അക്കിരം, ബ്രാഹ്മണർക്കും സന്യാസിമാർക്കുമുള്ള പ്രസാദ ഊട്ട്.

**വെള്ളിത്താലമും** - വെള്ളി + താലം + ഉം, വെള്ളിത്താലവും, വർണ്ണവികാരം വ/മ വിനിമയം.

**വട്ടകൈയും** - വട്ടകൈ + ഉം, വട്ടകയും, സ്വരസംവരണം സംഭവിക്കാത്ത പദം.

**കുട ഒന്റും** - കുട ഒന്നും.

**ഊരങ്കുമരഞ്ചാമി കണ്ണനമച്ച അക്കിര ഒന്റും** - ഊരൻ + കുമരൻ + ചാമി + കണ്ണൻ + അമച്ച + അക്കിരം + ഒന്റ് + ഉം, ഊരൻ കുമരൻ സ്വാമി ഏർപ്പാടാക്കിയ അക്കിരം ഒന്ന്. ചാമി - സ്വാമി, തത്ഭവം. സന്ധിയിൽ - ഊരൻ + കുമരൻ - ഊരങ്കുമരൻ, നകാരത്തിന് ങകാരാദേശം. കുമരൻ + ചാമി - കുമരഞ്ചാമി, നകാരത്തിന് ഞകാരാദേശം.

**വെൺപമലൈ യക്കം പോഴനമച്ച അക്കിര ഒന്റും** - വെൺപമലൈ + യക്കം + പോഴൻ + അമച്ച + അക്കിരം + ഒന്റ് + ഉം, വെൺപമല യക്ഷം പോഴൻ ഏർപ്പാടാക്കിയ അക്കിരം ഒന്ന്. യക്കം - യക്ഷം, തത്ഭവം.

**ഇവ്വൊമ്പതും** - ഇ + ഒമ്പത് + ഉം, ഈ ഒമ്പതും, ഇ + ഒമ്പത് - ഇവ്വൊമ്പത്, വകാരാഗമം, അതിന് ദ്വിത്വം.

**നന്താവിളക്കിരണ്ടു** - നന്താ വിളക്ക് രണ്ട്.

**കണ്ണമ്പുറൈയനമച്ച അക്കിരം പന്തിരണ്ടു** - കണ്ണമ്പുറയൻ ഏർപ്പാടാക്കിയ അക്കിരം പന്ത്രണ്ടും.

**ചുറ്റുവിളക്കു** - ക്ഷേത്രത്തിന് ചുറ്റും കത്തിക്കുന്ന വിളക്കുകൾ.

**കഞ്ചിയും** - കഞ്ഞിയും.

**കാട്ടെട്ടിക്കരിക്കോട്ടാൽച്ചെലുത്തക്കടവിയരതികാരികൾ** - കാട് + വെട്ടി + കരി + കോട്ട് + ആൽ + ചെലുത്ത + കടവി + അർ + അതികാരി + കൾ, വെട്ടിക്കരിക്കാട്ടിനുള്ള ഭൂമിയാൽ ചെലവാക്കുന്നതിന് അധികാരികൾ കടപ്പെട്ടിരിക്കുന്നു.

**ഇപ്പൂമി മാവറ കൊണ്ടു** - ഇ + പൂമി + മാവറ + കൊണ്ട് + ഉ, ഈ ഭൂമി മതിപ്പ് വില സ്വീകരിച്ച്. മാവറ - അന്നു നിലനിൽക്കുന്ന വില, മൂല്യം.

**മുതലറ അട്ടിക്കുടുത്താൻ** - മുതലറ + അട്ടി + കുടുത്തു + ആൻ, സ്വീകരിച്ച മുതലിനുള്ള ഭൂമി അനുവദിച്ച് കൊടുത്തവൻ. മുതലറ - സ്വീകരിച്ച വില, മൂല്യത്തിന് നൽകേണ്ടുന്ന ഭൂമി. കുടുത്താൻ - കൊടുത്താൻ, അവൻ കൊടുത്തു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം, ഖിലോപ സംഗ്രഹത്തിനും ഉദാഹരണം. വർണ്ണവികാരം ഒ/ഉ വിനിമയം.

**കാൽക്കരൈ നാടുടൈയ കണ്ണമ്പുറൈയൻ** - കാൽക്കര നാടിനുടയവനായ കണ്ണമ്പുറയൻ.

**കല്ലുങ്കരിടു** - കല്ലും + കരിടു, കല്ലും പൊടിയും. കരിടു + കരട് - പൊടി, വർണ്ണവികാരം അ/ഇ വിനിമയം.

**കാഞ്ഞിരക്കുറ്റിയു** - കാഞ്ഞിര + കുറ്റി + ഉം, കാഞ്ഞിരക്കുറ്റി, അറ്റുപോയ കാഞ്ഞിര മരത്തിന്റെ ബാക്കിയായ ഭാഗം.

**മുള്ളുമുയിറുമാക്കവമൈയും** - മുള്ള് + ഉം + ഉയിറ് + ഉം + ആകവ + അമൈയ് + ഉം, മുള്ളും ഉയിരും ആകെ അവയിൽ ഉണ്ടായതെല്ലാം. മുള്ള് - ചെടികളിലും മരങ്ങളിലും സ്വാഭാവികമായുണ്ടാകുന്ന മുനകൂർത്ത ഭാഗം. ഉയിറ് - ഉയിര്, വർണ്ണവികാരം ര/റ വിനിമയം. ആകവ - ആകവെ, ആകെ, വർണ്ണവികാരം എ/അ വിനിമയം. അമൈയ് - അമയുക, ഉണ്ടാവുക.

**വെട്ടിക്കരിക്കാട്ടിനൊള്ള പൂമി** - വെട്ടിക്കരിക്കാട്ടിനുള്ള ഭൂമി.

**എവ്വകൈ പട്ടതുമുള്ളൊടുങ്ങ** - എ + വകൈ + പട്ടത് + ഉം + ഉൾ + ഒടുങ്ങ, എല്ലാവകയിൽ പെട്ടതും ഉള്ളടങ്ങി.

**അട്ടിക്കുടുത്താന കണ്ണമ്പുറൈയൻ** - അട്ടി + കുടുത്ത് + ആൻ + കണ്ണം + പുറൈയൻ, അട്ടിക്കൊടുത്തവൻ കണ്ണമ്പുറയൻ. കുടുത്താൻ - കൊടുത്താൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം, വർണ്ണവികാര ഒ/ഉ വിനിമയം.

**ഇച്ചെലവുമുട്ടുകിൽ മുട്ടിരട്ടി** - ഈ ചെലവു മുടങ്ങിയാൽ മുടങ്ങിയതിന്റെ ഇരട്ടി.

**ചെലുത്തക്കടവിയർ പാട്ടമാളൻ** - ചെലുത്ത + കടവിയ + അർ + പാട്ടം + ആള് + അൻ, ചെലുത്തുന്നതിന് പാട്ടമാളൻ കടപ്പെട്ടിരിക്കുന്നു. പാട്ടമാളൻ - പാട്ടം ആളുന്നവൻ, പാട്ടമാളി, പാട്ടത്തിനെടുത്തവൻ.

**ഇപ്പൂമി നാടുവാഴുമവകൾ** - ഇ + പൂമി + നാടു + വാഴും + അവ + കൾ, ഈ ഭൂമിയിൽ നാടുവാഴുന്നവർ

**പയരപ്പെറാര** - പയര് + പെറാർ, കൃഷി ചെയ്യാൻ പാടില്ല. പയര - പയരുക, കൃഷി ചെയ്യുക. സന്ധിയിൽ പകാര ദ്വിത്വം.

**പയരുമവൻ** - പയര് + ഉം + അവൻ, കൃഷിയിറക്കുന്നവൻ.

**അമച്ചുള്ളു** - അമച്ച് + ഉള്ള് + ഉ, ഏർപ്പാടുള്ള.

**മറ്റ് കോയിലതികാരികൾക്കു** - മറ്റ് + കോയിൽ + അതികാരി + കൾ + ക്കു, മറ്റ് ക്ഷേത്രാധികാരികൾക്ക്.

**നൂറ്റുക്കഴഞ്ചു പൊന്റ്ണ്ടം** - നൂറ്റു + കഴഞ്ചു + പൊൻ + തണ്ടം, നൂറു കഴഞ്ച് പൊന്ന് ദണ്ഡം. സന്ധിയിൽ - നൂറ്റു + കഴഞ്ചു - നൂറ്റുക്കഴഞ്ചു, കകാര ദ്വിത്വം. പൊൻ + തണ്ടം - പൊന്റ്ണ്ടം, തകാരത്തിന് റകാരാദേശം.

**പടക്കടവിയർ** - പട + കടവി + അർ, നൽകുന്നതിന് കടപ്പെട്ടിരിക്കുന്നു. പട - പടുക, അംഗഭംഗത്തിന് ഉദാഹരണം.

**ഇപ്പിമി** - ഇ + പിമി, ഈ ഭൂമി, പിമി - പുമി, പൂമി. വർണ്ണവികാരം ഉ/ഇ വിനിമയം.

**നാടുവാഴുമവകൾക്ക്** - നാടുവാഴുന്നവർക്ക്.

**അവർക്കു ചാർന്നവർകളാക** - അവർ + ക്കു + ചാർന്ന + അവർ + കൾ + ആക, അവർക്കു ബന്ധുത്വമുള്ളവർക്ക്. ചാർന്നവർ - ചേർന്നവർ, ബന്ധുക്കൾ.

**പാട്ടമാളപ്പെറാർ** - പാട്ടം + ആള + പെറാർ, പാട്ടത്തിനു നൽകാൻ പാടില്ല.

**ഇവകളും** - ഇവ + കൾ + ഉം, ഇവരും.

**അത്തണ്ടം പടക്കടവിയർ** - അ + തണ്ടം + പട + കടവി + അർ, ആ ദണ്ഡം നൽകാൻ കടപ്പെട്ടവരാണ്.

**ഇതർക്കു** - ഇതർ + ക്കു, ഇതിനുക്കു, ഇതിന്.

**ഇപ്പരി** - ഇ + പരി, ഈ പ്രകാരം, ഏർപ്പാട്.

**അറിയും** - അറിയുന്ന

**ചാതുക്കൾ** - സാധുക്കൾ, വൈഷ്ണവ സന്യാസിമാർ, തത്ഭവം.

**അട്ടാ*നി*ക്കോട്ടത്തു തേവഞ്ചാത്ത*നു*ം** - അട്ടാനി + കോട്ടത്തു + തേവൻ + ചാത്തൻ + ഉം, അട്ടാനിക്കോട്ടത്തെ ദേവൻ ചാത്തനും. സന്ധിയിൽ - തേവൻ + ചാത്തൻ - തേവഞ്ചാത്തൻ, നകാരത്തിന് ഞകാരാദേശം.

**ഇളന്തുരുത്തി കേരള നാരായണ*നു*** - ഇളം + തുരുത്തി + കേരള + നാരായണനു, ഇളന്തുരുത്തി കേരള നാരായണനും. സന്ധിയിൽ - ഇളം + തുരുത്തി - ഇളന്തുരുത്തി, മകാരത്തിന് നകാരാദേശം.

**പെരുന്തോട്ടത്തു കണ്ടനാരായണ*നു*ം** - പെരും + തോട്ടത്തു + കണ്ട + നാരായണൻ + ഉം, പെരുന്തോട്ടത്തു കണ്ടനാരായണനും. സന്ധിയിൽ - പെരും + തോട്ടത്തു - പെരുന്തോട്ടത്തു, മകാരത്തിന് നകാരാദേശം.

**പറമ്പുടൈയ കേരളഞ്ചിരികുമര*നു*ം** - പറമ്പ് + ഉടൈയ + കേരളൻ + ചിരി + കുമരൻ + ഉം, പറമ്പുടയവനായ കേരളൻ ശ്രീകുമരനും. ചിരികുമരൻ - ശ്രീകുമരൻ, തത്ഭവം. സന്ധിയിൽ - കേരളൻ + ചിരികുമരൻ - കേരളഞ്ചിരികുമരൻ, നകാരത്തിന് ഞകാരാദേശം.

**കുപ്പവാഴക്കൈ കണ്ടനാരായണ*നു*ം** - കുപ്പ + വാഴ്ക്കൈ + കണ്ട + നാരായണൻ + ഉം, കുപ്പവാഴ്ക്ക കണ്ടനാരായണനും. വാഴ്ക്കൈ - വാഴ്ക്ക, വാഴുന്ന, സ്വരസംവരണം സംഭവിക്കാത്ത പദം.

**പറമ്പുടൈയ കുമരനാരായണ*നും*** - പറമ്പ് + ഉടൈയ + കുമര + നാരായണൻ + ഉം, പറമ്പുടയ കുമരനാരായണനും.

**ചിരയൻകോട്ടിരവി വാതുതേവ*നും*** - ചിരയൻകോട്ട് + ഇരവി + വാതുതേവൻ + ഉം, ചിരയൻ കോട്ട് ഇരവി വാസുദേവനും. വാതുതേവൻ - വാസുദേവൻ, തത്ഭവം.

**പന്റിത്തുരിത്തി കണ്ണപോഴ*നും*** - പന്റിത്തുരിത്തി + കണ്ണ + പോഴൻ, പന്നിത്തുരുത്തി കണ്ണ പോഴനും. പന്റിത്തുരിത്തി - പന്നിത്തുരുത്തി, അനുനാസികാതിപ്രസരം സംഭവിക്കാത്ത ദേശനാമം. വർണ്ണവികാരം ഉ/ഇ വിനിമയം.

**വെണ്ടലമണക്കണങ്കുമര*നും*** - വെൺ + തലമണ + കണൻ + കുമരൻ + ഉം, വെണ്ടലമണ കണൻ കുമരനും. സന്ധിയിൽ - വെൺ + തലമണ - വെണ്ടലമണ, തകാരത്തിന് ൻകാരാദേശം.

**കീഴകത്തു കൊറ്റമ്പുറൈയ*നും*** - കീഴ് + അകത്തു + കൊറ്റം + പുറൈയനും, കീഴകത്തു കൊറ്റമ്പുറൈയനും

**കുന്റിയൂരുടൈയ കണ്ടിമ്പുറൈയ*നും*** - കുന്റി + ഊർ + ഉടൈയ + കണ്ടിം + പുറൈയൻ + ഉം, കുന്റിയൂരിനുടയവനായ കണ്ടിമ്പുറൈയനും. കുന്റിയൂർ - കുന്നിയൂർ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തി നാമം. സന്ധിയിൽ - കുന്റി + ഊർ - കുന്റിയൂർ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഊരങ്കോത്തങ്കോതൈയും** - ഊരൻ + കോത്തൻ + കോതൈ + ഉം, ഊരൻ കോത്തൻ കോതയും. സന്ധിയിൽ - ഊരൻ + കോത്തൻ - ഊരങ്കോത്തൻ, നകാരത്തിന് ങകാരാദേശം. ഊരങ്കോത്തൻ + കോതൈ - ഊരങ്കോത്തങ്കോതൈ, നകാരത്തിന് ങകാരാദേശം.

**ഇരവി കോതൈയും** - ഇരവി കോതയും.

**കുലചേകര പട്ടിനത്തു മാറങ്കോവിന്ത*നും*** - കുലചേകര + പട്ടിനം + അത്ത് + ഉ + മാറൻ + കോവിന്തൻ + ഉം, കുലശേഖരപട്ടണത്തു മാറൻ ഗോവിന്ദനും. കുലചേകര

- കുലശേഖര, തത്ഭവം. പട്ടിനം - പട്ടണം, വർണ്ണവികാരം ണ/ന, അ/ഇ വിനിമയം. കോവിന്തൻ - ഗോവിന്ദൻ, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത വ്യക്തി നാമം. സന്ധിയിൽ മാറൻ + കോവിന്തൻ - മാറങ്കോവിന്തൻ, നകാരത്തിന് ങകാരാദേശം.

**പുല്ലിപള്ളിച്ചങ്കരങ്കുമരനും** - പുല്ലിപള്ളി + ചങ്കരൻ + കുമരൻ + ഉം, പുല്ലിപള്ളി ശങ്കരൻ കുമരനും. ചങ്കരൻ - ശങ്കരൻ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തി നാമം. സന്ധിയിൽ - ചങ്കരൻ + കുമരൻ - ചങ്കരങ്കുമരൻ, നകാരത്തിന് ങകാരാദേശം.

**അറിവാർ** - അറിവ് + ആർ, അറിയുന്നവർ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ഇവകൾ** - ഇവ + കൾ, ഇവർ.

**വേണ്ടക്കേട്ടുക്കേഴുപ്പിച്ചു** - വേണ്ട + കേട്ടു + കേഴുപ്പിച്ച് + ഉ, വേണ്ടുന്ന വിധം കേട്ടു കേൾപ്പിച്ച്, കേഴുപ്പിച്ച് - കേൾപ്പിച്ച്, വർണ്ണവികാരം ള/ഴ വിനിമയം.

**കൈയ്യെഴുതി** - കൈയ് + എഴുതി, കൈ കൊണ്ടെഴുതി.

**അറിവേൻ** - അറിവ് + ഏൻ, ഞാൻ അറിയും, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കുമ്മൻകോട്ടു ഇരവി കുന്റപ്പോഴനേൻ** - കുമ്മൻ + കോട്ട് + ഇരവി + കുന്റ + പോഴൻ + ഏൻ, കുമ്മൻ കോട്ട് ഇരവി കുന്റപ്പോഴൻ എന്ന ഞാൻ. കുന്റപ്പോഴൻ - കുന്നപ്പോഴൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം.

**ഇപ്പൂമി കാൽക്കരൈ നാട്ടൂരാളർ** - ഈ ഭൂമി കാൽക്കര നാട്ടിലെ ഊരാളന്മാർ.

**ഇരഴ്ച്ചിക്കക്കടവർ** - ഇരഴ്ച്ചിക്ക + കടവർ, രക്ഷിക്കാൻ കടപ്പെട്ടവർ. ഇരഴ്ച്ചിക്ക - രക്ഷിക്ക, തത്ഭവം.

**ഇരക്കാപോകം** - രക്ഷാഭോഗം, തത്ഭവം.

**ആട്ടു** - ആണ്ട്, വർഷത്തിലെ.

**കർക്കടക ഞായിറ്റു** - കർക്കടകമാസം.

**മകത്തിനുൾ ഇടങ്കഴിയാൽ** - മകം + അത്ത് + ഇൻ + ഉൾ + ഇടങ്കഴി + ആൽ, മകത്തിനുള്ളിൽ ഇടങ്ങഴിയാൽ. ഉൾ - ഇൽ, ആധാരികാവിഭക്തി പ്രത്യയം.

**നൂറ്റു നാഴി അരി കൊണ്ടു** - നൂറു നാഴി അരി ഉപയോഗിച്ച്.

**ഊട്ടക്കടവിയർ** - ഊട്ടാൻ കടപ്പെട്ടവർ.

**ഉൾപാടനും പെരുമുതിയാനു** - മേൽശാന്തിയും പെരുമുതിയാന്, ക്ഷേത്രത്തിലെ ഉയർന്ന അധികാരിക്ക്.

**ഊട്ടാതൊഴിവാരായിന പൂമി** - ഊട്ടാതെ ഒഴിവായവരുടെ ഭൂമി.

**തടുത്തുവച്ചു ഉണ്ണക്കടവിയർ** - തടുത്തു വച്ച് ഉണ്ണാൻ കടപ്പെട്ടവർ. തടുത്തു വച്ചുണ്ണുക - ഇതൊരു പിഴയാണ്, ഏർപ്പാടിൽ പറഞ്ഞ പ്രകാരം പ്രവർത്തിച്ചവരുടെ കൃഷിയിറക്കിയ ഭൂമിയിൽ നിന്നുള്ള ആദായം അധികാരികൾ എടുക്കണം.

**തേവർക്കു** - ദേവന്.

**അഞ്ഞാറ** - അഞ്ചാറ്. അനുനാസികാതിപ്രസരം സംഭവിച്ച പദം.

**ആക്കീരാതിക** - അക്കിരത്തിനുള്ളത്, ഭൂമി.

**തിരിയക്കൊടുക്ക** - തിരിയ + കൊടുക്ക, തിരികെ കൊടുക്കാൻ. തിരിയ - തിരിക, തിരികെ, വർണ്ണവികാരം ക/യ, എ/അ വിനിമയം.

**കടവിയരു** - കടവി + അർ + ഉ, കടപ്പെട്ടവരാകുന്നു.

**കച്ചനാട്ടൂരാളൻ** - കച്ചം + നാട്ട് + ഊരാള + അൻ, കച്ചം ഏർപ്പാടാക്കിയ നാട്ടിലെ ഊരാളൻ.

**അന്റു** - അന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ചെല്ല** - ചെല്ലേണ്ടുന്ന

**പൊതി** - അളവ്

**പന്തിരണ്ടു കാണം** - പന്ത്രണ്ടു കാണം.

**പൊൻ തേവർക്കു തണ്ടം** - പൊന്ന് ദേവർക്കു ദണ്ഡം.

**പടക്കടവിചർ** - പട + കടവ + ഇ + അർ, നൽകാൻ കടപ്പെട്ടവർ, കടവിചർ - കടവിയർ, വർണ്ണവികാരം യ/ച വിനിമയം.

**തിരുമലൈ അറൈപ്പിരാട്ടി** - തിരുമല + എ + അറൈ + പിരാട്ടി, തിരുമലയിലെ അന്തഃപുര റാണി, അറൈ - അറ, അന്തഃപുരം, സ്വരസംവരണം സംഭവിക്കാത്ത പദം. പിരാട്ടി - ആരാധ്യയായ സ്ത്രീ.

**അമൈച്ച** - ഏർപ്പാടാക്കിയ.

**അക്കിരം ഒന്റു** - അക്കിരം ഒന്ന്

**ഇതുവ്വെട്ടിക്കരിക്കാട്ടിൻ മേർ** - ഇതു + വെട്ടി + കരി + കാട്ടിൻ + മേർ, ഇത് വെട്ടിക്കരിക്കാട്ടിനു മേലുള്ള, മേർ - മേൽ, വർണ്ണവികാരം, ല/റ വിനിമയം. സന്ധിയിൽ - ഇതു + വെട്ടി - ഇതുവ്വെട്ടി, വകാര ദ്വിത്വം.

**ചെലവിതു** - ചെലവാകുന്നത്.

**വെട്ടിക്കരിക്കാട്ടിൻ മേലുള്ള** - വെട്ടിക്കരിക്കാട്ടിന് മുകളിലുള്ള

**ചെലവുമുട്ടിക്കുമവൻ** - ചെലവു മുടക്കും അവൻ.

**മൂഴിക്കളെക്കച്ചം** - മൂഴിക്കളം കച്ചം.

**4.2.1.18 തൃക്കാക്കര ഇന്തുക്കോത വന്മർ വട്ടെഴുത്തു ശിലാരേഖ – 3**

**സ്വസ്തി ശ്രീ** – ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോവിന്തു കോതൈ വന്മർ തിരുവടിക്കുച്ചെല്ലാനിന്റയാണ്ടു** – കോ + ഇന്തു + കോതൈ + വന്മർ + തിരു + അടി + ക്കു + ചെല്ലാ + നിന്റ + ആണ്ട് + ഉ, രാജാവ് ഇന്ദു കോത വന്മർക്ക് ചെന്നു നിന്ന വർഷം.

**വിയാഴന്നിന്റ** – വിയാഴം + നിന്റ, വ്യാഴം നിന്ന. നിന്റ – നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**തനു ഞായിറ്റുച്ചെയ്ത** – തനു + ഞായിറ്റ് + ഉ + ചെയ്ത, ധനു മാസത്തിൽ ചെയ്ത. തനു – ധനു, തത്ഭവം.

**കരുമമാവതു** – കരുമം + ആവതു – കർമ്മം ആകുന്നത്.

**കണ്ണമ്പുറൈയൻ** – കണ്ണം + പുറൈയൻ, കണ്ണമ്പുറൈയൻ.

**നാടുവാഴ്ക്കൈയിൽ** – നാടു + വാഴ്ക്കൈ + ഇൽ, നാടു വാഴുമ്പോൾ.

**നെടിയതളി പൂമി** – നെടിയ + തളി + പൂമി, നെടിയ തളി ക്ഷേത്രത്തിന്റെ കീഴേടമായ ഭൂമി.

**ചോഴചികാമണി** – ചോഴ + ചികാ + മണി, ചോളന്മാരുടെ കിരീടത്തിലെ രത്നമായവൾ. ചോഴ – ചോള, വർണ്ണവികാരം ള/ഴ വിനിമയം.

**അമച്ച** – ഏർപ്പാടാക്കിയ, അനുനാസികാതിപ്രസരവും, താലവ്യാദേശവും, സ്വരസംവരണവും സംഭവിച്ച പദം.

**തേവർ കൊണ്ട പുറൈയിടമു** – തേവർ + കൊണ്ട + പുറൈ + ഇടം + ഉ, ദേവർ താമസിക്കുന്ന പുരയിടം.

**വടക്കു** – വടക്കു ഭാഗത്ത്.

**ചെയ്വൻ ചങ്കരൻ പുറൈയിടത്തിന്നു തെക്കു** - ചെയ്വൻ + ചങ്കരൻ + പുറൈ + ഇടം + അത്ത് + ഇൻ + ഉ + തെക്കു, ചെയ്വൻ ശങ്കരന്റെ പുരയിടത്തിന് തെക്ക്. **ചെയ്വൻ** - ശൈവൻ, ക്രിയാപരമായി ചെയ്തവൻ. ചങ്കരൻ - ശങ്കരൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം.

**നാരായണ മങ്ങലത്തിർ പടാത പൂമിയെല്ലാം** - നാരായണ + മങ്ങലം + അത്ത് + ഇർ + പടാത + പൂമി + എല്ലാം, നാരായണമംഗലത്തിൽ പെടാത്ത ഭൂമിയെല്ലാം. നാരായണമങ്ങലം - നാരായണമങ്കലം, നാരായണമംഗലം, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച പദം. ഇർ - ഇൽ, ആധാരികാവിഭക്തി പ്രത്യയം, വർണ്ണവികാരം ല/റ വിനിമയം.

**കയ്യെഴു(തി)** - കയ് + എഴുതി, കൈ കൊണ്ടെഴുതി.

**അമിതിന്നു പടു പൂമി** - അമൃതിന് ഏർപ്പാടാക്കിയ ഭൂമി.

**എല്ലാം വാഴ്ന്തു** - എല്ലാം വാണ്. വാഴ്ന്തു - വാഴ്ന്നു, വാണു, താലവ്യാദേശം സംഭവിക്കാത്ത പദം.

**കുമ്പ ഞായിറ്റു** - കുംഭ മാസത്തിൽ, കുമ്പ - കുംഭ, തത്ഭവം.

**നാട്ടിന്നും** - നാട് + ഇൻ + ഉം, നാടിനും, ടകാര ദ്വിത്വം വന്ന് നാട്ടിനും.

**വാഴ്ക്കൈക്കു** - വാഴ്ക്കക്ക്. ജീവിതത്തിന്, സ്വരസംവരണം സംഭവിക്കാത്ത പദം.

**പണിക്കുങ്കൊടുക്കുങ്കൊൾ** - പണിക്ക് + ഉം + കൊടുക്ക് + ഉം + കൊൾ, പണിക്കും കൊടുക്കും കൊൾ. സന്ധിയിൽ - പണിക്കും + കൊടുക്കും - പണിക്കുങ്കൊടുക്കും, മകാരത്തിന് ങകാരാദേശം. കൊടുക്കും + കൊൾ - കൊടുക്കുങ്കൊൾ, മകാരത്തിന് ങകാരാദേശം.

**കുടൈയുമൊഴിച്ചു** - കുടൈ + ഉം + ഒഴിച്ചു, കുടയെന്ന നികുതി ഒഴിവാക്കി. കുടൈ - കുട - ഒരുതരം നികുതി. സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊടുത്താൻ** - കൊടുത്ത് + ആൻ, അവൻ കൊടുത്തു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കാൽക്കരൈ നാടുടൈയ കണ്ണമ്പുറൈയൻ** - കാൽക്കര നാടിനുടയവനായ കണ്ണമ്പുറയൻ.

**തേവർക്കു** - ദേവർക്കു, ദേവന്.

**ഇന്നെയ്** - ഇ + നെയ്, ഈ നെയ്യ്.

**നാളാലുന്തിങ്ങളാലും** - നാൾ + ആൽ + ഉം + തിങ്കൾ + ആൽ + ഉം, ദിവസത്തേക്കോ, മാസത്തേക്കോ.

**മുട്ടിക്കിൽ** - മുടക്കിയാൽ.

**മുട്ടിരട്ടിച്ചെലുത്തക്കടവർ** - മുടക്കിയതിന്റെ ഇരട്ടി ചെലുത്തുന്നതിന് കടപ്പെട്ടിരിക്കുന്നു.

**ഒരാണ്ടു തെകിയെ മുട്ടിക്കിൽ** - ഒര് + ആണ്ടു + തെകിയ + എ + മുട്ടിക്ക + ഇൽ, ഒരു വർഷം തികച്ച് മുടക്കുകിൽ. തെകിയെ - തെകയെ, തെകച്ച്, പൂർണ്ണമായി, വർണ്ണവികാരം അ/ഇ വിനിമയം.

**കാരാമ്മൈ വിടക്കടവിയർ** - കാരാമ്മൈ + വിട + കടവ + ഇ + അർ, കാരാണ്മ ഒഴിവാകാൻ കടപ്പെട്ടവരാകുന്നു. കാരാമ്മൈ - കാരാണ്മൈ, കാരാണ്മ, സ്വരസംവരണം സംഭവിക്കാത്ത പദം, വർണ്ണവികാരം ണ/മ വിനിമയം.

**ഇരുപത്തഞ്ചു തുടവു** - ഇരു + പത്ത് + അഞ്ചു + തുടം + ഉ, ഇരുപത്തഞ്ചു തുടം, തുടവു - തുടം.

**ഉൾപാടനും** - മേൽശാന്തിക്കും.

**പെരുമുതിയനും** - ക്ഷേത്രോദ്യാഗസ്ഥന്മാരുടെ അധികാരി.

**കൂടി** - ചേർന്ന്.

**മുന്നൂറ്റു മങ്ങലത്താരൈ** - മുന്നൂറ്റ് + ഉ + മങ്ങലം + അത്ത് + ആരൈ, മുന്നൂറ്റു മംഗലത്താരെ. മുന്നൂറ്റു - മുന്നൂറ്. മങ്ങലത്താർ - മങ്കലത്താർ - മംഗലത്താർ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച പദം. ആരൈ - ആർ, ബഹുവചന പ്രത്യയം.

**ഇതുങ്കൂട** - ഇതും + കൂട, ഇതും കൂടെ, സന്ധിയിൽ - ഇതും + കൂട - ഇതുങ്കൂട, മകാരത്തിന് ങകാരാദേശം.

**ഇരുപത്തഞ്ചു തുടവു നെയ്** - ഇരു + പത്ത് + അഞ്ചു + തുടം + ഉ + നെയ്, ഇരുപത്തഞ്ചു തുടം നെയ്യ്.

**ചെലുത്തക്കടവർ** - ചെലുത്താൻ കടപ്പെട്ടിരിക്കുന്നു.

**കാരിലിത്തു കണ്ണങ്കുമര*ന*മച്ച വിളക്കി*നു*** - കാരിലിത്തു കണ്ണൻ കുമരൻ ഏർപ്പാടെത്തിയ വിളക്കിന്.

**ഇപ്പരി** - ഇ + പരി, ഈ പ്രകാരം.

**അറിയുഞ്ചാതുക്കൾ** - അറിയും + ചാതുക്കൾ, അറിയും സാധുക്കൾ, ചാതുക്കൾ - സാധുക്കൾ, തത്ഭവം. സന്ധിയിൽ - അറിയും + ചാതുക്കൾ - അറിയുഞ്ചാതുക്കൾ, മകാരത്തിന് ഞകാരാദേശം.

**മാലൈപ്പുറത്തു തേവന്തേവ*നു*ം** - മാലൈ + പുറത്തു + തേവൻ + തേവൻ + ഉം, മാലപ്പുറത്തു ദേവൻ ദേവനും. മാലൈ - മാല, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - മാലൈ + പുറത്തു - മാലൈപ്പുറത്തു, പകാര ദ്വിത്വം. തേവൻ + **തേവൻ** - തേവന്തേവൻ, *ന*കാരത്തിന് നകാരാദേശം.

**പെരുമലൈക്കോട്ടത്തു കേചവഞ്ചങ്കര*നു*ം** - പെരുമലൈ + കോട്ടം + അത്ത് + ഉ + കേചവൻ + ചങ്കരൻ + ഉം, പെരുമലക്കോട്ടത്തു കേശവൻ ശങ്കരനും. പെരുമലൈ - പെരുമല, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം. കേചവൻ ചങ്കരൻ - കേശവൻ ശങ്കരൻ, തത്ഭവം. സന്ധിയിൽ - കേചവൻ + ചങ്കരൻ - കേചവഞ്ചങ്കരൻ, *ന*കാരത്തിന് ഞകാരാദേശം.

**കുലൈചേകര പട്ടിനത്തു പോഴ നാരായണനു** - കുലൈചേകരത്ത് + ഉ + പട്ടിന + അത്ത് + ഉ + പോഴ + നാരായണൻ + ഉ, കുലശേഖരപട്ടണത്തു പോഴനാരായണനും. കുലൈചേകര - കുലചേകര, കുലശേഖര, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം.

**ഊരണപോഴഞ്ചിരികണ്ടനു** - ഊരൻ + പോഴൻ + ചിരികണ്ടനു, ഊരൻ പോഴൻ ശ്രീകണ്ഠനും. ഊരങ് - ഊരൻ, വർണ്ണവികാരം ന/ങ വിനിമയം. ചിരികണ്ടൻ - ശ്രീകണ്ഠൻ, തത്ഭവം. സന്ധിയിൽ - പോഴൻ + ചിരികണ്ടൻ - പോഴഞ്ചിരികണ്ടൻ, നകാരത്തിന് ഞകാരാദേശം.

**വെള്ളിയാൻപള്ളി ഇൽ കുമരനുമറിയുമിവകളറികക്കയ്യെഴുതി അറിവേൻ** - വെള്ളിയാൻ + പള്ളി + ഇൽ +കുമരൻ + ഉം + അറി + ഉം + ഇവ + കൾ + അറിക + കയ്യെഴുതി + അറി + ഏൻ, വെള്ളിയാൻ പള്ളിയിൽ കുമരനും അറിയും ഇവകളറിയേ കയ്യെഴുതി ഞാൻ അറിയും. ഇൽ - ആധാരികാവിഭക്തി പ്രത്യയം, ഇത് വാക്കിനോടു കൂടിച്ചേർക്കാതെ വ്യവച്ഛേദിച്ച് പ്രയോഗിച്ചിരിക്കുന്നു. അറിവേൻ - ഞാൻ അറിയും, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കുമ്മൻകോട്ടിരവി കുന്റപ്പോഴനേൻ** - കുമ്മൻ + കോട്ട് + ഇരവി + കുന്റ + പോഴൻ + ഏൻ, കുമ്മൻകോട്ടിരവി കുന്റപ്പോഴൻ എന്ന ഞാൻ. കുന്റപ്പോഴൻ - കുന്നപ്പോഴൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം.

#### 4.2.1.19 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 1

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോപ്പാർക്കരനിരവി വന്മർക്കുച്ചെല്ലാനിന്റയാണ്ടു** - കോ + പാർക്കരൻ + ഇരവി + വന്മ + അർ + ക്കു + ചെല്ലാ + നിന്റ + ആണ്ട് + ഉ, രാജാവ് ഭാസ്ക്കര രവി വന്മർക്ക് ചെന്നു നിന്ന വർഷം.

**ഇരണ്ടാമാണ്ടൈക്കെതിർ നാലാമാണ്ടു** - ഇരണ്ട് + ആം + ആണ്ടൈ + ക്കു + എതിർ + നാല് + ആം + ആണ്ടു, രണ്ടാം വർഷത്തിനെതിരായ നാലാം വർഷം, ആറാം വർഷം.

**ഇടവത്തിൽ വിയാഴന്നിർക്ക** - ഇടവം + അത്ത് + ഇൽ + വിയാഴം + നിർക്ക, ഇടവത്തിൽ വ്യാഴം നിൽക്കേ. നിർക്ക - നിൽക്ക, നിൽക്കെ, വർണ്ണവികാരം ല/റ, എ/അ വിനിമയം.

**കർകടക ഞായിറ്റുച്ചെയ്ത കരുമമാവതു** - കർകടക + ഞായിറ്റ് + ഉ + ചെയ്ത + കരുമം + ആവതു, കർക്കടക മാസത്തിൽ ചെയ്ത കർമ്മം ആകുന്നത്.

**തിരുക്കാർക്കരൈ പട്ടാരകരുടൈയ ഉൾപാടന്നും** - തിരു + കാർ + കരൈ + പട്ടാരക + അർ + ഉടൈയ + ഉൾപാടൻ + ഉം, തൃക്കാക്കര ഭട്ടാരകരുടെ ഉൾപ്പാടനും. തിരുക്കാർക്കരൈ - തിരുക്കാൽക്കരൈ, തൃക്കാക്കരൈ, തൃക്കാക്കര, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം, വർണ്ണവികാരം ല/റ വിനിമയം. സന്ധിയിൽ - തിരു + കാർ - തിരുക്കാർ, കകാരദ്വിത്വം. തിരുക്കാർ + കരൈ - തിരുക്കാർക്കരൈ, കകാര ദ്വിത്വം.

**പെരുമുതിയന്നുങ്കയ്യാൽച്ചിറുമറ്റപ്പുഴൈക്കോതൈ കേരളൻ** - പെരുമുതിയൻ + ഉം + കയ് + ആൽ + ചിറുമറ്റ + പുഴൈ + കോതൈ + കേരളൻ, പെരമിുതിയനും കയ്യാൽ ചിറുമറ്റപ്പുഴ കോത കേരളൻ. ചിറുമറ്റപ്പുഴൈ - ചിറുമറ്റപ്പുഴ, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം. സന്ധിയിൽ - കയ് + ആൽ - കയ്യാൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ചിറുമറ്റ + പുഴൈ - ചിറുമറ്റപ്പുഴൈ, പകാര ദ്വിത്വം. ചിറുമറ്റപ്പുഴൈ + കോതൈ - ചിറുമറ്റപ്പുഴൈ ക്കോതൈ, കകാര ദ്വിത്വം.

**അമൈച്ച അക്കിരപ്പൊന്നാവതു** - അമൈച്ച + അക്കിരം + പൊന്ന് + ആവതു, ഏർപ്പാടാക്കിയ അക്കിരത്തിനുള്ള, അഗ്രശാലയിലേക്കുള്ള പൊന്നാകുന്നത്.

**പഴങ്കാചിനൊടുകൂട** - പഴം + കാച് + ഇൻ + ഓടു + കൂട, പഴംകാശിനോടു കൂടെ. പഴംകാച് - പഴംകാശ്, തത്ഭവം, നാണയം. കൂട - കൂടെ, വർണ്ണവികാരം എ/അ വിനിമയം.

**പൊൻ നൂറ്റിരുപതിൻ കഴഞ്ചു** - പൊൻ + നൂറ്റി + ഇരു + പതിൻ + കഴഞ്ചു, പൊന്ന് നൂറ്റിരുപത് കഴഞ്ച്. കഴഞ്ച് - അനുനാസികാതിപ്രസരവും താലവ്യാദേശവും സംഭവിക്കാത്തതും സ്വരസംവരണം സംഭവിച്ചതുമായ പദം.

**പൊൻ കൊണ്ടാർ** - പൊൻ + കൊണ്ട് + ആർ, പൊന്ന് അവർ സ്വീകരിച്ചു.

പുരൈക്കാലെയ് മനൈ ഉടൈയ - പുരൈക്കാലെയ് + മനൈ + ഉടൈയ, പുരക്കാലെ മനയുടെ അവകാശികളായ. പുരൈക്കാലെയ - പുരക്കാലെ, സ്വരസംവരണം സംഭവിക്കാത്ത പദം. മനൈ - മന, ബ്രാഹ്മണഗൃഹം, സ്വരസംവരണം സംഭവിക്കാത്ത പദം.

**തേവനാരായണനുന്തേവതുപ്പിരമണിയനുന്തേവചുവാകരനു** - തേവനാരായണൻ + ഉം + തേവതുപ്പിരമണിയൻ + ഉം + തേവചുവാകരൻ + ഉ, ദേവനാരായണനും ദേവസുബ്രഹ്മണ്യനും ദേവസുവാകരനും. തേവനാരായണൻ - ദേവനാരായണൻ, തത്ഭവം. തേവതുപ്പിരമണിയൻ - ദേവസുബ്രഹ്മണ്യൻ, തത്ഭവം. തേവചുവാകരൻ - ദേവസുവാകരൻ, തത്ഭവം.

**തേവഞ്ചേന്നനുമിപ്പൊൻനൂറ്റിരുപതിൻ കഴഞ്ചും** - തേവൻ + ചേന്നൻ + ഉം + ഇ + പൊൻ + നൂറ്റ് + ഇരു + പതിൻ + കഴഞ്ച് + ഉം, ദേവൻ ചേന്നനും ഈ പൊന്ന് നൂറ്റിരുപത് കഴഞ്ചും. തേവൻ ചേന്നൻ - ദേവൻ ചേന്നൻ, തത്ഭവം. തേവൻ + ചേന്നൻ - തേവഞ്ചേന്നൻ, *ന*കാരത്തിന് ഞകാരാദേശം.

**പത്തു അരൈ പൊലിയാൽ** - പത്ത് + ഉ + അരൈ + പൊലി + ആൽ, പത്തര പൊലിയാൽ, അരൈ - അര, പകുതി, സ്വരസംവരണം സംഭവിക്കാത്ത പദം. പൊലി - പലിശ. പത്തിന് അരപ്പലിശയാൽ.

**അട്ടും** - അട്ടുന്ന, നൽകുന്ന.

**പന്തിരുകലന്നെൽ** - പന്ത്രണ്ടു കലം നെല്ല്.

**കൊണ്ടുവന്നു** - കൊണ്ടു വന്ന്.

**ചിറുമറ്റപ്പുഴൈത്തേവരിടങ്കഴിയാൽക്കുടുക്കക്കടവർ** - ചിറുമറ്റ + പുഴൈ + തേവർ + ഇടങ്കഴി + ആൽ + കുടുക്ക + കടവർ, ചിറുമറ്റപ്പുഴ ദേവന്റെ ഇടങ്ങഴിയാൽ കൊടുക്കാൻ അവർ കടപ്പെട്ടിരിക്കുന്നു.

**ഇപ്പൊ*ന്നിനു* പണൈയം** - ഇ + പൊന്ന് + ഇൻ + ഉ + പണൈയം, ഈ പൊന്നിന് പണയം. പണൈയം - പണയം, കടം വാങ്ങിയ മുതലിന് നൽകുന്ന ജാമ്യം, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇളങ്കുളത്തു തങ്ങ നാൽവർക്കുമുള്ള** - ഇളം + കുളം + അത്ത് + ഉ + തങ്ങ + നാല് + അവർ + ക്കു + ഉം + ഉള്ള, ഇളങ്കുളത്ത് തങ്ങൾ നാലു പേരുടേയും ഉടമസ്ഥതയിലുള്ള. സന്ധിയിൽ - ഇളം + കുളം - ഇളങ്കുളം, മകാരത്തിന് ങകാരാദേശം.

**മിളിയപ്പഴം വിളാങ്കാടും** - മിളി + അപ്പഴം + വിളാം + കാടും, മിളിയപ്പഴം വിളാങ്കാടും. സന്ധിയിൽ - മിളി + അപ്പഴം - മിളിയപ്പഴം, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഉതരൈക്കുഴിയും** - ഉതരൈ + കുഴി + ഉം, ഉതരക്കുഴിയും. ഉതരൈ - ഉതര, സ്വരസംവരണം സംഭവിക്കാത്ത പദം.

**മറ്റും** - മറ്റുള്ളവയും.

**തങ്കട്ക്കുള്ള** - താങ്കട് + ക്കു + ഉള്ള, താങ്കൾക്കുള്ള. താങ്കട് - താങ്കൾ, വർണ്ണവികാരം ള/ട വിനിമയം.

**മിളി** - വയൽ.

**പണൈയം** - പണയം, സ്വരസംവരണം സംഭവിക്കാത്ത പദം.

**ആട്ടാണ്ടു** – അട്ട് + ആണ്ട്, വർഷം തോറും നൽകേണ്ടുന്നത്.

**ചിറുമറ്റപ്പുഴൈക്കര** – ചിറു + മറ്റ + പുഴൈ + കര, ചിറുമറ്റപ്പുഴക്കരെ. കര – കരെ, കരയിൽ, വർണ്ണവികാരം എ/അ വിനിമയം.

**കർകടക ഞായിറ്റു** – കർക്കടക മാസത്തിൽ. ഇരട്ടിക്കാത്ത കകാരം.

**കൊണ്ടുവന്തു** – കൊണ്ട് + ഉ + വന്ത് + ഉ, കൊണ്ടു വന്നു, വന്തു – വന്നു, താലവ്യാദേശം സംഭവിക്കാത്ത പദം.

**കൊടാതൊഴികിൽപ്പതിനൈങ്കലന്നെൽ പോരും പൂമി** – കൊടാത + ഒഴിക + ഇൽ + പതിനൈം + കലം + നെൽ + പോരും + പൂമി, കൊടുക്കാതെ ഒഴിവായാൽ പതിനഞ്ച് കലം നെല്ല് പോരുന്ന ഭൂമി. കൊടാത – കൊടാതെ, കൊടുക്കാതെ. ഒഴികിൽ – ഒഴിവായാൽ. പതിനൈം – പതിനഞ്ച്. പോരും – ലഭിക്കുന്ന. സന്ധിയിൽ – പതിനൈം + കലം – പതിനൈങ്കലം, മകാരത്തിന് ങകാരാദേശം.

**തേവർ മാനിടത്തിനു** – തേവർ + മാൻ + ഇടം, ദേവന്റെ കീഴിലുള്ള ഭൂമി.

**വിടക്കടവർ** – വിട + കടവർ, വിടാൻ കടപ്പെട്ടവരാകുന്നു.

**തേവനാരായണനുതേവന്തുപ്പിരമണിയനുന്തേവഞ്ചുവാകരനുതേവഞ്ചേന്നനുമിപ്പൂമി** – ദേവനാരായണനും ദേവസുബ്രഹ്മണ്യനും ദേവസുവാകരനും ദേവൻ ചേന്നനും ഈ ഭൂമിയിലെ.

**നെൽ കൊടാതൊഴികിൽ** – നെൽ + കൊടാത + ഒഴിക + ഇൽ, നെല്ല് കൊടുക്കാതെ ഒഴിവായാൽ.

**തടുത്തു കിട(ന്നെ)ല്ലു** – ആ നെല്ല് തടുത്തു കിടന്ന്, തടുത്തു വെച്ച്.

**മുത പൊൻ മാ(നിടതു)ക്കു** – പൊന്നിന്റെ മുതലിനുള്ള പലിശയിലേക്ക്.

**ഇവെയു** – ഇവയും, വർണ്ണവികാരം അ/എ വിനിമയം.

**കോവില്ലൈ** - കോവിലൈ, കോവിലെ, ക്ഷേത്രത്തെ. അശ്രദ്ധ കൊണ്ട് ലകാര ദ്വിത്വം.

**ഇപ്പൂമി മേൽ നിന്റു** - ഈ ഭൂമി മേൽ നിന്ന്.

**ഇപ്പൊൾ** - ഇപ്പോൾ.

**കൊടുക്കപ്പെറാൻ** - കൊടുക്ക + പെറാൻ, കൊടുക്കാൻ പാടില്ല. അംഗഭംഗം മലയാളത്തിൽ ഭാഗികമാണെന്നതിനുള്ള തെളിവാണീ കൊടുക്ക പെറാൻ എന്ന വാക്ക്.

**തേവനാരായണനും തമ്പിമാരു** - ദേവനാരായണനും അനുജന്മാരും. തമ്പി - അനുജൻ.

**ഉപ്പാടനും** - മേൽശാന്തിയും. ഉപ്പാടൻ - ഉൾപ്പാടൻ.

**പെരുമുതിയനു** - പെരുമുതിയനും.

**കൊള്ളപ്പെറാൻ** - കൊള്ളാൻ പാടില്ല, സ്വീകരിക്കാൻ പാടില്ല. കൊടുക്കപ്പെറാൻ എന്നതിന് സമാനമായ വിപരീതാർത്ഥ പ്രയോഗം.

**നെൽ നാഴി പോകകു** - നാഴി നെല്ല് ഭോഗത്തിന്, പോകകു - ഭോഗക്കു, ഭോഗത്തിന്, തത്ഭവം.

**കൊടുക്ക കടവർ** - അവർ കൊടുക്കാൻ കടപ്പെട്ടിരിക്കുന്നു.

**ഇപ്പരിചറിയുഞ്ചാതുക്കൾ** - ഇ + പരിച് + അറിയ് + ഉം + ചാതു + കൾ, ഈ ഏർപ്പാടറിയുന്ന സാധുക്കൾ.

**പള്ളിപ്പുറത്തു തതനിരവിയും** - പള്ളിപ്പുറത്തു താതനിരവിയും.

**മേന്റമേൽ നാരായണന്തുപ്പിരമണിയനുങ്കൊറപ്പറമ്പിൻ ചങ്കരങ്കണ്ടനും** - മേന്റമേൽ + നാരായണൻ + തുപ്പിരമണിയൻ + ഉം + കൊറ + പറമ്പ് + ഇൻ + ചങ്കരൻ + കണ്ടൻ + ഉം, മേന്റമേൽ നാരായണൻ സുബ്രഹ്മണ്യനും കൊറപ്പറമ്പിൻ ശങ്കരൻ

കണ്ടനും. സന്ധിയിൽ – നാരായണൻ + തുപ്പിരമണിയൻ – നാരായണന്തുപ്പിരമണിയൻ, *ന*കാരത്തിനു മേൽ നകാരാദേശം. തുപ്പിരമണിയനും + കൊറപ്പറമ്പിൻ – തുപ്പിരമണിയ*നു*ങ്കൊറപ്പറമ്പിൻ, മകാരത്തിന് ങകാരാദേശം.

**മേന്റ്ലൈപ്പാണ്ട നാരായണ*നു*ം** – മേൽ + തലൈ + പാണ്ട + നാരായണൻ + ഉം, മേന്റ്ല പാണ്ട നാരായണനും. മേൽതലൈ വർണ്ണവികാരം സംഭവിച്ച് മേൻതലൈ, തകാരത്തിനു മേൽ റകാരാദേശം കൊണ്ട് മേന്റ്ലൈ, സ്വരസംവരണം സംഭവിക്കാത്ത പദം.

**കുലചേകര പട്ടി*ന*ത്തു കുമരഞ്ചിരികണ്ട*നു*ം** – കുലചേകര + പട്ടിനം + അത്ത് + ഉ + കുമരൻ + ചിരികണ്ടൻ + ഉം, കുലശേഖരപട്ടണത്തു കുമരൻ ശ്രീകണ്ഠനും. സന്ധിയിൽ – കുമരൻ + ചിരികണ്ടൻ – കുമരഞ്ചിരികണ്ടൻ, *ന*കാരത്തിന് ഞകാരാദേശം.

**കുമരങ്കുട്ട*നു*ങ** – കുമരൻ + കുട്ടൻ + ഉം, കുമരൻ കുട്ടനും, പദാന്ത്യത്തിലെ ങകാരം പൂർവ്വത്തിലെ സംസർഗ്ഗം കൊണ്ടോ മകാരത്തിന് ആദേശമായി വന്നതാണ്.

**പെരുമലൈക്കോട്ടത്തു കേചവ ചങ്ങര*നു*ം** – പെരു + മലൈ + കോട്ടം + അത്ത് + ഉ + കേചവ + ചങ്ങരൻ + ഉം, പെരുമലക്കോട്ടത്തു കേശവ ശങ്കരനും. ചങ്ങൻ – ചങ്കരൻ – ശങ്കരൻ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച വ്യക്തിനാമം.

**4.2.1.20 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 2**

**സ്വസ്തി ശ്രീ** – ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോച്ചിരി പാർക്കര*നി*രവി വൻമർ** – കോ + ചിരി + പാർക്കരൻ + ഇരവി + വൻമർ, രാജാവ് ശ്രീ ഭാസ്ക്കരൻ രവി വൻമർ.

**തിരുവടിക്കുച്ചെല്ലാനിന്റ്യാണ്ടു** – തിരു + അടി + ക്കു + ചെല്ലാ + നിന്റ + ആണ്ടു, തിരുവടിക്ക് ചെന്നു നിന്ന വർഷം.

**ഇരണ്ടാമാണ്ടൈക്കെതിർ ഒരുപത്തൊന്നാമാണ്ടു** - ഇരണ്ട് + ആം + ആണ്ടൈ + ക്കു + എതിർ + ഒരു + പത്ത് + ഒന്ന് + ആം + ആണ്ട് + ഉ, രണ്ടു വർഷം കഴിഞ്ഞ പതിനൊന്നാം വർഷം. പതിമൂന്നാം ഭരണ വർഷം.

**കുമ്പത്തുൾ വിയാഴന്നിന്റ** - കുമ്പം + അത്ത് + ഉൾ + വിയാഴം + നിന്റ, കുംഭത്തിൽ വ്യാഴം നിന്ന. കുമ്പം - കുംഭം, തത്ഭവം, ഉൾ - ഇൽ, ആധാരികാവിഭക്തി പ്രത്യയം.

**മകര ഞായറ്റ്** - മകര മാസം.

**കോതൈ നാരായണൻ കൈയാൽ** - കോത നാരായണൻ കൈയാൽ. കോത - സ്വരസംവരണം സംഭവിച്ച വ്യക്തി നാമം.

**അറുപതിൻ കഴഞ്ഞ് ചെമ്പൊൻ** - അറുപത് കഴഞ്ഞ് ചെമ്പൊന്ന്. ചെമ്പൊൻ - തങ്കം. കഴഞ്ഞ് - അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിച്ച പദം.

**കൊണ്ടാൻ മാക്കണ്ടരപ്പള്ളി കണ്ടനാരായണൻ** - മാക്കണ്ടരപ്പള്ളി കണ്ടനാരായണൻ എന്ന അവൻ സ്വീകരിച്ചു. പുരുഷഭേദ നിരാസം സംഭവിക്കാത്ത പദം.

**ഇപ്പൊൻ** - ഈ പൊന്ന്.

**അറുപതിൻ കഴൈഞ്ഞിനുയിട്ട** - അറു + പതിൻ + കഴൈഞ്ഞിനു + ഇട്ട, അറുപതു കഴഞ്ഞിനായി ഇട്ട. കഴൈഞ്ഞ് - കഴഞ്ഞ്, അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

### 4.2.1.21 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 3

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോ പാക്കരനിരവി വൻമ്മ** - കോ + പാർക്കരൻ + ഇരവി + വൻമ്മ, രാജാവ് ഭാസ്ക്കരൻ രവി വൻമ, വൻമ്മ, മകാരം ഇരട്ടിച്ചിരിക്കുന്നു.

**തിരുവടിക്കുച്ചെല്ലാനിൻ്റയാണ്ടു** - തിരു + അടി + ക്കു + ചെല്ലാ + നിൻ്റ + ആണ്ടു, ചെന്നു നിന്ന വർഷം.

**ഇരണ്ടാമാണ്ടൈക്കെതിരിരുപത്തോരാമാണ്ടു** - ഇരണ്ട് + ആം + ആണ്ടൈ + ക്കു + എതിര് + ഇരു + പത്തു + ഓര് + ആം + ആണ്ട് + ഉ, രണ്ടാം വർഷം കഴിഞ്ഞ ഇരുപത്തൊന്നാം വർഷം. ഇരുപത്തിമൂന്നാം ഭരണവർഷം.

**മകരത്തിൽ വിയാഴന്നിൻ്റ** - മകരത്തിൽ വ്യാഴം നിന്ന. നിൻ്റ - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത രൂപം.

**വിരിച്ചിക ഞായിറു** - വൃശ്ചിക മാസം. വിരുച്ചിക - വൃശ്ചിക, തത്ഭവം.

- ഏഴാം നാൾ, ഏഴാം തീയതി.

**ഏഴു നാളത്തിരുക്കാൽക്കരൈത്തേവരുൾപ്പാടനും** - ഏഴു + നാൾ + തിരുക്കാൽക്കരൈ + തേവർ + ഉൾപ്പാടൻ + ഉം, ഏഴാം നാൾ തൃക്കാക്കര ദേവർ ഉൾപ്പാടനും. സന്ധിയിൽ - നാള + തിരുക്കാൽക്കരൈ, നാളത്തിരുക്കാൽക്കരൈ, തകാര ദ്വിത്വം.

**പെരുമാനുമുടൈയാഴങ്കാണിയൊൻപതു** - പെരുമാൻ + ഉം + ഉടൈ + ആഴം + കാണി + ഒൻപതു, പെരുമാൻ്റെ ആഴം കാണി ഒമ്പതു. സന്ധിയിൽ - ആഴം + കാണി - ആഴങ്കാണി, മകാരത്തിന് ങകാരാദേശം.

**കഴൈഞ്ഞു** - കഴഞ്ഞ്.

**പൊന** - പൊൻ.

**കൊണടുർപാ(ടനു)** - കൊണ്ടുർ പാടനു, കൊണ്ടുൾ പാടനു, വർണ്ണവികാരം, ള/റ വിനിമയം

**തുപ്പനാരായണനും** - തുപ്പനാരായണൻ + ഉം, സുബ്രനാരായണനും, തത്ഭവം.

**തുപ്പങ്കിരിട്ടനും** - തുപ്പൻ + കിരിട്ടൻ + ഉം, സുബ്രൻ കൃഷ്ണനും, തത്ഭവം. സന്ധിയിൽ - തുപ്പൻ + കിരിട്ടൻ - തുപ്പങ്കിരിട്ടൻ, *ന*കാരത്തിന് ങകാരാദേശം.

**പ*ന്നി*ങ്കഴഞ്ഞി*നു*ങ്കരിക്കാട്ടു പാടത്തിൽ** - പന്നിൻ + കഴഞ്ഞിനു + ഉം + കരിക്കാട്ടു + പാടം + അത്ത് + ഇൽ, പത്ത് കഴഞ്ഞിനും കരിക്കാട്ടു പാടത്തിൽ. പന്നിൻ - പത്ത്, പന്നിരു പന്ത്രണ്ടാകുന്ന നയമാണിത്. സന്ധിയിൽ - പന്നിൻ + കഴഞ്ഞിനു - പന്നിങ്കഴഞ്ഞിനു, *ന*കാരത്തിനു ങകാരാദേശം. കഴഞ്ഞിനും + കരിക്കാട്ടു - കഴഞ്ഞിനുങ്കരിക്കാട്ടു, മകാരത്തിന് ങകാരാദേശം.

**നെടുങരിയും** - നെടും + ങരി + ഉം, നെടുങരിയും, നെടും കരിയും, നെടുങ്കരിയും. കകാരം അശ്രദ്ധമൂലം ലിഖിതത്തിൽ എഴുതാൻ വിട്ടു പോയിരിക്കുന്നു.

**കൂറു പാതിയും** - പങ്കു പകുതിയും. കൂറ് - പങ്ക്.

**പടവായകമും** - പടവായ + അകം + ഉം, പടവായകമും, പടവായകവും, വർണ്ണവികാരം വ/മ വിനിമയം.

**ചെരിയവരളുടൈത്തെടിയ പറമ്പിൻ** - ചെരി + അവർ + അൾ + ഉടൈയ + തെടിയ + പറമ്പിൻ, ചെരിയവരളുടെ തെടിയ പറമ്പിൻ.

**പള്ളിപ്പഴുക്കായും** - പള്ളി + പഴുക്കാ + ഉം, പള്ളിപ്പഴുകാകയും.

**മക്കളിരുവരളും** - മക്കൾ + ഇരു + അവ + അർ + കളും, മക്കളിരുവരും. ബഹുവചന പ്രത്യയങ്ങളായ അർ, കൾ എന്നിവ ഒരുമിച്ചുപയോഗിക്കുന്നു. ഇത് ബഹുമാന സൂചകമായാണ്.

**പാതിയും പാതിയും മാടി മീതം** - പകുതിയും പകുതിയും മാടി മീതം.

**ഇവ** - ഇവയും

**ഊരും** - ഊരും

**പണൈയമായ്** - പണയം + ആയ്, പണയമായ്, സ്വരസംവരണം സംഭവിക്കാത്ത പദം.

**വിരിച്ചിക ഞായിറ്റു** - വൃശ്ചിക മാസം.

**അവിട്ടത്തി*നുൾ*** - അവിട്ടം + അത്ത് + ഇൻ + ഉൾ, അവിട്ടം നാളിനകം.

**തേവർ തിരുമടൈപ്പള്ളി നാഴിയാൽ** - തേവർ + തിരു + മടൈപ്പള്ളി + നാഴി + ആൽ, ദേവന്റെ തിരു പാചകശാലയിലെ നാഴി കൊണ്ട്. മടൈപ്പള്ളി - മടപ്പള്ളി, ക്ഷേത്രത്തിലെയോ രാജകൊട്ടാരത്തിലേയോ പാചകശാല, സ്വരസംവരണം സംഭവിക്കാത്ത പദം.

**നൂറ്റുനാഴിച്ചെയ്തരി** - നൂറ്റു + നാഴി + ചെയ്ത് + അരി, നൂറു നാഴി അരി അളന്ന്.

ഉച്ചിയകത്തു പന്തീരടിയിൻ - ഉച്ചി + അകത്ത് + ഉ + പന്തീരടി + ഇൻ, ഉച്ചയ്ക്കകം പന്തീരടിയിൽ. ഉച്ചി - ഉച്ച, മധ്യാഹ്നം, വർണ്ണവികാരം അ/ഇ വിനിമയം. പന്തീരടി - നിഴൽ പന്ത്രണ്ടടിയിൽ എത്തുന്ന നേരം. ഇൻ - ഇൽ, ആധാരികാവിഭക്തി പ്രത്യയം.

**മു*ന്ന* കൊണ്ടുവന്നു** - മുന്നെ കൊണ്ടുവന്നു. മുന്ന - മുന്നെ, വർണ്ണവികാരം എ/അ വിനിമയം.

**പലകൈത്തലൈ** - പലകൈ + തലൈ - പലകത്തലയിൽ. പലകൈ - പലക, ക്ഷേത്രത്തിൽ അരി അളക്കുന്നതിനുള്ള മരം കൊണ്ടുള്ള ഉപകരണം. സ്വരസംവരണം സംഭവിക്കാത്ത പദം. തലൈ - തല, സ്വരസംവരണം സംഭവിക്കാത്ത പദം.

**അളക്കക്കടവിയൻ** - അളക്ക + കടവ + ഇ + അൻ, അളക്കാൻ കടപ്പെട്ടവൻ. സന്ധിയിൽ - അളക്ക + കടവ - അളക്കക്കടവ, കകാര ദ്വിത്വം.

**തുപ്പനാരായണ*നു*ന്തുപ്പങ്കിരിട്ട*നും*** - തുപ്പനാരായണൻ + ഉം + തുപ്പൻ + കിരിട്ടൻ + ഉം, സുബ്രനാരായണനും, സുബ്രൻ കൃഷ്ണനും. രണ്ടു പേരുകളും തത്ഭവം. സന്ധിയിൽ - തുപ്പനാരായണനും + തുപ്പൻ - തുപ്പനാരായണനുന്തുപ്പൻ,

മകാരത്തിന് നകാരാദേശം. തുപ്പൻ + കിരിട്ടൻ - തുപ്പങ്കിരിട്ടൻ, ന്നകാരത്തിന് ങകാരാദേശം.

**ഇവ്വരിയാൽ പാതിയും** - ഇ + അരി + ആൽ + പാതി + ഉം, ഈ അരിയാൽ പകുതിയും. സന്ധിയിൽ - ഇ + അരി - ഇവ്വരി, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം, അതിന് ദ്വിത്വം.

**തിരുവമിർതു ചേവിതു** - തിരു + അമിർത് + ഉ + ചേ + ഇതു, തിരുവമൃത് ചെയ്യണം. തിരുവമിർതു - തിരുവമൃതു, തത്ഭവം. സന്ധിയിൽ - തിരു + അമിർത് - തിരുവമിർത്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ചേ + ഇതു - ചേവിതു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**പാതിയും ചിരിവൈണ്ണർക്കുടകുത്തു കൊൾവിതു** - പാതി + ഉം + ചിരി + വൈണ്ണ + അർ + ക്കു + കുടുത്ത് + ഉ + കൊൾ + ഇതു, പകുതിയും ശ്രീ വൈഷ്ണവർക്ക് കൊടുത്തു കൊള്ളണം. ചിരിവൈണ്ണർ - ശ്രീ വൈഷ്ണവർ, തത്ഭവം. കുടുത്തു - കൊടുത്തു, വർണ്ണവികാരം ഒ/ഉ വിനിമയം.

**ഇച്ചെലവു മുട്ടുകിലിരട്ടി** - ഇ + ചെലവ് + ഉ + മുട്ടുക + ഇൽ + ഇരട്ടി, ഈ ചെലവു മുടങ്ങിയാൽ ഇരട്ടി.

**ചെലത്തുവിതു** - ചെലുത്ത് + ഉ + അവ + ഇതു, ചെലവാക്കേണ്ടതാണ്.

**ഇച്ചെലവു** - ഇ + ചെലവ് + ഉ, ഈ ചെലവ്.

**അമൈച്ചേൻ** - അമൈച്ച + ഏൻ, ഏർപ്പാടാക്കിയ ഞാൻ. അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണവും പുരുഷഭേദനിരാസവും സംഭവിക്കാത്തതുമായ പദം.

**വല്ലത്തു പോഴന്നാരായണൻ** - വല്ലത്തു + പോഴൻ + നാരായണൻ, വല്ലത്തു പോഴൻ നാരായണൻ. സന്ധിയിൽ - പോഴൻ + നാരായണൻ - പോഴന്നാരായണൻ, ന്നകാരത്തിന് നകാരാദേശം.

**ഇപ്പരിചറിയും ചാതുക്കൾ** - ഇ + പരിച് + അറിയും ചാതുക്കൾ, ഈ ഏർപ്പാട് അറിയുന്ന വൈഷ്ണവ സന്യാസിമാർ.

**അറിവ്വരവരായി** - അറിവ് + അർ + അവ + അർ + ആയി. അറിയുന്നവരായി.

**കോക്കോതൈയും** - കോ + കോതൈയും, രാജാവ് തോതയെന്നും, കോത കോതയെന്നും പ്രയോഗാർത്ഥം. ഈ സാഹചര്യത്തിൽ കോത കോതയാണ് സ്വീകരണീയം.

**പടൈയൊഴുക*ന*ങ്കുമരന്നെടുങ്ങൊല്ലിക്കാളങ്കോവിന്ന*ന്*മറിവർ** - പടൈയൊഴുകനൻ + കുമരൻ + നെടുങ്ങൊല്ലി + കാളൻ + കോവിന്നൻ + ഉം + അറിവ് + അർ, പടയൊഴുകനൻ കുമരൻ, നെടുങ്ങൊല്ലി കാളൻ കോവിന്നനും അറിയുന്നവരാണ്. പടൈയൊഴുകനൻ - സ്വരസംവരണം സംഭവിക്കാത്ത പദം. നെടുങ്ങൊല്ലി - നെടുങ്കൊല്ലി - നെടുംകൊല്ലി, മകാരത്തിനു മേൽ ങകാരാദേശവും അനുനാസികാതിപ്രസരവും സംഭവിച്ച പദം. സന്ധിയിൽ - പടൈയൊഴുകനൻ + കുമരൻ - പടൈയൊഴുക*ന*ങ്കുമരൻ, *ന*കാരത്തിനു ങകാരാദേശം. നെടുങ്ങൊല്ലി + കാളൻ - നെടുങ്ങൊല്ലിക്കാളൻ, കകാര ദ്വിത്വം. കാളൻ + കോവിന്നൻ - കാളങ്കോവിന്നൻ, *ന*കാരത്തിനു ങകാരാദേശം.

**ഇവകളറിയക്കുറിച്ചു** - ഇവ + കൾ + അറിയ + കുറിച്ച് + ഉ, ഇവരറിയെ എഴുതി. ഇവകൾ - ഇവർ, സമാനപദപ്രയോഗം. അറിയ - അറിയെ, വർണ്ണവികാരം എ/അ വിനിമയം. സന്ധിയിൽ - അറിയ + കുറിച്ച് - അറിയക്കുറിച്ച്, കകാര ദ്വിത്വം.

**വൈച്ചറിവേൻ** - വൈച്ച് + അറിവ് + ഏൻ, വെച്ച് ഞാൻ അറിയും. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

### 4.2.1.22 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 4

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോച്ചിരിപ്പാർക്കൻ ഇരവിവന്മർ തിരുവടിക്കുച്ചെല്ലാനിൻറ്റയാണ്ടു** - കോ + പാർക്കരൻ + ഇരവി + വന്മർ + തിരു + അടിക്കു + ചെല്ലാ + നിൻറ്റ + ആണ്ടു, രാജാവ് ആരാധ്യനായ ഭാസ്ക്കരൻ രവി വന്മർക്ക് ചെന്നു നിന്ന വർഷം.

**ഇരണ്ടാമാണ്ടൈക്കെതിർ ഇരുപത്തൊമ്പതാമാണ്ടു** - ഇരണ്ടാം + ആണ്ടൈക്ക് + എതിർ + ഇരുപത്തൊമ്പതാം + ആണ്ടു, രണ്ടു വർഷം കഴിഞ്ഞ ഇരുപത്തൊമ്പതാം വർഷം. മുപ്പത്തിയൊന്നാം ഭരണവർഷം.

**തനുവിൽ വിയാഴന്നിൻറ്റ** - തനു + ഇൽ + വിയാഴം + നിൻറ്റ, ധനുവിൽ വ്യാഴം നിന്ന.

**വിരിച്ചിക ഞായിറു** - വൃശ്ചിക മാസം.

**ഇരുപതു ചെൻറ്റ നാൾ** - ഇരുപതു ചെന്ന നാൾ, ഇരുപതാം തീയതി. ചെൻറ്റ - ചെന്ന, അനുനാസികാതിപ്രസരം സംഭവിച്ച രൂപം.

**ചേത** - ചെയ്ത, യകാര ലോപം സംഭവിച്ച പദം.

**കരുമമാവതു** - കർമ്മമാകുന്നത്.

**ചെറുമറ്റപ്പുഴൈ കണ്ണമങ്ങലത്തിൻ മേൽ നക്കനിരവിയും** - ചെറുമറ്റപ്പുഴ കണ്ണമങ്ങലത്തിനു മുകളിലുള്ള നക്കൻ ഇരവിയും. കണ്ണമങ്ങലം - കണ്ണമങ്കലം - കണ്ണമംഗലം, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച പദം.

**ആതിച്ചനിരവിയുങ്കൊടുക്കുന്നെയി** - ആതിച്ചൻ + ഇരവി + ഉം + കൊടുക്കും + നെയി, ആദിത്യനിരവിയും കൊടുക്കും നെയ്യ്. സന്ധിയിൽ - ആദിച്ചനിരവിയും + കൊടുക്കും - ആതിച്ചനിരവിയുങ്കൊടുക്കും, മകാരത്തിന് ങകാരാദേശം. കൊടുക്കും + നെയി - കൊടുക്കുന്നെയി, മകാരത്തിന് നകാരാദേശം.

**ഇടങ്കഴിയാൽ** - ഇടങ്ങഴിയാൽ.

**പതിനഞ്ഞാഴി നെയ്യു** - പതിൻ + അഞ്ഞ് + നാഴി + നെയ്യു, പതിനഞ്ചുനാഴി നെയ്യ്. അഞ്ഞാഴി - അഞ്ച് നാഴി, അനുനാസികാതിപ്രസരം സംഭവിച്ച പദം.

**തിരുക്കാൽക്കരൈ പഴാരക്കു** - തൃക്കാക്കര ഭട്ടാരകർക്കു. പഴാരർ - ഭട്ടാരകർ - ദേവൻ, തത്ഭവം.

**പുത്തില്ലത്തു നാരായണന്തേവൻ കൂറു** - പുത്തില്ലത്തു + നാരായണൻ + തേവൻ + കൂറു, പുത്തില്ലത്തു നാരായണൻ ദേവന്റെ പങ്ക്. സന്ധിയിൽ - നാരായണൻ + തേവൻ - നാരായണന്തേവൻ, *ന*കാരത്തിനു നകാരാദേശം.

**കഴകനാലൊന്റിൻ മേലു** - കഴകം + നാല് + ഒന്റിൻ + മേലു, ഘടകം നാലിൽ ഒന്നിൻ മേൽ. കാൽ ഭാഗം. ഒന്റിൻ - ഒന്നിൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**തിരുവിളക്കി*നു* നെയ്** - തിരു + വിളക്കിനു + നെയ്, തിരുവിളക്കിനുള്ള നെയ്യ്.

**കൊടുപ്പാ*ന*മൈഞ്ഞാൻ** - കൊടുപ്പാൻ + അമൈഞ്ഞ + ആൻ, കൊടുക്കാൻ അവൻ ഏർപ്പാടാക്കി. കൊടുപ്പാൻ - ഖിലോപസംഗ്രഹ പദം.

**നാരായണന്തേവൻ** - നാരായണൻ + തേവൻ, നാരായണൻ ദേവൻ.

**ഇന്നെയ്** - ഇ + നെയ്, ഇന്നെയ്, നകാര ദ്വിത്വം.

**മിതു*ന*മുങ്കർക്കടകമുഞ്ചിങ്കമു** - മിതുനമും + കർക്കടകമും + ചിങ്കമു, മിഥുനവും കർക്കടകവും ചിങ്ങവും. മിതുനം - മിഥുനം, തത്ഭവം. ചിങ്കം - ചിങ്ങം, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - മിതുനമും + കർക്കടകമും - മിതുനമുങ്കർക്കടകമും, മകാരത്തിന് ങകാരാദേശം. കർക്കടകമും + ചിങ്കമു - കർക്കടകമുഞ്ചിങ്കമു, മകാരത്തിന് ഞകാരാദേശം.

**ഇമ്മൂന്റു** - ഇ + മൂന്റു, ഈ മൂന്നു. മൂന്റു - മൂന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത സംഖ്യാവാചി. സന്ധിയിൽ - ഇ + മൂന്റു - ഇമ്മൂന്റു, മകാര ദ്വിത്വം.

**തിങ്കളുഞ്ചെലുത്തക്കടവൻ** - തിങ്കളും + ചെലുത്ത + കടവൻ, മാസവും ചെലവാക്കാൻ കടപ്പെട്ടവൻ. സന്ധിയിൽ - തിങ്കളും + ചെലുത്ത -

തിങ്കളുഞ്ചെലുത്ത, മകാരത്തിന് ഞകാരാദേശം. ചെലുത്ത + കടവൻ - ചെലുത്തക്കടവൻ, കകാര ദ്വിത്വം.

**മുട്ടുകിൽ മുട്ടിരട്ടി കൊടുക്ക ക(ട)വൻ** - മുട്ടുക + ഇൽ + മുട്ട് + ഇരട്ടി + കൊടുക്ക + കടവൻ, മുടങ്ങുകിൽ മുടങ്ങിയതിന്റെ ഇരട്ടി കൊടുക്കാൻ കടപ്പെട്ടവൻ. കൊടുക്ക - കൊടുക്കാൻ, ഖിലോപ സംഗ്രഹം ഇല്ലാത്ത പദം.

**കണ്ണമങ്ങലത്തിൻ മേൽ** - കണ്ണമംഗലത്തിൻ മേൽ, തത്ഭവം.

**വക്കുമിറൈ** - വക്കും + ഇറൈ, ഏർപ്പാടാക്കിയ നികുതി.

**നാരായണന്തേവൻ** - നാരായണൻ ദേവൻ.

**തൻ കൂറു** - തന്റെ കൂറ്. തൻ - താൻ എന്നതിന്റെ മറ്റൊരു രൂപം.

**ചന്തിരാതിച്ചവൽച്ചോപണ്ണ കടവൻ** - ചന്തിര + ആതിച്ചവൽ + ചോപണ്ണ + കടവൻ, ചന്ദ്രാദിത്യകൾ ഉള്ളിടത്തോളം മുടങ്ങാതെ ചെയ്യാൻ കടപ്പെട്ടവൻ. ചന്തിരാതിച്ച - ചന്ദ്രാദിത്യ, തത്ഭവം. സന്ധിയിൽ - ആതിച്ചവൽ + ചോപണ്ണ - ആതിച്ചവൽച്ചോപണ്ണ, ചകാര ദ്വിത്വം.

**പന്റിത്തുരിത്തിപ്പോഴങ്കുമരൻ** - പന്റി + തുരിത്തി + പോഴൻ + കുമരൻ, പന്റിത്തുരിത്തി പോഴൻ കുമരൻ. സന്ധിയിൽ - പന്റി + തുരിത്തി - പന്റിത്തുരിത്തി, തകാര ദ്വിത്വം. പന്റിത്തുരിത്തി + പോഴൻ - പന്റിത്തുരിത്തിപ്പോഴൻ, പകാര ദ്വിത്വം. പോഴൻ + കുമരൻ - പോഴങ്കുമരൻ, നകാരത്തിന് ങകാരാദേശം.

**നെടുമ്പുറൈയിനുടുങ്കാൽകരൈ നാടുവാണ നാൾ** - നെടുമ്പുറൈ + ഇൻ + ഉടു + ഉം + കാൽകരൈ + നാടുവാണ + നാൾ, നെടുമ്പുറത്തോടൊപ്പം കാൽക്കരയും ഭരിച്ച നാളിൽ. കാൽകരൈ - കാൽകര, ചില്ലിനു പിൻവന്ന കകാരം ഇരട്ടിക്കുന്നില്ല. ഉടു - ഓടു, ഓട്, സംയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ - നെടുമ്പുറൈ + ഇൻ - നെടുമ്പുറൈയിൻ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. നെടുമ്പുറൈയിനുടും + കാൽകരൈ - നെടുമ്പുറൈയിനുടുങ്കാൽകരൈ, മകാരത്തിന് ങകാരാദേശം.

**ഉൾപാടനും** - മേൽശാന്തിയും.

**പെരുമൂത്തവനുങ്കൂടിയിരുന്തു** - പെരുമൂത്തവനും + കൂടി + ഇരുന്തു, പെരുമൂത്തവനും കൂടിയിരുന്ന്. പെരുമൂത്തവൻ - പെരുമുതിയൻ. ഇരുന്തു - ഇരുന്നു, താലവ്യാദേശം സംഭവിക്കാത്ത പദം.

**ഇന്നെ(യ്)** - ഈ നെയ്യ്.

**വാങ്ങീതു** - സ്വീകരിച്ചതു.

**ഇപ്പരിയറിയുഞ്ചാതുക്കൾ** - ഇ + പരിച് + അറിയും + ചാതുക്കൾ, ഈ ഏർപ്പാടറിയുന്ന സാധുക്കൾ.

**മന്റത്തു ചുവരൻ തുപ്പനുമറിയും** - മന്റത്തു ചുവരൻ സുബ്രനുമറിയും.

**പെരുമനൈക്കോട്ടത്തു ചങ്ങന്താമോതിരനുമറിയു** - പെരുമനൈക്കോട്ടത്തു + ചങ്ങൻ + താമോതിരനും + അറിയു, പെരുമനക്കോട്ടത്തു ശങ്കരൻ ദാമോദരനും അറിയും. ചങ്ങൻ - ചങ്ങരൻ - ശങ്കരൻ, തത്ഭവം. താമോതിരൻ - ദാമോദരൻ, തത്ഭവം. സന്ധിയിൽ - ചങ്ങൻ + താമോതിരൻ - ചങ്ങന്താമോതിരൻ, നകാരത്തിന് നകാരാദേശം.

**മാങ്ങാട്ടു നാരായണങ്കണ്ണനു മറിയും** - മാങ്ങാട്ടു + നാരായണൻ + കണ്ണനും + അറിയും, മാങ്ങാട്ടു നാരായണൻ കണ്ണനുമറിയും. മാങ്ങാട്ടു - മാങ്കാട്ടു, അനുനാസികാതിപ്രസരം സംഭവിച്ച പദം. സന്ധിയിൽ - നാരായണൻ + കണ്ണൻ - നാരായണങ്കണ്ണൻ, നകാരത്തിന് ങകാരാദേശം.

**പുറൈയഞ്ചേന്നനുമറിയും** - പുറൈയൻ + ചേന്നനും + അറിയും, പുറയൻ ചേന്നനുമറിയും. പുറൈയൻ - പുറയൻ, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - പുറൈയൻ + ചേന്നനും - പുറൈയഞ്ചേന്നനും, നകാരത്തിന് ഞകാരാദേശം.

**കുഴിക്കാലായിരവി കോതൈയും** - കുഴിക്കാലാ + ഇരവി + കോതൈയും, കുഴിക്കാലാ ഇരവി കോതയും. സന്ധിയിൽ - കുഴിക്കാലാ + ഇരവി - കുഴിക്കാലായിരവി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ചെറുമറ്റപ്പുഴൈക്കോതൈ അയ്യനുങ്കോതൈ നാരായണന്നു** - ചെറുമറ്റപ്പുഴൈ + കോതൈ + അയ്യനും + കോതൈ + നാരായണന്നു, ചെറുമറ്റപ്പുഴ കോത അയ്യനും കോത നാരായണനും, സന്ധിയിൽ - അയ്യനും + കോതൈ - അയ്യനുങ്കോതൈ, മകാരത്തിന് ങകാരാദേശം.

**കോതൈ കേരളനുയിമ്മൂവരു** - കോതൈ + കേരളൻ + ഉം + ഇ + മൂവരു, കോത കേരളനും ഈ മൂവരും. സന്ധിയിൽ - കേരളനും + ഇമ്മൂവരു - കേരളനുയിമ്മൂവരു, യകാരാഗമം.

**മുന്നിരുന്തു** - മുന്ന് + ഇരുന്തു, മുന്നിരുന്നു, മുമ്പിലിരുന്ന്, സാക്ഷ്യം വഹിച്ച്. താലവ്യാദേശം സംഭവിക്കാത്ത പദം.

**ഇക്കരുമം** - ഇ + കരുമം - ഈ കർമ്മം. സന്ധിയിൽ - ഇ + കരുമം - ഇക്കരുമം, കകാരദ്വിത്വം.

**പണിതവകൈയ്യെഴുതി** - പണിത + വകൈ + എഴുതി - ചെയ്ത പ്രകാരം എഴുതി, പണിത - നിർമ്മിച്ച, ഉണ്ടാക്കിയ, ചെയ്ത. വകൈ - വക, പ്രകാരം, രീതി, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - വകൈ + എഴുതി - വകൈയെഴുതി, സ്വരസംവരണം ഒഴിവാക്കാൻ യകാരാഗമം. പൂർവ്വപദത്തിലെ ഐകാര സംയുക്തത്താൽ യകാരത്തിന് ദ്വിത്വം, ഇതുപ്രകാരം വകൈയ്യെഴുതി.

**അറിവേൻ** - അറിവ് + ഏൻ, അറിയുന്ന ഞാൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**വേണാട്ടു ഇരവി കുമരനേൻ** - വേണാട്ടു + ഇരവി + കുമരൻ + ഏൻ, വേണാട്ടു ഇരവി കുമരനെന്ന ഞാൻ. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**4.2.1.23 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 5**

**സ്വസ്തി ശ്രീ** – ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോച്ചിരിപ്പാക്കരനിരവിവന്മർ തിരുവടിക്കുച്ചെല്ലാനിന്റയാണ്ടു** – കോ + ചിരി + പാർക്കരൻ + ഇരവി + വന്മർ + തിരു + അടിക്കു + ചെല്ലാ + നിന്റ + ആണ്ടു, രാജാവ് ശ്രീ ഭാസ്ക്കരൻ ഇരവി വന്മർക്കു ചെന്നു നിന്ന വർഷം.

**ഇരണ്ടാമാണ്ടൈക്കെതിർ ഇരുപത്തൊമ്പതാമാണ്ടു** – ഇരണ്ടാം + ആണ്ടൈക്ക് + എതിർ + ഇരുപത്തൊമ്പതാം + ആണ്ടു, രണ്ടു വർഷം കഴിഞ്ഞ ഇരുപത്തൊമ്പതാം വർഷം. മുപ്പത്തി ഒന്നാം ഭരണവർഷം.

**കുമ്പത്തുൾ വിയാഴന്നിന്റ** – കുമ്പം + അത്ത് + ഉൾ + വിയാഴം + നിന്റ, കുംഭത്തിൽ വ്യാഴം നിന്ന.

**മകര ഞായിറ്റു** – മകര മാസത്തിൽ.

**ചിറുമറ്റപ്പുഴൈ കോതൈ നാരായണൻ** – ചിറുമറ്റപ്പുഴ കോത നാരായണൻ.

**കൈയ്യാൽ** – കൈയ് + ആൽ, കയ്യാൽ.

**അറുപതിൻ കഴൈഞ്ചു ചെമ്പൊൻ** – അറു + പതിൻ + കഴൈഞ്ചു + ചെമ്പൊൻ, ആറു കഴഞ്ച് ചെമ്പൊന്ന്. കഴൈഞ്ചു – കഴഞ്ചു, അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**കൊണ്ടാൻ മാക്കണ്ണപ്പള്ളി കണ്ടനാരായണൻ** – മാക്കണ്ണപ്പള്ളി കണ്ടനാരായണൻ അവൻ സ്വീകരിച്ചു. കൊണ്ടു – സ്വീകരിച്ചു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ഇപ്പൊൻ അറുപതിൻ കഴൈഞ്ഞുന്നുമട്ടക്കടങ്കൊറ്റിയാർ** – ഇ + പൊൻ + അറു + പതിൻ + കഴൈഞ്ഞുന്നും + അട്ട + കടം + കൊറ്റിയാർ, ഈ അറുപതു കഴഞ്ചിനും ഒറ്റിയായി. കഴൈഞ്ഞു – അനുനാസികാതിപ്രസരം സംഭവിച്ചതും സംവരസംവരണം സംഭവിക്കാത്തതുമായ പദം.

**കെഴങ്കുരിയിളമാക്കണ്ണപ്പള്ളിയോടാ*നാ*** - കെഴൻ + കുരിയിള + മാക്കണ്ണപ്പള്ളി + ഓട് + ആനാ, കെഴൻകുരിയിള മാക്കണ്ണപ്പള്ളിയോട് ആകുന്ന. ഓട് - സംയോജികാവിഭക്തി പ്രത്യയം. ആനാ - ആകുന്ന. സന്ധിയിൽ - കെഴൻ + കുരിയിള - കെഴങ്കുരിയിള, *ന*കാരത്തിന് ങകാരാദേശം.

**നാലും പണൈ(യത്തിനിപ്പൊൻ)** - നാലും പണയത്തിന് ഈ പൊന്ന്.

**കഴൈഞ്ഞി*നു*** - കഴഞ്ചിനു. അനുനാസികാരതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

**തിരുക്കാർക്കരൈ പട്ടാരർക്കു** - തൃക്കാക്കര ഭട്ടാരകർക്ക്. തിരുക്കാർക്കരൈ - തിരുക്കാൽക്കരൈ, വർണ്ണവികാരം ല/റ വിനിമയം.

**കോതൈനാരായണ*ന*മൈച്ച നന്താവിളക്കൊന്റുമേറു** - കോതൈ + നാരായണൻ + അമൈച്ച + നന്താവിളക്ക് + ഒന്റും + ഏറും. കോതനാരായണൻ ഏർപ്പാടാക്കിയ നന്താവിളക്കൊന്നും ഏറിയ. അമൈച്ച - അമച്ച, അനുനാസികാരതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

**നെയ് കൊണ്ടു വന്നു** - നെയ്യ് കൊണ്ടു വന്ന്. വന്നു, താലവ്യാദേശം സംഭവിച്ച പദം.

**അളന്നു** - അളന്നു, താലവ്യാദേശം സംഭവിച്ച പദം.

**കൊടുക്ക കടവൻ** - കൊടുക്കാൻ കടപ്പെട്ടവൻ.

**കണ്ടനാരായണ*നു*ൾപാട*നും*** - കണ്ടനാരായണൻ + ഉൾപാടനും, കണ്ടനാരായണൻ ഉൾപാടന്റെയും.

**പെരുമുതിയാ*നു*ങ്കൈയിലള*ന്നു*** - പെരുമുതിയാനും + കൈയിലളന്നു, പെരുമുതിയാന്റെയും കയ്യിലളന്ന്. സന്ധിയിൽ - പെരുമുതിയാനും + കൈയിലളന്നു - പെരുമുതിയാനുങ്കൈയിലളന്നു, മകാരത്തിന് ങകാരാദേശം.

**കൊടുക്ക(ക്ക)ടവൻ** - കൊടുക്കാൻ കടപ്പെട്ടവൻ.

**നെയന്റി** - നെയ് + അന്റി, നെയ് അന്ന്. അന്റി + അന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**കൊൾവൊർ** - സ്വീകരിക്കുന്നവർ.

**മൂഴികളക്കച്ചം** - മൂഴിക്കളം കച്ചം.

**ഇപ്പരിയറിയുഞ്ചാതുക്കൾ** - ഇ + പരിച് + അറിയും + ചാതുക്കൾ, ഈ ഏർപ്പാട് അറിയുന്ന സാധുക്കൾ.

**നെയ്യല്ലാതതു** - നെയ്യല്ലാത്തത്. തകാരം ഇരട്ടിക്കുന്നില്ല.

**കൊൾവോ*ന*ാകിൽ** - സ്വീകരിക്കുന്നവനാകുകിൽ.

**തൻ പോകത്തൊള്ള** - തന്റെ ഭോഗത്തിനുള്ള.

**തിരുവാരാതി*നൈ*യൂട്ടിച്ചാന്തികളാവോർ** - തിരു + ആരാതിനൈ + ഊട്ടി + ചാന്തികൾ + ആവോർ, അവർ തിരുവാരാധന ഊട്ടി ശാന്തികളാകുന്നു. സന്ധിയിൽ - ഊട്ടി + ചാന്തി - ഊട്ടിച്ചാന്തി, ചകാര ദ്വിത്വം.

**മാക്കണ്ണപ്പള്ളി തുപ്പം പത്തനാപ*ന*ു** - മാക്കണ്ണപ്പള്ളി + തുപ്പം + പത്തനാപനു - മാക്കണ്ണപ്പള്ളി സുബ്രൻ പദ്മനാഭനും. തുപ്പം പത്തനാപൻ - സുബ്രൻ പദ്മനാഭൻ, തത്ഭവം.

**നെയ്തലമങ്ങലത്തുകേയവന്തേവ*ന*ുമറിവർ** - നെയ്തലമങ്ങലത്തു + കേയവൻ + തേവനും + അറിവർ. നെയ്തലമങ്ങലത്തു കേശവൻ ദേവനും അറിയുന്നവരാണ്. നെയ്തലമങ്ങലം - നെയ്തലമങ്കലം - നെയ്തലമംഗലം, തത്ഭവം, മകാരത്തിന് ങകാരാദേശവും വന്ന പദം. കേയവൻ തേവൻ - കേശവൻ ദേവൻ, തത്ഭവം. സന്ധിയിൽ - കേയവൻ + തേവൻ - കേയവന്തേവൻ, *ന*കാരത്തിന് നകാരം ആദേശം.

**പെരുമുതിൻ കോതൈ കണ്ണനെഴുത്തു** - പെരുമുതിൻ കോതകണ്ണൻ എഴുത്തു.

**കോതനാരായണൻ** - കോത നാരായണൻ.

**പൊൻ** - പൊന്ന്.

**കൊണ്ടുവരുകിലതിൽ** - കൊണ്ടു + വരുകിൽ + അതിൽ, കൊണ്ടു വരുകയാണെങ്കിൽ അതിൽ.

**പഴാരമാ*ന്നി*ടമുങ്കണ്ടനാരായണ*ന്നു*ങ്കോതൈ നാരായണ*ന്നു*ങ്കൂടി** - പഴാര + മാനിടമും + കണ്ടനാരായണനും + കോതൈ + നാരായണനും + കൂടി, ഭട്ടാരകർക്കുള്ള മാനിടവും കണ്ടനാരായണനും കോതനാരായണനും കൂടി. മാനിടം - മാനുഷം, തത്ഭവം. പണയത്തിനു കൊടുത്ത മുതലിന് ഉടമയ്ക്ക് ലഭിക്കേണ്ടുന്ന പണയപ്പണം. സന്ധിയിൽ - മാനിടമും + കണ്ടനാരായണൻ - മാനിടമുങ്കണ്ടനാരായണൻ, മകാരത്തിന് ങകാരാദേശം. കോതൈനാരായണനും + കൂടി - കോതൈനാരായണനുങ്കൂടി, മകാരത്തിന് ങകാരാദേശം.

**പൂമിമേലിടക്കടവർ** - ഭൂമിമേൽ ഇടാൻ അവർ കടപ്പെട്ടിരിക്കുന്നു.

**4.2.1.24 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ - 6**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോപ്പാക്കര*ന്നി*രവി വൻമ തിരുവടിക്കുച്ചെല്ലാനിന്റയാണ്ടു** - കോ + പാക്കരൻ + ഇരവി + വന്മ + തിരു + അടിക്കു + ചെല്ലാ + നിന്റ + ആണ്ടു, രാജാവ് ഭാസ്ക്കരൻ രവി വന്മ തിരുവടിക്കു ചെന്നു നിന്ന വർഷം.

**ആണ്ടൈക്കെതിർ ഇരണ്ടാമാണ്ടു** - ആണ്ടൈക്കു + എതിർ + ഇരണ്ടാം + ആണ്ടു, വർഷത്തിനെതിരായ രണ്ടാം വരഷം.

**മീ*ന്ന*ത്തിൽ വിയാഴന്നിർക ചെയ്ത** - മീനം + അത്ത് + ഇൽ + വിയാഴം + നിർക + ചെയ്ത, മീനത്തിൽ വ്യാഴം നിൽക്കേ ചെയ്ത. നിർക - നിൽക്ക, ചില്ലിനു പരം വന്ന കകാരം ഇരട്ടിക്കുന്നില്ല, വർണ്ണവികാരം ല/റ വിനിമയം.

**കരുമമാവതു** - കരുമം + ആവതു, കർമ്മം ആകുന്നത്.

**കുവലായി*നി* കോവിന്നൻ കുന്റപ്പോഴ*നു*ടൈ** - കുവലായനി ഗോവിന്ദൻ കുന്റപ്പോഴന്റെ. കോവിന്നൻ - ഗോവിന്ദൻ, തത്ഭവം.

**നാൽപ്പതിൻ കഴൈഞ്ചു പൊൻ കൊണ്ടു** - നാൽ + പതിൻ + കഴൈഞ്ചു + പൊൻ + കൊണ്ടു, നാൽപ്പതു കഴഞ്ച് പൊന്നു കൊണ്ട്. കഴൈഞ്ചു - അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**നെടിയതളി പുറൈയങ്കാൽക്കരൈ** - നെടിയതളി + പുറൈയൻ + കാൽക്കരൈ, നെടിയതളി പുറയൻ കാൽക്കര. സന്ധിയിൽ - പുറൈയൻ + കാൽക്കരൈ - പുറൈയങ്കാൽക്കരൈ, *ന*കാരത്തിന് ങകാരാദേശം.

**ഇപ്പൊ*ന്നി*നു** - ഈ പൊന്നിന്.

**താൻ നേടിക്കൊണ്ട** - താൻ നേടിയെടുത്ത.

**ആലക്കാട്ടുമവറ്റി*നു* പടും** - ആലക്കാച്ചും അവയിൽ ഉള്ള. അവറ്റിനു - അവയിൽ.

**മലൈയുങ്കരൈയും കൊണ്ടു** - മലയും + കരൈയും + കൊണ്ടു, മലയും കരയും ഉപയോഗിച്ച്. സന്ധിയിൽ - മലയും + കരൈയും - മലൈയുങ്കരൈയും, മകാരത്തിന് ങകാരാദേശം.

**തിരുക്കാൽ(ക)രൈ** - തൃക്കാക്കര.

**പട്ടാരകർക്കുപ്പണി** - പട്ടാരകർക്കു + പണി, ഭട്ടാരകർക്കുള്ള പണി. സന്ധിയിൽ - പട്ടാരകർക്കു + പണി - പട്ടാരകർക്കുപ്പണി, പകാരത്തിന് പൂർവ്വം ഇരട്ടിപ്പായതിനാൽ ദ്വിത്വം.

**പൂരാടന്തുടങ്കി** - പൂരാടം + തുടങ്ങി, പൂരാട നാൾ മുതൽ. തുടങ്കി - തുടങ്ങി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - പൂരാടം + തുടങ്ങി - പൂരാടന്തുടങ്കി, മകാരത്തിന് ങകാരാദശം.

**ഓണത്തളവും** - ഓണം + അത്ത് + അളവും, ഓണത്തോളവും, ഓണം വരെയും. അളവും - ഓളവും, വർണ്ണവികാരം ഓ/അ വിനിമയം.

**മുൻ നാനാഴിയാൽ** - മുൻ ഇടങ്ങഴിയാൽ.

**നൂറ്റു നാഴിച്ചെയ്തരിയും** - നൂറ്റു + നാഴി + ചെയ്ത + അരിയും, നൂറു നാഴി അരിയും അളന്ന്. സന്ധിയിൽ - നാഴി + ചെയ്ത - നാഴിച്ചെയ്ത, ചകാര ദ്വിത്വം.

**മുൻ നാനാഴിയാൽ** - മുൻ ഇടങ്ങഴിയാൽ.

**ഇരുനാഴിച്ചെയ്തു** - ഇരു + നാഴി + ചെയ്തു, രണ്ടു നാഴി അളന്ന്.

**നെയ്യുങ്കൊണ്ടു** - നെയ്യും + കൊണ്ട്, നെയ്യുപയോഗിച്ച്. സന്ധിയിൽ മകാരത്തിന് ങകാരാദശം.

**അകത്തു പന്തീരടിയിൽ മുൻ വന്നു** - അകത്തു പന്ത്രണ്ടടിയ്ക്ക് മുന്നെ വന്ന്. മുൻ - മുന്നെ.

**തിരുവമിർതു ചെയ്വിച്ചു** - തിരുവമൃത് ചെയ്യിച്ച്.

**പാതിയുങ്കൊണ്ടു** - പാതിയും + കൊണ്ടു, പകുതിയും ഉപയോഗിച്ച്. സന്ധിയിൽ - മകാരത്തിന് ങകാരാദശം.

**പിരാമ്മണരുഞ്ചിരി വൈണ്ണവരൈയു** - പിരാമ്മണരും + ചിരി + വൈണ്ണവരൈ + ഉ, ബ്രാഹ്മണരെയും ശ്രീ വൈഷ്ണവരെയും. പിരാമ്മണർ - ബ്രാഹ്മണർ, തത്ഭവം. ചിരി വൈണ്ണവർ - ശ്രീ വൈഷ്ണവർ, തത്ഭവം. വൈഷ്ണവരൈയു - പദാന്ത്യത്തിൽ മകാരം നിശ്ശബ്ദമായതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം. സന്ധിയിൽ - പിരാമ്മണരും + ചിരി - പിരാമ്മണരുഞ്ചിരി, മകാരത്തിന് ചകാരാദേശം. വൈണ്ണവരൈ + ഉ - വൈണ്ണവരൈയു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അമിർതു ചൈവിച്ച് മറ്റു** - അമൃതു ചെയ്യിച്ച് ബാക്കി.

**അരിമ്മുൻ നാനാഴിയാൽ എമ്പെരുമക്കൾക്കും** - മുൻ ഇടങ്ങഴിയാൽ അരി എമ്പെരുമക്കൾക്കും.

**ഇരുപത്തു നാ*നാ*ഴിയും** - ഇരു + പത്തു + നാഴിയും, ഇരുപതു നാഴിയും. ഇരുപത്തു എന്നിടത്ത് അശ്രദ്ധയാൽ തകാരം ഇരട്ടിച്ചിരിക്കുന്നു.

**പള്ളിത്താമത്തി*നു* അറുനാഴിയുന്തിരുവലകി*നു* അറുനാഴിയും** - പള്ളി + താമത്തിനു + അറു + നാഴിയും + തിരുവലകിനു + അറുനാഴിയും - പള്ളിത്താമത്തിനും തിരു അലകിനും ആറു വീതം നാഴി. താമം - ധാമം, ക്ഷത്രത്തിൽ വിഗ്രഹം പ്രതിഷ്ഠിച്ച ഇരിപ്പിടം. അലക് - ക്ഷത്രത്തിലെ വിഗ്രഹത്തോടു ചേർത്തു വെക്കുന്ന വാൾ.

**പിരാമണർ** - ബ്രാഹ്മണർ, തത്ഭവം.

**അമിർതി*നു*** - അമൃതിനു.

**തേങ്ങായിരുപത്തിനാലു** - തേങ്ങാ + ഇരു + പതിൻ + നാലു, തേങ്ങാ ഇരുപത്തിനാല്. തേങ്ങ - അനുനാസികാതിപ്രസരം സംഭവിച്ച പദം.

**ഉപ്പ് ഇടങ്കഴിയാൽ നാഴിയുരി** - ഉപ്പ് + ഇടങ്കഴി + ആൽ + നാഴി + ഉരി, ഇടങ്ങഴിയാൽ നാഴിയുരി ഉപ്പ്. ഇടങ്കഴി - ഇടങ്ങഴി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. നാഴിയുരി - ഒന്നര നാഴി. സന്ധിയിൽ - നാഴി + ഉരി - നാഴിയുരി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പുളി ആറു പുലം** - ആറു പുലം പുളി. പുലം - പലം, ഒരളവ്.

**പലിക്കു** - ബലിക്ക്, തത്ഭവം.

**ഇതി*ന്നു*** - ഇതിന്

**വേണ്ടുമിലൈയും** - വേണ്ടും + ഇലൈ + ഉം, ആവശ്യമായ ഇലയും.

**വിറകും** - വിറക്, മരക്കമ്പുകൾ, കത്തിക്കാനുള്ള ഇന്ധനം.

**തയിറി*നു*ളാ ഇരണ്ടുയുരി** - തയിറിൻ + ഉൾ + ആ + ഇരണ്ടു + ഉരി, തയിരിനുള്ള ആ രണ്ടുരി.

**4.2.1.25 തൃക്കാക്കര പാർക്കരൻ ഇരവി വട്ടെഴുത്തു ശിലാരേഖ – 7**

**സ്വസ്തി ശ്രീ** – ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോപ്പാക്കരനിരവി വൻമർ തിരുവടിക്കുച്ചെല്ലാനിന്റയാണ്ടു** – കോ + പാർക്കരൻ + ഇരവി + വന്മർ + തിരു + അടിക്കു + ചെല്ലാ + നിന്റ + ആണ്ടു, രാജാവ് ഭാസ്ക്കരൻ ഇരവി വന്മർക്കു ചെന്നു നിന്ന വർഷം.

**ഐമ്പത്തെട്ടാമാണ്ടു** – ഐമ്പത്തി + എട്ടാം + ആണ്ടു, അമ്പെത്തെട്ടാം വർഷം. ഐമ്പത്തി – അമ്പത്തി, സ്വരസംവരണം സംഭവിക്കാത്ത പദം.

**ചിങ്കത്തിൽ വിയാഴന്നിന്റയാണ്ടു** – ചിങ്കത്തിൽ + വിയാഴം + നിന്റ + ആണ്ടു, ചിങ്കത്തിൽ, ചിങ്ങത്തിൽ അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ – വിയാഴം + നിന്റ – വിയാഴന്നിന്റ, നകാരത്തിന് നകാരാദേശം. നിന്റ + ആണ്ടു – നിന്റയാണ്ടു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കാൽവേലി കേരളമ്പോഴൻ പൂമിങ്ങം** – കാൽവേലി + കേരളൻ + പോഴൻ + പൂമിങ്ങം, കാൽവേലി കേരളൻ പോഴന്റെ ഭൂമിക്ക്.

**ചെല്ലും ചെലവു** – സ്വീകരിച്ചതും ചെലവാക്കിയതും.

**ഒരു നന്താവിളക്കു കാരാളൻ ചെലുത്ത കടവൻ** – കാരാളൻ ഒരു നന്താവിളക്ക് നൽകുന്നതിന് കടപ്പെട്ടിരിക്കുന്നു.

**ചെലുത്തിച്ചു കൊൾവാനമൈഞ്ഞാർ** – ചെലവ് നടത്തിക്കാൻ ഏർപ്പാടാക്കിയവർ ചെലുത്തിച്ചു – ചെലവാക്കിച്ച്. അമൈഞ്ഞാർ – അമഞ്ഞവർ, അനുനാസികാതിപ്രസരം സംഭവിച്ചതും പുരുഷഭേദനിരാസവും സ്വരസംവരണവും സംഭവിക്കാത്തതുമായ പദം.

**തിരുക്കാൽക്കരൈ തേവരുൾപാടൻ പെരുമുതിയൻ പൊതുവാളു** – തിരുക്കാൽക്കരൈ + തേവർ + ഉൾപാടൻ + പെരുമുതിയൻ + പൊതുവാളു,

തൃക്കാക്കര ദേവന്റെ മൽശാന്തി, പെരുമുതിയൻ, പൊതുവാളും. പൊതുവാളു എന്നവസാനിക്കുന്നിടത്തെ മകാരം നിശ്ശബ്ദമാകുന്നു.

**ഒൻപതി*നാ*ൽ ഒമ്പതിൻ നൂറ്റുൽ നാലു** - ഒൻപതിനാലുള്ള തൊണ്ണൂറ്റി നാലു. ഒമ്പതിൻ നൂറ്റുൽ - തൊണ്ണൂറ്റി, എന്നാണ് പ്രയോഗാർത്ഥം.

**കാരാള*നു* പതവാരമാക്കളു** - കാരാളന് ലഭിക്കേണ്ടുന്ന ഭോഗമാകുന്നു. പതവാരം - ഭൂമിയിൽ നിന്നുള്ള ഈടിന് അധികാരികൾക്കു കൊടുക്കേണ്ടുന്ന നികുതി.

**ഇരണ്ടു കുടി പൊതുവാൾമാരും കൂടി** - രണ്ടു കുടികളിലെ പൊതുവാൾമാരും ചേർന്ന്.

**കൺകാണിച്ചു** - നേരിട്ടു കാണിച്ച്.

**മേൽചാന്തി എമ്പെരുമാൻ** - മൽശാന്തിയായ എമ്പെരുമാൻ.

**ചീവിതമു** - ജീവിതവും, തത്ഭവം. ചീവിതമു എന്നിടത്ത് പദാന്ത്യത്തിലെ മകാരം നിശ്ശബ്ദമാണ്.

**അമൈഞ്ചിത്തു** - അമൈഞ്ച + ഇതു, ഏർപ്പാടാക്കിയത്. അശ്രദ്ധയാൽ തകാരം ഇരട്ടിച്ചിരിക്കുന്നു. അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**ചെലുത്തക്കടവർ** - ചെലവാക്കാൻ കടപ്പെട്ടവർ.

**ഇതു കാരാള*നാ*യ ഇരവി കോവിന്ന*നു*ം** - ഇതു കാരാളനായ ഇരവി ഗോവിന്ദനും. കോവിന്നൻ - ഗോവിന്ദൻ, തത്ഭവം.

**ഓരോ തൂണി നെല്ലു വിപ്പോം** - ഓരോ തൂണി കൊടുക്കണം. തൂണി - നെല്ലളവ്, ഒന്നര ഇടങ്ങഴി, ആറു നാഴി.

**(വെ)ള്ളി കൈവട്ടകയും വച്ചു** - വെള്ളികൊണ്ടുള്ള കൈവട്ടകയും വച്ച്. വട്ടക - പാത്രം.

**അകത്തെഴുന്നള്ളി** - അകത്ത് പ്രവേശിച്ച്. സന്ധിയിൽ - അകത്ത് + എഴുന്നള്ളി - അകത്തെഴുന്നള്ളി, സംവൃതോകാര ലോപം.

**ഇതറിയുഞ്ചാതുക്കൾ** - ഇതറിയും + ചാതുക്കൾ, ഇതറിയും സാധുക്കൾ. സന്ധിയിൽ - മകാരത്തിന് ഞകാരാദേശം.

**നെയ്തലമങ്ങലത്തു കേചവൻ കേ(രളൻ)** - നെയ്തല മംഗലത്തു കേശവൻ കരളൻ. കേചവൻ - കേശവൻ, തത്ഭവം.

**പെരുമനൈക്കാട്ടു കേയവ*ന്*ും** - പെരുമനൈക്കാട്ടു കേശവനും. കേയവൻ - കേശവൻ, തത്ഭവം. തൊട്ടുമുകളിൽ ഉള്ള കചവൻ കരളൻ എന്ന നാമത്തിൽ ശകാരത്തിന് തത്ഭവമായി ചകാരവും ഇവിടെ യകാരവും ഉപയോഗിച്ചിരിക്കുന്നു.

**പടൈപാടി നാരായണ*ന്*ും** - പടൈപാടി നാരായണനും. പടൈപാടി- സ്വരസംവരണം സംഭവിക്കാത്ത പദം.

**കാട്ടക്കടവ** - കാട്ട + കടവ, കാട്ടാൻ കടപ്പെട്ടിരിക്കുന്നു. കാട്ട - കാട്ടുക - കാണിക്കുക. പിൻവിനയെച്ച രൂപിമം.

**കോവിന്നൻ ചാത്ത*ന്*ും** - ഗോവിന്ദൻ ചാത്തനും, തത്ഭവം.

**കണ്ണഞ്ചേന്ന*ന്*ു(ം)** - കണ്ണൻ + ചന്നനും, കണ്ണൻ ചേന്നനും. സന്ധിയിൽ - വർത്സ്യ *ന*കാരത്തിന് ഞകാരാദശം.

**4.2.1.26 തൃക്കാക്കര കണ്ണമ്പുറയൻ വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**മിതു*ന*ത്തിൽ വ്യാഴന്നിർക** - മിതുനം + അത്ത് + ഇൽ + വ്യാഴം + നിർക്ക, മിഥുനത്തിൽ വ്യാഴം നിൽക്കെ. മിതുനം - മിഥുനം, തത്ഭവം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. നിർക്ക - നിൽക്ക, നിൽക്കെ, നിൽക്കുമ്പോൾ , വർണ്ണവികാരം ല/റ വിനിമയം, എ/അ വിനിമയം.സന്ധിയിൽ - വ്യാഴം + നിർക്ക - വ്യാഴന്നിർക്ക, മകാരത്തിന് നകാരാദേശം.

**ക൩ി ഞായിറ്റു** - കന്നിമാസത്തിൽ.

**കാൽകരൈ നാടുടൈയ കണ്ണമ്പുറൈയ൩ു** - കാൽക്കര നാടുവാഴുന്ന കണ്ണമ്പുറയന്, സ്വരസംവരണം സംഭവിക്കാത്ത പദങ്ങൾ.

**കൂടിച്ചെയ്ത** - കൂടി + ചെയ്ത, ചേർന്നു ചെയ്ത. സന്ധിയിൽ - ചകാര ദ്വിത്വം.

**കരുമമാവതു** - കരുമം + ആവതു, കർമ്മം ആകുന്നു.

**ആരാതിക്കും എമ്പെരുമക്കൾ** - ആരാധിക്കുന്ന ശാന്തിക്കാർ.

**(പട്ടാരരതികാരി)കളുമിവകൾക്കു** - ഭട്ടാരകരുടെ ആദികാരികളും ഇവർക്കു, ഇവ + കൾ - ഇവകൾ - ഇവർ.

**കൊടുത്തന്റ്രി** - കൊടുത്ത് + അന്റ്രി, കൊടുത്ത അന്ന്. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ സംവൃതോകാര ലോപം.

**അവകൾ** - അവ + കൾ - അവർ

**കൊടുക്ക കടമയില്ലൈ** - കൊടുക്കാൻ കടമയില്ല. കൊടുക്ക - കൊടുക്കാൻ, ഖിലോപസംഗ്രഹം സംഭവിക്കാത്ത പദം. കടമയില്ലൈ - കടമയില്ല, സ്വരസംവരണം സംഭവിക്കാത്ത പദം.

**(ഇത്തിരു)വാരാതി൩ൈ** - ഈ തിരുവാരാധന, സ്വരസംവരണം സംഭവിക്കാത്ത പദം.

**(ഇവ്വൊ)ഴിവാരായിൽ** - ഇ + ഒഴിവാർ + ആയിൽ - ഇവർ ഒഴിഞ്ഞാൽ. ഒഴിവാർ - അവർ ഒഴിവായാൽ, നടത്താതിരുന്നാൽ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. ആയിൽ - ആയാൽ, വർണ്ണവികാരം ആ/ഇ വിനിമയം, പ്രയോജികാവിഭക്തി പ്രത്യയമായ 'ആൽ' നു സമാനമായി 'ഇൽ' പ്രയോഗിച്ചിരിക്കുന്നു.

**പടാരർ തിരു(ക്കാൽകരൈ)** - തൃക്കാക്കര ഭട്ടാരകർ.

**നാടുവാഴുമവകൾക്കു** - നാടു + വാഴും + അവ + കൾ + ക്കു, നാടുവാഴുന്നവർക്ക്.

**കടങ്കൊടുത്തു കൊണ്ടു** - കടം + കൊടുത്തു + കൊണ്ടു, കടമായി നൽകിക്കൊണ്ട്. സന്ധിയിൽ - കടം + കൊടുത്തു - കടങ്കൊടുത്തു, മകാരത്തിന് ങകാരാദേശം.

**ചാന്തി** - ശാന്തി

**ഇരുക്കപ്പെറാർ** - ഇരുക്ക + പെറാർ, ഇരിക്കാൻ പാടില്ല, ഇരുക്ക - ഇരിക്ക, ഇരിക്കാൻ, ഖിലോപസംഗ്രഹം സംഭവിക്കാത്ത പദം. സന്ധയിൽ പകാര ദ്വിത്വം.

**കൊടുത്തു ഇരുപ്പാരുളായിൽ** - കൊടുത്തു + ഇരുപ്പാർ + ഉൾ + ആയിൽ, കൊടുത്തിരിക്കുന്നവർ അകത്തു വന്നാൽ. ഇരുപ്പാർ - അവർ ഇരുന്നാൽ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. ആയിൽ + ആയാൽ, വർണ്ണവികാരം ആ/ഇ വിനിമയം.

**പടാരരൈയും** - പടാരരൈ + ഉം, ഭട്ടാരകരെയും. സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ സ്വരസംവരണം ഒഴിവാക്കാൻ യകാരാഗമം.

**പടാരരതികാരികളൈയുന്തുടരപ്പെറാർ** - പടാര + അർ + അതികാരികളൈ + ഉം + തുടരപ്പെറാർ. ഭട്ടാരകരുടെ അധികാരികളും തുടരാൻ പാടില്ല. പടാര - സ്വരസംവരണം സംഭവിച്ച പദം. അതികാരികളൈ - സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - അതികാരികളൈ + ഉം - അതികാരികളൈയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. അതികാരികളൈയും + തുടര - അതികാരികളൈയുന്തുടര. മകാരത്തിന് ദന്ത്യ നകാരാദേശം.

**ഇവ്വണ്ണം പണ്ണുതു** - ഇ + വണ്ണം + പണ്ണുതു, ഇപ്രകാരം ചെയ്യുന്നത്. സന്ധിയിൽ - ഇ + വണ്ണം - ഇവ്വണ്ണം. ചുട്ടെഴുത്തിനു പരമായവന്ന വ്യഞ്ജനം ഇരട്ടിക്കുന്നു, വകാര ദ്വിത്വം.

**(മണ്ട)പത്തുള്ള തിരുവാരാതിനൈ** - മണ്ഡപത്തിലുള്ള തിരുവാരാധന, തിരുവാരാതിനൈ - സ്വരസംവരണം സംഭവിക്കാത്ത പദം.

**മുട്ടിച്ചെന്നാലോ** - മുടക്കിയെന്നാലോ.

**മൂഴിക്കളം കച്ചം പിഴൈച്ചാർ** - മൂഴിക്കളം കച്ചം പിഴച്ചവരാകും. പിഴൈച്ചാർ - അവർ പിഴച്ചവർ, പുരുഷഭേദനിരാസവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**(അവർ)ക്കൂറു കൊടുത്തു** - അവരുടെ പങ്കു കൊടുത്തു.

**ചാന്തി ഇരുക്കുമവന(്)മി** - ശന്തി ഇരിക്കുന്നവനും ഈ. ഇരുക്കും - ഇരിക്കും. വർണ്ണവികാരം ഇ/ഉ വിനിമയം.

**കച്ചം പിഴൈച്ചാൻ** - അവൻ കച്ചം പിഴച്ചു. പിഴൈച്ചാൻ - പുരുഷഭേദനിരാസവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**തേവർക്കു കടങ്കൊടുക്കപ്പെറാർ** - തേവർക്കു + കടം + കൊടുക്ക + പെറാർ, ദേവൻ കടം കൊടുക്കാൻ പാടില്ല. സന്ധിയിൽ - കടം + കൊടുക്ക - കടങ്കൊടുക്ക, മകാരത്തിന് ങകാരാദേശം. കൊടുക്ക + പെറാർ - കൊടുക്കപ്പെറാർ പകാര ദ്വിത്വം.

**4.2.1.27 തൃക്കാക്കര ചാത്തഞ്ചിവൻ വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**തിരുക്കാൽക്കരൈ** - തൃക്കാക്കര. തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം.

പെരുമാൾതരവ്വാതിച്ചഞ്ചെയ്തരുളിച്ചെല്ലാനിന്റ - പെരുമാൾ + തരം + ആതിച്ചൻ + ചെയ്ത് + അരുളി + ചെല്ലാ + നിന്റ, പെരുമാൾ സ്ഥാനം കരുണാപൂർവ്വം ആദിത്യൻ ചെയതു നിന്ന. പെരുമാൾ - ആദ്ധ്യാത്മിക നേതൃസ്ഥാനം. തരം - ആ സ്ഥാനം എന്ന് പ്രയോഗാർത്ഥം. ആ തരം, ഈ തരം എന്നിങ്ങനെ പ്രയോഗിക്കുന്ന രീതിയിൽ. അരുളി - കരുണാപൂർവ്വം തുടരുക. സന്ധിയിൽ - തരം + ആതിച്ചൻ - തരവാതിച്ചൻ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അതിന് ദ്വിത്വം വന്ന് തരവ്വാതിച്ചൻ. ചെയ്ത് + അരുളി - ചെയ്തരുളി, സംവൃതോകാര ലോപം.

**മൂവായിരത്തെഴുനൂറ്റൈയ്യാമാണ്ടൈക്കെതിരാണ്ടു** - മൂ + ആയിരം + അത്ത് + ഇ + എഴു + നൂറ്റ് + ഐ + ആം + ആണ്ടൈക്ക് + എതിര് + ആണ്ടു, മൂവായിരത്തി എഴുനൂറ്റി അഞ്ചാം വർഷത്തിനെതിരായ വർഷം. സന്ധിയിൽ - മൂ + ആയിരം -

മൂവായിരം, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ആയിരം + അത്ത് - ആയിരത്ത്, മകാര ലോപം. അത്ത് + ഇ - അത്തി, സംവൃതോകാര ലോപം. മൂവായിരത്തി, നൂറ്റ് + ഐ - നൂറ്റൈ, സംവൃതോകാര ലോപം. ഐ + ആം - ഐയ്യാം, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. എതിര് + ആണ്ടു - എതിരാണ്ടു, സംവൃതോകാര ലോപം.

**മേടത്തിൽ വിയാഴന്നിന്റക്ക*ന്നി* ഞായിറ്റു** - മേടത്തിൽ വ്യാഴം നിന്ന കന്നി മാസം.

**കാൽക്കരൈ നാടുടയ ചാത്തഞ്ചിവൻ** - കാൽക്കരൈ + നാടുടയ + ചാത്തൻ + ചിവൻ, കാൽക്കര നാടുവാഴുന്ന ചാത്തൻ ശിവൻ. നാടുടയ - സ്വരസംവരണം സംഭവിച്ച പദം. ചിവൻ - ശിവൻ, തത്ഭവം. സന്ധിയിൽ - ചാത്തൻ + ചിവൻ - ചാത്തഞ്ചിവൻ, വർത്സ്യ *ന*കാരത്തിന് ഞകാരാദേശം.

**താൻ പിറന്ന നാളാ** - താൻ പിറന്ന നാൾ

**4.2.1.28 തൃക്കാക്കര പോഴൻ ഇരവി വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**തുലാത്തിൽ വിഴ നിന്റ** - തുലാത്തിൽ വ്യാഴം നിന്ന. വിഴ - വിയാഴം, വ്യാഴം, അക്ഷരലോപം വന്ന പദം.

**ക*നി* ഞായിറ്റു** - കന്നി മാസം. കകാരത്തിനു ശേഷമുള്ള വർത്സ്യ *ന*കാരം ഇരട്ടിക്കുന്നില്ല.

**പോഴൻ ഇരവി നാടുവാഴ്കൈയിൽ** - പോഴൻ ഇരവി നാടു വാഴുമ്പോൾ. നാടുവാഴ്കൈ - സ്വരസംവരണം സംഭവിക്കാത്ത പദം.

**കോതൈ പുറൈയൻ** - കോത പുറയൻ, സ്വരസംവരണം സംഭവിക്കാത്ത നാമം.

**പണ്ണിച കൊമ്പു** - ചെയ്യിച്ച കൊമ്പ്, കൊമ്പ് - ഒരു സുഷിര വാദ്യോപകരണം.

**ഇരുപതിൻ കഴൈഞ്ഞൊരു ഒള്ളി** - ഇരുപത് കഴഞ്ഞ് ഒരു ഒള്ളി. കഴൈഞ്ഞ് - കഴഞ്ഞ്, അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം. സന്ധിയിൽ - കഴൈഞ്ഞ് + ഒരു - കഴൈഞ്ഞൊരു, സംവൃതോകാരലോപം.

**അപ്പൂവു കൂട്ടി** - അ + പൂവു + കൂട്ടി, ആ പൂവു ചേർത്ത്. സന്ധിയിൽ - അ + പൂവു - അപ്പൂവു, ചുട്ടെഴുത്തിനു പരമായി വന്ന വ്യഞ്ജനം ഇരട്ടിക്കുന്നു.

**തിരുക്കാൽക്കരൈപ്പഴാരക്കു** - തൃക്കാക്കര ഭട്ടാരകർക്കു. തിരുക്കാൽക്കരൈ - സ്വരസംവരണം സംഭവിക്കാത്ത തത്ഭവം. പഴാരകകു - ഭട്ടാഗകർക്ക്, തത്ഭവം, പദാന്ത്യത്തിലെ കകാരം ഇരട്ടിക്കുന്നു. സന്ധിയിൽ - തിരുക്കാൽക്കരൈ + പഴാരകകു - തിരുക്കാൽക്കരൈപ്പഴാരകകു.

**തിരുവുടൈയാടൈ** - തിരു + ഉടയാടൈ, തിരുവസ്ത്രം. ഉടയാടൈ - ഉടയാട, വസ്ത്രം. സ്വരസംവരണം സംഭവിക്കാത്ത പദം.

**പണ്ണിച്ചാർത്തിച്ചാൻ** - നിർമ്മിച്ച് അവൻ ചാർത്തിച്ചു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പോഴൻ ഇരവ്വി** - പോഴൻ ഇരവി, ഇരവ്വി - നാമാന്ത്യത്തിലെ വകാരം അകാരണമായി ഇരട്ടിക്കുന്നു.

**അയിമ്പത്തു മുക്കഴഞ്** - അമ്പത്തിമൂന്ന് കഴഞ്. അയിമ്പത്തു - അമ്പത്, സ്വരസംവരണം സംഭവിച്ച പദം. മു - മൂന്ന്. സന്ധിയിൽ - മു + കഴഞ് - മുക്കഴഞ്ഞ്, കകാര ദ്വിത്വം. കഴഞ് - അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിച്ച പദം.

**അന്റ്റെ** - അന്നെ, അന്നു തന്നെ. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**വെചലിമങ(ല)ത്തു കോതൈ പുറൈയനും** - വെചലിമങലത്തു കോത പുറയനും. മങലം - മങ്ങലം, മങ്കലം, മംഗലം, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ചപദം. ങകാരം ഇരട്ടിക്കുന്നില്ല.

**കോതൈ ശ്രീകണ്ടനും** - കോത ഗോദശ്രീകണ്ഠനും. തത്ഭവം.

**കൂടി** - ചേർന്ന്.

**പന്തിരു കഴഞ്ഞു പൊൻ കൊണ്ടു** - പന്ത്രണ്ടു കഴഞ്ഞ് പൊന്നു കൊണ്ട്. കഴഞ്ഞു - അനുനാസികാതിപ്രസരവും സംവരസംവരണവും സംഭവിച്ച രൂപം.

**ഉതരപന്തനം പണ്ണി** - ഉദരബന്ധനം നിർമ്മിച്ച്, തത്ഭവം.

**ച(ാ)ർത്തിച്ചാർ** - അവൻ ചാർത്തിച്ചു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**അന്റെ എൺ കഴൈഞ്ഞു പൊൻ കൊണ്ടുപ്പുകലൈയം** - അന്ന് എട്ട് കഴഞ്ഞ് പൊന്ന് കൊണ്ട് പുകയലവും. എൺ - എട്ട്, സംഖ്യാവാചി. കഴൈഞ്ഞു - കഴഞ്ഞ്, സ്വരസംവരണം സംഭവിക്കാത്ത പദം. പുകലൈയം - പുകലയം, ക്ഷേത്ര പ്രതിഷ്ഠയിൽ ചാർത്തുന്ന ആഭരണം. സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇരണ്ടു പണ്ണി ച(ാ)ർത്തിച്ചാൻ** - രണ്ടെണ്ണം നിർമ്മിച്ച് അവൻ ചാർത്തിച്ചു. ചാർത്തിച്ചാൻ - അവൻ ചാർത്തിച്ചു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പോഴൻ ഇരവ്വി** - പോഴൻ ഇരവി, ഇരവ്വി - നാമാന്ത്യത്തിലെ വകാരം അകാരണമായി ഇരട്ടിക്കുന്നു.

**4.2.1.29 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 1**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**ചിങ്കത്തിൽ വിയാഴം നിന്റ** - ചിങ്ങത്തിൽ വ്യാഴം നിന്ന. ചിങ്കത്തിൽ - ചിങ്ങത്തിൽ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. നിന്റ - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**കുമ്പ ഞായിറ്റു** - കുംഭ മാസം.

**ചെയ്ത കരുമമാവതു** - ചെയ്ത കർമ്മമാകുന്നത്.

**പന്റിത്തുരുത്തി യക്കങ്കുന്റപ്പോഴൻ നാടുവാഴ്ക്കൈയിൽ** - പന്നിത്തുരുത്തി യക്ഷൻ കുന്നപ്പോഴൻ നാടുവാഴുമ്പോൾ. സന്ധിയിൽ - യക്കൻ + കുന്റപ്പോഴൻ, യക്കങ്കുന്റപ്പോഴൻ, വർത്സ്യ *ന*കാരത്തിന് ങകാരാദേശം.

**വെൺമ്പൂയം** - വെൺമ + പൂയം, വെൺ പൂയം.

**ആകിന്റ** - ആകുന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**വിരു(ച്ചിക ഞായറ്റിൽ)** - വൃശ്ചിക മാസത്തിൽ.

**നാരായണൻ അമൈച്ച വിരുച്ചിക വിളക്കൊന്റു** - നാരായണൻ ഏർപ്പാടാക്കിയ വൃശ്ചിക വിളക്കൊന്ന്. അമൈച്ച - അനുനാസികാതിപ്രസരവും താലവ്യാദേശവും സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

**മുട്ടിക്കിൽ മുട്ടിരട്ടി ചെലുത്തക്കടവർ** - മുടക്കിയാൽ മുടക്കിയതിന്റെ ഇരട്ടി ചെലവാക്കാൻ അവർ കടപ്പെട്ടിരിക്കുന്നു.

**മൂവാണ്ടു മുട്ടു(കിൽ)** - മൂ + ആണ്ടു + മുട്ടുകിൽ, മൂന്നു വർഷം മുടങ്ങിയാൽ. സന്ധിയിൽ - മൂ + ആണ്ടു - മൂവാണ്ടു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**(അവ)ററി*ന്നൊ*രാണ്ടളവു** - അവററിന് + ഒരാണ്ട് + അളവ്, അവയിൽ നിന്ന് ഒരു വർഷത്തിലുള്ള അളവ്. സന്ധിയിൽ രണ്ടിടത്തും സംവൃതോകാരലോപം.

**തിരുക്കാൽക്കരൈ** - തൃക്കാക്കര.

**പട്ടാരർക്കുന്തിരുവിളക്കി*നു*** - പട്ടാരർക്കും + തിരുവിളക്കിനു, ഭട്ടാരകർക്കും തിരുവിളക്കിനു. സന്ധിയിൽ - പട്ടാരർക്കും + തിരുവിളക്കിനു - പട്ടാരർക്കുന്തിരുവിളക്കിനു, മകാരത്തിന് ദന്ത്യ നകാരം കൊണ്ടാദേശം.

**അട്ടി കുടുതാ*നു*** - അട്ടി + കുടുതാൻ + ഉ,  അവൻ അനുവദിച്ചു നൽകി. കുടുതാൻ - കൊടുത്താൻ, അവൻ കൊടുത്തു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. വർണ്ണവികാരം ഒ/ഉ വിനിമയം. തകാരം ഇരട്ടിക്കുന്നില്ല.

**യക്കങ്കുന്റപ്പോഴൻ** - യക്കൻ + കുന്റപ്പോഴൻ, യക്ഷൻ കുന്നപ്പോഴൻ. യക്കൻ - യക്ഷൻ, തത്ഭവം. കുന്റപ്പോഴൻ - കുന്നപ്പോഴൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം.

**ഇപ്പടികിന്റി** - ഇ + പടിക് + ഇന്റി, ഇപ്രകാരം ഇന്ന്. ഇന്റി - ഇന്ന്, അനുനാസികാതിപ്രസരം.

**ഇരണ്ടു മുതൽ** - രണ്ടു മുതൽ.

**(കൂ)ടിച്ചെയ്തു** - ചേർന്നു ചെയ്തു.

**നിച്ചൽ മുൻ നാ*നാ*ഴിയാൽ** - നിത്യം മുൻ ഇടങ്ങഴിയാൽ.

**ഉരിയരി** - ഉരി + അരി - അര നാഴി അരി. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നെയ് ചെലുത്തക്കടവിയൻ** - നെയ് ചെലവാക്കാൻ കടപ്പെട്ടവൻ.

**4.2.1.30 തൃക്കാക്കര യക്കൻ കുന്റപ്പോഴൻ വട്ടെഴുത്തു ശിലാരേഖ - 2**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**തിരുവാരാതി*നൈ*യെമ്പെരുമക്കൾ** - തിരു + ആരാതിനൈ + എമ്പെരുമക്കൾ, തിരുവാരാധന ചെയ്യുന്ന ശാന്തിമാർ. സംവരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - തിരു + ആരാതിനൈ - തിരുവാരാതിനൈ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. ആരാതിനൈ + എമ്പെരുമക്കൾ - ആരാതിനൈയെമ്പെരുമക്കൾ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഉള്ളിട്ടാ** - ഉൾ + ഇട്ടാ, നല്കിയ.

**(തനവും) പൊ*ന്നു*ം** - പണവും പൊന്നും. തനം - ധനം, തത്ഭവം.

**കടങ്കൊടുക്ക പെറാർ** - കടം + കൊടുക്ക + പെറാർ, അവർ കടം കൊടുക്കാൻ പാടില്ല. പെറാർ - അവർ പാടില്ല. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. കൊടുക്ക - കൊടുക്കാൻ, ഖിലോപസംഗ്രഹം സംഭവിക്കാത്ത പദം.

**കൊടുക്കിൽ** - കൊടുക്ക് + ഇൽ, കൊടുക്കുകിൽ. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**പെരുമാനടികൾക്കു** - പെരുമാൻ + അടികൾക്ക്, പെരുമാൾക്ക്, ദേവന്.

**നൂറ്റു കഴൈഞ്ഞു പൊൻ** - നൂറു കഴഞ്ച് പൊന്ന്. കഴൈഞ്ഞു - കഴഞ്ച്, അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

**തണ്ടപ്പടക്കടവിയർ** - തണ്ടം + പട + കടവിയർ, ദണ്ഡം നൽകാൻ കടപ്പെട്ടിരിക്കുന്നു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. സന്ധിയിൽ രണ്ടിടത്തും ഖരാക്ഷര ദ്വിത്വം.

**കൊടുത്താനും** - കൊടുത്താൻ + ഉം, കൊടുത്തവനും, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**അവണ്ണമാവിതു** - അ + വണ്ണം + ആവിതു, ആ പ്രകാരം ആകുന്നത്.

**അരിയും അടൈത്തുവെല്ലാം** - അരിയും + അടൈത്തു + എല്ലാം, അരിയും നികുതിയിനത്തിൽ വന്നതുമെല്ലാം. അടൈത്തു - അടത്തു. സ്വരസംവരണം സംഭവിക്കാത്ത പദം. അട - അടയ്കാകനുള്ളത്, നൽകാനുള്ളത്, ഭോഗം, നികുതി.

**യന്റ്രി** - അന്ന്. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. യകാരത്തിൽആരംഭിക്കുന്നു,

**മുട്ടിക്കപ്പെറാർ** - അവർ മുടക്കാൻ പാടില്ല.

**അതികാരികളും** - അധികാരികളും.

**ച്ചെയ്തവരളൈവ്വക്കപ്പെറാർ** - ച + ചെയ്ത + അവർ + അളൈ + വ + വക്ക + പെറാർ. ചെയ്തവരെ നിലനിർത്താൻ പാടില്ല. ച്ചെയ്ത, വ്വക്ക എന്നിവിടങ്ങളിലെ ആദ്യാക്ഷര ദ്വിത്വം ഉദാസീനത മൂലം സംഭവിക്കുന്നതാണ്. സന്ധിയിൽ - വക്ക + പെറാർ - വക്കപ്പെറാർ, പകാര ദ്വിത്വം.

**വഴിയുമവരളും** - വഴിയും + അവർ + അൾ + ഉം, വഴിയും അവരും.

**പടാരകരൈ** - ഭട്ടാരകരെ, സ്വരസംവരണം സംഭവിക്കാത്ത പദം.

**പൂചുരർ** - ഭൂസുരർ, ബ്രാഹ്മണർ, തത്ഭവം.

**മതിലകം** - ക്ഷേത്രം.

**പൂക** - പൂകുക, എത്തുക.

**കടവിയർ** - കടപ്പെട്ടവർ.

**മറ്റേതു** - മറ്റ് + ഏതു, മറ്റുള്ളത്. സന്ധിയിൽ സംവൃതോകാരലോപം.

**അചാന്തി** - അ + ചാന്തി, ആ ശാന്തി.

**ചെയ്തതില്ലൈയെന്റ്രുയിക്കല്ലിൻ മേലെഴുതിയ** - ചെയ്തത് + ഇല്ലൈ + എന്റ്രു + ഇ + കല്ലിൻ + മേൽ + എഴുതിയ, ചെയ്തതില്ലെന്ന് ഈ കല്ലിൻ മുകളിൽ എഴുതിയ. ഇല്ലൈ - ഇല്ല, സ്വരസംവരണം സംഭവിക്കാത്ത പദം. എന്റ്രു - എന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - ചെയ്തത് + ഇല്ലൈ - ചെയ്തതില്ലൈ, സംവൃതോകാരലോപം. ഇല്ലൈ + എന്റ്രു - ഇല്ലൈയെന്റ്രു, സ്വരസംവരണം ഒഴിവാക്കാൻ യകാരാഗമം. എന്റ്രു + ഇ - എന്റ്രുയി, സ്വരസംവരണം ഒഴിവാക്കാൻ യകാരാഗമം. ഇ + കല്ലിൻ - ഇക്കല്ലിൻ, കകാര ദ്വിത്വം.

**വണ്ണമെന്റിയെ** - വണ്ണമെന്നിയേ, വിധം അല്ലാതെ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പണ്ണുമവരൾ** - പണ്ണും + അവർ + അൾ, ചെയ്യുന്നവർ

**യിമ്മതിലകത്തൊള്ള** - യി + മതിലകത്തൊള്ള, ഈ ക്ഷേത്രത്തിലുള്ള. ഒള്ള - ഉള്ള, വർണ്ണവികാരം, ഒ/ഉ വിനിമയം.

**തനം മുട്ടിച്ചോരുമായ** - ധനം മുടക്കിയവരുമായ.

**തിരുനാരായണം പിഴൈയ്ചോരുമാവിതുയി കച്ചം** - തിരു + നാരായണം + പിഴൈയ്ചോർ + ഉം + ആവിതു + ഇ + കച്ചം, നാരായണനോടുള്ള വിശ്വാസം പിഴച്ചവരുമാകും, ഈ ഏർപ്പാട്. തിരുനാരായണം - വൈഷ്ണവ വിശ്വാസം. പിഴൈയ്ചോർ - പിഴച്ചവർ, സ്വരസംവരണം സംഭവിക്കാത്ത പദം. ഐകാര സഹിതപദത്കിന് തൊട്ടുപുറകിൽ യകാരം വരികയും ഇരട്ടിപ്പു വേണ്ട ചകാരം ഇരട്ടിപ്പില്ലാതെ നിൽക്കുകയും ചെയ്തിരിക്കുന്നു.

**പന്റിത്തുരുത്തി യിക്കക്കുന്റപ്പോഴൻ** - പന്റിത്തുരുത്തി + യിക്കൻ + കുന്റപ്പോഴൻ, പന്റിത്തുരുത്തി യക്ഷൻ കുന്റപ്പോഴൻ. യിക്കൻ - യക്കൻ, യക്ഷൻ, തത്ഭവം, വർണ്ണവികാരം അ/ഇ വിനിമയം.

**നാടുവാഴ്കൈയിൾ** - നാടുവാഴ്കയിൽ, സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം ല/ള വിനിമയം.

**തുരുത്തിക്കോതൈ കേരളൻ** - തുരുത്തി + കോതൈ + കേരളൻ, തുരുത്തി കോതകേരളൻ. സന്ധിയിൽ - തുരുത്തി + കോതൈ - തുരുത്തിക്കോതൈ, കകാര ദ്വിത്വം.

**പണ്ണിച്ചതു** - ഏർപ്പാടാക്കിയതു.

**പുല്ലിപള്ളിച്ചങ്കരഞ്ചിരികണ്ടൻ എഴുത്ത്** - പുല്ലിപ്പള്ളി + ചങ്കരൻ + ചിരികണ്ടൻ + എഴുത്ത്, പുല്ലിപ്പള്ളി ശങ്കരൻ ശ്രീകണ്ഠൻ എഴുതിയത്. ചങ്കരൻ ചിരികണ്ടൻ - ശങ്കരൻ ശ്രീകണ്ഠൻ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം. സന്ധിയിൽ - പുല്ലിപ്പള്ളി + ചങ്കരൻ - പുല്ലിപള്ളിച്ചങ്കരൻ, ചകാര ദ്വിത്വം. ചങ്കരൻ + ചിരികണ്ടൻ - ചങ്കരഞ്ചിരികണ്ടൻ, വർത്സ്യ *ന*കാരത്തിന് ഞകാരാദേശം.

#### 4.2.1.31 തൃക്കാക്കര മാളുപക്കോനാർ വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**മിതുനത്തിൽ വിയാഴന്നിന്റ** - മിഥുനത്തിൽ വ്യാഴം നിന്ന. മിതുനം - മിഥുനം, തത്ഭവം.

**ചിങ്ങ ഞായിറ്റു** - ചിങ്ങമാസം, അനുനാസികാതിപ്രസരം സംഭവിച്ച പദം.

**അടികൾ മാളുപക്കോനാർ ഉള്ളിരുന്നു** - ആരാധ്യനായ മാളുപക്കോനാറുടെ നേതൃത്വത്തിൽ ഉള്ളിലിരുന്ന്.

**അറുനൂറ്റുവരും കൂടിയിരുന്നു** - അറുനൂറ്റുവർ എന്ന രക്ഷാസമിതിയും കൂടിയിരുന്നു.

**താമോതിരനെഴുവരടിയാളറഴുവാൻ കുന്റത്തിനുയിറകാപൊകമായ** - താമോതിരൻ + എഴുവർ + അടിയാളർ + അഴുവാൻ + കുന്റത്തിനു + ഇ + റകാ + പോകം + ആയ, ദാമോദരൻ എഴുവർ അടിയാളരുടെ അഴുവാൻ കുന്റത്തിന് ഈ രക്ഷാഭോഗമായ. എഴുവർ അടിയാളർ - കൃഷിവിഭാഗം. കുന്റം - കുന്നം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. അഴുവാൻ - അവൻ കൃഷി നടത്തുന്ന, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. റകാപോകം - രക്ഷാഭോഗം, തത്ഭവം. സന്ധിയിൽ - കുന്റത്തിനു + ഇ - കുന്റത്തിനുയി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**തിരുക്കാർകരൈത്തേവർക്കിരു നാഴിയരിത്തിരുവമിർതമൈച്ചാളറിവ്വൂരു** - തിരു + കാർക്കരൈ + തേവർക്ക് + ഇരു + നാഴി + തിരു + അമിർത് + അമൈച്ച + ആളർ + ഇ + ഊരു, തൃക്കാക്കര ദേവർക്ക് രണ്ടു നാഴി തിരുവമൃത് ഏർപ്പാടാക്കിയവർ ഈ ഊര്. തിരുക്കാർക്കരൈ - തിരുക്കാൽക്കരൈ, തൃക്കാക്കര, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം, വർണ്ണവികാരം ല/റ വിനിമയം. സന്ധിയിൽ - തിരു + കാർക്കരൈ - തിരുക്കാർക്കരൈ, കകാര ദ്വിത്വം. തേവർക്ക് + ഇരു - തേവർക്കിരു, സംവൃതോകാരലോപം. നാഴി + തിരു - നാഴിത്തിരു, തകാര ദ്വിത്വം. തിരു +

അമിർത് - തിരുവമിർത്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അമിർത് + അമൈച്ച - അമിർതമൈച്ച, സംവൃതോകാരലോപം. ഇ + ഊരു - ഇവൂരു, ഇവ്വൂരു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം, അതിന് ദ്വിത്വം.

**ഉൾക്കൂടി** - ഉൾ + കൂടി, ഉള്ളിൽ കൂടി. സന്ധിയിൽ കകാര ദ്വിത്വം.

**രക്കിച്ചു കുടുത്തു കൊള്ളക്കടവിയർ** - രക്കിച്ചു + കുടുത്തു + കൊള്ള + കടവ + ഇ + അർ, രക്ഷിച്ചു കൊള്ളാൻ അവർ കടപ്പെട്ടിരിക്കുന്നു. രക്കിച്ചു - രക്ഷിച്ചു, തത്ഭവം. കുടുത്തു - കൊടുത്തു, വർണ്ണവികാരം ഒ/ഉ വിനിമയം. കൊള്ള - കൊള്ളാൻ, ഖിലോപസംഗ്രഹം സംഭവിക്കാത്ത പദം. സന്ധിയിൽ - കൊള്ള + കടവിയർ, കൊള്ളക്കടവിയർ, കകാര ദ്വിത്വം. കടവി + അർ - കടവിയർ, സ്വരസംയോഗമൊഴിവാക്കാൻ യകാരാഗമം.

**തേവർ പൊതുവാളമ്മാർ** - തേവർ + പൊതുവൾ + അൻ + മാർ, ദേവരുടെ പൊതുവളന്മാർ. പൊതുവാളൻമാർ - പൊതുവാളമ്മാർ, ഉദാസീനതമൂലമുള്ള വർണ്ണവികാരം. വർത്സ്യ *ന*കാരത്തിനു പകരം മകാരം, *ന*/മ വിനിമയം.

### 4.2.1.32 തൃക്കാക്കര കാരിലത്തു കണ്ണങ്കുമരൻ വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**ക*ന്നി*യിൽ വിയാഴന്നിർകച്ചിങ്ക ഞായിറ്റു** - കന്നിയൽ + വിയാഴം + നിർക + ചിങ്ക + ഞായിറ്റു, കന്നിയിൽ വ്യാഴം നിന്ന ചിങ്ങമാസം. നിർക - നിൽക്ക, വർണ്ണവികാരം ല/റ വിനിമയം. ചിങ്കം - ചിങ്ങം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - വിയാഴം + നിർക - വിയാഴന്നിർക, മകാരത്തിന് ദന്ത്യ നകാരാദേശം. നിർക + ചിങ്ക - നിർകച്ചിങ്ക, പൂർവ്വത്തിലെ കകാര ഇരട്ടിപ്പിന്റെ ഫലമായാണ് പരത്തിൽ ഖരത്തിന് ദ്വിത്വം സംഭവിക്കുക. സന്ധി നിയമം പാലിക്കപ്പെട്ടെങ്കിലും അശ്രദ്ധയാൽ കകാരം ഇരട്ടിച്ചിട്ടില്ല.

**ചെയ്ത കരുമമാവതു** - ചെയ്ത + കരുമം + ആവതു, ചെയ്ത കർമ്മം ആകുന്നത്.

**കാരിലത്തു കണ്ണങ്കുമരനിടൈപ്പഴങ്കാചിനൊടു** - കാരിലത്തു + കണ്ണൻ + കുമരൻ + ഇടൈ + പഴം + കാചിന് + ഓടു, കാരിലത്തു കണ്ണൻ കുമരന്റെ പഴം കാശിനോട്. കുമരനിടൈ - കുമരനുടൈ, സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം ഉ/ഇ വിനിമയം. സംബന്ധികാവിഭക്തി പ്രത്യയം ഉടയാണ് ഇവിടെ വർണ്ണവികാരത്താൽ ഇടൈയെന്ന് വന്നിരിക്കുന്നു.

**ഒപ്പിതു** - ഒക്കുന്നത്.

**മുപ്പത്തി അറു കഴൈഞ്ചു പൊൻ** - മുപ്പത്താറു കഴഞ്ച് പൊന്ന്. അറു - ആറ്, **കഴൈഞ്ചു** - കഴഞ്ച്, അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**കൊണ്ടു** - കൊണ്ട്, ഉപയോഗിച്ച്.

**തേവർ തുടവിനാൽ മുപ്പത്തു അഞ്ചു തുടവു നെയ്** - തേവർ + തുടവിൻ + ആൽ + മു + പത്തു + അഞ്ചു + തുടവു + നെയ്, ദേവരുടെ തുടം കൊണ്ട് മുപ്പത്തഞ്ച് തുടം നെയ്യ്. തുടവു - തുടം - നാഴിയുടെ നാലിലൊന്ന്, കാൽ ഭാഗം. മുപ്പത്തു - മുപ്പത്. സന്ധിയിൽ - മു + പത്തു - മുപ്പത്തു, പകാര ദ്വിത്വം.

**ചെലുത്തക്കടവർ** - ചെലുത്ത + കടവർ, ചെലുത്താൻ കടപ്പെട്ടവർ. സന്ധിയിൽ കകരാ ദ്വിത്വം.

**ഇപ്പൊന്നിനു** - ഇ + പൊന്നിനു, ഈ പൊന്നിന്. സന്ധിയിൽ പകാര ദ്വിത്വം.

**കണ്ണമങ്ങലത്തു വയലുങ്കരൈയ(്)ും** - കണ്ണമങ്ങലത്തു + വയലും + കരൈ + ഉം, കണ്ണമംഗലത്തെ വയലും കരയും. കണ്ണമങ്ങലത്തു - കണ്ണമങ്കലത്തു, കണ്ണമംഗലത്തു, തത്ഭവം. കരൈയും - കരയും, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - വയലും + കരൈ - വയലുങ്കരൈ, മകാരത്തിന് ങകാരാദേശം. കരൈ + ഉം - കരൈയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പുലൈയരും** - പുലൈയർ + ഉം, പുലയരും, സ്വരസംവരണം സംഭവിക്കാത്ത പദം.

**മറ്റുമിരവിമങ്കിലത്തിയക്കങ്കോതൈ** - മറ്റും + ഇരവിമങ്കിലത്ത് + ഇയക്കൻ + കോതൈ, മറ്റും ഇരവിമംഗലത്ത് യക്ഷൻകോത. ഇരവിമങ്കിലത്ത് - ഇരവിമങ്കലത്ത് - ഇരവിമംഗലത്ത്, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം, വർണ്ണവികാരം അ/ഇ വിനിമയം.സന്ധിയിൽ - ഇയക്കൻ + കോതൈ - ഇയക്കങ്കോതൈ, വർത്സ്യ *ന*കാരത്തിന് ങകാരാദേശം.

**വാഴ്ന്നരുളിന്റ** - വാഴ്ന്ന് + അരുള് + ഇന്റ, വാണരുളുന്ന. അരുളിന്റ - അരുളുന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - വാഴ്ന്ന് + അരുൾ - വാഴ്ന്നരുൾ, സംവൃതോകാരലോപം. അരുള് + ഇന്റ - അരുളിന്റ, സംവൃതോകാരലോപം.

**പൂമി എവ്വകൈപ്പട്ടതും** - പൂമി + എ + വകൈ + പട്ടതും, ഭൂമിയിൽ ഉൾപ്പെട്ടതെല്ലാം. എവ്വകൈ - എല്ലാ വകയും, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - എ + വകൈ - എവ്വകൈ, പകാര ദ്വിത്വം. എവ്വകൈ + പട്ടതും - എവ്വകൈപ്പട്ടതും, പകാര ദ്വിത്വം.

**കൊള്ളക്കടവ*നു*ൾപ്പാട*നു*ം** - കൊള്ള + കടവൻ + ഉൾപ്പാടനും, സ്വീകരിക്കാൻ ഉൾപ്പാടൻ കടപ്പെട്ടിരിക്കുന്നു. കൊള്ള - കൊള്ളാൻ, ഖിലോപസംഗ്രഹം സംഭവിക്കാത്ത പദം.

**പെരുമുതിയ*നു*ം** - പെരുമുതിയനും

**കാരൈക്കാടുടൈയാർ കുളത്തി*നു* വഴിക്കു തെക്കു** - കാരൈക്കാട് + ഉടൈയാർ + കുളത്തിനു + വഴിക്കു + തെക്കു, കാരക്കാടുടയവരുടെ കുളത്തിലേക്കുള്ള വഴിയുടെ തെക്ക്. കാരൈക്കാട് - കാരക്കാട്, സ്വരസംവരണം സംഭവിക്കാത്ത സ്ഥലനാമം. ഉടൈയാർ - ഉടയാർ, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - കാരൈക്കാട് + ഉടൈയാർ - കാരൈക്കാടുടൈയാർ, സംവൃതോകാരലോപം.

**ഉള്ള പൂമിയും** - ഉള്ള ഭൂമിയും.

**വാഴ്ന്തു കൊള്ളക്കടവിയൻ** - വാഴ്ന്തു + കൊള്ള + കടവിയയർ, വാഴ്ന്നു കൊള്ളാൻ കടപ്പെട്ടവർ. വാഴ്ന്തു - വാഴ്ന്നു, താലവ്യാദേശം സംഭവിക്കാത്ത പദം. സന്ധിയിൽ - കൊള്ള + കടവിയർ - കൊള്ളക്കടവിയർ, കകാര ദ്വിത്വം.

**പുറൈയങ്കണ്ടനും** - പുറൈയൻ + കണ്ടനും, പുറയൻ കണ്ടനും. പുറൈയൻ - പുറയൻ, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - പുറൈയൻ + കണ്ടൻ - പുറൈയങ്കണ്ടൻ, വർത്സ്യ *ന*കാരത്തിന് ങകാരാദേശം.

**കോവിന്നനുമിപ്പൂമി** - കോവിന്നനും + ഇ + പൂമി, ഗോവിന്ദനും ഈ ഭൂമി. കോവിന്നൻ - ഗോവിന്ദൻ, തത്ഭവം. സന്ധിയിൽ - ഇ + പൂമി - ഇപ്പൂമി, പകാര ദ്വിത്വം.

**തേവർ പറൈയാൽ നാഴി** - തേവർ + പറൈ + ആൽ + നാഴി, ദേവരുടെ പറയാൽ നാഴി. പറൈയാൽ - പറയാൽ, സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**പോകകു അറുനൂറ്റു നാഴി** - ഭോഗത്തിന് അറുനൂറു നാഴി. പോകകു - ഭോഗത്തിനുക്കു, ഭോഗത്തിന്, തത്ഭവം.

**കൊട്ടകാരത്തി അളവു കൊടാകില** - കൊട്ടകാരം + അത്ത് + ഇ + അളവു + കൊട + ആക + ഇൽ, കൊട്ടാരത്തിൽ അളവു കൊടുത്തില്ലെങ്കിൽ. കൊട്ടാകാരം - കോഷ്ഠാകാരം, കൊട്ടാരം, തത്ഭവം. കൊട്ടാകാരത്തി - കൊട്ടാകാരത്തിൽ, പദാന്ത്യത്തിൽ ആധാരികാവിഭക്തി പ്രത്യയമായ ഇൽ എന്നതിലെ ലകാരം അപ്രത്യക്ഷമായിരിക്കുന്നു. ഇത് അംഗഭംഗത്തിന് ഉദാഹരണമാണ്. കൊടാ - കൊടാതെ, കൊടുക്കാതെ.

**കാരാണ്മൈ വിടക്കടവിയൻ** - കാരാണ്മൈ + വിട + കടവി + അൻ, അവൻ കാരാണ്മ വിടാൻ കടപ്പെട്ടിരിക്കുന്നു. കാരാണ്മൈ - സ്വരസംവരണം സംഭവിക്കാത്ത പദം. വിടക്കടവിയൻ - വിടാൻ കടപ്പെട്ടവൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത

പദം. സന്ധിയിൽ - വിട + കടവി - വിടക്കടവി, കകാര ദ്വിത്വം. കടവി + അൻ - കടവിയൻ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കടമൈ കൂട** - കടമ കൂടെ. കടമൈ - കടമ, ഉത്തരവാദിത്വം, സ്വരസംവരണം സംഭവിക്കാത്ത പദം. കൂട - കൂടെ, വർണ്ണവികാരം എ/അ വിനിമയം.

**കാരാണണ്മൈ കാൺപിതു** - കാരാണണ്മൈ + കാൺപിതു, കാരാണ്മ ചെയ്യുന്നവൻ കാണിക്കണം. കാരാണണ്മൈ - കാരാണ്മൈ - കാരാണ്മ, സ്വരസംവരണം സംഭവിക്കാത്ത പദം. ണകാരം അശ്രദ്ധമൂലം ആവർത്തിച്ചിരിക്കുന്നു.

### 4.2.1.33 മൂഴിക്കളം ഇന്ദുക്കോത വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോ ശ്രീവിന്തുകോതൈക്കുച്ചെല്ലാനിന്റയാണ്ടു** - കോ + ശ്രീ + ഇന്തു + കോതൈക്കു + ചെല്ലാ + നിന്റ + ആണ്ടു, രാജാവ് ശ്രീ ഇന്ദുകോതക്കു ചെന്നു നിന്ന വർഷം. സന്ധിയിൽ - ശ്രീ + ഇന്തു - ശ്രീവിന്തു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. കോതൈക്കു + ചെല്ലാ - കോതൈക്കുച്ചെല്ലാ, ചകാര ദ്വിത്വം. നിന്റ + ആണ്ടു - നാന്റയാണ്ടു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഐയ്യാമാണ്ടൈക്കെതിരാമാണ്ടു** - ഐ + ആം + ആണ്ടൈക്കു + എതിർ + ആം + ആണ്ടു, അഞ്ചാംവർഷത്തിനെതിരായ വർഷം. ഐ - അഞ്ച്, സ്വരസംവരണം സംഭവിക്കാത്ത പദം.

**തിരുമൂഴിക്കളത്തപ്പനുടൈയ** - തിരു + മൂഴിക്കളത്ത് + അപ്പൻ + ഉടൈയ, തിരുമൂഴിക്കളത്തപ്പന്റെ. സ്വരസംവരണം സംഭവിക്കാത്ത പദം.

**ശ്രീകാരിയഞ്ചെയ്ത** - ശ്രീ + കാരിയം + ചെയ്ത, ശ്രീ കാര്യം ചെയ്ത. സന്ധിയിൽ - കാരിയം + ചെയ്ത - കാരിയഞ്ചെയ്ത, മകാരത്തിന് ഞകാരാദേശം.

**പരിയാവതു** - പരി + ആവതു, ഏർപ്പാട് ആകുന്നത്, സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അകത്തിരുപത്തടിയിൽ** - അകത്ത് + ഇരുപത്ത് + അടിയിൽ, അകത്ത് ഇരുപതടിയിൽ. സന്ധിയിൽ രണ്ടിടത്തും സംവൃതോകാരലോപം.

**മു*ന്നെ*** - മുമ്പ്.

**തിരുവമിർതി*ന്ന*രി** - തിരു + അമിർതിന്ന് + അരി - തിരുവമൃതിനരി. തിരു + **അമിർതിന്ന്** - തിരുവമൃതിന്ന്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അമിർതിന്ന് + അരി - അമിർതിന്നരി, സേവൃതോകാരലോപം.

**ആരാതിക്കുമെമ്പെരുമാൻ** - ആരാതിക്കും + എംമ്പെരുമാൻ, ആരാധിക്കുന്ന എംമ്പെരുമാൻ.

**ശ്രീ മണ്ടപത്തുൾ** - ശ്രീ + മണ്ടപം + അത്ത് + ഉൾ, ശ്രീ മണ്ഡപത്തിൽ. മണ്ടപം - മണ്ഡപം, തത്ഭവം.

**വൈച്ചളവു** - വൈച്ച് + അളവു, വച്ചളവ്. വൈച്ച് - വച്ച്, സ്വരസംയോഗം സംഭവിക്കാത്ത പദം.

**കൊടുക്കക്കടവിയർ** - കൊടുക്ക + കടവിയർ - കൊടുക്കാൻ കടപ്പെട്ടവർ, കൊടുക്ക - കൊടുക്കാൻ, ഖിലോപസംഗ്രഹം സംഭവിക്കാത്ത പദം.

**ഉച്ചി അകമെ** - ഉച്ചയ്ക്കകം. ഉച്ചി - ഉച്ച, വർണ്ണവികാരം അ/ഇ വികാരം.

**തിരുവമിർതു** - തിരുവമൃത്.

**ചെയ്‌വിക്കക്കടവിയർ** - ചെയ്‌വിക്ക + കടവർ, ചെയ്യിക്കാൻ അവർ കടപ്പെട്ടിരിക്കുന്നു. സന്ധിയിൽ കകാര ദ്വിത്വം.

**നിവേത്തിയം** - നിവേദ്യം, തത്ഭവം.

**വിടുപ്പിതാവിതു** - വിടുപ്പത് + ആവിതു, വിടുവിപ്പതാകുന്നു. സന്ധിയിൽ സംവൃതോകാരലോപം.

**ഉത്തമാക്കിരത്തി*നു*** - ഉത്തമാഗ്രത്തിനു. സന്ധിയിൽ - ഉത്തമം + അക്കിരം - ഉത്തമാക്കിരം, അകാരം ദീർഘിക്കുന്നു.

**ചാത്തിരരൈയേറ്റിക്കൊണ്ടു** - ചാത്തിരരൈ + ഏറ്റി + കൊണ്ടു, ചാത്തിരരെ ഏറ്റിക്കൊണ്ട്. ചാത്തിരരൈ - ചാത്തിരരെ, ശാസ്ത്രരൈ, വിദ്യാശാലയിലെ വിദ്യാർത്ഥികൾ, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - ചാത്തിരരൈ + ഏറ്റി - ചാത്തിരരൈയേറ്റി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഏറ്റി + കൊണ്ടു - ഏറ്റിക്കൊണ്ടു, കകാര ദ്വിത്വം.

**അന്തിത്തിരുവമിർതു** - അന്തി + തിരു + അമിർതു, വൈകുന്നേരത്തെ തിരുവമൃത്. സന്ധിയിൽ - അന്തി + തിരു - അന്തിത്തിരു, തകാര ദ്വിത്വം. തിരു + അമിർതു - തിരുവമിർതു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ഉച്ചിതിരിഞ്ഞു ഉരുപത്തിറ്റടിക്കു** - ഉച്ചി + തിരിഞ്ഞു + ഉരു + പതിറ്റ് + അടിക്കു, ഉച്ച തിരിഞ്ഞ് ഇരുപതടിക്ക്. ഉച്ചി - ഉച്ച, വർണ്ണവികാരം അ/ഇ വിനിമയം. ഉരു - ഇരു, വർണ്ണവികാരം ഇ/ഉ വിനിമയം. സന്ധിയിൽ - പതിറ്റ് + അടിക്കു - പതിറ്റടിക്കു, സംവൃതോകാരലോപം.

**അരി അളക്കക്കടവിയർ** - അരി അളക്കാൻ കടപ്പെട്ടവരാകുന്നു.

**അന്തിയിൻ മു*ന്നെ*** - അന്തിയുടെ മുമ്പ്.

**അരി അളക്കക്കടവിയർ** - അരി + അളക്ക + കടവിയർ, അരി അളക്കാൻ കടപ്പെട്ടവർ. സന്ധിയിൽ - അളക്ക + കടവിയർ - അളക്കക്കടവിയർ, കകാര ദ്വിത്വം.

**തിരുവിളക്കിൻ എണ്ണൈ** - തിരുരുവിളക്കിനുള്ള എണ്ണ. എണ്ണൈ - എണ്ണ, സ്വരസംവരണം സംഭവിക്കാത്തപദം.

**എമ്പെരുമാനൈക്കാട** - എമ്പെരുമാനൈ + കാട് - എമ്പെരുമാനെക്കാട്, എമ്പെരുമാനൈ - എമ്പെരുമാനെ, സ്വരസംവരണം സംഭവിക്കാത്ത പദം.

**4.2.1.34 മൂഴിക്കളം പാർക്കരൻ ഇരവി വർമ്മർ വട്ടെഴുത്തു ശിലാരേഖ**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോ പാർക്കര ഇരവി വർമ്മർ തിരുവടിക്കു ചെല്ലാനിന്റയാണ്ടു** - കോ + പാർക്കര + ഇരവി + വർമ്മർ + തിരു + അടിക്കു + ചെല്ലാ + നിന്റ + ആണ്ടു, രാജാവ് ഭാസ്ക്കര രവി വർമ്മർ തിരുവടിക്ക് ചെന്നു നിന്ന വർഷം. സന്ധിയിൽ - തിരു + അടിക്കു - തിരുവടിക്ക്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. നിന്റ + ആണ്ടു - നിന്റയാണ്ടു സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നാൽപത്തെണ്ണാമാണ്ടൈക്കെതിരാമാണ്ടു** - നാൽപ്പത്തെണ്ണാം + ആണ്ടൈക്ക് + എതിരാം + ആണ്ടു, നാൽപ്പത്തെട്ടാം വർഷത്തിനെതിരായ വർഷം. നാൽപ്പത്തെണ്ണാം - നാൽപ്പത്തെട്ടാം, വർണ്ണവികാരം ട/ണ വിനിമയം.

**തിരുമൂഴിക്കളത്തു ഊരും** - തിരു മൂഴിക്കളത്തെ ഊർ സഭയും.

**പൊതുവാളുങ്കൂടി** - പൊതുവാളും + കൂടി, പൊതുവാളും കൂടി, സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**മുക്കാൽവട്ടത്തു ഇരുന്തു** - ക്ഷേത്രത്തിലിരുന്ന്. ഇരുന്തു - ഇരുന്നു, താലവ്യാദേശം സംഭവിക്കാത്ത പദം.

**അവിരോതത്താൽപ്പണ്ണിന കച്ചമാവതു** - വിരോധമില്ലാതെ ചെയ്ത കച്ചം ആകുന്നത്. അവിരോതത്താൽ + പണ്ണിന - അവിരോതത്താൽപ്പണ്ണിന, പകാര ദ്വിത്വം.

**മനുകുലാതിച്ചൻ തിരുവക്കിരത്തിനു** - മനുകുലാദിത്യൻ തിരുവഗ്രത്തിന്, തത്ഭവം.

**കൊടുത്തരുളിന** - കൊടുത്ത് + അരുളിന, കൊടുത്തരുളിയ. അരുളിന - അരുളിയ, വർണ്ണവികാരം യ/ന വിനിമയം.

**ചേരിക്കലൊവതു** - ചേരിക്കൽ + ആവതു, ചേരിക്കലാകുന്നത്.

**യി ആയത്തു പറമ്പു** - ഈ ആയത്തു പറമ്പ്. വർണ്ണവികാരം ഇ/യ വിനിമയം.

**പെരുമ്പറമ്പു** - പെരുമ്പറമ്പ്.

**കോതൈയൂർ** - കോതയൂർ, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം.

**വായിലക്കാട്ടു മേലാഞ്ഞിനിപ്പുഴൈ** - വായിലക്കാട്ടെ മേലാഞ്ഞിനിപ്പുഴ. മേലാഞ്ഞിനിപ്പുഴൈ - സ്വരസംവരണം സംഭവിക്കാത്ത പദം.

**ചെല്ലമങ്ങലത്തോട്ടിനു** - ചെല്ലമങ്ങലം + തോട്ടിനു, ചെല്ലമംഗലം തോടിനു. ചെല്ലമങ്ങലം - ചെല്ലമങ്കലം - ചെല്ലമംഗലം. തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച പദം.

**കോമരുളിൽപ്പാതിയും** - കോം + അരുളിൽ + പാതിയും, രാജാവ് കൽപ്പിച്ചതിൽ പകുതിയും.

**ഇച്ചേരിക്കലിനും** - ഇ + ചേരിക്കലിനും - ഇച്ചേരിക്കലിനും, ചകാര ദ്വിത്വം.

**കാരണ്മയോടുമവനും** - കാരാണ്മയോടെ അവനും. കാരാണ്മയോടു - കാരാണ്മയോടെ, വർണ്ണവികാരം എ/ഉ വിനിമയം

**കൊടിയാനിച്ചെ** - കൊടി + ആൻ + ഇ + ചെ, കൂടി അവൻ ഈ ചെയ്ത. സന്ധിയിൽ - കൊടി + ആൻ - കൊടിയാൻ, സ്വരസംവരണം ഒഴിവാക്കാൻ യകാരാഗമം.

**കോമരുളുമെയോ** - കോം + അരുളുമെ + ഓ, രാജാവിന്റെ കൽപ്പനയെയോ. സന്ധിയിൽ - അരുളുമെ + ഓ - അരുളുമെയോ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പാലിയുഴൈഞ്ഞ** - പാലുയുഴഞ്ഞ, സ്വരസംവരണം സംഭവിക്കാത്ത പദം.

**മൂഴിക്കളത്തു കച്ചം** - മൂഴിക്കളത്തുള്ള കച്ചം, മൂഴിക്കളം കച്ചം.

**അ*ന്റാ*കൊതിലു താടെ** - അല്ലാതിരിക്കിൽ താഴെ, താടെ - താഴെ, വർണ്ണവികാരം ഴ/ട വിനിമയം.

**ഊരാർടെത്തനമരാത കച്ചം** - ഊരാർടെ + അത്തനം + അമരാത + കച്ചം. ഊരാളന്മാരുടെ അത്തനം അമരാത്ത ഏർപ്പാട്.

**അമകൊടെയ ഒക്കും** - അമച്ചു കൊടുക്കെ ഒക്കും. അമ - അമയുക, അംഗഭംഗം.

**ഇരണ്ടുകുടിക്കമൈഞ്ചിതരും** - ഇരണ്ടു + കുടിക്ക് + അമൈഞ്ചിതരും, രണ്ടു കുടികൾക്കുള്ള സമഞ്ജിതരും. അമൈഞ്ചിതർ - സമഞ്ജിതർ, തത്ഭവം, അനുനാസികാതിപ്രസരവും സംവരസംവരണവും സംഭവിക്കാത്ത പദം.

**മ*ന്റു*കുലാതിച്ചൻ തിരുവക്കിരത്തി*ന്റു*ള്ള** - മനുകുലാദിത്യന്റെ തിരുവഗ്രത്തിനുള്ള.

**ചെന്റു** - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ഒര അ*ന്റ*ഞ്ഞായം** - ഒരന്യായം. അനഞ്ഞായം - അന്യായം, തത്ഭവം.

**പണ്ണച്ചെയാർ** - പണ്ണ + ചെയ്യാർ,  ഉണ്ടാക്കി ചെയ്തവർ. സന്ധിയിൽ ചകാരദ്വിത്വം.

**ചൈയിന്റ** - ചെയ്യുന്ന. സ്വരസംവരണവും അനുനാസികാതിപ്രസരവും സംഭവിക്കാത്ത പദം. വർണ്ണവികാരം അ/ഇ വിനിമയം.

**ഇരുങ്ങാടിക്കൂടലും അയിരാണിക്കളത്തും** - ഇരിങ്ങാലക്കുടയിലും അയിരാണിക്കളത്തും. ഇരുങ്ങാടിക്കൂടൽ - ഇരിങ്ങാലക്കുടയുടെ പഴയ പേര്. അനുനാസികാതിപ്രസരം സംഭവിച്ച ദേശനാമം.

**ഊർ വാരിയരും** - ഊർ വാര്യർ. വാരിയർ - വാര്യർ, തത്ഭവം.

**മു*ന്നെ*** - മുമ്പ്.

**ചെന്റുതൈം** - ചെന്റു + ഉതൈം, ചെന്ന് ഉതയം. ചെന്റുതൈം - ചെന്നുതയം, അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിക്കാത്ത പദം. ഉതയം - ഉതവി, സഹായം.

**കോതൈക്കു** - കോതക്കു, സ്വരസംവരണം സംഭവിക്കാത്ത വ്യക്തിനാമം.

**പേരായിതനുങ്കൂടി** - പേരായിതനും + കൂടി, പേരായിതനും കൂടി, പേരായിതൻ - ചുമതലപ്പെട്ടവൻ. സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**ഊരാരും** - ഊർ അധികാരികളും.

**(അമൈച)ചാറൈയിടെയിറയതു** - അമൈച്ചാറൈ + ഇടെ + ഇറ + അതു, ഏർപ്പാടാക്കിയവരുടെ ഇറയാണത്. അമൈച്ചാറൈ - അവർ ഏർപ്പാടാക്കിയ, സ്വരസംവരണം സംഭവിക്കാത്ത പദം. ഇടെ - ഉടെ, സംബന്ധികാവിഭക്തി പ്രത്യയം, വർണ്ണവികാരം ഉ/ഇ വിനിമയം. സന്ധിയിൽ മൂന്നിടത്തും സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കോ തന്നുമവൻറൈ** - കോ + തന്നും + അവൻെറ, രാജാവ് തന്നെയും അവന്റെ. അവൻറൈ - അവന്റെ, സ്വരസംവരണം സംഭവിക്കാത്ത പദം. ഇതിനായി റകാരത്തിന് ദ്വിത്വം.

**4.2.1.35 പാർക്കരൻ ഇരവി വട്ടെഴുത്തു ജൂതച്ചെപ്പേട്**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോകോന്മൈ കൊണ്ടാൻ** - കോ + കോന്മൈ + കൊണ്ടാൻ, രാജരാജത്വം സ്വീകരിച്ചവൻ. കോന്മൈ - രാജരാജത്വം, സ്വരസംവരണം സംഭവിക്കാത്ത പദം. കൊണ്ടാൻ - അവൻ കൊണ്ടു, സ്വീകരിച്ചു. പുരുഷഭേദനിരാസം സംഭവിക്കാത്ത ക്രിയാരൂപം.

**കോ ശ്രീപാർക്കരൻ ഇരവി വന്മർ തിരുവടി** - കോ + ശ്രീ + പാർക്കരൻ + ഇരവി + വന്മർ + തിരുവടി, ആരാധ്യനായ രാജാവ് ശ്രീ ഭാസ്ക്കര രവി വന്മർ.

**പലനൂറായിരത്താണ്ടും** - പല + നൂറ് + ആയിരം + അത്ത് + ആണ്ട് + ഉം, പല നൂറായിരം വർഷങ്ങൾ.

**ചെങ്കോൽ നടത്തിയാളാനിന്റയാണ്ടു** - ചെങ്കോൽ + നടത്തി + ആളാനിന്റ + ആണ്ടു, ചെങ്കോൽ നടത്തി ഭരിക്കാനുള്ള വർഷം. ചെങ്കോൽ - അധികാര ദണ്ഡ്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ആളാനിന്റ - ആളാനിന്ന, ആളാനുള്ള, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - നടത്തി + ആളാനിന്റ - നടത്തിയാളാനിന്റ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. നടത്തിയാളാനിന്റ + ആണ്ടു - നടത്തിയാളാനിന്റയാണ്ടു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഇരണ്ടമാണ്ടൈക്കെതിർ മുപ്പത്താറാമാണ്ടു** - ഇരണ്ടാം + ആണ്ടൈക്ക് + എതിർ + മുപ്പത്താറാം + ആണ്ടു, രണ്ടാംവർഷം കഴിഞ്ഞ മുപ്പത്താറാം വർഷം. മുപ്പത്തെട്ടാം ഭരണവർഷം.

**മുയിരിക്കൊട്ടു** - മുയിരിക്കോട്. കച്ചവടാസ്ഥനമായിരുന്ന തുറമുഖ നഗരമാണ് മുയിരിക്കോട്. ഇത് മുസിരിസ്സിന്റെ തത്ഭവമാണ്.

**ഇരുന്തരുളിയ നാൾ** - ഇരുന്ത് + അരുളിയ + നാൾ, ഇരുന്നരുളിയ ദിവസം. ഇരുന്ത് - ഇരുന്ന്, താലവ്യാദേശം സംഭവിക്കാത്ത പദം.

**പിരസാതിച്ചരുളിയ പിരസാതമാവതു** - പിരസാതിച്ച് + അരുളിയ + പിരസാതം + ആവതു, പ്രസാദിച്ച് നൽകിയ പ്രസാദം ആകുന്നത്. പിരസാതിച്ച് - പ്രസാദിച്ച്, തത്ഭവം. ആവതു - ആകുന്നത്.

**ഈഈസ്സുപ്പു ഇറപ്പാനുക്കു** - ഈഈസ്സുപ്പ് ഇറപ്പാന്. നാമാന്ത്യത്തിലെ ക്കു ഉദ്ദേശികാവിഭക്തി പ്രത്യയം.

**അഞ്ചുവണ്ണമും** - അഞ്ചുവണ്ണം + ഉം, അഞ്ചുവണ്ണവും. വർണ്ണവികാരം വ/മ വിനിമയം.

**വെടിയാലും** - വെടി + ആൽ + ഉം, വെടി ഉപയോഗിക്കാനുള്ള അവകാശത്താലും. ആൽ - പ്രയോജികാവിഭക്തിപ്രത്യയം.

**വായനത്താലും** - വാഹനത്താലും, തത്ഭവം.

**പാകുടമും** – പാകുടം + ഉം, പാകുടവും. പാകുടം – നികുതി. വർണ്ണവികാരം വ/മ വിനിമയം.

**അഞ്ചുവണ്ണപ്പേറും** – അഞ്ചുവണ്ണം + പേറും, അഞ്ചുവണ്ണാവകാശവും. സന്ധിയിൽ പകാര ദ്വിത്വം.

**പകൽവിളക്കും** – പകൽ എഴുന്നള്ളുമ്പോൾ ഉപയോഗിക്കുന്ന വിളക്ക്. ഇതിനുള്ള അവകാശവും.

**പാവാടൈയും** – പാവാടയും, ഉത്സവാവസരങ്ങളിൽ ഉപയോഗിക്കുന്ന നീണ്ട വസ്ത്രം. സ്വരസംവരണം സംഭവിക്കാത്ത പദം.

**അന്തോളകമും** – അന്തോളകം + ഉം, അന്തോളകവും. അന്തോളകം – പല്ലക്ക്.

**കുടൈയും** – കുടയും, സ്വരസംവരണം സംഭവിക്കാത്ത പദം.

**വടുകപ്പറൈയും** – വടുക + പറയും, വടുകപ്പറയും, പ്രഭുക്കന്മാർക്കുള്ള പെരുമ്പറ, പറ – കൊട്ടുന്നതിനുള്ള വാദ്യോപകരണം. സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ പകാര ദ്വിത്വം.

**കാകാളമും** – കാകാളം + ഉം, കാഹളവും, തത്ഭവം, വർണ്ണവികാരം വ/മ വിനിമയം.

**ഇടുപടിയും** – ഇടുപടി + ഉം, ഇടുപടിയും. ഇടുപടി – പരവതാനി. വർണ്ണവികാരം വ/മ വിനിമയം.

**തോരണമും തോരണവിതാനമും** – തോരണവും തോരണവിതാനവും. വർണ്ണവികാരം വ/മ വിനിമയം.

**ചരവും** – ശരവും, തത്ഭവം.

**മിക്കും** – മിക്കവയും മുതലായവയും.

**എഴുപത്തിരണ്ടു വിടുപേറും** – എഴുപത്തിരണ്ട് അവകാശങ്ങളും.

**കൂടക്കൊടുത്തോം** - കൂടെ + കൊടുത്തോം, കൂടെ നൽകി. സന്ധിയിൽ കകാര ദ്വിത്വം.

**ഉല്ക്കുന്തുലാക്കൂലിയും** - ഉല്ക്കും + തുലക്കൂലിയും, ഉല്ക്ക് എന്ന നികുതിയും തുലാസ്സ് ഉപയോഗിക്കുന്നതിനുള്ള നികുതിയും. സന്ധിയിൽ മകാരത്തിന് ദന്ത്യ നകാരാദേശം.

**വിട്ടോം** - ഒഴിവാക്കി.

**മറ്റും നകരത്തിൽ** - മറ്റും നഗരത്തിൽ. നകരം - നഗരം, തത്ഭവം.

**കുടികൾ** - താമസസ്ഥലങ്ങൾ.

**കോയിൽക്കു** - കോയിൽ + ക്കു, കോവിലിന്. പദാന്ത്യത്തിലെ ക്കു ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഇറുക്കുമതു** - ഇറുക്കും + അതു, നൽകുന്നത്.

**ഇവൻ ഇറാമൈയും** - ഇവൻ നൽകേണ്ട നികുതിയും. ഇറാമൈ - നികുതിയും, സ്വരസംവരണം സംഭവിക്കാത്ത പദം.

**പെറുമതു പെറയും** - ജന്മാവകാശമായി നൽകിയ അവകാശങ്ങളും.

**ആകെ** - മുഴുവൻ.

**ചെപ്പേട്ടോടും** - ചെപ്പേട് + ഓടും, ചേപ്പേടോടുകൂടെ. ഓട് - സംയോജികാവിഭക്തി പ്രത്യയം.

**ചെയ്തു കൊടുത്തോം** - ഞാൻ ചെയ്തു നൽകി. കൊടുത്തോം - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**അഞ്ചുവണ്ണം ഉടൈയു ഈസ്സുപ്പു ഇറപ്പാനുക്കും** - അഞ്ചുവണ്ണത്തിന്റെ ഉടമസ്ഥനായ ഈസ്സുപ്പു ഇറപ്പാനും.

**ഇവൻ സന്തതി ആൺമക്കൾക്കും പെൺമക്കൾക്കും** - ഇവന്റ മക്കൾ ആൺമക്കൾക്കും പെൺമക്കൾക്കും

**ഇവൻ മരുമക്കൾക്കും പെൺമക്കളൈ കൊണ്ട മരുമക്കൾക്കും** - ഇവന്റെ മരുമക്കൾക്കും പെൺമക്കളെ വിവാഹം ചെയ്ത മരുമക്കൾക്കും. പെൺമക്കളൈ - പെൺമക്കളെ, സ്വരസംവരണം സംഭവിക്കാത്ത പദം. കൊണ്ട - സ്വീകരിച്ച, വിവാഹം കഴിച്ച.

**സന്തതിപ്പിരകിരിതി** - സന്തതി + പിരകിരിതി, സന്തതി പ്രകൃതി, പാരമ്പര്യമായി. പിരകിരിതി - പ്രകൃതി, തത്ഭവം.

**ഉലകും ചന്തിരനും** - ലോകവും ചന്ദ്രനും. ചന്തിരൻ - ചന്ദ്രൻ, തത്ഭവം.

**ഉള്ളളവും** - ഉള്ള + അളവും, ഉള്ള കാലത്തോളം.

**സന്തതിപ്പിരകിരിതി** - സന്തതി പ്രകൃതി.

**ശ്രീ ഇപ്പരി അറിവെൻ** - ശ്രീ ഇപ്രകാരം അറിയുന്ന ഞാൻ. അറിവേൻ - ഞാൻ അറിയും, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**വേണാടുടൈയ കോവർത്തന മാത്താണ്ടൻ** - വേണാടു + ഉടൈയ + കോവർത്തന + മാത്താണ്ടൻ, വേണാടിനുടമയായ ഗോവർദ്ധന മാർത്താണ്ഡൻ. വേണാടുടൈയ - വേണാടുടയ, വേണാടിനുടമയായ, സ്വരസംവരണം സംഭവിക്കാത്ത പദം. കോവർത്തന മാത്താണ്ടൻ - ഗോവർദ്ധന മാർത്താണ്ഡൻ, തത്ഭവം.

**ഇപ്പരി അറിവെൻ വെൺപലിനാടുടൈയ കോതൈ ചിരികണ്ടൻ** - ഇപ്രകാരം അറിയുന്ന ഞാൻ വെൺപലി നാടിനുടയവനായ ഗോദ ശ്രീകണ്ഠൻ, വെൺപലിനാടുടൈയ - വെൺപലിനാടുടയ, സ്വരസംവരണം സംഭവിക്കാത്ത പദം. കോതൈ ചിരികണ്ടൻ - ഗോദ ശ്രീകണ്ഠൻ, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത വ്യക്തിനാമം.

**ഇപ്പരി അറിവെൻ എറാളനാടുടൈയ മാനവേപല മാനവീയൻ** - ഇപ്രകാരം അറിയുന്ന ഞാൻ എറാള നാടിനുടയവനായ മാനവേപല മാനവീയൻ. എറാളനാടുടൈയ - എറാളനാടുടയ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇപ്പരി അറിവെൻ നെടുമ്പുറൈയൂർ നാടുടൈയ കോതൈയിരവി** - ഇപ്രകാരം അറിയുന്ന ഞാൻ നെടുമ്പുറയൂർ നാടുടയ ഗോദ രവി. നെടുമ്പുറൈയൂർ - നെടുമ്പുറയൂർ, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം. നാടുടൈയ - നാടുടയ, സ്വരസംവരണം സംഭവിക്കാത്ത പദം. കോതൈ ഇരവി - ഗോദ രവി, തത്ഭവം.

**ഇപ്പരി അറിവെൻ കീഴ്പ്പടൈനായകം ചെയ്യിന്റ മൂർക്കഞ്ചാത്തൻ** - ഇപ്രകാരം അറിയുന്ന ഞാൻ കീഴ്പ്പടനായകം ചെയ്യുന്ന മൂർക്കൻ ചാത്തൻ. കീഴ്പ്പടൈ - കീഴ്പ്പട, സ്വരസംവരണം സംഭവിക്കാത്ത പദം. ചെയ്യിന്റ - ചെയ്യുന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. മൂർക്കൻ - മൂർഖൻ, തത്ഭവം. സന്ധിയിൽ - കീഴ് + പടൈ - കീഴ്പ്പടൈ, പകാര ദ്വിത്വം.

**വന്റലൈചേരിക്കണ്ടൻ കുന്റപ്പോഴനായ** - വൻ + തലൈ + ചേരി + കണ്ടൻ + കുന്റപ്പോഴൻ + ആയ, വൻതലചേരി കണ്ടൻ കുന്നപ്പോഴനായ. കുന്റപ്പോഴൻ - കുന്നപ്പോഴൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തി നാമം. സന്ധിയിൽ - വൻ + തല - വന്റല, തകാരത്തിന് റകാരാദേശം. ഇത് വർത്സ്യ ഖരാദേശമാണ്. ചേരി + കണ്ടൻ - ചേരിക്കണ്ടൻ, കകാര ദ്വിത്വം.

**കീഴ്വായ് കേൾപ്പാനെഴുത്തു** - കീഴ്വായ് + കേൾപ്പാൻ + എഴുത്തു, കീഴ്വായൻ ഞാൻ കേട്ട് എഴുതിയത്. കേൾപ്പാൻ - ഞാൻ കേൾപ്പു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**4.2.1.36 താഴേക്കാട്ടുപള്ളി ഇരായരചിങ്ക പെരുമാനടി വട്ടെഴുത്തു ലിഖിതം**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**ഇരായിരചിങ്ക പെരുമാനടികൾ** - ഇരായിര + ചിങ്ക + പെരുമാൻ + അടികൾ, രാജശേഖര സിംഹ പെരുമാൾ. ഇരായിരചിങ്ക - രാജശേഖര സിംഹ, തത്ഭവം.

താമു - താം + ഉ, തന്നാൽ.

**താഴെക്കാട്ടുക്കമൈക്കപ്പട്ട** - താഴെക്കാട്ടു + ക്ക് + അമൈക്ക + പട്ട, താഴേക്കാടിന് ഏർപ്പാടാക്കിയ. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം. അമൈക്ക - അമക്ക, ഏർപ്പാടാക്കിയ, സ്വരസംവരണം സംഭവിക്കാത്ത പദം.

**വാണികർ** - കച്ചവടക്കാർ. എണ്ണയാട്ടി വിൽക്കുന്ന ജാതിസമൂഹം ഇക്കാലത്ത് വാണികർ എന്നറിയപ്പെട്ടിരുന്നു.

**ഊരാർ** - ഊരാളുന്നവർ.

**അവിരൊതത്താർ** - അ + വിരോതം + അത്ത് + ആർ, വിരോധമില്ലാതെ. വിരോതം - വിരോധം, തത്ഭവം. അത്ത് - ഇടനില, ആർ - ആൽ, പ്രയോജികാവിഭക്തി പ്രത്യയം.

**പിടിക്കൈ** - പീടിക, സ്വരസംവരണം സംഭവിക്കാത്ത പദം.

**കട്ടുവാൻ** - കെട്ടുവാൻ, നിർമ്മിക്കുവാൻ. വർണ്ണവികാരം എ/അ വിനിമയം.

**അമൈത്തുകട്ട** - അമൈത്തു + കട്ട, ഏർപ്പാടാക്കിയ. സ്വരസംവരണം സംഭവിക്കാത്ത പദം.

**ചിറുപള്ളി അതിരിൽ** - ചിറു + പള്ളി + അതിര് + ഇൽ, ചെറുപള്ളിയുടെ അതിരിൽ. ചിറു - ചെറു, വർണ്ണവികാരം എ/ഇ വിനിമയം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**മേക്കുപ്പേരാലി***നു* - മേക്കു + പേരാൽ + ഇൻ + ഉ, പടിഞ്ഞാറ് പേരാലിന്. മേക്കു - മേൽക്ക്, പടിഞ്ഞാറ്. സന്ധിയിൽ - മേക്കു + പേരാൽ - മേക്കുപ്പേരാൽ.

**വടക്കുക്കരൈപ്പളിയിൻ** - വടക്കു + കരൈ + പളി + ഇൻ, വടക്കേക്കര പള്ളിയുടെ. വടക്കുക്കരൈ - വടക്കേക്കര, സ്വരസംവരണം സംഭവിക്കാത്ത പദം, വർണ്ണവികാരം ഏ/ഉ വിനിമയം. പളി - പള്ളി, അശ്രദ്ധമൂലം ളകാരം ഇരട്ടിക്കുന്നില്ല. സന്ധിയിൽ -

വടക്കു + കരൈ - വടക്കുക്കരൈ, കകാര ദ്വിത്വം. വടക്കുക്കരൈ + പളി - വടക്കുക്കരൈപ്പളി, പകാര ദ്വിത്വം.

**കിഴക്കു** - കിഴക്കു ഭാഗത്ത്.

**കീഴ്ത്തിരുക്കോയിർ** - കീഴ് + തിരു + കോയിർ, താഴെ ശ്രീ കോവിൽ. കോയിർ - കോവിൽ, ക്ഷേത്രം, വർണ്ണവികാരം വ/യ വിനിമയം, ല/റ വിനിമയം. സന്ധിയിൽ - കീഴ് + തിരു - കീഴ്ത്തിരു, തകാര ദ്വിത്വം. തിരു + കോയിർ - തിരക്കോയിർ, കകാര ദ്വിത്വം.

**തേവപൂമിക്കുത്തെക്കു** - തേവ + പൂമി + ക്കു + തെക്കു, ദേവഭൂമിക്ക് തെക്ക്. തേവപൂമി - ദേവഭൂമി, തത്ഭവം. ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - തേവപൂമിക്കു + തെക്കു - തേവപൂമിക്കുത്തെക്കു.

**ഇതിനകത്തു** - ഇതിന് + അകത്തു, ഇതിനകത്ത്. സന്ധിയിൽ സംവൃതോകാരലോപം.

**ഊരാളർ** - ഊരാളന്മാർ.

**തടുക്കവന്തുമീതവും** - തടുക്ക + വന്തു + മീതം + ഉം, തടുക്കാൻ വന്ന് മീതയും. തടുക്ക - തടുക്കാൻ, ഖിലോപ സംഗ്രഹം സംഭവിച്ച പദം. വന്തു - വന്നു, താലവ്യാദേശം സംഭവിച്ച പദം. മീതം - മീതെ.

**പീടികൈക്കമൈന്തന്ത്** - പീടികൈ + ക്ക് + അമൈന്ത + അന്ത്, പീടികക്കേർപ്പാടാക്കിയ അന്ന്. പീടികൈ - പീടിക, സ്വരസംവരണം സംഭവിക്കാത്ത പദം. അമൈന്ത - ഏർപ്പാടാക്കിയ, അനുനാസികാതിപ്രസരം സംഭവിച്ചതും താലവ്യാദേശവും സ്വരസംവരണവും സംഭവിക്കാത്തതുമായ പദം. അന്ത് - അന്ന്, താലവ്യാദേശം സംഭവിക്കാത്ത പദം.

**വൈച്ചെന്റു** - വൈച്ച് + അന്റു, വച്ചന്ന്. വൈച്ച് - വച്ച്, സ്വരസംവരണം സംഭവിക്കാത്ത പദം. അന്റു - അന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - സംവൃതോകാരലോപം.

**തായൈകളത്തിരം** - തായൈ + കളത്തിരം, അമ്മയെ ഭാര്യയാക്കുക. തായൈ - തായെ, അമ്മയെ, സ്വരസംവരണം സംഭവിക്കാത്ത പദം. കളത്തിരം - കളത്രം, തത്ഭവം.

**വെച്ചാരാമെ** - വെച്ചാർ + ആമെ, വച്ചവരാകുന്നു. വെച്ചാർ - വെച്ചവർ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. ആമെ - ആകുന്നു.

**നുപ്പതിൻ കോൽകൊട്ടി തകവെണിതൊമിവെയ്** - നുപ്പത് + ഇൻ + കോൽ + കൊട്ടി + തകവെൺ + ഇതൊം + ഇവെയ്, മുപ്പതിന്റെ കോല് കെട്ടി തക്കവണ്ണം ഇത് ഇവർ. നുപ്പത് - മുപ്പത്, വർണ്ണവികാരം മ/ന വിനിമയം. തകവെൺ - തക്കവണ്ണം. ഇതൊം - ഇത്. ഇവെയ് - ഇവർ.

**കൊടുപ്പതു** - കൊടുക്കുന്നതാണ്.

**പാട്ടമാളർ** - പാട്ടമാളുന്നവർ, സ്ഥലമുടമകൾ.

**എടുത്തു കൊൾവിതു** - ഇത് എടുത്ത് കൊള്ളണം.

**അന്നാൽവരുഞ്ചെയിത** - അ + നാൽവർ + ഉം + ചെയിത, ആ നാൽവരും ചെയ്ത. ചെയിത - ചെയ്ത, വർണ്ണവികാരം - സംവൃതോകാരം/ഇകാര വിനിമയം. സന്ധിയിൽ - അ + നാൽവർ - അന്നാൽവർ, നകാര ദ്വിത്വം. അന്നാൽവരും + ചെയിത - അന്നാൽവരുഞ്ചെയിത, മകാരത്തിന് ഞകാരാദേശം.

**ഇറൈയുന്തിറയുങ്കൊൾവിതു** - ഇറൈ + ഉം + തിറൈ + ഉം + കൊൾ + ഇതു, ഇറയും തിറയും കൊള്ളണം. ഇറൈ - ഇറ, സ്വരസംവരണം സംഭവിക്കാത്ത പദം. തിറൈ - തിറ, മറ്റൊരു നികുതി, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - ഇറൈയും + തിറൈയും - ഇറൈയുന്തിറൈയും, മകാരത്തിന് ദന്ത്യ നകാരാദേശം.

**ഇവകൾ** - ഇവർ.

**ചെന്റു** - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**വിലയിട്ട** - വില + ഇട്ട, വില തീരുമാനിച്ച. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ചരക്കെല്ലാരുങ്കൊൾവിതു** - ചരക്ക് + എല്ലാര് + ഉം + കൊൾ + ഇതു. ഉത്പന്നങ്ങൾ എല്ലാവരും സ്വീകരിക്കണം. ചരക്ക് - ഉത്പന്നം. സന്ധിയിൽ - ചരക്ക് + എല്ലാര് - ചരക്കെല്ലാര്, സ്വൃതോകാരലോപം. എല്ലാര് + ഉം - എല്ലാരും, സംവൃതോകാരലോപം. കൊൾ + ഇതു - കൊൾവിതു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ഇവ്വം** - ഇപ്രകാരം

**ഒവ്വാത്തീരിൾ** - ഒവ്വാത്ത + ഈർ + ഇൾ, ഒവ്വാത്തവർ, ഒവ്വ് - ശരി, ഈർ - ആർ, ബഹുവചനപ്രത്യയം, വർണ്ണവികാരം ആ/ഈ വിനിമയം. ഇൾ - കൾ, ബഹുവചന പ്രത്യയം, വർണ്ണവികാരം ക/ഇ വിനിമയം. ഒക്കുക. ഇതിനോടൊക്കാത്തവർ എന്ന് പ്രയോഗാർത്ഥം.

**മണിക്കിരാമത്താരായോർ** - മണി + കിരാമം + അത്ത് + ആർ + ആയ + ഓർ, മണിഗ്രാമത്തുകാരായവർ. സന്ധിയിൽ - മണി + കിരാമം - മണിക്കിരാമം, അത്ത് + ആർ - അത്താർ, സംവൃതോകാരലോപം.

**ചാത്തം വടുക***നു* - ചാത്തൻ വടുകനും. ചാത്തം - ചാത്തൻ, വർണ്ണവികാരം വർത്സ്യ നകാര/മകാര വിനിമയം.

**ഇരവി ചാത്ത***നു***മിവർകളിരുവർക്കുമിരണ്ടു** - ഇരവി + ചാത്തൻ + ഉം + ഇവർ + കൾ + ഇരുവർ + ക്കു + ഉം + ഇരണ്ടു, ഇരവി ചാത്തനും ഇവർ ഇരുവർക്കും രണ്ടു. കൾ - പൂജകബഹുവചന പ്രത്യയം.

**മുറിപ്പീടികൈയാലുന്നെയ്യിില്ലൈ** - മുറി + പീടികൈ + ആൽ + ഉം + നെയ് + ഇല്ലൈ, മുറിപ്പീടികയാലും നെയ്യില്ല. നെയ് - നെയ്യ്, ഇവിടെ ഈ വാക്കിന് നികുതി എന്നു കൂടി അർത്ഥം ലഭിക്കുന്നു. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. ഇല്ലൈ - ഇല്ല, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - മുറിപ്പീടികൈയാലും +

നെയ്യ് - മുറിപ്പീടികൈയാലുന്നെയ്യ്, മകാരത്തിന് ദന്ത്യ നകാരാദേശം. നെയ്യ് + ഇല്ലൈ - നെയ്യില്ലൈ, സംവൃതോകാരലോപം.

**ഇത്തനടിയിൽ** - ഇത്തൻ + അടിയിൽ, ഈ സമയത്ത്.

**പടാര പട്ട നൈയ്മില്ല** - ഭട്ടാരകർ ഏർപ്പാടാക്കിയ നെയ്യും ഇല്ല. നൈയ് - നെയ്യ്, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇത്തണ്ടത്തിർ** - ഇ + തണ്ടം + അത്ത് + ഇർ, ഈ ദണ്ഡത്തിൽ. തണ്ടം - ദണ്ഡം, തത്ഭവം. ഇർ - ഇൽ, ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + തണ്ടം - ഇത്തണ്ടം, തകാര ദ്വിത്വം. അത്ത് + ഇർ - അത്തിർ, സംവൃതോകാരലോപം.

**കുടി** - കൂടി.

## 4.2.1.37 പറമ്പൻതളി ആതിച്ചൻ ഇരുഴി ഇരാമർ വട്ടെഴുത്തു ലിഖിതം

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കോവാതിച്ച ഇരുഴി ഇരാമർ തിരുവടിയാൻ** - കോ + ആതിച്ച + ഇരുഴി + ഇരാമർ + തിരു + അടിയാൻ, രാജാവ് ആദിത്യ ഇരുഴി ഇരാമർ തിരുവടിയാൻ. ആതിച്ച - ആദിത്യ, തത്ഭവം. സന്ധിയിൽ - കോ + ആതിച്ച - കോവാതിച്ച, സ്വരസംയോഗം ഒഴിവാക്കാന്ട വകാരാഗമം.

**ഇരതാതിച്ച** - ഇരതാദിത്യ, തത്ഭവം.

**അയ്യാമാണ്ടൈക്ക** - അയ്യാം + ആണ്ടൈക്ക്, അഞ്ചാം വർഷത്തിലേക്ക്.

**മകരവിയാഴം** - വ്യാഴം മകരത്തിൽ.

**ഇടവ ഞായിറ്റു** - ഇടവ മാസം.

### 4.2.1.38 പറമ്പൻതളി പറപ്പൂർ പൂമിതരരായിര തിരുവടി വട്ടെഴുത്തു ലിഖിതം

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**മേടവ്യാഴത്തിൽ** - വ്യാഴം മേടത്തിൽ.

**മിതിന ഞായറ്റിൽ** - മിതിന + ഞായറ്റ് + ഇൽ, മിഥുന മാസത്തിൽ. മിതിന - മിഥുന, തത്ഭവം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**തിരുപറമ്പിലൂരും** - തിരു + പറമ്പ് + ഇൽ + ഊര് + ഉം, ആരാധ്യമായ പറമ്പിലെ ഊരും. പറമ്പൻതളി ക്ഷേത്രം നിലകൊള്ളുന്ന ദേശത്തിന്റെ പഴയ പേര്. ഇൽ - ആധാരികാവിഭക്തി പ്രത്യയം. ഊര് - ഊർ സമിതിയും.

**ആനയൊഴുക്കു കോയിലുമവിരോതത്താൽ** - ആനയൊഴുക്കു + കോയിലും + അവിരോതം അത്ത് + ആൽ - ആനയൊഴുക്ക് ക്ഷേത്ര സമിതിയും വിരോധമില്ലാതെ. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**പറപ്പൂർ പൂമിതരരായിര തിരുവടി** - പറപ്പൂർ + പൂമിതരരായിര + തിരു + അടി, പറപ്പൂർ ഭൂമിധര രാജശേഖര തിരുവടി. പൂമിതരരായിര - ഭൂമിധര രാജശേഖര, തത്ഭവം.

**നാടുവാണരുളിയ നാൾ** - നാടുവാണ് + അരുളിയ + നാൾ, ഭരണം നടത്തി വന്ന നാളിൽ. സന്ധിയിൽ - നാടുവാണ് + അരുളിയ - നാടുവാണരുളിയ, സംവൃതോകാരലോപം.

**എഴുതിച്ച** - എഴുതിപ്പിച്ച.

**തങ്കേതമാവതു** - തങ്കേതം + ആവതു, സങ്കേതം ആകുന്നത്. തങ്കേതം - സങ്കേതം, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ആവതു - ആകുന്നു.

**പേരൂരും** - പേര് + ഊരും, പേരൂരും. സന്ധിയിൽ - സംവൃതോകാരലോപം.

**നിലാമണിയൂരും** - നിലാമണി + ഊരും, നിലാമണിയൂരും, സന്ധിയിൽ - സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അമിർതമങ്ങലമും** - അമിർതമങ്ങലം + ഉം, അമൃതമംഗലവും. തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം, വർണ്ണവികാരം വ/മ വിനിമയം.

**ഇരായിരനെല്ലൂരും** - ഇരായിരനെല്ല് + ഊര് + ഉം, ഇരായിര നെല്ലൂരും. ഇരായിര - രാജശേഖര, തത്ഭവം. സന്ധിയിൽ രണ്ടിടത്തും സംവൃതോകാരലോപം.

**ഇ നാലു ചേരിക്കലും** - ഇ + നാലു + ചേരിക്കൽ + ഉം, ഈ നാല് ചേരിക്കൽ ഭൂമിയും. ഇ - ഈ, ചുട്ടെഴുത്ത്. ചേരിക്കൽ - രാജഭൂമി.

**മറ്റും** - മറ്റ് + ഉം, മറ്റുള്ള, സംവൃതോകാരലോപം.

**ചന്റിനമനുച്ചനും** - ചന്റിന + മനുച്ചൻ + ഉം, ചന്ദിന മനുഷ്യനും. തത്ഭവം. ചന്റിന - അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - ചൻ + തിന - ചന്റിന, തകാരത്തിന് റകാരാദേശം, ഇത് വർത്സ്യ ഖരാദേശമാണ്.

**പുക്കുവിലക്കിലും** - പുക്കു + വിലക്ക് + ഇൽ + ഉം, പ്രവേശനം തടസ്സപ്പെടുത്തിയാലും. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - വിലക്ക് + ഇൽ - വിലക്കിൽ, സംവൃതോകാരലോപം. വിലക്കില് + ഉം - വിലക്കിലും, സംവൃതോകാരലോപം.

**പൊരുൾ കവരുകിലും** - പൊരുൾ + കവരുക + ഇൽ + ഉം, മുതൽ കവർന്നെടുത്താലും. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**തം ഇടം** - തന്റെ ഇടം. ഇടം - സ്ഥലം.

**നീട്ടീതപ്പൂവുമപ്പോവിതു** - നീട്ടീത് + അ + പൂവു + അ + പോവിതു, ലഭിച്ച നിലം അതോടൊപ്പം നഷ്ടമാകും. നീട്ടീത് - അധികാരി നൽകിയത്. അപ്പൂവു - ആ കൃഷിസ്ഥലം. പോവിതു - പോകുന്നതാണ്, നഷ്ടമാകും. സന്ധിയിൽ - നീട്ടീത് +

അ – നീട്ടീത, സംവൃതോ കാരലോപം. അ + പൂവു – അപ്പൂവു, പകാര ദ്വിത്വം. അ + പോവിതു – അപ്പോവിതു, പകാര ദ്വിത്വം.

**തങ്കേതം പണ്ണുമുൻ** – തങ്കേതം + പണ്ണു + മുൻ, സങ്കേതം ഉണ്ടാക്കുന്നതിന് മുമ്പ്. പണ്ണു – പണ്ണുക, ഉണ്ടാക്കുക. മുൻ – മുമ്പ്.

**പാണൻപടികോട്ടു നാരായണൻ ചുവരൻ** – പാണൻ പടികോട്ടു നാരായണൻ സുവരൻ. ചുവരൻ – സുവരൻ, തത്ഭവം.

**പേരൂർ തടുത്തതിനു** – പേരൂർ ചേരിക്കലിൽ തടസ്സം ഉണ്ടാക്കിയതിന്.

**മുന്നാഴിയാൽ നാഴിയരി ചെലവു** – മുൻ + നാഴി + ആൽ + നാഴി + അരി + ചെലവു, ഇടങ്ങഴിയാൽ നാഴിയരി ചെലവ്. മുന്നാഴി – മുൻ നാഴി, ഇടങ്ങഴി. ആൽ – പ്രയോജികാവിഭക്തി പ്രത്യയം. ചെലവു എന്നതിന്റെ അന്ത്യത്തിലെ ഉകാരം ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ – നാഴി + ആൽ – നാഴിയാൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. നാഴി + അരി – നാഴിയരി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**തണ്ടപ്പട്ടിതു** – തണ്ടം + പട്ട് + ഇതു, പിഴ ലഭിച്ചു. സന്ധിയിൽ – തണ്ടം + പട്ട് – തണ്ടപ്പട്ട്, പകാര ദ്വിത്വം. പട്ട് + ഇതു – പട്ടിതു, സംവൃതോകാരലോപം.

**അച്ചെലവുമേൻച്ചെലവോടൊക്കാ** – അ + ചെലവു + മേൻ + ചെലവ് + ഓട് + ഒക്കാ, ആ ചെലവ് മേൽ ചെലവിനട് ഒക്കില്ല. മേൻ – മേൽ, വർണ്ണവികാരം ല/വർത്സ്യ നകാര വിനിമയം. ഓട് – സംയോജികാവിഭക്തി പ്രത്യയം. ഒക്കാ – ഒക്കില്ല, പദാന്ത്യത്തിലെ ദീർഘിച്ച ആകാരം നിഷേധ പ്രത്യയമാണ്. സന്ധിയിൽ – അ + ചെലവു – അച്ചെലവു, ചകാര ദ്വിത്വം. ചെലവ് + ഓട് – ചെലവോട്, സംവൃതോകരലോപം. ചെലവോട് + ഒക്കാ – ചെലവോടൊക്കാ, സംവൃതോകാരലോപം.

**ഇച്ചിലവെഴുതിന്നാലു ചേരിക്കൽ** – ഇ + ചിലവ് + എഴുത് + ഇ + നാലു + ചേരി + കൽ, ഈ ചെലവ് എഴുതി ഈ നാലു ചേരിക്കൽ ഭൂമിയിലും. ഇ – ഈ, ചുട്ടെഴുത്ത്.

കൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + ചിലവ് - ഇച്ചിലവ്, നകാര ദ്വിത്വം. എഴുത് + ഇ - എഴുതി, സംവൃതോകാരലോപം. ഇ + നാലു - ഇന്നാലു, നകാര ദ്വിത്വം. ചേരി + കൽ - ചേരിക്കൽ, കകാര ദ്വിത്വം.

**4.2.1.39 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം** - 1

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**ഇടവ വിയാഴത്തിൽ** - വ്യാഴം ഇടവത്തിൽ നിന്ന. വിയാഴം - വ്യാഴം, തത്ഭവം.

**തുലാ ഞായറ്റു** - തുലാ മാസം.

**അയപ്പി** - പേരിന്റെ അപൂർണ്ണ ഭാഗം.

**ചൈത** - ചെയ്ത, സ്വരസംവരണം സംഭവിക്കാത്ത പദം.

**തിരുവോണത്തിൻ നാൾ** - തിരു + ഓണം + അത്ത് + ഇൻ + നാൾ, തിരുവോണ ദിവസം. ഓണം - ചിങ്ങമാസത്തിൽ ഉള്ള ഓണം നാൾ കേരളത്തിലെ കാർഷികോത്സവങ്ങളിലെ പ്രധാനമാണ്. അത്ത് - ഇടനില, ഇൻ - ഇടനില. സന്ധിയിൽ - തിരു + ഓണം - തിരുവോണം, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.തിരുവോണത്ത് + ഇൻ - തിരുവോണത്തിൻ, സംവൃതോകാരലോപം.

**നെയ്തറ്ററൈയമൈച** - നെയ്തറ്റ + അറൈ + അമൈച, നെയ്തറ്റ - നികുതി ഒഴിവാക്കി. അറൈ - അറ, സ്വരസംവരണം സംഭവിക്കാത്ത പദം. അമൈച - അമച, ഏർപ്പാടാക്കിയ. വർണ്ണവികാരം അ/എ വിനിമയം.

**കാടി** - കഞ്ഞി.

**നാലു തളിയും കൂ(ടി)** - നാലു തളിയും ചേർന്ന്.

**അവിരോതിച്ചു ചെയ്ത** - അ + വിരോതിച്ചു + ചെയ്ത, വിരോധമില്ലാതെ ചെയ്ത. അവിരോതിച്ചു - അവിരോധിച്ചു, തത്ഭവം.

**ത(ങ്കേതങ്ങ)കൊണ്ടതു** - തങ്കേതം + കൊണ്ടതു, സങ്കേതം സ്വീകരിച്ചത്.

**തുഴുവത്തുറൈ** - തുഴു + അ + തുറൈ. തുഴു ആ തുറ, താഴത്തെ തുറ തുഴുവത്തുറയായതാണ്. തുറൈ - തുറ, തുറമുഖം. സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - തുഴു + അ - തുഴുവ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. തുഴുവ + തുറൈ - തുഴുവത്തുറൈ, തകാര ദ്വിത്വം.

**ചെയ്** - ചെയ്യ്, ചെയ്ത.

**ആട്ടും** - അട്ടുന്നതും.

**മെയ്ക്കാട ഇരുപത്തൊരു കലനെൽ** - മെയ്ക്കാട് നിലത്തിൽ നിന്നും ഇരുപത്തൊന്ന് കലം നെല്ല്. ഇരുപത്തൊരു - ഇരുപത്തൊന്ന്.

**കൊണ്ടു** - ഉപയോഗിച്ച്.

**പകുത്തു** - ഭാഗിച്ച്.

**കൊള്ളക്കടവർ** - കൊള്ളാൻ അവർ കടപ്പെട്ടിരിക്കുന്നു. ഖിലോപസംഗ്രഹം സംഭവിച്ച പദം. കൊള്ള - കൊള്ളാൻ, സ്വീകരിക്കാൻ. കടവർ - അവർ കടപ്പെട്ടവർ.

**നാലു തളിയും പകുത്തു കൊടുപ്പതു** - നാലു തളിയം ഭാഗിച്ചു കൊടുത്തത്. കൊടുപ്പതു - കൊടുത്തത്.

**പൊലി പണങ്ങ** - പൊലി പണം.

**ഇന്നെൽ** - ഇ + നെൽ, ഈ നെല്ല്. ഇ - ഈ, ചുട്ടെഴുത്ത്. സന്ധിയിൽ ദന്ത്യ നകാര ദ്വിത്വം.

**ആട്ടും മെയ്ക്കാട്ടു** - നൽകുന്നതിനുള്ള മെയ്ക്കാട്ടു നിലം.

**നാലുതളിയിലുമുള്ളവരൾ** - നാലു + തളി + ഇൽ + ഉം + ഉള്ള + അവർ + അൾ, നാലു തളിയിലും ഉള്ളവർ. അൾ - പൂജകബഹുവചന പ്രത്യയം.

**പുക്കു വിലക്കവും** - പ്രവേശനം തടയുന്നതും.

**അവരോടു കൂടി** - അവരോടു ചേർന്ന്.

**പൊതു** – പോതു, മതിയായത്.

**തടുത്തണ്ണക്കടവിയരാകി** – തടുത്ത് + ഉണ്ണ + കടവിയർ + ആകി, അവർ തടുത്തുണ്ണുന്നതിന് കടപ്പെട്ടവരായിത്തീരുന്നു. ആകി – ആയി, ആകുന്നു. ആകുക ചുരുങ്ങിയാണ് ആകി ആയിത്തീരുന്നത്. സന്ധിയിൽ – തടുത്ത് + ഉണ്ണ – തടുത്തുണ്ണ, സംവൃതോകാരലോപം. ഉണ്ണ + കടവിയർ – ഉണ്ണക്കടവിയർ, കകാര ദ്വിത്വം.

**നാലുകുടുപ്പൊൻ പണമവരെ** – നാലു + കുടു + പൊൻ + പണം + അവര് + എ, നാലു കൂടു പെൻ പണം അവരെ. കുടു – കൂട്, പൊതി. എ – പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**ഒരുത്തർ** – ഒരു + അത്ത് + അർ, ഒരുവരും. ഒരു – ഒന്ന്, അത്ത് – ഇടനില, അർ – ബഹുവചന പ്രത്യയം.

**നാലുതളിയിലുമൊത്ത** – നാലു + തളി + ഇൽ + ഉം + ഒത്ത, നാലു തളിയോടും ചേർന്ന. ഇൽ – ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ – തളി + ഇൽ – തളിയിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഇക്കോവിൽ മുൻ കൈത്തോടാക** – ഇ + കോവിൽ + മുൻ + കൈ + തോട് + ആക, ഈ ക്ഷേത്രത്തിന്റെ മുമ്പിലെ കൈത്തോടാകുന്ന. ഇ – ഈ, ചുട്ടെഴുത്ത്. കൈത്തോട് – ചെറിയ തോട്. ആക – ആകുന്ന. സന്ധിയിൽ – ഇ + കോവിൽ – ഇക്കോവിൽ, കകാര ദ്വിത്വം.

**പൊതുവാളുമമൈച്ചൊ*ന്നറ*** – പൊതുവാൾ + ഉം + അമൈച്ച + ഒന്ന് + അറ്റ, പൊതുവാളും ഏർപ്പാടാക്കിയ ഒന്നല്ലാതെ. അമൈച്ച – അമച്ച, അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം. സന്ധിയിൽ – ഒന്ന് + അറ്റ – ഒന്നറ്റ, സംവൃതോകാരലോപം.

**വഴക്കുപണ്ണിനവരു** - വഴക്കുണ്ടാക്കിയവരും. പദാന്ത്യത്തിലെ മകാരം നിശ്ശബ്ദമാണ്. പണ്ണിന - പണ്ണിയ, ഉണ്ടാക്കിയ, വർണ്ണവികാരം യ/വർത്സ്യ *ന*കാര വിനിമയം.

**പന്നിരുവരി** - പന്നിരു + വരി, പന്ത്രണ്ടു വരി. പന്നിരു - പന്ത്രണ്ട്. വരി - ഒരു മുതലിലേക്ക് ഇടുന്ന പങ്ക്.

**പുത്തവൻ കാരാണ്മൈ** - ബൗദ്ധൻ കാരാണ്മ. പുത്തവൻ - ബൗദ്ധൻ, തത്ഭവം.

**പറൈ കെട്ടി** - പറ കെട്ടി. പറൈ - പറ, സ്വരസംവരണം സംഭവിക്കാത്ത പദം.

**നെയ്തലറ്റൈയ് കാരാണ്മൈ** - നെയ്തലറ്റെ കാരാണ്മ. നെയ്തലറ്റൈയ് - നെയതലറ്റെയ്, സ്വരസംവരണം സംഭവിക്കാത്ത പദം. കാരാണ്മൈ - കാരാണ്മ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഒള്ളവർ** - ഉള്ളവർ, വർണ്ണവികാരം ഉ/ഒ വിനിമയം.

**നാലുതളിയിലുമോരോരുത്തരെ** - നാലു + തളി + ഇൽ + ഉം + ഓരോ + ഒരുത്തർ + എ, നാലും തളിയിൽ നിന്നും ഓരോ ആൾ വീതം. സന്ധിയിൽ - തളി + ഇൽ - തളിയിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഓരോ + ഒരുത്തർ - ഓരോരുത്തർ, ഒകാര സംയോഗം ഒഴിവാക്കാൻ ഒകാരലോപം.

**പെരൺമണ്ണ** - പെരൺമണ്ണ, സ്ഥലനാമം.

**ഇല കൊണ്ടുവന്നവൻ കാരാണ്മൈ** - ഇലകൊണ്ടുവന്നവന്റെ കരാണ്മ, കാരാണ്മൈ - കാരാണ്മ, സ്വരസംവരണം സംഭവിക്കാത്ത പദം.

**പറൈ കട്ടി** - പറ കെട്ടി. പറൈ - പറ, സ്വരസംവരണം സംഭവിക്കാത്ത പദം. കട്ടി - കെട്ടി, അടച്ച്, വർണ്ണവികാരം എ/അ വിനിമയം.

#### 4.2.1.40 തിരുക്കുലശേഖരപുരം വട്ടെഴുത്തു ലിഖിതം - 2

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**തിരുക്കുലചേകരപുരത്തു** - തിരു + കുലശേഖര + പുരം + അത്ത് + ഉ, തിരുക്കുലശേഖരപുരത്തു. തിരു - ആരാധ്യമായ. അത്ത് - ഇടനില, ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തളിക്കുച്ചെ(ല്ലാനി)ന്റയാണ്ടു** - തളിക്ക് + ഉ + ചെല്ലാ + നിന്റ + ആണ്ട് + ഉ, തളിക്കു ചെന്നു നിന്ന വർഷം. നിന്റ - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - നിന്റ + ആണ്ട് - നിന്റയാണ്ട്, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നൂറ്റുത്തൊണ്ണൂറ്റൈഞ്ചു** - നൂറ്റു + തൊണ്ണൂറ്റ് + ഐഞ്ചു, നൂറ്റി തൊണ്ണൂറ്റഞ്ച്. നൂറ്റു - നൂറ്റി, നൂറ്. തൊണ്ണൂറ്റ് - തൊണ്ണൂറ്. ഐഞ്ചു - അഞ്ചു, അഞ്ച്. സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - നൂറ്റു + തൊണ്ണൂറ്റ് - നൂറ്റുത്തൊണ്ണൂറ്റ്, തകാര ദ്വിത്വം. തൊണ്ണൂറ്റ് + ഐഞ്ചു - തൊണ്ണൂറ്റൈഞ്ചു, സംവൃതോകാരലോപം.

**ഇവ്വാണ്ടു** - ഇ + ആണ്ടു, ഈ വർഷം. ഇ - ഈ, ചുട്ടെഴുത്ത്. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം, അതിന് ദ്വിത്വം.

**മകര (ഞായറ്റിൽ)** - മകര മാസത്തിൽ.

**ഉത്തിര മുതലായത്** - ഉത്ര മുതലായത്. ഉത്തിര - ഉത്ര, തത്ഭവം.

**തളിയും തളിയതികാരികളും കൂടി** - തളി + ഉം + തളി + അതികാരി + കൾ + ഉം + കൂടി, തളിയും തളിയധികാരികളും ചേർന്ന്. അതികാരി - അധികാരി, തത്ഭവം. സന്ധിയിൽ - തളി + ഉം - തളിയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. തളി + അതികാരി - തളിയധികാരി, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**തിരുക്കുലചേകരപുരത്തു** - തിരുക്കുലശേഖരപുരത്ത്.

**തളിയിൽപ്പണ്ടാരകാവൽക്കു** - തളി + ഇൽ + പണ്ടാരം + കാവൽ + ക്കു, തളിയിലെ ഭണ്ഡാരം കാവലിന്. സന്ധിയിൽ - തളി + ഇൽ - തളിയിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. തളിയിൽ + പണ്ടാരം - തളിയിൽപ്പണ്ടാരം, പകാര ദ്വിത്വം.

**നിന്റ** - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**വെൺപലനാടു പൊഴത്തിക്കാരൻ** - വെൺപല + നാടു + പൊഴത്തി + കാരൻ, വെൺപലനാടു പ്രവൃത്തിക്കാരൻ. പൊഴത്തി - പ്രവൃത്തി, തത്ഭവം. സന്ധിയിൽ - പൊഴത്തി + കാരൻ - പൊഴത്തിക്കാരൻ, കകാര ദ്വിത്വം.

**നക്കനെഴിയകത്തു കൊവിന്ന താമൊതരൻ** - നക്കനഴിയകത്തു ഗോവിന്ദ ദാമദരൻ. കൊവിന്ന താമൊതരൻ - ഗോവിന്ദ ദാമദരൻ, തത്ഭവം.

**ഇപ്പൊൻ** - ഇ + പൊൻ, ഈ പൊന്ന്. സന്ധിയിൽ പകാര ദ്വിത്വം.

**അയങ്കഴഞ്ചിനു** - അയം + കഴഞ്ചിന് + ഉ, അഞ്ച് കഴഞ്ചിന്. അയം - ഐയ് + മ്, അഞ്ച്, സ്വരസംവരണം സംഭവിച്ചപദം. കഴഞ്ച് - സ്വരസംവരണം സംഭവിച്ചതും അനുനാസികാതിപ്രസരം സംഭവിക്കാത്തതുമായ പദം. ഉ - ഉദ്ദേശികാവിഭക്തിപ്രത്യയം. സന്ധിയിൽ - അയം + കഴഞ്ചിന് - അയങ്കഴഞ്ചിന്, മകാരത്തിന് ങകാരാദേശം.

**തളിമുറൈയിൽച്ചിങ്ങ ഞായിറ്റു** - തളി + മുറൈ + ഇൽ + ചിങ്ങ + ഞായിറ്റ് + ഉ, തളി മുറയിൽ ചിങ്ങമാസം. തളി - ക്ഷേത്രം. മുറൈ - മുറ, രീതി, സ്വരസംവരണം സംഭവിക്കാത്ത പദം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. ചിങ്ങ - ചിങ്ങം, അനുനാസികാതിപ്രസരം സംഭവിച്ച പദം. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - മുറൈ + ഇൽ - മുറൈയിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. മുറൈയിൽ + ചിങ്ങ - മുറൈയിൽച്ചിങ്ങ, ചകാര ദ്വിത്വം.

**ആ കഴകം മുറൈയാലു** - ആ + കഴകം + മുറൈ + ആൽ + ഉ, ആ ഘടക മുറയാലും. കഴകം - ഘടകം, തത്ഭവം. മുറൈ - മുറ, സ്വരസംവരണം

സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - മുറൈ + ആൽ - മുറൈയാൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അട്ടിക്കൊടുത്താൻ** - അട്ടി + കൊടുത്തു + ആൻ, അവൻ അട്ടിക്കൊടുത്തു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. അട്ടി - അനുവദിച്ച്, കൊടുത്തു - നൽകി, ആൻ - അവൻ എന്നതിനുപയോഗിക്കുന്ന പുരുഷ പ്രത്യയം. സന്ധിയിൽ - അട്ടി + കൊടുത്തു - അട്ടിക്കൊടുത്തു, കകാര ദ്വിത്വം. കൊടുത്തു + ആൻ - കൊടുത്താൻ, വിവൃതോകാരലോപം.

**കോവിന്ന തൊമോതരൻ** - ഗോവിന്ദ ദാമോദരൻ, തത്ഭവം.

**ഇത്തളി മുറൈയാലു** - ഇ + തളി + മുറൈ + ആൽ + ഉ, ഈ തളി മുറയാൽ. ഇ - ഈ, ചുട്ടെഴുത്ത്. മുറൈ - മുറ, സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + തളി - ഇത്തളി, തകാര ദ്വിത്വം.

**ഞായിറ്റു ഒരു കൂത്തു** - മാസത്തിൽ ഒരു കൂത്ത്.

**അമൈച്ചാൻ** - അമൈച്ചു + ആൻ, അവൻ ഏർപ്പാടാക്കി. അമൈച്ചു - ഏർപ്പാടാക്കി, സ്വരസംവരണം സംഭവിക്കാത്ത പദം. ആൻ - അവൻ എന്നതിനുപയോഗിക്കുന്ന പുരുഷ പ്രത്യയം. സന്ധിയിൽ വിവൃതോകാരലോപം.

**പഴാരർക്കു** -പഴാര + അർ + ക്കു, ഭട്ടാരകർക്ക്. പഴാര - ഭട്ടാര, തത്ഭവം. അർ - ബഹുവചന പ്രത്യയം. ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

**പോഴനിരവി** - പോഴന് + ഇരവി, പോഴൻ ഇരവി. സന്ധിയിൽ സംവൃതോകാരലോപം

**കൊള്ളക്കടവർ** - കൊള്ള + കടവ + അർ, അവർ സ്വീകരിക്കാൻ കടപ്പെട്ടിരിക്കുന്നു. ഖിലോപസംഗ്രഹം സംഭവിച്ച പദം. കൊള്ള - കൊള്ളാൻ, സ്വീകരിക്കാൻ. കടവ - കടപ്പെട്ട. അർ - ബഹുവചന പ്രത്യയം.

### 4.2.1.41 ചൊവ്വല്ലൂർ ഇളങ്ങൊളൂരാകി കോത വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**മരുതൊടിയും** - മരുതൊടി + ഉം, മരുതൊടിയും, സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കണ്ണഞ്ച്ചിറായും** - കണ്ണം + ച്ചിറാ + ഉം, കണ്ണം ചിറയും. സന്ധിയിൽ - കണ്ണം + ച്ചിറാ - കണ്ണഞ്ചിറാ, മകാരത്തിന് ഞകാരാദേശം. ചിറാ + ഉം - ചിറായും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**വിളക്കിനുള്ളേടമും** - വിളക്കിന് + ഉള്ള + എടം + ഉം, വിളക്കിനുള്ളിടവും. വിളക്കിന് - വിളക്കു തെളിയിക്കുന്നതിന്. ഉള്ള - ഉള്ളതായ, എടം - ഇടം, സ്ഥലം, വർണ്ണവികാരം ഇ/എ വിനിമയം. ഉം - സമുച്ചയനിപാതം. പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം. സന്ധിയിൽ - വിളക്കിന് + ഉള്ള - വിളക്കിനുള്ള, സംവൃതോകാരലോപം.

**ഇളങ്ങൊളൂരാകി കോത** - ഇളങ്ങൊള + ഊര് + ആകി + കോത, ഇളങ്കുളം ഊരാളൻ ഗോദ. ഇളങ്ങൊള - ഇളങ്കൊള, ഇളം കൊള, ഇളംകുള. ഇളംകുള - എന്നപദത്തിന്റെ മധ്യത്തിലെ മകാരത്തിൻ ങകാരാദേശവും കുള എന്നതിലെ ഉ കാരച്ചിന് ഒകാര വർണ്ണവികാരവും സംഭവിച്ച് ഇളങ്കൊള. ഇളങ്കൊള എന്ന പദത്തിന് അനുനാസികാതിപ്രസരം സംഭവിച്ച് ഇളങ്ങൊള. ഊരാകി - ഊരാളൻ. കോത - ഗോദ, തത്ഭവം. സന്ധിയിൽ - ഊര് + ആകി - ഊരാകി, സംവൃതോകാരലോപം.

**കൊടുത്ത** - നൽകിയ.

**പൂയിനടി** - പൂ + ഇൻ + അടി, പൂയിനടി. പൂ - കൃഷിനിലം. അടി - ബഹുമാന ദ്യോതക പദം. സന്ധിയിൽ - പൂ + ഇൻ -പൂയിൻ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പൺതിരണ്ടുരൈയുഞ്ചെലവിനു** - പൺതിരണ്ടു + അരൈ + ഉം + ചെലവിനു, പന്ത്രണ്ടരയും ചെലവിന്. പൺതിരണ്ടു - പന്ത്രണ്ട്. അരൈയും - അരയും,

സ്വരസംവരണം സംഭവിക്കാത്ത പദം. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - പൺതിരണ്ടു + അരൈ - പൺതിരണ്ടുരൈ, അകാര ലോപം. അരൈ + ഉം - അരൈയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മറ്റു** - മറ്റുള്ള.

**ചെലവിനുള്ളേടമും** - ചെലവിന് + ഉള്ള + എടം + ഉം, ചെലവിനുള്ളിടവും. ഉള്ള - ഉള്ളതായ, എടം - ഇടം, സ്ഥലം, വർണ്ണവികാരം ഇ/എ വിനിമയം. ഉം - സമുച്ചയനിപാതം. പദാന്ത്യത്തിൽ വർണ്ണവികാരം വ/മ വിനിമയം. സന്ധിയിൽ - ചെലവിന് + ഉള്ള - വിളക്കിനുള്ള, സംവൃതോകാരലോപം.

**നാലു കിനികത്തിനും** - നാല് വിഭാഗത്തിനും.

**പൊതുവാൾക്കും** - പൊതുവാളിനും.

**കയിക്കൂലിയില്ലതെടുത്തു** - കയി + കൂലി + ഇല്ല + അതെടുത്തു, പ്രവൃത്തിക്ക് കൂലിയില്ല, അതെടുത്ത്. കയി - കയ്യ്, കൂലി - ചെയ്ത പ്രവൃത്തിക്കു ലഭിക്കേണ്ട പണമോ, നെല്ലോ. സന്ധിയിൽ - കയി + കൂലി - കയിക്കൂലി, കകാര ദ്വിത്വം. കൂലി + ഇല്ല - കൂലിയില്ല, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ചെലവു മുട്ടിക്കിൽ** - ചെലവ് + മുട്ടിക്ക + ഇൽ, ചെലവു മുടക്കിയാൽ. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**ആറരൈക്കാണം പൊൻ** - ആറരൈ + കാണം + പൊൻ, ആറര കാണം പൊന്ന്. ആറരൈ - ആറര, സ്വരസംവരണം സംഭവിക്കാത്ത പദം.

**തണ്ടമണക്കർ** - തണ്ടം + അണക്ക + അർ, പിഴയവർ നൽകണം. തണ്ടം - ദണ്ഡം, തത്ത്വം. അണക്ക - എത്തിക്ക. അർ - ബഹുവചന പ്രത്യയം.

**മറ്റു** - മറ്റുള്ളത്.

**ആ മരുതൊടിയോടൊക്കും** - ആ + മരുതൊടി + ഓട് + ഒക്കും, ആ മരുതോടിയോട് ഒപ്പമായ. ഓട് - സംയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ - മരുതോടിയോട് + ഒക്കും - മരുതൊടിയോടൊക്കും, സംവൃതോകാരലോപം.

**തങ്കേതം** - സങ്കേതം, ഏർപ്പാട്, തത്ഭവം.

### 4.2.1.42 ചൊവ്വല്ലൂർ കട്ടിൽ ഇരായരങ്കേരളൻ വട്ടെഴുത്തു ശിലാരേഖ

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കട്ടിൽ ഇരായരങ്കേരളൻ** - കട്ടിൽ + ഇരായരൻ + കേരളൻ, കട്ടിൽ രാജശേഖരൻ കേരളൻ, ഇരായരൻ - രാജശേഖരൻ, തത്ഭവം.

**പടുപ്പിച്ച** - പണിയിപ്പിച്ച.

**കൽ** - കല്ല്.

### 4.2.1.43 തൃപ്രയാർശ്രീരാമക്ഷേത്ര മുരുകനാട്ടു ചങ്കരങ്കുന്റപ്പോഴൻ വട്ടെഴുത്തു ലിഖിതം

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**തിരുപ്പുറൈയാർ ഊരും** - തിരു + പുറൈ + ആർ + ഊര് + ഉം, തൃപ്രയാർ ഊർ സമിതിയും. തിരുപ്പുറൈയാർ - തൃപ്രയാർ, തത്ഭവം, സ്വരസംയോഗം സംഭവിക്കാത്ത പദം. സന്ധിയിൽ - തിരു + പുറൈ - തിരുപ്പുറൈ, പകാര ദ്വിത്വം. പുറൈ + ആർ - പുറൈയാർ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഊര് + ഉം - ഊരും, സംവൃതോകാരലോപം.

**പൊതുവാളുങ്കൂടി** - പൊതുവാളും + കൂടി, പൊതുവാളും ചേർന്ന്. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**മുരുക*ന*ാട്ടു ചങ്കരങ്കുന്റ്പ്പോഴൻ** - മുരുകനാട്ട് + ഉ + ചങ്കരൻ + കുന്റ + പോഴൻ, മുരുകനാട്ട് ശങ്കരൻ കുന്നപ്പോഴൻ. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. ചങ്കരൻ - ശങ്കരൻ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം. കുന്റ്പ്പോഴൻ - കുന്നപ്പോഴൻ, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം. സന്ധിയിൽ - മുരുകനാട്ട് + ഉ - മുരുകനാട്ടു, സംവൃതോകാരലോപം. ചങ്കരൻ + കുന്റ - ചങ്കരങ്കുന്റ, വർത്സ്യ *ന*കാരത്തിന് ങകാരാദേശം. കുന്റ + പോഴൻ - കുന്റ്പ്പോഴൻ, പകാരദ്വിത്വം.

**ചമൈഞ്ചിത്ത** - സമഞ്ജിത്ത, പണം നൽകിയ, തത്ഭവം.

**തിരിനെയ്‌വിത്ത** - തിരി നെയ്യിനായി.

**കച്ചമാവതു** - കച്ചം ആകുന്നത്.

**അകനാഴിച്ചെലവു** - അകനാഴി + ചെലവു, ക്ഷേത്രത്തിനകത്തെ ചെലവ്. സന്ധിയിൽ ചകാര ദ്വിത്വം.

**മുരുകനാട്ടു ചങ്കരങ്കുന്റ്പ്പോഴൻ** - മുരുകനാട്ട് ശങ്കരൻ കുന്നപ്പോഴൻ.

**അമൈച്ച** - ഏർപ്പാടാക്കിയ, അനുനാസികാതിപ്രസരവും താലവ്യാദേശവും സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

**നന്താവിളക്കു നിവേച്ചമും** - നന്താവിളക്കു നിവേദ്യവും. നിവേച്ചമും - നിവേദ്യവും, തത്ഭവം, വർണ്ണവികാരം പദാന്ത്യത്തിൽ വ/മ വിനിമയം.

**പൊതുവാളായി*ന*** - പൊതുവാളായ.

**കണ്ണഞ്ചുവരൻ** - കണ്ണൻ + ചുവരൻ, കണ്ണൻ ചുവരൻ. ചുവരൻ - സുവരൻ, തത്ഭവം. സന്ധിയിൽ വർത്സ്യ *ന*കാരത്തിന് ഞകാരാദേശം.

**അമൈത്ത** - ഏർപ്പാടാക്കിയ. അമൈഞ്ച - അനുനാസികാതിപ്രസരം സംഭവിച്ച് അമൈന്ത, ഇതിലെ ദന്ത്യ നകാരവും ഖരമായ തകാരവും ചേർന്ന കൂട്ടക്ഷരത്തിൽ നകാരത്തിന് ഖരാദേശം കൊണ്ട് അമൈത്ത. സ്വരസംവരണം സംഭവിക്കാത്ത പദം.

**കുറൈയും** - കുറൈ + ഉം, കുറവും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**നെടുമ്പുറൈയൂർ ഊരാളും ചിങ്ങൻ** - നെടുമ്പുറൈ + ഊർ + ഊരാൾ + ഉം + ചിങ്ങൻ, നെടുമ്പുറയൂർ ഊരാളുന്ന സിംഹൻ. നെടുമ്പുറൈയൂർ - നെടുമ്പുറയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. ചിങ്ങൻ - ചിങ്കൻ, സിംഹൻ, തത്ഭവം. അനുനാസികാതിപ്രസരം സംഭവിച്ച പദം. സന്ധിയിൽ - നെടുമ്പുറൈ + ഊർ - നെടുമ്പുറൈയൂർ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അക്കിരമൊന്റി*ന്നു*** - അക്കിരം + ഒന്റിന് + നു, അക്കരിരം ഒന്നിന്. അക്കിരം - അഗ്രം, തത്ഭവം. ഒന്റിന് - ഒന്നിന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. നു -ഉദ്ദേശികാവിഭക്തി പ്രത്യയം.

**അമൈത്ത പൂമി** - ഏർപ്പാടാക്കിയ ഭൂമി.

***ന*റ്റാമൈയുമറ്റാഴിന്ത** - നറ്റാ + അമൈ + ഉം + അറ്റാ + അഴിന്ത, മുമ്പുണ്ടാക്കിയിരുന്ന ഏർപ്പാടല്ലാതെ. നറ്റ - അറ്റ, ഇല്ലാതായ. വർണ്ണവികാരം അ/വർത്സ്യ *ന*കാര വിനിമയം. അഴിന്ത - അഴിഞ്ഞ, താലവ്യാദേശം സംഭവിക്കാത്ത പദം.

**നന്താവിളക്കും** - നന്താവിളക്കും.

**അകനാഴിച്ചെലവും** - അകനാഴിച്ചെലവും.

**പുക്കുവിലക്കവുൻ** - പുക്കു + വിലക്കു + ഉൻ, പ്രവേശനം വിലക്കുന്നവൻ.

**തേവർ വക പൊരുൾ വിക്കവുളു ചെയ്യുവുരാളൻ** - തേവർ + വക + പൊരുൾ + വിക്ക + ഉൾ + ഉ + ചെയ്യു + ഊരാളൻ, ദേവരുടെ മുതലെടുത്ത് വിൽക്കുന്ന ഊരാളൻ.

**തെവർക്കിടൈയുങ്കെട്ടു** - തേവർക്ക് + ഇടൈ + ഉം + കെട്ടു, ദേവരുടെ ഭൂമിയിലുള്ള അവകാശവും നഷ്ടപ്പെട്ട്. ഇടൈ - ഇട, സ്വരസംവരണം

സംഭവിക്കാത്ത പദം. സന്ധിയിൽ - തേവർക്ക് + ഇടൈ - തേവർക്കിടൈ, സംവൃതോകാരലോപം. ഇടൈ + ഉം - ഇടൈയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഇടൈയും + കെട്ടു - ഇടൈയുങ്കെട്ടു, മകാരത്തിന് ങകാരാദേശം.

**കോയിൽക്കിരുപത്തൊൻറ്റു കഴൈഞ്ചു പൊൻ** - കോയിൽ + ക്കു + ഇരുപത്തൊൻറ്റു + കഴൈഞ്ചു + പൊൻ, ക്ഷേത്രത്തിന് ഇരുപത്തൊന്നു കഴഞ്ച് പൊന്ന്. ഇരുപത്തൊൻറ്റു - ഇരുപത്തൊന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. കഴൈഞ്ചു - അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിക്കാത്ത പദം.

**പട്ടു** - നൽകി.

**മൂഴിക്കള കച്ചവത്തെയും** - മൂഴിക്കളം കച്ചത്തെയും.

**പിഴൈത്ത്** - പിഴച്ച്, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഊര് വിടക്കടവർ** - ഊര് + വിട + കടവർ, ഊർ വിട്ടു പോകാൻ അവർ കടപ്പെട്ടിരിക്കുന്നു. സന്ധിയിൽ - വിട + കടവർ - വിടക്കടവർ, കകാര ദ്വിത്വം.

### 4.2.1.44 തിരുവഞ്ചക്കളം ഇരായിരങ്ങപ്പെരുന്തച്ചൻ വട്ടെഴുത്തു ശിലാലിഖിതം

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**തനുവിൽ വിയാഴന്നിൽക്കച്ചെയ്ത** - തനു + ഇൽ + വിയാഴം + നിൽക്ക + ചെയ്ത, ധനുവിൽ വ്യാഴം നിൽക്കേ ചെയ്ത. തനു - ധനു, തത്ഭവം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. നിൽക്ക - നിൽക്കെ, വർണ്ണവികാരം എ/അ വിനിമയം. സന്ധിയിൽ - തനു + ഇൽ - തനുവിൽ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. വിയാഴം + നിൽക്ക - വിയാഴന്നിൽക്ക, മകാരത്തിന് നകാരാദേശം. നിൽക്ക + ചെയ്ത - നിൽക്കച്ചെയ്ത്, ചകാര ദ്വിത്വം.

**അട്ടിൽപേറ്റു** - അട്ടി + ഇൽ + പേറ്റു, അട്ടിപ്പേറ്, ജന്മാവകാശം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**പുരൈയെടമാവതു** - പുരൈ + എടം + ആവതു, പുരയിടം ആകുന്നത്. പുരൈ - പുര, സ്വരസംവരണം സംഭവിക്കാത്ത പദം. എടം - ഇടം, സ്ഥലം, വർണ്ണവികാരം ഇ/എ വിനിമയം.

**തിരുവഞ്ചക്കളത്തു** - തിരുവഞ്ചക്കളത്തെ.

**ഇരായിങ്ങപ്പെരുന്തച്ചനുക്കു** - ഇരായിങ്ങ + പെരും + തച്ചൻ + ഉ + ക്കു, രാജസിംഹ പെരുന്തച്ചന്. ഇരായിങ്ങ - രാജസിംഹ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച പദം. പെരുന്തച്ചൻ - വലിയ ആശാരി. ഉ, ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയങ്ങൾ. സന്ധിയിൽ - ഇരായിങ്ങ + പെരും - ഇരായിങ്ങപ്പെരും, പകാര ദ്വിത്വം. പെരും + തച്ചൻ - പെരുന്തച്ചൻ, മകാരത്തിന് നകാരാദേശം.

**പെരുന്തച്ചെനു** - പെരുന്തച്ചന്, വർണ്ണവികാരം പദ മധ്യത്തിൽ അ/എ വിനിമയം.

**അമൈച്ചുള്ളുറുത്തിയ** - അമൈച്ച് + ഉള്ള് + ഉറുത്തി + ഉ, ഏർപ്പാടാക്കി ഉള്ളിൽ എത്തിയ. അമൈച്ച് - അമച്ച്, ഏർപ്പാടാക്കി, അനുനാസികാതിപ്രസരം സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം.

**കൊയിലതികാരികൾ** - കോവിലധികാരികൾ, തത്ഭവം.

**തിരുവുള്ളഞ്ചെയ്തു** - തിരു + ഉള്ളം + ചെയ്തു, പ്രസാദിച്ച്. സന്ധിയിൽ - തിരു + ഉള്ളം - തിരുവുള്ളം, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**കൊടുത്തരുളിയ** - കൊടുത്ത് + അരുളിയ, കൽപ്പിച്ച് നൽകിയ. സന്ധിയിൽ സംവൃതോകാരലോപം.

**പുരൈയെടത്തിനു** - പുരയിടത്തിനു.

**ഇറൈമുപ്പത്തഞ്ഞാഴി** - ഇറൈ + മുപ്പത്തി + അഞ്ഞ് + നാഴി. ഇറ മുപ്പത്തി അഞ്ച് നാഴി. ഇറൈ - ഇറ, സ്വരസംവരണം സംഭവിക്കാത്ത പദം. അഞ്ഞ് - അഞ്ച്.

അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം എന്നിവ സംഭവിച്ച പദം. സന്ധിയിൽ - മുപ്പത്തി + അഞ്ഞ് - മുപ്പത്തഞ്ഞ്, ഇകാരലോപം.

**ഇറൈ** - ഇറ, നികുതി, സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊടുക്കടവിയർ** - കൊടു + കടവിയ + അർ, കൊടു - കൊടുക്ക, അർ - ബഹുവചന പ്രത്യയം. കൊടുക്കാൻ അവർ കടപ്പെട്ടിരിക്കുന്നു.

**ഇപ്പുരൈയെടത്തിൽച്ചെന്റു** - ഇ + പുരൈ + എടം + അത്ത് + ഇൽ + ചെന്റു, ഈ പുരയിടത്തിൽ ചെന്ന്. ഇ - ഈ, ചുട്ടെഴുത്ത്. പുരൈ - പുര, സ്വരസംവരണം സംഭവിച്ച പദം. എടം - ഇടം, സ്ഥലം, വർണ്ണവികാരം ഇ/എ വിനിമയം. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം. ചെന്റു - ചെന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - ഇ + പുരൈ - ഇപ്പുരൈ, പകാര ദ്വിത്വം. പുരൈ + എടം - പുരൈയെടം, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. അത്ത് + ഇൽ - അത്തിൽ, സംവൃതോകാരലോപം.

**പുക്കു വിലക്കുമവനു** - പുക്കു + വിലക്കും + അവനു, പ്രവേശനം തടസ്സപ്പെടുത്തുന്നവന്.

**പൊരുൾ കവരുമവനു** - പൊരുൾ + കവരും + അവനു, പൊരുൾ കവരുന്നവന്.

**അയമ്പത്തിരുക്കഴഞ്ചു പൊൻ** - അയമ്പത്തിരു + കഴഞ്ചു + പൊൻ, അമ്പത്തിരണ്ടു കഴഞ്ചു പൊന്ന്. അയമ്പത്തിരു - അമ്പത്തിരണ്ട്. കഴഞ്ചു - കഴഞ്ച്, അനുനാസികാതിപ്രസരം സംഭവിക്കാത്തതും സ്വരസംവരണം സംഭവിച്ചതുമായ പദം. സന്ധിയിൽ - അയമ്പത്തിരു + കഴഞ്ചു - അയമ്പത്തിരുക്കഴഞ്ചു, കകാര ദ്വിത്വം.

#### 4.2.1.45 ഊരകം വട്ടെഴുത്തു ശിലാലിഖിതം

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**അരിയനൂർ മുക്കാൽവട്ടത്തുക്കൂടിയൂരാർ** - അരിയനൂർ + മുക്കാൽവട്ടം + അത്ത് + ഉ + കൂടി + ഊരാർ, അരിയനൂർ ക്ഷേത്രത്തിൽ ചേർന്ന് ഊരാരും. സന്ധിയിൽ - മുക്കാൽവട്ടത്തു + കൂടി - മുക്കാൽവട്ടത്തുക്കൂടി, കകാര ദ്വിത്വം.

**അവിരോതത്താർ ചെയ്ത** - അവിരോതം + അത്ത് + ആർ + ചെയ്ത, വിരോധമില്ലാതെ ചെയ്ത. അവിരോതം - അവിരോധം, തത്ഭവം. ആർ - ആൽ, പ്രയോജികാവിഭക്തി പ്രത്യയം.

**കച്ചമാവതു** - കച്ചം + ആവതു, കച്ചം ആകുന്നത്.

**പടാരിയാരുടൈയ** - പടാരി + ആർ + ഉടൈയ, ഭട്ടാരകരുടെ ഉടമസ്ഥതയിലുള്ള. പടാരി - പടാര, ഭട്ടാര, തത്ഭവം, വർണ്ണവികാരം ഇ/അ വിനിമയം. ആർ - ബഹുവചന പ്രത്യയം. ഉടൈയ - ഉടയ, സംബന്ധികാവിഭക്തി പ്രത്യയം, സ്വരസംവരണം സംഭവിക്കാത്ത പദം.

**നിച്ചനവൈയായുള്ളയെതുവെക്കാമതു** - നിച്ചന + വൈയാ + ഉള്ള + എതു + വെക്കാം + അതു, നിത്യേനെ വെക്കാറുള്ളതു വെക്കാം. നിച്ചന - നിത്യേന, തത്ഭവം. വൈയാ - വയ്, വയ്ക്കാൻ, സ്വരസംവരണം സംഭവിക്കാത്ത പദം. എതു - ഏതു. സന്ധിയിൽ - വൈയാ + ഉള്ള - വൈയായുള്ള, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഉള്ള + എതു - ഉള്ളയെതു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പുന്നിരു മാലിയമും** - പുന്നിരു മാല്യവും. മാലിയം - മാല്യം, തത്ഭവം.

**നന്താവിളക്കും** - നന്താവിളക്കും.

**ഒഴുക്കവിയുന്നാൾ** - ഒഴുക്കവിയും + നാൾ, ഒഴുക്കവിയുന്ന നാളിൽ. സന്ധിയിൽ - മകാരത്തിന് നകാരാദേശം.

**പതുകും** - പതുക് + ഉം, പതുകും.

**പാരതമുതു കൂത്തും** - പാരതമുതു + കൂത്ത് + ഉം, ഭാരതം മുതു കൂത്തും. പാരതം - ഭാരതം, തത്ഭവം.

**പലിയുന്തച്ചുമിവൈ** - പലി + ഉം + തച്ച് + ഇവൈ, ബലിയും ഇട്ട് ഇവ. പലി - ബലി, തത്ഭവം. തച്ച് - അടിച്ച്, ഇട്ട്. ഇവൈ - ഇവ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഒൻപതും** - ഒമ്പതും.

**വിലക്കപ്പെറാർ** - വിലക്ക + പെറാർ, വിലക്കാൻ പാടില്ല. സന്ധിയിൽ പകാര ദ്വിത്വം.

**വിലക്കുവോർ** - വിലക്കും + ഓർ, വിലക്കുന്നവർ. ഓർ - അവർ. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**മൂഴിക്കളത്തെഴുക്കവിച്ച** - മൂഴിക്കളത്ത് + എഴുക്കവിച്ച, മൂഴിക്കളത്ത് എഴുതി വച്ച.

**പുത്തെവിമെച്ചെരാ** - പുത്തെവി + അമെച്ചെ + രാ, പുത്തേവി ഏർപ്പാടാക്കിയ. അമെച്ച - അമച്ച, വർണ്ണവികാരം അ/എ വിനിമയം.

### 4.2.1.46 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 1

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**കർകടകത്തിൽ വിയാഴന്നിന്റ** - കർകടകം + അത്ത് + ഇൽ + വിയാഴം + നിന്റ, കർക്കടകത്തിൽ വ്യാഴം നിന്ന. കർകടകം - പദമധ്യത്തിൽ ചില്ലക്ഷരത്തിന് പിൻവരുന്ന കകാരം ഇരട്ടിക്കുന്നില്ല. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം. വിയാഴം - വ്യാഴം, തത്ഭവം. നിന്റ - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ - വിയാഴം + നിന്റ - വിയാഴന്നിന്റ, മകാരത്തിന് നകാരാദേശം.

**കർകടക ഞായറ്റിൽ** - കർകടക + ഞായറ്റ് + ഇൽ, കർക്കടക മാസത്തിൽ. കർകടക - പദമധ്യത്തിൽ ചില്ലക്ഷരത്തിന് പിൻവരുന്ന കകാരം ഇരട്ടിക്കുന്നില്ല. ഞായറ്റ് - മാസം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഞായറ്റ് + ഇൽ - ഞായറ്റിൽ, സംവൃതോകാരലോപം.

**തിരുചുവപേരൂർ മുക്കാൽവട്ടത്തിരുന്നു** - തിരുചുവപേരൂർ + മുക്കാൽവട്ടം + അത്ത് + ഇരുന്ന്. തൃശ്ശിവപേരൂർ ക്ഷേത്രത്തിലിരുന്ന്. തിരുചുവപേരൂർ - തൃശ്ശിവപേരൂർ, തത്ഭവം. ഇരുന്നു - ഇരുന്ന്, താലവ്യാദേശം സംഭവിച്ച പദം.

**ഊരും ചമഞ്ചിതരുഞ്ചൊകിയാർ തിരുവടിയും** - ഊരും + ചമഞ്ചിതരും + ചോകിയാർ + തിരു + അടി + ഉം, ഊർ സഭയും സമഞ്ജിതരും യോഗിയാർ തിരുവടിയും. സന്ധിയിൽ - ചമഞ്ചിതരും + ചോകിയാർ - ചമഞ്ചിതരുഞ്ചൊകിയാർ, മകാരത്തിന് ഞകാരാദേശം. തിരു + അടി - തിരുവടി, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. അടി + ഉം - അടിയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പൊതുവാണ്മാരുങ്കൂടി** - പൊതുവാണ്മാർ + ഉം + കൂടി, പൊതുവാളന്മാരും ചേർന്ന്. പൊതുവാൾ - പൊതുവാൺ, വർണ്ണവികാരം ള/ണ വിനിമയം. സന്ധിയിൽ - പൊതുവാണ്മാരും + കൂടി - പൊതുവാണ്മാരുങ്കൂടി, മകാരത്തിന് ങകാരാദേശം.

**അവിരോതത്താലെ** - അവിരോതം + അത്ത് + ആൽ + എ, വിരോധമില്ലാതെ. അത്ത് - ഇടനില, ആൽ - പ്രയോജികാവിഭക്തി പ്രത്യയം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**തേവരിൻ പെൺകുലം കൂടി** - ദേവരുടെ പെൺകുലം ചേർന്ന്.

**കോട്ടുവായിരവേലിക്കച്ചത്തോടൊക്കുങ്കരയും** - കോട്ടുവായിരവേലി + കച്ചം + അത്ത് + ഓട് + ഒക്ക് + ഉം + കര + ഉം + വയല് + ഉം, കോട്ടുവായിരവേലിക്കച്ചത്തോട് ഒപ്പമായ കരയും വയലും. കോട്ടുവായിരവേലി - ഇത് ദേശനാമമാണ്. സന്ധിയിൽ - കോട്ടുവായിരവേലി + കച്ചം - കോട്ടുവായിരവേലിക്കച്ചം, കകാര ദ്വിത്വം. കച്ചത്ത് + ഓട് - കച്ചത്തോട്,

സംവൃതോകാരലോപം. കച്ചത്തോട് + ഒക്കും - കച്ചത്തോടൊക്കും, സംവൃതോകാരലോപം. കച്ചത്തോടൊക്കും + കര - കച്ചത്തോടൊക്കുങ്കര, മകാരത്തിന് ങകാരാദേശം. കര + ഉം - കരയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. വയല് + ഉം - വയലും, സംവൃതോകാരലോപം.

**എഴുതിയ കച്ചവോല കരണമാവതു** - എഴുതിയ + കച്ചം + ഓല + കരണം + ആവതു, എഴുതിയ കച്ചം ഓലക്കരണം ആകുന്നത്. കച്ചവോല - കച്ചമോല, വർണ്ണവികാരം മ/വ വിനിമയം.

**കോയിലും** - ക്ഷേത്രവും.

**പുക്കു തടുത്തവരൈയുഞ്ചെഴമാനൊരൈയും** - പുക്കു + തടുത്തവരൈ + ഉം + ചെഴമാന + ഓര് + എ + ഉം, പ്രവേശനം തടുത്തവരെയും ശേഷം ചെയ്തവരെയും. തടുത്തവരൈ - തടുത്തവരെ, സ്വരസംവരണം സംഭവിക്കാത്ത പദം. ചെഴമാന - ശേഷമാന, തത്ഭവം. ഓർ - അവർ. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. ഉം - സമുച്ചയനിപാതം.

**കോട്ടുവായിരവേലി കച്ചത്തിൽപ്പട്ടവണ്ണങ്കൊൾവിതു** - കോട്ടുവായിരവേലി + കച്ചം + അത്ത് + ഇൽ + പട്ട + വണ്ണം + കൊൾ + ഇതു, കോട്ടുവായിരവേലിക്കച്ചത്തിൽ ഏർപ്പാടാക്കിയ വിധം കൊള്ളണം. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം, പട്ട - പടുക, ഏർപ്പെടുത്തുക. വണ്ണം - വിധം. കൊള്ളണം - സ്വീകരിക്കണം, കൈകാര്യം ചെയ്യണം. സന്ധിയിൽ - കച്ചത്ത് + ഇൽ - കച്ചത്തിൽ, സംവൃതോകാരലോപം. കച്ചത്തിൽ + പട്ട - കച്ചത്തിൽപ്പട്ട, പകാര ദ്വിത്വം. വണ്ണം + കൊൾ - വണ്ണങ്കൊൾ, മകാരത്തിന് ങകാരാദേശം. കൊള് + ഇതു - കൊൾവിതു, വകാരാഗമം.

**ചിറൈക്കൽ** - ചിറക്കൽ, ദേശനാമം, സ്വരസംവരണം സംഭവിക്കാത്ത പദം.

**അകഴിലതരം** - അകഴ് + ഇൽ + അതരം, അതിരിൽ അനർത്ഥം. അകഴ് - അതിര്. ഇൽ - ആധാരികാവിഭക്തിപ്രത്യയം. അതരം - അനർത്ഥം.

**പണ്ണിനോരുമീ** - പണ്ണിന + ഓർ + ഉം + ഈ, ചെയ്തവരും ഈ. പണ്ണിന - പണ്ണിയ, ചെയ്ത, വർണ്ണവികാരം യ/വർത്സ്യ *ന*കാര വിനിമയം. ഓർ - അവർ. ഉം - സമുച്ചയ നിപാതം.

**കച്ചത്തോടൊക്കും** - കച്ചം + അത്ത് + ഓട് +□ഒക്കും - കച്ചത്തിന് സമമായിരിക്കും. അത്ത് - ഇടനില. ഓട് - സംയോജികാവിഭക്തി പ്രത്യയം.

### 4.2.1.47 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 2

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**മകരത്തിൽ വിയാഴന്നിൽക്ക** - മകരം + അത്ത് + ഇൽ + വിയാഴം + നിൽക്ക, വ്യാഴം മകരത്തിൽ നിൽക്കേ. സന്ധിയിൽ - മകരത്ത് + ഇൽ - മകരത്തിൽ, സംവൃതോകാരലോപം. വിയാഴം + നിൽക്ക - വിയാഴന്നിൽക്ക, മകാരത്തിന് ദന്ത്യ നകാരാദേശം.

**ചെയ്ത കരുമമാവതു** - ചെയ്ത + കരുമം + ആവതു, ചെയത കർമ്മം ആകുന്നത്.

തിരുച്ചുവപേരൂർ മുക്കാൽവട്ടത്തിരുന്നു - തിരുച്ചുവപേരൂർ + മുക്കാൽവട്ടം + അത്ത് + ഇരുന്ന്. തൃശ്ശിവപേരൂർ ക്ഷേത്രത്തിലിരുന്ന്. തിരുച്ചുവപേരൂർ - തൃശ്ശിവപേരൂർ, തത്ഭവം. ഇരുന്നു - ഇരുന്ന്, താലവ്യാദേശം സംഭവിച്ച പദം.

**മൂത്തരും** - മൂത്തവരും, മുതിർന്നവരും.

**ഇളയാരും** - ഇളയവരും.

**കോയില്ലും** - കോവിൽ അധികാരിയും.

**പൊതുവാളും** - പൊതുവാളും.

**കൂടി** - ചേർന്ന്.

**അവിരോതമായ്** - അവിരോതം + ആയ്, വിരോധമില്ലാതെ.

**ചേത** - ചെയ്ത.

**കരുമമാവതു** - കരുമം + ആവതു, കർമ്മം ആകുന്നത്.

**തേവൻ മാടം** - ദേവൻ മാടം, ശ്രീകോവിൽ, തത്ഭവം.

**ഏഴുപാടി** - ഏഴു + പാടി, ക്ഷേത്രശ്രീകോവിലിന്റെ ഒരു ഭാഗം.

**അകത്തും പുറത്തു കൊള്ളപ്പെറാർ** - അകം + അത്ത് + ഉം + പുറ + അത്ത് + ഉ + കൊള്ള + പെറാർ, അകത്തും പുറത്തും പ്രവേശിക്കാൻ പാടില്ല. സന്ധിയിൽ - കൊള്ള + പെറാർ - കൊള്ളപ്പെറാർ, പകാര ദ്വിത്വം.

**പുക്കുവിലക്കവും** - പ്രവേശനം വിലക്കുന്നതും.

**പൊരുൾ കവരവും** - മുതൽ കവരുന്നതും.

**പെറാർ** - പാടില്ല.

**കോട്ടുവായിരവേലി കച്ചം** - കോട്ടുവായിരവേലിയിലെ ഏർപ്പാട്.

**കച്ചമാവതു** - കച്ചം + ആവതു, കച്ചം ആകുന്നത്.

**തതൈ കൊൻറു** - അച്ഛനെ കൊന്ന്. തതൈ - തന്തൈ - തന്ത, അച്ഛൻ, സ്വരസംവരണം സംഭവിക്കാത്ത പദം. നകാരം ലോപിച്ചു. കൊൻറു - കൊന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത രൂപം.

**തായൈ കളത്തിരം** - അമ്മയെ ഭാര്യ. തായൈ - തായെ, അമ്മയെ, സ്വരസംവരണം സംഭവിക്കാത്ത പദം. കളത്തിരം - കളത്രം, ഭാര്യ, തത്ഭവം.

**വച്ചാർ** - വച്ചവർ.

**ഇപ്പണ്ണുവർ** - ഇ + പണ്ണുവർ, ഈ ചെയ്യുന്നവർ. സന്ധിയിൽ പകാര ദ്വിത്വം.

**അവനും** - അവൻ.

**അനുപന്തം** - അനുബന്ധം, സഹായം, തത്ഭവം.

**പണ്ണുമവന്നും** - ചെയ്യുന്നവനും.

**അതുവേ കച്ചം** - അതുതന്നെ ഏർപ്പാട്.

**അട്ടും അരിയും ചോറും** - നൽകുന്ന അരിയും ചോറും.

**കവരുമവനും** - കവരും + അവനും, കവരുന്നവനും.

**അതുവേ കച്ചം** - അതുതന്നെ ഏർപ്പാട്.

**യി കച്ചം** - ഈ കച്ചം.

**പിഴൈച്ചവൻ** - പിഴച്ചവൻ, സ്വരസംവരണം സംഭവിക്കാത്ത പദം.

**തെവനുള്ളതുമൈയിതും** - തേവന് + ഉള്ള + അത് + ഉം + അമൈ + ഇതും, തേവന് - ദേവന്, തത്ഭവം. ദേവനുള്ളതും ഏർപ്പാടാക്കിയതും. സന്ധിയിൽ - തേവന് + ഉള്ള - തേവനുള്ള, സംവൃതോകാരലോപം. അത് + ഉം - അതും, സംവൃതോകാരലോപം. അമൈ + ഇതും - അമൈയിതും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കോയിൽ കൊള്ളക്കടവരും** - കോയിൽ + കൊള്ള + കടവർ + ഉം, ക്ഷേത്രത്തിൽ പ്രവേശിക്കുന്നവരും. സന്ധിയിൽ - കൊള്ള + കടവർ - കൊള്ളക്കടവർ, കകാര ദ്വിത്വം.

**അനുപന്തം പണ്ണുമവന്നും** - അനുപന്തം + പണ്ണും + അവന്ന് + ഉം, അനുബന്ധം ചെയ്യുന്നവനും. അനുപന്തം - അനുബന്ധം, തത്ഭവം.

**അതുവേ കച്ചം** - അതുതന്നെ ഏർപ്പാട്.

**മുക്കാൽവട്ടത്തു ചെല്ലും ചെലവും** - ക്ഷേത്രത്തിലെ ചെല്ലും ചെലവും.

**ഇക്കച്ചം പിഴൈച്ചവനൈ** - ഇ + കച്ചം + പിഴൈച്ച + അവനൈ, ഈ ഏർപ്പാട് പിഴച്ചവനെ. ഇ - ഈ, ചുട്ടെഴുത്ത്. പിഴൈച്ച - പിഴച്ച, സ്വരസംവരണം സംഭവിക്കാത്ത പദം. അവനൈ - അവനെ, സ്വരസംവരണം സംഭവിക്കാത്ത പദം.

**കോയിൽ പൊലിക്ക കടവിയർ** - ക്ഷേത്രത്തിലേക്ക് പിഴ നൽകിക്കാൻ അവർ കടപ്പെട്ടിരിക്കുന്നു.

**4.2.1.48 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 3**

**മുല്ലൈപ്പള്ളി** - മുല്ലപ്പള്ളി, സ്വരസംവരണം സംഭവിക്കാത്ത പദം.

**കണ്ണൻ ചുവരനിടുവിച്ച കല്ല്** - കണ്ണൻ + ചുവരൻ + ഇടുവിച്ച + കല്ല്, കണ്ണൻ സുവരൻ പണിയിച്ച കല്ല്. ചുവരൻ - സുവരൻ, തത്ഭവം.

**4.2.1.49 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 4**

**ചേകരോനാട്ടു** - ചേകരോ + നാട്ടു, ശേഖരനാട്ടു. ചേകരോ - ശേഖര, തത്ഭവം.

**കണ്ടൻ ഇരവിയിടുവിച്ച കൽ** - കണ്ടൻ + ഇരവി + ഇടുവിച്ച + കൽ, കണ്ടൻ രവി പണിയിച്ച കല്ല്.

**4.2.1.50 ചേന്ദമംഗലം കൃഷ്ണക്ഷേത്രം വട്ടെഴുത്തു ശിലാലിഖിതം**

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**പറൈയൂർ** - പറയൂർ, ഇന്നത്തെ പറവൂരിന്റെ പഴയ പേര്, സ്വരസംവരണം സംഭവിക്കാത്ത ദേശനാമം.

**ഊരാരും** - ഊര് + ആർ + ഉം, ഊരാളന്മാരും. ആർ - ബഹുവചന പ്രത്യയം. ഉം - സമുച്ചയ നിപാതം.

**പരടൈയാരും** - പരടൈ + ആർ + ഉം, പരിഷ സഭയിലെ അധികാരിയും. പരടൈ - പരട, പരിഷ, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം. ആർ - ബഹുവചന

പ്രത്യയം. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - പരദൈ + ആർ - പരദൈയാർ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പൊതുവാളും** - പൊതുവാളും.

**അവിരോതതാത്തിരുക്കൈക്കീഴ്ക്കൂടിയിരുന്തു** - അവിരോതം + അതാ + തിരു + കൈ + കീഴ് + കൂടി + ഇരുന്തു, വിരോധമില്ലാതെ തൃക്കൈക്കീഴിൽ കൂടിയിരുന്നു. അവിരോതം - അവിരോധം, വിരോധമില്ലാതെ, തത്ഭവം. അതാ - അത്ത് + ആൽ - അത്താൽ, അത്തെന്ന ഇടനിലയും ആലെന്ന പ്രയോജികാവിഭക്തിപ്രത്യയവും ചേർന്ന് അത്താൽ, അതിന് അന്ത്യാക്ഷരങ്ങൾക്ക് ലോപം വന്ന്, അത്താ, അതാ.

**എഴുതി*ന*** - എഴുതിയ, വർണ്ണവികാരം യകാര/വർത്സ്യ *ന*കാര വിനിമയം

**കച്ചമാവതു** - കച്ചം + ആവതു, കച്ചം ആകുന്നു.

**ചങ്കരനാരായണൻ** - ശങ്കരനാരായണൻ, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത വ്യക്തിനാമം.

**അട്ടുവിച്ചു കൊണ്ട** - ഏർപ്പാടാക്കിച്ചു കൊണ്ട. കൊണ്ട - സ്വീകരിച്ച.

**പു*ന്നൈ* കാടും** - പുന്ന കാടും. പുന്നൈ - പുന്ന, സ്വരസംവരണം സംഭവിക്കാത്ത പദം.

**പുലയന്നടൈപ്പു*ന്നു*ക്കു** - പുലയൻ + നടൈ + പുന്ന് + ഉ + ക്കു, പുലയൻ നടയിലെ പുന്നിന്. പുലയൻ - കേരളത്തിലെ പ്രാചീനരായ കൃഷി ജോലിക്കാർ. നടൈ - നട, സ്വരസംവരണം സംഭവിക്കാത്ത പദം. ഉ, ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയങ്ങൾ. പുന്ന - ചുറ്റിലും വെള്ളം കെട്ടി നിൽക്കുന്ന കൃഷി നിലം. സന്ധിയിൽ - പുലയൻ + നടൈ - പുലയന്നടൈ, വർത്സ്യ *ന*കാരത്തിന് ദന്ത്യ നകാരാദേശം. പുലയന്നടൈ + പുന്ന് - പുലയന്നടൈപ്പുന്ന്, പകാര ദ്വിത്വം.

**കുടുക്കക്കടവിയ** – കുടുക്ക + കടവിയ, കൊടുക്കാൻ കടപ്പെട്ട. കുടുക്ക – കൊടുക്ക, കൊടുക്കാൻ, ഖിലോപസംഗ്രഹം സംഭവിച്ച പദം. വർണ്ണവികാരം ഒ/ഉ വിനിമയം. സന്ധിയിൽ കകാര ദ്വിത്വം.

**ഇറൈയാവതു** – ഇറൈ + ആവതു, ഇറ ആകുന്നത്. ഇറൈ – ഇറ, സ്വരസംവരണം സംഭവിക്കാത്ത പദം. ആവതു – ആകുന്നു. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ആട്ടു അറുപതു പങ്കു നൈയ്യാട്ടക്കടവൻ** – ആട്ടു + അറുപതു + പങ്കു + നൈയ് + ആട്ട + കടവൻ, വർഷത്തിൽ അറുപതു പങ്കു നെയ്യ് നൽകുന്നതിന് അവൻ കടപ്പെട്ടിരിക്കുന്നു. ആട്ടു – ആണ്ട്. പങ്കു – കൂറ്. നൈയ് – നെയ്യ്, സ്വരസംവരണം സംഭവിക്കാത്ത പദം. ആട്ട – അട്ടുക, നൽകുക. കടവൻ – കടപ്പെട്ടവൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. സന്ധിയിൽ – നൈയ് + ആട്ട – നൈയ്യാട്ട, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ആട്ട + കടവൻ – ആട്ടക്കടവൻ, കകാര ദ്വിത്വം.

**ഇപ്പൂമിയിർ** – ഇ + പൂമി + ഇർ, ഈ ഭൂമിയിൽ. ഇ – ഈ, ചുട്ടെഴുത്ത്. പൂമി – ഭൂമി, തത്ഭവം. ഇർ – ഇൽ, ആധാരികാവിഭക്തി പ്രത്യയം.

**പുക്കുവിലക്കുവിതും** – പുക്കു + വിലക്കു + ഇത് + ഉം, പ്രവേശനം തടയുന്നതും. സന്ധിയിൽ – വിലക്കു + ഇത് – വിലക്കുവിത്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**പൊരുൾ കവരവിതും** – പൊരുൾ + കവര് + ഇതും, മുതൽ കവരുന്നതും.

**മറ്റുതാനും** – മറ്റുള്ളവയും.

**അവ്വൂരിലിരുങ്കുടികളൈയാക** – അ + ഊര് + ഇൽ + ഇരും + കുടികളൈ + ആക, ആ ഊരിലുള്ള കുടികളെ ആകെ. അ – ആ, ചുട്ടെഴുത്ത്. ഇൽ – ആധാരികാവിഭക്തി പ്രത്യയം. ഇരും – ഇരുക്കും, അക്ഷരലോപം വന്ന പദം. കുടികളൈ – കുടികളെ, സ്വരസംവരണം സംഭവിക്കാത്ത പദം. ആക – ആകെ,

വർണ്ണവികാരം എ/അ വിനിമയം. സന്ധിയിൽ - അ + ഊര് - അവ്വൂര്, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം, അതിന് ദ്വിത്വം. ഊര് + ഇൽ - ഊരിൽ, സംവൃതോകാരലോപം. ഇരും + കുടികളൈ - ഇരുങ്കുടികളൈ, മകാരത്തിന് ങകാരാദേശം. കുടികളൈ + ആക - കുടികളൈയാക, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഒരു നൻമൈത്തിമ്മൈ** - ഒരു + നന്മൈ + തിമ്മൈ - ഒരു നന്മ തിന്മ. നന്മൈ - നന്മ, സ്വരസംവരണം സംഭവിക്കാത്ത പദം. തിമ്മൈ - തിമ്മ, തിന്മ, സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം വർത്സ്യ *ന*കാര/മ കാരവിനിമയം. സന്ധിയിൽ - നന്മൈ + തിമ്മൈ - നൻമൈത്തിമ്മൈ, തകാര ദ്വിത്വം.

**ചൈയ്യവും പെറാർ** - ചൈയ് + അ + ഉം + പെറാർ, ചെയ്യാനും പാടില്ല. ചൈയ് - ചെയ്യ്, സ്വരസംവരണം സംഭവിക്കാത്ത പദം. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - ചൈയ് + അ - ചൈയ്യ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ചൈയ്യ + ഉം - ചൈയ്യവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ഊരാരും** - ഊരാളരും.

**പൊരുടൈയാരും** - പൊരുടൈ + ആർ + ഉം, പരിഷ സഭയുടെ അധികാരിയും. പൊരുടൈ - പരുടൈ - പരുട - പരിട - പരിഷ, തത്ഭവം. സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം അ/ഉ, ഇ/ഉ വിനിമയം.

**പൊതുവാളും** - പൊതുവാളും.

**ഇവ്വമൈച്ച** - ഇ + അമൈച്ച, ഈ ഏർപ്പാടാക്കിയ. ഇ - ഈ, ചുട്ടെഴുത്ത്. അമൈച്ച - ഏർപ്പാടാക്കിയ. അനുനാസികാതിപ്രസരംവും താലവ്യാദേശവും സംഭവിച്ചതും സ്വരസംവരണം സംഭവിക്കാത്തതുമായ പദം. സന്ധിയിൽ സ്വരസംവരണം ഒഴിവാക്കാൻ വകാരാഗമം, അതിന് ദ്വിത്വം.

**അറുപതു പങ്കു നൈയ്യും അട്ടാണ്ടു അട്ടക്കടവിയതു** - അറുപതു + പങ്കു + നൈയ് + ഉം + അട്ട് + ആണ്ടു + അട്ട + കടവി + അതു, അറുപതു പങ്കു നെയ്യും

വർഷാവർഷം നൽകുന്നതിന് കടപ്പെട്ടിരിക്കുന്നു. നൈയ് - നെയ്, സ്വരസംവരണം സംഭവിക്കാത്ത പദം. അട്ട് - വർഷം, ആണ്ടിന് അക്ഷരലോപം വന്ന് അട്ട്. അട്ട് - അട്ടുക - നൽകുക. സന്ധിയിൽ - നൈയ് + ഉം - നൈയ്യും, സ്വരസംവരണം ഒഴിവാക്കാൻ യകാരാഗമം. അട്ട് + ആണ്ടു - അട്ടാണ്ടു, സംവൃതോകാരലോപം. അട്ട + കടവി - അട്ടക്കടവി, കകാര ദ്വിത്വം. കടവി + അതു - കടവിയതു, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**തങ്കൾ** - തം + കൾ, തങ്കൾ, തങ്ങൾ. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**കുറൈവിനാൽ** - കുറൈവ് + ഇൻ + ആൽ, കുറവിനാൽ. കുറൈവ് - കുറവ്, സ്വരസംവരണം സംഭവിക്കാത്ത പദം. ഇൻ - ഇടനില. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ - കുറൈവ് + ഇൻ - കുറൈവിൻ, സംവൃതോകാരലോപം.

**അട്ടാതൊഴികിൽ** - അട്ടാതെ + ഒഴിക + ഇൽ, നൽകാതെ ഒഴിവായാൽ. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**മുട്ടിരിട്ടി കൊള്ളവേണ്ടും** - മുട്ട് + ഇരട്ടി + കൊള്ള + വേണ്ടും, മുടങ്ങിയതിന്റെ ഇരട്ടി സ്വീകരിക്കേണ്ടതാണ്. കൊള്ള - കൊൾക, സ്വീകരിക്കുക. സന്ധിയിൽ - മുട്ട് + ഇരട്ടി - മുട്ടിരിട്ടി, സംവൃതോകാരലോപം.

**ഏറിന** - ഏറിയ, വർണ്ണവികാരം യകാര/വർത്സ്യ *ന*കാര വിനിമയം.

**നൈയ്** - നെയ്, സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊള്ളവേണ്ടുമെന്റു** - കൊള്ള + വേണ്ടും + എന്റ് + ഉ, സ്വീകരിക്കണം എന്ന്. എന്റ് - എന്ന്, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ചൊല്ലപ്പെറാർ ഊരാള*ന്*ും പരടൈയാരും പൊതുവാളും** - ചൊല്ല + പെറാർ + ഊരാളൻ + ഉം + പരടൈയാർ + ഉം + പൊതുവാൾ + ഉം, ഊരാളനും പരിഷസഭയിലെ അധികാരിയും പൊതുവാളും പറയാൻ പാടില്ല. ചൊല്ല -

ചൊല്ലാൻ, പറയാൻ. പെറാർ - അവർ പാടില്ല. ചൊല്ലപ്പെറാർ - ഖിലോപസംഗ്രഹം സംഭവിച്ച പദം. പരടൈയാർ - പരിഷസഭയിലെ അധികാരി, സ്വരസംവരണം സംഭവിക്കാത്ത പദം. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - ചൊല്ല + പെറാർ - ചൊല്ലപ്പെറാർ, പകാര ദ്വിത്വം.

### 4.2.1.51 പറപ്പൂർ പെരുഞ്ചാല കോത കണ്ണൻ വട്ടെഴുത്തു ലിഖിതം

**സ്വസ്തി ശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**ചങ്കറഴകന്റൂറരുൻ** - ചങ്കറഴകന്റ + ഉർ + അർ + ഉൻ, ശങ്കരഴകന്നൂരാരും. ചങ്കറഴകന്റ - ശങ്കരഴകന്ന്, തത്ഭവം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ഉർ - ഊർ. അർ - ബഹുവചനപ്രത്യയം. ഉൻ - അൻ, പുല്ലിംഗ ഏകവചന പ്രത്യയം.

**ലാലുതലുരു** - ലാലുതൽ + ഉര് + ഉ, ലാലുതലൂര്. ഉര് - ഊര്, ഊർ. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഇതരൈതു പൂമി** - ഇതരൈ + അതു + പൂമി, ഇതരൈ - ഈ പറഞ്ഞ, സ്വരസംവരണം സംഭവിക്കാത്ത പദം. അതു - അത്. പൂമി - ഭൂമി, തത്ഭവം. സന്ധിയിൽ - ഇതരൈ + അതു - ഇതരൈതു, ഉത്തരപദാദിയിലെ അകാരലോപം.

**കോതകണ്ണ*നാ*വണ്ണം ചെയ്ത നാൾ** - കോത + കണ്ണൻ + ആ + വണ്ണം + ചെയ്ത + നാൾ, ഗോദ കണ്ണൻ ആ വിധം ചെയ്ത ദിവസം. കോതകണ്ണൻ - ഗോദകണ്ണൻ, തത്ഭവം. വണ്ണം - വിധം, പ്രകാരം. നാൾ - ദിവസം.

**മു*ന്നം*** - മുന്നെ.

**തിരുക്കൈക്കീഴു** - തിരു + കൈ + കീഴ് + ഉ, തൃക്കൈക്കീഴ്, ഭഗവദ് സന്നിധിയിൽ. തത്ഭവം. കൈ - കയ്യ്, സ്വരസംവരണം സംഭവിക്കാത്ത പദം. കീഴ് - കീഴെ. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഇനി മുതലാക** - ഇനി + മുതൽ + ആക, ഇനി മുതലായി. ആക - ആയി.

**ചെലും** - ചെല് + ഉം. ചെല്ലും. ചെല്ലേണ്ടുന്ന, ക്ഷേത്രത്തിൽ എത്തേണ്ടുന്ന. അശ്രദ്ധമൂലം ലകാരം ഇരട്ടിച്ചിട്ടില്ല. ഉം - സമുച്ചയ നിപാതം.

**മു*ന്ന*മൊള്ള** - മുന്നം + ഒള്ള, മുന്നെ ഉള്ള. ഒള്ള - ഉള്ള, വർണ്ണവികാരം ഉ/ഒ വിനിമയം.

**ചെലവുതിൻകലിലാൽ** - ചെലവു + ഇത് + ഇൻ + കൽ + ഇൽ + ആൽ, ചെലവ് ഇതിലുള്ളതു കൊണ്ട്. ഇൻ - ഇടനില, കൽ - ആധാരികാവിഭക്തിപ്രത്യയം, ഇൽ - ആധാരികാവിഭക്തി പ്രത്യയം, ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**മു*ന്ന*മിവകക്കു** - മുന്നം + ഇവക + ക്കു, മുന്നെ ഇവയ്ക്ക്. ഇവക - ഇവ, ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

### 4.2.1.52 പറപ്പൂർ പെരുഞ്ചാല വട്ടെഴുത്തു ലിഖിതം - 2

**തലക്കൽ** - തല + കൽ, തലക്കൽ, സന്ധിയിൽ കകാര ദ്വിത്വം.

**അവെതിങ്ങ(കൾ)** - അവ മാസം. അവെ - അവ, വർണ്ണവികാരം അ/എ വിനിമയം.

**ചെലുത്തക്കടവിയ*നാ*ക്കു** - ചെലുത്ത + കടവിയൻ + ആക്കു, ചെലുത്താൻ അവൻ കടപ്പെട്ടവനാകുന്നു. കടവിയൻ - കടപ്പെട്ടവൻ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പടാരകകു** - പട്ടാരക + കു, ഭട്ടാരകർക്ക്, പട്ടാരക - ഭട്ടാരക, ഭട്ടാരകൻ, തത്ഭവം. കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

**അന്നെൽ** - അ + നെൽ, ആ നെല്ല്. അ - ആ, ചുട്ടെഴുത്ത്. സന്ധിയിൽ നകാര ദ്വിത്വം.

**മു*ന്നി*ൽ** - മുമ്പിൽ, നേരിട്ട്, ആദ്യം.

**പൊതുവാളൈ** - പൊതുവാളെ, സ്വരസംവരണം സംഭവിക്കാത്ത പദം.

**ഊരാളരൈക്കടവിയർ** - ഊരാളരൈ + കടവിയർ, ഊരാളരെ അവർ കടപ്പെട്ടിരിക്കുന്നു. ഊറാളരൈ - ഊരാളരെ, സ്വരസംവരണം സംഭവിക്കാത്ത പദം. കടവിയർ - കടപ്പെട്ടവർ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ഇത്ത(ണ്ട)മെ** - ഇ + തണ്ടം + എ, ഈ ദണ്ഡം തന്നെ. ഇ - ഈ, ചുട്ടെഴുത്ത്. തണ്ടം - ദണ്ഡം, തത്ഭവം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**(പിഴൈച്ചാ)ൽ** - പിഴൈച്ച് + ആൽ, പിഴച്ചാൽ. പിഴൈച്ച് - പിഴച്ച്, സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**4.2.1.53 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 1**

**(വർ)മർ തിരുവടി** - വർമർ + തിരു + അടി, വർമർ തിരുവടി, ആരാധ്യനായ ഒരു കുലശേഖര രാജാവിന്റെ പേര് പറയുന്നു. സന്ധിയിൽ - തിരു + അടി - തിരുവടി, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ഇരുപതിൻ** - ഇരുപത്.

**(അ)മരുമന്റു** - അമരും + അന്റു, അമരും അന്ന്. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**പുറത്തൂരും** - പുറത്ത് + ഊർ + ഉം, പുറത്തൂരും. സന്ധിയിൽ രണ്ടിടത്തും സംവൃതോകാരലോപം.

**ഇതൈയ്ക്ക്** - ഇതിന്. സ്വരസംവരണം സംഭവിക്കാത്ത പദം.

**പരാത്തികളൈ** - പരാത്തികളെ, അർത്ഥം വ്യക്തമല്ല. സ്വരസംവരണം സംഭവിക്കാത്ത പദം.

**ഒള്ള** - ഉള്ള, വർണ്ണവികാരം ഉ/ഒ വിനിമയം.

**കരാളൻ** - കാരാളൻ, വർണ്ണവികാരം ആ/അ വിനിമയം.

**ഊർ** - ഊര്.

**4.2.1.54 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 2**

**ഐയ്യൻ** – അഞ്ച് എന്ന സംഖ്യാവാചിയിലാരംഭിക്കുന്ന പദം. സ്വരസംവരണം സംഭവിക്കാത്ത പദം.

**കടിമ്പമളിളും** – കടിമ്പം അളിളും, അർത്ഥം വ്യക്തമല്ല.

**പടിക** – പടിക, അർത്ഥം വ്യക്തമല്ല.

**മേലു** – മേലെ.

**ചേരിയും** – ചേരി + ഉം, ചേരിക്കൽ ഭൂമിയും. സന്ധിയിൽ – സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മുന്റുമടു** – മുന്റും + അടു, മുന്നെ അട്ടുക. മുന്റു – മുന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ചെയിചുവുള്ളം** – ചെയിചു + ഉള്ളം, ചെയ്യിച്ചു ഉള്ളം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**4.2.1.55 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 3**

**മാമതു** – ആമതു, ആകുന്നത്.

**നരകും** – നരകും, അർത്ഥം വ്യക്തമല്ല.

**തയാവളത്തൂരലു** – തയാവളത്തൂരലും, ഒരു ഊരിന്റെ പേരാണിത്. മുന്നക്ഷരങ്ങൾ നഷ്ടമായി.

**4.2.1.56 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 4**

**അടി** – അടി, തുടർച്ച ലഭിക്കാത്തതിനാൽ ഈ വാക്കിന്റ പ്രയോഗാർത്ഥം അറിയാൻ കഴിയുന്നില്ല.

**ഊരാ** – ഊരാർ, ഊരാളൻ.

**ചൂണ്ണാനുളടി** - ചൂണ്ണ + ആൻ + ഉൾ + അടി, ചൂണ്ണാൻ ഉൾ അടി. ചൂണ്ണാൻ - ഇത് മറ്റൊരു വാക്കിന്റെ തുടർച്ചയാണ്, പുരഷഭേദനിരാസം സംഭവിക്കാത്ത പദം. ഉൾ - ഇൽ, ആധാരികാവിഭക്തി പ്രത്യയം. അടി - തുടർച്ച ലഭിക്കാത്തതിനാൽ ഈ വാക്കിന്റ പ്രയോഗാർത്ഥം അറിയാൻ കഴിയുന്നില്ല.

**മാണ്ടു** - മ് + ആണ്ടു, വർഷം.

**മളവിടു** - മ + അളവ് + ഇടു, എന്തിന്റെയോ അളവിനെക്കുറിച്ച് പറയുന്നു.

**4.2.1.57 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 5**

**ഈ കോയിലും** - ഈ ക്ഷേത്രവും.

**മേൽപാടുമള** - മേൽപാടു.

**വാമെമ്മിളി** - വാം + എ + മിളി. എന്ന വയൽ.

**പുത്തലൂ(ര)** - പുത്തലൂർ

**ആ മുന്നൂറ്റു നാഴി നെൽ** - ആ മുന്നൂറു നാഴി നെല്ല്.

**ക്കുടി** - ക് + കുടി, താമസസ്ഥലം.

**4.2.1.58 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം - 6**

**നാലും** - അതിനാലും മുതലായ അർത്ഥത്തിൽ. അപൂർണ്ണമാണീ ലിഖിത ഭാഗം.

**ഇളയമങ്ങാ** - ഇളയമങ്ങാ എന്നാരംഭിക്കുന്ന സ്ഥലനാമം. അനുനാസികാതിപ്രസരം സംഭവിച്ച പദം.

**നാചൊന്നു** - പറഞ്ഞു എന്ന അർത്ഥത്തിൽ. അപൂർണ്ണമാണീ ലിഖിത ഭാഗം.

**ചൈതിച്ചലായുള്ളിന** - ചെയതു വച്ചാൽ ഉള്ളിലുള്ള.

**ഐമ്മ** - അമ്പത്, സ്വരസംവരണം സംഭവിക്കാത്ത പദം.

**തിമ്മൈ ചൈയിന** - തിന്മ ചെയ്യുന്ന. തിമ്മൈ - തിന്മ, സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം വർത്സ്യ *ന*കാരം/മ വിനിമയം.

***ന*ുള്ളലയച്ചമ** - നുള്ളൽ + അമച്ച, ഏർപ്പാടാക്കിയ. അമച്ച - അനുനാസികാതിപ്രസരവും സ്വരസംവരണവും സംഭവിച്ച പദം.

**ചെലവു** - ചെലവ്.

**ഊരാ** - ഊരാളൻ.

**ലുളവായ** - ൽ + ഉളവായ, ഉളവായ.

**ചൈമുണ** - സ്വരസംവരണം സംഭവിക്കാത്ത പദം. അർത്ഥം വ്യക്തമല്ല.

***ന*ുൾ** - ഉൾ, അപൂർണ്ണലിഖിതത്തിലെ ഒരു വാക്കിന്റെ തുടർച്ചയാണിത്.

**4.2.1.59 പെരുമനം ക്ഷേത്ര വട്ടെഴുത്തു ശിലാലിഖിതം – 7**

**മുൻ** - മുമ്പ്.

**മണ്ണി*ന*ാ** - മണ്ണിനാൽ.

**(ഇ)തിൻക(ല)** - ഇതിൻകൽ.

**പുതു** - പുതിയ.

**അവുടു** - അവിടെ, വർണ്ണവികാരം, ഇ/ഉ വിനിമയം, ഉ/എ വിനിമയം.

**4.2.1.60 താഴേക്കാട് ശിവക്ഷേത്ര വട്ടെഴുത്തു ലിഖിതം**

**ഇവ്വാരാത*ന*യും** - ഇ + ആരാതന + ഉം, ഈ ആരാധനയും. ആരാതന - ആരാധന, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ആരാതനൈത്തുത്തമച്ച** - ആരാതനൈ + അത്ത് + ഉ + അമച്ച, ആരാധനയ്ക്ക് ഏർപ്പാടാക്കിയ. ആരാതനൈ - ആരാധന, സ്വരസംവരണം സംഭവിക്കാത്ത പദം.

**പൂമിയും** - പൂമി + ഉം, ഭൂമിയും. പൂമി - ഭൂമി, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**4.2.1.61 വീരരാഘവപ്പട്ടയം വട്ടെഴുത്തു ചെമ്പോല**

**ഹരിശ്രീ മഹാഗണപതെ നമ** - ഗണപതി വന്ദനം. പൊതുവിൽ വട്ടെഴുത്തു ശാസനങ്ങൾ ആരംഭിക്കുന്നതിൽ നിന്നും ഭിന്നമാണിവിടത്തെ രീതി.

**ശ്രീ പൂപാല നരപതി** - ശ്രീ ഭൂപാല നരപതി, രാജാധി രാജൻ. പൂപാല - ഭൂപാല, തത്ഭവം.

**ശ്രീ വീരകേരള ശക്രവർത്തി** - ശ്രീ കേരള ചക്രവർത്തി. ശക്രവർത്തി - ചക്രവർത്തി, വർണ്ണവികാരം ച/ശ വിനിമയം.

**ആതിയായി** - ആതി + ആയി, ആദ്യമായി. ആതി - ആദ്യം, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മുറമുറൈയെ** - മുറമുറയായി, തുടർച്ചയായി, സ്വരസംവരണം സംഭവിക്കാത്ത പദം.

**പലനൂറായിരത്താണ്ടു** - പല + നൂറ് + ആയിരം + അത്ത് + ആണ്ട് + ഉം, പല നൂറായിരം വർഷങ്ങൾ.

**ചെങ്കോൽ നടത്തായി നിന്റ്** - ചെങ്കോൽ നടത്താനായി നിന്ന. നിന്റ് - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ശ്രീ വീരരാഘവ ചക്രവർത്തിക്കു** - ശ്രീ വീരരാഘവ ചക്രവർത്തിക്ക്. പദാന്ത്യത്തിലെ ക്കു ഉദ്ദേശികാവിഭക്തി പ്രത്യയം.

**തിരുവീരാച്യം** - തിരു + ഈ + രാച്യം, ആരാധ്യമായ ഈ രാജ്യം. രാച്യം - രാജ്യം, തത്ഭവം. സന്ധിയിൽ - തിരു + ഈ - തിരുവീ, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ചെല്ലായി നിന്റ്** - ചെല്ല + ആയി + നിന്റ്, ചെന്നു നിന്ന. നിന്റ് - നിന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**മകരത്തുൾ വിയാഴം** - മകരം + അത്ത് + ഉൾ + വിയാഴം, മകരത്തിൽ വ്യാഴം. വിയാഴം - വ്യാഴം, തത്ഭവം. ഉൾ - ഇൽ, ആധാരികാവിഭക്തി പ്രത്യയം.

**മീന ഞായറു** - മീന മാസം.

**ഇരുപത്തൊന്റു ചെന്റ** - ഇരുപത്തൊന്നു ചെന്ന. ഇരുപത്തൊന്റു - ഇരുപത്തൊന്നു, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. ചെന്റ - ചെന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ചനി രോഹണി നാൾ** - ശനി രോഹണി നാൾ. ചനി - ശനി, വർണ്ണവികാരം ശ/ച വിനിമയം.

**പെരുങ്കോവിലകത്തിരുന്നരുള** - പെരും + കോവിൽ + അകത്ത് + ഇരുന്ന് + അരുള, പെരും കോവിലകത്ത് ഇരുന്നരുളുമ്പോൾ. അരുള - അരുളെ, വർണ്ണവികാരം എ/അ വിനിമയം. സന്ധിയിൽ - പെരും + കോവിൽ - പെരുങ്കോവിൽ, മകാരത്തിന് ങകാരാദേശം. അകത്ത് + ഇരുന്ന് - അകത്തിരുന്ന്, സംവൃതോകാരലോപം. ഇരുന്ന് + അരുള - ഇരുന്നരുള, സംവൃതോകാരലോപം.

**മാകോതെയർ** പട്ടിണത്തു ഇരവി കോർത്തനനായ - മാ + കോതെ + അർ + പട്ടിണം + അത്ത് + ഉ + ഇരവി + കോർത്തനൻ + ആയ, മഹാഗോദയർ പട്ടിണത്തിലെ രവി ഗോവർദ്ധനനായ. മാ - മഹാ, തത്ഭവം. കോതെ - കോത, ഗോദ, തത്ഭവം, വർണ്ണവികാരം അ/എ വിനിമയം. പട്ടിണം - പട്ടണം, കച്ചവട കേന്ദ്രം, വർണ്ണവികാരം അ/ഇ വിനിമയം. അർ - പൂജകബഹുവചന പ്രത്യയം.

**ചേരമാൻ ലോക പെരുഞ്ചെട്ടിക്കു** - ചേരമാൻ + ലോക + പെരും + ചെട്ടി + ക്കു, ചേരമാൻ ലോക പെരും ചെട്ടിക്ക്. സന്ധിയിൽ - പെരും + ചെട്ടി - പെരുഞ്ചെട്ടി, മകാരത്തിന് ഞകാരാദേശം. ചെട്ടി - കച്ചവടക്കാരൻ.

**മണിക്കിരാമ പട്ടങ്കുടുത്തോം** - മണി + കിരാമ + പട്ടം + കുടുത്തോം, മണിഗ്രാമ പട്ടം കൊടുത്തു. മണിക്കിരാമ - മണിഗ്രാമ, തത്ഭവം. പട്ടം - സ്ഥാനം. കുടുത്തോം - കൊടുത്തു, വർണ്ണവികാരം ഒ/ഉ വിനിമയം.

**വിളാവാടെയും** - വിളാവ് + ആടെ + ഉം, വിഴാവാടയും. വിളാവ് - വിഴാവ്, വിഴാ, ആഘോഷം. വർണ്ണവികാരം ഴ/ള വിനിമയം. ആടെ - ആട, വസ്ത്രം, വർണ്ണവികാരം അ/എ വിനിമയം. സന്ധിയിൽ - ആടെ + ഉം - ആടെയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പവനത്താങ്കും** - ഭവനത്താങ്ങും, മച്ച് നിർമ്മിക്കാനുള്ള അവകാശം, തത്ഭവം.

**പെറുപേറും** - ജന്മാവകാശവും.

**കടത്തുവളഞ്ചിയമും** - കടത്ത് + ഉ + വളഞ്ചിയം + ഉം, കടത്തു വളഞ്ചിയം എന്ന അവകാശവും. വർണ്ണവികാരം വ/മ വിനിമയം.

**വളഞ്ചിയത്തിൽ** - വളഞ്ചിയം + അത്ത് + ഇൽ, വളഞ്ചിയ സംഘത്തിൽ. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**തനിച്ചെട്ടും** - തനിച്ച് + എട്ട് + ഉം, തനിച്ചെട്ട് എന്ന അവകാശവും.

**മുൻച്ചൊല്ലും** - മുൻചൊല്ല്, പല്ലക്കേറിവരുമ്പോൾ ഭൃത്യന്മാരെക്കൊണ്ട് വിളിച്ചു പറയിക്കൽ.

**മുൻനടെയും** - മുൻ നടയും. വർണ്ണവികാരം അ/എ വിനിമയം.

**പഞ്ചവാദ്യമും** - പഞ്ചവാദ്യവും. അഞ്ചു വാദ്യങ്ങൾ ഉപയോഗിച്ചുള്ള മേളം. വർണ്ണവികാരം വ/മ വിനിമയം.

**ശംഖും** - ശംഖ്. കടൽ ജീവിയുടെ തൊണ്ട്, ഇതിലൂടെ ഊതി ഉണ്ടാക്കുന്ന ശബ്ദം എഴുന്നള്ളത്തിനും മതപരമായ ചടങ്ങുകൾക്കും ഉപയോഗിക്കുന്നു.

**പകൽവിളക്കും** - പകൽ കത്തിക്കുന്ന വിളക്കും.

**പാവാടയും** - ഉത്സവാവസരങ്ങളിൽ ധരിക്കുന്ന വിശേഷ വസ്ത്രം.

**ഐന്തോളകമും** - പല്ലക്കും. ഐന്തോളകം - അന്തോളകം. സ്വരസംവരണം സംഭവിക്കാത്ത പദം. വർണ്ണവികാരം അ/ഐ വിനിമയം, വ/മ വിനിമയം.

**കൊറ്റക്കുടയും** - കൊറ്റ + കുട, രാജാക്കന്മാർ അധികാര ചിഹ്നമായുപയോഗിക്കുന്ന കുട. സന്ധിയിൽ കകാര ദ്വിത്വം.

**വടുകപ്പറെയും** - വടുകപ്പറയും. സ്വരസംവരണം അ/എ വിനിമയം.

**ഇടുപടി തോരണമും** - ഇടുപടി + തോരണം + ഉം, ഇടുപടിക്കുള്ള തോരണവും, പരവതാനിയും തോരണവും. തോരണമും - തോരണവും, വർണ്ണവികാരം, വ/മ വിനിമയം.

**നാലു ചേരിക്കും** - നാലു വിഭാഗത്തിനും

**തനിച്ചെട്ടും കുടുത്തോം** - തനിച്ച് + എട്ട് + ഉം + കുടുത്തോം, തനിച്ചെട്ടും നാം കൊടുത്തു. കുടുത്തോം - കൊടുത്തു, വർണ്ണവികാരം ഒ/ഉ വിനിമയം.

**വാണിയരും** - വാണിയ + അർ + ഉം, കച്ചവടക്കാരും. എണ്ണയാട്ടുന്നവർ എന്നും അർത്ഥമുണ്ട്.

**ഐംകമ്മാളരെയും** - ഐം + കമ്മാൾ + അർ + എ + ഉം, അഞ്ചുതരം പ്രവൃത്തിക്കാരായ കമ്മാളരേയും. കൊല്ലൻ, തട്ടാൻ, ചെമ്പോട്ടി, ആശാരി, മൂശാരി എന്നീ അഞ്ച് നിർമ്മാണ തൊഴിലാളികളുടെ ജാതിസമൂഹമാണ് ഐങ്കമ്മാളർ.

**അടിമകുടുത്തോം** - അടിമ കൊടുത്തു. കുടുത്തോം - കൊടുത്തു, വർണ്ണവികാരം ഒ/ഉ വിനിമയം.

**നകരത്തുക്കു** - നകരം + അത്ത് + ഉ + ക്കു, നഗരത്തിന്, തത്ഭവം. പദാന്ത്യത്തിലെ ഉ, ക്കു എന്നിവ ഉദ്ദേശികാവിഭക്തി പ്രത്യയങ്ങളാണ്.

**കർത്താവായ** - കർത്താവ് + ആയ, ഉടമയായ. സന്ധിയിൽ സംവൃതോകാരലോപം.

**ഇരവി കോർത്തനുക്കു** - ഇരവി + കോർത്തൻ + ഉ + ക്കു, രവി ഗോവർദ്ധനന്, തത്ഭവം. പദാന്ത്യത്തിലെ ഉ, ക്കു എന്നിവ ഉദ്ദേശികാവിഭക്തി പ്രത്യയങ്ങളാണ്.

**പറകൊണ്ടളന്നു** - പറ ഉപയോഗിച്ച് അളന്ന്. പറ - നെല്ലും അരിയും അളക്കാൻ ഉപയോഗിക്കുന്നത്.

**നിറകൊണ്ടു തൂക്കി** - നിറ ഉപയോഗിച്ച് ഭാരം നോക്കി. തൂക്കി - തുലാസ്സിൽ ഭാരം നോക്കുന്ന ഏർപ്പാട്.

**നൂൽകൊണ്ടു പാകി** - നൂൽ ഉപയോഗിച്ച് പാകുക.

**എണ്ണിൻറ്തിലും** - എണ്ണിൻറ് + അതിൽ + ഉം, എടുക്കുന്നതിലും. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**എടുക്കിൻറ്തിലും** - എടുക്കിൻറ് + അതിൽ + ഉം, എടുക്കുന്നതിലും. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**ഉപ്പോടു** - ഉപ്പ് + ഓടു, ഉപ്പോടും. ഓടു - സംയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ സംവൃതോകാരലോപം.

**ശക്കരയോടു** - ശക്കര + ഓടു, ശർക്കരയോടും. ഓടു - സംയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കസ്തൂരിയോടു** - കസ്തൂരി + ഓടു, കസ്തൂരിയോടും. ഓടു - സംയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**വിളക്കെണ്ണയോടു** - വിളക്ക് + എണ്ണ + ഓടു, വിളക്കു കത്തിക്കുന്നതിനുള്ള എണ്ണയോടും. ഓടു - സംയോജികാവിഭക്തി പ്രത്യയം.

**ഇടയിൽ ഉള്ളത്** - ഈ പറഞ്ഞവയിൽ ഉൾപ്പെട്ടവയെല്ലാം.

**എപ്പേർപ്പെട്ടതി*നും*** - എ + പേർ + പെട്ട + അതിന് + ഉം, എല്ലാ വിധത്തിലും ഉൾപ്പെട്ടതിനും. സന്ധിയിൽ - എ + പേർ - എപ്പേർ, പകാര ദ്വിത്വം. എപ്പേർ + പെട്ട - എപ്പേർപ്പെട്ട, പകാര ദ്വിത്വം.

**തരകും** - തരക് + ഉം, തരകെന്ന നികുതിയും.

**അതി*നടു*ത്ത** - അതിന് + അടുത്ത, അതിനടുത്ത്. സന്ധിയിൽ സംവൃതോകാരലോപം.

**ചുങ്കമും** - ചുങ്കം + ഉം, ചുങ്കവും. ചുങ്കം - നികുതി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. വർണ്ണവികാരം വ/മ വിനിമയം.

**കൂട** - കൂടെ, വർണ്ണവികാരം എ/അ വിനിമയം.

**കൊടുങ്കൂലൂർ** - കൊടും + കൂൽ + ഊർ, കൊടുങ്ങല്ലൂർ. അനുനാസികാതിപ്രസരം സംഭവിക്കാത്ത ദേശനാമം. സന്ധിയിൽ - കൊടും + കൂൽ - കൊടുങ്കൂൽ, മകാരത്തിന് ങകാരാദേശം.

**അഴിയി*നോ*ടു** - അഴി + ഇൻ + ഓടു, അഴിയോട്. അഴി - പുഴ കടലുമായി കൂടിച്ചേരുന്ന സ്ഥലം. ഇൻ - ഇടനില. ഓടു - സംയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ - അഴി + ഇൻ - അഴിയിൻ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കോപുരത്തോടു** - കോപുരം + അത്ത് + ഓടു, ഗോപുരത്തോട്. കോപുരം - ഗോപുരം, തത്ഭവം. അത്ത് - ഇടനില. ഓടു - സംയോജികാവിഭക്തി പ്രത്യയം.

**വിശേഷാൽ** - വിശേഷം + അത്ത് + ആൽ, വിശേഷിച്ച്. അത്ത് - ഇടനില, ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**നാലുതളിയും** - നാല് തളിയും.

**തളിക്കടുത്ത** - തളിക്ക് + അടുത്ത, തളിക്കടുത്തുള്ള. സന്ധിയിൽ സംവൃതോകാരലോപം.

**കിരാമത്തോടിടയിൽ** - കിരാം + അത്ത് + ഓട് + ഇട + ഇൽ, ഗ്രാമത്തോടിടയിൽ. കിരാമം - ഗ്രാമം, തത്ഭവം. അത്ത് - ഇടനില. ഓട് - സംയോജികാവിഭക്തി പ്രത്യയം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**നീർമുതലായി** - നീരോടു കൂടെ.

**ചെപ്പേടു എഴുതി** - ചെപ്പേടിൽ എഴുതി.

**കുടുത്തോം** - കൊടുത്തു. കുടുത്തോം - കൊടുത്തോം, വർണ്ണവികാരം ഒ/ഉ വിനിമയം.

**ഇതറിയും** - ഇതറിയുന്ന.

**പന്റിയൂർക്കിരാമമും ചോകിരക്കിരാമമും അറിയക്കുടുത്തോം** - പന്റി + ഊർ + കിരാമം + ഉം + ചോകിര + കിരാമം + ഉം + അറിയ + കുടുത്തോം, പന്നിയൂർ ഗ്രാമവും ചോകിരം ഗ്രാമവും അറിയെ കൊടുത്തു. പന്റി - പന്നി, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. കിരാമം - ഗ്രാമം, തത്ഭവം. അറിയ - അറിയെ. വർണ്ണവികാരം എ/അ വിനിമയം. സന്ധിയിൽ - പന്റി + ഊർ - പന്റിയൂർ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. അറിയ + കുടുത്തോം - അറിയക്കുടുത്തോം - കകാര ദ്വിത്വം.

**വേണാടും ഓടനാടുമറിയക്കുടുത്തോം** - വേണാട് + ഉം + ഓടനാട് + ഉം + അറിയ + കുടുത്തോം, വേണാടും ഓടനാടും അറിയേ കൊടുത്തു. അറിയ - അിറയെ. വർണ്ണവികാരം എ/അ വിനിമയം.

**ചന്ദ്രാദിത്യകളുള്ള** - ചന്ദ്ര + ആദിത്യകൾ + ഉള്ള, ചന്ദ്രനും സൂര്യനും ഉള്ള.

**നാൾക്ക്** - നാൾ വരെ.

**കുടുത്തോം** - കൊടുത്തു.

**ഇവർകളറിയച്ചെപ്പേടെഴുതിയ** – ഇവർ + കൾ + അറിയ + ചെപ്പേട് + എഴുതിയ, ഇവരെല്ലാം അറിയെ ചെപ്പേടെഴുതിയത്. അറിയ – അറിയെ, വർണ്ണവികാരം എ/അ വിനിമയം.

**ചേരമാൻ ലോകപ്പെരുന്തട്ടാൻ നമ്പിചടെയൻ** – ചേരമാൻ + ലോക + പെരും + തട്ടാൻ + നമ്പിചടെയൻ + കൈ + എഴുത്തു, ചേരമാൻ ലോക പെരും തട്ടാനായ നമ്പിചടയൻ കയ്യെഴുത്ത്. നമ്പിചടയെൻ – നമ്പിചടയൻ, വർണ്ണവികാരം അ/എ വിനിമയം. സന്ധിയിൽ – ലോക + പെരും – ലോകപ്പെരും, പകാര ദ്വിത്വം. പെരും + തട്ടാൻ – പെരുന്തട്ടാൻ, മകാരത്തിന് ദന്ത്യ നകാരാദേശം. കൈ + എഴുത്തു – കൈയെഴുത്തു, കൈയ്യെഴുത്തു, സ്വരസംയോഗം ഒഴിവാക്കാൻ യകാരാദേശം, അതിന് ദ്വിത്വം.

## 4.2.2 കോലെഴുത്തുലിഖിതങ്ങൾ

### 4.2.2.1 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 1

**കൊല്ലം 735 കാലം** – കൊല്ലവർഷം 735 ആയ കാലം.

**മകെര മാതം 24** – മകര മാസം 24. മകെര – മകര, വർണ്ണവികാരം അ/എ വിനിമയം. മാതം – മാസം, തത്ഭവം.

**കണ്ടാപുരത്തുട്ടെ** – കണ്ടാപുരത്ത് + ഉട്ടെ, കണ്ടാപുരത്തെ. ഉട്ടെ – അവിടത്തെ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു.

**മാത്തെൻ മുത്തൻ** – മാത്തൻ മുത്തൻ എന്ന വ്യക്തി. മാത്തെൻ – മാത്തൻ, വർണ്ണവികാരം അ/എ വിനിമയം.

**നല്ലവഴിക്ക് കൂടി** – നല്ല + വഴി + ക്ക് + കൂടി, ദൈവവഴിയിൽ ചേർന്നു, മരിച്ചു.

**4.2.2.2 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 2**

**കൊല്ലം 811** - മത് - കൊല്ലവർഷം 811 ആമത്.

**മെട മാതം 22** - മേട മാസം 22. മെട - മേട, തത്ഭവം. മാതം - മാസം, തത്ഭവം.

**മാത്തെൻ കോത** - മാത്തൻ കോത എന്ന വ്യക്തി, മാത്തെൻ - മാത്തൻ, വർണ്ണവികാരം അ/എ വിനിമയം.

**നല്ലവഴിക്കിടകൂടി** - നല്ല + വഴി + ക്ക് + ഇട + കൂടി, ദൈവവഴിയിലേക്ക് ഇട ചേർന്നു, മരിച്ചു.

**പണിക്കെർ** - പണിക്കർ, വർണ്ണവികാരം അ/എ വിനിമയം. പണിക്കന്മാർ ആയുധാഭ്യാസം നടത്തുന്നവരാണ്.

**4.2.2.3 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 3**

**കൊല്ലം 827- മത്** - കൊല്ലവർഷം 827 ആമത്.

**മിതുന *ന* മാതം 3 *ന്*** - മിഥുന മാസം 3 ന്. മിതുന - മിഥുന, തത്ഭവം. മാതം - മാസം, തത്ഭവം.

**മാണിക്കോര** - മാണി + കോര, മാണിക്കോര എന്ന വ്യക്തി, സന്ധിയിൽ - കകാര ദ്വിത്വം.

**നല്ലവഴി കൂടി** - മരിച്ചു.

**4.2.2.4 ഉദയം പേരൂർ കോലെഴുത്തു ലിഖിതം - 4**

**കൊല്ലം 836- മത്** - കൊല്ലവർഷം 836 ആമത്.

**മകെര മാതം 25 *ന്*** - മകര മാസം 25 ന്. മകെര - മകര, വർണ്ണവികാരം അ/എ വിനിമയം. മാതം - മാസം, തത്ഭവം.

**അരുവര വാർകി** - അരുവര വാർകി എന്ന വ്യക്തി.

**നല്ലവഴി കൂടി** - മരിച്ചു.

**4.2.2.5 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 5**

**കൊല്ലം 846– മത്** - കൊല്ല വർഷം 846 ആമത്.

**ത*ന്*പ മാതം 23 *ന്*** - ധനു മാസം 23 ന്. തനുപ - ധനു, തത്ഭവം. മാതം - മാസം, തത്ഭവം.

**ഉതിയംപേരൂർ വടക്കേടത്ത് മാത്തു കത്തെ*ന്*ാർ** - ഉദയംപേരൂർ വടക്കേടത്ത് മാത്തു കത്തനാർ. ഉതിയംപേരൂർ - ഉദയംപേരൂർ, തത്ഭവം. കത്തെനാർ - കത്തനാർ, വർണ്ണവികാരം അ/എ വിനിമയം.

**നല്ലവഴി ചെയിതു** - നല്ലവഴി ചെയ്തു, മരിച്ചു. ചെയിതു - ചെയ്തു, വർണ്ണവികാരം സംവൃതോകാരം/ഇകാര വിനിമയം.

**4.2.2.6 ഉദയം പേരൂർ കോലെഴുത്തു ലിഖിതം – 6**

**ചേനോങ്ങലത്തു** - ചേന്ദമംഗലത്തു, ചേനമങ്കലത്തു, തത്ഭവം, അനുനാസികാതിപ്രസരം സംഭവിച്ച ദേശനാമം.

**പാർത്ത** - താമസിച്ച.

**വില്ലാർവട്ടം തോമ്മാ രാചാവു** - വില്ലാർവട്ടത്തെ തോമ്മാ രാജാവ്. രാചാവു - രാജാവ്, തത്ഭവം.

**നാടു നീങ്ങി** - മരിച്ചു.

**1701 മതു** - 1701 ആമതു. ഇത് പൊതുവർഷമാണ്.

**4.2.2.7 പറവൂർ ജാക്കോബൈറ്റ് പള്ളി കുരിശുനാട്ടി കോലെഴുത്തു ലിഖിതം – 1**

**മാറാൻ** - നാഥൻ.

**ഈചോ മിചിയാ** - ഈശോ മിശിഹാ, ഈചോ - ഈശോ, യേശു, തത്ഭവം.

**പൊറന്നിട്ട്** - പിറന്നിട്ട്, ജനിച്ചിട്ട്. വർണ്ണവികാരം ഇ/ഒ വിനിമയം.

**1566 കാലം** - 1566 ആം കാലം. പൊതുവർഷം 1566 ൽ.

**വിറിച്ചിക ഞായർ 16 *നു*** - വൃശ്ചിക മാസം 16 നു. വിറുച്ചിക - വൃശ്ചിക, തത്ഭവം. ഞായർ - മാസം.

**പട്ടമാ*നെ* പറവൂർ പള്ളി** - പട്ടം + ആന, പട്ടമാന പറവൂർ പള്ളി. പട്ടമാനെ - പട്ടമാന, പട്ടമാർന്ന, വർണ്ണവികാരം അ/എ വിനിമയം. പട്ടം - ക്രിസ്തീയമായ വൈദിക സ്ഥാനം. പള്ളി - ക്രിസ്തീയ ദേവാലയം.

**വെപ്പാൻ** - വയ്ക്കാൻ.

**മാർ യവുചേപ്പ് മെത്തറാ*നും*** - മാർ യൗസേപ്പ് മെത്രാനും. മാർ - നാഥൻ, യവുചേപ്പ് - യൗസേപ്പ്, തത്ഭവം. മെത്തറാൻ - മെത്രാൻ, സഭാമേലദ്ധ്യക്ഷൻ, ബിഷപ്പ്, തത്ഭവം. ഉം - സമുച്ചയ നിപാതം.

**മറ്റും** - മറ്റുള്ള.

**പല തേചത്തെ** - പല + തേചം + അത്ത് + എ, പല ദേശത്തെ. തേചം - ദേശം, തത്ഭവം. അത്ത് - ഇടനില. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**പട്ടക്കാരെരും** - പട്ടക്കാരെ + അർ + ഉം, വൈദികന്മാരും. പട്ടക്കാരെർ - പട്ടക്കാരർ, പട്ടം ലഭിച്ചവർ വൈദികർ, വർണ്ണവികാരം അ/എ വിനിമയം.

**എണങ്ങരും കൂടി** - ഇണങ്ങരും ചേർന്ന്. എണങ്ങർ - ഇണങ്ങർ, ഇണങ്ങിയവർ, സ്വജനം. വർണ്ണവികാരം ഇ/എ വിനിമയം.

**കുരിചും നാട്ടി** - കുരിച് + ഉം + നാട്ടി, കുരിശും സ്ഥാപിച്ച്. കുരിച് - കുരിശ്, തത്ഭവം. ഉം - സമുച്ചയ നിപാതം, നാട്ടി - സ്ഥാപിച്ച്. സന്ധിയിൽ - കുരിച് + ഉം - കുരിതും, സംവൃതോകാരലപം.

**തമ്മതിച്ച്** - സമ്മതിച്ച്, സമ്മതം നൽകി, തത്ഭവം.

**കൊറപാ*നെ*യും ചെയിതു** - കൊറപാനെ + ഉം + ചെയിതു, കുർബാനയും ചെയ്തു. കൊറപാനെ - കുർബാന, സത്യകർമ്മം, തത്ഭവം. വർണ്ണവികാരം അ/എ വിനിമയം.

**അന്റ് ത*ന്നെ*** - അന്റ് + തന്നെ, അന്നു തന്നെ. അന്റ് - അന്ന്, ആ ദിവസം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**കൊല്ലം 742 മത** - കൊല്ലവർഷം 742 ആമത്.

**വിറിച്ചിക ഞായർ 16 *നു*** - വൃശ്ചിക മാസം 16 നു.

### 4.2.2.8 പറവൂർ ജാക്കോബൈറ്റ് പള്ളി മാമോദിസക്കൽ കോലെഴുത്തു ലിഖിതം - 2

**മിചിയാ** - മിശിഹാ, യേശു ക്രിസ്തു, തത്ഭവം.

**പിറന്നിട്ട് 1625 കാലം** - ജനിച്ചിട്ട് 1625 ആയ കാലം, പൊതു വർഷം 1625.

**വിറിച്ചിക ഞായറ്റിൽ** - വിറിച്ചിക + ഞായറ്റ് + ഇൽ, വൃശ്ചിക മാസത്തിൽ. വിറിച്ചിക - വൃശ്ചിക, തത്ഭവം. ഞായറ്റ് - മാസം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഞായറ്റ് + ഇൽ - ഞായറ്റിൽ, സംവൃതോകാരലോപം.

**ഇ** - ഈ, ചുട്ടെഴുത്ത്.

**മാമൊതിചാ കൽ** - മാമോദിസാ കല്ല്, മതപരമായ ചടങ്ങിനുപയോഗിക്കുന്ന ജലം സൂക്ഷിക്കുന്ന കല്ലു കൊണ്ടുള്ള പാത്രം. മാമോദിചാ - മാമോദിസാ, തത്ഭവം.

**പൊട്ടി*ന* അവിരാ മാപ്പെളാ** - പൊട്ടിന അവിരാ മാപ്പിള. മാപ്പെളാ - മാപ്പിള, സുറിയൻ ക്രിസ്ത്യാനി. വർണ്ണവികാരം ഇ/എ, പദാന്ത്യത്തിൽ അ/ആ വിനിമയങ്ങൾ.

**കൊടുത്തു** - നൽകി.

**4.2.2.9 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല – 1**

**കൊല്ലം 781 മത്** – കൊല്ല വർഷം 781 ആമത്.

**കുമ്മ ഞായറ്റിൽ** – കുമ്മ + ഞായറ്റ് + ഇൽ, കുംഭ മാസത്തിൽ. കുമ്മ – കുംഭ, തത്ഭവം. ഞായറ്റ് – മാസം. ഇൽ – ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ – ഞായറ്റ് + ഇൽ – ഞായറ്റിൽ, സംവൃതോകാരലോപം.

**എഴുതിയ** – എഴുതിയ.

**വെറുപാട്ടം നേർപലിച ഓലക്കരണമാവത്** – വെറും + പാട്ടം + നേർപലിച + ഓലക്കരണം + ആവത്, വെറുംപാട്ടം നേർപലിശ ഓലക്കരണം ആകുന്നത്. നേർപലിച – നേർപലിശ, തത്ഭവം. ഓലക്കരണം – ഓലയിൽ എഴുതി തയ്യാറാക്കിയ കരാർ. ആവത് – ആകുന്നത്.

**പലൂർ** – പാലയൂർ, അക്ഷരലോപം വന്ന പദം.

**പള്ളീലെ** – പള്ളിയിലെ. പള്ളി + ഇൽ + എ – പള്ളിയിലെ, പള്ളി എന്നിടത്തെയും യി എന്നിടത്തെയും അടുത്തടുത്തു വരുന്ന ഇകാര ശബ്ദങ്ങളെ ഉച്ചാരണ സുഖത്തിനായി ഒറ്റ ദീർഘ ഈകാരമാക്കിയിരിക്കുന്നു ഇടയിലുള്ള യകാരത്തെ ലോപിപ്പിക്കുകയും ചെയ്തിരിക്കുന്നു. പള്ളീലച്ചൻ എന്ന പ്രയോഗത്തിലും ഈ സവിശേഷത കാണാം.

**വികാരിയും** – വികാരി + ഉം, വികാരിയും. വികാരി – പുരോഹിതൻ. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പുരോത്തിക്കാരരും** – പുരോത്തിക്കാര് + അര് + ഉം, പ്രവൃത്തിക്കാരരും, പുരോത്തിക്കാര് – പ്രവൃത്തിക്കാർ, തത്ഭവം. അര് – അർ, ബഹുവചന പ്രത്യയം. ഉം – സമുച്ചയ നിപാതം.

**കൂട** – കൂടെ, വർണ്ണവികാരം പദാന്ത്യത്തിൽ എ/അ വിനിമയം.

**കൈയ്യാൽ** - കൈയ് + ആൽ, കയ്യാൽ, സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ആയിരത്ത അൻമ്പത്ത അഞ്ചു പുതുപണം** - ആയിരം + അത്ത് + അമ്പത്ത് + അഞ്ചു + പുതുപണം, ആയിരത്തമ്പത്തഞ്ച് പുതുപണം.

**കൊണ്ടാൻ** - കൊണ്ടു + ആൻ, അവൻ സ്വീകരിച്ചു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കൂത്തംചേരി ഇരവി നാരാണെൻ** - കൂത്തംചേരി ഇരവി നാരായണൻ. ഇരവി - രവി, രേഫത്തിനു മുന്നിൽ നാമങ്ങളിൽ സ്വരം ചേർത്ത് ആര്യച്ചതവ് പറ്റിക്കുന്ന ഭാഷാപരമായ സവിശേഷത കോലെഴുത്തു ലിഖിതങ്ങളിലും തുടരുന്നു.

**കൊണ്ടാൻ** - അവൻ സ്വീകരിച്ചു.

**കൊണ്ട*ന*** - സ്വീകരിച്ചതിന്റെ.

**പരിചാവത്** - പരിച് + ആവത്, പ്രകാരം ആകുന്നത്. പരിച് - പ്രകാരം, ഏർപ്പാട്. ആവത് - ആകുന്നത്.

**ഇക്കൊണ്ട** - ഇ + കൊണ്ട, ഈ സ്വീകരിച്ച. ഇ - ഈ, ചുട്ടെഴുത്ത്. സന്ധിയിൽ കകാര ദ്വിത്വം.

**പുതുപ്പണമി 1055 *നു*മ** - പുതുപ്പണം + ഇ + 1055 + ന് + ഉം, പുതുപ്പണം ഈ 1055 നും.

**കാരിയം** - കാര്യം, തത്ഭവം.

**തൻറ്റെ** - തന്റെ, വർത്സ്യ ഖരമായ റ്റകാര ധ്വനി തന്നെയാണ് ഇരട്ടിച്ച റകാരം. അതിനെ സംയുക്താക്ഷരമാക്കുമ്പോൾ ഒറ്റ റകാരത്തിലൂടെ ഉച്ചാരണം ലഭിക്കുന്നു.

**ഇരിങ്ങപ്പുറം തേചത്ത്** - ഇരിങ്ങ + പുറം + തേചം + അത്ത്, ഇരിങ്ങപ്പുറം ദേശത്ത്. ഇരിങ്ങപ്പുറം - അനുനാസികാതിപ്രസരം സംഭവിച്ച സ്ഥലനാമം. തേചം - ദേശം, തത്ഭവം. അത്ത് - ഇടനില. സന്ധിയിൽ - ഇരിങ്ങ + പുറം - ഇരിങ്ങപ്പുറം, പകാര ദ്വിത്വം.

**ഇളങ്കുളത്ത് വടിക്കേമുറി പറമ്പും** - ഇളം + കുളം + അത്ത് + വടിക്കെ + മുറി + പറമ്പ് + ഉം, ഇളങ്കുളത്തെ വടക്കേമുറി പറമ്പും. ഇളങ്കുളം - അനുനാസികാതിപ്രസരം സംഭവിക്കാത്ത സ്ഥലനാമം. വടിക്കെ - വടക്കെ, വർണ്ണവികാരം പദമധ്യത്തിൽ അ/ഇ വിനിമയം. മുറി - ഭാഗം.

**അതി*ന്*** - അത് + ഇൻ + ഉ, മേൽ സൂചിപ്പിച്ചതിന്. ഇൻ - ഇടനില. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**അടുത്ത** - അടുത്തുള്ള.

**കണ്ടങ്ങൾ** - കണ്ടം + കൾ, കണ്ടങ്ങൾ, വയലിൽ നെല്ല് വിതയ്ക്കാനായി വരമ്പ് കൂട്ടി വേർതിരിച്ച കഷ്ണങ്ങൾ. അനുനാസികാതിപ്രസരം സംഭവിച്ചപദം. സന്ധിയിൽ - കണ്ടം + കൾ - കണ്ടങ്കൾ, മകാരത്തിന് ങകാരാദേശം. അനുനാസികാതിപ്രസരം സംഭവിച്ച് കണ്ടങ്ങൾ.

**നാൽപതി*ന*ാഴി വിത്തി*ന*ു** - നാൽപതിൻ + നാഴി + വിത്ത് + ഇൻ + ഉ, നാൽപ്പതുനാഴി വിത്തിന്. പതിൻ - പത്ത്. ഇൻ - ഇടനില. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - നാൽപതിൻ + നാഴി - നാൽപ്പതിനാഴി, പൂർവ്വ പദാന്ത്യത്തിലെ വർത്സ്യ *ന*കാര സാമീപ്യത്താൽ ഉത്തരപദാദിയിലെ ദന്ത്യ നകാരം ലോപിച്ചു.

**കണ്ടവും കൂട** - കണ്ടം + ഉം + കൂട, കണ്ടവും കൂടെ. കൂട - കൂടെ, വർണ്ണവികാരം പദാന്ത്യത്തിൽ എ/അ വിനിമയം. സന്ധിയിൽ - കണ്ടം + ഉം - കണ്ടവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**നിലപ്പാട്ടമ്മുൾപ്പട** - നില + പാട്ടം + ഉൾ + പട, നിലപ്പാട്ടം ഉൾപ്പെടെ. സന്ധിയിൽ - നില + പാട്ടം - നിലപ്പാട്ടം, പകാര ദ്വിത്വം. നിലപ്പാട്ടം + ഉൾ - നിലപ്പാട്ടമ്മുൾ, സാമാന്യമായി ഇവിടെ വകാരമാണ് ആഗമിക്കുക, അത് അഭംഗിയായതിനാൽ വ/മ വിനിമയം സംഭവിച്ച് മകാര ദ്വിത്വമായിത്തീരുന്നു. നിലപ്പാട്ടമ്മുൾ + പട - നിലപ്പാട്ടമ്മുൾപ്പട, പകാര ദ്വിത്വം.

**ആയിരത്ത അൻമ്പത്ത അഞ്ചു** - ആയിരം + അത്ത് + അൻമ്പത്ത് + അഞ്ചു, ആയിരത്തമ്പത്തഞ്ച്. സന്ധിയിൽ - ആയിരം + അത്ത് - ആയിരത്ത്, മകാര ലോപം.

**പണത്തിന്** - പണം + അത്ത് + ഇൻ + ഉ, പണത്തിന്. അത്ത് - ഇടനില. ഇൻ - ഇടനില. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**നേർപലിച** - നേർപലിശ, തത്ഭവം.

**കിഴിടുമാറ്** - കിഴിയുമാറ്, കിഴിയും വിധം. കിഴിടും - കിഴിയും, വർണ്ണവികാരം ട/യ വിനിമയം.

**എഴുതിക്കൊടുത്താൻ** - എഴുതി + കൊടുത്തു + ആൻ, അവൻ എഴുതിക്കൊടുത്തു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. സന്ധിയിൽ - എഴുതി + കൊടുത്തു - എഴുതിക്കൊടുത്തു, കകാര ദ്വിത്വം. എഴുതിക്കൊടുത്തു + ആൻ - എഴുതിക്കൊടുത്താൻ, വിവൃതോകാര ലോപം.

**ഇരെവി നാരാണെൻ** - ഇരവി നാരായണൻ. ഇരെവി - ഇരവി, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം. നാരാണെൻ - നാരായണൻ, പദമധ്യത്തിൽ രേഫത്തോടു ചേർന്ന ദീർഘ ആകാരത്തിന്റെ സാമീപ്യത്താൽ യകാരലോപം. അതിനുശേഷം അ/എ വിനിമയം.

**ഇമ്മാർക്കമെ** - ഇ + മാർക്കം + എ, ഈ മാർഗ്ഗമെ, ഈ രീതിയിൽ. ഇ - ഈ, ചുട്ടെഴുത്ത്. മാർക്കം - മാർഗ്ഗം, തത്ഭവം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + മാർക്കം - ഇമ്മാർക്കം. മകാര ദ്വിത്വം.

**ഇച്ചൊ*ന്ന*** - ഇ + ചൊന്ന, ഈ പറഞ്ഞ. ഇ - ഈ, ചുട്ടെഴുത്ത, ചൊന്ന - പറഞ്ഞ. സന്ധിയിൽ ചകാര ദ്വിത്വം.

**ഇളങ്കുളത്തെ** - ഇളം + കുളം + അത്ത് + എ, ഇളങ്കുളത്തെ. അത്ത് - ഇടനില. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇളം + കുളം - ഇളങ്കുളം, മകാരത്തിന് ങകാരാദേശം. അത്ത് + എ - അത്തെ, സംവൃതോകാരലോപം.

**വടക്കെമുറിപ്പറമ്പുമടുത്ത കണ്ടം** - വടക്കെമുറി + പറമ്പ് + ഉം + അടുത്ത + കണ്ടം, വടക്കേമുറി പറമ്പും അതിനടുത്ത കണ്ടം. ഉം - സമുച്ചയനിപാതം. സന്ധിയിൽ - വടക്കെമുറി + പറമ്പ് - വടക്കെമുറിപ്പറമ്പ്, പകാര ദ്വിത്വം.

**നാ*നാ*ഴി വിത്തി*ന്* കണ്ടവും** - നാനഴി + വിത്ത് + ഇൻ + ന് + കണ്ടം + ഉം, നാൽപ്പതു നാഴി വിത്തിനുള്ള കണ്ടവും. നാനാഴി - ഇതേ ലിഖിതത്തിൽ ഇതേ ഭൂമേഖലയെ പരാമർശിക്കുമ്പോൾ നാൽപ്പതു നാഴി എന്നു തന്നെ പ്രയോഗിച്ചതിനാൽ ഇവിടെയും പ്രയോഗാർത്ഥം നാൽപ്പതു നാഴി. നാലു നാഴി ചേർന്ന അളവിനെ നാനാഴി, ഇടങ്ങഴി എന്നിങ്ങനെ വിളിക്കുന്നു. വിത്ത് - വിതയ്ക്കാനുള്ള ധാന്യം, ഇവിടെ നെല്ല്. ഇൻ - ഇടനില. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**കൂടി** - ചേർന്ന്.

**ആയിരത്ത 1055** - ആയിരം + അത്ത് + 1055. 1055. ആദ്യം 1055 എന്ന് അക്ഷരത്തിൽ എഴുതാൻ ശ്രമിക്കുകയും ആയിരത്ത എന്നെഴുതി ആ ശ്രമം ഉപേക്ഷിച്ച് അക്കത്തിൽ എഴുതി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു.

**പണംത്തി*ന്*** - പണം + അത്ത് + ഇൻ + ന്, പണത്തിന്. അത്ത് - ഇടനില. ഇൻ - ഇടനില. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**നേർപലിച** - നേർപലിശ, തത്ഭവം.

**കിഴിയുമാറ്** - കിഴിയും വിധം.

**എഴുതിച്ചു കൊണ്ടാർ** - എഴുതിച്ച് അവർ സ്വീകരിച്ചു, അവർ എഴുതിച്ച് വാങ്ങി. കൊണ്ടാർ - അവർ കൊണ്ടു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പാലൂർ** - പാലയൂർ. യകാര ലോപം വന്ന പദം.

**പള്ളിയിൽ** - പള്ളി + ഇൽ, പള്ളിയിലെ. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**വികാരി** - പുരോഹിതൻ.

**പരുക്കുളങ്ങരെ ഇട്ടി അച്ചനാരും** - പരുക്കുളങ്ങര + എ + ഇട്ടി + അച്ചൻ + ആർ + ഉം, പരുക്കുളങ്ങര ഇട്ടി അച്ചനും. പരുക്കുളങ്ങരെ - അനുനാസികാതിപ്രസരം സംഭവിച്ച പദം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. അച്ചനാർ - അച്ചൻ, ക്രിസ്തീയ പുരോഹിതനെ ബഹുമാനാർത്ഥം അച്ചൻ എന്നു വിളിച്ചു പോരുന്നു. ഇതിനോട് പൂഹകബഹുവചന പ്രത്യയമായ ആർ ചേർത്തുപയോഗിച്ചിരിക്കുന്നു. ഉം - സമുച്ചയ നിപാതം.

**പുരോത്തിക്കാരരും** - പ്രവൃത്തിക്കാരരും, തത്ഭവം.

**കൂടി** - ചേർന്ന്.

**ഇപ്പടിക്ക്** - ഇ + പടി + ക്ക്, ഈ വിധത്തിൽ. ഇ - ഈ, ചുട്ടെഴുത്ത്. പടി - വിധം. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + പടി - ഇപ്പടി, പൂർവ്വം ചുട്ടെഴുത്തു വന്നതിനാൽ പകാര ദ്വിത്വം.

**ഇതയറുയും** - ഇത് + അറു + ഉം, ഇതറിയും. അറുയും - അറിയും, വർണ്ണവികാരം പദമധ്യത്തിൽ ഇ/ഉ വിനിമയം.

**താഴ്ക്കി** - സാക്ഷി, തത്ഭവം.

**കോതനല്ലൂർ നമ്പൂതിരി** - കോതനല്ലൂർ നമ്പൂതിരി.

**മാടക്കാവിൽ ചാത്തപ്പ മേനോൻ** - മാടക്കാവിൽ ചാത്തപ്പ മേനോൻ.

**കൈയെഴുത്ത്** - കൈ + എഴുത്ത്, കയ്യെഴുത്ത്. സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**4.2.2.10 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 2**

**കൊല്ലം 852 മത്** - കൊല്ലവർഷം 852 ആമത്.

**പോകുന്ന** - പോയിക്കൊണ്ടിരിക്കുന്ന. വർത്തമാനകാലം.

**ചിങ്ങ ഞായറ്റിൽ** - ചിങ്ങ + ഞായറ്റ് + ഇൽ, ചിങ്ങ മാസത്തിൽ. ചിങ്ങ - ചിങ്ങം, അനുനാസികാതിപ്രസരം സംഭവിച്ച പദം. ഞായറ്റ് - മാസം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഞായറ്റ് + ഇൽ - ഞായറ്റിൽ, സംവൃതോകാരലോപം.

**എഴുതിയ** - എഴുതിയ.

**അട്ടിപ്പേറ്റോലക്കരണമാവത്** - അട്ടി + പേറ്റ് + ഓല + കരണം + ആവത്, അട്ടിപ്പേറോലക്കരണം ആകുന്നത്. അട്ടിപ്പേറ്റ് - അട്ടിപ്പേറ്, ജന്മാവകാശം. പദാന്ത്യ റകാരത്തിന് ദ്വിത്വം വന്ന് അട്ടിപ്പേറ്റ്. ആവത് - ആകുന്നത്. സന്ധിയിൽ - അട്ടി + പേറ്റ് - അട്ടിപ്പേറ്റ്, പകാര ദ്വിത്വം. അട്ടിപ്പേറ്റ് + ഓല - അട്ടിപ്പേറ്റോല, സംവൃതോകാരലോപം. ഓല + കരണം - ഓലക്കരണം, കകാര ദ്വിത്വം.

**പാലൈയൂർ തേചത്ത്** - പാലൈയൂർ + തേചം + അത്ത്, പാലയൂർ ദേശത്ത്. പാലൈയൂർ - പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത സ്ഥല നാമം. തേചം - ദേശം, തത്ഭവം.

**അച്ചാഴത്ത് പാലിപ്പറമ്പ്** - അച്ചാഴത്ത് + പാലി + പറമ്പ്, അച്ചാഴത്ത് പാലിപ്പറമ്പ്. സന്ധിയിൽ - പാലി + പറമ്പ് - പാലിപ്പറമ്പ്, പകാര ദ്വിത്വം.

**കിഴക്കതിർ** - കിഴക്ക് + അതിർ, കിഴക്ക് അതിര്. സന്ധിയിൽ സംവൃതോകാരലോപം.

**തെക്കു വടക്ക്** - തെക്കു വടക്ക് ഭാഗത്തായി.

**പാലൈയൂർ പള്ളി പറുമാളികെക്ക്** - പാലൈയൂർ + പള്ളി + പറുമാളിക + എ + ക്ക്, പാലയൂർ പള്ളിയുടെ വലിയ മാളികക്ക്. പറുമാളിക - വലിയ മാളിക. മാളിക - ഒന്നിലധികം നിലകളുള്ള കെട്ടിടം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**പടിഞ്ഞാറും തെക്ക് അതിര്** - പടിഞ്ഞാറ് + ഉം, പടിഞ്ഞാറ് ദിശയിൽ തെക്കേ അതിര്. സന്ധിയിൽ സംവൃതോകാരലോപം.

**കിഴക്കു പടിഞ്ഞാറ്** - കിഴക്കു പടിഞ്ഞാറായി.

**വിളക്കത്തെറൈ പറമ്പിനു** - വിളക്കത്തറ + എ + പറമ്പ് + ഇൻ + ഉ, വിളക്കത്തറ പറമ്പിന്. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. ഇൻ - ഇടനില. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**വടക്കും** - വടക്ക് + ഉം, വടക്ക് ദിശയിൽ. സന്ധയിൽ സംവൃതോകാരലോപം.

**പടിഞ്ഞാറെ അതിര്** - പടിഞ്ഞാറ് + എ + അതിര്, പടിഞ്ഞാറ് ദിശയിലെ അതിര്. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**തെക്കു വടക്ക്** - തെക്കു വടക്ക് ദിശയിലായി.

**പെരുവഴിത്തോട്ടിനു കിഴക്കും** - പെരുവഴി + തോട്ട് + ഇൻ + ഉ + കിഴക്ക് + ഉം, പെരുവഴിത്തോടിന് കിഴക്കു ഭാഗത്ത്. ഇൻ - ഇടനില. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - പെരുവഴി + തോട് - പെരുവഴിത്തോട്, പകാര ദ്വിത്വം. പുർവ്വാക്ഷരമായ ഇരട്ടിച്ച തകാര സാന്നിദ്ധ്യത്താൽ തകാരത്തിന് ദ്വിത്വം സംഭവിച്ച് പെരുവഴിത്തോട്ട്. പെരുവഴിത്തോട്ട് + ഇൻ - പെരുവഴിത്തോട്ടിൻ, സംവൃതോകാരലോപം. കിഴക്ക് + ഉം - കിഴക്കും, സംവൃതോകാരലോപം.

**വടക്ക് അതിര്** - വടക്ക് ദിശയിലെ അതിര്.

**കിഴക്കു പടിഞ്ഞാറ്** - കിഴക്കു പടിഞ്ഞാറ് ദിശയിലായി.

**അച്ചാഴത്ത്** - അച്ചാഴത്തെ.

**വലൈക്കറെറു കുടിയിരുപ്പിന്റെ** - വലൈക്കറെറു + കുടി + ഇരുപ്പ് + ഇൻ + ന്റെ, വലെക്കറെറു കുടിയിരിപ്പിന്റെ. വലൈക്കറെറു - സ്വരസംവരണം സംഭവിക്കാത്ത പദം. കുടിയിരുപ്പ് - കുടിയിരിപ്പ്, വർണ്ണവികാരം ഇ/ഉ വിനിമയം. ഇൻ - ഇടനില. ന്റെ - സംബന്ധികാവിഭക്തി പ്രത്യയം. സന്ധിയിൽ - കുടി + ഇരുപ്പ് - കുടിയിരുപ്പ്, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഇരുപ്പ് + ഇൻ - ഇരുപ്പിൻ, സംവൃതോകാരലോപം.

**തെക്കെ അതിർക്ക് തെക്കും** - തെക്ക് + എ + അതിർ + ക്ക് + തെക്ക് + ഉം, തെക്കേ അതിരിന് തെക്കു ഭാഗത്ത്. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം. ഉം - സമുച്ചയനിപാതം. സന്ധിയിൽ - തെക്ക് + എ - തെക്കെ, സംവൃതോകാരലോപം. തെക്ക് + ഉം - തെക്കും, സംവൃതോകാരലോപം.

**ഇന്നാലതിർക്ക്** - ഇ + നാല് + അതിർ + ക്ക്, ഈ നാല് അതിരുകൾക്ക്. ഇ - ഈ, ചുട്ടെഴുത്ത്. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഇ + നാല് - ഇന്നാല്, നകാര ദ്വിത്വം. ഇന്നാല് + അതിർ - ഇന്നാലതിർ, സംവൃതോകാരലോപം.

**അകത്ത് അകപ്പെട്ട** - അക + അത്ത് + അക + പട്ട, അകത്ത് ഉൾപ്പെട്ട. അകം എന്നതിലെ അന്ത്യത്തിലെ അനുസ്വാര ലോപം വന്ന പദമാണ് സന്ധിയിൽ പ്രവർത്തിക്കുന്നത്. സന്ധിയിൽ - അക + അത്ത് - അകത്ത്, അകാര സംയോഗം ഒഴിവാക്കാൻ അകാര ലോപം. അക + പട്ട - അകപ്പട്ട, പകാര ദ്വിത്വം.

**തേചപോകങ്ങളും** - തേചപോകം + കൾ + ഉം, ദേശഭോഗങ്ങളും, തത്ഭവം. കൾ - ബഹുവചനപ്രത്യയം. ഉം - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - തേചപോകം + കൾ - തേചപോകങ്കൾ, മകാരത്തിന് ങകാരാദേശം. ഈ പദത്തിന് അനുനാസികാതിപ്രസരം സംഭവിച്ച് തേചപോകങ്ങൾ.

**തെങ്ങന് തെങ്ങായും** - തെങ്ങ് + ന് + തെങ്ങ് + ആയ് + ഉം, തെങ്ങിന് തെങ്ങായും, ഒരു ശൈലി ഒന്നിന് സമം അതുതന്നെ എന്ന അർത്ഥത്തിൽ. തെങ്ങന് - തെങ്ങിന്, വർണ്ണവികാരം പദമധ്യത്തിൽ ഇ/അ വിനിമയം.

**മറ്റുമെപ്പേർപ്പെട്ടതിനും കൂടി** - മറ്റ് + ഉം + എ + പേർ + പെട്ട + അത് + ഇൻ + ഉം + കൂടി, മറ്റുള്ള എല്ലാ വിധത്തിലും ഉൾപ്പെട്ടതിനും ചേർത്ത്. ഉം - സമുച്ചയനിപാതം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. ഇൻ - ഇടനില. സന്ധിയിൽ - മറ്റ് + ഉം - മറ്റും, സംവൃതോകാരലോപം. എ + പേർ - എപ്പേർ, പകാര ദ്വിത്വം. എപ്പേർ + പെട്ട - എപ്പേർപ്പെട്ട, പകാര ദ്വിത്വം. എപ്പേർപ്പെട്ട + അത് - എപ്പേർപ്പെട്ടത്, അകാര ലോപം. എപ്പേർപ്പെട്ടത് + ഇൻ - എപ്പേർപ്പെട്ടതിൻ, സംവൃതോകാരലോപം.

**അന്നു പെറും അർത്തവും** - അന്ന് + ഉ + പെറ് + ഉം + അർത്ത + ഉം, അന്ന് നിലവിലുള്ള വിലയും. അർത്തവും -, അർത്ഥവും, ധനവും, തത്ഭവം.സന്ധിയിൽ - അന്ന് + ഉ - അന്നു, സംവൃതോകാരലോപം. പെറ് + ഉം - പെറും, സംവൃതോകാരലോപം. അർത്ത + ഉം - അർത്തവും, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**വാങ്ങിക്കൊണ്ട്** - വാങ്ങി + കൊണ്ട്, സ്വീകരിച്ചു കൊണ്ട്. സന്ധിയിൽ കകാര ദ്വിത്വം.

**അരവെളും** - അരവെള് + ഉം, അരവെളും. അട്ടിപ്പേറ് കർമ്മത്തിൽ പങ്കെടുക്കുന്ന പ്രതിനിധി. സന്ധിയിൽ സംവൃതോകാരലോപം.

**അരികും** - അരിക് + ഉം, അരികിലുള്ളവരും. സന്ധിയിൽ സംവൃതോകാരലോപം.

**പതിയും** - പതി + ഉം, മുതലിന്റെ ഉടമയും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കോയിലും** - കോയിൽ + ഉം, രാജപ്രതിനിധിയും.

**പാലൈയൂർ പാട്ടമാളിയും** - പാലൈയൂർ + പാട്ടമാളി + ഉം, പാലയൂർ ദേശത്തെ പാട്ടം പിരിക്കുന്നവനും. പാലൈയൂർ - പാലയൂർ പദമധ്യത്തിൽ സ്വരസംവരണം സംഭവിക്കാത്ത പദം. പാട്ടമാളി - പാട്ടം പിരിക്കുന്നവൻ. സന്ധിയിൽ - പാട്ടമാളി + ഉം - പാട്ടമാളിയും, സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അന്നാട്ടു കോയിലും** - അ + നാട്ട് + ഉ + കോയിൽ + ഉം, ആ നാട്ടിലെ ആരാധനാലയവും. അ - ആ, ചുട്ടെഴുത്ത്. സന്ധിയിൽ നകാര ദ്വിത്വം.

**മുൻമ്പാകെ** - മുൻമ്പ് + ആകെ, മുമ്പിൽ വച്ച്. മുൻമ്പ് - വർത്സ്യ *ന*കാരം പദമധ്യത്തിൽ ആഗമിച്ചിരിക്കുന്നു. സന്ധിയിൽ സംവൃതോകാരലോപം.

**അട്ടിപ്പേറായി** - അട്ടി + പേറ് + ആയി, ജന്മാവകാശമായി. സന്ധിയിൽ - അട്ടി + പേറ് - അട്ടിപ്പേറ്, പകാര ദ്വിത്വം. അട്ടിപ്പേറ് + ആയി - അട്ടിപ്പേറായി, സംവൃതോകാരലോപം.

**എഴുതി** - എഴുതിച്ച്.

**നീരട്ടിക്കൊടുത്താർ** - നീരട്ടി + കൊടുത്ത് + ആർ, അവർ നീരട്ടിക്കൊടുത്തു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. നീരട്ടി + കൊടുത്ത് - നീരട്ടിക്കൊടുത്ത്, കകാര ദ്വിത്വം. കൊടുത്ത് + ആർ - കൊടുത്താർ, സംവൃതോകാരലോപം.

**അച്ചാഴത്ത് കാമൻ കാമെരും തമ്പിമാരും** - അച്ചാഴത്ത് + കാമൻ + കാമെർ + ഉം + തമ്പി + മാർ + ഉം, അച്ചാഴത്ത് കാമൻ കാമരും അനുജന്മാരും. കാമെർ - കാമർ, വർണ്ണവികാരം അ/എ വിനിമയം. ഉം - സമുച്ചയ നിപാതം. മാർ - ബഹുവചന പ്രത്യയം.

**അമ്മാർക്കമെ** - അ + മാർക്കം + എ, ആ മാർഗ്ഗത്തിൽ. അ - ആ, ചുട്ടെഴുത്ത്. മാർക്കം - മാർഗ്ഗം, തത്ഭവം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. സന്ധിയിൽ മകാര ദ്വിത്വം.

**ഇച്ചൊ*ന്ന*** - ഇ + ചൊന്ന, ഈ പറഞ്ഞ. സന്ധിയിൽ ചകാര ദ്വിത്വം.

**പാലൈയൂർ തേചത്ത്** - പാലയൂർ ദേശത്ത്.

**അച്ചാഴത്ത് പാലിപ്പറമ്പ് കിഴക്കതിർ** - അച്ചാഴത്ത് പാലിപ്പറമ്പ് കിഴക്ക് അതിര്.

**തെക്കു വടക്ക്** - തെക്കു വടക്ക് ഭാഗത്തായി.

**പാലൈയൂർ പള്ളി പറുമാളികെക്ക്** - പാലയൂർ പള്ളിയുടെ വലിയ മാളികക്ക്.

**പടിഞ്ഞാറും തെക്ക് അതിര്** - പടിഞ്ഞാറ് ദിശയിൽ തെക്കേ അതിര്.

**കിഴക്കു പടിൽഞാറ്** - കിഴക്കു പടിഞ്ഞാറായി.

**വിളക്കർത്തറൈ പറമ്പിനു** - വിളക്കർത്തറ പറമ്പിന്. ഈ പറമ്പിനെ ഇതിനുമുമ്പ് വിളക്കത്തറൈ പറമ്പിനു എന്നാണ് പരാമർശിച്ചിട്ടുള്ളത്.

**വടക്കും** - വടക്ക് ദിശയിൽ.

**പടിഞ്ഞാറെ അതിർ** - പടിഞ്ഞാറ് ദിശയിലെ അതിര്.

**തെക്കു വടക്ക്** - തെക്കു വടക്ക് ദിശയിലായി.

**പെരുവഴിത്തോട്ടിനു കിഴക്കും** - പെരുവഴിത്തോടിന് കിഴക്കു ഭാഗത്ത്.

**വടക്കതിര്** - വടക്ക് ദിശയിലെ അതിര്.

**കിഴക്കു പടിഞ്ഞാറ്** - കിഴക്കു പടിഞ്ഞാറ് ദിശയിലായി.

**അച്ചാഴത്ത്** - അച്ചാഴത്തെ.

**വലൈക്കറൈറു കുടി ഇരുപ്പിന്റെ** - വലെക്കറൈറു കുടിയിരിപ്പിന്റെ.

**തെക്കേ അതിർക്ക് തെക്കും** - തെക്കേ അതിരിന് തെക്കു ഭാഗത്ത്.

**ഇന്നാലതിർക്ക്** - ഈ നാല് അതിരുകൾക്ക്.

**അകത്ത് അകപ്പെട്ട** - അകത്ത് ഉൾപ്പെട്ട.

**തേചപോകങ്ങളും** - ദേശഭോഗങ്ങളും.

**തെങ്ങിനു തെങ്ങായും** - തെങ്ങിന് തെങ്ങായും.

**മറ്റുമെപ്പെട്ടതിനും കൂടി** - മറ്റുള്ള എല്ലാ വിധത്തിലും ഉൾപ്പെട്ടതിനും ചേർത്ത്. ഈ ലിഖിതത്തിന്റെ ആദ്യ ഭാഗത്ത് ഈ പ്രയോഗത്തിൽ എപ്പേർപ്പെട്ടതിനും എന്നതാണ്. ഇവിടെ എപ്പേർ എന്ന വാക്ക് വിട്ടു പോയിരിക്കുന്നു.

**അന്നു പെറും അർത്തവും** - അന്ന് നിലവിലുള്ള വിലയും.

**കൊടുത്ത്** - നൽകി.

**അരവെളും** - അട്ടിപ്പേറ് കർമ്മത്തിൽ പങ്കെടുക്കുന്ന പ്രതിനിധി.

**അരികും** - അരികിലുള്ളവരും.

**പതിയും** - മുതലിന്റെ ഉടമയും.

**കൊയിലും** - രാജപ്രതിനിധിയും.

**പാലൈയൂർ പാട്ടമാളിയും** - പാലയൂർ ദേശത്തെ പാട്ടം പിരിക്കുന്നവനും.

**അറികെ** - അറിക + എ, അറിയെ.

**അന്നാട്ടു കോയിൽ** - ആ നാട്ടിലെ ആരാധനാലയവും.

**മുമ്പാകെ** - മുമ്പിൽ വച്ച്. ഈ ലിഖിതത്തിന്റെ ആദ്യ ഭാഗത്ത് ഈ പദത്തിൽ വർത്സ്യ നകാരം ആഗമിച്ചിരുന്നു ഇവിടെ അത് സംഭവിച്ചിട്ടില്ല.

**അട്ടിപ്പേറായി** - ജന്മാവകാശമായി.

**എഴുതി** - എഴുതിച്ച്.

**നീരട്ടിക്കൊണ്ടാർ** - നീർ + അട്ടി + കൊണ്ടാർ, നീരട്ടി അവർ സ്വീകരിച്ചു. നീരട്ടി - നീർ വീഴ്ത്തി, വെള്ളം തെളിച്ച്. കൊണ്ടാർ - അവർ സ്വീകരിച്ചു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. സന്ധിയിൽ - അട്ടി + കൊണ്ടാർ - അട്ടിക്കൊണ്ടാർ, കകാര ദ്വിത്വം.

**പാലൈയൂർ പള്ളിക്കൽ** - പാലൈയൂർ + പള്ളി + കൽ, പാലയൂർ പള്ളിയിലെ. പാലൈയൂർ - പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. കൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - പള്ളി + കൽ - പള്ളിക്കൽ, കകാര ദ്വിത്വം.

**മാക്കുറിയാക്ക സഹത** - മാ + കുറിയാക്ക + സഹത, മാർ കുരിയാക്കോസ് സഹദ. വിശുദ്ധനായ കുരിയാക്കോസ് രക്തസാക്ഷി. മാ - മാർ, വിശുദ്ധൻ, അക്ഷരലോപം സംഭവിച്ചിരിക്കുന്നു. കുറിയാക്ക - കുരിയാക്കോസ്, തത്ഭവം, അക്ഷരലോപം സംഭവിച്ചിരിക്കുന്നു. സഹത - സഹദ, തത്ഭവം, രക്തസാക്ഷി.

**പേരാൽ** - പേര് + ആൽ, പേരിലുള്ള. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ സംവൃതോകാരലോപം.

**പാലൈയൂർ ചാക്കു കത്തനാരിട വികാരിയും** - പാലൈയൂർ + ചാക്കു + കത്തനാര് + ഇട + വികാരി + ഉം, പാലയൂർ ചാക്കു കത്തനാരുടെ വികാരിയും. പാലൈയൂർ - പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. കത്തനാരിടെ - കത്തനാരുടെ, വർണ്ണവികാരം ഉ/ഇ വിനിമയം. കത്തനാർ, വികാരി എന്നിവ സമാനാർത്ഥമുള്ള പദങ്ങളാണ്. ക്രിസ്തീയ പുരോഹിതൻ എന്നാണർത്ഥം ബഹുമാന ദ്യോതകമായി രണ്ടും ഒന്നിച്ച് പ്രയോഗിച്ചിരിക്കുന്നു.

**തേചത്തെ പട്ടക്കാരെരും** - തേചത്ത് + എ + പട്ടക്കാരെ + അർ + ഉം, ദേശത്തെ പട്ടക്കാരന്മാരും. തേചത്തെ - ദേശത്തെ, തത്ഭവം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. പട്ടക്കാരെർ - പട്ടക്കാരർ - സ്ഥാനം ലഭിച്ചവർ, വർണ്ണവികാരം അ/എ വിനിമയം. അർ - ബഹുവചന പ്രത്യയം. ഉം - സമുച്ചയ നിപാതം.

**പള്ളി പൊറത്തിക്കാരെരും** - പള്ളി + പൊറത്തിക്കാരെ + അർ + ഉം, പള്ളി പ്രവർത്തിക്കാരന്മാരും. പൊറത്തിക്കാരെർ - പ്രവൃത്തിക്കാരർ, തത്ഭവം, വർണ്ണവികാരം അ/എ വിനിമയം.

**ഇമ്മാർക്കമെ** - ഇ + മാർക്കം + എ, ഈ മാർഗ്ഗത്തിൽ. ഇ - ഈ, ചുട്ടെഴുത്ത്. മാർക്കം - മാർഗ്ഗം, തത്ഭവം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**പറമ്പു നാലതിർക്ക്** - പറമ്പ് നാലതിരിനകത്ത്.

**അകത്തു അകപ്പെട്ടതി*നു*** - അകത്ത് ഉൾപ്പെട്ടതിന്.

**എപ്പേരും** - ഏല്ലാം

**മാവറ കൊണ്ടു** - പണം സ്വീകരിച്ച്.

**മണ്ണടങ്ക** - മണ്ണടക്കം, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**മുതലറ** - ഭൂമി.

**നീരുതകമായ്** - ജലം ഉദകമായി.

**നീരട്ടിക്കൊടുത്താർ** - നീരട്ടി അവർ കൊടുത്തു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കാമൻ കാമരും തമ്പിമാരും** - കാമൻ കാമരും അനുജന്മാരും.

**അമ്മാർക്കമെ** - അ + മാർക്കം + എ, ആ മാർഗ്ഗത്തിൽ. അ - ആ, ചുട്ടെഴുത്ത്. മാർക്കം - മാർഗ്ഗം, തത്ഭവം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**ഇച്ചൊ*ന്ന*** - ഈ പറഞ്ഞ.

**പറമ്പ് നാലതിർക്ക്** - പറമ്പ് നാലതിരിനകത്ത്.

**അകത്ത് അകപ്പെട്ടതി*ന്*** - അകത്തുൾപ്പെട്ടതിന്.

**എപ്പേരും** - എല്ലാം.

**മാവറ കൊടുത്ത്** - പണം നൽകി.

**മണ്ണടങ്ങ** - മണ്ണടക്കം, അനുനാസികാതിപ്രസരം സംഭവിച്ച പദം.

**മുതലറ** - ഭൂമി.

**നീരുതകമായി** - ജലം ഉദകമായി.

**നീരട്ടിച്ചു** - ജലം വീഴ്ത്തി.

**കൊണ്ടാർ** - അവർ സ്വീകരിച്ചു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പാലൈയൂർ ചാക്കു കത്തനാരും വികാരിയും** - പാലയൂർ ചാക്കു കത്തനാർ വികാരിയും.

**പൊഴത്തിക്കാരെരും** - പ്രവൃത്തിക്കാരന്മാരും.

**ഇമ്മാർക്കമൈ** - ഈ മാർഗ്ഗത്തിൽ.

**ഇത് അറിവോർ** - ഇത് + അറിവ് + ഓർ, ഇതറിയുന്നവർ. അറിവോർ - അറിയുന്നവർ, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. ഓർ - അവർ.

**കോങ്ങാട്ട് കണ്ടുമേ*നോനും*** - കോങ്ങാട്ട് കണ്ടുമേനോനും.

**പാലാട്ട് തെവ്വെൻ മേ*നോനും*** - പാലാട്ട് ദേവൻ മേനോനും. തെവ്വെൻ - ദേവൻ, തത്ഭവം. വർണ്ണവികാരം അ/എ വിനിമയം.

**ആച്ചവീട്ടിൽ ഇട്ടിനായെരുടെ പടിപ്പുരെക്കൽ ഇട്ടി ഏ*നും*** - ആച്ചവീട്ടിൽ ഇട്ടി നായരുടെ പടിപ്പുരക്കൽ ഇട്ടി എന്ന ഞാനും. നായെർ - നായർ, വർണ്ണവികാരം അ/എ വിനിമയം. പുരെക്കൽ - പുരക്കൽ, വർണ്ണവികാരം അ/എ വിനിമയം. ഏൻ - ഞാൻ.

**കാവക്കരെ പുത്തക്കുറിപ്പും** - കാവക്കരെ + പുത്ത + കുറിപ്പ് + ഉം, കാവക്കരെ ബുദ്ധ കുറുപ്പും. പുത്ത - ബുദ്ധ, തത്ഭവം. കുറിപ്പ് - കുറുപ്പ്, വർണ്ണവികാരം ഉ/ഇ വിനിമയം. ഉം - സമുച്ചയ നിപാതം. സന്ധിയിൽ - പുത്ത + കുറിപ്പ് - പുത്തക്കുറിപ്പ്. കകാര ദ്വിത്വം.

**തലെപ്പള്ളി പൂതനായെരും** - തലപ്പള്ളി ഭൂതനായർ. തലെപ്പള്ളി - തലപ്പള്ളി, വർണ്ണവികാരം അ/എ വിനിമയം. പൂതനായെർ - ഭൂതനായർ, തത്ഭവം, വർണ്ണവികാരം അ/എ വിനിമയം.

**അറികെ** - അറിയെ.

**കേട്ടു കേൾപ്പിച്ച്** - കേട്ടു കേൾപ്പിച്ച്

**കൈയെഴുതിനാർ** - കൈ + എഴുതിന + ആർ, കയ്യെഴുതിയത്. കൈ - കയ്യ്, സ്വരസംവരണം സംഭവിക്കാത്ത പദം. എഴുതിന - എഴുതിയ, വർണ്ണവികാരം യ/ന വിനിമയം. ആർ - പൂജകബഹുവചന പ്രത്യയം.

**കൂത്തിനമെള്ളി ചങ്ങരി പങ്ങ** - കൂത്തിനമ്പള്ളി ചങ്ങരി പങ്ങ, അനുനാസികാതിപ്രസരം സംഭവിച്ച നാമം.

**കൈ എഴുത്ത്** - കയ്യെഴുത്ത്.

**4.2.2.11 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 3**

**കൊല്ലം 856 ആമത്** - കൊല്ലവർഷം 856 ആമത്.

**വിതിന ഞായറ്റിൽ** - വിതിന + ഞായറ്റ് + ഇൽ, മിഥുന മാസത്തിൽ. വിതിന - മിതിന - മിഥുന, തത്ഭവം. വർണ്ണവികാരം പദാദ്യത്തിൽ മ/വ വിനിമയം. പദമധ്യത്തിൽ ഉ/ഇ വിനിമയം. ഞായറ്റ്- മാസം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - ഞായറ്റ് + ഇൽ - ഞായറ്റിൽ, സംവൃതോകാരലോപം.

**എഴുതിയ** - എഴുതിച്ച.

**പനെപ്പാട്ടോലക്കരണമാവതു** - പനെ + പാട്ടോല + കരണം + ആവതു, പന പാട്ടം ഓലക്കരണം ആകുന്നത്. പനെ - പന, കരിമ്പന, ഇതിന്റെ ഓല എഴുതാൻ ഉപയോഗിച്ചിരുന്നു. വർണ്ണവികാരം പദാന്ത്യത്തിൽ അ/എ വിനിമയം. പാട്ടോല - പാട്ടം, ഓല എന്നീ വാക്കുകൾ കൂടിച്ചേർന്നുണ്ടായ പദം. കരണം - കരാർ. ആവതു

– ആകുന്നു. സന്ധിയിൽ – പനെ + പാട്ടോല – പനെപ്പാട്ടോല, പകാര ദ്വിത്വം. ഓല + കരണം – ഓലക്കരണം, കകാര ദ്വിത്വം.

**പാലൈയൂർ പള്ളിക്കൽ** – പാലൈയൂർ + പള്ളി + കൽ, പാലയൂർ പള്ളിയിലെ. പാലൈയൂർ – പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. കൽ – ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ – പള്ളി + കൽ – പള്ളിക്കൽ, കകാര ദ്വിത്വം.

**മാർക്കുറിചാക്കോ സഹത** – മാർ + കുറിചാക്കോ + സഹത, മാർ കുരിയാക്കോസ് സഹദ. വിശുദ്ധനായ കുരിയാക്കോസ് രക്തസാക്ഷി. മാർ – വിശുദ്ധൻ, അക്ഷരലോപം സംഭവിച്ചിരിക്കുന്നു. കുറിചാക്കോ – കുരിയാക്കോസ്, തത്ഭവം, അക്ഷരലോപം സംഭവിച്ചിരിക്കുന്നു. സഹത – സഹദ, തത്ഭവം, രക്തസാക്ഷി.

**പാലൈയൂർ ചാക്കു കത്തനാരും വികാരിയും** – പാലൈയൂർ + ചാക്കു + കത്തനാര് + ഉം + വികാരി + ഉം, പാലയൂർ ചാക്കു കത്തനാരും വികാരിയും. പാലൈയൂർ – പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. കത്തനാർ – പുരോഹിതൻ. കത്തനാർ, വികാരി എന്നിവ സമാനാർത്ഥമുള്ള പദങ്ങളാണ്. ക്രിസ്തീയ പുരോഹിതൻ എന്നാണർത്ഥം ബഹുമാന ദ്യോതകമായി രണ്ടും ഒന്നിച്ച് പ്രയോഗിച്ചിരിക്കുന്നു.

**തേചത്തെ പട്ടക്കാരെരും** – ദേശത്തെ പട്ടക്കാരന്മാരും. തത്ഭവം.

**പള്ളി പൊഴത്തിക്കാരെരും** – പള്ളി പ്രവൃത്തിക്കാരന്മാരും. തത്ഭവം.

**കൂടി** – ചേർന്ന്.

**കൈയാൽ** – കൈ + ആൽ – കയ്യു കൊണ്ട്. കൈ – കയ്യ്, സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ – പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ – സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നൂറ്റൊരുപത്തൊന്നു** – നൂറ്റ് + ഒരുപത്ത് + ഒന്ന്, നൂറ്റിപ്പതിനൊന്ന്. ഒരുപത്ത് – പത്ത്, ഇവിടെ പത്തിന് ഒരു എന്ന സവിശേഷണം ആവശ്യമില്ല. വട്ടെഴുത്തു

ലിഖിതങ്ങളിലെ സ്വഭാവം ഇവിടെയും തുടരുന്നു. സന്ധിയിൽ രണ്ടിടത്തും സംവൃതോകാരലോപം.

**പുതുപ്പണം കടങ്കൊണ്ടാർ** - പുതു + പണം + കടം + കൊണ്ട് + ആർ, പുതുപ്പണം അവർ കടം വാങ്ങി. കൊണ്ടാർ - അവർ വാങ്ങി, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**ആച്ചവീട്ടിൽ ചൂരികെട്ടി** - ആച്ചവീട്ടിൽ ചൂരി കെട്ടി എന്ന വ്യക്തി.

**കൊണ്ടാർ** - അവർ വാങ്ങി. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കൊണ്ട** - വാങ്ങിയ.

**പരിചാവത്** - പരിച് + ആവത്, കരാർ ആകുന്നത്.

**ഇക്കൊണ്ട** - ഇ + കൊണ്ട, ഈ വാങ്ങിയ. ഇ - ഈ, ചുട്ടെഴുത്ത്. സന്ധിയിൽ കകാര ദ്വിത്വം.

**പുതുപ്പണം 111 *നും*** - പുതുപ്പണം 111 നും.

**കാരിയം** - കാര്യം, തത്ഭവം.

**പാലൈയൂർ തേചത്ത്** - പാലയൂർ ദേശത്ത്. പാലൈയൂർ - പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. തേചം - ദേശം, തത്ഭവം.

**തരകൻ വീട്ടിൽ പറമ്പിന്റെ തെക്ക്** - തരകൻ + വീട്ടിൽ + പറമ്പ് + ഇൻ + ന്റെ + തെക്ക്, തരകൻ വീട്ടിൽ പറമ്പിന്റെ തെക്ക് ഭാഗത്ത്. ഇൻ - ഇടനില. ന്റെ - സംബന്ധികാവിഭക്തി പ്രത്യയം.

**പള്ളി അതിർക്ക് കിഴക്ക്** - പള്ളി + അതിർ + ക്ക് + കിഴക്ക്, പള്ളി അതിരിന് കിഴക്ക് ഭാഗത്ത്. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**കൽക്കിണറ്റി*ന്* വടക്ക്** - കൽ + കിണറ്റ് + ഇൻ + ന് + വടക്ക്, കൽക്കിണറിന് വടക്ക് ഭാഗത്ത്. ഇൻ - ഇടനില. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തനിച്ച്** - ഒറ്റക്ക്.

**തനിക്ക്** - സ്വന്തമായി.

**ഉള്ള** - ഉള്ളതായ.

**കാളിയൻ വീട്ടിൽ പറമ്പ്** - കാളിയൻ വീട്ടിൽ പറമ്പ്.

**വിലനിലമുൾപെറു** - നിലത്തിന്റെ വിലയ്ക്കുള്ള നികുതി ഉൾപ്പെടെ. ഉൾപെറു - ഉൾപ്പെടെ.

**പാലൈയൂർ തേചത്ത്** - പാലയൂർ ദേശത്ത്.

**കാളിയൻ പറമ്പ്** - കാളിയൻ പറമ്പ്.

**111 പണവും കൊടുത്ത്** - 111 പണവും കൊടുത്ത്.

**പനൈപ്പാട്ടം നേർപലിച കിഴിയുമാറ്** - പനൈ + പാട്ടം + നേർപലിച + കിഴിയുമാറ്, പന പാട്ടം നേർപലിശ കിഴിയും വിധം. പനൈ - പന, വർണ്ണവികാരം അ/എ വിനിമയം. നേർപലിച - നേർപലിശ, തത്ഭവം.

**എഴുതിക്കൊടുത്താർ** - എഴുതി + കൊടുത്ത് + ആർ, അവർ എഴുതിക്കൊടുത്തു. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം. സന്ധിയിൽ - എഴുതി + കൊടുത്ത് - എഴുതിക്കൊടുത്ത്, കകാര ദ്വിത്വം.

**ചൂരി ഇട്ടി പങ്ങി** - ചൂരി ഇട്ടി പങ്ങി എന്ന വ്യക്തി.

**അമ്മാർക്കമൈ** - അ + മാർക്കം + എ, ആ മാർഗ്ഗത്തിൽ.

**ഇച്ചൊന്ന** - ഇ + ചൊന്ന, ഈ പറഞ്ഞ.

**തേചത്ത്** - ദേശത്ത്.

**111 പണവും** - 111 പണവും.

**കൊടുത്ത്** - നൽകി.

**പനെപ്പാട്ടം നേർപലിച** - പനപ്പാട്ടം നേർപലിശ.

**കിഴിയുമാറ് എഴുതിച്ചു** - കിഴിയും വിധം എഴുതിച്ചു.

**കൊണ്ടാർ** - അവർ വാങ്ങി, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പള്ളിക്കൽ** - പള്ളി + കൽ, പള്ളിയിലെ.

**മാക്കുറിചാക്കു** - മാ + കുറിചാക്കു, മാർ കുരിയാക്കോസ്.

**കത്തനാറുവ്വികാരി** - കത്തനാർ + ഉ + വികാരി, കത്തനാർ വികാരി.

**ഇപ്പറമ്പിൽ** - ഇ + പറമ്പിൽ, ഈ പറമ്പിൽ. ഇ - ഈ, ചുട്ടെഴുത്ത്. സന്ധിയിൽ - ഇ + പറമ്പിൽ - ഇപ്പറമ്പിൽ, പകാര ദ്വിത്വം.

**വച്ചാക്കുന്ന** - വച്ച് + ആക്കുന്ന, വച്ച് ഉണ്ടാക്കുന്ന. സന്ധിയിൽ സംവൃതോകാരലോപം.

**പലങ്ങൾക്ക്** - പലങ്ങൾ + ക്ക്, ഫലങ്ങൾക്ക്, തത്ഭവം. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തേചവക്കം** - ദേശവഴക്കം, തത്ഭവം.

**കുഴിക്കാണം** - കുഴി + കാണം, കുഴിക്കാണം. പാട്ടഭൂമിയിൽ നിന്നും ഉടമയ്ക്ക് ലഭിക്കേണ്ടുന്ന വരവിനെ സംബന്ധിക്കുന്ന കരാർ. സന്ധിയിൽ കകാര ദ്വിത്വം.

**കൊടുക്കവും** - കൊടുക്ക + ഉം, കൊടുക്കുകയും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**കൊള്ളവും** - കൊള്ള + ഉം, സ്വീകരിക്കുകയും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**കടവർ** - കടപ്പെട്ടവർ.

**ഇപ്പടിക്ക്** - ഇ + പടിക്ക്, ഈ വിധത്തിൽ. സന്ധിയിൽ പകാര ദ്വിത്വം.

**കൊണ്ടാ** - സ്വീകരിച്ചു.

**തമ്പി തമ്പി** - തമ്പി എന്ന തമ്പി.

**ക** - കയ്യ്, അക്ഷരലോപം.

**എഴുത്ത്** - എഴുതിയത്.

**4.2.2.12 പാലയൂർ പള്ളി കോലെഴുത്തു ചെമ്പോല - 4**

**കൊല്ലം 918 - ാമത്** - കൊല്ലവർഷം 918 ആമത്.

**മീന ഞായറ്റിൽ** - മീനമാസത്തിൽ.

**എഴുതിയ** - എഴുതിച്ച.

**അട്ടിപ്പേറ്റോലക്കരുണമാവത്** - അട്ടിപ്പേറ്റ് + ഓല + കരുണം + ആവത്, അട്ടിപ്പേറ് ഓലക്കരണം ആകുന്നത്. കരുണം - കരണം, വർണ്ണവികാരം പദമധ്യത്തിൽ അ/ഉ വിനിമയം. സന്ധിയിൽ - അട്ടിപ്പേറ്റ് + ഓല - അട്ടിപ്പേറ്റോല, സംവൃതോകാരലോപം. ഓല + കരുണം - ഓലക്കരുണം, കകാര ദ്വിത്വം.

**പാലയൂർ തേചത്ത്** - പാലയൂർ ദേശത്ത്. തേചം - ദേശം, തത്ഭവം.

**അച്ചാഴിത്ത് കൂമ്മ*നി*യപ്പറമ്പി*ന്* ** - അച്ചാഴിയത്ത് + കൂമ്മനിയ + പറമ്പ് + ഇൻ + ന്, അച്ചാഴിയത്ത് കൂമ്മനിയ പറമ്പിന്റെ. ഇൻ - ഇടനില. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - കൂമ്മനിയ + പറമ്പ് - കൂമ്മനിയപ്പറമ്പ്, പകാര ദ്വിത്വം. പറമ്പ് + ഇൻ - പറമ്പിൻ, സംവൃതോകാരലോപം.

**തെക്കേപ്പുറം** - തെക്കേ + പുറം, തെക്കേ പുറത്ത്. സന്ധിയിൽ പകാര ദ്വിത്വം.

**ഇമ്പൊണൻ കല്ലിട്ട** - ഇമ്പൊണൻ + കല്ല് + ഇട്ട, ഇമ്പൊണൻ കല്ലിട്ട. സന്ധിയിൽ - കല്ല് + ഇട്ട - കല്ലിട്ട, സംവൃതോകാരലോപം.

**അതിർക്ക് തെക്കോട്ടും** - അതിർ + ക്ക് + തെക്കോട്ട് + ഉം, അതിരിന് തെക്ക് ഭാഗത്തേക്കും. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - തെക്കോട്ട് + ഉം - തെക്കോട്ടും, സംവൃതോകാരലോപം.

**പള്ളി പറമ്പിന്റെ** - പള്ളി + പറമ്പ് + ഇൻ + ന്റെ, പള്ളി നിൽക്കുന്ന പറമ്പിന്റെ. ഇൻ - ഇടനില. ന്റെ - സംബന്ധികാവിഭക്തി പ്രത്യയം.

**വടക്കേ അതിർക്ക് വടക്കോട്ടും** - വടക്ക് + അതിർ + ക്ക് + വടക്ക് + ഓട്ട് + ഉം, വടക്കേ അതിരിന് വടക്ക് ഭാഗത്തേക്കും.

**പടിഞ്ഞാറ് എടവഴിക്ക് കിഴക്കോട്ടും** - പടിഞ്ഞാറ് + എടവഴി + ക്ക് + കിഴക്ക് + ഓട്ട് + ഉം, പടിഞ്ഞാറ് എടവഴിക്ക് കിഴക്ക് ഭാഗത്തേക്കും.

**കിക്കേ** - കിഴക്കേ. ഴകാരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**അർക്ക്** - അതിർക്ക്. ഇകാര സഹിത തകാരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**പടിഞ്ഞാട്ട്** - പടിഞ്ഞാറോട്ട്, ഓകാര സഹിത റകാരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**ഇന്നാലതിർക്ക്** - ഇ + നാലതിർ + ക്ക്, ഈ നാലതിരിന്.

**അകത്തകപ്പെട്ടത്** - അകത്ത് + അകപ്പെട്ട + അത്, അകത്ത് ഉൾപ്പെട്ടത്.

**എപ്പിയേർപ്പെട്ടതും** - എപ്പി + ഏർപ്പെട്ട + അത് + ഉം, എല്ലാവിധത്തിലും ഉള്ളവയും. സന്ധിയിൽ - എപ്പി + ഏർപ്പെട്ട - എപ്പിയേർപ്പെട്ട, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ഏർപ്പെട്ട + അത് - ഏർപ്പെട്ടത്, അകാര സംയോഗം ഒഴിവാക്കാൻ അകാര ലോപം. അത് + ഉം - അതും, സംവൃതോകാരലോപം.

**അന്നു നാലറ കണ്ടുയെടം** - അന്നു + നാലറ + കണ്ടു + എടം, അന്ന് നാലര കണ്ടം സ്ഥലം. നാലറ - നാലര, വർണ്ണവികാരം ര/റ വിനിമയം. കണ്ടു - കണ്ടം, വർണ്ണവികാരം മ/ഉ വിനിമയം. എടം - ഇടം, വർണ്ണവികാരം ഇ/എ വിനിമയം.

സന്ധിയിൽ - കണ്ടു + എടം - കണ്ടുയെടം, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അർത്തവും** - അർത്ഥവും, തത്ഭവം.

**വാങ്ങി** - സ്വീകരിച്ച്.

**അട്ടിപ്പേറ്** - ജന്മാവകാശം.

**പിറമുതലൊതകമായി** - പിറ + മുതൽ + ഒതകം + ആയി, പാരമ്പര്യാ ലഭിച്ച മുതൽ ഉദകമായി. പിറമുതൽ - പാരമ്പര്യ സ്വത്ത്. ഒതകം - ഉതകം - ഉദകം, തത്ഭവം, വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം.

**എഴുതി കൊടുത്താൻ** - അവൻ എഴുതി കൊടുത്തു. കൊടുത്താൻ - അവൻ കൊടുത്തു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**അച്ചാഴിത്ത് കാമൻ പങ്ങ*നു*ം തമ്പിമാരും** - അച്ചാഴിയത്ത് കാമൻ പങ്ങനും അനുജന്മാരും. അച്ചാഴിത്ത് - അച്ചാഴിയത്ത്, യകാരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**അമ്മാർക്ക** - ആ മാർഗ്ഗം. പദാന്ത്യത്തിലെ മകാരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**ഇച്ചൊ*ന്ന*** - ഈ പറഞ്ഞ.

**പലയൂർ തേചത്ത്** - പാലയൂർ ദേശത്ത്. പകാരത്തിന് ശേഷമുള്ള ദീർഘിച്ച ആകാരം എഴുതാൻ വിട്ടു പോയിരിക്കുന്നു.

**അച്ചാഴിയത്ത് കുമ്മ*നി* പറമ*ന്ന്*** - അച്ചാഴിയത്ത് കുമ്മനി പറമ്പിന്. പറമ*ന്ന്* - പറമ്പിന്, ഇകാര സഹിതമായ പകാരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**തെക്കേപ്പുറം** - തെക്കേ ഭാഗം.

**കല്ലിട്ടതിക്ക്** - കല്ലിട്ട അതിരിന്. അതിക്ക് - അതിർക്ക്, ർ, ചില്ലക്ഷരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**തെക്കോട്ടും** - തെക്കു ഭാഗത്ത്.

**പള്ളി പറമ്പിന്ന്** - പള്ളി പറമ്പിന്.

**വടക്കേ അതിർക്ക്** - വടക്കേ അതിരിന്.

**വടക്കോട്ടും പടിഞ്ഞാറ് എടവഴിക്ക്** - വടക്കേ ഭാഗത്ത് പടിഞ്ഞാറുള്ള ഇടവഴിക്ക്. എടവഴി - ഇടവഴി, വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം.

**കിഴക്കോട്ടും കിഴക്കേ അർക്ക്** - കിഴക്കോട്ടുള്ള കിഴക്കേ അതിരിന്. അർക്ക് - അതിർക്ക്, ർ, ചില്ലക്ഷരം എഴുതാൻ വിട്ടുപോയിരിക്കുന്നു.

**പടിഞ്ഞാട്ടും** - പടിഞ്ഞാറോട്ടും.

**ഇന്നാലതിർക്കകത്തകപ്പെട്ടത്** - ഈ നാല് അതിരുകൾക്ക് അകത്ത് ഉൾപ്പെട്ടത്.

**എപ്പിർ പെട്ടതും** - എല്ലാ വിധത്തിൽ ഉൾപ്പെട്ടതും.

**അന്നു നാലറ കണ്ടുയെടം** - അന്ന് നാലര കണ്ടം സ്ഥലം.

**അർത്തവും കൊടുത്ത്** - അർത്ഥവും കൊടുത്ത്.

**അട്ടിപ്പേർ** - ജന്മാവകാശം.

**പിറമുതലൊതകമായി** - പാരമ്പര്യ സ്വത്ത് ഉദകമായി.

**എഴുതിച്ചു കൊണ്ടാൻ** - എഴുതിച്ച് അവൻ വാങ്ങി. കൊണ്ടാൻ - അവൻ കൊണ്ടു, പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പലൈയൂർ പള്ളി** - പാലയൂർ പള്ളി. പലൈയൂർ - പാലയൂർ, സ്വരസംവരണം സംഭവിക്കാത്ത പദം. പകാരത്തിന് ശേഷമുള്ള ദീർഘിച്ച ആകാരം എഴുതാൻ വിട്ടു പോയിരിക്കുന്നു.

**വെകാരിയും** - വികാരിയും. വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം.

**പൊറത്തിക്കാരെരും** - പ്രവൃത്തിക്കാരന്മാരും, തത്ഭവം.

**ഇമ്മാർക്കം** - ഈ മാർഗ്ഗം.

**ഇച്ചൊന്ന പറമ്പ്** - ഈ പറഞ്ഞ പറമ്പ്.

**അന്നു നാലറ കണ്ടയെടം** - അന്ന് നാലര കണ്ടം സ്ഥലം.

**അർത്തവും വാങ്ങി** - അർത്ഥവും സ്വീകരിച്ച്.

**പിറമുതലൊതകമായി** - പാരമ്പര്യ സ്വത്ത് ഉദകമായി.

**എഴുതി കൊടുത്താൻ** - അവൻ എഴുതി കൊടുത്തു. കൊടുത്താൻ - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**കാമൻ പങ്ങനും തമ്പിമാരും** - കാമൻ പങ്ങനും അനുജന്മാരും.

**അമ്മാർക്കമേ** - ആ മാർഗ്ഗത്തിൽ.

**ഇച്ചൊന്ന പറമ്പ്** - ഈ പറഞ്ഞ പറമ്പ്.

**അന്നു പെറും അർത്തവും** - അന്നു നിലവിലുള്ള വിലയും.

**കൊടുത്ത്** - നൽകി.

**പിറമുതലൊതകമായി** - പാരമ്പര്യ സ്വത്ത് ഉദകമായി.

**എഴുതിച്ചു കൊണ്ടൻ** - അവൻ എഴുതിച്ചു സ്വീകരിച്ചു. കൊണ്ടൻ - കൊണ്ടാൻ - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പലൈയൂർ പള്ളി വെകാരിയും** - പാലയൂർ പള്ളി വികാരിയും. പലൈയൂർ - പാലയൂർ, പകാരത്തിന് ശേഷമുള്ള ദീർഘിച്ച ആകാരം എഴുതാൻ വിട്ടു പോയിരിക്കുന്നു. വെകാരി - വികാരി, വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം.

**പൊറവറത്തിക്കാരും** - പ്രവൃത്തിക്കാരന്മാരും.

**ഇമ്മാർക്കമേ** - ഈ മാർഗ്ഗത്തിൽ. തത്ഭവം.

**അറിയും പല തക്കി** - അറിയുന്ന പല സാക്ഷി. തക്കി - താക്കി - സാക്ഷി, തത്ഭവം.

**തലപ്പെള്ളി പരുവെർ കാവെക്കുറുപ്പും** - തലപ്പള്ളി പരുവർ കാവക്കുറുപ്പും.

**ചവലുക്കട്ടിൽ പട്ടരും** - ചവുലക്കാട്ടിൽ പട്ടരും.

**മംമ്പിൽ മൂത്തവ്വെരും** - മമ്പിൽ മൂത്തവരും.

**കൂത്താംപെള്ളി കമ്മളും** - കൂത്താംപള്ളി കമ്മളും.

**അറികെ** - അറിയെ.

**കോങ്ങാട്ടിൽ കേരളൻ കണ്ടർ കയ്യെഴുത്ത്** - കയ്യെഴുതിയത് കോങ്ങാട്ടിൽ കേരളൻ കണ്ടർ.

### 4.2.2.13 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 1

**മാറാനീചോ മിചിയാ** - മാറാൻ + ഈചോ + മിചിയാ, നാഥൻ ഈശോ മിശിഹാ. മാറാൻ - നാഥൻ. ഈചോ മിചിയാ - ഈശോ മിശിഹാ, തത്ഭവം.

**പിറന്നിട്ട് 1624 മത്** - ജനിച്ച് 1624 ആമത്.

**കുമ്പ ഞായറ്റു 8 *നു*** - കുംഭ മാസം 8 നു. കുമ്പ - കുംഭ, തത്ഭവം. ഞായറ്റു - മാസം.

**5 നൊയമ്പ്** - അഞ്ച് നൊയമ്പ്. ക്രിസ്ത്യാനികൾക്കിടയിലുള്ള വ്രതം.

**തുടങ്ങുന്റ** - തുടങ്ങ് + ഉൻ + ന്റ, തുടങ്ങുന്ന. അനുനാസികാതിപ്രസരം സംഭവിച്ചതും അനുനാസികാതിപ്രസരം സംഭവിക്കാത്തതുമായ അക്ഷര സംയുക്തങ്ങളുള്ള പദം. അനുനാസികാതിപ്രസരം സംഭവിച്ച അക്ഷര സംയുക്തം ങ്ങ, അനുനാസികാതിപ്രസരം സംഭവിക്കാത്ത അക്ഷര സംയുക്തം ന്റ.

**ഞാറാഴിച്ച നാൾ** - ഞായറാഴ്ച ദിവസം. ഞാറാഴിച്ച അക്ഷരലോപവും വർണ്ണവികാരവും സംഭവിച്ച പദം. ഞാറാ എന്നതിന്റെ മധ്യത്തിൽ യകാരം

ലോപിച്ചുപോയി. ഞാറാഴിച്ച എന്നതിൽ ഴ കാരത്തോട് സംവൃതോകാരത്തിനു പകരം ഇകാരം ചേർന്ന് സംവൃതോകാര/ഇകാര വിനിമയം.

**അച്തമിച്ച് പത്ത് നാഴിക** - അസ്തമിച്ച് പത്ത് നാഴിക. അച്തമിച്ച് - അസ്തമിച്ച്, തത്ഭവം.

**രാവ് ചെല്ലുന്റപ്പോൾ** - രാവ് + ചെല്ലുന്റ + അപ്പോൾ. രാത്രി ചെല്ലുന്ന സമയത്ത്. രാവ് - രാത്രി. ചെല്ലുന്റ - ചെല്ലുന്ന, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. അപ്പോൾ - ആ സമയം.

**ചുത്തമാനാ** - ശുദ്ധമായ. തത്ഭവം. ചുത്തമാനാ - ചുത്തമായാ, വർണ്ണവികാരം യ/വർത്സ്യ നകാര വിനിമയം.

**കാത്തൊലിക്കാ** - കാത്തോലിക്കാ വിശ്വാസികളുടെ.

**അക്ക്ലേചിയാങ്കൂട്ടത്തിലെ** - അക്കലേചിയാം + കൂട്ടത്തിലെ, അക്ലേഷ്യാ കൂട്ടത്തിലെ. സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**മലങ്കരെ മാർത്തോമ്മാ** - മലങ്കര മാർത്തോമ്മാ. മലങ്കരെ - മലങ്കര, വർണ്ണവികാരം പദാന്ത്യത്തിൽ അ/എ വിനിമയം.

**നച്റാണികെൾക്ക്** - നസ്രാണികൾക്ക്, തത്ഭവം. നച്റാണികെൾക്ക് - നച്റാണികൾക്ക്, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം.

**മേൽ** - ഉയർന്ന.

**പട്ടക്കാറെൻ** - പട്ടക്കാരൻ. വർണ്ണവികാരം പദമധ്യത്തിൽ ര/റ, അ/എ വിനിമയങ്ങൾ.

**അയാ** - ആയ.

**മാർ പെറഞ്ചികക്കു മെത്തെറാൻ** - നാഥൻ ഫ്രാൻസിസ്കോ മെത്രാൻ. മാർ - നാഥൻ. പെറഞ്ചികക്കു - ഫ്രാൻസിസ്കോ, തത്ഭവം. മെത്തെറാൻ - മെത്രാൻ, തത്ഭവം. പദമധ്യത്തിൽ അ/എ വിനിമയം.

**കാലം ചെയിതു** - കാലം ചെയ്തു, മരിച്ചു.

**അന്റ്** - അന്ന്. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**കൊല്ലം 799 മത്** - കൊല്ല വർഷം 799 ആമത്.

**4.2.2.14 പറവൂർ കോട്ടക്കാവ് പള്ളി കോലെഴുത്തു ശിലാലിഖിതം - 2**

**മിചികാ** - മിശിഹാ, യേശു ക്രിസ്തു തത്ഭവം.

**പിറന്നിട്ട് 1799 കാലം** - ജനിച്ച് 1799 കാലം.

**മിതു*ന* മാതം 3 *നു*- മിഥുന മാസം 3 നു** - മിതുന മാതം - മിഥുന മാസം, തത്ഭവം.

**ഞാറാച്ച നാൾ** - ഞായറാഴ്ച ദിവസം. യ, ഴ എന്നീ അക്ഷരങ്ങൾ ലോപിച്ച പദം.

**വച്ചു** - വെച്ച്.

**വെട്ടത്തു ചാക്കോ കത്തെ*ന*ാരും** - വെട്ടത്തു ചാക്കോ കത്തനാരും. കത്തെനാർ - കത്തനാർ, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം.

**ആമ്പലെത്തുങ്കൽ കുരുവറെയതുപ്പു മാത്തായി** - ആമ്പലത്തുങ്കലെ കരുവറെ ഉതുപ്പ് മത്തായിയും.

**ഒലൊറെ*ന*ു കുടി** - ദൈവവഴിക്ക് കൂടി. മരിച്ചു.

**എൻ** - എന്ന്.

**അറിക** - അറിയുക.

### 4.2.2.15 കൊച്ചി പുതുവെപ്പ് 322-ലെ കോലെഴുത്തു ചെമ്പോല

**അരുളിച്ചൈക** - അരുളി + ചൈക, ആജ്ഞപോലെ പ്രവർത്തിക്കുക. അരുളി - കല്പിച്ചു. ഭൂതകാല രൂപം. ചൈക - ചെയ്യുക, പ്രവർത്തിക്കുക, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ ചകാര ദ്വിത്വം.

**നമ്മുടെ അന*ന*തവരവർ** - നമ്മുടെ അനന്തരവർ. അനതവരവർ - അനന്തരവർ അവർ, അക്ഷരവിന്യസനത്തിൽ മാറ്റം വന്ന പദം.

**മേൽപ്പെട്ട** - മേൽ + പട്ട, ഉയർന്ന നിലവാരത്തിലുള്ള. സന്ധിയിൽ പകാര ത്വിത്വം.

**പെകുമാ*ന*പ്പട്ട** - പെകുമാന + പട്ട, ബഹുമാനപ്പെട്ട, തത്ഭവം. വർണ്ണവികാരം അ/എ വിനിമയം. സന്ധിയിൽ പകാര ദ്വിത്വം.

**കുപമഞ്ഞിയെ** - കമ്പനിയെ, തത്ഭവം. ഇംഗ്ലീഷ് വാക്കിനെ മലയാളീകരിച്ചിരിക്കുന്നു. ഇവിടെയും പകാര മകാരങ്ങൾ അപ്പുറവും ഇപ്പുറവും വന്നു കുമ്പഞ്ഞിയാണ് യഥാർത്ഥ പ്രയോഗം.

**വിച്ചൊതിച്ച്** - വിശ്വസിച്ച്, തത്ഭവം.

**നമ്മുടെ തൊരൂപത്തെ** - നമ്മുടെ + തൊരൂപം + അത്ത് + എ, നമ്മുടെ സ്വരൂപത്തെ. തൊരൂപം - സ്വരൂപം, തത്ഭവം. അത്ത് - ഇടനില. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**രെക്കിച്ച്** - രക്ഷിച്ച്, തത്ഭവം, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**ചെല്ലേണ്ടും** - ചെല്ല + വേണ്ടും, ചെല്ലേണ്ടുന്നതിന്. സന്ധിയിൽ വകാരലോപം.

**പെറകാരത്തി*ന്ന്*** - പ്രകാരത്തിന്, തത്ഭവം.

**അങ്ങോട്ടുമിങ്ങോട്ടും** - അങ്ങോട്ടും ഇങ്ങോട്ടും.

**വിച്ചൊതിച്ച്** - വിശ്വസിച്ച്, തത്ഭവം.

**ഒടമ്പടിക്ക്** - ഒടമ്പടി + ക്ക്, ഉടമ്പടിക്കായി. ഒടമ്പടി - ഉടമ്പടി, വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**എഴുതി വെച്ചിരിക്കുന്ന** - എഴുതി + വെച്ച് + ഇരിക്കുന്ന, എഴുതി വെച്ചിരിക്കുന്ന. സന്ധിയിൽ - വെച്ച് + ഇരിക്കുന്ന - വെച്ചിരിക്കുന്ന, സംവൃതോകാരലോപം.

**പെറകാരത്തി*ന്നും*** - പെറകാരം + അത്ത് + ഇൻ + ന് + ഉം, പ്രകാരത്തിനും, തത്ഭവം. അത്ത് - ഇടനില. ഇൻ - ഇടനില. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം. ഉം - സമുച്ചയ നിപാതം.

**പുതുവപ്പ് 320 മത്** - പുതുവപ്പ് വർഷം 320 ആമത്.

**മേട മാതം 19** - മേട മാസം 19 ന്. മാതം - മാസം, തത്ഭവം.

**പഴെയ*ന്നൂ*ർ** - പഴയന്നൂർ, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം.

**പകവതിയുടെ** - പകവതി + ഉടെ, ഭഗവതിയുടെ. പകവതി - ഭഗവതി, തത്ഭവം. ഉടെ - സംബന്ധികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നടയിൽ** - നട + ഇൽ, നടയിൽ, മുമ്പിൽ. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കാഞ്ഞിര പൊഴയാൽ തെക്കും വടക്കും** - കാഞ്ഞിര + പൊഴ + ആൽ + തെക്ക് + ഉം + വടക്ക് + ഉം, കാഞ്ഞിര പുഴയുടെ തെക്കും വടക്കും ഭാഗങ്ങൾ. പൊഴ - പുഴ, വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം. സന്ധിയിൽ - പൊഴ + ആൽ - പൊഴയാൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. തെക്ക് + ഉം - തെക്കും, സംവൃതോകാരലോപം. വടക്ക് + ഉം - വടക്കും, സംവൃതോകാരലോപം.

**ഒള്ള** - ഉള്ള, വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം.

**പെറപ്പുക്കൻമാരയും** - പെറപ്പു + ക്ക് + അൻ + മാർ + അ + ഉം, പ്രഭുക്കന്മാരെയും. പെറപ്പു - പ്രഭു, തത്ഭവം. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം. അൻ - പുല്ലിംഗം ഏകവചന പ്രത്യയം. മാർ - ബഹുവചന പ്രത്യയം. അ - എ, പ്രതിഗ്രാഹികാവിഭക്തി പ്രത്യയം. വർണ്ണവികാരം പദമധ്യത്തിൽ എ/അ വിനിമയം. ഉം - സമുച്ചയനിപാതം. സന്ധിയിൽ - പെറപ്പുക്ക് + അൻ - പെറപ്പുക്കൻ, സംവൃതോകാരലോപം. പെറപ്പുക്കൻമാര + ഉം, പെറപ്പുക്കൻമാരയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**വെപ്പ*നാ*ട്ടു കിരാമത്തിൽ** - വെപ്പനാട്ട് + ഉ + കിരാമം + അത്ത് + ഇൽ, വെപ്പനാട്ട് ഗ്രാമത്തിൽ. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം. കിരാമം - ഗ്രാമം, തത്ഭവം. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ - വെപ്പനാട്ട് + ഉ - വെപ്പനാട്ടു, സംവൃതോകാരലോപം. കിരാമത്ത് + ഇൽ - കിരാമത്തിൽ, സംവൃതോകാരലോപം.

**തച്ച*ന*ങ്ങളിൽ** - തച്ചനം + കൾ + ഇൽ. സജ്ജനങ്ങളിൽ, തത്ഭവം. അനുനാസികാതിപ്രസരം സംഭവിച്ച പദം. കൾ - ബഹുവചന പ്രത്യയം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**വാഴൈ പെരയും** - വാഴൈ + പെര + ഉം, വാഴും പുരകളും.വാഴൈ - വാഴുക, ജീവിക്കുക, സ്വരസംവരണം സംഭവിക്കാത്ത പദം. പെര - പുര, വർണ്ണവികാരം പദാദിയിൽ ഉ/എ വിനിമയം. സന്ധിയിൽ - പെര + ഉം - പെരയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അവണാ നമ്പൂരിയേയും** - അവണാ + നമ്പൂരി + ഏ + ഉം, അവണാ നമ്പൂതിരിയേയും. നമ്പൂരി - നമ്പൂതിരി, അക്ഷരലപം സംഭവിച്ച പദം. ഏ - ചോദ്യ വാചി. ഉം - സമുച്ചയനിപാതം. സന്ധിയിൽ - നമ്പൂരി + ഏ - നമ്പൂരിയേ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. നമ്പൂരിയേ + ഉം - നമ്പൂരിയേയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**താക്കി ആയി വച്ചും കൊണ്ട്** - സാക്ഷി ആയി വച്ചും കൊണ്ട്. താക്കി - സാക്ഷി, തത്ഭവം.

**എഴുതിവച്ച വപ്പ് ആകുന്നത്** - എഴുതി വച്ച കരാർ ആകുന്നത്. വപ്പ് - കരാർ.

**നമ്മുടെ തൊരുപത്തിങ്കൽ** - നമ്മുടെ + തൊരൂപം + അത്ത് + ഇൻ + കൽ, നമ്മുടെ സ്വരൂപത്തിൽ, അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം. തൊരുപം - സ്വരൂപം, തത്ഭവം. അത്, ഇൻ - ഇടനില. കൽ - ആധാരികാവിഭക്തിപ്രത്യയം. സന്ധിയിൽ - തൊരൂപത്ത് + ഇൻ - തൊരൂപത്തിൻ, സംവൃതോകാരലോപം. തൊരൂപത്തിൻ + കൽ - തൊരൂപത്തിങ്കൽ. പൂർവ്വപദത്തിലെ വർത്സ്യ *ന*കാരത്തിന് ങകാരാദേശം.

**അഞ്ചു താവഴിയും** - അഞ്ചു താവഴികളും.

**തമ്മിൽ** - പരസ്പരം.

**മൽത്തരം** - മത്സരം, തത്ഭവം.

**കൊണ്ട്** - കാരണം.

**അനേകം** - ഒന്നിലധികം.

**കൂട്ടം** - കുറേ.

**ആപത്തുകൾ** - അനർത്ഥങ്ങൾ.

**ഉണ്ടായതിന്റെ തോഴം** - ഉണ്ടായതിന്റെ ദോഷം. ന്റെ - സംബന്ധികാവിഭക്തി പ്രത്യയം. തോഴം - ദോഷം, തത്ഭവം.

**പറുങ്കി** - പറങ്കി, പോർച്ചുഗീസ്. വർണ്ണവികാരം പദമധ്യത്തിൽ അ/ഉ വിനിമയം.

**കൂടെ** - ചേർന്ന്, കൂടി.

**ചത്തുറുക്കൾക്ക്** - ശത്രുക്കൾക്ക്, തത്ഭവം.

**തകായമായിപ്പ** - സഹായമായിപ്പോൾ, തത്ഭവം.

**നമ്മുടെ തൊരുപത്തിങ്കലേക്ക്** - നമ്മുടെ സ്വരൂപത്തിലേക്ക്.

**ഏറിയ** - വളരെ

**അനർത്തങ്ങൾ** - അനർത്ഥങ്ങൾ, തത്ഭവം.

**അനുപവിച്ചാറെ** - അനുപവിപ്പിച്ച് + ആറെ, അനുഭവിപ്പിച്ചതിനാൽ. അനുപവിപ്പിച്ച് - അനുഭവിപ്പിച്ച്, തത്ഭവം. ആറെ - ആയതിനാൽ.

**നാം** - ഞാൻ.

**പെകുമാനപ്പെട്ട** - ബഹുമാനപ്പെട്ട, തത്ഭവം.

**ലെന്ത കുമ്പഞ്ഞിയെ** - ലെന്ത + കുമ്പഞ്ഞി + എ, ലന്ത കമ്പനിയെ. ലെന്ത - ഹോളണ്ട്, തത്ഭവം. കുമ്പഞ്ഞി - കമ്പനി. എ - പ്രത്ഗ്രാഹികാവിഭക്തി പ്രത്യയം. സന്ധിയിൽ - കുമ്പഞ്ഞി + എ - കുമ്പഞ്ഞിയെ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**വിച്ചൊതിച്ച്** - വിശ്വസിച്ച്, തത്ഭവം.

**കൊണ്ടുവന്ന്** - കൂട്ടി വന്ന്.

**പറുങ്കിയേയും** - പറങ്കിയേയും, പോർച്ചുഗീസുകാർ. വർണ്ണവികാരം പദമധ്യത്തിൽ അ/ഉ വിനിമയം.

**കളഞ്ഞ്** - ഒഴിവാക്കി.

**ചത്തുറുക്കളേയും** - ശത്രുക്കളേയും, തത്ഭവം.

**കോപ്പൊഴിച്ച** - നിരായുധരാക്കിയ.

**കൊച്ചിയിൽ** - കൊച്ചി + ഇൽ, കൊച്ചി രാജ്യത്ത്. ഇൽ - ആധാരികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ആതിയായിട്ട്** - ആതി + ആയിട്ട്, ആദ്യമായി. ആതി - ആദ്യം, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പറുങ്കി** - പറങ്കി, പോർച്ചുഗീസുകാർ. വർണ്ണവികാരം പദമധ്യത്തിൽ അ/ഉ വിനിമയം.

**ഇട്ടിരിന്ന** - ഇട്ട് + ഇരുന്ന, നിർമ്മിച്ചിരുന്ന. സന്ധിയിൽ സംവൃതോകാരലോപം.

**കോട്ടകളും** - കോട്ടകൾ + ഉം, കോട്ടകളും.

**പെകുമാ*ന*പ്പെട്ട** - ബഹുമാനപ്പെട്ട.

**ലെന്ത കുമ്പഞ്ഞി** - ലന്ത കമ്പനി.

**കൈവചമാക്കി** - കൈവശമാക്കി. തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം.

**മേൽപ്പട്ട്** - മേൽ + പട്ട്, ഇനി അങ്ങോട്ട്. സന്ധിയിൽ പകാര ദ്വിത്വം.

**കുമ്പഞ്ഞിയും** - കുമ്പഞ്ഞി + ഉം, കമ്പനിയും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നാമായിട്ട്** - നാം + ആയിട്ട്. ഞാനും ആയി.

**മേൽപ്പട്ട്** - ഇനി അങ്ങോട്ട്.

**ചെല്ലേണ്ടും** - പ്രവർത്തിക്കേണ്ടുന്ന.

**പെറകാരത്തി*ന്ന്*** - പ്രകാരത്തിന്. തത്ഭവം.

**പുതുവെപ്പ് 322 മത്** - പുതുവപ്പ് വർഷം 322 ആമത്.

**മീ*ന* മാതം 14 *ന*ു** - മീന മാസം 14 നു. മാതം - മാസം, തത്ഭവം.

**അങ്ങുമിങ്ങും** - അങ്ങും ഇങ്ങും, അവിടെയും ഇവിടെയും.

**എഴുതി വക്കയും** - എഴുതി + വക്ക + ഉം, എഴുതി വക്കുകയും. സന്ധിയിൽ - വക്ക + ഉം - വക്കയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ചൈതു** - ചെയ്തു. സ്വരസംവരണം സംഭവിക്കാത്ത പദം.

**ആയതിൽ** - ആയ + അതിൽ, അതിനകത്ത്.

**പറുങ്കി** - പറങ്കി, പോർച്ചുഗീസുകാർ.

**ഇട്ടിരിന്ന** - ഇട്ടിരുന്ന. വർണ്ണവികാരം പദമധ്യത്തിൽ ഉ/ഇ വിനിമയം.

**കൊച്ചി കോട്ടയും** - കൊച്ചിയിലെ കോട്ടയും.

**കൊടങ്ങല്ലൂർ കോട്ടയും** - കൊടുങ്ങല്ലൂരെ കോട്ടയും.

**പള്ളിപ്പറത്തും** - പള്ളിപ്പുറത്തും.

**പാമ്പാവിലും** - പാമ്പാ + ഇൽ + ഉം, പാമ്പാവിലും. സ്വരസംയോഗം ഒഴിവാക്കാൻ വകാരം ആഗമിച്ചിരിക്കുന്നു. താലവ്യ സാമീപ്യമുള്ളതിനാൽ യകാരമാണ് ആഗമിക്കേണ്ടത്.

**ഒള്ള കോട്ടകളും** - ഉള്ള കോട്ടകളും. വർണ്ണവികാരം ഉ/ഒ വിനിമയം.

**പറുങ്കി** - പറങ്കി, പോർച്ചുഗീസുകാർ.

**അനുപവിച്ചിരുന്ന** - അനുഭവിച്ചിരുന്ന, കൈവശം വച്ചിരുന്ന. തത്ഭവം.

**പാതിരിത്തും** - പാതിരി തുരുത്തും. അക്ഷരലോപം വന്നപദം.

**പോട്ട തുരുത്തും** - പോട്ട തുരുത്തും.

**വെണ്ടു തുരുത്തും** - വെണ്ടു തുരുത്തും.

**ഉൽപ്പത്തികളും** - ലഭ്യമാകുന്ന ഉത്പന്നങ്ങൾ.

**പറുങ്കിയുടെ** - പറുങ്കി + ഉടെ, പറങ്കിയുടെ. ഉടെ - സംബന്ധികാവിഭക്തി പ്രത്യയം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**വേലക്കാരായിട്ടള്ള** - വേലക്കാരായിട്ടുള്ള, വർണ്ണവികാരം ഉ/അ വിനിമയം.

**അടിമകളും** - അടിമകൾ + ഉം, ജോലിക്കായി വിലകൊടുത്തോ മതം മാറ്റിയോ കൊണ്ടുവന്നവർ.

**പെകുമാ*ന*പ്പെട്ട** - ബഹുമാനപ്പെട്ട.

**കുമ്പഞ്ഞിക്ക്** - കമ്പനിക്ക്.

**ആയിരിക്കത്തെക്കവണ്ണം** - ആയിരിക്ക + തക്കവണ്ണം, ആയിരിക്കും വിധം. സന്ധിയിൽ തകാര ദ്വിത്വം.

**എഴുതി വെച്ചിരിക്കുന്നു** - എഴുതി + വെച്ച് + ഇരിക്കുന്നു, എഴുതി വെച്ചിരിക്കുന്നു. വെച്ച് + ഇരിക്കുന്നു - വെച്ചിരിക്കുന്നു, സന്ധിയിൽ സംവൃതോകാരലോപം.

**കൊച്ചി കോട്ടക്കു പുറത്ത്** - കൊച്ചി കോട്ടയുടെ പുറത്ത്. ക്കു - ഉദ്ദേശികാവിഭക്തി പ്രത്യയം.

**വെട്ടി വെളുപ്പിച്ച** - മരങ്ങളും മറ്റു തടസ്സങ്ങളും ഒഴിവാക്കിയ. ഒരു മലയാള ശൈലി.

**പരപ്പു നിലത്തിന്റെ അതിർത്തി** - പരന്ന നിലത്തിന്റെ അതിർത്തി. ന്റെ - സംബന്ധികാവിഭക്തി പ്രത്യയം.

**തനതി പാകത്തി*ന്*** - സന്നതി പാകത്തിന്.

**വടക്ക് ഇതി*ന്*** - ഇതിന് വടക്കു ഭാഗത്ത്. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**വിഴക്ക് തക്കൽ** - വഴിയരികിൽ.

**കോവിലകത്തി*ന്നും*** - കൊട്ടാരത്തിനും. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഇതി*ന്* വടക്ക്** - ഇതിന് വടക്കു ഭാഗത്ത്. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**വടുതല പറമ്പിന്റെ പടിഞ്ഞാറെ അതിർത്തിക്കും** - വടുതല എന്നു പേരുള്ള പറമ്പിന്റെ പടിഞ്ഞാറു ഭാഗത്തെ അതിർത്തിക്കും. ന്റെ സംബന്ധികാവിഭക്തി പ്രത്യയം.

**പടിഞ്ഞാറെ അതിർത്തിക്കും** - പടിഞ്ഞാറു ഭാഗത്തെ അതിർത്തിക്കും.

**ഇതി*ന്* വടക്ക്** - ഇതിന് വടക്കു ഭാഗത്ത്. ന് ഉദ്ദേശികാവിഭക്തി പ്രത്യയം.

**പകവതി ഇരിക്കുന്നതിന്റെ*ന്നും* പടിഞ്ഞാറ്** - ഭഗവതി ഇരിക്കുന്നതിന്റെയും പടിഞ്ഞാറ് ഭാഗത്ത്.

**ഇതി*ന്* വടക്ക് കിഴക്ക്** - ഇതിന് വടക്കു കിഴക്കു ഭാഗത്ത്.

**തിരുമങ്ങലത്ത് പറമ്പി*ന്നു*പ** - തിരുമങ്ങലത്ത് പറമ്പിനും. പദാന്ത്യത്തിൽ മകാരത്തിന് പകരം പകാരം ഉപയോഗിച്ചിരിക്കുന്നു. ഇത് എഴുത്തിൽ വന്ന പിശകാണ്.

**ചക്കാലക്കൽ പറമ്പി*ന്നു*ം** - ചക്കാലക്കൽ പറമ്പിനും. കൽ - ആധാരികാവിഭക്തി പ്രത്യയം. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**വടക്ക് ഇരുവേലിക്കും** - വടക്കു ഭാഗത്തെ രണ്ടു വേലിക്കും.

**കല്ലുപത്തിക്കും പടിഞ്ഞാറ്** - കല്ലുപതിച്ചതിനും പടിഞ്ഞാറ് ഭാഗത്ത്.

**ഇതി*ന*കത്ത്** - ഇതിന്റെ ഉള്ളിൽ.

**പെകുമാ*ന*പ്പെട്ട** - ബഹുമാനപ്പെട്ട, തത്ഭവം.

**കുമ്പഞ്ഞിയുടെ** - കമ്പനിയുടെ, തത്ഭവം. ഉടെ - സംബന്ധികാവിഭക്തി പ്രത്യയം.

**അ*നു*വാതം കൂടാതെ** - അനുവാദം ഇല്ലാതം. അനുവാതം - അനുവാദം, തത്ഭവം.

**ഒരുത്തരും** - ഒരാളും.

**ഒരു തയ്യും മരങ്ങളും** - ഒരു ചെടിയോ മരങ്ങളോ.

**നട്ട് ഉണ്ടാക്കയുമരുത്** - നട്ട് ഉണ്ടാക്കുക പാടില്ല.

**കുമ്പഞ്ഞി ആളുകളും** - കമ്പനിയുടെ ആളുകളും. ലന്തക്കാർ.

**നമ്മുടെ ആളുകളും** - രാജാവിന്റെ ആളുകളും. കൊച്ചിക്കാർ.

**തമ്മിൽ** - പരസ്പരം.

**ഒരു കയ്യേറ്റം** - ഒരു അക്രമം.

**ചൈതാൽ** - ചെയ്താൽ. സ്വരസംവരണം സംഭവിക്കാത്ത പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**അങ്ങമിങ്ങും** - അങ്ങുമിങ്ങും, അവിടെയും ഇവിടെയും. വർണ്ണവികാരം പദമധ്യത്തിൽ ഉ/അ വിനിമയം.

**ഒള്ളവരെ** - ഉള്ളവരെ. വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം.

**അങ്ങുമിങ്ങം** - അങ്ങുമിങ്ങും, അവിടെയും ഇവിടെയും. വർണ്ണവികാരം പദാന്ത്യത്തിൽ ഉ/അ വിനിമയം.

**പോതിപ്പിച്ച്** - ബോധിപ്പിച്ച്, തത്ഭവം.

**അവരവരുടെ ആളുകളെ** - സ്വന്തം ആളുകളെ.

**അവരവർ** - സ്വയം.

**ചിക്കിച്ച് കൊള്ളുകയും വേണം** - ചിക്കിച്ച് + കൊള്ളുക + ഉം + വേണം, ശിക്ഷിക്കുകയും വേണം. ചിക്കിച്ച് - ശിക്ഷിച്ച്, തത്ഭവം. സന്ധിയിൽ - കൊള്ളുക + ഉം - കൊള്ളുകയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കുമ്പഞ്ഞി വേലക്കായിട്ട് ഒഴിഞ്ഞ് കൊടുത്തിരിക്കുന്ന** - കമ്പനി ജോലിക്കായി ഒഴിഞ്ഞ് കൊടുത്തിരിക്കുന്ന.

**ഏഴുപുറം പരുഴയോടും** - ഏഴുപുറം പരിഷകളോടും.

**കനട രാചിയത്തുന്ന്** - കന്നട രാജ്യത്തുനിന്ന്. കനട - കന്നട, കർണ്ണാടക. രാചിയം - രാജ്യം, തത്ഭവം.

**പറുങ്കി മാർക്കം കൂട്ടി** - പറങ്കി മാർഗ്ഗം കൂട്ടി. മാർഗ്ഗം കൂട്ടി - ക്രിസ്തു മാർഗ്ഗം സ്വീകരിപ്പിച്ചു. ഈ പദത്തിന് മതം മാറി എന്നാണ് സാമാന്യാർത്ഥം.

**കൊണ്ടു വന്ന ആളുകളോടും** - കൊണ്ടു വന്ന വ്യക്തികളോട്.

**ഒരു പുരുഴാന്തരം** - ഒരു പുരുഷാന്തരം. പുരുഴാന്തരം - പുരുഷാന്തരം, ഒരു നികുതി, തത്ഭവം.

**ചോതിക്കയും** - ചോതിക്ക + ഉം, ചോദിക്കുകയും, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അവരുത** - അവരുടെ. വർണ്ണവികാരം പദാന്ത്യത്തിൽ ട/ത, എ/അ വിനിമയം. എകാരം പ്രതിഗ്രാഹികാവിഭക്തി പ്രത്യയമാണ്.

**ചരിരം** - ശരീരം, തത്ഭവം.

**പിറതി** - പ്രതി, ആധാരമാക്കി, തത്ഭവം.

**ഒപ്പു ചൈകയുമരുത്** - ഒപ്പു + ചൈക + ഉം + അരുത്, ഒപ്പ് ചെയ്യുകയും അരുത്. ഒപ്പു ചെയ്യുക - കരാറിൽ ഏർപ്പെടുക. ചൈക - ചെയ്യുക, സ്വരസംവരണം സംഭവിക്കാത്ത പദം. സന്ധിയിൽ - ചൈക + ഉം - ചൈകയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നമ്മുടെ രാചിയത്തുള്ള** - നമ്മുടെ രാജ്യത്തുള്ള, തത്ഭവം.

**മുളവ്** - മുളക്, വർണ്ണവികാരം പദാന്ത്യത്തിൽ ക/വ വിനിമയം.

**പുറവഴിക്ക് പോകാതെ** - പോകാതെ പുറത്തേക്ക്.

**തുക്കിച്ച്** - തൂക്കിച്ച്, അളന്ന്. വർണ്ണവികാരം പദാദിയിൽ ഊ/ഉ വിനിമയം.

**കുമ്പഞ്ഞിക്ക് കൊടുക്കണം** - കമ്പനിക്ക് കൊടുക്കണം.

**കുമ്പഞ്ഞിക്ക് ഒര ആവിച്ചം** - കമ്പനിക്ക് ഒരു ആവശ്യം. ഒര - ഒരു, വർണ്ണവികാരം പദാന്ത്യത്തിൽ ഉ/അ വിനിമയം. ആവിച്ചം - ആവശ്യം, തത്ഭവം.

**വരുമ്പോ** - വരുമ്പോൾ, അക്ഷരലോപം വന്ന പദം.

**നമ്മുടെ ആളുകളെ കൊണ്ട്** - കൊച്ചിയുടെ ആളുകളെ ഉപയോഗിച്ച്.

**വേണ്ടുന്ന** - ആവശ്യമായ.

**തകായങ്ങൾ** - സഹായങ്ങൾ, തത്ഭവം.

**ചൈത് കൊടുത്ത്** - ചെയ്ത് കൊടുത്ത്. ചൈത് - ചെയ്ത്, സ്വരസംവരണം സംഭവിക്കാത്ത പദം.

**കുമ്പഞ്ഞി ആയിട്ടുള്ള** - കമ്പനിയും ആയിട്ടുള്ള

**വിച്ചാതം** - വിശ്വാസം, തത്ഭവം.

**എല്ലാ നാളും** - ഏല്ലാ കാലവും.

**ചെയ്യു വരത്തക്ക വണ്ണം** - നിലനിൽക്കത്തക്ക വിധം. ചെയ്യു - ചെയ്യുന്നത്, നിലവിലുള്ളത്. വരത്തക്ക - വരുന്ന.

**വിച്ചൊതിച്ച് നിന്ന** - വിശ്വസിച്ച് നിന്ന്.

**നമുക്ക് ഒരു ചത്തുറു ഉണ്ടാകുമ്പോൾ** - കൊച്ചിക്ക് ഒരു ശത്രു ഉണ്ടാകുമ്പോൾ.

**കുമ്പഞ്ഞിയെ കൊണ്ട്** - കമ്പനിയെ ഉപയോഗിച്ച്.

**ചത്തുറുവിന്റെ** - ശത്രുവിന്റെ.

**അമർച്ചയും വരുത്തി** - അമർച്ച + ഉം + വരുത്തി, നാശവും വരുത്തി. അമർച്ച - നാശം. സന്ധിയിൽ - അമർച്ച + ഉം - അമർച്ചയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നമ്മുടെ രാച്ചിയവും** - നമ്മുടെ രാജ്യവും, തത്ഭവം.

**രെക്കിച്ച്** - രക്ഷിച്ച്, തത്ഭവം. വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**പെകുമാ*ന*പ്പെട്ട** - ബഹുമാനപ്പെട്ട, തത്ഭവം.

**കുമ്പഞ്ഞി ആയിട്ട് വിച്ചാതമായിട്ട് ത*ന്നെ*** - കമ്പനിയുമായി വിശ്വാസമായി തന്നെ.

**എന്നഎന്നക്കും** - എന്നെന്നേക്കും.

**നടന്നു കൊൾകയും വേണം** - നടന്നു കൊള്ളുകയും വേണം.

**നമുക്ക് ആപത്തുകൾ ഉണ്ടായിരിക്കുമ്പോൾ** - നമുക്ക് പ്രശ്നങ്ങൾ ഉണ്ടായിരുന്നപ്പോൾ.

**വടക്കുംകൂറ്റിൽ നായരി** - വടക്കുംകൂറ്റ് + ഇൽ + നായരി, വടക്കുംകൂറ്റിൽ നായർ, നാടുവാഴി. നായരി - നായര്, വർണ്ണവികാരം പദാന്ത്യത്തിൽ സംവൃതോകാര/ഇകാര വിനിമയം.

**അകുന്ന** - ആകുന്ന, കഴിയുന്ന. വർണ്ണവികാരം പദാദിയിൽ ആ/അ വിനിമയം.

**തകായങ്ങൾ** - സഹായങ്ങൾ, തത്ഭവം.

**ചൈതിരിക്ക കൊണ്ട്** - ചൈത് + ഇരിക്ക + കൊണ്ട്, ചെയ്തിരിക്കയാൽ. ചൈത് - ചെയ്ത്, സ്വരസംവരണം സംഭവിക്കാത്ത പദം.

**നായരിക്ക്** - നായർക്ക്. വർണ്ണവികാരം പദമധ്യത്തിൽ സംവൃതോകാര/ഇകാര വിനിമയം.

**ഒര** - ഒരു.

**ആവിച്ചം** - ആവശ്യം, തത്ഭവം.

**വരുമ്പോൾ** - വരുന്ന നേരത്ത്.

**വേണ്ടുന്ന** - ആവശ്യമായ.

**തകായം** - സഹായം, തത്ഭവം.

**ചൈത്** - ചെയ്ത്, സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊടുത്ത്** - നൽകി.

**നടത്തി കൊൾകയും വേണം** - നടത്തിച്ച് കൊള്ളുകയും വേണം.

**നമ്മുടെ തൊരുപത്തിങ്കൽ** - നമ്മുടെ സ്വരൂപത്തിൽ.

**ആളു പൊരാതെ** - ആള് തെകയാതെ.

**തെത്ത്** - ദത്ത്, തത്ഭവം. വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**വക്കണ്ടി** - വക്കെണ്ടി, വയ്ക്കേണ്ടി. വർണ്ണവികാരം പദമധ്യത്തിൽ എ/അ വിനിമയം.

**വന്നുവെങ്കിൽ** - വന്നു + എങ്കിൽ, വരികയാണെങ്കിൽ. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ചാഴിയൂർ താവഴിയിന്നല്ലാതെ** - ചാഴിയൂർ താവഴിയിൽ നിന്നല്ലാതെ. താവഴിയിന്നല്ലാതെ - താവഴിയിൽ നിന്നല്ലാതെ, അക്ഷരലോപം സംഭവിച്ച പദം.

**തെത്ത് വക്കയുമരുത്** - ദത്ത് വക്കുകയും അരുത്. വക്കയുമകുത് - വക്കുകയുമരുത്, അക്ഷരലോപം സംഭവിച്ച പദം.

**ചാഴൂരുന്ന് ത*ന്നെ* തെത്ത് വക്കുമ്പോഴും** - ചാഴിയൂരിൽ നിന്നു തന്നെ ദത്ത് വക്കുമ്പോഴും. ചാഴൂരുന്ന് - ചാഴിയൂർ നിന്ന്, അക്ഷരലോപം സംഭവിച്ച പദം.

**പെകുമാ*ന*പ്പെട്ട** - ബഹുമാനപ്പെട്ട.

**കുമ്പഞ്ഞിയെ** - കമ്പനിയെ.

**കൂടെ** - കൂടി.

**പോതിപ്പിച്ച്** - ബോധിപ്പിച്ച്, തത്ഭവം.

**കുണ തോഴ** - ഗുണ ദോഷം, തത്ഭവം.

**വിചാരിച്ചല്ലാതെ** - വിചാരിച്ച് + അല്ലാത് + എ, ആലോചിക്കാതെ. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**തെത്ത് വക്കയുമരുത്** - ദത്ത് വക്കാൻ പാടില്ല.

**ഇ** - ഈ, ചുട്ടെഴുത്ത്.

**തൊരുപത്തിങ്കൽ** - സ്വരൂപത്തിൽ, തത്ഭവം. അനുനാസികാതിപ്രസരം സംഭവിക്കാത്ത പദം.

**കുണത്തി*ന്ന്*** - ഗുണത്തിന്. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**പാലിയത്തെ മെ*നൊ*ൻമ്മാർ** - പാലിയം + അത്ത് + എ + മേനോൻ + മാർ. പാലിയം തറവാട്ടിലെ മേനോന്മാർ. കൊച്ചിയിലെ പരമ്പരാഗത മന്ത്രിമാർ. അത്ത് - ഇടനില. എ - പ്രതിഗ്രാഹികവിഭക്തി പ്രത്യയം. മാർ - ബഹുവചനപ്രത്യയം. സന്ധിയിൽ - പാലിയത്ത് + എ - പാലിയത്തെ, സംവൃതോകാരലോപം. മേനോൻ + മാർ - മേനോൻമ്മാർ, മകാര ദ്വിത്വം.

**നമ്മെ കൂടെ** - നമ്മുടെ കൂടെ. നമ്മെ - നമ്മുടെ, അക്ഷരലോപം സംഭവിക്കാത്ത പദം.

**വെണ്ടുന്ന** - ആവശ്യമായ.

**പെറയന്നങ്ങൾ** - പ്രയത്നങ്ങൾ, തത്ഭവം.

**ചൈതിരിക്ക** - ചെയ്തിരിക്കുന്ന, സ്വരസംവരണം സംഭവിക്കാത്ത പദം.

**കൊണ്ട്** - കാരണം.

**എന്നഎന്നക്കും** - എന്നെന്നേക്കും. എന്നെന്നേക്കും എന്ന് സന്ധിക്കാതെ ഭിന്നപദങ്ങളായിത്തന്നെ നല്കിയിരിക്കുന്നു.

**അവരട** - അവരുടെ, വർണ്ണവികാരം പദമധ്യത്തിൽ ഉ/അ വിനിമയം.

**തറവാട്** - ജന്മഗൃഹം.

**രക്കിച്ച്** - രക്ഷിച്ച്, തത്ഭവം.

**നടത്തി കൊൾകയും വേണം** - നടത്തി കൊടുക്കുകയും വേണം.

**പഴയ*ന്നൂ*ർ** - പഴയന്നൂർ

**തിർച്ചിവപേരൂർ** - തൃശ്ശിവപേരൂർ, തത്ഭവം.

**ഊരോത്ത്** - ഊരകത്ത്. അക്ഷരലോപം സംഭവിച്ച പദം.

**ഇരിങ്ങാടക്കൂട** - ഇരിങ്ങാലക്കുട, പ്രാചീന രൂപം ഇരുങ്കാടിക്കൂടൽ ആണ്. അനുനാസികാതിപ്രസരം സംഭവിച്ച് പദാന്ത്യത്തിൽ ല കാരം ലോപിച്ചിരിക്കുന്നു.

**തിരുവല്ലാമലെ** - തിരുവില്വാമല, തത്ഭവം.

**തിരുവഞ്ചിക്കുളത്ത്** - തിരുവഞ്ചിക്കുളത്ത്. തിരുവഞ്ചിക്കളം ആണ് പ്രാചീന രൂപം.

**തിരിപ്പൂണിത്തുറൈ** - തൃപ്പൂണിത്തുറൈ, തത്ഭവം. സ്വരസംവരണം സംഭവിക്കാത്ത പദം.

**തിരുവല്ലായെ** - തിരുവല്ല.

**ഇ** - ഈ, ചുട്ടെഴുത്ത്.

**ചെത്തറങ്ങൾ** - ക്ഷേത്രങ്ങൾ, തത്ഭവം.

**പെറത്തേകം** - പ്രത്യേകം, തത്ഭവം.

**നാം** - ഞാൻ എന്നാണർത്ഥമെങ്കിലും സാഹചര്യത്തിൽ നമ്മൾ എന്ന് പ്രയോഗാർത്ഥം.

**രച്ചിക്കണ്ടെതാക കൊണ്ട്** - രക്ഷിക്കേണ്ടതാകയാൽ, തത്ഭവം.

**ഇ** - ഈ, ചുട്ടെഴുത്ത്.

**ചെത്തറങ്ങൾ** - ക്ഷേത്രങ്ങൾ, തത്ഭവം.

**ഒര** - ഒരു, വർണ്ണവികാരം പദാന്ത്യത്തിൽ ഉ/അ വിനിമയം.

**ഏറക്കുറവ് കൂടാതെ നടത്തി കൊള്ളണം** - ഏറ്റക്കുറച്ചിൽ ഉണ്ടാകാതെ നടത്തി കൊള്ളണം.

**ഇതിനകത്തുള്ള** - ഇതിന് + അകത്ത് + ഉള്ള, ഇവയ്ക്കകത്തുള്ള. സന്ധിയിൽ രണ്ടിടത്തും സംവൃതോകാരലോപം.

**പിരാമ്മണരയും** - ബ്രാഹ്മണരെയും, തത്ഭവം, വർണ്ണവികാരം പദമധ്യത്തിൽ എ/അ വിനിമയം.

**പചുക്കളയും** - പശുക്കളെയും, തത്ഭവം, വർണ്ണവികാരം പദമധ്യത്തിൽ എ/അ വിനിമയം.

**വഴി പോലെ** - വേണ്ട വിധം.

**രക്കിച്ച്** - രക്ഷിച്ച്, തത്ഭവം.

**യാകാതി കർമ്മങ്ങളും** - യാഗാദി കർമ്മങ്ങളും, തത്ഭവം.

**നടത്തിച്ച് ചെന്നു കൊള്ളണം** - നടത്തിക്കണം.

**കൊങ്ങിണി മകാചനങ്ങളമ്മാമൻമാരെ** - കൊങ്ങിണി + മകാചനങ്ങൾ + അമ്മാമൻ + മാർ + എ, കൊങ്ങിണി മഹാജനങ്ങൾ അമ്മാമൻമാരെ. കൊങ്ങിണി - കൊങ്കണ ദേശക്കാരായ ബ്രാഹ്മണർ. മകാചനം - മഹാജനം, തത്ഭവം. അമ്മാമൻ - അമ്മയുടെ സഹോദരൻ. മാർ - ബഹുവചന പ്രത്യയം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**വന്നു കണ്ട്** - സന്ദർശിച്ച്.

**അവർക്ക്** - അവർക്ക്.

**ഇരിപ്പാൻ** - താമസിക്കാൻ.

**വെണ്ടുന്ന** - ആവശ്യമായ.

**പൂമികളും** - ഭൂമികളും, തത്ഭവം.

**രച്ചക്ക് ആയിട്ട്** - രക്ഷക്കായിട്ട്, തത്ഭവം.

**വേണ്ടുന്നതിനെയും** - ആവശ്യമുള്ളവയെല്ലാം.

**കൊടുത്ത്** - നൽകി.

**അവർക്ക്** - അവർക്ക്.

**ഒരു ചെത്തറം** - ഒരു ക്ഷേത്രം, തത്ഭവം.

**ഒണ്ടാക്കണമെന്ന്** - ഉണ്ടാക്കണമെന്ന്, വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം.

**അപേച്ചിക്ക** - അപേക്ഷിച്ച, തത്ഭവം.

**കൊണ്ട്** - കാരണം.

**ആയതിന്** - ആ കാര്യത്തിന്.

**വെണ്ടുന്ന** - ആവശ്യമായ.

**തലവും** - സ്ഥലവും, തത്ഭവം.

**അതി*ന്*** - അതിനായി. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഒക്കയും** - എല്ലാം.

**തിട്ടൂരങ്ങളും** - ഉത്തരവുകളും.

**കൊടത്ത്** - കൊടുത്ത്, വർണ്ണവികാരം പദമധ്യത്തിൽ ഉ/അ വിനിമയം.

**ചെത്തറത്തിൽ** - ക്ഷേത്രത്തിൽ, തത്ഭവം.

**അടിയന്തിരത്തി*ന്*** - അടിയന്തിരത്തിനായി. ന് ഉദ്ദേശികാവിഭക്തി പ്രത്യയം.

**അമ്മാമൻമ്മാരായിട്ട്** - അമ്മാവന്മാരായിട്ട്.

**വെച്ച്** - വച്ച്, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**നടത്തി ഇരിക്കുന്നതിനും** - നടത്തിച്ച് ഇരിക്കുന്നതിനും

**ഒര** - ഒരു.

**ഏറക്കുറവ്** - ഏറ്റക്കുറച്ചിൽ.

**കൂടാതെ** - ഇല്ലാതെ.

**നടത്തിച്ച്** - നടത്തി.

**ആ പരുഴകളെയും** - ആ പരിഷകളേയും, തത്ഭവം.

**അമ്മാമൻമ്മാർ** - അമ്മാവന്മാർ.

**തിട്ടൂരം** - ഉത്തരവ്.

**കൊടുത്ത്** - നൽകി.

**നടത്തി** - നടത്തിച്ച്.

**ഇരിക്കുന്ന** - ഇരുന്ന.

**പെറകാരം** - പ്രകാരം, തത്ഭവം.

**രെച്ചിക്ക് കൊള്ളണം** - രക്ഷിച്ച് കൊള്ളണം, തത്ഭവം, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**നമ്മുടെ ആപത്തു കാലത്ത്** - കൊച്ചിയുടെ ആപത്തു കാലത്ത്.

**ഇ** - ഈ, ചുട്ടെഴുത്ത്.

**പരുഴകൾ** - പരിഷകൾ,തത്ഭവം, വർണ്ണവികാരം പദമധ്യത്തിൽ ഇ/ഉ വിനിമയം.

**തെരിവിയം** - ദ്രവ്യം, തത്ഭവം.

**കൊണ്ട്** - ഉപയോഗിച്ച്.

**വെണ്ടുന്ന** - ആവശ്യമായ.

**തകായം** - സഹായം, തത്ഭവം.

**ചൈതിരിക്കുന്നവരത്തറെ ആകുന്നത്** - ചെയ്തിരിക്കുന്നവരെത്രേ ആകുന്നത്, തത്ഭവം. സ്വരസംവരണം സംഭവിക്കാത്ത പദം.

**ഇവരെ** - ഈ ആളുകളെ.

**പിരാമ്മണ മരിയാത പോലെ** - ബ്രാഹ്മണ മര്യാദ പോലെ, തത്ഭവം.

**ഉള്ള ചിക്കാ രെക്ക അല്ലാതെ** - ഉള്ള ശിക്ഷാ രക്ഷ അല്ലാതെ, തത്ഭവം

**ചൈതുപോകയുമരുത്** - ചൈതു + പോക + ഉം + അരുത്, ചെയ്തു പോകുകയും അരുത്. ചൈതു - ചെയ്തു, സ്വരസംവരണം സംഭവിക്കാത്ത പദം. പോക - പോകുക, അക്ഷരലോപം വന്ന പദം. സന്ധയിൽ - പോക + ഉം - പോകയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**കൊങ്ങിണി മകാചെ*നങ്ങൾ*** - കൊങ്ങിണി മഹാജനങ്ങൾ. കൊങ്ങിണി ബ്രാഹ്മണർ. മഹാചെനം - മഹാജനം, തത്ഭവം, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം.

**ഇവിടെ വന്ന്** - ഇവിടെ വന്ന്.

**അമ്മാമൻമ്മാരെ** - അമ്മാമന്മാരോട്.

**കടമലയാളത്തിൽ** - കടമലയാളം + അത്ത് + ഇൽ, കൊടഗിൽ. കടമലയാളം - കൊടഗ്, കൂർഗ്. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**പിരാമ്മണരെ** - പിരാമ്മണ + അർ + എ, ബ്രാഹ്മണരെ, പിമാമ്മണ - ബ്രാഹ്മണ, തത്ഭവം. അർ - ബഹുവചന പ്രത്യയം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**രെച്ചിക്കുന്ന** - രക്ഷിക്കുന്ന, തത്ഭവം, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**പിറകാരം** - പ്രകാരം, തത്ഭവം.

**എങ്ങളെയും** -എങ്ങൾ + എ + ഉം,  ഞങ്ങളെയും.

**രെക്കിച്ചു കൊള്ളണമെന്ന്** - രക്ഷിച്ചു കൊള്ളണമെന്ന്. രെക്കിച്ചു - രക്ഷിച്ചു, തത്ഭവം, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**അവർ അപേച്ചിക്ക** - അവർ അപേക്ഷിക്ക. അപേച്ചിക്ക - അപേക്ഷിക്ക, തത്ഭവം.

**കൊണ്ടത്തറെ** - കൊണ്ടത്രെ, കാരണമാണ്, തത്ഭവം.

**കൊങ്ങിണികൾക്ക്** - കൊങ്ങിണി ദേശക്കാർക്ക്.

**പുരുഴാന്തരം** - പുഷാന്തരം, നികുതി.

**വേണ്ട എന്ന് വച്ചിരിക്കുന്നത്** - ആവശ്യമില്ല എന്നു വച്ചിരിക്കുന്നത്.

**കൊങ്ങിണികളിൽ** - കൊങ്ങിണി + കൾ + ഇൽ, കൊങ്ങിണി ദേശക്കാരിൽ. കൾ - ബഹുവചന പ്രത്യയം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**ഒരുത്തൻ** - ഒരുവൻ, ഒരാൾ.

**അറ്റു പോയാൽ** - മരിച്ചു പോയാൽ. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**അവന്റെ മുതൽ** - അവന്റെ സ്വത്ത്. ന്റെ - സംബന്ധികാവിഭക്തി പ്രത്യയം.

**നമ്മുടെ ആളുകളും** - രാജാവിന്റെ ആളുകളും.

**മകാചെനങ്ങളും കുടി** - കൊങ്ങിണി ബ്രാഹ്മണരും കൂടി. മകാചെനം - മഹാജനം, തത്ഭവം, വർണ്ണവികാരം അ/എ വിനിമയം.

**പൊതിച്ച്** - ബോധിച്ച്, തത്ഭവം.

**ഒള്ള** - ഉള്ള, വർണ്ണവികാരം പദാദിയിൽ ഉ/ഒ വിനിമയം.

**മുതലിൽ** - സ്വത്തിൽ. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**പാതി നമുക്കും** - പകുതി രാജാവിനും. പാതി - പകുതി, അക്ഷരലോപം വന്ന പദം.

**പാതി തിരുമല തേവനും** - പകുതി തിരുമല ദേവനും. തേവൻ - ദേവൻ, തത്ഭവം.

**ആയിട്ടത്തറെ** - ആയിട്ടത്രെ, തത്ഭവം.

**കീഴിൽ** - കഴിഞ്ഞ കാലങ്ങളിൽ, ഇതിനു മുമ്പ്.

**അമ്മാമൻമ്മാർ വെച്ചിരിക്കുന്നത്** - അമ്മാമൻമാർ ഏർപ്പാട് ചെയ്തിരുന്നത്. വെച്ച് - വച്ച്, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം.

**മേലിലും** - ഇനിമുതലും, ഭാവിയിലും.

**അപ്പറകാരം** - അ + പറകാരം, അപ്രകാരം, ആ പ്രകാരം, തത്ഭവം, സന്ധിയിൽ പകാര ദ്വിത്വം.

**ആയി കൊള്ളണം** - ആയിരിക്കണം.

**പെരുമ്പടപ്പിൽ ചിത്തിരകൂടത്തിൽ** - പെരുമ്പടപ്പ് + ഇൽ + ചിത്തിരകൂടം + അത്ത് + ഇൽ, പെരുമ്പടപ്പിലെ ചിത്രകൂടത്തിൽ. പെരുമ്പടപ്പ് - പൊന്നാനിക്കടുത്തുള്ള പ്രദേശം. ചിത്തിരകൂടം - ചിത്രകൂടം, തത്ഭവം. ഇവിടെയായിരുന്നു കൊച്ചി രാജ്യം ഭരിച്ചിരുന്ന പെരുമ്പടപ്പിന്റെ ആസ്ഥാനം. ഇൽ - ആധാരികാവിഭക്തി പ്രത്യയം. അത്ത് - ഇടനില.

**നമ്മുടെ** - നമ്മുടെ, കൊച്ചിയിലെ.

**കോവിലകത്തവരു** - കോവിലകം + അത്ത് + അവർ + ഉ, കോവിലകത്തുള്ളവർ. കോവിലകം - കൊട്ടാരം. അത്ത് - ഇടനില. ഉ - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തേവതമാരെ** - തേവത + മാർ + എ, ദേവതമാരെ. തേവത - ദേവത, തത്ഭവം. മാർ - ബഹുവചനപ്രത്യയം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**തേവിക്കേണ്ടും** - സേവിക്കേണ്ടും, തത്ഭവം.

**പിറകാരം** - പ്രകാരം, തത്ഭവം.

**തേവിക്കായിക** - സേവിക്കായ്ക, സേവിക്കാതിരിക്കുക, തത്ഭവം.

**കൊണ്ടത്തറെ** - കൊണ്ടത്രെ, തത്ഭവം.

**നമുക്ക് ഓരോരോ ആപത്തുകൾ** - കൊച്ചിക്ക് ഓരോ വിധത്തിലുള്ള ആപത്തുകൾ.

**തംപവിച്ചത്** - സംഭവിച്ചത്, തത്ഭവം.

**നമ്മുടെ തൊരുപത്തിങ്കൽ** - സ്വരൂപത്തിൽ.

**താവഴി മൽത്തരം** - താവഴി മത്സരം, തത്ഭവം.

**കൊണ്ട്** - കാരണം.

**ആയതി*ന്ന്* താമൂരി കൂടെ** - ആയതിന് സാമൂതിരി കൂടി. താമൂരി - സാമൂതിരി, കോഴിക്കോട് രാജാവ്, തത്ഭവം.

**തകായമായിട്ട്** - സഹായമായിട്ട്, തത്ഭവം.

**അവിടം ഒക്കയും രെക്കിച്ച് ചെന്ന്** - അവിടെ ആകെയും രക്ഷിച്ച് ചെന്ന്. ഒക്ക + ഉം - ഒക്കയും, ആകെയും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**തേവിപ്പാൻ** - സേവിപ്പാൻ, സേവിക്കാൻ, തത്ഭവം.

**തങ്ങതി വരാഞ്ഞത്** - സംഗതി വരാഞ്ഞത്. തങ്ങതി - സംഗതി. തത്ഭവം.

**ആയവിടം** - ആ + അവിടം, ആ സ്ഥലം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മുമ്പിലത്തെ** - മുമ്പിൽ + അത്ത് + എ, മുമ്പിലുണ്ടായിരുന്ന. അത്ത് - ഇടനില. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**താ*നം*** - സ്ഥാനം, തത്ഭവം.

**വരുവെളത്തക്ക്** - വരു + വേളത്ത + ക്ക്, വരുന്നതിന്. വരു - വരുന്ന. വേളത്ത - വേളയ്ക്ക്, സമയത്തിന്. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**കുമ്പഞ്ഞിയും** - കുമ്പഞ്ഞി + ഉം, കമ്പനിയും. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഒരുമിച്ച്** - ഒന്നിച്ച്.

**വേണ്ടുന്ന** - ആവശ്യമായ.

**പെറവത്തണം** - പ്രവർത്തനം, തത്ഭവം.

**ചൈതു കൊള്ളണം** - ചൈതു + കൊൾ + അണം, ചെയ്യണം. ചൈതു - ചെയ്തു, സ്വരസംയോഗം സംഭവിക്കാത്ത പദം. കൊൾ - കൊള്ളുക എന്ന പദത്തിന്റെ ധാതു. അണം - വിധായകപ്രകാര പ്രത്യയം.

**ഇ** - ഈ, ചുട്ടെഴുത്ത്.

**എഴുതി ഇരിക്കുന്ന പിറകാരം** - എഴുതിയിരിക്കുന്ന പ്രകാരം. പിറകാരം - പ്രകാരം, തത്ഭവം.

**വിചാരിച്ച്** - ചിന്തിച്ച്.

**മേൽപ്പെട്ട്** - ഇനിമുതൽ.

**നടന്നു കൊണ്ടാൽ** - നടന്നു + കൊണ്ട് + ആൽ, പ്രവർത്തിച്ചാൽ. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**നമ്മുടെ തൊരുപത്തിങ്കലക്ക്** - നമ്മുടെ സ്വരൂപത്തിലേക്ക്.

**ഒര** - ഒരു, വർണ്ണവികാരം പദാന്ത്യത്തിൽ ഉ/അ വിനിമയം.

**അന്തരം** - വിഷമം.

**വരാതെ** - സംഭവിക്കാതെ.

**ഇരിന്നു കൊള്ളുകയും ചെയ്യും** - ഇരുന്നു കൊള്ളുകയും ചെയ്യും, ഇരിന്നു - ഇരുന്നു വർണ്ണവികാരം പദമധ്യത്തിൽ ഉ/ഇ വിനിമയം.

**അതി*ന്ന്*** - അതിന് + ന്, അതിന്. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**ഒക്കയും** - എല്ലാം.

**നമ്മുടെ തൊരുപത്തിങ്കലക്ക്** - സ്വരൂപത്തിലേക്ക്.

**പെകുമാ*ന*പ്പെട്ട** - ബഹുമാനപ്പെട്ട, തത്ഭവം.

**കുമ്പഞ്ഞി** - കമ്പനി, തത്ഭവം.

**തകായമായി** - സഹായമായി, തത്ഭവം.

**ഇരിക്കയും ചെയ്യും** - ഇരിക്ക + ഉം + ചെയ് + ഉം, ഇരിക്കുകയും, പ്രവർത്തിക്കുകയും ചെയ്യും. സന്ധിയിൽ - ഇരിക്ക + ഉം - ഇരിക്കയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. ചെയ് + ഉം - ചെയ്യും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**അപ്പറകാരമത്തറെ** - അപ്രകാരമത്രെ, ആ വിധമാണ്, തത്ഭവം.

**നാം കുമ്പഞ്ഞിയെ** - ഞാൻ കമ്പനിയെ, തത്ഭവം.

**വിച്ചൊതിച്ച് ഇരിക്കുന്നത്** - വിശ്വസിച്ച് ഇരിക്കുന്നത്, തത്ഭവം.

**ഇപ്പറകാരം** - ഇപ്രകാരം, തത്ഭവം.

**ചെമ്പു തകിട്ടിൽ എഴുതി** - ചെമ്പു തകിടിൽ എഴുതി.

**ഇക്കുടിയ** - ഇക്കൂടിയ, വർണ്ണവികാരം പദമധ്യത്തിൽ ഊ/ഉ വിനിമയം.

**ആളുകളെ** - ആളുകൾ + എ, ആളുകളെ, വ്യക്തികളെ. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**എല്ലാവരയും** - എല്ലാവരെയും, വർണ്ണവികാരം പദമധ്യത്തിൽ എ/അ വിനിമയം.

**താക്കിയായി** - സാക്ഷിയാക്കി, തത്ഭവം.

**വച്ചും കൊണ്ട്** - വച്ചു കൊണ്ട്.

**ഒപ്പ് കുത്തി വച്ച് ആകുന്നത്** - ഒപ്പ് രേഖപ്പെടുത്തി വച്ചാകുന്നത്.

**4.2.2.16 തൃശ്ശൂർ ബ്രഹ്മസ്വം മഠം കോലെഴുത്തു ചെമ്പോല**

**കൊല്ല 911 ചെന്ന** - കൊല്ലവർഷം 911 ചെന്ന

**തനുവ ഞാറ്റിൽ** - തനുവ + ഞായറ്റ് + ഇൽ, ധനു മാസത്തിൽ. തനുവ - ധനു, തത്ഭവം. ഞായറ്റ് - മാസം. ഇൽ - ആധാരികാവിഭക്തി പ്രത്യയം.

**എഴുതിയ** - എഴുതിച്ച.

**ഒറ്റിയോലക്കരണമാവത്** - ഒറ്റി + ഓല + കരണം + ആവത്, ഒറ്റി ഓലക്കരണം ആകുന്നത്. ഒറ്റി - പണയം, കേരളത്തിൽ നിലവിലിരുന്ന ഭൂവിനിമയോപാദികളിൽ ഒന്ന്. ഓല - പനയോല. കരണം - കരാർ. ആവത് - ആകുന്നത്. സന്ധിയിൽ - ഒറ്റി + ഓല - ഒറ്റിയോല, സ്വരസംയഗം ഒഴിവാക്കാൻ യകാരാഗമം. ഓല + കരണം - ഓലക്കരണം, കകാര ദ്വിത്വം.

**തിരുനെല്ലിക്കഴക പാകത്തിങ്കന്ന്** - തിരുനെല്ലി + കഴക + പാകം + അത്ത് + ഇൻ + കൽ + നിന്ന്, തിരുനെല്ലി കഴക ഭാഗത്തിൽ നിന്ന്. കഴകം - ഘടകം. പാകം - ഭാഗം, തത്ഭവം. അത്ത്, ഇൻ - ഇടനിലകൾ. കൽ - ആധാരികാവിഭക്തി പ്രത്യയം. ഉ് - ഉദ്ദേശികാവിഭക്തി പ്രത്യയം. പാകത്തിങ്കന്ന് - പദാന്ത്യത്തിൽ അക്ഷരലോപം സംഭവിച്ചിരിക്കുന്നു. സന്ധിയിൽ - തിരുനെല്ലി + കഴക - തിരുനെല്ലിക്കഴക, കകാര ദ്വിത്വം. പാകത്ത് + ഇൻ - പാകത്തിൻ, സംവൃതോകാരലോപം. പാകത്തിൻ + കൽ - പാകത്തിങ്കൽ, വർത്സ്യ ന഼കാരത്തിന് ങകാരാദേശം.

**1591 വീരരായെൻ കോഴിക്കോടെൻ പുറുപ്പണ** - 1591 വീരരായൻ കോഴിക്കോടൻ പുതുപ്പണം. വീരരായെൻ - വീരരായൻ, നാണയത്തിന്റെ പേര്, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം. കോഴിക്കോടെൻ - കോഴിക്കോടൻ,

കോഴിക്കോടുള്ളതെന്ന് പ്രയോഗാർത്ഥം, വർണ്ണവികാരം പദമധ്യത്തിൽ അ/എ വിനിമയം. പുറുപ്പണ - പുതുപ്പണം, വർണ്ണവികാരം പദാന്ത്യത്തിൽ ത/റ വിനിമയം. സന്ധിയിൽ - പുറു + പണ - പുറുപ്പണ, പകാര ദ്വിത്വം.

**വാചി പെടാത** - വാശി ഇല്ലാത്ത. വാചി - വാശി, തത്ഭവം. പെടാത - പെടാത്തത്, ഇല്ലാത്ത.

**വാ കൊണ്ടു** - വായ ഉപയോഗിച്ച്. വാ - വായ, അക്ഷരലോപം വന്ന പദം.

**കടങ്കൊടുത്ത്** - കടം + കൊടുത്ത്, കടമായി നൽകി. സന്ധിയിൽ മകാരത്തിന് ങകാരാദേശം.

**കീഴായ്** - കീഴ് + ആയ്, ഇതിലേക്ക്. സന്ധിയിൽ സംവൃതോകാരലോപം.

**ഇടുവെക്കും** - ഈടു വക്കും, ഈടു നൽകും. വർണ്ണവികാരം പദാദിയിൽ ഈ/ഇ വിനിമയം, പദമധ്യത്തിൽ അ/എ വിനിമയം.

**പുരയടത്തിലിപ്പെറ്റ** - പുരയിടം + അത്ത് + ഇൽ + ഇ + പെറ്റ, പുരയിടത്തിലെ പ്രസവിച്ച. പുരയിടം - വീടും അതു നിൽക്കുന്ന സ്ഥലവും. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം. ഇ - ഈ, ചുട്ടെഴുത്ത്. പെറ്റ - പ്രസവിച്ച. സന്ധിയിൽ - പുരയിടത്ത് + ഇൽ - പുരയിടത്തിൽ, സംവൃതോകാരലോപം. ഇ + പെറ്റ - ഇപ്പെറ്റ, പകാര ദ്വിത്വം.

**കുഞ്ഞും** - കുഞ്ഞ് + ഉം, കുട്ടിയും.സന്ധിയിൽ സംവൃതോകാരലോപം.

**കൂറും** - കൂറ് + ഉം, പങ്കും. സന്ധിയിൽ സംവൃതോകാരലോപം.

**കോവിലായഴുത്തമ്മരിച്ചെയില്ലാ ചുരികളുല** - കോവിലാ + അഴുത്തം + അരിച്ചെ + ഇല്ലാ + ചുരികളുൽ, ക്ഷേത്ര സംബന്ധം കുറഞ്ഞ് ഇല്ലാതായതിൽ. കോവിലാ - ക്ഷേത്രം, അഴുത്ത - അടുപ്പമുള്ള, അരിച്ച - ഹരിച്ച, കുറച്ച്, തത്ഭവം. ചുരുക - ചുരുകുക, സ്തംഭിക്കുക. ഉൽ - ഇൽ, ആധാരികാവിഭക്തി പ്രത്യയം. ക്ഷേത്ര സംബന്ധം കുറഞ്ഞ് ഇല്ലാതായി

**തിരുവനന്തിര പേരായാറുമാക്കോവിലാപ്പേറ്** - തിരു + അനന്തിര + പേരായ് + ആറും + ആ + കോവിൽ + ആ + പേറ്, ആരാധ്യമായ ക്ഷേത്രത്തിലെ അനന്തര കർമ്മങ്ങളിൽ ആറിയ അഗ്നി പോലാകുന്നതാണീ കരാറിനുണ്ടാകുന്ന ലംഘനം. തിരു - ആരാധ്യമായ, അനന്തിര - ശേഷമുള്ള കർമ്മങ്ങളിൽ. പേരായ് - അഗ്നിയായ്. ആറും - ചൂടില്ലാതാവുകയും. സന്ധിയിൽ - തിരു + അനന്തിര - തിരുവനന്തിര, സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം. പേരായ് + ആറും - പേരായാറും, സംവൃതോകാരലോപം. ആ + കോവിൽ - ആക്കോവിൽ, കകാര ദ്വിത്വം. ആ + പേറ് - ആപ്പേറ്, പകാര ദ്വിത്വം.

**കീഴാതിരിഴുത്ത്** - കീഴാതിരി + എഴുത്ത്, കീഴധികാരി തയ്യാറാക്കി.

**കോവിലതീഞ്ഞിരി** - കോവിൽ + അതിഞ്ഞീരി, ക്ഷേത്രത്തിന്റെ അധികാരി.

**എളയ വലപ്പ കോവിലായ** - ഇളയ വല്ലഭ ക്ഷേത്രമായ. എളയ - ഇളയ, കീഴേടം, വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം. വലപ്പ - വലഭ, വിഷ്ണു, തത്ഭവം.

**പേറ്** - അവകാശം.

**കീഴാതിരി** - കീഴധികാരിയും.

**എളയവറെ** - എളയവർ + എ, ഇളയവരെ, ഇളയവരും. എളയവറെ - ഇളയവറെ, വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം, പദാന്ത്യത്തിൽ ര /റ വിനിമയം. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**കോവിലങ്കാരികളു** - കോവിലൻ + കാരികളു, ക്ഷേത്രാധികാരികളും.

**കൂടി കൊണ്ടരുളി** - ചേർന്നുകൊണ്ട് അരുളിയ.

**കൊണ്ടാൻ കൊണ്ട** - വാങ്ങിയവൻ വാങ്ങിയ, കൊണ്ടാൻ - പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**പരിചാവത്** - പരിച് + ആവത്, കരാർ ആകുന്നത്. പരിച് - ഏർപ്പാട്, കരാർ. ആവത് - ആകുന്നത്.

**ഒപ്പണ** - ഒപ്പ് + അണ, ഒപ്പമായി എത്തിയ. സന്ധിയിൽ സംവൃതോകാരലോപം.

**നാറ്പ്പത്തയിയാരത്തൊന്നി** - നാൽപ്പത്തയ്യായിരത്തൊന്ന്. നാറ്പ്പത് - നാൽപ്പത്, വർണ്ണവികാരം ല/റ വിനിമയം.

**തേവ പിച്ചൈക്കു** - തേവ + പിച്ചൈക്കു, ദേവ ഭിക്ഷക്ക്. തേവ - ദേവ, തത്ഭവം. പിച്ചൈ - ഭിക്ഷ, തത്ഭവം, സ്വരസംവരണം സംഭവിക്കാത്ത പദം. ഉ് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**പണയമാറത്** - പണയമാവത്, പണയമാകുന്നത്. വർണ്ണവികാരം പദമധ്യത്തിൽ വ/റ വിനിമയം.

**ഒപാറ പാലക്കീഴർ കുന്ന് അഞ്ചാനാൽ** - ഒപാറ പാലർകീഴ് എന്ന് പേരുള്ള കുന്നിന്റെ അഞ്ചാനാൽ എന്ന ഭാഗത്ത്.

**1010 നെല്ലിന്റെ കണ്ടവു** - 1010 നെല്ലിന്റെ കണ്ടവും. കണ്ടം - വയൽ എന്ന പൊതു അർത്ഥത്തിലും പ്രയോഗിച്ചിരിക്കുന്നു.

**പതിനെട്ടാമടിക്കു** - പതിനെട്ടാം അടിക്കു.

**2000 നെല്ലിന്റെ ചെക്കിയാനാടി ആയെന്ന കണ്ടവും** - 2000 ചെക്കിയാനാടി എന്നു പേരുള്ള കണ്ടവും.

**അഞ്ചാനാൽ 5075 നെല്ലിന്റെ** - അഞ്ചാൻ + ആൽ + 5075 + നെല്ല് + ഇൻ + ന്റെ, അഞ്ചാനാൽ എന്ന ഭാഗത്ത് 5075 നെല്ലിന്റെ

**കൊമത്തെ താഴ ചേരിക്കലാകുന്ന കണ്ടവും** - കോമത്ത് + എ + താഴ + ചേരിക്കൽ + ആകുന്ന + കണ്ടവും, കോമത്തെ താഴെ ചേരിക്കലാകുന്ന കണ്ടവും. എ- പ്രത്ഗ്രാഹികാവിഭക്തി പ്രത്യയം. താഴ - താഴെ, വർണ്ണവികാരം പദാന്ത്യത്തിൽ എ/അ വിനിമയം. ചേരിക്കൽ - ക്ഷേത്രത്തിന്റെയോ, രാജാക്കന്മാരുടെയോ ഉടമസ്ഥതയിലുള്ള ഭൂമി.

**മരുതങ്ങാട്ടിത്താഴ** - മരുതം + അങ്ങാട്ടി + താഴ, മരുതങ്ങാടി താഴെ.

**വാഴയെടത്തിനെട്ടാമടിക്ക് 2010 നെല്ലിന്റെ കണ്ടവും** - വാഴ + എടത്തിന് + എട്ടാമടി + ക്ക് + 2010 + നെല്ല് + ഇൻ + ന്റെ + 2010 + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, വാഴ - വാഴും. എടത്തിന് - ഇടത്തിന്, വർണ്ണവികാരം, പദാദിയിൽ ഇ/എ വിനിമയം. വാഴും ഇടത്തിന് എട്ടാം അടിക്കുള്ള 2010 നെല്ലിനുള്ള കണ്ടവും.

**പതിനെട്ടാംമടിക്ക് 3000 നെല്ലിന്റെ കൊളങ്ങരപുടി കണ്ടവും** - പതിനെട്ട് + ആം + അടി + ക്ക് + 3000 + നെല്ല് + ഇൻ + ന്റെ + കൊളങ്ങരപുടി + കണ്ടം + ഉം,

**പഴക്കൊളങ്ങരത്താഴ പതിനെട്ടാംമടിക്ക് 3075 നെല്ലിന്റെ കണ്ടവും** - പഴക്കൊളങ്ങര + താഴ + പതിനെട്ട് + ആം + അടിക്ക് + 3075 + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, പഴക്കൊളങ്ങറത്താഴെ പതിനെട്ടാം അടിക്ക് 3075 നെല്ലിന്റെ കണ്ടവും.

**അതിന് മീതെറ്** - അത് + ഇൻ + ഉ് + മീതെറ്, അതിന്റെ മീതെ.

**പതിനെട്ടാംമടിക്ക് 1010 നെല്ലിന്റെ നീട്ടൂരെ കണ്ടവും** - പതിനെട്ട് + ആം + അടിക്ക് + 1010 + നെല്ല് + ഇൻ + ന്റെ + നീട്ടൂര് + എ + കണ്ടം + ഉം. പതിനെട്ടാം അടിക്ക് 1010 നെല്ലിനുള്ള നീട്ടൂരെ കണ്ടവും.

**പതിനെട്ടാംമടിക്ക് 1000 നെല്ലിന്റെ 5 ക്കണ്ടവും** -പതിനെട്ട് + ആം + അടിക്ക് + 1000 + നെല്ല് + ഇൻ + ന്റെ + 5 + ക്കണ്ടം + ഉം, പതിനെട്ടാം അടിക്ക് 1000 നെല്ലിന്റെ 5 കണ്ടവും.

**പയറ്റൊടിയാകുന്ന അഞ്ചാനാകെ 1025 നെല്ലിന്റെ കണ്ടവും** - പയറ്റൊടി + ആകുന്ന + അഞ്ചാനാക + എ + 1025 + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, പയറ്റൊടി ആകുന്ന അഞ്ചാനാകെ 1025 നെല്ലിന്റെ കണ്ടവും.

**അതിന്** - അതിന്, അതിന്റെ.

**താഴംവല്ലിയ വയലാകുന്ന അഞ്ചാനാൽ 6000 പടി നെല്ലിന്റെ കണ്ടവും** - താഴം + വല്ലിയ + വയൽ + ആകുന്ന + അഞ്ചാനാൽ + 6000 + പടി + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, താഴെ വലിയ വയലാകുന്ന അഞ്ചാനാൽ 6000 പടി നെല്ലിന്റെ കണ്ടവും.

**കൂടി അഞ്ചാനാൽ 3089 നെല്ലിന്റെ കണ്ടവും** - കൂടി + അഞ്ചാനാൽ + 3089 + പടി + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, കൂടി - ചേർന്ന്. ചേർന്ന് അഞ്ചാനാല് 3089 നെല്ലിന്റെ കണ്ടവും.

**കോപാറ മീതൽ** - കോപാറ + മീതൽ, കോപാറയുടെ മുകളിൽ.

**മുണ്ടകൊളങ്ങരെയാകുന്ന** - മുണ്ട + കൊളങ്ങര + എ + ആകുന്ന, മുണ്ടകൊളങ്ങര എന്നു പറയുന്ന.

**കെടവള 7 താഴ മടക്ക് 75 നെല്ലിന്റെ കണ്ടവും** - കെടവള + 7 + താഴ + മട + ക്ക് + 75 + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, കെടവള 7 താഴെ മടയ്ക്ക് 75 നെല്ലിന്റെ കണ്ടവും.

**മാണിക്കാ കോവിലാകുന്ന വടക്ക് 50 നെല്ലിന്റെ കണ്ടവും** - മാണിക്കാ + കോവിൽ + ആകുന്ന + വടക്ക് + 50 + നെല്ല് + ഇൻ + ന്റെ + കണ്ടം + ഉം, മണിക്കാകോവിലാകുന്നതിന്റെ വടക്ക് 50 നെല്ലിന്റെ കണ്ടവും.

**ഒറ്റി ആയി** - ഒറ്റിയായി.

**പഴുതടക്കി** - പഴുത് + അടക്കി, അല്പം പോലും ബാക്കിയില്ലാതെ. ഒരു മലയാള ശൈലി. സന്ധിയിൽ സംവൃതോകാരലോപം.

**പലിച** - പലിശ, തത്ഭവം.

**വീട്ടിക്കൊള്ളുമാറ്** - വീട്ടി + കൊള്ളുമാറ്, വീട്ടുന്ന വിധത്തിൽ. സന്ധിയിൽ കകാര ദ്വിത്വം.

**ഒത്തിരി കറാന്നുമടം** - ഒത്തിരി + കറാന്നു + ഉം + അടം, ഒത്തിരി കറാന്നു മഠം

**പണിപ്പാം** - പണിപ്പ + ആം, പണിയിപ്പിക്കുന്ന.

**ചെമ്മാംപള്ളി ആകുന്ന പറമ്പും കൊടുത്തിരിക്കുന്നു** - ഇതോടൊപ്പം ചെമ്മാംപള്ളിയാകുന്ന പറമ്പും കൊടുത്തിരിക്കുന്നു.

**ഇപ്പരിചറിയും** - ഇ + പരിച് + അറിയ് + ഉം, ഈ പ്രകാരം അറിയും. സന്ധിയിൽ - ഇ + പരിച് - ഇപ്പരിച്, പകാര ദ്വിത്വം. പരിച് + അറിയ് + ഉം, - പരിചറിയും, രണ്ടിടത്തും സംവൃതോകാരലോപം.

**താക്കി** - സാക്ഷി, തത്ഭവം.

**താരൂപകൂതാ** - സാകൂതം, തത്ഭവം.

**പാടിച** - പാടിയ, വേദം ഓതുന്ന.

**അകത്ത് കാരിഴ പുരുഴെമ്മാര്** - അകത്ത് കാര്യ പുരുഷന്മാർ. കാരിഴ - കാര്യ, തത്ഭവം. പുരുഴെമ്മാര് - പുരുഷന്മാര്, തത്ഭവം. മാർ - ബഹുവചന പ്രത്യയം.

**മുമ്പാക്കയ്യെഴുതി** - മുമ്പാ + കയ്യ് + എഴുതി, മുമ്പാകെ കയ്യെഴുതി. മുമ്പാ - മുമ്പാകെ, അക്ഷരലോപം സംഭവിച്ച പദം.

**അറിവേൻ** - അറിവ് + ഏൻ, ഞാൻ അറിയും. പുരുഷഭേദനിരാസം സംഭവിക്കാത്ത പദം.

**താറ്റിപോട്ട നാറാണെൻ ചങ്കരെ കയ്യെഴുതറു** - താറ്റിപോട്ട നാരായണൻ ശങ്കരെ കയ്യെഴുതിയത്. നാറാണെൻ - നാരായണൻ, വർണ്ണവികാരം പദമധ്യത്തിൽ ര/റ, അ/എ, വിനിമയം, യകാര ലോപം.

### 4.2.2.17 ആർത്താറ്റ് പള്ളി കോലെഴുത്തു ചെമ്പോല

**കൊല്ലം 981 ആമത്** - കൊല്ലവർഷം 981 ആമത്.

**മകര ഞായറ്റിൽ** - മകര മാസത്തിൽ.

**പുത്തകൂറ്** - പുത്തൻ കൂറ്.

**തുറിയാനിക്കാരായ** - തുറിയാനി + കാർ + ആയ, സുറിയാനിക്കാരായ. സന്ധിയിൽ - തുറിയാനി + കാർ - തുറിയാനിക്കാർ, കകാര ദ്വിത്വം.

**ആർത്താറ്റ് എടവകക്കാരരെല്ലാവരും** - ആർത്താറ്റ് + എടവക + കാരർ + എല്ലാ + അവർ + ഉം, ആർത്താറ്റ് ഇടവകക്കാരായ എല്ലാവരും. എടവക - ഇടവക. വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം.

**കൂടി** - ചേർന്ന്.

**നമ്മുടെ** - സുറിയാനിക്കാരുടെ.

**തീവാ*ന്നി*യോത പാവാ** - ദീവാന്നിയോസ് ബാവാ, തത്ഭവം.

**തിരുമുമ്പാകെ** - തിരു + മുമ്പ് + ആകെ, ആരാധ്യനായ അദ്ദേഹത്തിന്റെ മുമ്പിൽ.

**എഴുതിവച്ച** - എഴുതി വച്ച, എഴുതി തയ്യാറാക്കിയ.

**പടിയാലയാവിത്** - പടി + ആല + ആവിത്, പടിയോല ആകുന്നത്. പടി - ഏർപ്പാട്. ആല - ഓല, വർണ്ണവികാരം പദാദിയിൽ ഓ/ആ വിനിമയം. ആവിത് - ആകുന്നത്. സന്ധിയിൽ - പടി + ആല + ആവിത് - പടിയാല, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം. പടിയാല + ആവിത് - പടിയാലയാവിത്, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**നമ്മുടെ ച*ന*ങ്ങളിൽ** - നമ്മുടെ ജനങ്ങളിൽ. ചനം - ജനം, തത്ഭവം.

**ചിലർ** - ചില ആളുകൾ.

**പരതേചക്കാരുടെ** - പരതേച + കാർ + ഉടെ, പരദേശക്കാരുടെ. പരതേച - പരദേശ, തത്ഭവം. കാർ - ബഹുവചന പ്രത്യയം. ഉടെ - സംബന്ധികാവിഭക്തി പ്രത്യയം. സന്ധിയിൽ - പരതേച + കാർ - പരതേചക്കാർ, കകാര ദ്വിത്വം.

**എടത്തുട്** - അടുത്തോട്ട്.

**ഉപതേചം** - ഉപദേശം, തത്ഭവം.

**കേക്കയാൽ** - കേക്ക + ആൽ, കേൾക്കയാൽ. കേക്ക - കേൾക്ക, അക്ഷരലപം വന്ന പദം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**റോമാ വിച്ചാതത്തിലേക്ക്** - റോമാ + വിച്ചാതം + അത്ത് + ഇൽ + ഏ + ക്ക്, റോമാ വിശ്വാസത്തിലേക്ക്. റോമാ - റോം. വിച്ചാതം - വിശ്വാസം, തത്ഭവം. അത്ത് - ഇടനില. ഇൽ - ആധാരികാവിഭക്തി പ്രത്യയം. ഏ - ചോദ്യവാചി. ക്ക് - ഉദ്ദേശികാവിഭക്തി പ്രത്യയം.

**തിരിഞ്ഞ്പോയി** - മാറിപ്പോയി.

**വഴക്ക് പിടിച്ച്** - വഴക്ക് കൂടി.

**പള്ളിയും പറമ്പം** - പള്ളി + ഉം + പറമ്പ് + ം, പള്ളിയും പറമ്പും. പറമ്പം - പറമ്പും, വർണ്ണവികാരം പദമധ്യത്തിൽ ഉ/അ വിനിമയം. സന്ധിയിൽ - പള്ളി + ഉം - പള്ളിയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പകത്ത്** - പകുത്ത്, ഭാഗിച്ച്. വർണ്ണവികാരം പദമധ്യത്തിൽ ഉ/അ വിനിമയം.

**നർക്കിട്ട്** - നറുക്കിട്ട്.

**എടുപ്പാൻ** - എടുക്കാൻ.

**എട വന്ന** - ഇട വന്ന. എട - ഇട, വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം.

**അപത്ത് കൊണ്ട്** - ആപത്ത് കാരണം. അപത്ത് - ആപത്ത്, വർണ്ണവികാരം പദാദിയിൽ ആ/അ വിനിമയം.

**വളരെയാകുലത്തി*ന്ന്*** - വളരെ + ആകുലം + അത്ത് + ഇൻ + ന്, വളരെ സങ്കടത്തിന്. ആകുലം - സങ്കടം, ദുഃഖം. അത്ത് - ഇടനില. ഇൻ - ഇടനില. ന് - ഉദ്ദേശികാവിഭക്തി പ്രത്യയം. സന്ധിയിൽ - വളരെ + ആകുലം - വളരെയാകുലം, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**എട വന്നതി*നാൽ*** - ഇട വന്നതിനാൽ. എട - ഇട, വർണ്ണവികാരം പദാദിയിൽ ഇ/എ വിനിമയം. ആൽ - പ്രയോജികാവിഭക്തി പ്രത്യയം.

**മേലാൽ** - ഇനി മുതൽ.

**അങ്ങിനെ** - അങ്ങനെ, വർണ്ണവികാരം പദമധ്യത്തിൽ അ/ഇ വിനിമയം.

**വരാതിരിപ്പാൻ** - വരാതെ + ഇരിപ്പാൻ, വരാതിരിക്കാൻ, സംഭവിക്കാതിരിക്കാൻ.

**വേണ്ടി** - ആയി.

**റോമായിൽ നിന്നോ** - റോമാ + ഇൽ + നിന്ന് + ഓ, റോമിൽ നിന്നോ. ഇൽ - ആധാരികാവിഭക്തിപ്രത്യയം.

**പാപലിൽ നിന്നോ** - പാപൽ + ഇൽ + നിന്ന് + ഓ, ബാബലിൽ നിന്നോ. പാപൽ - ബാബൽ, തത്ഭവം.

**അന്തിയോക്കായിൽ നിന്നോ** - അന്തിയോക്കാ + ഇൽ + നിന്ന് + ഓ, അന്ത്യോഖ്യായിൽ നിന്നോ. അന്തിയോക്കാ - അന്ത്യോഖ്യ, തത്ഭവം. സന്ധിയിൽ - അന്തിയോക്കാ + ഇൽ - അന്തിയോക്കായിൽ, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**മറ്റ് വല്ല** - മറ്റ് ഏതെങ്കിലും.

**പരതേചത്ത് നിന്നോ** - പരതേചം + അത്ത് + നിന്ന് + ഓ, പരദേശത്ത് നിന്നോ. പരതേചം - പരദേശം, തത്ഭവം..

**വരുന്ന** - വരുന്ന.

**യാതൊരു** - ഏതൊരു, പദാദിയിൽ യകാരം.

**മെത്തിറാൻമാരുടെയും** - മെത്തിറാൻ + മാർ + ഉടെ + ഉം, മെത്രാൻമാരുടേയും. മെത്തിറാൻ - മെത്രാൻ, തത്ഭവം. മാർ - ബഹുവചന പ്രത്യയം. ഉടെ - സംബന്ധികാവിഭക്തി പ്രത്യയം. ഉം - സമുച്ചയനിപാതം. ഗന്ധിയിൽ - മെത്തിറാൻമാരുടെ + ഉം - മെത്തിറാൻമാരുടെയും, സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ഉപതേചവും** - ഉപതേചം + ഉം, ഉപദേശവും, ഉപതേചം - ഉപദേശം, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**നടപ്പ്കളും** - രീതികളും.

**ഒരു നാളും** - ഒരു ദിവസവും.

**കേട്ട് വഴങ്ങി നടക്കാതെ** - കേട്ട് അനുസരിച്ച് നടക്കാതെ.

**നമ്മുടെ** - നമ്മുടെ.

**മാർത്തോമ** - മാർ + തോമാ, മാർത്തോമ, വിശുദ്ധനായ തോമസ്. സന്ധിയിൽ തകാര ദ്വിത്വം.

**ചിലികായുടെ** - ചിലികാ + ഉടെ, വിശ്വാസത്തിന്റെ. സിലികാ, വിശ്വാസം, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**പുറുവിക** - പൂർവ്വിക, തത്ഭവം.

**വിച്ചാതവും** - വിച്ചാതം + ഉം, വിശ്വാസവും, തത്ഭവം. സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ വകാരാഗമം.

**ചട്ടങ്ങളും** - നിയമങ്ങളും.

**അനുതരിച്ച്** - അനുസരിച്ച്, തത്ഭവം.

**നടന്ന് കൊള്ളുമാറും** - നടന്ന് കൊള്ളും വിധം.

**തമ്മതിച്ച്** - സമ്മതിച്ച്, തത്ഭവം.

**തമ്പുരാനെ** - തമ്പുരാൻ + എ, തമ്പുരാനെ. എ - പ്രതിഗ്രാഹികാവിഭക്തി പ്രത്യയം.

**പെറ്റ അമ്മയുടെ** - പെറ്റ + അമ്മ + ഉടെ, പ്രസവിച്ച അമ്മയുടെ. പെറ്റ - പ്രസവിച്ച. സന്ധിയിൽ - അമ്മ + ഉടെ - അമ്മയുടെ, സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**ആർത്താറ്റ് പള്ളി നടയിൽ വെച്ച്** - ആർത്താറ്റ് പള്ളിയുടെ നടയിൽ വച്ച്. വെച്ച് - വച്ച്, വർണ്ണവികാരം പദാദിയിൽ അ/എ വിനിമയം. സന്ധിയിൽ - നട + ഇൽ - നടയിൽ, സന്ധിയിൽ സ്വരസംയോഗം ഒഴിവാക്കാൻ യകാരാഗമം.

**എഴുതിയ മേക്ക്** - എഴുതിയ മേലുള്ളതിന്.

**വികാരി തെക്കേകരെ കുരിയത് കത്തനാർ** - വികാരി തെക്കേക്കര കുരിയത് കത്തനാർ.

**പനക്കൽ** താരു - പനക്കൽ താരു.

**കൂത്തൂര് ചുമ്മാര്** - കൂത്തൂർ ചുമ്മാർ.

**കോലാടി ഉട്ടൂപ്പ്** - കോലാടി ഉട്ടൂപ്പ്.

**കാക്കച്ചേരി മാത്തു** - കാക്കശ്ശേരി മാത്തു, തത്ഭവം.

**ചുങ്കത്ത് ഇയ്യാപ്പു** - ചുങ്കത്ത് ഇയ്യാപ്പു.

**തോലത്ത് പാത്തു** - തോലത്ത് പാത്തു.

**ചെറുവത്തൂർ കുഞ്ഞാത്തു** - ചെറുവത്തൂർ കുഞ്ഞാത്തു.

**പുലിക്കോട്ടിൽ താരു** - പുലിക്കോട്ടിൽ താരു.

**കീടങ്ങൻ ചേറുണ്ണി** - കീടങ്ങൻ ചേറുണ്ണി.

**മണ്ടുമ്പാൽ കുഞ്ഞാത്തു** - മണ്ടുമ്പാൽ കുഞ്ഞാത്തു.

**തെങ്ങുങ്കൽ കുരിയാക്കു** - തെങ്ങുങ്കൽ കുരിയാക്കു.

## 4.2.3 മലയാള ലിഖിതങ്ങൾ

### 4.2.3.1 അയിരാണിക്കളം മലയാളം ദാരു ലിഖിതം

**1091 കക്കിടകത്തി** - 1091 കർക്കിടകത്തിൽ, അക്ഷരലോപം വന്ന പദം.

**ഒട മെഞ്ഞ** - ഓട് മേഞ്ഞ, ഹ്രസ്വദീർഘവിനിമയം.

### 4.2.3.2 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 1

**സ്വസ്തി** - മംഗളം

**ലക്ഷ്മീഗ്രാമവരാത്സനാമ** - ഐശ്വര്യമേറിയ ഗ്രാമത്തചന്റ

**ഗുണിനാ** - ഗുണവാനായ

**ശ്രീരാമവർമ്മാഭിധേനാനാർയ്യ പ്രഭുണ** - ശ്രീരാമവർമ്മയെന്ന ആര്യപ്രഭു.

**മുകുന്ദ കരുണാ** - കരുണാമയനായ മുകുന്ദന്

**സഞ്ചൊദിതെനാഞികം** - കലിവാക്യം

**സംസൽ കല്പിത ധന്യ ജന്യധികൃതിഃ** - ജനങ്ങളുടെ നന്മയെന്ന ആഗ്രഹത്തെ അധികരിച്ച്.

**പൂർണ്ണത്രയീ മംഗലക്ഷെത്രം** - പൂർണ്ണത്രയീശന്റെ ഐശ്വര്യംനിറഞ്ഞക്ഷേത്രം

**കൃഷ്ണശിലാ നിബദ്ധമകൽ** - കൃഷ്ണശിലയാൽ

**ശ്രീ നീലകണ്ഠഃ കൃതീ** - ശ്രീ നീലകണ്ഠൻ പണിതു.

### 4.2.3.3 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 2

**ജ്വലിത ദീപമഹഃ പരീതഃ ഉഷ്ണാലുവന്നിയതമംബുജമാലഭാരീ** - ചുറ്റുമുള്ള ജ്വലിക്കുന്ന വിളക്കിന്റെ ചൂടിനാൽ ഭാരമുള്ള അംബുജമാലായാൽ.

**ശീതാലുവൽ** - തണുപ്പിച്ച്.

**ആമായാതുരവദംബുനിഷേക ശൂന്യഃ** - പൂർണ്ണമായും ജലംവറ്റിയ.

**പൂർണ്ണത്രയീ വസിതംസ്തു മുദേ മുകുന്ദഃ** - പൂർണ്ണത്രയീശനായമുകുന്ദൻ സന്തോഷിച്ച് വസിക്കുന്നതുമായ ഇടം.

**4.2.3.4 തൃപ്പൂണിത്തുറ മലയാളം ലിഖിതം - 3**

**ഹരിഃ** - വിഷ്ണു.

**ദശശതശിരസംകാരണാംഭസ്ഥമീശം** - ആയിരം ശിരസ്സുള്ളതും കാരണമാകുന്ന ജലത്തിൽ ഈശനോടൊപ്പം

**ശേഷാസീനം യയാചേ** - ശയിക്കുന്ന

**യൽ കൌന്തെയൊപമിത്യസ്വയമതി** - ആ കുന്തീപുത്രനായ അർജ്ജുനൻ സ്വയമേവ.

**മഹതാ ഭക്തിവിത്തേന** - മഹാത്തായ ഭക്തിയാകുന്ന വിത്തുകൊണ്ട്.

**പൂർവം** - പൂർവമായ.

**പൂർണ്ണത്രയ്യാലയേ** - പൂർണ്ണത്രയീശക്ഷേത്രത്തിൽ.

**സ്ഥാപിതമാവതു** - സ്ഥാപിക്കപ്പെട്ടതാകുന്നു.

**കുരുക്ഷ്മാലലാമേപുനസ്തൽ** - ഈ ഭൂമിയിൽ താൽപ്പര്യത്തോടെ

**ജ്യോതിർ ഭദ്രാ സനാഹി** - പ്രകാശിക്കുന്ന ഇരിപ്പിടത്തോടുകൂടി.

**പ്രവരഫണമണിശ്ഛത്ര** - ആദിശേഷൻ.

**ചിത്രൊജ്വലം** -ചിത്രം പോലെ ജ്വലിക്കുന്ന.

**വഃ** - നമ്മെ.

#### 4.2.3.5 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 4

**സംപതദ്ദെഹജാലാനി** – നന്നായിപതിക്കുന്ന ശരീരജാലങ്ങളിൽ.

**കദാചിദിഹ** – ചിലതിനിവിടെ

**ഹി** – തന്നെ

**ബ്രാഹ്മണ്യം ലഭതെ** – ബ്രാഹ്മണ്യം ലഭിക്കുന്നു.

**മർത്ത്യഃ** – മനുഷ്യൻ.

**കവത്രേ** – പറയൂ, പറയുന്നവനായ.

**പരിപാലയഃ** – പരിപാലിക്കട്ടെ.

#### 4.2.3.6 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 5

**സ** – അവൻ.

**അസളവി സുംണിഹാ അപി അഹാർണവഃ** – സമുദ്രത്തിനരികിൽ പകൽ ശോഭിക്കുന്ന.

**പുരം** – നഗരം.

**മിവന്ന** – ഇവ, പോലെ.

**മതം** – ഇഷ്ടം, അഭിപ്രായം.

**അംപു അണ** – ജലം കെട്ടിനിൽക്കുന്ന.

**അംപണവരം** – ശ്രേഷ്ഠമായ, ഭക്തിനിറഞ്ഞ.

**പണസ** – പനസം, നിവേദ്യം.

**അളദെവഹൊസ** – ഐശ്വര്യവാായ ദേവൻ

**4.2.3.7 തൃപ്പൂണിത്തുറ മലയാളം ലിഖിതം – 6**

**അജ്ഞാതം ഏവം ഇതി സമാധിയാം അഗ്രേസരഃ പാർത്ഥിവ പ്രഭുഃ** – സുധികളിൽ അഗ്രഗണ്യനായ രാജാവ്.

**വിദ്യുത് പ്രാഭൃതി ഭക്തി മാടവസുധാനാഥ സമാദായാസാ** – ജ്വലിക്കുന്ന ഭക്തിയോടുകൂടിയവനായ മാടേശനായ രാജാവ്.

**ചാപാസ്ഥിതേ ഭാസ്കരേ** – സൂര്യൻ സ്ഥിതിചെയ്യുന്ന. ഇത് കാലസൂചകമാണ്.

**പൂർണ്ണത്രയീശാലയെ** – പൂർണ്ണത്രയീശന്റെ ആലയത്തിൽ. തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ.

**വീര ശ്രീരവിവർമ്മനാമ സചിവാ** – വീരനായ രവിവർമ്മയെന്ന മന്ത്രിയെക്കൊണ്ട്.

**ചിത്രം പശ്ചിമ ഗോപുരം** – വിചിത്രമായ പശ്ചിമഗോപുരം. മികച്ചതായ പടിഞ്ഞാറേ ഗോപുരം.

**ത്വ കലയത്** – പണി ചെയ്തു.

**4.2.3.8 മൂഴിക്കളം മലയാളം ശിലാരേഖ – 1**

**സ്വസ്തി ശ്രീ** – ഐശ്വര്യവും മംഗളവും

**കൊലലമ 600, 40,** – കൊല്ലവർഷം 640 ൽ.

**ഞാറല വെലിയു . .** – ഞാറൽവേലിയും

**മലക്കു വടക്കു ആകച്ചാത്തോട്ടിനു പടു കിഴ** – മലയ്ക്ക് വടക്ക് ആകച്ചാത്തോട്ടിനു കീഴ്ഭാഗത്ത്.

**നെരിയമങ്ങത്തു** – നെരിയമങ്ങത്തെ

**പൊഴക്കു** – പുഴക്കു, വർണ്ണവികാരം ഉ/ഒ വിനിമയം.

**തെക്കു** - തെക്ക്.

**ഇതിന** - ഇതിന്

**കിഴ കൂടെ** - കിഴക്കു കൂടെ, അക്ഷരലോപം വന്ന പദം.

**തെവര** - ദേവന്റെ. തത്ഭവം.

**കാലം** - സമയം

**രാചി** - രാശി, തത്ഭവം.

**കൊടുത്ത** - നൽകിയ.

**വേണ്ടിച്ചു** - ആവശ്യത്തിന്.

**ഇരിക്കുന്നു** - ഇരിക്കുന്നു.

**4.2.3.9 മലയാളം ശിലാരേഖ** - 2

**കൊല്ലം 600, 40, 9 മത** - കൊല്ലവർഷം 649 ആമത്.

**കാരണത്ത് കണ്ടട*ന* കുമര*ന*** - കാരണത്ത് കണ്ടൻ കുമരൻ.

**4.2.3.10 മൂഴിക്കളം മലയാളം ശിലാരേഖ - 3**

**കാരാഴുവീചെറ്റി നാരായണ** - കാരാഴുവീചെറ്റി നാരായണൻ

**നൂറ്റുനു** - നൂറിന്.

**കല്ലുക്കു** - കല്ലിന്.

**കുടുത്ത** - കൊടുത്ത, വർണ്ണവികാരം, ഒ/ഉ വിനിമയം.

**പണം 40 വീതി വണഴു** - 40 വീതം വന്നിരിക്കുന്നു

**4.2.3.11 മൂഴിക്കളം മലയാളം ശിലാരേഖ – 4**

**കാവിൻപുറത്ത് നാറാണൻ ചുവരൻ** – കാവിൻ പുറത്ത് നാരായണൻ ചുവരൻ.

**കല്ലിനു** – കല്ലിനായി.

**പുതുപണം 350** – പുതുപണം 350 നൽകി.

**4.2.3.12 മൂഴിക്കളം മലയാളം ശിലാരേഖ – 5**

**സ്വസ്തിശ്രീ** – ഐശ്വര്യവും മംഗളവും ഭവിക്കട്ടെ.

**രാമാനുജോഹിവന്ദ്യഃ** – വന്ദ്യനായ രാമാനജുൻ

**എന്ന കലിദിവസത്തുനാൾ** – എന്ന കലിദിവസം വരുന്ന നാളിൽ.

**ചെയതത്** – പൂർത്തകരിച്ചത്.

**4.2.3.13 തിരുവഞ്ചക്കളം മലയാളം ശിലാലിഖിതം – 1**

**നിജം ദേർദണ്ഡം (ദോർദണ്ഡം)** – സ്വന്തം കൈത്തണ്ട്.

**യജ്ഞജൂഷ്ടം ഇതി കലയൻ** – യജ്ഞത്താൽ സേവിതമാണെന്ന് കരുതി..

**യഃ മായാഃ കടാക്ഷധാരാവൃഷ്ടീഃ** – യാതൊരുവനാണോ ലക്ഷ്മിയുടെ കടാക്ഷധാര.

**സതതമപി അർത്ഥിനാം അർത്ഥം** – എപ്പോഴും യാചിക്കുന്നവർക്കുള്ള സമ്പത്തായി.

**ദിശൻ** – തിരിച്ച്, നല്കിക്കൊണ്ട്.

**സദ്ഗുണാഢ്യഃ വീരഃ ശ്രീരാമവർമ്മാഹ്വയ ധരണിപതിഃ** – ഗുണസമ്പന്നനും വീരനുമായ ശ്രീരാമവർമ്മ എന്ന് പേരുള്ള രാജാവ്.

**വഞ്ചുളേശസ്യ ശംഭോഃ** - വഞ്ചുളേശനായ ശിവന്റെ, തിരുവഞ്ചിക്കളത്തെ ശിവക്ഷേത്രത്തിലെ.

**ശ്രീ ദീപമാടം ഭൂരി** - ഐശ്വര്യമേറിയ ദീപമാടം.

**നിജസചിവവരൈഃ** - സ്വന്തം മന്ത്രിമാരെക്കൊണ്ട്.

**നൂനം കാരായമാസ** - തീർച്ചയായും പണികഴിപ്പിച്ചു.

**4.2.3.14 തിരുവഞ്ചക്കളം മലയാളം ശിലാലിഖിതം - 2**

**ശ്ലോകാനുജൂഷ്ടെ** - ശ്ലോകങ്ങൾ(സ്തോത്രങ്ങൾ) കൊണ്ട് സേവിതമായതും.

**കലിതിമിരഹരേ** - കലികാലത്തിന്റെ അന്ധകാരത്തെ അകറ്റുന്നതുമായ.

**വഞ്ചുളേശാനഗേഹേ ദേഹേ** - വഞ്ചുളേശന്റെ നിലയത്തിൽ, തിരുവഞ്ചിക്കളം ക്ഷേത്രത്തിൽ.

**ഏകാരംഭഃ സഃ ശംഭുഃ** - ദേവന്മാരിൽത്തന്നെ ഏറ്റവും ആദിയിൽ ഏകമായ ആരംഭം ഉള്ളവനായ ശിവൻ.

**ചിതശരണധിയാ** - ശരണം നൽകാൻ എന്ന ബുദ്ധിയോടുകൂടി.

**സുകർമ്മാ മാടേശോ രാമവർമ്മ** - സുകർമ്മാവായ മാടഭൂപതി രാമവർമ്മ

**ദീപമാടം പുനഃ അതനുത** - ദീപസ്തംഭം പുതുക്കിച്ചെയ്തു.

**ക്ഷേത്രേ നൂതനീക്രിയാന്തേ** - ക്ഷേത്രത്തിന്റെ നവീകരണത്തിനൊടുവിൽ. **ദ്രവിണവിതരണെ യൽ** - ദ്രവിണവിതരണ സമയത്ത്.

**കടാക്ഷ ധ്രുവം സ്യാത്** - കടാക്ഷം ഉണ്ടാകുമാറ് അദ്ദേഹം പണിചെയ്തു. ദീപമാടം പണി ചെയ്തു.

**4.2.3.15 തിരുവഞ്ചിക്കുളം മലയാളം ശിലാലിഖിതം - 3**

**യഃ കശ്ചിദ്** - യാതൊരുവനാണോ

**ശാസ്ത്രബാഹ്യോ** - ശാസ്ത്രത്തിനപ്പുറം.

**ചിതൈഃ കാരയിത്വാ** - തിരഞ്ഞെടുത്തവരെക്കൊണ്ട് പണികഴിപ്പിച്ച്.

**തഥാദ്ധാകാലെ** - ആ കാലത്ത്.

**ദേവദ്ധിരമ്യം ധ്രുവം ഇഹ നിലയം** - ഇവിടെയുള്ള രമ്യമായ ഗൃഹം.

**മാടഭൂപാജ്ഞയാ** - മാടരാജാവിന്റെ ആജ്ഞയാൽ. കൊച്ചി രാജാവിന്റെ നിർദ്ദേശമനുസരിച്ച്.

**പാലിയേശോ ഗോവിന്ദഃ** - പാലിയേശ്വനായ ഗോവിന്ദൻ.

**യമദപിദം തം ഗിരിശം അഭിനവീകാരയൻ** - യമനെപ്പോലും നിലയ്ക്ക് നിർത്തിയ ആ ശിവനെ നവീകരിച്ച്.

**വഞ്ചുളേശം നൃക്ഷേണ ഉന്നദ്ധസൗഖ്യം** - വഞ്ചുളേശനെ പൂർണ്ണതയിൽ ഏറിയ സൗഖ്യത്തോടു കൂടിയവനും.

**കലിഘടസഹസ്രാഭിഷിക്തം** - ആയിരം കുടങ്ങൾ കൊണ്ട് അഭിഷിക്തനും.

**വ്യധത്ത** - ആക്കിത്തീർത്തു.

**4.2.3.16 ഊരകം മലയാളം ശിലാലിഖിതം**

**സ്വസ്തിശ്രീ** - ഐശ്വര്യവും മംഗളവും ഭവിക്കട്ടെ

**രവിണാരചിതെയം കലി** - രവിയാൽ നൽകപ്പെട്ടെന്നർത്ഥം വരുന്ന കലി ദിവസത്തിൽ.

**പെരുംപടപ്പിലിളയ താവഴിയിൽ** - പെരുമ്പടപ്പിലെ ഇളയതാവഴിയിലെ.

**നാരായണ ഇരവിവർമ്മ** - നാരായണ രവിവർമ്മ.

**കൊവില കരികലപ്പണി ചെയിച്ചത** - ക്ഷേത്രത്തിലെ കരിങ്കൽപ്പണി ചെയ്യിച്ചത്.

**കൊച്ചി 1010 ചെന്നത** - കൊച്ചി 1010 ചെന്നപ്പോൾ.

### 4.2.3.17 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര ശ്രീമൂലസ്ഥാന മലയാള ശിലാലിഖിതം – 1

**ശ്രീമൂലസ്ഥാനമിദം ശിവപുരനാഥസ്യ** - ശിവപുരനാഥന്റെ ഈ ശ്രീമൂലവാസസ്ഥാനം.

**കലിതമുപലവരൈഃ സിശൈല ഭൂമി** - കല്ലാൽ നിർമ്മിക്കപ്പെട്ട ഈ സ്ഥലം.

**ചിങ്ങ വിയാഴം ധനു ഞായറ്റിർ** - ചിങ്ങത്തിൽ വ്യാഴം നിന്ന ധനുമാസത്തിൽ.

**വെങ്ങാനു നാടുടയ ഇരവി വീര** - വെങ്ങാനുനാടിന്റെ ഉടയവനായ വീരരവിയാണ്.

### 4.2.3.18 തൃശ്ശൂർ വടക്കുംനാഥ ക്ഷേത്ര കൊക്കരണി മലയാള ശിലാലിഖിതം

**സൊസ്തിശ്രീ** - സ്വസ്തിശ്രീ, ഐശ്വര്യവും മംഗളവും. വർണ്ണവികാരം, പദാദിയിൽവ/ഒ വിനിമയം.

**മണംപിള്ളി കേശവരാമൻ** - മണമ്പള്ളി കേശവരാമൻ.

**വടച്ചിറൈ** - വടക്കെ ചിറ.

**മനിതി(ത)ൻയി വഴിപണ്ടെ** - മനുഷ്യന്റെ വഴിപാട്.

**കൊക്കരണി തനിന്റെ** - കൊക്കരണിയുടെ.

**ചെറു വാതിൽക്ക നീളം** - ചെറിയ വാതിൽ വരെ നീളത്തിൽ.

**കരിങ്കല്ലിടിയിച്ചത** - കരിങ്കല്ലിടുവിച്ചത്.

**നമിശ്ശിവായഃ** - ശിവനായിക്കൊണ്ട് നമസ്ക്കാരം.

#### 4.2.3.19 പെരുമനം ക്ഷേത്ര മലയാള ശിലാലിഖിതം

**ശൈലാബ്ധീശ്വര സൊദരൊ** – ശൈലാബ്ധീശ്വരന്റെ സഹോദരനും, സാമൂതിരിയുടെ സാഹോദര്യമുള്ള.

**ലൊലധീ നരപതിഃ** – കോമളമതിയായ രാജാവ്.

**കൊളംബെ ഗത ഏവ** – കൊളംബത്തിലേക്ക് പോയതും.

**ഭൂസുരവരൈഃ പൂർണ്ണെ മഹാ കാനനെ ജീർണ്ണം** – ബ്രാഹ്മണരാൽ നിറഞ്ഞതും വലിയവനത്തിൽ ജീർണ്ണിച്ചതുമായ. ചമത്കാരാർത്ഥം ഒഴിഞ്ഞാൽ പെരുമനം എന്ന സ്ഥലനാമം ലഭിക്കുന്നു.

**മാടമഹെശ മന്ദിരവരം നവ്യം ചകാരം** – മാടഭൂപതിയുടെ അമ്പലത്തെ നവീകരിച്ചു.

**ആത്മനഃ സ്വർഗ്ഗാരൊഹണ കർമ്മ** – സ്വന്തം സ്വർഗ്ഗാരോഹണത്തിനായി.

**നിർമ്മിത മഹാ സൊപാനമത്യുന്നതം** – നിർമ്മിച്ച അത്യുന്നതമായ വലിയ സോപാനം.

#### 4.2.3.20 ചേന്ദമംഗലം പാലിയം ശിവക്ഷേത്ര മലയാള ലിഖിതം

**ശ്രീമാൻ** – ഐശ്വര്യമുള്ള

**ദുസ്സാധഗംഗാപ്ലവവിമലമതിഃ** – അസാധ്യമായി ദംഗയെയും ചന്ദ്രനെയും തലയിലേറ്റിയവന്റെ

**പാലിയെശൊ** – പാലിയേശനന്റെ.

**ദ്വിജെന്ദ്രൈഃ** – ബ്രാഹ്മണരാൽ.

**കെതുസ്തംഭം** – കൊടിമരം.

**വിധായദ്ധ്രുവമനുദിവസാരംഭ** – നിശ്ചയമായും അന്നത്തെ ദിവസം പ്രഭാതത്തചന്റ.

**ക്നുപ്ത പ്രതിഷ്ഠഃ** – പ്രതിഷ്ഠിച്ചു.

**ദത്ത ദ്രവ്യർദ്ധി** - വൃദ്ധിക്കായിക്കൊണ്ട്.

**സമ്യക്കലിതജനമുദവ്യാജ** - നന്നായി സന്തുഷ്ടരായജനങ്ങൾ കൂടിച്ചേർന്ന. **നവ്യാലയസ്ഥം** - പുതുതായി സ്ഥാപിച്ച.

**ഭൂയശ്ലിഷ്ട ബന്ധം** - വർദ്ധിച്ച ബലത്തോടെ ബന്ധിച്ച്.

**ശിവകൃത** - ശിവന്റെ.

**ചതുർത്ഥാഭിഷെകാതി തുഷ്ടം** - നാലുതവണ അഭിഷേകം സന്തോഷത്തോടെ നടത്തി.

**നിഗമനങ്ങൾ**

ലിഖിതഭാഷ സവിശേഷ വ്യവഹാരഭാഷയാണ്. ഒരു പ്രത്യേക ചരിത്രസന്ദർഭത്തെ അവ അടയാളപ്പെടുത്തുന്നുണ്ടെങ്കിലും അക്കാലത്തെ സംഭാഷണഭാഷയുമായി അത് അടുത്ത ബന്ധം പുലർത്തുന്നില്ല. അധികാരികളും സമൂഹശ്രേണിയിലെ ധനികരും നടത്തിയ ഇടപെടലുകളാണ് ലിഖിതങ്ങളുടെ ഉള്ളടക്കം. അതിനാൽത്തന്നെ അധികാരഭാഷയോട് ചേർന്നുനിൽക്കുന്ന ലിഖിത വ്യവഹാരമാണവ. സന്ധി, വിഭക്തിപ്രത്യയങ്ങൾ, വർണ്ണവികാരം, എന്നിവയിൽ പ്രയോഗസാധ്യതയെ ആധാരമാക്കിയുള്ളതും സംഭാഷണഭാഷയിൽ നിലനിന്നുപോന്നതുമായ ഔദാസീന്യം തുടരുകയും ചെയ്തു. ഇക്കാരണങ്ങളാലാകാം ശാസനഭാഷയെ തമിഴിന്റെ തുടർച്ചയായിക്കാണാൻ ചില പൂർവ്വപണ്ഡിതരെങ്കിലും ശ്രമിച്ചത്. ലിഖിതങ്ങളിൽ വട്ടെഴുത്തിൽ സവിശേഷമായും കോലെഴുത്തിൽ ഭാഗികമായും അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നിവ സംഭവിക്കാത്ത രൂപങ്ങൾ കാണാം. പ്രധാനവസ്തുത ലിഖിതങ്ങൾ ഭാഷാപഠനത്തിന് വേണ്ടി തയ്യാറാക്കപ്പെട്ടവയല്ലെന്നതാണ്. ഭാഷാപഠനത്തിന് ഉതകുന്ന പൂർവ്വികപ്രയോഗങ്ങളും ശൈലികളും ഈ ഭാഷയിൽ സംരക്ഷിക്കപ്പെട്ടു. അട്ടിപ്പേറാധാരങ്ങളിൽ അവ തയ്യാറാക്കപ്പെട്ട കാലമനുസരിച്ച് വട്ടെഴുത്ത്

കോലെഴുത്ത് ലിഖിതങ്ങൾ തമ്മിൽ തൊള്ളായിരം വർഷം വരെ അന്തരമുണ്ടായിട്ടും സവിശേഷവ്യവഹാരഭാഷ ആവർത്തിക്കപ്പെടുന്നു. ഇപ്രകാരം ഭാഷാപ്രയോഗങ്ങളിലെ പൂർവ്വസ്വത്തുക്കൾ ലിഖിതങ്ങളിൽ സംരക്ഷിക്കപ്പെട്ടു. മലയാള ലിഖിതങ്ങൾ പ്രായേണ ഭാഷാപരമായ അസ്ഥിരതപുലർത്തുന്നുണ്ട്. ലിപിമലയാളത്തിലെങ്കിലും ഭാഷ സംസ്കൃത്തിലും, മലയാളത്തിലുമായ സവിശേഷ വ്യവഹാരങ്ങളാണവ.

# ഉപസംഹാരം

ലിഖിതവിജ്ഞാനീയം അഥവാ എപ്പിഗ്രഫിയുടെ രീതിശാസ്ത്രമനുസരിച്ച് തയ്യാറാക്കിയതാണീപ്രബന്ധം. ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ നാലദ്ധ്യായങ്ങളാണീ പ്രബന്ധത്തിലുള്ളത്. ഒന്നാം അദ്ധ്യായം 'കൊച്ചി'. ഈ അദ്ധ്യായത്തിനകത്ത് ഗവേഷണദത്തമായ ലിഖിതങ്ങൾ ശേഖരിച്ച ഭൂമിശാസ്ത്രപരമായ മേഖല എന്ന തലത്തിലും ഒരു രാജ്യമായിത്തീർന്നപ്പോൾ കൊച്ചിക്കുണ്ടായിരുന്ന അതിർത്തികളെയും രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം അദ്ധ്യായമായ 'കൊച്ചി രാജ്യത്തെ ലിഖിതങ്ങൾ'ക്കകത്ത് 61 വട്ടെഴുത്ത്, 17 കോലെഴുത്ത്, 20 മലയാളം ലിഖിതങ്ങളുടെയും കൺപകർപ്പ്, ലിപ്യന്തരണപാഠം, ആധുനികപാഠം എന്നിവയുൾക്കൊള്ളിച്ചവതരിപ്പിക്കുന്നു. ലഭ്യമായ എല്ലാ ലിഖിതങ്ങൾക്കും കൺപകർപ്പ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൃക്കാക്കര, മൂഴിക്കളം, പറവൂർ കോട്ടക്കാവ്, തൃശ്ശൂർ വടക്കുംനാഥൻ, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലെ ചില ലിഖിതങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെട്ടിട്ടുണ്ട്. അവയക്ക് മാത്രമാണ് കൺപകർപ്പ് തയ്യാറാക്കാൻ കഴിയാതെപോയത്. ഇത്തരം സന്ദർഭങ്ങളിൽ പൂർവ്വപഠനങ്ങളെ ആധാരമാക്കിയുള്ള ലിപ്യന്തരണപാഠമാണ് നൽകിയിട്ടുള്ളത്.

മൂന്നാം അദ്ധ്യായം 'കൊച്ചി രാജ്യത്തെ ലിഖിതങ്ങളുടെ ചരിത്രപരമായ പഠനം'. ഈ അദ്ധ്യായത്തിൽ പ്രാഥമികമായി തയ്യാറാക്കിയ ആധുനികപാഠങ്ങളുടെ ലഘുവ്യാഖ്യാനം ഉള്ളടക്കരൂപത്തിൽ നൽകിയിരിക്കുന്നു. ഇവയെ അടിസ്ഥാനമാക്കി കൊച്ചി രാജ്യത്തെ ലിഖിതങ്ങളിൽനിന്നും ലഭിക്കുന്ന

അറിവുകളെ അവലോകനം ചെയ്തിട്ടുണ്ട്. ഈ അദ്ധ്യായത്തിന്റെ പഠനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളെ താഴെ ചേർക്കുന്നു.

''കൊച്ചിരാജ്യത്തുനിന്നും ലഭിച്ച ലിഖിതങ്ങളിലെ ചരിത്രപരതയാണ് ഈ അദ്ധ്യായത്തിന്റെ വിഷയം. ലഭിച്ച ഉപാദാനങ്ങളെ അവയിൽ പൊതുവായിക്കാണുന്ന ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്. വട്ടെഴുത്ത്, കോലെഴുത്ത്, മലയാളം എന്നിങ്ങനെ പ്രാഥമികമായി ലിപിയെ ആധാരമാക്കിയ തരംതിരിവ് നടത്തിയിരിക്കുന്നു. വട്ടെഴുത്ത് ലിഖിതങ്ങളെ പെരുമാക്കന്മാരുടെ ഭരണകാലത്തെലിഖിതങ്ങൾ, നാടുവഴികളുടെ വാഴ്ച്ചക്കാലത്തെ ലിഖിതങ്ങൾ, സ്ഥാപനങ്ങൾ നടത്തിയ ഏർപ്പാടുകൾ, വ്യക്തികളുടെ ഏർപ്പാടുകൾ, അപൂർണ്ണലിഖിതങ്ങൾ എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു. കോലെഴുത്ത് ലിഖിതങ്ങളെ മരണശിലാരേഖകൾ, നിർമ്മാണ-ദാന രേഖകൾ, ഭൂവിനിമയരേഖകൾ, അധികാര-നയവത്കരണരേഖകൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മലയാളം ലിഖിതങ്ങളെ നിർമ്മാണപുനരുദ്ധാരണലിഖിതങ്ങൾ, ദേവതാസ്തുതികൾ എന്നിങ്ങനെയും തരംതിരിച്ചിരിക്കുന്നു. ഈ ലിഖിതങ്ങളെല്ലാം ചരിത്രപരമായി പ്രസക്തങ്ങളാണ്. മഹോദയപുര പെരുമാക്കന്മാരായ സ്ഥാണു രവി, ഗോദ രവി, കേരളകേസരി, ഇന്ദു ഗോദ, ഭാസ്ക്കര രവി, രാജസിംഹൻ, ആദിത്യൻ ഇരുഴി ഇരാമർ എന്നിവരുടെ ലിഖിതങ്ങളും തൃക്കാക്കര, നെടുമ്പുറയൂർ, പറപ്പൂർ എന്നിവിടങ്ങളിലെ നാടുടയവരുടെ കാലത്തെ ലിഖിതങ്ങളും ലഭ്യമായിട്ടുണ്ട്. ക്ഷേത്രസമിതികളായ തളി, പരിഷ, പതിനെട്ടുനാട്ടാർ, ഇരുപത്തൊരുവർ എന്നിങ്ങനെയുള്ള അധികാരവിഭാഗങ്ങൾ നടത്തിയ ഏർപ്പാടുകളും പ്രമാണിമാർ ക്ഷേത്രങ്ങളിലേക്ക് നടത്തിയ ദാനങ്ങളുമാണ് വട്ടെഴുത്ത് ലിഖിതങ്ങളിൽ പരാമർശിക്കുന്നത്. ഗോദരവിയുടെ ഭാര്യയും, അവരെ ചേരമാൻ മഹാദേവിയെന്നാണ് അഭിസംബോധന ചെയ്തിട്ടുള്ളത്, ഭാസ്ക്കര രവിയുടെ ഭാര്യയായ ശ്രീധരനങ്ങച്ചിയും, അവരെ ത്രിഭുവനമഹാദേവിയെന്ന് അഭിസംബോധന ചെയ്തിരിക്കുന്നു, ക്ഷേത്രങ്ങളിലേക്ക് നൽകിയ ഭൂമികളെക്കുറിച്ചും ഗോദരവിയുടെ കാലത്തെ രാജകുമാരിയായിരുന്ന ഇരവിപിരാട്ടി നടത്തിയ ഏർപ്പാടും

ലിഖിതങ്ങലിലുണ്ട്. ഇക്കാലത്തെ ലിഖിതങ്ങളിൽ പുലയരെക്കുറിച്ചുള്ള പരാമർശങ്ങളും സവിശേഷമാണ്. ഭൂവുടമകളായിട്ടാണ് ഇത്തരം സന്ദർഭങ്ങളിൽ പുലയാധികാരികൾ ലിഖിതങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. നെടുമ്പുറംതളിയിൽ നിന്നും സൈന്യാധിപനായ നാട്ടുപടനായരുടെ നേതൃത്വത്തിൽ ക്ഷേത്രകാര്യങ്ങളുടെ കുറവറ പറഞ്ഞ്തീർത്ത് രേഖയാക്കിയ വട്ടെഴുത്ത് ലിഖിതവും ലഭിച്ചിട്ടുണ്ട്. മാവാരതം മുതുകൂത്തിനെക്കുറിച്ച് ഊരകം വട്ടെഴുത്ത് ലിഖിതത്തിലും, കൂത്തിനെക്കുറിച്ച് തിരുക്കുലശേഖരപുരം വട്ടെഴുത്ത് ലിഖിതത്തിലും പരാമർശമുണ്ട്. നെടുമ്പുറംതളിയിലെ വട്ടെഴുത്ത് ലിഖിതത്തിൽ നർത്തകികളായ കരതരവികടനങ്കമാരെക്കുറിച്ചും, നൃത്താദ്ധ്യാപകനായ നട്ടുവനെക്കുറിച്ചും പരാമർശമുണ്ട്. കൃഷിയായിരുന്നു സമ്പദ്ഘടനയുടെ ആധാരം അതിനാൽത്തന്നെ വട്ടെഴുത്ത് ലിഖിതങ്ങളിൽ ഏറിയകൂറും കാർഷികോത്പന്നമായ നെല്ല്, അരി എന്നിവയെ പരാമർശിക്കുന്നു. കച്ചവടക്കാർക്കും ബ്രാഹ്മണർക്കും സന്യാസിമാർക്കും വട്ടെഴുത്ത് ലിഖിതങ്ങളിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. പൊതുവാൾ, ഊരാളർ, കാരാളർ എന്നിവർ ഭൂ-ക്ഷേത്രവിനിമയങ്ങളിൽ അധികാരസ്ഥാനങ്ങളിലും ചുമതലസ്ഥാനങ്ങളിലും കടന്നുവരുന്നു.

കോലെഴുത്തുലിഖിതങ്ങളിലെ മരണശിലാരേഖകൾ ഹ്രസ്വങ്ങളാണ്. അവയിൽ പൊതുവർഷം 1604 ൽ മരണപ്പെട്ട ഫ്രാൻസിസ്കോ റോസും, 1701 ൽ മരണപ്പെട്ട ചേന്ദമംഗലത്തെ തോമാരാജാവും ശ്രദ്ധേയരാണ്. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലെ നയങ്ങൾ മാർത്തോമാവിശ്വാസികളിൽ പ്രചരിപ്പിക്കാനും അനുസരിപ്പിക്കാനും അലക്സിസ് ഡി മെനസിസിനെസഹായിച്ച വൈദേശിക മതപുരോഹിതനായിരുന്നു ഫ്രാൻസിസ്കോറോസ്. അദ്ദേഹത്തിന് ലഭിച്ച ആദരമായിരുന്നു പറവൂർ പള്ളിയിലേക്ക് മെത്രാനായിക്കിട്ടിയ നിയമനം. പറവൂരിൽ വച്ച് മരണപ്പെട്ട അന്നത്തെ കാര്യങ്ങളാണ് പറവൂർ കോട്ടക്കാവ് ഒന്നാം മരണശിലാരേഖയിലുള്ളത്. ചേന്ദമംഗലത്തുണ്ടായിരുന്ന രാജവംശമായിട്ടാണ് വില്ലാവർവട്ടം അറിയപ്പെടുന്നത്. വില്ലാർവട്ടത്തെ അവസാനത്തെ രാജാവായിട്ടാണ് തോമാരാജാവ് അറിയപ്പെടുന്നത്. വില്ലാവർട്ടം കോവിലകം നിലനിന്നിരുന്ന

കോട്ടക്കോവിലകം കുന്നിന് സമീപത്താണ് അലക്സിസ് ഡി മെനസിസ് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ എഴുതിത്തയ്യാറാക്കിയ ഹോളിക്രോസ്ചർച്ച്. ഇവിടെ ക്രിസ്തീയവിശ്വാസികൾക്ക് വലിയ സ്വാധീനമുള്ള സ്ഥലമാണ്. പോർച്ചുഗീസ് മിഷണറികളുടെയും മറ്റും ശ്രമഫലമായി ക്രിസ്തുമതം സ്വീകരിച്ച ഇദ്ദേഹം മരണപ്പെട്ടത് ഉദയംപേരൂര് വച്ചായിരുന്നു. കോലെഴുത്തുരേഖകളിൽ ഭൂ-പണ വിനിമയ രേഖകൾ സവിശേഷമാണ്. പാലയൂർപള്ളിയിലെ നാലു ചെമ്പോലകളും, തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ ഒറ്റച്ചെമ്പോലയും ഇവയ്ക്കുദാഹരണമാണ്. അട്ടിപ്പേറ്, ഒറ്റി, നേർപലിശ, പണയപ്പാട്ടം എന്നിങ്ങനെയുള്ള ഏർപ്പാടുകളാണ് ഇവയിൽ പരാമർശിക്കപ്പെട്ടത്. പൊതുവർഷം 1663 ൽ ഡച്ചീസ്റ്റിന്ത്യക്കമ്പനിയുടെ സഹായത്തോടെ പോർച്ചുഗീസിനെ കൊച്ചിയിൽ നിന്നുപുറത്താക്കി ഭാവികാര്യങ്ങളും, നിലപാടുകളും രേഖപ്പെടുത്തിയ പുതുവെപ്പ് 322 ലെ പാലിയം ചെപ്പേട് കൊച്ചി ചരിത്രത്തിലെ പ്രാധാന്യമുള്ളൊരീടുവെപ്പാണ്. പോർച്ചുഗീസ്, ഡച്ച് എന്നീ വൈദേശികശക്തികൾ, പെരുമ്പടപ്പ് സ്വരൂപത്തിനകത്തെ താവഴിത്തർക്കങ്ങൾ, കിടമത്സരം, സാമൂതിരിയുടെ കൊച്ചി വിരോധം, കൊങ്ങിണി ബ്രാഹ്മണർ, പാലിയത്തച്ചൻ, വടക്കുംകൂർ നാടുവാഴി, കൊച്ചിക്ക് മേൽക്കോയ്മയുള്ള ക്ഷേത്രങ്ങൾ, തുരുത്തുകൾ എന്നിവയെക്കുറിച്ചും മുളക് ഡച്ചിനുകൊടുക്കാനായി അതിനുമുകളിൽ നടത്തിയ നിയന്ത്രണങ്ങളുമെല്ലാം തെളിവുരൂപത്തിൽ ഈ രേഖയിൽ നിന്നും അറിവുകൾ ലഭിച്ചിരിക്കുന്നു. പൊതുവർഷം 1807 ലെ ആർത്താറ്റ് പടിയോല കുന്ദംകുളത്തെ മാർത്തോമാ ക്രിസ്ത്യാനികൾ യാതൊരു വിദേശ ആദ്ധ്യാത്മികപുരുഷന്മാരെയും പ്രതിനിധികളെയും അധികാരസ്വരൂപത്തിൽ അംഗീകരക്കില്ലെന്ന് ശക്തമായ ഭഷയിൽ രേഖപ്പെടുത്തി ഒപ്പു വച്ചിരിക്കുന്നു.

മലയാളം ലിഖിതങ്ങളിൽ മൂഴിക്കളത്തുനിന്നും ലഭിച്ച രേഖകളിലൊഴികെയെല്ലാം രാജാക്കന്മാരുടെയോ നാടുവാഴിതളുടെയോ മന്ത്രിമാരുടെയോ മേൽനട്ടത്തിലും ചെലവിന്മേലും ക്ഷേത്രങ്ങളിൽ നടത്തിയ പുനരുദ്ധാരണപ്രവർത്തനങ്ങളാണ്. മൂഴിക്കളം മലയാളലിഖിതങ്ങളിൽ ദാനികളുടെ

സ്ഥാനപ്പേരുകൾ രേഖപ്പെടുത്തിയിട്ടില്ല. സംസ്കൃതം, മലയാളം എന്നിവയ്ക്കുപുറമേ തൃപ്പൂണിത്തുറയിൽനിന്നും ദേവതാസ്തുതിപരമായ ഒരു പ്രാകൃതഭാഷാലിഖിതവും ലഭിച്ചിട്ടുണ്ട്.

ലിഖിതങ്ങളിൽ കാലം രേഖപ്പെടുത്തുന്നതും സവിശേഷമാണ്. പെരുമാക്കന്മാരുടെ ലിഖിതങ്ങളിൽ മാത്രം അവരുടെ ഭരണവർഷം രേഖപ്പെടുത്തിയിരിക്കും. അതിനുശേഷം വ്യാഴത്തിന്റെ നിലയും ഏർപ്പാടു നടത്തിയ മാസത്തിന്റെ പേരും നല്കിയിരിക്കും. കൊല്ലവർഷം രേഖപ്പെടുത്തിയ ഒരു വട്ടെഴുത്തു ലിഖിതംപോലും കൊച്ചിരാജ്യത്തുനിന്നും ലഭിച്ചിട്ടില്ല. തളിവർഷം, കലിദിനം എന്നിവയും വട്ടെഴുത്തു ലിഖിതങ്ങളിൽ ഉപയോഗിച്ചുകാണാം. ക്ഷേത്രം പണിതീർത്ത വർഷം മുതൽ ഒന്നു മുതൽ എണ്ണിത്തുടങ്ങുന്നതാണ് തളിവർഷം. കോലെഴുത്തു ലിഖിതങ്ങൾ പുതുവപ്പ്, കൊല്ലവർഷം, മിശിഹാവർഷം എന്നിവ രേഖപ്പെടുത്തിക്കാണുന്നു. 1341 ൽ മുസിരിസിനെ കടലെടുത്ത വെള്ളപ്പൊക്കത്തിൽ കൊച്ചിയിൽ പുതുതായുയർന്നുവന്ന പുതുവൈപ്പിൻ എന്ന പ്രദേശത്തെ ആധാരമാക്കി ആരംഭിച്ചതാണ് പുതുവപ്പ് വർഷം. പുതുവപ്പ് വർഷം 322 ൽ എത്തിയ കാലത്താണ് പാലിയത്തെ കോലെഴുത്ത് ചെപ്പേട് തയ്യാറാക്കപ്പെട്ടത്. മിശിഹാവർഷം, മിശിഹപിറന്നിട്ട് എന്ന ആമുഖവാക്യത്തോടെയാണ് കേലെഴുത്ത് ലിഖിതങ്ങളിൽ രേഖപ്പെടുത്തുക. കേരളത്തിന്റെ സ്വന്തം വാർഷിക ഗണനാരീതിയാണ് കൊല്ലവർഷം. പാലയൂർ ചെപ്പേടുകൾ നാലെണ്ണത്തിലും തൃശ്ശൂർ ബ്രഹ്മസ്വംമഠം കോലെഴുത്ത് ചെപ്പേടിലും കൊല്ലവർഷം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മലയാളം ലിഖിതങ്ങളിൽ സംസ്കൃതരൂപേണയുള്ളവയിൽ സവിശേഷമായും അല്ലാതെ ഒറ്റവരികളിലും കലിവാക്യം രേഖപ്പെടുത്തി വെക്കുന്നു. അവയിൽ പൊതുവായി ഉപയോഗിക്കുന്ന കൊല്ലവർഷം മൂഴിക്കളം മലയാള ദാന-നിർമ്മിതി രേഖകളിൽ മാത്രമാണ് കാണാനാവുന്നത്. ഊരകത്തെ കൊച്ചി പെരുമ്പടപ്പിലിളയതാവഴി നാരായണ ഇരവിവർമ്മയുടെ ലിഖിതത്തിൽ കലിദിനവും കൊച്ചി വർഷം എന്നപേരിൽ കൊല്ലവർഷവും നൽകിയിരിക്കുന്നു. ഇത്തരത്തിൽ ഭിന്നമായ സാമൂഹികാറിവുകൾ ചരിത്രപരമായി

കൊച്ചിരാജ്യത്തുനിന്നും ലഭിച്ച ലിഖിതങ്ങളുടെ ചരിത്രപരമായ പഠനത്തിൽ വെളിപ്പെടുന്നു.''

നാലാം അദ്ധ്യായം 'കൊച്ചി രാജ്യത്തെ ലിഖിതങ്ങളുടെ ഭാഷാപരമായ പഠനം' ആണ്. ഇവിടെ പൂർവ്വപഠനങ്ങളെ വിന്യസിച്ച് ശാസനങ്ങളിലെ ഭാഷയെ ഒരു സവിശേഷവ്യവഹാരമായി അടയാളപ്പെടുത്തുകയും, വ്യാകരണപരമായ പ്രത്യേകതകളെ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ അദ്ധ്യായത്തിലെ നിഗമനങ്ങൾ താഴെ ചേർക്കുന്നു.

''ലിഖിതഭാഷ സവിശേഷ വ്യവഹാരഭാഷയാണ്. ഒരു പ്രത്യേക ചരിത്രസന്ദർഭത്തെ അവ അടയാളപ്പെടുത്തുന്നുണ്ടെങ്കിലും അക്കാലത്തെ സംഭാഷണഭാഷയുമായി അത് അടുത്ത ബന്ധം പുലർത്തുന്നില്ല. അധികാരികളും സമൂഹശ്രേണിയിലെ ധനികരും നടത്തിയ ഇടപെടലുകളാണ് ലിഖിതങ്ങളുടെ ഉള്ളടക്കം. അതിനാൽത്തന്നെ അധികാരഭാഷയോട് ചേർന്നുനിൽക്കുന്ന ലിഖിത വ്യവഹാരമാണവ. സന്ധി, വിഭക്തിപ്രത്യയങ്ങൾ, വർണ്ണവികാരം, എന്നിവയിൽ പ്രയോഗസാധ്യതയെ ആധാരമാക്കിയുള്ളതും സംഭാഷണഭാഷയിൽ നിലനിന്നുപോന്നതുമായ ഔദാസീന്യം തുടരുകയും ചെയ്തു. ഇക്കാരണങ്ങളാലാകാം ശാസനഭാഷയെ തമിഴിന്റെ തുടർച്ചയായിക്കാണാൻ ചില പൂർവ്വപണ്ഡിതരെങ്കിലും ശ്രമിച്ചത്. ലിഖിതങ്ങളിൽ വട്ടെഴുത്തിൽ സവിശേഷമായും കോലെഴുത്തിൽ ഭാഗികമായും അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നിവ സംഭവിക്കാത്ത രൂപങ്ങൾ കാണാം. പ്രധാനവസ്തുത ലിഖിതങ്ങൾ ഭാഷാപഠനത്തിന് വേണ്ടി തയ്യാറാക്കപ്പെട്ടവയല്ലെന്നതാണ്. ഭാഷാപഠനത്തിന് ഉതകുന്ന പൂർവ്വികപ്രയോഗങ്ങളും ശൈലികളും ഈ ഭാഷയിൽ സംരക്ഷിക്കപ്പെട്ടു. അട്ടിപ്പേറാധാരങ്ങളിൽ അവ തയ്യാറാക്കപ്പെട്ട കാലമനുസരിച്ച് വട്ടെഴുത്ത് കോലെഴുത്ത് ലിഖിതങ്ങൾ തമ്മിൽ തൊള്ളായിരം വർഷം വരെ അന്തരമുണ്ടായിട്ടും സവിശേഷവ്യവഹാരഭാഷ ആവർത്തിക്കപ്പെടുന്നു. ഇപ്രകാരം ഭാഷാപ്രയോഗങ്ങളിലെ പൂർവ്വസ്വത്തുക്കൾ ലിഖിതങ്ങളിൽ സംരക്ഷിക്കപ്പെട്ടു.

മലയാള ലിഖിതങ്ങൾ പ്രായേണ ഭാഷാപരമായ അസ്ഥിരതപുലർത്തുന്നുണ്ട്. ലിപിമലയാളത്തിലെങ്കിലും ഭാഷ സംസ്കൃത്തിലും, മലയാളത്തിലുമായ സവിശേഷ വ്യവഹാരങ്ങളാണവ.''

# സഹായകഗ്രന്ഥസൂചി


അച്യുതവാര്യർ, എസ്. പ്രൊഫ. *കേരളസംസ്കാരം*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2010.

ആന്റണി,സി.എൽ. പ്രൊഫ. *ഭാഷാപഠനങ്ങൾ*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 1969.

അംബികാനായർ, എ. ഡോ. *തൃപ്പൂണിത്തുറയുടെ ചരിത്ര-സാംസ്കാരികപാരമ്പര്യം*.കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം. 2015.

ഇഗ്നേഷ്യസ്, പയ്യപ്പിള്ളി. ഡോ. റവ. *മാർ അബ്രോഹവും സെന്റ് ഹെർമ്മിസ് ദേവാലയവും*. അങ്കമാലി: സെന്റ് ജോർജ്സ് ഫൊറെൻ ചർച്ച്. 2016.

ഇളയപ്പെരുമാൾ,എം. , സുബ്രഹ്മണ്യൻപിള്ള എസ്.ജി. *തൊൽകാപ്പിയം*. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. 1961.

ഉഷാനമ്പൂതിരിപ്പാട്, ഡോ. *സാമൂഹികഭാഷാവിജ്ഞാനീയം*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 1994.

ഏലിയാസ്, ടി.ഒ. *സിറിയൻ മാമ്പൽ സമഗ്രകേരളചരിത്രം*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. നവംബർ 2015.

കാർത്തികേയൻ, ഷൊർണൂർ. *ലീലാതിലകം*. കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്. 2001.

..................... *മധ്യകാല കേരളഭാഷ*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2012.

കുഞ്ഞൻപിള്ള, ഇളംകുളം പി.എൻ.*സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 1964.

........................ *കേരളഭാഷയുടെ വികാസപരിണാമങ്ങൾ*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 1969.

........................*ചേരസാമ്രാജ്യം 9,10 നൂറ്റാണ്ടുകളിൽ*. കോട്ടയം: നാഷണൽ ബുക്ക് സ്റാറാൾ. 1970.

........................ *ഇളംകുളം കുഞ്ഞൻപിള്ളയുടെ തിരഞ്ഞെടുത്ത കൃതികൾ*. സാം എൻ. ഡോ. (എഡി.). കാര്യവട്ടം: അന്താരാഷ്ട്ര കേരളപഠനകേന്ദ്രം. കേരളസർവകലാശാല. 2005.

കുഞ്ഞൻപിള്ള, ശൂരനാട്ട് എം.എ. *വീരരാഘവശാസനം*. തിരുവനന്തപുരം: പി. ഗോവിന്ദപ്പിള്ള വിദ്യാവിലാസിനി ബുക്ക് ഡിപ്പോ. 1954.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊടുങ്ങല്ലൂർ. *രണ്ടു സന്ദേശകാവ്യങ്ങൾ-ലക്ഷ്മീദാസന്റെ ശുകസന്ദേശവും ഉദ്ദണ്ഡശാസ്ത്രികളുടെ*

*കോകിലസന്ദേശവും*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2014.

കുറുപ്പ്, കെ.കെ.എൻ. *നവാബ് ടിപ്പുസുൽത്താൻ ഒരു പഠനം*. കോഴിക്കോട്: മാതൃഭൂമി ബുക്സ്. 2007.

കേശവൻ, വെളുത്താട്ട്. *സാഹിത്യവും ചരിത്രവും ധാരണയുടെ സാധ്യതകൾ*. കോഴിക്കോട്: മാതൃഭൂമി ബുക്സ്. 2013.

ഗണേഷ്, കെ.എൻ. ഡോ. *കേരളത്തിന്റെ ഇന്നലെകൾ*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2015.

ഗുണ്ടർട്ട്, ഹെർമൻ. *കേരളപ്പഴമ*. മംഗലാപുരം: ബാസൽമിഷൻ പ്രസ്. 1868.

.................... *മലയാളഭാഷാവ്യാകരണം*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 1962I

ഗോദവർമ,കെ. ഡോ. *കേരളഭാഷാവിജ്ഞാനീയം*. തിരുവനന്തപുരം: പ്രകാശനവിഭാഗം കേരളസർവകലാശാല. 1996.

ഗോപാലകൃഷ്ണൻ, നടുവട്ടം ഡോ. *കേരളചരിത്രധാരകൾ*. തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്. 2010.

ഗോപാലകൃഷ്ണൻ, മലയൻകീഴ്. *കേരളം ലോകചരിത്രത്തിലൂടെ*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2012.

ഗോവർണദോർ, പാറമേക്കൽ. *വർത്തമാനപുസ്തകം അഥവാ റോമായാത്ര*. കോട്ടയം: ഡിസി ബുക്സ്. 1983.

ജലീൽ, കെ.ഏ. പ്രൊഫ. *ലിപികളും മാനവസംസ്കാരവും*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2006.

ജോമോൻ, തച്ചിൽ. , വർഗീസ്, അങ്കമാലി. *അങ്കമാലി രേഖകൾ*. എറണാകുളം: മെറിറ്റ് ബുക്സ്. 2002.

ജോസഫ്, പി.എം. ഡോ. *മലയാളത്തിലെ പരകീയപദങ്ങൾ*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 1984.

ജോസഫ്, സ്കറിയ. ഡോ. *പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2015.

ജോർജ്, കെ.എം. (എഡി.). *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2005.

ജോർജ് മാത്തൻ, റവ. *മലയാഴ്മയുടെ വ്യാകരണം*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2000.

നമ്പൂതിരി, എൻ.എം., ശിവദാസ്, പി.കെ. *കേരളചരിത്രത്തിന്റെ നാട്ടുവഴികൾ*. കോട്ടയം: ഡിസി ബുക്സ്. 2009.

പത്മനാഭപ്പിള്ള, ജി. ശ്രീകണ്ഠേശ്വരം. *ശബ്ദതാരാവലി*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2013.

പത്മനാഭമേനോൻ, കെ.പി. *കൊച്ചിരാജ്യചരിത്രം* (വാള്യം 1) തൃശ്ശൂർ: ഭാരതവിലാസം അച്ചുകൂടം. 1087.

പരമേശ്വരൻപിള്ള, പി. ആർ. *പ്രാചീനലിഖിതങ്ങൾ*. തിരുവനന്തപുരം: കേരളസർക്കാർ. 1978.

പവിത്രൻ, ടി. ഡോ. *രണ്ട് കേരളോൽപത്തി*. പയ്യന്നൂർ: മലയാളവിഭാഗം, പയ്യന്നൂർ കോളേജ്. 2007.

പ്രഭാകരവാര്യർ, കെ. എം. ഡോ. *പൂർവകേരളഭാഷ*. മദ്രാസ്: മദിരാശി സർവകലാശാല. 1962.

………………... *മലയാളവ്യാകരണസമീക്ഷ*. വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. 2004.

………………..*ഭാഷാവലോകനം*. എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. 2010.

മാത്യൂ, പി. സി. ഡോ., ആർത്താറ്റ് പടിയോല, പ്രസാധകൻ : ഡോ. ഗീവർഗ്ഗീസ് മാർ യുലിയോസ് മെത്രാപോലിത്ത, കുന്നംകുളം, 2012.

ബാലകൃഷ്ണപ്പണിക്കർ, സാഹിത്യ ശിരോമണി കെ. കെ. *സംസ്കൃത-മലയാളഭാഷാസഹായി*. തൃശ്ശൂർ: എച്ച്. ആൻഡ് സി. ബുക്സ്. 2010.

ബാലകൃഷ്ണൻ, പി. കെ. *ജാതിവ്യവസ്ഥയും കേരളചരിത്രവും*. കോട്ടയം: ഡിസി ബുക്സ്. 2012.

ഭാസ്കരനുണ്ണി, പി. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി. 2000.

മാത്യു പുലിക്കോട്ടിൽ, പി.സി. ഡോ. *ആർത്താറ്റ് പടിയോല*. കുന്നംകുളം: ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മൗത്രോപ്പൊലീത്ത. 2012.

മംഗലം, എസ്. ജെ. ഡോ. *പ്രാചീനലിപിശാസ്ത്രവും മലയാളലിപിയുടെ വികാസവും.* തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 1997.

രത്നമ്മ, കെ. ഡോ. *മലയാളഭാഷാചരിത്രം എഴുത്തച്ഛൻ വരെ*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.2003.

……………… *പ്രാചീനശാസാസനങ്ങളും മലയാള പരിഭാഷയും*. തിരുവനന്തപുരം: സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ. 2005.

രവിവർമ്മ, എൽ. എ. *ആര്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി. 1970.

……………… *പ്രാചീനകേരളലിപികൾ*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി. 1971.

രാഘവവാരിയർ, എം. ആർ. *കേരളീയത ചരിത്രമാനങ്ങൾ.* എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. 2009.

രാജരാജവർമ്മ ഏ. ആർ. കേരളപാണിനീയം, ഡി. സി. ബുക്സ്, കോട്ടയം, എട്ടാംപതിപ്പ്, 2006

……………… *ഭാഷാപഠനങ്ങൾ.* കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2013.

……………… *മദ്ധ്യകാലകേരളം സ്വരൂപനീതിയുടെ ചരിത്രപാഠങ്ങൾ.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. 2014.

……………… *എഴുത്തിന്റെ ആരംഭം.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. 2015.

രാഘവവാരിയർ, എം. ആർ. , രാജൻ ഗുരുക്കൾ. *കേരളചരിത്രം.*എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. 2007.

………………………… *കേരളചരിത്രം ഒന്നാംഭാഗം.* എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. 2012.

…………………………*മിത്തും സമൂഹവും.* കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2013.

രാജരാജവർമ്മ, ഏ. ആർ. *കേരളപാണിനീയം.* കോട്ടയം: ഡിസി ബുക്സ്. 2012.

രാജേന്ദു, എസ്.*അയിരാണിക്കുളം ഗ്രന്ഥാവലി* (ഏഡി 1964). എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, ശുകപുരം. 2015.

……………..*ചാഴൂർ ചെപ്പേട്.* കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം. 2015.

രാമചന്ദ്രൻ നായർ, അടൂർ. കെ.കെ. *കേരളചരിത്രശകലങ്ങൾ* (ഭാഗം 1). കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. 1969.

രാമചന്ദ്രൻ, പുതുശ്ശേരി. ഡോ. *കേരളചരിത്രത്തിന്റെ അടിസ്ഥാനശിലാരേഖകൾ.* തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2011.

രാമൻമേനോൻ, പുത്തേഴത്ത്. *ശക്തൻ തമ്പുരാൻ.* കോഴിക്കോട്: മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി. 1989.

വസന്തൻ, എസ്. കെ. *നമ്മൾ നടന്ന വഴികൾ.* തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം. 2006.

വാലത്ത്, വി.വി.കെ. *കേരളത്തിലെ സ്ഥലചരിത്രങ്ങൾ, എറണാകുളം ജില്ല.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി. രണ്ടാം പതിപ്പ്. 2006.

വിജയകുമാർ മേനോൻ (എഡി.). *ശ്രീനിവാസം.* ശ്രീനിവാസൻ മാസ്റ്റർ അനുസ്മരണസമിതി. 2016.

വിശ്വനാഥൻ, പി. പ്രൊഫ. എഴുത്ത്: *ചരിത്രപരമായ അവലോകനം*. കണ്ണൂർ: സമയം പബ്ലിക്കേഷൻസ്. 2010.

വേണുഗോപൻ നായർ, എസ്.വി. ഡോ. (എഡി.) *മലയാളഭാഷാചരിത്രം*. തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്. 2000.

ശശിഭൂഷൺ, എം.ജി. *കേരളചരിത്രം അപ്രിയനിരീക്ഷണങ്ങൾ*. കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ. 2014.

ശിവശങ്കരൻ നായർ, എം.കെ. *പ്രാചീനകേരളത്തിന്റെ ചരിത്രം*. കോട്ടയം: ഡിസിബുക്സ്. 2014.

ശ്രീധരമേനോൻ, എ. *കേരളസംസ്കാരം*. കോട്ടയം: ഡിസിബുക്സ്. 2015.

ശ്രീനാഥൻ, എം. പ്രൊഫ. (എഡി.). *മലയാളഭാഷാചരിത്രം പുതുവഴികൾ*. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല. 2016.

ഷൺമുഖം, എസ്.വി. ഡോ. *ലീലാതിലകം സാമൂഹ്യഭാഷാദൃഷ്ടിയിൽ* (പരിഭാഷ: വേണുഗോപാലപ്പണിക്കർ ടി. ബി. ). തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 1995.

സദാശിവൻ, കെ. *കൊച്ചിയും പാലിയത്തച്ഛന്മാരും*. തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. 2011.

സ്കറിയ, സക്കറിയ. ഡോ. (എഡി.) *ഉദയം പേരൂർ സുനഹദോസിന്റെ കാനോനകൾ 1599*. ഇടമറ്റം: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്. 1994.

സാം. എൻ. ഡോ. *കേരളത്തിലെ പ്രാചീനലിപി മാതൃകകൾ*. തിരുവനന്തപുരം: സംസ്ഥാന ആർക്കൈവ്സ് പ്രസിദ്ധീകരണം. 2010.

സെയ്ത് മുഹമ്മദ്, പി. എ. *ചരിത്രത്തിലെ ശിലാകുസുമങ്ങൾ*. തൃശ്ശൂർ: കറന്റ് ബുക്സ്. 1967.

Achyuthamenon, C. *The Cochin State manual*. Thiruvananthapuram: Government of Kerala. 1995.

Cloudius Buchanan, *Christian Researches in Asia*, Cornhill, 1811.

Jacob Canter Visscher, *Letters from Malabar*, Drurry Herber, Trans., Madras, 1862.

Kesavan, Veluthat. *Brahmin Settlements in Kerala*. Trissur: Cosmo Books. 2013.

Kunjan Pillai, Elankulam, P.N. Prof. *Studies in Kerala history*. Kottayam: National Bookstall. 1970.

Lieutenants Ward and Conner. *Memoir of the Survey of the Travancore and Cochin States*. Vol. 2. Government of Kerala. 1994.

Narayanan, M.G.S. *Perumals of Kerala*. Trissur: Cosmo Books. 2013.

Rajan Gurukkal. *The Kerala Temple and Early Medieval tararian System*. Edappal: Vallathol Vidyapeedam, Sukapuram. 1991.

Rathnamma. K. Dr., Early inscriptional malayalam, DLA publications, Thiruvananthapuram, 1994.

Sekhar, A. C. Evelution of Malayalam, Bulletin of the Deccan College Research Institute, Poona, 1951.

## ആനുകാലികങ്ങൾ

പവിത്രൻ,ടി. *കോതകോതകേസരിയുടെ ലിഖിതങ്ങൾ*. സമയം മാസിക. പുസ്തകം 8. ലക്കം 5. 2016 മെയ്.

സെഫുദ്ദീൻ, മതിലകം, കൃഷ്ണകുമാർ,കെ.ജി. *അയിരൂർ സ്വരൂപം പൈതൃകത്തിന്റെ പരിണാമങ്ങൾ*. ജേർണൽ ഓഫ് കേരള ലോക്കൽ ഹിസ്റ്റോറിയൻ. ഡിസംബർ 2011.

..........................*തലപ്പിള്ളി സ്വരൂപം പൈതൃകത്തിന്റെ പരിണാമങ്ങൾ*. ജേർണൽ ഓഫ് കേരള ലോക്കൽ ഹിസ്റ്റോറിയൻ. ഏപ്രിൽ 2012.

..........................*മുചിരി അഥവാ മുസിരി സ്വരൂപം പൈതൃകത്തിന്റെ പരിണാമങ്ങൾ.* ജേർണൽ ഓഫ് കേരള ലോക്കൽ ഹിസ്റ്റോറിയൻ. മാർച്ച് 2014.

*Bulletin of the Rama Varma Research Institute*. Vol:VIII. Part II. Trissur: 1940 July

*Bulletin of the Rama Varma Research Institute*, Trichur, Vol – IX, Part – 1, Reprint – 1973.

*Bulletin of the Rama Varma Research Institute*, Trichur, Vol – IX, Part – 2, Reprint – 1972.

*Bulletin of the Decan College Research Institute*. Vol: XII. Poona. October 1951.

*Epigraphia Indica*, Ed. E. Hultzch , volume III, 1894-95.

*Indian Antiquery*, Ed. A. C. Burnel, vol III, 1874.

*Madras Journal for science and Literature*, Ed. W.Elliot, vol XIII, part-I,(1844)

*Madras Journal for science and Literature*, Ed. W.Elliot, vol XIII, part-II, 1844.

*South Indian Inscriptions*, Ed. H. Krishna Sastri, Vol – 5, Superintendent, Govt. Press, Madrass, 1925.

*Travancore Archeological Series*. Ed. Gopinatha Rao, T.A. Vol. I. Thiruvananthapuram: Department of Cultuaral Publications, Government of Kerala.1988.

*Travancore Archeological Series,* Ed. Gopinatha Rao, T.A. Vol II. Thiruvananthapuram: Department of Cultuaral Publications. 1992.

*Travancore Archeological Series*. Ed. Subrahmanya Aiyar, K.V, Vol.III. Thiruvananthapuram: Department of Cultuaral Publications.1992.

*Travancore Archeological Series*. Ed. Subrahmanya Aiyar, K.V, Vol. IV. Part I &II.Thiruvananthapuram: Department of Cultuaral Publications.1997.

*Travancore Archeological Series*. Ed. Ramanatha Ayyar, A.S. Vol. V. Part I &II. Thiruvananthapuram. Government Of Travancore. 1999.

*Travancore Archeological Series*. Ed. Ramanatha Ayyar, A.S. Vol. VI. Part I &II. Thiruvananthapuram. Government Of Travancore. 2003.

*Travancore Archaeological Series*, Ed. A. S. Ramanatha Ayyar, Vol – VII, Part – II, Trivandrum, Reprint – 2004.

*Travancore Archaeological series,* . Ed. R Vasudeva Poduval, vol – VIII, Trivandrum, 1938